Author : അഭ്യുദയകാംക്ഷി

കുറേ ദിവസങ്ങൾക്കു ശേഷം കൈലാസത്തിന്റെ ഗേറ്റു തുറന്നപ്പോഴെ കണ്ടു ലെറ്റർ ബോക്സിൽ നിറഞ്ഞു കിടക്കുന്ന എഴുത്തും മാഗസിനുകളും. ബോക്ക്സിൽ നിന്നും മാഗസിനുകളും കത്തുകളും എടുത്ത് ഞാൻ നടന്നു ഒരാഴ്ചയായി വീട്ടിലാളില്ലാത്തതിന്റെ അടയാളമെന്നോണം മുറ്റത്ത് വീണു കിടക്കുന്ന പാരിജാതത്തിന്റെ ഇലകൾ പരാതി പറയുന്നുണ്ടായിരുന്നു. സിറ്റൗട്ടിലെ തറയിൽ ഒരു പല്ലി ചത്തതിനെ വലിച്ചുകൊണ്ടു പോവുന്ന ഉറുമ്പുകൾ.....

ബാഗിൽ നിന്നും കീയെടുത്ത് വാതിൽ തുറന്നു. ബേഗും ലെറ്ററുകളും സെറ്റിയിലേക്കെറിഞ്ഞ് ട്രാവൽ ബാഗ് ചുമരോട് ചാരി ഞാൻ നിർത്തി. മുടി വാരി ക്ലിപ്പ് ചെയ്ത ശേഷം ഫ്രിഡ്ജിൽ നിന്നും വെള്ളമെടുത്ത് വായിലേക്ക് കമിഴ്ത്തി.

ഉച്ചവെയിലിൽ ചുട്ടുപൊള്ളുന്ന ദേഹം തണുപ്പിക്കണം. അതിനൊരു കുളി നിർബന്ധമാണ്.
ഞാൻ സമയം നോക്കി 2.37pm.

ഒന്നുറങ്ങാനുള്ള ടൈം ഉണ്ട്. രാത്രി ഏഴ് മണിക്ക് സാമുവൽസാറിന്റെ പാർട്ടിയുണ്ട്. അതിനു മുന്നെ സഹായത്തിനു വരുന്ന സുനിതയെ വിളിക്കണം.
ഒറ്റയ്ക്കുള്ള ഈ ജീവിതത്തിൽ വീട്ടിൽ എനിക്കൊപ്പം സഹായത്തിനു വരാറുള്ളതാണവൾ 35കാരിയായ സുനിത.

കഴിഞ്ഞ 10 ദിവസമായി ഒരു ട്രിപ്പിലായിരുന്നു ഞാൻ. ജോലിയുടെ ഭാഗമല്ലാത്ത ഒരു ട്രിപ്പ് .ധനുഷ്ക്കോടി പൊക്കാറ വഴി ഒരു ഏകാന്ത യാത്ര. യാത്രയിലുടനീളം ഫോൺ സ്വിച്ചോഫ് ചെയ്തു വെച്ചത് കൊണ്ട് യാത്ര നന്നായി ആസ്വദിക്കാൻ പറ്റി.

അമ്മയും അച്ഛനും മരണപ്പെട്ടതിന്റെ മൂന്നാം വാർഷികത്തിൽ അവരുടെ ആത്മാവിനെ തേടി ഞാൻ യാത്ര തിരിച്ചതായിരുന്നു. അതിനാലാണ് അഞ്ച് വർഷമായി കൂടെയുണ്ടായിരുന്ന സുനിതയെ അവരുടെ ബന്ധുവീട്ടിലേക്ക് പറഞ്ഞു വിട്ടത്.

പത്തു ദിവസത്തെ അലച്ചിലിന്റെ ക്ഷീണം മാറാൻ ഒരു രാവും പകലും നന്നായി ഉറങ്ങണം. എന്നെപ്പോലൊരാൾക്ക് ഉറങ്ങാൻ രണ്ട് മണിക്കൂർ തന്നെ കിട്ടുന്നത് ഭാഗ്യം.

കുളിച്ചിറങ്ങുമ്പോഴേക്കും സുനിത വന്നിരുന്നു. കുറച്ചു നേരം മയങ്ങാമെന്നോർത്താണ് കിടന്നത്.സുനിത അവളുടെ തിരക്കുകളിലേക്ക് ഊളിയിട്ടു കഴിഞ്ഞിരുന്നു.

വളരെ പെട്ടന്നു തന്നെ ഞാൻ ഉറക്കത്തിലേക്ക് വഴുതി വീണു. എത്ര നേരം ഉറങ്ങിയെന്നോർമ്മയില്ല ഫോണിന്റെ കരച്ചിൽ കേട്ടാണുണർന്നത്.

അരവിന്ദ് കാളിംഗ്
സഹപ്രവർത്തകൻ എന്നതിനേക്കാൾ എൽകെജി മുതൽ ഒരുമിച്ചുള്ള ഉറ്റ ചങ്ങാതി.
ചുണ്ടിൽ ഒരു പുഞ്ചിരിയോടെ ഞാൻ കോൾ അറ്റന്റ് ചെയ്തു.
ഹലോ പറയാനുള്ള സമയം തരാതെ അവൻ

" എവിടെയാണ് വേദപരമേശ്വർ, തീർത്ഥയാത്ര കഴിഞ്ഞ് വന്നുവോ?"

പാതി കളിയായും കാര്യമായും പറയാനുള്ള അവന്റെ കഴിവ് അപാരമാണ്

"യെസ് ഡാ.ഉച്ചകഴിഞ്ഞെത്തി."

" എത്തിയത് ഞാനറിഞ്ഞു. സുനിതയെ കണ്ടു മുറ്റത്ത്. വിളിച്ചത് അതല്ല .വൈകീട്ട് സാമുവേൽ സാറിന്റെ പാർട്ടിക്ക് നീയുണ്ടാവില്ലെ?"

"ഒഫ്കോഴ്സ് ഡാ. ഞാനെത്തിക്കോളാം"

ഫോൺ കട്ടായി ഞാൻ ഫോണിൽ സമയം നോക്കി 5.36 കഴിഞ്ഞു.ഇനിയൊരു വട്ടം കൂടി ഉറങ്ങാൻ സമയമില്ല. ഫോൺ ബെഡിലിട്ടെണീറ്റു.

"സുനിതേച്ചീ ചായയിട്ടാർന്നോ? "

അടുക്കളയിൽ നിന്നും സുനിത എന്തോ വിളിച്ചു പറഞ്ഞു. അതെന്താണെന്ന് വ്യക്തമായില്ല.ഞാൻ മുറ്റത്തേക്കിറങ്ങി .
മുറ്റത്തെ ചപ്പുചവറുകളെല്ലാം സുനിത വൃത്തിയാക്കിയിരുന്നു. പാരിജാതത്തിന്റെ കിഴക്കു മാറി രണ്ട് അസ്ഥി തറകളുണ്ട്, അച്ഛനുമമ്മയും.

" അപ്പൂ ചായ "

തൊട്ടു പിന്നിൽ ഒരു കപ്പിൽ ചായയുമായി സുനിത.
അവരങ്ങനെയാ വിളിക്കാ എന്നെ .
ആദ്യായിട്ടങ്ങനെ എന്നെ വിളിച്ചത് അച്ഛനായിരുന്നു. പിന്നീട് അമ്മയും ഒടുവിൽ സുനിതയും.

"സെറ്റിയിലുള്ള ലെറ്റേർസ് ഒന്നെടുത്തു തന്നേ സുനിതേച്ചീ."

ചായ മൊത്തിക്കുടിക്കുന്നതിനിടയിൽ ഞാൻ സുനിതയോട് പറഞ്ഞു.
സുനിത അകത്തേക്ക് പോയി.

"ഇതെല്ലാം വേണോ അപ്പൂ..... ?"

അവരുടെ ചോദ്യം

" കത്തുകൾ മാത്രം മതി ചേച്ചി "

സുനിത എനിക്ക് നാല് കത്തുകൾ എടുത്തു തന്നു.
ആദ്യത്തേത് LIC യുടെയുടേത് ആയിരുന്നു. രണ്ടാമത്തേത് ബാങ്കിൽ നിന്നുള്ളത് അത് രണ്ടും പൊട്ടിക്കാതെ തന്നെ മാറ്റി വെച്ചു.
മൂന്നാമത്തെത് പ്രശസ്ത കവയിത്രി സുലോചന നെടുപ്പറമ്പന്റെയാണ്. പതിവു കുശലങ്ങൾക്ക് ശേഷം പുതിയ കവിതാ സമാഹാരത്തിന്റെ പ്രകാശന ചടങ്ങിനുള്ള ക്ഷണവും. കഥകൾ.കോം കാലത്തിനൊത്ത് മാറാത്തവർ എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം.മൊബൈൽ ഫോൺ ഉപയോഗിക്കാതെ ഇപ്പോഴും ആശയ വിനിമയത്തിന് കത്തെഴുതുന്ന അപൂർവ്വങ്ങളിൽ ഒരാൾ.
69 ന്റെ നിറവിൽ നിന്നും 70ലേക്ക് കടക്കുന്ന പ്രകൃതി സ്നേഹിയായ അക്ഷരസ്നേഹി.
ചുണ്ടിലൂറിയ ചിരിയോടെ കത്ത് ഞാൻ മടക്കി.

നാലാമത്തെ കത്ത് എന്നെ തെല്ലമ്പരപ്പിച്ചു.അതിൽ ഫ്രം അഡ്രസ് ഇല്ലായിരുന്നു. വടിവൊത്ത ആ അക്ഷരങ്ങളിൽ എന്റെ പേര് കൂടുതൽ മനോഹരമായി തോന്നി.

വേദപരമേശ്വർ
കൈലാസം
ഓലി മുഗൾ
കാക്കനാട്
കൊച്ചി

ഞാൻ കത്തു തുറന്നു വായന തുടങ്ങി.

പ്രിയ വേദമേഡത്തിന്,
എനിക്ക് നിങ്ങളെ അറിയാം നിങ്ങൾക്കെന്നെ അറിയില്ല. ഞാൻ ഏത് നിമിഷവും കൊല ചെയ്യപ്പെടാം. ഞാനിതെഴുതുന്ന നിമിഷവും എനിക്കു പിന്നിൽ മരണത്തിന്റെ ഗന്ധമുണ്ട്. ഞാൻ ഉറങ്ങിയിട്ട് ദിവസങ്ങളായി. കണ്ണടച്ചാൽ കുഞ്ഞിമാളുവിന്റെ കരച്ചിലാണ് മുഴങ്ങുന്നത്.മൂക്കിൽ രക്തത്തിന്റെ ഛർദ്ദിൽ മണമാണ്.........
.........
അക്ഷരങ്ങളിലൂടെ കണ്ണുകൾ ഇഴഞ്ഞു നീങ്ങുമ്പോൾ ഞാൻ ഒന്നറിഞ്ഞു.എനിക്കു ശ്വാസഗതി കൂടിയിട്ടുണ്ട്.കത്തെഴുതിയ അജ്ഞാതനെ പോലെ ഞാൻ ഞാനും എന്തിനേയോ ഭയക്കുന്നു.
നെഞ്ചിടിപ്പു കൂടി, തൊണ്ടയിലെ വെള്ളം വറ്റിത്തുടങ്ങി. നെറ്റിയിൽ വലിയ വിയർപ്പു മണികൾ പ്രത്യക്ഷപ്പെട്ടു.

എനിക്കറിയാത്ത എന്നെയറിയുന്നവർ ഒത്തിരി പേരുണ്ടാവും. ചാനൽ ചർച്ചകളിൽ പലതും സ്വയം അന്വേഷിച്ച് കണ്ടെത്തിയവയായതിനാൽ ശത്രുക്കളും ഉണ്ടാവും. ചാനൽ റേറ്റിംഗ് പോലും എന്റെ പ്രോഗ്രാമിനെ കേന്ദ്രീകരിച്ചാണെന്ന് എന്റെ ക്യാമറാമേൻ ജോണ്ടി ഇടയ്ക്കിടെ പറയുന്നതോർത്തു.
മുന്നേത്തെ ആഴ്ചകളിൽ നടത്തിയ 'അഴിച്ചുപണി' ലൈവ് പ്രോഗ്രാമിലെ പ്രതിസ്ഥാനത്തേയും വാദിസ്ഥാനത്തേയും മുഖങ്ങൾ ഞാനോർത്തെടുക്കാൻ ശ്രമിച്ചു. അവരിൽ ആരെങ്കിലുമാവുമോ?

ഞാൻ വീണ്ടും അക്ഷരങ്ങളിലേക്ക് നോക്കി.

..........എനിക്കു പിന്നിലെ വ്യക്തി ഏത് നിമിഷവും നിങ്ങളിലേക്കെത്തും.സൂക്ഷിക്കണം. മരണം ഫോൺ കോളിന്റെ രൂപത്തിൽ പോലും നിങ്ങളിലേക്കെത്തും.സൂക്ഷിക്കുക.
സ്നേഹപൂർവ്വം Pr.

കത്ത് മടക്കാനിരിക്കെ അമ്മയുടെയും അച്ഛന്റേയും മരണശേഷം ശബ്ദിക്കാതിരുന്ന ലാന്റ് ഫോൺ വലിയ ശബ്ദത്തിൽ റിംഗ് ചെയ്തു.
ഞാൻ ഞെട്ടി എഴുന്നേറ്റു. സുനിത ലാന്റ് ഫോൺ ലക്ഷ്യം വെച്ച് നടക്കുന്നുണ്ടായിരുന്നു. മരണമണി പോലെ അത് നിർത്താതെ അടിച്ചു കൊണ്ടേ ഇരുന്നു.
അരുതേ എന്നു പറയാൻ തുടങ്ങും മുൻപേ സുനിത ഫോണെടുത്തിരുന്നു.
"ഹലോ....."
.............

"ഹലോ....... "
..............
"അതെ... "
.........
" ഉണ്ട് കൊടുക്കാം "

തുടർന്നവൾ മൗത്ത് പീസ് പൊത്തിയിട്ട് പറഞ്ഞു.

" അപ്പൂ ജോണ്ടിയാ"

ശ്വാസഗതി ഇപ്പോഴാണ് നേരെ ആയത്.
ജോണ്ടിയെന്താ ലാന്റ് ഫോണിൽ വിളിച്ചേന്നു ചിന്തിക്കേം ചെയ്തു.

" ഹലോ ജോണ്ടി...."

" ചേച്ചീ ഞാനെത്ര നേരമായി ട്രൈ ചെയ്യുന്നു ഫോൺ സ്വിച്ചോഫാണല്ലോ."

"ഓഹ് ഞാനത് ശ്രദ്ധിച്ചില്ല. നീ കാര്യം പറ."

"ചേച്ചീ നമ്മുടെ കുര്യച്ചൻ പെരുമ്പാവൂർ പോളിടെക്നിക്കിന് പിന്നിലുള്ള വീട്ടിലുണ്ട്...... ചേച്ചി വേഗം വരാമോ?"

"ഏത് കുര്യച്ചൻ? ശെൽവി കൊലക്കേസിലെ.....?"

"അതെ ചേച്ചി എത്രയും പെട്ടന്ന് വാ ഞാൻ സ്റ്റുഡിയോയിൽ ഉണ്ട്. "

"ഞാനിപ്പോൾ തന്നെ വരാം.നീ അരവിയെ വിളിച്ച് പറ."

" അരവി സാർ വേറെ വർക്കിൽ ബിസിയാണ്."

"ഒകെ ഡാ 10 മിനിട്ട് .നീയൊരു കാര്യം ചെയ്യ് ഇത് വഴി വാ.."

ഫോൺ വെച്ച് കഴിഞ്ഞ് ഓഫായിക്കിടക്കുന്ന മൊബൈൽ ചാർജ്ജിലിട്ടു ഞാൻ വളരെ പെട്ടന്നു തന്നെ റെഡിയായി .

പതിനഞ്ചു മിനിട്ട് വ്യത്യാസത്തിൽ ഗേറ്റിൽ ജോണ്ടി ഹാജർ.

" സുനിതേച്ചീ ഒരർജ്ജന്റ് വർക്കുണ്ട് ലേറ്റാവും.ഗേറ്റടച്ചേക്കു"

എന്നും പറഞ്ഞ് ചാടി അവന്റെ പിന്നിൽ കയറുമ്പോൾ പിന്നിൽ നിന്നും സുനിതേച്ചി എന്തോ വിളിച്ചു പറയുന്നുണ്ടായിരുന്നു.അത് റെസ്റ്റില്ലാത്ത ജോലിയെ ചീത്ത വിളിച്ചതാവാമെന്ന ബോധുമുള്ളതിനാൽ ശ്രദ്ധിച്ചില്ല.

"എടാ നീയിതെങ്ങനെ അറിഞ്ഞു. "

യാത്രയിൽ ഞാൻ ചോദിച്ചു.

"എന്റെയൊരു സുഹൃത്ത് നിതിൻ താമസിക്കുന്നത് അതിനടുത്താണ്. അവനാണ് സംശയം പറഞ്ഞത് ഞാനപ്പോൾ തന്നെ ലൊക്കേഷൻ സ്കെച്ച് ചെയ്തു. ഒറ്റയ്ക്ക് പോയാൽ ശരിയാവില്ലെന്നറിയാവുന്നതിനാൽ അരവി സാറിനെ വിളിച്ചപ്പോൾ സാർ പറഞ്ഞു ചേച്ചി സ്ഥലത്തെത്തിയിട്ടുണ്ടെന്ന്.അങ്ങനെ ചേച്ചിയെ വിളിച്ചു. "

ജോണ്ടിയുടെ ഫോൺ റിംഗ് ചെയ്തു തുടങ്ങി. അവൻ വണ്ടി സൈഡാക്കി.

" ചേച്ചി നിതിനാ. "

"ഉം നീ ഇറങ്ങ് ഞാൻ ഡ്രൈവ് ചെയ്യാം "

അവനെ പിന്നിലാക്കി ഞാൻ ഡ്രൈവിംഗ് ഏറ്റെടുത്തു.
അവൻ സംസാരിക്കുന്നത് പലതും എനിക്ക് മനസിലാവുന്നുണ്ടായിരുന്നില്ല. വാക്കുകൾ പലതും കാറ്റു കൊണ്ടു പോയിരുന്നു.

" ചേച്ചീ വണ്ടി ഒതുക്കിയെ."

"എന്താടാ "

വണ്ടി സൈഡാക്കി ഞാൻ ചോദിച്ചു.

" ഇത് നമുക്കൊറ്റയ്ക്ക് മാനേജ് ചെയ്യാൻ പറ്റില്ല ചേച്ചി. കുറച്ചു മുന്നേ അവിടെ പോലീസ് യൂണിഫോമിൽ ഒരാളെ കണ്ടെന്ന് "

"ജോണ്ടി നീ അരവിന്ദിനെ വിളിക്ക്.
ഒരുപായം അവൻ പറയും."

കുറേ നേരത്തെ റിംഗിനു ശേഷമാണ് അരവിന്ദ് ഫോണെടുത്തത്.
കാര്യങ്ങളുടെ ഗൗരവം ചുരുക്കി വിവരിച്ചപ്പോൾ അവനുടനെ എത്താമെന്നു പറഞ്ഞു.

"എന്തു പറഞ്ഞു അരവി സാർ? "

"വേഗത്തിൽ എത്താമെന്ന്. അവരെത്തും മുന്നേ നമുക്കവിടെയെത്തണം. നീ റൂട്ട് കറക്റ്റ് പറ"

" ചേച്ചീ ഇവിടുന്ന് ലെഫ്റ്റ് കോടനാട് റൂട്ട് "

" ഇത് മലയാറ്റൂർ റൂട്ടല്ലേ.?"

"രണ്ടും ഒരേ വഴിയാ. ഒരു നാലു കിലോമീറ്റർ കാണും ഇവിടുന്നു,
പോളിടെക്നിക് കഴിഞ്ഞ് മൂന്ന് കിലോമീറ്റർ ഉള്ളിലേക്കാ.ഞവിടെ ബംഗാളികൾ താമസിക്കുന്നിടം കഴിഞ്ഞ് നാലാമത്തെ ഒറ്റപ്പെട്ട വീട്."

പിന്നെ അവിടെത്തുംവരെ സംസാരമൊന്നുമുണ്ടായില്ല. പക്ഷേ റോഡ് വിജനമായിരുന്നു.അടുത്ത ദിവസങ്ങളിലെങ്ങോ ടാർ ചെയ്തതിന്റെ അവശിഷ്ടങ്ങൾ മാത്രം പല ഭാഗത്തും കണ്ടു.
വലിയ ഒരു ഇരുനില മാളികയായിരുന്നു ജോണ്ടി പറഞ്ഞത്. അതിനടുത്തെത്തും മുന്നേ വെളുത്തു മെലിഞ്ഞ നിതിൻ എന്ന ജോണ്ടിയുടെ കൂട്ടുകാരനെ കണ്ടു. എന്നെ നോക്കി പുഞ്ചിരിച്ച ശേഷം അവൻ ജോണ്ടിയോട് പറഞ്ഞു.

"ജോണ്ടി വണ്ടി റോഡിലിടണ്ട. ഇടവഴി കഴിഞ്ഞാൽ ആ വീടിന്റെ പിൻഭാഗത്തെത്താൻ കഴിയും ."

അവൻ പറഞ്ഞ ഇടവഴിയിലേക്ക് വണ്ടി പാർക്ക് ചെയ്തതിനു ശേഷം അവന്റെ പിന്നാലെ ചെന്നു.
ഇടവഴി എന്നു പറയാമെങ്കിലും ആരും നടക്കാനുപയോഗിത്തതിനാൽ കാട്ടുവള്ളികൾ നിറഞ്ഞിരുന്ന അവിടെ ഒരു ഫോർവീലർ കയറ്റിയിടാനുള്ള സ്ഥലമുണ്ടായിരുന്നു.
രണ്ട് മിനിട്ടു നേരത്തെ നടത്തത്തിനു ശേഷം വീടിന്റെ പിൻവശത്തെത്തി.
വീട്ടിനു പിന്നിൽ നിന്നും പുറത്തേക്ക് നീണ്ടു നിൽക്കുന്ന കൊമ്പിന്റെ സഹായത്താൽ അതിസാഹസികമായി മതിലിനകത്തേയ്ക്ക് ചാടി.
പിന്നാലെ ജോണ്ടിയും .നിതിൻ മതിലിനു പുറത്ത് നിന്നതേ ഉള്ളൂ.
പോക്കറ്റിൽ കിടന്ന ഫോൺ വൈബ്രേറ്റ് ചെയ്തു.അരവിന്ദായിരുന്നു.

ഫോണെടുത്ത് പതിയെ ഞാൻ സംസാരിച്ചു.

"ഞങ്ങൾ വീടിന്റെ പിന്നിലെ മതിൽ വഴി കോമ്പൗണ്ടിനകത്ത് കയറി. നീ എത്തിയോ?"

പുറത്തേയ്ക്കുള്ള വാതിൽ തുറക്കുന്ന ശബ്ദം കേട്ടു ഫോൺ മാറ്റിപ്പിടിച്ചു ചുവരിനു മറപറ്റി പതുങ്ങി. ജോണ്ടിയോട് മിണ്ടരുതെന്ന് ആഗ്യം കാണിച്ചു.
ജോണ്ടി അപ്പോഴേക്കും ക്യാമറ ഓൺ ചെയ്ത് റെഡിയായിരുന്നു. പിന്നിലെ ഡോർ തുറന്ന് കുര്യച്ചൻ പുറത്തിറങ്ങി വീടിന്റെ പുറത്തായി വെച്ച ഡ്രംമ്മിൽ എത്തി നോക്കി അകത്തേയ്ക്ക് പോയി.
ഡ്രമ്മിനു താഴെ ഗ്യാസടുപ്പെരിയുന്നുണ്ടായിരുന്നു. ആ ഡ്രമ്മിനകത്തെന്തായിരിക്കും? പിന്നിലെ വാതിൽ അടയുന്ന ശബ്ദം കേട്ടു .
മാർജ്ജാര പാദങ്ങളോടെ ഡ്രമ്മിനടുത്തെത്തി..
മനുഷ്യ മനസാക്ഷി തകരുന്ന കാഴ്ചയാണ് കണ്ടത്.തിളച്ചുപൊങ്ങുന്ന ടാറിനകത്ത് ഒരു കൈ ഉയർന്നു നിൽക്കുന്നു. നീട്ടി വളർത്തിയ നഖം കണ്ടപ്പഴേ മനസിലായി അതൊരു സ്ത്രീയുടെ വിരലുകളാണെന്നു വിരലിലെ മോതിരത്തിലെ പേരു ഞാൻ വായിച്ചു 'Sajeev'

"ജോണ്ടി ഫുൾ കവർ ചെയ് "

ഞാൻ പറഞ്ഞു തീരും മുന്നേ വീടിനകത്ത് നിന്നും വെടി പൊട്ടുന്ന ശബ്ദവും ഒരു പുരുഷന്റെ ദയനീയമായ കരച്ചിലും ഉയർന്നു.

എന്റെ നെഞ്ചിടിപ്പ് എനിക്ക് ശരിക്കും അറിയാമായിരുന്നു. വീടിനകത്തെ കരച്ചിലിന്റെ ശക്തി കുറഞ്ഞു. ഒടുവിൽ അത് നിലച്ചു.
ഞങ്ങൾ നിൽക്കുന്നതിന് ചുറ്റും ഇരുട്ട് നിറയാൻ തുടങ്ങി. വീടിനു വെളിയിൽ ഒരു വാഹനം സ്റ്റാർട്ടാവുന്ന ശബ്ദം. ഞാൻ ജോണ്ടിയെ കണ്ണുകൾ കൊണ്ട് ആഗ്യം കാണിച്ചു. അവൻ ക്യാമറയുമായി വീടിനോരം ചേർന്നു മുന്നിലേക്ക് പോയി. ഒരു ചുവന്ന ഇൻഡിക ഗേറ്റ് കടന്ന് വെളിയിലേക്ക് പോയി. കാറിൽ നിന്നും കറുത്തു തടിച്ച ഒരാളിറങ്ങി വന്നു ഗേറ്റടച്ചു വീണ്ടും കാറിൽ കയറി.
വീടിനു ചുറ്റുമുള്ള ചപ്പുകൾ അവിടെ ആൾപാർപ്പില്ലായെന്ന് വിളിച്ചു പറഞ്ഞു.വീടിനകത്തു കടക്കാൻ ഒരു ചെറുപഴുതു പോലുമില്ലായിരുന്നു. അകത്ത് മരണപ്പെട്ടത് കുര്യച്ചനാവുമോ?
അങ്ങനെയെങ്കിൽ കാറിൽ കയറി പോയ തടിയൻ ആരായിരിക്കും? ഡ്രമ്മിനകത്തു കണ്ട കൈ ഇപ്പോൾ കാണാനേയില്ല അതും തിളച്ച ടാറിനകത്തേയ്ക്ക് താണുപോയിരുന്നു. ഗ്യാസ് സ്റ്റൗ ഇപ്പോ ഓഫായിരിക്കുന്നു. ആരെങ്കിലും ഓഫ് ചെയ്തതാണോ അതോ ഗ്യാസ് തീർന്നതോ?

അരവിന്ദിനെ വിളിക്കാൻ ഫോണെടുത്തപ്പോൾ അവനെ നേരത്തെ വിളിച്ച കോൾ അപ്പോഴും കട്ടാകാതെ ഇരിക്കുന്നത് കണ്ടത്.പതിഞ്ഞ ശബ്ദത്തിൽ കാര്യം പറഞ്ഞപ്പോൾ അവൻ പറഞ്ഞു.

" ഞാൻ വീടിനു വെളിയിലുണ്ട്."

"നീ വരണ്ട ഇവിടേക്കിപ്പോൾ. ഞങ്ങൾ പുറത്തിറങ്ങുകയാണ്.പകൽ വെളിച്ചത്തിൽ മാത്രമേ ഈ വീടു പരിശോധന നടക്കൂ.അതിനു മുന്നേ കുറച്ച് കാര്യങ്ങളുണ്ട്. ഞാനത് വന്നിട്ട് പറയാം."

ഫോൺ കട്ട് ചെയ്ത് പോക്കറ്റിലിട്ട് ഞങ്ങൾ പഴയതുപോലെ മതിലു ചാടി പുറത്തെത്തി. മതിലിനു വെളിയിൽ നിതിൻ നിൽപ്പുണ്ടായിരുന്നു.
ബൈക്കിനടുത്തേക്കുള്ള യാത്രയിൽ എനിക്കൊത്തിരി അറിയാനുണ്ടായിരുന്നു നിതിനിൽ നിന്നും. എല്ലാത്തിനും വ്യക്തമായ ഉത്തരങ്ങൾ ലഭിച്ചപ്പോൾ എന്റെ മനസ് പലവിധ ചിന്തകൾ നിറഞ്ഞു. ബൈക്കുമുന്തി ടാർറോഡിലെത്തിയപ്പോൾ അവിടെ അരവിന്ദനുണ്ടായിരുന്നു. ഞാൻ അരവിന്ദിന്റെ ബൈക്കിൽ കയറി, ജോണ്ടിയും നിതിനും ഞങ്ങൾക്ക് പിന്നിൽ ബൈക്കിൽ വന്നു.

"അരവീ നമ്മൾ വിചാരിച്ച പോലെ രാത്രി അതിനകത്ത് പരിശോദന റിസ്ക്കാണ്.ഒന്നാമത് അഞ്ചാറു വർഷമായി ആ വീട്ടിൽ ആൾപ്പാർപ്പില്ലാതെ. ആ വീട്ടിലെ താമസക്കാരായ അലക്സാണ്ടർ മറിയം ദമ്പതികൾ രണ്ട് വർഷം മുന്നേ ഏക മകളായ ടെസ്സയ്ക്കൊപ്പം ആസ്ട്രേലിയയിലേക്ക് പോയതാണ്.വീട്ടിൽ ഇടയ്ക്ക് വന്ന് തേങ്ങയിടീക്കുന്നത് വീട്ടുടമസ്ഥന്റെ സഹോദരീ പുത്രനായ എൽദോ ആണ്. "

" എൽദോയെ പിടിക്കണം ല്ലേ?"

"അതെ പക്ഷേ കാര്യം അത്ര എളുപ്പമല്ല. എൽദ്ദോ നമ്മുടെ എംഎൽഎ യുടെ ബ്രദർ ഇൻലോ കൂടിയാണ്."

"എന്തൊക്കെയോ ചീഞ്ഞുനാറുന്നുണ്ടല്ലോ വേദ.എൽദോയുടെ താമസസ്ഥലം കിട്ടിയോ?"

" നിതിനു കറക്റ്റ് അറിയില്ല. കടുങ്ങാച്ചിറയാണ് എന്നൊരൂഹം പറഞ്ഞു. അത് നമുക്ക് കണ്ടു പിടിക്കാവുന്നതേയുള്ളൂ."

"ആദ്യം സാമുവൽസാറിന്റെ പാർട്ടിക്ക് പോവണം, സാറിനോട് ഇക്കാര്യത്തെ പറ്റി പറയണം"

സാമുവൽ സാറായിരുന്നു വിഷൻ മീഡിയാ ചാനലിന്റെ ജീവനാഡി. അച്ഛന്റെ ആത്മാർത്ഥ സുഹൃത്ത്.
സാമുവേൽ സാറ് വരുന്ന സമയത്ത് വിഷൻ മീഡിയ വെറുമൊരു ലോക്കൽ ചാനലു മാത്രമായി പാട്ടും സിനിമയുമായി കഴിയുകയായിരുന്നു .
ചാനൽ ഓണറായിരുന്ന ശിവറാമിന്റെ അകാലമരണത്തിൽ പലരും ചാനൽ വിൽക്കാൻ നിർബന്ധിച്ചെങ്കിലും മക്കളില്ലാത്ത ഗായത്രിശിവറാം ഒരു കുഞ്ഞിനെ എന്ന പോലെ ചാനലിനെ സ്നേഹിക്കുകയായിരുന്നു.

സാമുവൽസാർ വന്നതിനുശേഷം ചാനലിൽ മൊത്തം അഴിച്ചുപണി നടത്തി. പിതൃതുല്യനായി എല്ലാവരും അദ്ദേഹത്തെ കണ്ടു ബഹുമാനിച്ചു.
പ്രായവും ജേർണലിസം മേഖലയിലെ പ്രവർത്തിപരിചയവും കൊണ്ട് സാമുവേൽ സാർ വിഷൻ മീഡിയയെ റേറ്റിംഗിന്റെ കാര്യത്തിൽ മുൻപന്തിയിലെത്തിച്ചു.

സത്യമാണദ്ദേഹത്തിന്റെ അജണ്ട.
സ്നേഹമാണ് മുദ്രാവാക്യം.
ഇന്നത്തോടെ അദ്ദേഹം വിഷൻ മീഡിയയോട് വിട പറയുകയാണ്. വികാരഭരിതമായ രംഗങ്ങൾ കാണേണ്ടി വരും.
ലെമെറാഡൂണിലാണ് പാർട്ടി വെച്ചിരിക്കുന്നത്.

" അരവി ഇന്ന് വൈകീട്ട് ഒരു സംഭവം നടന്നു."

എനിക്ക് വന്ന കത്തിലെ ഉള്ളടക്കം ആദ്യാവസാനം പറഞ്ഞപ്പോൾ അവനുറക്കെ ചിരിക്കാൻ തുടങ്ങി.

" ജേർണലിസ്റ്റാണത്രെ മണ്ടി....."

അവൻ വീണ്ടും ചിരിച്ചു തുടങ്ങി.

"എടി അത് പറ്റിക്കാനാരേലും ചെയ്തതാവും"

" ആവോ..... എനിക്കറീല്ല അരവി.എന്തോ ചെറിയൊരു ഭയം തോന്നി തുടങ്ങി. "

പിന്നെ കുറേ നേരം മൗനത്തിലായിരുന്നു. മൗനം ഭേതിച്ചത് അരവിയായിരുന്നു.

" വേദ അതിന്റെ വീഡിയോ ജോണ്ടിയുടെ കൈവശമല്ലേ?"

" ഉം "

"നമുക്കത് സ്റ്റുഡിയോയിൽ വെച്ചിട്ട് പോവാം. നീയവനെ വിളിച്ച് സ്റ്റുഡിയോയിൽ വരാൻ പറ"

ഫോണെടുത്തപ്പോൾ അത് സ്വിച്ചോ ഫായിരുന്നു വീണ്ടും

"അരവീ നിന്റെ ഫോൺ തന്നെ എന്റേത് ചത്തു.

"എടി എച്ചി ആ ഫോണൊന്നു മാറ്റി വാങ്ങരുതൊ? ജാംബവാന്റെ കാലത്തെ സാധനവുമായി ഇറങ്ങിയേക്കാ."

ഫോൺ തരുമ്പോൾ അവൻ കളിയാക്കി.

" പിന്നേ ജാംബവാനുപയോഗിച്ച ഫോണല്ലെ ഇത്, അസമയത്തെ തമാശ ബോറാ"

തിരിച്ച് മറുപടി കൊടുത്തു ഞാൻ.
ഫോൺ തുറന്നപ്പോൾ 17 മിസ്ഡ് കോൾ ജോണ്ടിയുടേത്.
മനസിൽ എന്തോ അപകടം മണത്തു. തിരികെ വിളിച്ചപ്പോൾ ജോണ്ടിയുടെ ഫോൺ ഔട്ട് ഓഫ് കവറേജ് ഏരിയാ

കാര്യം അരവിയോട് പറഞ്ഞു. എവിടെയോ ഒരു അപകടം മണത്തു.
തിരികെ പോയിട്ട് കാര്യമുണ്ടോ?
അരവി വണ്ടി എടുത്തു, കലൂർ സ്റ്റേഡിയം കഴിഞ്ഞപ്പോൾ മുതൽ പിന്നിൽ ഒരു വൈറ്റ് സ്ക്കോഡ ഫോളോ ചെയ്യുന്നതായി തോന്നി.

"അരവീ നമ്മളെ ആരോ ഫോളോ ചെയ്യുന്നുണ്ടോ എന്നൊരു സംശയം "

" ഉം..... ഞാനത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആ സ്ക്കോഡ അത്താണി മുതൽ നമുക്ക് പിന്നിലുണ്ട്."

"ഡാ ഏതേലും ഇടവഴി നോക്കി കയറ്റ് "

കലൂരിന്നു റൈറ്റ് കട്ട് ചെയ്ത് പൊറ്റക്കുഴി വഴിതിരിഞ്ഞു.സ്ക്കോഡയും പിന്നാലെ തന്നെ.
മെയിൻ റോഡ് വിട്ട് പോക്കറ്റ് റോഡ് തുടങ്ങി. പിന്നാലെ സ്ക്കോഡ ഇല്ല.
ഭാഗ്യം!
ഇടവഴി ഏതൊക്കെയോ കയറി ഞങ്ങൾ നാഷണൽ ഹൈവേയിൽ കയറി.

" സ്റ്റുഡിയോയിൽ നമുക്ക് പിന്നെ വരാം. ആദ്യം സാമുവേൽ സാറിനെ കാര്യം ധരിപ്പിക്കണം."

അരവി പറഞ്ഞു.
ലെമെറാഡൂണിൽ എത്തുമ്പോൾ പാർട്ടി തുടങ്ങിയിരുന്നു.
പച്ച പട്ടുസാരിയിൽ ഗായത്രി ശിവറാം പാർട്ടിയുടെ കേന്ദ്ര ബിന്ദുവായി ജ്വലിച്ചു നിന്നു.

"എന്താണിത് വേദാ, പാർട്ടിക്കു വരുമ്പോഴെങ്കിലും ഡ്രെസ്സിന്റെ കാര്യത്തിൽ ഒന്നു ശ്രദ്ധിക്കണ്ടെ?"

ഒരമ്മയുടെ കരുതലോടെ പതിയെ ശാസനയായി അവർ ചോദിച്ചു.
ഞാനും അതേപ്പറ്റി അപ്പോഴാണ് ശ്രദ്ധിച്ചത്. ജോണ്ടിയുടെ കാൾ വന്നപ്പോൾ ഒരു പഴയ ജീൻസുമിട്ട് ഇറങ്ങുകയായിരുന്നു.
ഞാനതിനു മറുപടിയായി തല കുലുക്കി ഒന്നു ചിരിച്ചു.
അപ്പോഴാണ് സാമുവേൽസർ അവിടേക്ക് വന്നത്.

" ഹാ ഹാ വെൽകം മൈ ഏയ്ഞ്ചൽ വേദപരമേശ്വർ......."

സ്വതസിദ്ധമായ ചിരിയോടെ അദ്ദേഹം എന്നെയും ശേഷം അരവിന്ദിനേയും ആലിംഗനം ചെയ്തു.

" ഇത്രയും ലേറ്റായപ്പോൾ ഞാനോർത്തു ഇനി താൻ ഉരുചുറ്റല് കഴിഞ്ഞെത്തിക്കാണില്ലാ എന്ന്. "

എതിരെ കൊണ്ടുവന്ന ഒരു ഓറഞ്ച് ജ്യൂസ് എടുത്ത് കൊണ്ട് ഞാൻ പറഞ്ഞു.

"ഞാൻ ഉച്ചകഴിഞ്ഞപ്പോഴെക്കും എത്തി സർ, അതിനിടയിൽ ഒരു വർക്കും കിട്ടി, പിന്നതിന്റെ പിന്നാലെയായി പോയി. "

"സീ മിസ്റ്റർ അരവിന്ദ് "

സാമുവേൽ സർ അരവിന്ദിനു നേരെ തിരിഞ്ഞു.

"ഇതാണ് മറ്റുള്ളവരിൽ നിന്നും വേദ പരമേശ്വറിനെ വ്യത്യസ്ഥയാക്കുന്നത്. പരമേശ്വറിന്റെ അതേ വീര്യം സ്വഭാവം."

എതിരെ നടന്നു വരുന്ന ചെറുപ്പക്കാരനെ നല്ല പരിചയം തോന്നി.
അയാൾ സാമുവേൽ സാറിനു ഷേക്ക്ഹാന്റ് കൊടുക്കുമ്പോൾ ചെരിഞ്ഞ് എന്നെ തന്നെ നോക്കുന്നുണ്ടായിരുന്നു.
മുഖം മുന്നേ എവിടെയോ കണ്ടതായി ഓർത്തെങ്കിലും എവിടെയെന്ന് മാത്രം വ്യക്തതയില്ല.
ചാനലിലെ ന്യൂസ് റീഡർ ചെൽസിസിറിയക്ക് വന്നു അയാളോട് കുശലം പറഞ്ഞപ്പോഴും അയാൾ എന്നെ തന്നെ ശ്രദ്ധിക്കുകയായിരുന്നു..

അരവിയുടെ ഫോൺ ശബ്ദിച്ചു അവൻ ഫോണുമായി പുറത്തോട്ട് പോയി.

"സാറിനോട് കുറച്ചു കാര്യങ്ങൾ പറയാനുണ്ട്."
ഞാൻ സാമുവേൽ സാറിനോട് പറഞ്ഞു.

"കുഴപ്പാണോടോ "

" ഉം..... കുറച്ച് "

ഞാനും പറഞ്ഞു.
അപ്പോഴേക്കും തിടുക്കപ്പെട്ട് അരവിന്ദ് വന്നു.

"വേദ അർജ്ജന്റ് ഒരിടം വരെ പോകണം. സർ ഞങ്ങൾ പാർട്ടി തീരും മുന്നേ എത്താം Sure.വേദ കം ഫാസ്റ്റ് "

സാമുവേൽ സാറിന്റെ മറുപടിക്കു കാക്കാതെ ഞാനവന്റെ പിന്നാലെ നടന്നു.ചെറിയ കാര്യങ്ങൾക്കൊന്നും ടെൺഷനടിക്കാത്ത അവന്റെ പ്രകൃതം എനിക്ക് നന്നായറിയാവുന്നതാണ്. കാര്യമായിട്ടെന്തോ പറ്റിയിട്ടുണ്ട്.

"എന്താ അരവി പ്രശ്നം?"

"ജോണ്ടിയായിരുന്നു വിളിച്ചത് "
ബൈക്ക് സ്റ്റാർട്ട് ചെയ്ത് കൊണ്ടവൻ പറഞ്ഞു.

ജോണ്ടിക്കെന്തോ അപകടം പിണഞ്ഞിരിക്കുന്നു അതുറപ്പായി.
അകാരണമായ ഭയത്താൽ ഞാനിടയ്ക്കിടെ പിൻതിരിഞ്ഞ് നോക്കുന്നുണ്ടായിരുന്നു.
ലുലു പാർക്കിംഗിൽ വണ്ടി പാർക്ക് ചെയ്ത് അവനൊപ്പം ഞാനെത്താൻ ഓടുകയായിരുന്നു.
സ്പാർക്കിയിലെ തിരക്കിൽ അരവിന്ദ് ആരെയോ തിരക്കി നടന്നു. ഒടുവിൽ ജോണ്ടിയെ ഞങ്ങൾ കണ്ടു. അവനാകെ ഭയന്നു വിറച്ചിരിക്കയായിരുന്നു. ഞങ്ങളെ കണ്ടപാടെ അവൻ ഓടി വന്നു. എന്തേലും ചോദിക്കുന്നതിനു മുൻപേ അരവിന്ദ് അവനേയും കൂട്ടി നടന്നിരുന്നു. അവന്റെ കണ്ണുകൾ ചുറ്റിനും പരതുന്നുണ്ടായിരുന്നു.

താഴെ എത്തിയപ്പോൾ അരവിന്ദ് പറഞ്ഞു.
" ബൈക്ക് യാത്ര എന്തായാലും സേഫല്ല. നമുക്ക് പിന്നിൽ ആരോ ഉണ്ട്.ഞാൻ യൂബർ വിളിക്കാം."

മൂന്ന് മിനിട്ടിനുള്ളിൽ യൂബർ വന്നു. എനിക്ക് ചോദിക്കാനും പറയാനും കുറേ ഉണ്ടായിരുന്നെങ്കിലും അപരിചിതനായ ഡ്രൈവറെ ഭയന്ന് മൂന്നു പേരും സംസാരിച്ചില്ല.
വിഷൻ മീഡിയായിലെ എന്റെ ക്യാബിനിൽ എത്തുംവരെ ആരും സംസാരിച്ചിരുന്നില്ല.
എന്റെ ക്ഷമ നശിച്ചിരുന്നു.

"എന്താ ജോണ്ടി ണ്ടായത്?"

"ചേച്ചിയാദ്യം ഇതെല്ലാം കോപ്പി ചെയ് .എന്റെ കൈയിലിത് സേഫല്ല."

ക്യാമറയെടുത്തവൻ സിസ്റ്റത്തിനടുത്തു വെച്ചു.

"നിങ്ങളവിടുന്നു പോന്നതിന് ശേഷം ഞാൻ നേരെ പാർട്ടിക്ക് പോവാമെന്നോർത്തതായിരുന്നു. കുറച്ചു ദൂരം കഴിഞ്ഞപ്പോൾ എനിക്ക് പിന്നിൽ ഒരു വൈറ്റ് സ്ക്കോഡ വന്നു. എത്ര സൈഡ് കൊടുത്തിട്ടും അത് കയറി പോയില്ല. എനിക്ക് എന്തോ പന്തികേട് തോന്നി. തൊട്ടടുത്ത ജംഗ്ഷനിൽ ഞാൻ വണ്ടിയൊതുക്കി അവിടെയൊരു കടയിൽ കയറി. സ്ക്കോഡ ജംഗ്ഷൻ കടന്നു പോയി.പിന്നീടെന്തോ ഒറ്റയ്ക്ക് വരാൻ ധൈര്യമില്ലായിരുന്നു. നിങ്ങളെ രണ്ടു പേരേയും വിളിച്ചുകൊണ്ടിരിക്കവെ ഫോണിലെ ചാർജ്ജും തീർന്നു.എന്നിൽ നിന്നും ആ റെക്കോർഡ്സ് നഷ്ടാവാതിരിക്കാൻ ഞാനൊരുപായം കണ്ടു. പിന്നീട് വന്ന കാറിനു കൈ കാണിച്ചു. അതൊരു തമിഴന്റെ വണ്ടിയായിരുന്നു. അവരുടെ കൂടെ ലുലുവിൽ എത്തി. കാറിൽ ഫോൺ ചാർജ്ജലിട്ടതിനാൽ വിളിക്കാൻ പറ്റി. "

" അതേ വൈറ്റ് സ്ക്കോഡ തന്നെയാവാം ഒരുപക്ഷേ നമ്മളേയും ഫോളോ ചെയ്തത്."

അരവി പറഞ്ഞു.
ഞാനപ്പോഴേക്കും ഓഫീസ് സിസ്റ്റത്തിലും എന്റെ ഹാർഡ്ഡിസ്ക്കിലും കൂടാതെ അച്ഛന്റെ മെയിലിലേക്കും അവ സെന്റ് ചെയ്തു. പ്രധാനപ്പെട്ട എല്ലാ മെയിലുകളും ഞാൻ ഇതേ പോലേ അയക്കാറുണ്ട്.

"ആരായിരിക്കും ഇതിന് പിന്നിൽ? നമുക്കിത് പോലീസിനെ അറിയിച്ചാലോ?"
ജോണ്ടിയുടെ ചോദ്യം.

" അത് അബദ്ധമാണ്. "

"വണ്ടി നമ്പർ നോട്ട് ചെയ്താർന്നോ നീ? "

എന്ന എന്റെ ചോദ്യത്തിന്

" നമ്പർ ഓർത്തെടുക്കാൻ പറ്റുന്നില്ലെങ്കിലും അതൊരു കർണ്ണാടക റജിസ്ട്രേഷൻ വണ്ടിയാണ്."

കൈയിലൊരു പൊതിയുമായി റിപ്പോർട്ടർ സാബു ചേട്ടൻ അവിടേക്ക് വന്നു.പൊതി എനിക്ക് നേരെ നീട്ടിയിട്ടവർ പറഞ്ഞു.

" കഴിഞ്ഞാഴ്ച്ച തനിക്ക് വന്ന പാർസലാ. താൻ ലീവായതിനാൽ ഞാനെന്റെ ക്യാബിനിൽ എടുത്തു വെച്ചു"

ഞാനാ പാർസൽ വാങ്ങി. കണ്ണൊന്നു തിളങ്ങി !
ശ്വാസഗതി കൂടി.!
അതെ അക്ഷരങ്ങൾ!
അതേ കൈപ്പട!
എനിക്ക് വന്ന അജ്ഞാത കത്തിലെ അതേ കൈപ്പട !
ഒരാശ്വാസമായി ഫ്രം അഡ്രസ് ഉണ്ടായിരുന്നു.
Prameeksha Up
.......
.........
..........
പാലക്കാട്

ഞാൻ ധൃതിപ്പെട്ടവയുടെ പുറത്തെ കവർ കീറി.ഉള്ളിൽ 2017 ലെ ഒരു ഡയറി. ആദ്യ പേജിൽ നാലായി മടക്കിയ ഒരു ലെറ്റർ
പ്രിയ വേദ മേഡം
ഞാൻ മുന്നേ ഒരു കത്തയച്ചിരുന്നു. മനപൂർവ്വമാണോ അതോ കൈകളിലെത്താഞ്ഞതാണോ എന്നറിയില്ല,
കുഞ്ഞിമാളുവിന്റെ ചിരിക്കുന്ന മുഖം ഇനിയെനിക്ക് കാണാൻ കഴിയുമോ?
നിങ്ങൾ വെക്കുന്ന ഓരോ ചുവടിലും മരണത്തിന്റെ ഗന്ധമുണ്ട്.
നിങ്ങളുടെ പ്രോഗ്രാം എല്ലാ വ്യാഴാഴ്ചയും ആവേശപൂർവ്വം കാണുന്നൊരാളായിരുന്നു ഞാൻ.
അവന്റെ പേര് സാത്താനെന്നാണ്. അവന്റെ തേറ്റപ്പല്ലുകൾ പിഴുതെടുക്കണം.നിങ്ങൾക്കതിനു കഴിയും, ചാനലിന്റെ ശക്തിയേക്കാൾ ഉറച്ച സത്യത്തിന്റെ മനസാക്ഷിയുണ്ട്.
സ്നേഹപൂർവ്വം Pr

കത്തിലെ ഉള്ളടക്കം ഇത്രമാത്രം.
ഡയറിയിലെ ആദ്യ പേജിലെ
പേര് ഞാൻ വായിച്ചു.
Name:തീർത്ഥ സജീവ്
Residential Address: തീർത്ഥം, പാലക്കാട്
Blood group:BPositive
ഇത്രമാത്രം.
2017- ജനുവരി 1 സൺഡെ .
അക്ഷരം പഠിച്ചു വരുന്നൊരാൾ

കൂട്ടിപ്പെറുക്കി എഴുതിയ ചില നൊമ്പരങ്ങൾ.
ഇന്ന് ന്യൂയർ
അപ്പയും അമ്മയുമൊന്നിച്ച് കവയിൽ പോയി. ഡാമിന്റെ ഭംഗി ആസ്വദിച്ചു. വാട്ടർ തീം പാർക്കിൽ കുറേ നേരം കളിക്കാൻ ആഗ്രഹമുണ്ടായിട്ടും അപ്പ സമ്മതിച്ചില്ല. അപ്പ കുറച്ചു നാളായിട്ട് അങ്ങനെയാണ്.
രാത്രി ഞങ്ങൾ വലിയ സിനിമാ നടന്മാർ താമസിക്കുന്ന ട്രിപ്പന്റാ എന്നോ മറ്റോ പേരുള്ള വലിയ ഹോട്ടലിൽ താമസിച്ചു.

ഞാൻ അരവിയേയും ജോണ്ടിയേയും നോക്കി.
അടുത്ത മൂന്നു നാലു പേജുകളിൽ ഒന്നുമുണ്ടായില്ല.

പിന്നെ എഴുതിയത് ജനവരി 29 സൺഡെ.
ഇന്ന് സന്ധ്യയ്ക്ക് അപ്പയുടെ രണ്ട് സുഹൃത്തുക്കൾ വന്നിരുന്നു. അപ്പയുമായി അവർ വഴക്കിട്ടു.
അപ്പയെ അവർ തല്ലാൻ നോക്കി. ഞാനും അമ്മയും കരഞ്ഞു.മാർച്ച് 6ന് അവർ വരുമെന്ന് പറഞ്ഞിട്ടാ പോയത്.

ഫിബ്രവരി 10 വെള്ളി
അപ്പ നന്നായി മദ്യപിച്ചിരുന്നു.എല്ലാ പ്രശ്നങ്ങൾക്ക് കാരണം അമ്മയാണെന്നും പറഞ്ഞ് അമ്മയെ കുറേതല്ലി. ഞാൻ കരഞ്ഞു.
പിന്നീടുള്ള പേജുകളെല്ലാം ശൂന്യമായിരുന്നു.

മാർച്ച് 5 ഞായർ
അതിനകത്ത് വരച്ച മൂന്ന് ചിത്രങ്ങൾക്ക് മീതെ അപ്പ, തീർത്ഥ, അമ്മ എന്നീ അക്ഷരങ്ങൾക്കു മീതെ ചീറ്റിത്തെറിച്ച രക്തത്തിന്റെ പാട്.

ആരാണീ തീർത്ഥ?
കുഞ്ഞിമാളുവും തീർത്ഥയും ഒരാളാണോ?
അവളുടെ ഡയറിയിലെ രക്തത്തിന്റെ പാട് ആരുടേതാണ്.
ഈ കത്ത് ഇവർ എന്റെ പേരിൽ തന്നെ അയക്കാനുള്ള കാരണം എന്താവും?
ഇതേ സമയം വിഷൻ മീഡിയയുടെ തൊട്ടടുത്ത പാർക്കിംഗിൽ വൈറ്റ്സ്ക്കോഡ ആരെയോ കാത്തെന്ന പോലെ നിൽപുണ്ടായിരുന്നു.സ്ക്കോഡയുടെ സ്റ്റിയറിംഗിൽ താളം മുട്ടുന്ന ഒരു സ്ത്രീയുടെ ഇടത്തെ കൈയും. ആ കൈകളിലെ വിരലുകളിലൊന്നിൽ സജീവ് എന്ന പേരു പച്ചകുത്തിയിരുന്നു....

നെഞ്ചിലൊരു നെരിപ്പോടായി ആ ഡയറി.
പാർട്ടി തീരാൻ ഇനിയും സമയമുണ്ട് പക്ഷേ ഇനി വയ്യ.

"നമ്മളെന്താടാ ചെയ്യാ?"

ഞാൻ അരവിയെ നോക്കി.

"ഒന്നുകിൽ ഇതിന്റെ പിന്നാലെ പോവുക. അല്ലെങ്കിൽ ഇങ്ങനെയൊരു കാര്യം കണ്ടില്ലെന്നു നടക്കുക."

" എങ്ങനെയാ അരവി കണ്ടില്ലെന്നു നടിക്കുക?"

" എങ്കിൽ നീ പോയി തല വെച്ച് കൊടുക്ക് എത്ര കിട്ടിയാലും പഠിക്കാത്ത നിന്റെ സ്വഭാവമാണ് മാറ്റേണ്ടത്.
"

അരവി ചൂടായി. അവൻ പറയുന്നത് ശരിയാണെന്ന് എനിക്കും അറിയാമായിരുന്നു. പക്ഷേ എനിക്കതിനു കഴിയില്ല.

"ജോണ്ടി നാളെ നമുക്കൊരിടം വരെ പോവണം."

എവിടെയാണെന്നവൻ ചോദിച്ചില്ല.

" അരവീ എനിക്കെന്തായാലും ഇന്ന് ഫംഗ്ഷന് ഇനി പറ്റില്ല. എന്നെയൊന്ന് വീട്ടിൽ വിടാമോ?"

ഒരു ടാക്സിയിൽ ഞങ്ങൾ യാത്ര തിരിച്ചു.
പരസ്പരം ആരും സംസാരിച്ചില്ല. വീടിനു മുമ്പിൽ ഇറങ്ങുമ്പോൾ ഞാൻ ജോണ്ടിയോട് പറഞ്ഞു.

"ജോണ്ടി കാലത്ത് അഞ്ച് മണിയാകുമ്പോൾ ഇവിടെത്തണം. "

അത്താഴത്തിന് മുമ്പിലിരിക്കുമ്പോൾ വിശപ്പ് കെട്ടിരുന്നു. എങ്കിലും ഒരു ചപ്പാത്തി കഴിച്ചു.
മുറിയിലെത്തി . ഒത്തിരി പ്ലാനിംഗ് ഉണ്ട്.
ഡയറി അയച്ച ഫ്രം അഡ്രസ്സ് തിരക്കിയിറങ്ങണം, പിന്നെ തീർത്ഥ.
എന്തോ എവിടെയോ ഞാൻ കണക്റ്റായി കിടക്കുന്നുണ്ട്.
മെസഞ്ചറിൽ ഒരു മെസ്സേജ് വന്നു.
ഞാൻ ഓപൺ ചെയ്തു.
ഒരു Sai Siva
ഒരു ഇമേജാണ്, ഒരു ചെറിയ ഓടിട്ട വീടിന്റെ.
മനോഹരമായ ആ വീടിന്റെ മുന്നിൽ നിറയെ പലതരത്തിലും വർണത്തിലുമുള്ള പൂക്കളുണ്ടായിരുന്നു.
വീടിനോട് ചേർത്തുവെച്ച ഒരു ചെറിയ സൈക്കിൾ. സൈക്കിളിന്റെ മീതെ ഒരു ടെഡിബിയർ. സൂം ചെയ്ത് നോക്കിയപ്പോൾ ആ ടെഡിബിയറിനു ഒരു കണ്ണു മാത്രമേ ഉള്ളൂ എന്ന് മനസിലായി.
അപരിചിതരയക്കുന്ന മെസ്സേജിന് മറുപടി കൊടുക്കാറില്ല.
നെറ്റ് ഓഫ് ചെയ്തിട്ട് തലയിണ ക്രാസിയിൽ ചാരി ഇരുന്നു. എതിരെയുള്ള ചുമരിൽ അമ്മയ്ക്കും അച്ഛനുമൊപ്പം ഞാൻ സെറ്റിയിലിരിക്കുന്ന ഒരു ഫോട്ടോ .
അച്ഛനായിരുന്നു എല്ലാത്തിന്റേയും ഗുരു.ആദർശങ്ങളിൽ മുറുക്കിപ്പിടിച്ച അഡ്വക്കേറ്റ് പരമേശ്വരൻ ജേർണലിസം ചെയ്യണമെന്നു പറഞ്ഞപ്പോൾ അമ്മയേക്കാൾ സപ്പോർട്ട് ചെയ്തത് അച്ഛനായിരുന്നു.അഡ്വക്കേറ്റ് ദമ്പതികളുടെ മകൾ ജേർണലിസ്റ്റാവുന്നതിൽ അമ്മയുടെ കുടുംബക്കാരിൽ പലർക്കും ഇഷ്ടമായില്ല.
എന്തിനും ശക്തി തന്നത് അച്ഛനുമമ്മയും തന്നെയായിരുന്നു. അച്ഛനുണ്ടായിരുന്നെങ്കിൽ എന്റെ പ്രശ്നങ്ങൾ ഇത്രയധികം സങ്കീർണമാവില്ലായിരിക്കും.
ഇടതും വലതും ഓരോ തലയിണവെച്ച് അച്ഛനുമമ്മയും ആണെന്ന് സങ്കൽപിച്ച് ഞാനുറങ്ങി.
പുലർച്ചെ ഉണർന്ന് റെഡിയാകുമ്പോൾ ഗേറ്റിൽ ബൈക്കിന്റെ ഹോണടി ശബ്ദം തകർക്കുന്നു.

"സുനിതേച്ചീ.... ജോണ്ടിയാവും ഗേറ്റ് തുറന്നുകൊടുക്ക്."

ഇറങ്ങാൻ സമയം ലേറ്റായി.5.17 കഴിഞ്ഞിട്ടുണ്ട്.

" സുനിതേച്ചീ ഞാനിറങ്ങു വാ "

"അപ്പൂ നീ കഴിച്ചില്ലല്ലോ?"

സുനിത പരാതി.

" സമയമാവണല്ലേയുള്ളൂ, വഴീന്ന് കഴിച്ചോളാം. ചേച്ചി കാറിന്റെ കീയെടുത്ത് ജോണ്ടിയുടെ കൈയിൽ കൊടുക്ക്."

ബേഗിലേക്ക് ലാപ്ടോപ്പ് കുത്തിക്കയറ്റുന്നതിനിടയിൽ ഞാൻ പറഞ്ഞു.

"എനിക്ക് മാത്രമായി എന്തിനാ വച്ചുണ്ടാക്കുന്നത്.? ഞാനിനി വച്ചുണ്ടാക്കുന്നത് നിർത്തി "

കീയുമെടുത്ത് സിറ്റൗട്ടിലേക്ക് പോകുമ്പോൾ സുനിത പിറുപിറുത്തു.
സുനിതയോട് പറഞ്ഞ് തിടുക്കപ്പെട്ട് ഫ്രണ്ട് സീറ്റിൽ കയറിയിരുന്നു.

" എങ്ങോട്ടാ വരദാ മാഡം?"

ശബ്ദം കേട്ട് ഞെട്ടി.അരവിന്ദിന്റെ ശബ്ദം. ഡ്രൈവിംഗ് സീറ്റിൽ അരവി.
സന്തോഷം തോന്നി വല്ലാതെ. ഇന്നോളം എല്ലാത്തിനും കൂടെയുണ്ടാവുന്ന സൗഹൃദം ഒരിക്കൽ കൂടി തെളിയിച്ച് അരവിന്ദ്.
പിന്നിലിരിക്കുന്ന ജോണ്ടിയുടെ കൈകളിലേക്ക് ബേഗ് നൽകി ഞാൻ പറഞ്ഞു.

" പാലക്കാട് "

" എനിക്കറിയാരുന്നു. പ്രമീക്ഷയ്ക്ക് പിന്നാലെ ല്ലെ?"

"അതെ. ആ അഡ്രസ്സ് മാത്രമാണ് മുന്നിലുള്ള കച്ചിത്തുരുമ്പ് .അതിൽ നിന്നും തുടങ്ങണം. എന്തിന്? ആര്? എന്നെല്ലാം"
ഷൊർണൂർ കഴിഞ്ഞപ്പോൾ ചെറുതായി മഴ തുടങ്ങി. വരണ്ടുണങ്ങിയ നിളയുടെ മാറ് ഇനിയും പിറക്കാത്ത മക്കൾക്കായ് കാത്തു തുടങ്ങിയിരുന്നു.
നീരു വറ്റിയ മണൽത്തരികൾ ആർത്തിയോടെ മഴമേഘങ്ങളെ നോക്കി.
പാലക്കാട് എത്തിയപ്പോൾ പത്ത് കഴിഞ്ഞു.

"വേദ ഇനിയെങ്ങോട്ടാ?"

അരവിയുടെ ചോദ്യം.

"കടുക്കാംകുന്ന്. അതിനു മുന്നേ നമുക്കെന്തെങ്കിലും കഴിക്കാം."

എതിരെയുള്ള ചെറിയ ഹോട്ടലിൽ നിന്നും ചായയും ദോശയും കഴിച്ച് വീണ്ടും യാത്ര തിരിച്ചു.
മുന്നോട്ട് പോവുംതോറും ഗ്രാമത്തിന്റെ പച്ചപ്പുണങ്ങിയ കൊയ്ത്തു കഴിഞ്ഞ പാടങ്ങൾ കണ്ടു.

എതിരെ വന്ന ഒരാളോട് പ്രമീക്ഷയുടെ വീട് ചോദിച്ചു.
അയാൾ അറിയില്ലെന്ന് പറഞ്ഞിട്ട് പോയി.

ചെറിയ ഒരു ജംഗ്ഷനിൽ വണ്ടി നിർത്തി. നാലോ അഞ്ചോ കടകൾ, അവയിൽ ടൈലർ ഷോപ്പും റേഷൻ കടയും ഉൾപ്പെടും.
ഒരു കടയ്ക്ക് മുന്നിൽ കുറേ ചാവാലിപ്പട്ടികൾ, ചുവന്ന പട്ടുചുറ്റിയ ഒരു കോമരക്കാരൻ മുറുക്കാൻ ചുരുട്ടുന്നു, ടൈയ്ലർ ഷോപ്പിൽ ഒരു പുരുഷനും സ്ത്രീയുമിരുന്ന് തയ്ക്കുന്നു.

"ചേട്ടാ ഓങ്ങിലപ്പാറയ്ക്ക് ഏത് വഴി പോവണം.?"

"ദോ ആ കാണുന്ന പഞ്ചായത്ത് കിണറിന്റെ ഭാഗത്തേക്ക് പോയാൽ വലത്തോട്ട്..... നിങ്ങളെവിടുന്നാ?"

സത്യം പറയണോ എന്നറിയില്ല

" ഷൊർണൂരിൽ നിന്നും വരികയാ പ്രമീക്ഷയുടെ സുഹൃത്തുക്കളാ ഞങ്ങൾ "

" പ്രമീക്ഷയോ?!........... അതാരാ?"

"ഞങ്ങൾ ഷൊർണൂരിൽ ഒരു കല്യാണത്തിന് പരിചയപ്പെട്ടതാ. എന്റെ കല്യാണം ക്ഷണിക്കണം."

ടൈയ്‌ലർ ചേട്ടൻ ചിന്തയിലായി. ഞാനിറങ്ങി നടന്നു.

" ശിവേട്ടാ അവിടെ പുതിയതായി രണ്ട് വാടകക്കാർ താമസിക്കുന്നുണ്ട് അവരിലാരെങ്കിലും ആവും."

പിന്നിൽ ടൈലറുടെ കൂടെയുള്ള സ്ത്രീയുടെ സ്വരം.
ഒടുവിൽ സ്ഥലത്തെത്തി. ഞാൻ പുറത്തിറങ്ങി.ജോണ്ടിയും അരവിയും വണ്ടിയിൽ ഇരുന്നതേ ഉള്ളൂ. എതിരെ സൈക്കിളിൽ വന്ന പയ്യനോട് ഞാൻ ചോദിച്ചു.

" പ്രമീക്ഷയുടെ വീടേതാ ?"

"ഏത് പ്രമിക്ഷ?"

"ഓങ്ങിലപാറ പ്രമീക്ഷ."

"ഇവിടങ്ങനൊരാളില്ലല്ലോ... അഡ്രസ് മാറിയതാണോ?"

ആ പയ്യന്റെ സ്വരം

" അല്ല. അഡ്രസ് കറക്റ്റ് ആണ്. "

"ഓങ്ങിലപാറയിൽ ആകെ ഏഴ് വീടുകളേ ഉള്ളൂ. രണ്ട് വീടുകൾ തമിഴന്മാരാ അവിടെ സ്ത്രീകളില്ല. പിന്നെയുള്ള വീടുകളിലുള്ളവരെയെല്ലാം എനിക്കറിയാവുന്നതാ. ഇത് തന്നെയാണോ പേര്?"

" ഉം "

"എങ്കിൽ നിങ്ങൾ ഇത് വഴി പോകണം. അവിടെ നാലു വീടുകളുണ്ട്. അവിടെയുള്ള ആർക്കേലും അറിയാമായിരിക്കും. ഇത് വഴി കാറ് പോവില്ല. വാ ഞാൻ കാണിക്കാം"

ഞാൻ അരവിയെ ഇറങ്ങിവരാൻ കണ്ണു കാണിച്ചു.

സൈക്കിൾ സൈഡാക്കി വെച്ച് പയ്യൻ നടന്നു.അവനു പിന്നാലെ ഞങ്ങളും. നടന്നു പോവുന്നതിന്റെ ഇടത് വശത്ത് കുറച്ചുള്ളിലേക്കായൊരു ഓട് വീട്. മുറ്റം നിറയെ പൂക്കൾ നിറഞ്ഞ എനിക്ക് പരിചിതമായ വീട്.വീടിനു ചുറ്റും കവുങ്ങിൻ കഷ്ണങ്ങൾ ചേർത്ത് വേലി കെട്ടിയിരുന്നു.എന്റെ കണ്ണുകൾ മുറ്റത്ത് ചുമര് ചാരിചേർത്തുവെച്ച സൈക്കിളിലെ ടെഡിബിയറിൽ തറച്ചു.
ആരോ എന്നെ സഹായിക്കുന്നുണ്ട്.
മെസഞ്ചറിൽ എനിക്ക് വന്ന അതേ ഫോട്ടോ. Sai Siva എന്ന ഐഡിയിൽനിന്നും ഫോട്ടോ .
ശ്വാസം വിലങ്ങി.
ആ ടെഡിബിയറിന് ഒര് കണ്ണേ ഉണ്ടാവൂ എന്ന തിരിച്ചറിവ് എന്റെ കാലിലേക്ക് ശക്തി പകർന്നു.
ആ വീടിനെ ചൂണ്ടി ഞാൻ ചോദിച്ചു.

" ഈ വീടാരുടേതാ?"

" ഈ വീടാരുടേതാ?"

ഞാൻ വീണ്ടും ചോദിച്ചു.

"ഇത് സജീവേട്ടന്റെ വീടാ. ടൗണിൽ ലാബ് നടത്തുന്ന."

സജീവ് എന്ന പേര് കേട്ടതോടെ ജോണ്ടിയും അരവിയും എന്നെ നോക്കി.

" അതും ഓങ്ങിലപാറയിൽപെട്ട വീടല്ലേ?"

"അതെ. പക്ഷേ അവരവിടില്ല രണ്ടാഴ്ചയായി ടൂറിലാ. ഇനി ജൂണിലേ വരൂ "

ആ വീടുമായി ഞാൻ അന്വേഷിച്ച് വന്നതിന് എന്തോ ബന്ധമുണ്ട് ഉറപ്പാണ്.
ഇന്നലെ ഈ വീടിന്റെ ചിത്രമെനിക്കയച്ച sai Siva യെ കണ്ടെത്തണം.
ആ വീട് പരിശോധിക്കാതെ ഒന്നിനും ഒരു തീരുമാനമാവില്ല.
എനിക്കൊരുപായം തോന്നി.

" ആ മുറ്റത്ത് നിറയെ ചെടികളാ എനിക്കവയുടെ വിത്തോ കമ്പോ കിട്ടിയാൽ ഉപകാരമായിരുന്നു.

"അതിനിപ്പോ എന്താ? ഇത് നമ്മുടെ സ്വന്തം വീടുപോലെയാ"

പറഞ്ഞു തീരും മുന്നേ ആ പയ്യൻ കവുങ്ങുവേലി തുറന്ന് വീട്ടുമുറ്റത്തേക്ക് നടന്നു.

" അരവീ വീടും പരിസരവും നന്നായി വാച്ച് ചെയ്യണം."

ഞാൻ അരവിയോട് പതിയെ പറഞ്ഞു.

"എന്താ നിന്റെ പേര്?"

ഞാനാ പയ്യനോട് ചോദിച്ചു.

" അജ്മൽ നിസാൻ "

"നല്ല പേരാണ് കേട്ടോ.തനിക്കഭിനയിക്കാൻ താൽപര്യമുണ്ടോ? ?"

"അഭിനയിക്കാൻ ഇഷ്ടം തന്നെയാ, ഉപ്പ ഉസ്താദ സമ്മതിക്കൂല."

"ഞങ്ങൾ ചോദിച്ച് അനുവാദം വാങ്ങിയാൽ നീ അഭിനയിക്കുമോ?"

അജ്മലിന്റെ കണ്ണിലൊരു തിളക്കം.

"സത്യം പറഞ്ഞാൽ ഞങ്ങളുടെ വരവിന് രണ്ട് ലക്ഷ്യങ്ങളുണ്ട്. ഒന്ന് പ്രമീക്ഷയെ കാണുക. രണ്ട് ഞങ്ങളുടെ ഫിലിമിന് പറ്റിയ ലൊക്കേഷൻ തപ്പുക."

പറഞ്ഞത് അരവിന്ദാണ്. നടന്ന് ഞങ്ങൾ വീട്ടുമുറ്റത്തെത്തിയിരുന്നു.

"ആരാ ചേച്ചി ഹീറോ"

" അജ്മൽ ഞങ്ങൾ ഒരു സൗഹൃദ കൂട്ടാഴ്മയിൽ ഉണ്ടാക്കിയ ഈ സിനിമയിലെ എല്ലാ രംഗത്തുള്ളവരും പുതുമുഖങ്ങളാണ്. ഇദ്ദേഹമാണ് സംവിധായകൻ. പിന്നെ കുറേ പുതുമുഖങ്ങളെ കൂടി വേണം."

അജ്മൽ മുടി കൈയാൽ ഒതുക്കി ഉഷാറായി.

" ഈ വീടിനാണെങ്കിൽ കഥയിൽ നമ്മൾ എഴുതിയ എല്ലാ കാര്യങ്ങളും ഉണ്ട്. "

അരവിന്ദ് കൈകൾ വിരിച്ച്കൊണ്ട് ഫ്രേം പിടിച്ചു.

" അജ്മൽ വീട്ടുടമസ്ഥനുമായി കോണ്ടാക്ട് ചെയ്താലോ?"

അരവി സമർത്ഥമായി കരുക്കൾ നീക്കുവാണ്.

" അത് റിസ്ക്കാണ് ,അവരെ കോണ്ടാക്റ്റ് ചെയ്യാനുള്ള നമ്പറൊന്നും എന്റെ കൈയിലില്ല. ജൂണിൽ തീർത്ഥയുടെ ക്ലാസ് തുടങ്ങുമ്പോഴേക്കും അവരെത്തും. മാത്രവുമല്ല അയൽപക്കവുമായി അവർ അത്രനല്ല അടുപ്പവും ഇല്ലായിരുന്നു. തീർത്ഥയുള്ളതിനാലാ ഞാൻ പോലും അവരോട് അടുത്തത്. മാത്രല്ല ഈ വീടെന്റെ മുത്താപ്പയുടെതാ .

എന്റെ മുഖത്തും നിരാശ.

" അജ്മൽ ഞങ്ങൾ കുറച്ചു സ്റ്റിൽസെടുത്തോട്ടെ?"

അരവിയുടെ ചോദ്യത്തിന്
അജ്മൽ ഉത്സാഹത്തോടെ മറുപടി നൽകി.

" അതിനെന്താ സാറേ...."

ഞാൻ ജോണ്ടിക്ക് കണ്ണുകളാൽ നിർദേശം നൽകി.
അവൻ ക്യാമറയുമായി വീടിനു ചുറ്റും നടന്നു.
അവന്റെ പിന്നാലെ അരവിന്ദും.
ഞാനാ ഒറ്റക്കണ്ണുള്ള ടെഡിയെ നോക്കി കാണുവാരുന്നു.

"എന്താ മേഡത്തിന്റെ പേര്?"

അജ്മൽ എന്റെ പിന്നാലെ കൂടി

"വേദ ."

പുഞ്ചിരിയോടെ ഞാൻ പറഞ്ഞു.

"എനിക്ക് നിങ്ങളെ എവിടെയോ കണ്ടതായി ഓർമ്മ വരുന്നുണ്ട്. "

" ഒരാളെ പോലെ ഏഴ് പേരുണ്ട് അജ്മൽ."

അരവി പെട്ടന്ന് നടന്നു വന്നു.

"ഇവിടുത്തെ സാറിന് എന്താ ജോലി അജ്മൽ?"

"അവർക്ക് ലാബാണ്.പാലക്കാട് ജില്ലാഹോസ്പിറ്റലിനടുത്ത് തീർത്ഥം ലാബ് സജീവ് സാറിന്റെയാ.സാറും വൈഫും കൂടിയാ അത് നടത്തുന്നത്. "

" അവരിവിടെ താമസം തുടങ്ങീട്ടെത്ര നാളായി?"

അരവിന്ദിന്റെ ചോദ്യങ്ങളിൽ നിന്നും എന്തോ ഒന്ന് അവന്റെ മനസിലുണ്ടെന്ന് ബോധ്യമായി.

"മൂന്ന് മാസത്തോളമായി കാണും. ആദ്യം താമസിച്ചത് കൊഴിഞ്ഞാമ്പാറയിലാ. പിന്നെ അവരുടെ നമ്പർ വേണമെങ്കിൽ ലാബിൽ ചോദിച്ചാൽ മതി."

" ലാബ് തുടങ്ങീട്ട് എത്ര നാളായി?"

"ഒരു വർഷമായിക്കാണും"

എന്റെ പോക്കറ്റിൽ കിടന്ന ഫോൺ റിംഗ് ചെയ്തു.
അരുൺ കരുണൻ
കൂടെ പഠിച്ചിരുന്നതാ.ഞാൻ ഫോണുമായി ഇടവഴിയിലേക്കിറങ്ങി സംസാരിച്ചു.

പിന്നെ തിരികെ ചെന്നു പറഞ്ഞു.

" അത്യാവശ്യമായി തിരിച്ച് പോകണം, വേറെയും കാര്യങ്ങളുണ്ട്.നീ ഈ നമ്പറിൽ വിളിക്കണം"

ഞാൻ എന്റെ നമ്പർ പറഞ്ഞു കൊടുത്തു.

"പിന്നെ ഫിലിമിന്റെ കാര്യങ്ങൾ ഒകെ ആവുംവരെ ഈ കാര്യം ആരോടും പറയണ്ട."

കാറിൽ കയറുമ്പോൾ അരവിന്ദ് അജ്മലിന് നിർദ്ദേശം നൽകി.
കാർ കുറച്ചു നീങ്ങി കഴിഞ്ഞപ്പോൾ അരവിന്ദ് കർച്ചീഫിൽ പൊതിഞ്ഞ ഒരു സിറിഞ്ച് പുറത്തെടുത്തു.

"വേദ ഇതുപോലെ പത്തമ്പത് സിറിഞ്ചുകൾ ആ വീടിന്റെ പിന്നിലെ വരാന്തയിലുണ്ട്."

"അതിലെന്തിരിക്കുന്നു? അവർ ലാബിലെ വെയ്സ്റ്റ് കൊണ്ടിട്ടതാവും."

"നെവർ വേദ, ലാബിലെ വെയ്സ്റ്റല്ല അത് എനിക്കുറപ്പുണ്ട്. നീയീ സിറിഞ്ച് കണ്ടോ ഇതിന്റെ സൈസിൽ വളരെ വ്യത്യാസമുണ്ട്.ഇത്തരത്തിൽ ഒന്നിത് വരെ ഞാൻ കണ്ടിട്ടില്ല.?"

അരവിന്ദ് പറഞ്ഞത് ശരിയായിരുന്നു.
അതിന്റെ ഘടനയിൽ ഒത്തിരി വ്യത്യാസമുണ്ടായിരുന്നു.

"നമുക്കിത് സോനയെ കാണിച്ചു നോക്കാം. അവൾക്ക് ചിലപ്പോൾ എന്തേലും തരത്തിൽ സഹായിക്കാൻ പറ്റുമാരിക്കും.
സോന ഗൈനക്കോളജിസ്റ്റാണ്.
തീർത്ഥം ലബോറട്ടറിയിൽ ആദ്യം അന്വേഷിക്കാം."

"നമ്മളന്വേഷിച്ച തീർത്ഥ ജീവിച്ചിരിപ്പില്ലെന്നു എന്റെ മനസു പറയുന്നു ചേച്ചി. "

ജോണ്ടി പിന്നിൽ നിന്നും പറഞ്ഞു.

"കരിനാക്ക് വളയ്ക്കാതെ നീയവിടുന്നെടുത്ത പിക് എല്ലാം ലാപിലേക്ക് കോപ്പി ചെയ്."

ജില്ലാ ഹോസ്പിറ്റലിനടുത്തുള്ള ലാബ് ആയതിനാലും, ഒരു സ്റ്റാഫ് മാത്രമായതിനാലും തീർത്ഥത്തിൽ തിരക്ക് കൂടുതലായിരുന്നു.

കാറിൽ നിന്നിറങ്ങാൻ നോക്കിയ എന്നെ അരവി തടഞ്ഞു.

" നീയിറങ്ങണ്ട. നാട്ടിൻ പുറത്തുള്ളവരല്ല സിറ്റിയിൽ. നിന്നെ ചിലപ്പോൾ തിരിച്ചറിയും."

എന്റെ മറുപടി കാക്കാതെ അവൻ ലാബ് ലക്ഷ്യം വെച്ചു നടന്നു.
രണ്ട് മൂന്ന് മിനിട്ടിനു ശേഷം ഒരു വിസിറ്റിംഗ് കാർഡുമായി വന്നു.

" നമ്പർ കിട്ടി, പക്ഷേ വിളിച്ചാൽ കിട്ടില്ലെന്നാ ആ പെൺകുട്ടി പറഞ്ഞത്. ടൂറിൽ സജീവ്.മൊബൈൽ ഫോൺ ഉപയോഗിക്കാറില്ലത്രെ. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മെയിൽ ചെയ്യലാണ് പതിവെന്ന്."

"വഴികളെല്ലാം അടഞ്ഞുപോവുകയാണല്ലോ അരവി "

എന്നിൽ നിരാശ ബാധിച്ചു.

" ഒന്നടഞ്ഞാൽ ഒൻപതെണ്ണം തുറക്കും വേദ. നമുക്ക് നോക്കാടോ. നമുക്കെന്തായാലും കൊഴിഞ്ഞാമ്പാറ വരെ പോവാം. ഞാൻ സജീവിന്റെ കൊഴിഞ്ഞാമ്പാറയിലെ അഡ്രസ് ചോദിച്ചു മനസിലാക്കിയിട്ടുണ്ട്. "

ഞാൻ സീറ്റിലേക്ക് ചാരിയിരുന്നു.
ഒന്നു മയങ്ങണമെന്നുണ്ടായിരുന്നെങ്കിലും ചിന്തകൾ മനസിനെ മഥിച്ചു.

"ചേച്ചീ ആ വീടിനകത്ത് ഒരാൾ മരിച്ചു കിടക്കുന്നു."

ജോണ്ടിയുടെ ശബ്ദം ചിന്തകൾ മുറിച്ചു.

ലാപിൽ അവനെടുത്ത തീർത്ഥത്തിലെ വീഡിയോ കാണുകയായിരുന്നു അവൻ.
അരവി വണ്ടി സൈഡൊതുക്കി നിർത്തി. ഞാനവനിൽ നിന്നും ലാപ് വാങ്ങി.
തുറന്നു കിടക്കുന്ന ജനൽ പാളിക്കകത്തേയ്ക്ക് ക്യാമറ കയറ്റിവെച്ച് എടുത്തതാണെന്നു തോന്നുന്നു. ക്യാമറ ഡൈനിംഗ് ഹാളിലേക്കാണ്.
പാതിഡൈനിംഗ് ടേബിളും , ചെയറും ഫ്രിഡ്ജിന്റെ ഒരു സൈഡും ടേബിളിലെ നിരത്തി വെച്ച ഒന്നു രണ്ട് പാത്രങ്ങൾക്കൊപ്പം ഒരു ന്യൂസ് പേപ്പറും.കൂടാതെ പാതി തുറന്ന ഒരു ബെഡ് റൂം വാതിലിലൂടെ ബെഡിന്റെ കാൽ ഭാഗം കാണാം.

" ഇതിലെവിടെയാ ജോണ്ടി?"

" ചേച്ചി 3 മിനിട്ട് 17 സെക്കന്റ്. "

" അതിൽ ആരുമില്ലാല്ലോ....."
അരവി എത്തി നോക്കി പറഞ്ഞു.

" ചേച്ചി ബെഡ്റൂം സൂം ചെയ്"

അത് പോലെ ചെയ്തു. അവൻ പറഞ്ഞത് ശരിയാണ്. ബെഡിൽ രണ്ട് കാലുകൾ, കാലുകൾ എന്നു മുഴുവനായും പറയാൻ പറ്റില്ല, കാൽപാദം...

തൊണ്ട വരണ്ടു.
അതിനകത്ത് ആ ഫാമിലിയിലുള്ള ആരോ ഒരാളുണ്ട് അയാൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചോ ?
ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർ ഞങ്ങളെ കണ്ടു കാണും അതുറപ്പ്.
ആ വീട്ടിൽ രണ്ടാഴ്ചയായി ആൾ താമസമില്ലാ എന്ന് അജ്മൽ പറഞ്ഞത് വെച്ച് നോക്കുമ്പോൾ ....
തല പെരക്കുന്നുണ്ടായിരുന്നു.
ചിന്തകൾ കാടുകയറി ലാപ് അരവി വാങ്ങി, ഞങ്ങൾക്കെതിരെ വന്ന വാഹനം ഞങ്ങളാരും ശ്രദ്ധിച്ചിരുന്നില്ലെങ്കിലും ആ വാഹനത്തിലെ ഡ്രൈവർ എന്നെ ശ്രദ്ധിച്ചിരുന്നു. ഞങ്ങളെ കടന്ന് പോയ ആ വാഹനം സൈഡ് മിററിലൂടെ ഞങ്ങളുടെ കാർ ശ്രദ്ധിച്ചിരുന്നു.
സ്റ്റിയറിംഗിൽ താളമിട്ട കൈകളിൽ സജീവ് എന്ന പേര് പച്ചകുത്തിയിരുന്നു. അതൊരു കർണാടക റജിസ്ട്രേഷനുള്ള വൈറ്റ്സ്ക്കോഡ ആയിരുന്നു.

പോലീസ് സഹായം വേണ്ടിവരും വേദ നമുക്ക്.നിനക്ക് കത്തയച്ചത് എന്തായാലും ഒരു ഫേക്ക് അഡ്രസിൽ നിന്നു തന്നെയാണ് എങ്കിലും അവയിൽ പറഞ്ഞവെയല്ലാം സത്യസന്ധമായ കാര്യങ്ങൾ തന്നെയാണ്. തീർത്ഥയ്ക്കും ഫാമിലിക്കും അപകടം പിണഞ്ഞിട്ടുണ്ടെന്നു മനസ് പറയുന്നു. നമുക്കാ വീടിനകം പരിശോധിക്കണം.അതിനു മുന്നേ സജീവിന്റെ മൊബൈൽ നമ്പറിൽ വിളിക്കണം"

അരവി ഫോണിൽ നമ്പർ ഡയൽ ചെയ്തു. സ്വിച്ച്ഡ് ഓഫെന്ന മറുപടിയിൽ അരവിന്ദ് തൃപ്തനായിരുന്നില്ല.

" നമ്മളിനി എന്താണ് ചെയ്യുക?"

അരവി ഫോണിൽ കോൺടാക്റ്റ് തപ്പിയെടുത്തു.

" ഞാൻ TVM ൽ ഫിലിം ഫെസ്റ്റിവെലിന് പോയപ്പോൾ ഒരു സ്വാതിയെ പരിചയപ്പെട്ടിരുന്നു. അവൻ കുറച്ചു നാൾ മുമ്പേ ഒരു ആവശ്യത്തിനു വിളിച്ചിരുന്നു. അവൻ ഇവിടെവിടെയോ ആണ് താമസം"

"ഏത് സ്വാതി?"

"സ്വാതി സ്വാമിനാഥൻ. മാതൃഭൂമി റിപോർട്ടറാ പുള്ളി"

" നമുക്ക് പണിയാകുവോ അരവി ?അതിലും ഭേതം സ്ഥലം സിഐ യോട് പറയുന്നതല്ലേ?"

" ഇല്ല വേദ. ഇത് നമ്മുടെ ബിസിനസുകാരനായ സഞ്ചാരി ജോയ്സാർ പരിചയപ്പെടുത്തിത്തന്ന ആളാണ്. വിശ്വസിക്കാം"

ഞാൻ പിന്നൊന്നും പറയാൻ പോയില്ല. അരവി സ്വാതിയുമായി സംസാരിക്കുന്നത് എനിക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. എന്നെയിതിനകത്ത് വലിച്ചിട്ടവരുടെ ലക്ഷ്യമെന്താണാവോ?
അപ്പോഴാണ് എനിക്ക് രാത്രി മെസഞ്ചറിൽ വന്നു കിടക്കുന്ന Sai Sivaയുടെ കാര്യം ഓർമ്മ വന്നത്.നെറ്റ് ഓൺ ചെയ്ത് മെസഞ്ചർ ഓപണാക്കി. അവിടെ സായി ശിവയ്ക്കു പകരം ഫേസ്ബുക്ക് യൂസർ എന്നായിരുന്നു ഉള്ളത്. ഒന്നുകിൽ അവനെന്നെ ബ്ലോക് ചെയ്തു. അല്ലെങ്കിൽ ഐഡി ഡിആക്റ്റിവേറ്റ് ചെയ്തു.ഏറ്റവും മുകളിൽ തന്നെയുണ്ടായിരുന്നു ഓപൺ ചെയ്യാത്ത മെസ്സേജ് ഞാൻ തുറന്നു.

"നിങ്ങൾ ഇനി വളരെയധികം സൂക്ഷിക്കേണ്ടിയിരിക്കുന്നു. നിഴലുപോലെ അവർ നിങ്ങൾക്ക് പിന്നാലെയുണ്ട്. "

അരവി അപ്പോഴും കോളിൽ തന്നെയായിരുന്നു. അറിയാതെ പിന്നിലെ വിജനമായ റോഡിലേക്ക് നോക്കിപ്പോയി ഞാൻ.

"സ്വാതി സ്ഥലത്തില്ല, ഒരു മണിക്കൂറിനുള്ളിൽ എത്തും നമുക്കപ്പോഴേക്കും കൊഴിഞ്ഞാമ്പാറ പോകാം."

ലാബിലേ പെൺകുട്ടി പറഞ്ഞ പ്രകാരമുള്ള അഡ്രസിലെ വീട്ടിൽ ആൾതാമസമുണ്ടായിരുന്നില്ല. ക മ്പി കു ട്ടൻ.നെ റ്റ് അടുത്ത പറമ്പിൽ ഓലമടൽ വെട്ടുകയായിരുന്ന തലയിൽ തട്ടമിട്ട ഒരു സ്ത്രീ ഇറങ്ങി വന്നു. കാഴ്ചയിൽ ഒരു അമ്പതിനടുത്ത് പ്രായം കാണും തട്ടത്തിനിടയിലൂടെ നരവീണ മുടിയിഴകൾ മുഖത്തേക്ക് വീണിരുന്നു. മുഖത്ത് ഒരു പുഞ്ചിരിയോടെ അവർ ചോദിച്ചു.

" ആരാ? വീട് നോക്കാൻ വന്നതാണോ?"

" സജീവ് സാറിനെ അന്വേഷിച്ച് വന്നത"

അരവിയുടെ മറുപടിയിൽ ആ സ്ത്രീയുടെ മുഖം ഇരുണ്ടു.

"ഇന്നിത് മൂന്നാമത്തെ ആളാ സജീവനെ ചോദിച്ച് വരുന്നത്. നിങ്ങൾക്കും കാശ് തരാനുണ്ടോ അവൻ?"

"ങ്ഹാ.... "

ഞാൻ തലയാട്ടി.

"അവരിവിടുന്നു മാറിയിട്ട് മൂന്ന് മാസം കഴിഞ്ഞു.ഇല്ലാത്തത് പറയരുതല്ലോ വാടക കറക്റ്റായിരുന്നു. പക്ഷേ സജീവിന്റെ ഭാര്യ തുളസി ആളത്ര ശരിയല്ലായിരുന്നു. അതിനാൽ വീട് ഒഴിയാൻ ഞാൻ പറഞ്ഞതാ."

" ഈ വീട് നിങ്ങളുടേതാണോ?"

അരവി ചോദിച്ചു.

"എന്റെ മൂത്ത മകന്റേതാണ്. അവനും കുടുംബവും ദുബായിലാ. ആരേലും വന്നാൽ വാടകയ്ക്ക് കൊടുക്കണം. നിങ്ങളെവിടുന്നാ വരുന്നത്?"

" ഷൊർണൂർ "

അരവി ഇടയിൽ കയറി പറഞ്ഞു.

" അവരിപ്പോ ലാബിൽ ഉണ്ടാവും. വാടക കൃത്യം തരുന്നതോണ്ട് എറക്കിവിടാൻ മോൻ സമ്മതിച്ചില്ലായിരുന്നു.എന്നും രാത്രി പലതരം വാഹനത്തിൽ ആണുങ്ങൾ വരും സൂര്യനുദിക്കും മുമ്പേ സ്ഥലം കാലിയാക്കേം ചെയ്യും.അവരങ്ങിനെ കച്ചോടം നടത്തിയിട്ടാ കാശുകാരായതും കൊച്ചീലെ വീട് വാങ്ങിയതും എല്ലാം."

"കൊച്ചിയിൽ വീട് വാങ്ങിയെന്നോ എന്നിട്ട് ഞാനറിഞ്ഞില്ലല്ലോ?"

അരവിയുടെ സമർത്ഥമായ ഇടപെടൽ.

" കാശ് തരാനുള്ള നിങ്ങളോട് പറയാൻ മാത്രം മണ്ടനല്ല അവൻ. അവൻ കുറുക്കനാസൂത്രശാലിയായ കുറുക്കൻ. എനിക്ക് കെട്ടിക്കാൻ പ്രായമായ ഒരു പെങ്കൊച്ചു കൂടിയുണ്ട് അതിനാൽ അവരോട് വേഗം വിട്ടോളാൻ പറഞ്ഞു. "

നാട്ടിൻ പുറ ശുദ്ധമനസ്സായ ആ സ്ത്രിയോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ വീണ്ടും ഇരുട്ടിലാണ് തപ്പുന്നതെന്ന ബോധമുണ്ടായിരുന്നു.

" നിനക്ക് ഈ വീക്ക് ഷോ ഉള്ളതല്ലേ വേദാ?"

"ഉം "

ഞാൻ മൂളി

" ഈ വീക്ക് കുര്യച്ചൻ കൊന്നു എന്നു പറയപ്പെടുന്ന പെൺകുട്ടിയുടെ മാതാപിതാക്കളുടെ പ്രോഗ്രാമാണ്.പിന്നെ നാളെ എന്നത് ഇന്നവസാനിച്ചെങ്കിൽ മാത്രമല്ലേ "

പറഞ്ഞു തീരും മുന്നേ അരവിയുടെ ഫോൺ റിംഗ് ചെയ്തു.

"സ്വാതിയാണ്"

എന്നും പറഞ്ഞ് അരവി ഫോണെടുത്തു.

" അവൻ ചിറ്റൂരുണ്ട് നമ്മളോടതു വഴി ചെല്ലാൻ."

അരവിന്ദ് കോൾ കട്ട് ചെയ്ത ശേഷം പറഞ്ഞു. എനിക്കെന്തോ ഉത്സാഹം കെട്ടിരുന്നു. ഞാൻ ജോണ്ടിയുടെ ക്യാമറ വാങ്ങി വെറുതെ അതിലെ വീഡിയോസ് നോക്കി.ആ കാലുകളെ പറ്റിയായി ചിന്ത.ടേബിളിലിരിക്കുന്ന ന്യൂസ് പേപ്പർ സൂം ചെയ്തു.മാതൃഭൂമി. തിയ്യതി കാണാൻ പറ്റുന്നില്ല രണ്ടായി മടക്കിയ ആ പത്രത്തിലെ ഹെഡിംഗ് ഞാൻ വായിച്ചു.

'ഹൃദയം കവർന്ന്.'
വലതു കൈയുയർത്തി അഭിവാദ്യം ചെയ്യുന്ന മോദിയുടെ ചിത്രം. പിന്നെ ഇലക്ഷൻ റിസൽട്ട്.

ഈ വാർത്ത ഇന്നലെത്തെ പത്രത്തിലെ വാർത്തയല്ലേ? ഞാനതേ പറ്റി അരവിയോട് പറഞ്ഞു.

" അരവി അത് ഇന്നലെത്തെ പത്രമാണ്"

" ആയിരിക്കാം ആ വീട്ടിൽ ആളുണ്ടെന്ന് ബോധ്യമായതല്ലെ പിന്നെന്താ?"

അവനോടിനി ഒന്നും പറഞ്ഞിട്ട് കാര്യമില്ല.
ഞാൻ കൈയെത്തിച്ച് അവന്റെ പോക്കറ്റിൽ നിന്നും മൊബൈൽ എടുത്തു. അതിൽ സജീവ് എന്ന് സേവ് ചെയ്ത നമ്പർ ഡയൽ ചെയ്തു. സ്വിച്ച്ഡോഫ് തന്നെ .

"നിനക്ക് പിന്നിൽ മരണമുണ്ട്, ആവശ്യമുണ്ടെങ്കിൽ ജീവൻ അപകടത്തിലാണെന്ന് നിനക്ക് ബോധ്യമാവുമ്പോൾ മാത്രം ഈ നമ്പറിൽ വിളിക്കുക"

എന്നൊരു മെസ്സേജയച്ചു. മെസ്സേജ് ഡെലിവേർഡായതിന്റെ മെസ്സേജ് ഫോണിൽ തിരിച്ച് വന്നു.

" അരവി സജീവിന്റെ ഫോൺസ്വിച്ചോഫല്ല "

"പിന്നെ?"

" സജീവ് സ്വിച്ചോഫായ മറ്റേതെങ്കിലും നമ്പറിലേക്ക് കോൾ ഡൈവേർട്ടിംഗ് പോലെ എന്തോ ഫോണിൽ ചെയ്തു വെച്ചിട്ടുണ്ട്. "

" അത് നിനക്കെങ്ങനെ മനസിലായി?"

"ഫോൺ ഓൺ ചെയ്യുമ്പോൾ നിനക്ക് ഡെലിവേർഡ് മെസേജ് വരുമല്ലോ എന്നോർത്താണ് ഞാനാ നമ്പറിലേക്ക് മെസ്സേജിട്ടത്. നമുക്കപ്പോൾ സജീവിനെ കോൺഡാക്ട് ചെയ്യാലോ എന്നോർത്ത്. പക്ഷേ ഇതിപ്പോ ....."

ഫോൺ തിരികെ ഞാനവന്റെ പോക്കറ്റിലേക്കിട്ടു. എവിടെയോ കുരുക്കുകൾ അഴിയുന്നുണ്ടെന്നൊരു തോന്നൽ.

"നമ്മുടെ സഹായം ആവശ്യമാണെങ്കിൽ സജീവ് വിളിക്കും. എന്റെ മനസങ്ങനെ പറയുന്നു."

പറഞ്ഞു കൊണ്ടിരിക്കേ അരവിയുടെ ഫോൺ ശബ്ദിച്ചു. ഡ്രൈവ് ചെയ്തു കൊണ്ട് തന്നെ അവൻ ഫോണെടുത്തു അതിൽസജീവ് കോളിംഗ് എന്ന് ഫോണിൽ തെളിഞ്ഞു.

"വേദ സജീവ് വിളിക്കുന്നു. നീ എടുക്ക് "

അരവി ഫോണെനിക്ക് നേരെ നീട്ടി.

" വേണ്ട നീയെടുക്ക് അതാണ് ബെറ്റർ"

ഞാൻ പറഞ്ഞു .അരവി വണ്ടിയൊതുക്കി ഫോൺ അറ്റണ്ട് ചെയ്തു.

"ഹലോ ......

............

"ഹലോ......

ലൗഡ് സ്പീക്കറിലിടാൻ ഞാനവന് ആഗ്യം കാണിച്ചു.അരവി ലൗഡിലേക്ക് മാറ്റി.

"സജീവ് അല്ലേ?"

മറുവശത്ത് നിന്നും കന്നടയിലായിരുന്നു മറുപടി

"നീവ് യാരു ?"

അറിയാവുന്ന കന്നഡ അരവിയും പുറത്തെടുത്തു.

"ഇതു സജീവ് അല്വാ?"

"ആവ്തു സജീവ് ?"

"തീർത്ഥം ലാബ് സജീവ് ?"

"അല്ല, നീവ് യാരു....?"

"തീർത്ഥ നീം ഹുഡുഗ അല്വാ...?"

"അല്ല."

"ഈ നമ്പർ എല്ലീന്തു സിഖിത്തു....?"
(ഈ നമ്പർ എവിടുന്നു കിട്ടി?)

"ഈ മൊബെയിൽ നൻക് ബിട്ടി സിക്കിതു.. "

"നീവു ഈക തൊന്തരയല്ലിയിദേ, നീവ് ഈക എല്ലി ഇദിരാ , നിം പതി മത്തേ ഹുഡുകയിദു ജാവിനാവു തൊന്തരയല്ലിയിദേ., "
( നിങ്ങൾ അപകടത്തിലാണ്, നിങ്ങളെവിടെയാണ്? നിങ്ങളുടെ ഭാര്യയുടേയും കുഞ്ഞിന്റേയും ജീവൻ അപകടത്തിലാണ് )

മറുവശത്ത് വീണ്ടും ശബ്ദമില്ല

"ഹലോ....... ഹലോ....... "

" ആരാ വിളിച്ചത്?"

മറുവശത്ത് ഒരു മലയാളി സ്ത്രീ സ്വരം. പെട്ടന്ന് കോൾ ഡിസ്കണക്റ്റായി.

" അരവി അത് സജീവ് തന്നെയാണ് . ഞാനയച്ച മെസ്സേജ് മലയാളത്തിലാ അത് വായിച്ചിട്ടാ അയാൾ തിരിച്ച് വിളിച്ചത്. നമുക്ക് എന്താ ചെയ്യാൻ കഴിയുക? ലൊക്കേഷൻ ട്രെയ്സ്സെയ്താലോ"

"വേദ നിന്റെ തലയ്ക്ക് ഓളംവെട്ടിയോ? ഓടിച്ചെന്നു പറഞ്ഞാലൊന്നും നടപ്പുള്ള കാര്യമല്ല ഇത്. പോലീസ് പെർമിഷൻ വേണം ഇതിന്"

പിന്നീടവൻ സംസാരിക്കാതെ വണ്ടി ഡ്രൈവ് ചെയ്തു. ചിറ്റൂർ എത്തുംവരെ ആരും സംസാരിച്ചില്ല.
26 വയസുള്ള മെലിഞ്ഞ, അയഞ്ഞ ജുബയും ജീൻസുമിട്ട ഒരു യുവാവായിരുന്നു സ്വാതി സ്വാമിനാഥൻ കാര്യങ്ങളെല്ലാം അറിഞ്ഞ സ്വാതി പറഞ്ഞു.

"ലോക്കൽ പോലീസ് സ്റ്റേഷനിൽ ഒരു കംപ്ലയിന്റ് കൊടുത്താൽ അവർ അന്വേഷണം നടത്തിയേനെ. പക്ഷേ ഈ കേസിൽ പരാതിപ്പെടേണ്ടവർ മിസ്സിംഗാണ്. മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ അവർ ഇപ്പോൾ ടൂറിലാണ്. നിങ്ങൾ വീട്ടിൽ കണ്ട കാലുകൾ സജീവിന്റേതാണെങ്കിൽ അയാൾ നിങ്ങളെ കണ്ടിട്ടുണ്ടാവും. അങ്ങനെയെങ്കിൽ അയാളുടെ ഭാര്യയും കുഞ്ഞും എവിടെ? അയാൾ ഒളിച്ചു കഴിയുന്നത് എന്തിനാണ്? ആരെയാണ് അയാൾ ഭയക്കുന്നത്?

" ഇതേ ചോദ്യമാണ് എനിക്കും?"

"ആ വീട് പരിശോധന നടക്കണമെങ്കിൽ ഒന്നുകിൽ ഹൗസ് ഓണറെ കാര്യം പറഞ്ഞ് മനസിലാക്കണം, അല്ലാതെ വേറെ വഴി ഇല്ല."

സ്വാതി തുടർന്നു.

"നമ്മളിതെത്ര ഒളിപ്പിച്ച് ചെയ്താലും ഇതെങ്ങനെയെങ്കിലും ലീക്കാവും. മീഡിയ അറിഞ്ഞാൽ എല്ലാവർക്കും ഒളിക്കാൻ സമയം കിട്ടും. നമുക്കാ ഹൗസ് ഓണറോട് സംസാരിച്ചാലോ"

"അതൊക്കെ റിസ്ക്കുള്ള കാര്യമാണ്. നമ്മൾ വെറുതെയിരിക്കുന്ന ഒരോ നിമിഷവും അപകടം അടുത്തു വരികയാണ്. നമുക്ക് എത്രയും പെട്ടന്ന് ലാബിലെത്തണം., മരണപ്പെട്ടവരിൽ തീർത്ഥ ഉണ്ടോ എന്നറിയണം.അതിന് അവളുടെ ഡയറിയിലെ ബ്ലഡ് സാമ്പിൾ മതി. സ്വാതി ബിസിയല്ലെങ്കിൽ ഞങ്ങളോടൊപ്പം കൊച്ചിക്കു വരൂ "

" ഞാൻ നാളെ എത്താം. ഇന്ന് നൈറ്റ് കുറച്ച് വർക്ക് തീർക്കാനുണ്ട്. പിന്നെ മാതൃഭൂമിയിലെ ജോലി ഞാൻ രാജി വെച്ചു.പുതിയ ജോലിക്കായി നെട്ടോട്ടത്തിലാ."

" എങ്കിൽ നീ ഗായത്രീ മേഡത്തെ വന്നു കാണൂ "

"നാളെയാവട്ടെ വരാം ".

അവരുടെ സംസാരം ശ്രദ്ധിച്ചിരുന്നതേയുള്ളൂ ഞാൻ. സ്വാതിയെ വിട്ട് ഞങ്ങൾ യാത്ര തിരിച്ചു.
ജോണ്ടി സീറ്റിൽ ചാരിയിരുന്നുറക്കമായി.അരവി ശബ്ദം കുറച്ച് വെച്ച ഗസലിൽ പോലും എനിക്ക് ദേഷ്യം തുടങ്ങി. ഞാനത് ഓഫ് ചെയ്തു.മഴ ചെറുതായി തുടങ്ങി.
ഇടയ്ക്ക് അരവിയുടെ ഫോണിൽ വന്ന മെസ്സേജിന്റെ ശബ്ദം മാത്രം.നഗരത്തിൽ നിയോൺ ബൾബുകൾ പ്രകാശിച്ചു തുടങ്ങി. നിയോൺ വെളിച്ചത്തിൽ ചെറുമഴനൂലുകൾ തിളങ്ങി.
ഞാനൊന്നു മയങ്ങിയുണർന്നപ്പോൾ സോനയുടെ ലാബിൽ മുമ്പിൽ പാർക്ക് ചെയ്തിരിക്കയാണ് കാർ. പിൻസീറ്റിൽ ജോണ്ടി അപ്പോഴും ഉറക്കം. അൽപസമയത്തിനു ശേഷം ഇരു കൈകളിലും ഗ്ലൗസണിഞ്ഞ് സോന അരവിന്ദിനൊപ്പം പുറത്തിറങ്ങി വന്നു. ഞാനും പുറത്തിറങ്ങി.

"നീയങ്ങു ക്ഷീണിച്ചല്ലോ വേദാ?"

" ഓട്ടമല്ലേ സോന, "

" ഓട്ടത്തിന്റെ കാര്യം ഞാൻ അറിഞ്ഞു, ഒറ്റയ്ക്ക് ടൂറ് പോകാൻ നിനക്ക് വട്ടായോ വേദ ?"

"വട്ടെനിക്ക് പണ്ടേയുള്ളതല്ലേ, നിന്നെപ്പോലെ എനിക്ക് കൂട്ട് വരാൻ കെട്ടിയോനില്ലല്ലോ"

"ഇവനെ കൂട്ടീട്ടു പോകാമല്ലോ?'

അവൾ അരവിയെ ചൂണ്ടി പറഞ്ഞു.

"എന്തിനാ സോന ഉള്ള മന:സമാധാനം കളയാനോ ?"

സോനയുടെ സ്വതസിദ്ധമായ പൊട്ടിച്ചിരിയിൽ അരവി പറഞ്ഞ വാക്കുകൾ ലയിച്ചു പോയി.

" വേദ നീയാ ഡയറി താ. ഞാനാ ബ്ലഡ് ഗ്രൂപ്പ് നോക്കാം"

അവളുടെ വാക്കുകളിൽ നിന്നും അരവി എല്ലാം പറഞ്ഞിട്ടുണ്ടെന്ന് മനസ്സിലായി.വളരെ വേഗത്തിൽ ഞാൻ ബേഗിൽ നിന്നും ഡയറി എടുത്തു കൊടുത്തു.

"സോന ഡയറി ഒരു കാരണവശാലും മിസ്സാവരുത്."

"ഇല്ലെടീ നീ ധൈര്യമായിട്ട് പോ. ഞാൻ വിളിക്കാം നിങ്ങളെ "

കാറിനടുത്തെത്തിയ അരവി വീണ്ടും സോനയുടെ അടുത്തേക്ക് ചെന്നു.പാൻസിന്റെ പോക്കറ്റിൽ നിന്നും ഒരു വിരലിനത്രയുള്ള ഒരു ചെറിയ കുപ്പി എടുത്ത് സോനയ്ക്ക് കൊടുത്തു.
കാറിൽ കയറിയ പാടെ അരവിയുടെ ഫോൺ ശബ്ദിച്ചു.

അവന്റെ വീട്ടിൽ നിന്നുമാണ് വിളിച്ചത്. കട്ട് ചെയ്ത് പോക്കറ്റിലേക്കിടാൻ നേരം അവൻ ഫോണിലേക്ക് സൂക്ഷിച്ച് നോക്കി.

"വേദ ഇത് നോക്ക് "

ഫോണവൻ എനിക്ക് നേരെ നീട്ടി. ഞാൻ നോക്കിയപ്പോൾ കണ്ടത് സജീവിന്റെ നമ്പറിൽ നിന്നും വന്ന മെസ്സേജാണ്

' എനിക്ക് നിങ്ങളുടെ സഹായം വേണം. ഞാൻ ആലുവയിലെ ന്യൂഅവന്യൂ ഫ്ലാറ്റിലുണ്ട്. സെവൻത് ഫ്ലോർ റൂം നമ്പർ 307 '

മനസിൽ എന്തൊക്കെയോ പ്രതീക്ഷ. സമയം 7.54 Pm.വിശപ്പ് മഥിച്ചു തുടങ്ങിയെങ്കിലും സജീവിനെ കണ്ടിട്ടാവാം ബാക്കി.

" പോകാം ല്ലേ?"

ഞാൻ തലയാട്ടി. ജോണ്ടിയുടെ ഫോൺ ശബ്ദിച്ചു, അവൻ പതിയെ ഇരുന്നു സംസാരം തുടങ്ങി.ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ അവൻ ചമ്മലുകാരണം ചിരിച്ചു.
ഞാനവനെ നോക്കി നടക്കട്ടെയെന്നർത്ഥത്തിൽ തലയാട്ടി.
അര മണിക്കൂറിനുള്ളിൽ ഞങ്ങൾ ന്യൂഅവന്യൂവിലെത്തി.കാർ പാർക്കിംഗിൽ നിർത്തിയപ്പോഴും ജോണ്ടി ഫോൺ സംസാരം നിർത്തിയിരുന്നില്ല.

"നീ സംസാരിക്ക് ഞങ്ങൾ പോയിട്ട് വരാം "

എന്നും പറഞ്ഞ് ഞങ്ങൾ നടന്നു. ആളുകൾ ഫ്ലാറ്റിന്റെ ഇടതു വശത്തേക്ക് ധൃതിവെച്ചോടുന്നത് കണ്ടു. ഓടുന്നവരിൽ ഒരാളോട് കാര്യം തിരക്കി.

"ആരോ മുകളിൽ നിന്നും എടുത്തു ചാടിയതാ "

അയാൾക്കൊപ്പം ഞങ്ങളും ഓടി.
കമിഴ്ന്നു കിടക്കുന്ന ഒരു പുരുഷൻ തലയുടെ ഭാഗത്തായി പരക്കുന്ന രക്ത ചുവപ്പ്,

"അയ്യോ ഇത് 307 ലെ സജീവ് സാറാണല്ലോ"

സെക്യൂരിറ്റിയുടെ ശബ്ദം. കാതിൽ കൂടം കൊണ്ടടിച്ചതു പോലെയാണ് തുളഞ്ഞു കയറിയത്. കാണാൻ വന്നവൻ ഇതാ പിണമായി മുന്നിൽ.
അറിയാതെ മുകളിലേക്ക് നോക്കി. അവിടെ ഒരു സ്ത്രീയുടെ നിഴൽ എത്തി നോക്കിയതായി തോന്നി.

" അരവി കം ഫാസ്റ്റ് "

ഞാൻ അരവിയെ കൂട്ടി ഏഴാം ഫ്ലോർ ലക്ഷ്യം വെച്ച് ഓടി.സജീവ് ആത്മഹത്യ ചെയ്തതല്ല എന്ന ഒരു തോന്നൽ എനിക്കു ഉണ്ടായിരുന്നു. അങ്ങനെ ചെയ്യാൻ അയാൾ തീരുമാനിച്ചിരുന്നെങ്കിൽ ഒരിക്കലും അയാൾ ആ മെസ്സേജ് അയക്കില്ലായിരുന്നു. എന്തിനേയോ അയാൾ ഭയപ്പെട്ടിരുന്നു.

ലിഫ്റ്റ് തൊട്ടു മുന്നേ മുകളിലേക്ക് പോയതിനാൽ ഞങ്ങൾക്ക് ഏഴാം നില വരെ ഓടിക്കയറുകയേ നിവൃത്തിയുണ്ടായുള്ളൂ. മുകളിലെത്തിയ ഞങ്ങൾ രണ്ട് പേരും പട്ടിയെ പോലെ അണച്ചു തുടങ്ങി.
കോറിഡോറിനവസാനത്തെ റൂമായിരുന്നു 307. അപ്പോ ഞങ്ങളെ പോലെ വേറെയും ചിലർ അവിടെത്തി . കോളിംഗ് ബെല്ലടിക്കാൻ നിൽക്കാതെ ഡോർ ഹാൻഡിലിൽ പിടിക്കാനാഞ്ഞ എന്നെ അരവിന്ദ് വിലക്കി,പോക്കറ്റിലെ കർച്ചീഫെടുത്തു ഹാൻഡിൽ തിരിച്ചപ്പോഴേക്കും ഡോർ തുറന്നു.
ഞാൻ മൊബൈൽ ക്യാമറ ഓൺ ചെയ്തു മുറിയുടെ ഓരോ ഭാഗവും ഒപ്പി.ടേബിളിൽ പാതിയായ മദ്യവും ഗ്ലാസും കുറച്ച് ചിപ്സും. മീതെ കറങ്ങുന്ന ഫാൻ. ടിവിയിൽ ന്യൂസ് ചാനൽ ഓടുന്നു.സെറ്റിയിൽ അഴിച്ചിട്ട മുഷിഞ്ഞ വസ്ത്രങ്ങൾ. വലിച്ച സിഗരറ്റു ചാരം ആഷ്ട്രേ കവിഞ്ഞ് ടീപ്പോയ്മേലും വീണിരുന്നു. കുത്തിയണച്ച ഒരു സിഗരറ്റിന്റെ കുറ്റി തറയിൽ കിടന്നു. അടിച്ചു വൃത്തിയാക്കാതെ ഇട്ടതിന്റെ പൊടികൾ മുറിയിൽ നിറയെ. വെയ്സ്റ്റ് ബാസ്ക്കറ്റ് നിറയെ ഇന്ത്യകിംഗ്സിന്റെ (സിഗരറ്റിന്റെ) പാക്കറ്റുകൾ .ഫ്രിഡ്ജിന്റെ മീതെ ചെറിയ വിരലിനത്ര വരുന്ന കുപ്പിയിൽ എന്തോ ദ്രാവകം അടുത്ത് തന്നെ സിറിഞ്ചും നീഡിലും.തീർത്ഥത്തിൽ നിന്നും കിട്ടിയ സൈസ് വ്യത്യാസമുള്ള ചെറിയ സിറിഞ്ച് .
ടോയ്‌ലറ്റിൽ വെള്ളം വീഴുന്ന ശബ്ദം, അരവി പതിയെ ഡോർ തള്ളിത്തുറന്നു, തൊട്ടു മുന്നേ ഉപയോഗിച്ചത് പോലെ അതിന്റെ ഫ്ലഷ് ടാങ്കിൽ വെള്ളം നിറയുന്നുണ്ടായിരുന്നു. ഞാനാ ടോയ്‌ലറ്റ് മൊത്തം പിടിച്ചു.
ബാൽക്കണിയിൽ അരയാൾ പൊക്കത്തിൽ സ്റ്റീൽ കമ്പി കെട്ടിയിട്ടുണ്ട്. അവിടെയും ഒരു സിഗരറ്റ് കുറ്റി.
പുറത്ത് ബൂട്ടുകളുടെ ശബ്ദം.
അരവി കണ്ണുകൾ കൊണ്ട് ആഗ്യം കാണിച്ചു.തുടർന്ന് പോക്കറ്റിൽ നിന്നും ഐഡി കാർഡെടുത്ത് കഴുത്തിലിട്ടു.രണ്ട് പോലീസുകാർക്കൊപ്പം താഴെ ഉണ്ടായിരുന്ന ഫ്ലാറ്റിലെ താമസക്കാരാണെന്നു തോന്നുന്ന ചിലരും അവിടേക്ക് വന്നു.കൂടെ താഴെ വെച്ച് എന്നോട് സംസാരിച്ച മനുഷ്യനുമുണ്ടായിരുന്നു.
ഫോണിൽ വീഡിയോ എടുക്കുന്നത് കണ്ടിട്ടാവും

" നിങ്ങളാരാ?"

അവയിൽ ഒരു പോലീസുകാരൻ ചോദിച്ചു.

"സർ ഞങ്ങൾ വിഷൻ മീഡിയാ റിപ്പോർട്ടേഴ്സാ. ന്യൂസ് കവർ ചെയ്യാൻ വന്നതാ "

"മരണപ്പെട്ടയാൾ ആത്മഹത്യ ചെയ്യുന്നതിന് മുന്നേ നിന്നോട് വിളിച്ച് പറഞ്ഞിട്ടാണോ താഴോട്ട് ചാടിയത്? കറക്ട് ടൈമിംഗാണല്ലോ"

പരിഹാസം കലർന്നിരുന്നു അയാളുടെ സംസാരത്തിൽ.അരവിയുടെ കഴുത്തിലെ ഐഡി കാർഡിലേക്കയാൾ സൂക്ഷ്മമായി നോക്കുന്നുണ്ടായിരുന്നു.

"ആരാ മുറിയിൽ ആദ്യം കയറിയത്."

"ഞങ്ങളാ സാർ"

ഞാൻ പറഞ്ഞു.

" ഉം...... എല്ലാരും വെളിയിൽ പോയേ "

പോലീസുകാരന്റെ നിർദ്ദേശ പ്രകാരം ഞങ്ങൾ പുറത്തിറങ്ങിയ അതേ സമയം തന്നെയാണ് ജോണ്ടിയുടെ കോൾ വന്നത്.

" മേഡം പെട്ടന്ന് താഴെ വരണം,... "

ഫോൺ കട്ടായി .ജോണ്ടി എന്തോ കണ്ട് ഭയന്നിട്ടുണ്ട്. അവന്റെ സ്വരം മാറിയിരുന്നു. പോലീസ് വന്ന സ്ഥിതിക്ക് ഫ്ലാറ്റിനുള്ളിൽ പ്രത്യേകിച്ചിനി ജോലിയൊന്നുമില്ല എന്നറിയാവുന്നതിനാൽ ഞങ്ങൾ എത്രയും വേഗം ജോണ്ടിയുടെ അടുത്തെത്തി.

"ചേച്ചി വൈറ്റ് സ്ക്കോഡ "

"എവിടെ?"

"ഞാൻ ചേച്ചിയെ വിളിച്ചപ്പോൾ അത് ഗേറ്റ് കടന്ന് പുറത്തേക്ക് പോയി. അതിലൊരു പർദ്ദയിട്ട സ്ത്രീയാ ഉണ്ടായിരുന്നത്. ഞാൻ നമ്പർ നോട്ട് ചെയ്തിട്ടുണ്ട്. "

കൈവെള്ളയിലെഴുതി നമ്പറവൻ കാണിച്ചു.
KA 05 AE 5..
കർണാടക റജിസ്ട്രേഷൻ.
അരവിയും ജോണ്ടിയും സജീവ് മരിച്ചു കിടക്കുന്നതിനടുത്തേക്ക് നീങ്ങി.ഞാൻ സാമുവേൽ സാറിനെ വിളിച്ചു.

"ഹലോ....."

"എന്താണ് വേദ ഈ സമയത്ത് ?"

"സാറിപ്പോ എവിടെയാ?"

"ഞാൻ വീട്ടിലുണ്ടെടോ.... എന്താ കാര്യം"

"എനിക്ക് സാറിനെ കാണണം. കുറച്ചു കാര്യങ്ങൾ സംസാരിക്കാനുണ്ട്."

"താൻ വാടോ.താൻ വന്നിട്ട് ഇന്നലെ കണ്ടില്ലെന്ന് മേരി പരാതിയും പറഞ്ഞു. നീയിപ്പോ എവിടെ "

" ഞാൻ ആലുവയിലാണ്. ബാക്കി വന്നിട്ട് പറയാം."

ഞങ്ങളവിടുന്നിറങ്ങാൻ നേരം റിപ്പോർട്ടർ സാബുവും,റോഷനും തിടുക്കത്തിൽ ന്യൂസ് കവർ ചെയ്യാൻ തുടങ്ങി.

സുനിതയോട് ലേറ്റാവുമെന്ന് വിളിച്ചു പറഞ്ഞപ്പോഴും എന്റെ ജീവിതത്തിലെ മറ്റൊരദ്ധ്യായത്തിലേക്കുള്ള യാത്രയാണിതെന്ന് ഞാൻ തിരിച്ചറിഞ്ഞില്ല. ഞാനായിരുന്നു ഡ്രൈവ് ചെയ്തത്.ജോണ്ടിയേയും അരവിയെയും സ്റ്റുഡിയോയിൽ വിട്ട് ഞാൻ നേരെ സാമുവേൽ സാറിന്റെ വീട് ലക്ഷ്യം വെച്ച് നീങ്ങി.അരവി വരാമെന്ന് പല തവണ പറഞ്ഞിട്ടും വേണ്ടായെന്ന് പറഞ്ഞ് ഒഴിവാക്കിയതെന്തിനാണെന്ന് തിരിച്ചറിയുന്നില്ല.
വല്ലാത്ത ദാഹം ഇടയ്ക്ക് കാർ നിർത്തി ഒരു കടയിൽ കയറി ഒരു ബോട്ടിൽ വെള്ളം വാങ്ങി തിരിച്ചു വന്നു വീണ്ടും യാത്ര തുടർന്നു.

ചെവിക്കു പിന്നിൽ കഴുത്തിൽ ഒരു തണുപ്പ് ലോഹക്കുഴൽ പോലെ.ഇടതു കൈയാൽ ഞാനത് തൊട്ടു നോക്കി.അതൊരു പിസ്റ്റളാണെന്നു തിരിച്ചറിയും മുന്നേ

" ഞാൻ പറയുന്നതിനനുസരിച്ച് ഇനി കാർ മുന്നോട്ട് പോവണം"

കുപ്പിച്ചില്ലുപോലെ ചെവിയിൽ ഒരു പെൺ സ്വരം പതിഞ്ഞിരുന്നു. ശത്രുവിന്റെ സ്വരം

ഭയം കണ്ണുകളിലേക്ക് കുടിയേറി

" പിന്നോട്ട് നോക്കണ്ട. സ്ട്രൈറ്റ് and ഫസ്റ്റ് റൈറ്റ്. "

തൃപ്പുണിത്തുറ റെയിൽവേ സ്റ്റേഷൻ റോഡ്, രക്ഷപ്പെടാൻ ഒരു പഴുതുമില്ല. ഒരു ട്രെയിൻ വരുന്ന ശബ്ദം കേൾക്കാം. പിന്നിൽ എത്ര പേരുണ്ടെന്നു വ്യക്തമല്ല. സ്റ്റേഷൻ പരിസരത്തൊന്നും ഒരൊറ്റ മനുഷ്യനില്ല. വണ്ടി ഞാൻ നിർത്തി.

"നിർത്തരുത് നേരെ പോകണം."

" ഞാൻ നിർത്തിയതല്ല, ഓഫായതാണ്. സ്റ്റാർട്ടാവുന്നില്ല, "

ശബ്ദത്തിൽ വല്ലാത്ത എളിമ കലർത്തി ഞാൻ പറഞ്ഞപ്പോഴും നെഞ്ച് ഭയം കൊണ്ട് പടപടാ മിടിക്കുകയായിരുന്നു.
പിന്നിലിരിക്കുന്ന സ്ത്രീയുടെ മുഖം കാണാൻ ഞാൻ ശ്രമിച്ചെങ്കിലും നടന്നില്ല.അവർ പല തരത്തിൽ വണ്ടി സ്റ്റാർട്ട് ചെയ്യാൻ പറഞ്ഞു കൊണ്ടേ ഇരുന്നു.

ഞാനവയെല്ലാം ചെയ്തു നോക്കുന്നതായി നടിച്ചു. എന്റെ പിൻകഴുത്തിലെ തണുപ്പ് മാറി. അതായത് അവർ വണ്ടി എങ്ങനെ സ്റ്റാർട്ടാക്കിക്കാം എന്ന ചിന്തയിലേക്കെത്തിയെന്നു സാരം.
എങ്ങനെയും ജീവൻ രക്ഷിക്കണം, എന്നോ ശരിയാക്കിയിട്ടും വീട്ടിലെടുത്തു വെക്കാൻ മറന്ന സോഡാ മേക്കറിന്റെ സിലിണ്ടർ വെള്ളക്കുപ്പിക്കൊപ്പം സൈഡിൽ. പിന്നിൽ ഒരാളു മാത്രമേ ഉള്ളൂ എന്ന് കുറച്ചു നേരം കൊണ്ട് എനിക്കുറപ്പായി.

" കീ ഊരി വീണ്ടും ഇട്ട് ഒന്നുകൂടി സ്റ്റാർട്ട് ചെയ്തു നോക്കൂ "

ആ സ്ത്രീ വീണ്ടും പറഞ്ഞു.ആയൊരു സമയം മതിയായിരുന്നു എനിക്ക്.
സൈഡിൽ വെച്ചിരുന്ന സോഡാ മേക്കറിന്റെ സിലിണ്ടർ എടുത്ത് പിന്നിലിരിക്കുന്ന സ്ത്രീയെ ലക്ഷ്യം വെച്ച് അടിച്ചു. കറക്റ്റ് തലയിൽ തന്നെ കൊണ്ടു.വലിയ ആർത്തനാദത്തോടെ അവൾ തോക്കിലെ പിടി വിട്ടു തലയിൽ കൈയമർത്തി .ഞാനാ പിസ്റ്റൾ കൈയിലെടുത്തു. അവളുടെ തലയ്ക്കു നേരെ ചൂണ്ടി.

"ഇറങ്ങ്......"

പല്ലിനിടയിൽ കുടുങ്ങി എന്റെ വാക്കുകൾ ഞെരുങ്ങി .അവൾ ഇറങ്ങിക്കഴിഞ്ഞപ്പോഴാണ് അതൊരു പുരുഷനായിരുന്നെന്നു തിരിച്ചറിഞ്ഞത്. സ്ത്രീ ശബ്ദമുള്ള പുരുഷൻ.അയാളുടെ മുഖത്തു കൂടി ചാലിട്ട ചോര വെളുത്ത ബനിയനിൽ ചുവന്ന വരകൾ തീർത്തിരുന്നു.
ഇനിയവിടെ നിന്നാൽ അപകടമാണ്. തോക്കു ചൂണ്ടിക്കൊണ്ട് തന്നെ ഞാൻ വണ്ടിയെടുത്തു
പിന്നിൽ ഒരു വാഹനം വന്നു നിൽക്കുന്ന ശബ്ദം.
പിന്നീട് കാറിന്റെ സ്പീഡ് എത്രയെന്ന് നോക്കാനുള്ള ധൈര്യം പോലും എനിക്കുണ്ടായില്ല.
ഓരോ വളവുകളിലും ഞാൻ ഭയപ്പാടോടെ എനിക്ക് നേരെ ആഞ്ഞടിക്കുന്ന ശത്രുവിനെ നോക്കിയിരുന്നു.
സാമുവൽ സാറിന്റെ വീടെത്തിയപ്പോഴാണ് ശ്വാസം വീണത്.
സാമുവേൽ സാറിന്റെ ഭാര്യയുടെ കുശലങ്ങൾ അധികം നീട്ടാൻ ഞാനൊരുക്കമായിരുന്നില്ല.സാറിനോട് കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞു.

" എതിരാളികൾ ആരാണെന്നു വ്യക്തമാവാത്ത സ്ഥിതിക്ക് നമുക്കിത് പോലീസിൽ അറിയിക്കുന്നതാണ് ഉചിതമെന്ന് തോന്നുന്നു വേദ. നിനക്ക് പോലീസ് പ്രൊട്ടക്ഷൻ വേണ്ടി വരും"

ചിരിച്ച് തള്ളാൻ തോന്നിയില്ല. അത്രയും മാനസികമായി കുറച്ചു നേരം കൊണ്ട് ഞാൻ അനുഭവിച്ചിരുന്നു.

"വേദ കുറച്ചു ദിവസം ഇവിടെ വന്ന് നിൽക്കൂ, ഒറ്റയ്ക്ക് താമസിക്കുന്നത് സേഫല്ല."

പക്ഷേ അതിനൊന്നും ഞാനൊരുക്കമായിരുന്നില്ല. കാറിലെ രക്തക്കറ കണ്ടപ്പോൾ സാമുവേൽ സാർ കളിയാക്കി.

" അയാള് തട്ടിപ്പോയിട്ടുണ്ടാവുമോടാ?"

"അതിനു ചാൻസില്ല, ഇറക്കിവിട്ടപ്പോൾ വേദന കൊണ്ടയാൾ പുളയുന്നുണ്ടായിരുന്നു."

" വീട്ടിൽ പോവണമെങ്കിൽ ഡ്രൈവർ കൊണ്ടു വിടും.രാത്രികാലങ്ങളിൽ നീയിനി ഒറ്റയ്ക്ക് സഞ്ചരിക്കേണ്ട."

അതൊരു പിതാവിന്റെ ആജ്ഞയായിരുന്നു.

"എങ്കിൽ സർ പറയുന്ന പോലെ ഞാൻ ചെയ്യാം."

സാമുവേൽ സാറിന്റെ ഡ്രൈവർക്കൊപ്പം വീടെത്തുമ്പോൾ പതിനൊന്നു കഴിഞ്ഞിരുന്നു. തിരിഞ്ഞും മറിഞ്ഞും പലതവണ കിടന്നിട്ടും ഉറക്കം വരാതെ, ഭയം എന്നെ പിടിച്ചിരുന്നു. ഉണരാനും ഒരുപാട് വൈകിയിരുന്നു. ഇന്ന് പെരുമ്പാവൂരിലെ വീട്ടിൽ നിന്നും അന്വേഷണം തുടങ്ങണം.
ഒറ്റയ്ക്ക് ഇനിയാത്ര ചെയ്യാതിരിക്കുന്നതാണ് ഉത്തമം.

ഇറങ്ങാൻ നേരം സുനിതയെ കാണുന്നില്ല. അമ്പലത്തിൽ പോയിട്ടുണ്ടാവും.പാട്ടുപുരയ്ക്കലമ്മയുടെ ഭക്തയാണവൾ.
അത്താഴം കഴിക്കാഞ്ഞതിനാൽ വിശപ്പുണ്ടായിരുന്നു.കാപ്പി പോലും ഉണ്ടാക്കിയിട്ടില്ല സുനിത.
കുറച്ച് കാപ്പിയിട്ട് രണ്ട് സ്ലൈഡ് ബ്രഡും ഒരു മുട്ടയും ചേർത്ത് കഴിച്ചപ്പോൾ വിശപ്പങ്ങു പോയി. സുനിയെ കാത്തു നിൽക്കാതെ ഞാനിറങ്ങി.

ജോണ്ടിക്കൊപ്പം പെരുമ്പാവൂരിലെ വീട്ടിനു മുന്നിലെത്തിയപ്പോൾ ആ വീടിനു വെളിയിലും അകത്തും കുറച്ച് ജോലിക്കാർ.മുറ്റത്ത് പുൽത്തകിടി പിടിപ്പിക്കുന്ന തടിയനോട് കാര്യം തിരക്കി.

"ഇന്ത വീട്ക്ക് പെരിയവർ ഇന്തവാരം ഊര്ക്ക് തിരുമ്പിവരേൻ.ആനാൽ ഇങ്കെയെല്ലാം ഡെക്കറേറ്റ് പന്നണത്. "

പെയിന്റിംഗ് പണിയും പുരോഗമിച്ചിട്ടുണ്ട്.ഇത്രയധികം പണിക്കാരെ നിർത്തി പണിയിപ്പിക്കുമ്പോൾ ഒരു കാര്യം ഉറപ്പാണ്. ഡെഡ് ബോഡി അവിടുന്നു മാറ്റിയിട്ടുണ്ട്.

" ഈ ചെടി എവിടുന്നു കൊണ്ടുവന്നതാ?"

ചെടിയിൽ എനിക്ക് താൽപര്യമുണ്ടെന്നു തമിഴനെ തെറ്റിദ്ധരിപ്പിക്കണം എന്ന ഉദ്ദേശത്തിൽ ഞാൻ ചോദിച്ചു. അതിൽ ഞാൻ വിജയിച്ചു.
തമിഴൻ ചെടികളെ പറ്റി വാ തോരാതെ സംസാരിക്കാൻ തുടങ്ങി.
വീടിനോട് ചേർന്ന് ചാരി വെച്ച തൂമ്പയിൽ എന്റെകണ്ണുകളുടക്കി.
അതേ സമയം അരവിയുടെ കാൾ വന്നു..

"വേദ വെണ്ടുരുത്തി പാലത്തിനു താഴെ ഒരു സ്ത്രീയുടെ ശവശരീരം. അത് താനൊന്ന് ഐഡന്റിഫൈ ചെയ്യണം.."

"ഞാനോ? "

"അത് നമുക്കറിയാവുന്ന ഒരാളാണെന്ന് തോന്നുന്നു "

അവിടെത്തും വരെ അതാരാവും എന്ന ചിന്ത മനസിനെ മഥിച്ചിരുന്നു. ആൾക്കൂട്ടത്തിനിടയിലൂടെ അവിടെ എത്തിയപ്പോൾ വെയിലിനും ശക്തി കൂടിയിരുന്നു. എന്നെ കണ്ടതും അരവി അടുത്തേക്ക് വന്നു.

"വേദ ആത്മസംയമനം വിടരുത്. പിടിച്ചു നിൽക്കണം"

ഇവനെന്തിനാ എന്നോടിങ്ങനെ പറയുന്നതെന്ന് ചിന്തിച്ചു കൊണ്ട് മുന്നോട്ട് നടന്നു.
ഒരു പോലീസുകാരാൻ എതിരെ വന്നു തടഞ്ഞു.

" അങ്ങോട്ട് പോവരുത് "

"സർ, ഇതാണ് വേദപരമേശ്വർ .ഇവരാണ് ബോഡി ഐഡന്റിഫൈ ചെയ്യേണ്ടത്. "

അരവി ഇടയ്ക്ക് കയറി പറഞ്ഞു. പോലീസുകാരൻ എന്നെ അടിമുടി നോക്കി.ഒന്നേ നോക്കിയുള്ളൂ ഞാനാ മുഖത്തേക്ക്.
ദേഹം തളരുന്നു,
കുറച്ചു വെള്ളം കിട്ടിയിരുന്നെങ്കിൽ......
കൺമുന്നിലെ കാഴ്ച്ച അകലുന്നതാണോ മായുന്നതാണോ വ്യക്തമാവുന്നില്ല. വലതു കൈയിൽ മയിൽപീലിയുടെ പച്ചകുത്തിയത് പല തവണ കണ്ടതാണ് വെച്ചു വിളമ്പി കൈ.
അരവിയെ നോക്കി ഞാൻ

"സുനിത..... "

ബാക്കി പറയാനാവാതെ ഞാൻ വിതുമ്പിപ്പോയി.അരവി ആശ്രയമെന്നോണം ചേർത്തു നിർത്തി.
FIR തയ്യാറാക്കുന്ന പോലീസുകാരനോട് എന്നെ കൂട്ടി വന്ന പോലീസുകാരൻ എന്തോ പറഞ്ഞു. തിരികെ വന്നയാൾ പറഞ്ഞു.

"SI സാർ വിളിക്കുന്നു"

ഞാനും അരവിയും എസ് ഐ യുടെ അടുത്തേക്ക് ചെന്നു.

45 വയസകാരനായ സതീന്ദ്രൻ നായരെന്ന SI എന്നെ അടിമുടി നോക്കി.

" ഈ മരിച്ചു കിടക്കുന്ന സ്ത്രീയെ നിങ്ങൾക്കെങ്ങനെ അറിയാം"

കണ്ണുകൾ നിറയുന്നുണ്ടോ?

"ഇവരെന്റെ വീട്ടിലെ ജോലിക്കാരിയാണ്"

"എത്ര വർഷമായി നിങ്ങൾക്കിവരെ അറിയാം"

"അഞ്ചു വർഷമായി അവരെന്റെ വീട്ടിലുണ്ട്"

"ഉം"

എസ് ഐ എന്നെ നോക്കി അമർത്തി മൂളി.

"ഇവരെ എപ്പോൾ മുതലാ കാണാതായത്.?"

"ഇന്നു രാവിലെയാ."

പറയുമ്പോൾ സ്വരമിടറിയിരുന്നു.

"എന്തുകൊണ്ട് പോലീസിൽ അറിയിച്ചില്ല.?"

" ഇടയ്ക്ക് രാവിലെ അമ്പലത്തിൽ തൊഴാൻ പോവാറുണ്ട്.ഇതും അങ്ങനെയായിരിക്കുമെന്നോർത്താണ് ഞാനിറങ്ങിയത്."

"എന്താണ് ജോലി?"

" ഞാൻ വിഷൻമീഡിയാ ചാനലിൽ വർക്ക് ചെയ്യുന്നു."

എല്ലാം അവർ എഴുതിയെടുക്കുന്നുണ്ടായിരുന്നു.

"ഈ സ്ത്രീയ്ക്ക് ബന്ധുക്കളാരാ ഉള്ളത്? "

അകന്ന ബന്ധത്തിൽ ഒരു ചേട്ടത്തിയുണ്ട്, അവർ ഭർത്താവുമൊന്നിച്ച് കളമശ്ശേരിയിലാണ് താമസം. "

എനിക്ക് മറുപടിയൊന്നുമില്ലായിരുന്നു. ബോഡി പോസ്റ്റ്മോർട്ടത്തിന് കൊണ്ടുപോയപ്പോഴും ഞാനവിടെ തന്നെ നിൽക്കുകയായിരുന്നു.
ഉച്ചകഴിഞ്ഞപ്പോൾ എസ് ഐ വീണ്ടും സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. സ്റ്റേഷന്റെ മുൻപിൽ സുനിതയുടെ അകന്ന ബന്ധുവും ഭർത്താവും ഉണ്ടായിരുന്നു. എതിരെയുള്ള സീറ്റിനിക്ക് ഇരിക്കാൻ ചൂണ്ടിക്കാണിച്ചതിന് ശേഷം സതീന്ദ്രൻ എസ്ഐ തുടങ്ങി.

" കഴുത്തിൽ മാരകമായ ആയുധം കൊണ്ടുണ്ടായ മുറിവാണ് മരണകാരണമെന്ന് തോന്നുന്നു. പ്രഥമദൃഷ്ട്യാ ഇതൊരു കൊലപാതകമാണെന്നു തോന്നിയതിനാലാണ് ഇപ്പോൾ മിസ് വേദയെ വിളിപ്പിച്ചത്. അവർക്ക് ശത്രുക്കൾ ആരെങ്കിലും ഉണ്ടോ?"

" എന്റെറിവിൽ ശത്രുക്കളാരുമില്ല സർ,"

" അവരുടെ ഭർത്താവ്?"

പേപ്പർ വെയ്റ്റിൽ മുറുക്കി പിടിച്ചു കൊണ്ടാണയാൾ ചോദിച്ചത്.

" കുറേ വർഷങ്ങൾക്കു മുന്നേ മരിച്ചു പോയതായിട്ടാണറിവ്. "

"കുറച്ചു പ്രശ്നമാണല്ലോ വേദ. കഴിഞ്ഞ മാസം 17 ന് ഫോർട്ട് കൊച്ചിയിൽ കാഴ്ചയിൽ ഇതേ രീതിയിൽ ഒരു സ്ത്രീ മരിക്കുകയുണ്ടായി. ഒരു സൈനബ, അവരും ഭർത്താവ് മരിച്ച ഒരു സ്ത്രീയാണ്. പ്രതിയെ പിടിക്കാൻ കഴിഞ്ഞില്ല. ഇതിപ്പോ രണ്ടാമത്തെ കേസാണ്, രണ്ടും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നറിയണം."

" ഞാൻ എന്ത് സഹായം വേണമെങ്കിലും ചെയ്യാം സർ."

ഞാൻ അങ്ങോട്ട് കയറി പറഞ്ഞു.

" ഇടയ്ക്ക് ഞാൻ വിളിക്കുമ്പോൾ വരേണ്ടി വരും ഇതുപോലെ "

" വരാം"

" എങ്കിൽ ശരി വേദ പോയ്ക്കോളൂ. ബോഡി ഇന്ന് കിട്ടാൻ സാദ്ധ്യത കുറവാണ് ,ഡോക്ടർ ലീവിലാണ്. പോസ്റ്റ്മോർട്ടം നാളെ രാവിലെയെ നടക്കൂ.."

പുറത്തിറങ്ങിയപ്പോൾ സുനിതയുടെ ചേട്ടത്തി കരഞ്ഞുകൊണ്ട് ഓടി വന്നു.

"സാറേ എന്റെ ഭർത്താവൊരു പാവമാണ് ഉപദ്രവിക്കരുത്. ഒന്നര മണിക്കൂറായി അതിനകത്തേക്ക് കൊണ്ട് പോയിട്ട്. അങ്ങേരവളെ സ്വന്തം അനിയത്തിയായിട്ടാ കണ്ടത്. കള്ളുകുടിച്ചെന്നെ തല്ലുമെന്നല്ലാതെ ഒരുറുമ്പിനെ പോലും കൊല്ലാനുള്ള ധൈര്യമില്ലാത്തവനാ "

" എന്നിട്ടവരെവിടെ?"

അവർ സ്റ്റേഷനകത്തേക്ക് വിരൽ ചൂണ്ടി."

പോക്കറ്റിലെ ഫോൺ വൈബ്രേറ്റ് ചെയ്തു.
ഡിസ്പ്ലേയിൽ അരവിന്ദ് കാളിംഗ് എന്നു കണ്ടു.

"ഹലോ "

"ഹലോ വേദ, നീയെവിടാ?"

"സ്റ്റേഷനിൽ .എന്താടാ ?"

"നീയൊന്ന് സോനയുടെ ലാബിലെത്തണം. ആ സിറിഞ്ചിനേയും മെഡിസിനേയും പറ്റി ഞെട്ടിക്കുന്ന ചില വിവരങ്ങളുണ്ട് നീ വേഗം വരണം "

ഫോൺ കട്ടായി .

ധൈര്യം സംഭരിച്ച് ഞാൻ എസ്ഐയുടെ ക്യാബിനിലേക്ക് വീണ്ടും കയറി .

"സർ"

എസ്ഐ തലയുയർത്തി

"സർ സുനിതയുടെ ഒരു ബന്ധുവിനെ ഇവിടെ... "

ഞാൻ പാതിക്കു നിർത്തി.

"ഓഹ് മുരുകേശനെയല്ലേ കുറച്ചു വിവരങ്ങൾ അറിയാനുണ്ട് ഇപ്പോൾ വിടും. "

ഞാൻ ക്യാബിനിൽ നിന്നിറങ്ങി വന്നപ്പോൾ മുരുകേശ് പുറത്തുണ്ടായിരുന്നു.

"സുനിതയെ കൊന്നിട്ട് എന്റെ തലയിലേക്ക് കെട്ടിവെച്ചിട്ട് സുഖിച്ചങ്ങ് പോയാലോ?"

എന്നെ തടഞ്ഞയാൾ മുന്നിലേക്ക് കയറി. മദ്യത്തിന്റെ ഗന്ധം നന്നായി ഞാനറിഞ്ഞു. ഞാനയാൾക്കു മറുപടി നൽകാതെ ഇറങ്ങി പോകാൻ തുനിഞ്ഞു.

" അങ്ങനങ്ങ് പോയാലോ, ഇതിന് മറുപടി താ."

സ്റ്റേഷൻ മുറ്റത്ത് നിൽക്കുന്നവരുടെ ശ്രദ്ധ എന്റെ മേലായി. നാണക്കേടാണോ സങ്കടമാണോ തോന്നിയതെന്ന് നിശ്ചയമില്ല. അയാളുടെ ഭാര്യ ഓടി വന്ന് അയാളെ പിടിച്ചു മാറ്റി.

" നിങ്ങളിങ്ങോട്ട് വന്നേ."

"പ്ഫാ....."

നീട്ടിയൊരാട്ടിനൊപ്പം പിടിച്ചൊരു തള്ളും കൊടുത്തു. ആ സ്ത്രീ മണൽ നിറഞ്ഞ മുറ്റത്തേക്ക് തെറിച്ചു പോയി. ഒന്ന് രണ്ട് പോലീസുകാർ ധൃതിവെച്ചു നടന്നു വന്നു.

"എന്താ മാഡം പ്രശ്നം?"

അവയിൽ പ്രായം ചെന്ന പോലീസുകാരൻ ചോദിച്ചു.

"പ്രശ്നം അവർക്കല്ല, ഞങ്ങൾക്കാ. എന്റെ ഭാര്യയുടെ അനിയത്തിയെ കൊന്നിട്ട് അതെന്റെ തലയിൽ കെട്ടിവെക്കാൻ ശ്രമിച്ചതിന് എനിക്ക് പരാതിയുണ്ട്. "

വേച്ചു പോകുന്ന കാലുകൾ നിലത്തൂന്നി അയാൾ പറഞ്ഞു.

"പെറ്റീഷനുണ്ടേങ്കിൽ അത് പേപ്പറിൽ എഴുതി തരണം. അല്ലാതെ അവരെ കൈയേറ്റം ചെയ്യരുത്. "

പോലീസുകാരൻ പറഞ്ഞു തീരും മുന്നേ SI പുറത്തേക്ക് വന്നു. എന്താ കാര്യമെന്ന് തിരക്കി. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ SI പോലീസുകാരനോട് പറഞ്ഞു.

" അയാളുടെ പരാതി എഴുതി വാങ്ങൂ. കൂട്ടത്തിൽ വേദയുടേയും.തനിക്ക് കൈയേറ്റം ചെയ്യാനുള്ള സ്ഥലമല്ല പോലീസ് സ്റ്റേഷൻ.വേദ തരുന്ന ഒരു പരാതി മതി താൻ പിന്നെ പുറം ലോകം കാണില്ല. "

അയാൾ പറഞ്ഞു നിർത്തി.

"സർ ഇവരാണ് അത് ചെയ്തത് എനിക്കുറപ്പാണ്. തൊലി വെളുത്തവർക്ക് വേണ്ടി എല്ലായിടത്തും രക്ഷകൻ ഉണ്ടാകും."

"പ്ഠേ "

എന്ന ശബ്ദവും കറങ്ങി സ്റ്റെപ്പിൽ വീണ മുരുകേശിനെ കണ്ടപ്പോഴാണ് എസ് ഐ അടിച്ചു എന്നെനിക്കും മനസിലായത്.

"പോലീസിനു നേർക്കാണോ നിന്റെ പരാക്രമം? ഗോവിന്ദേട്ടാ വേദ പരമേശ്വരിനോട് കംപ്ലയ്ന്റ് എഴുതി വാങ്ങിച്ചേക്കൂ. ഇവനെ വിടണ്ട."

എനിക്കരികിൽ നിൽക്കുന്ന മീശ നരച്ച പ്രായം ചെന്ന പോലീസുകാരനോട് SI പറഞ്ഞു. തുടർന്ന് എന്നോടായി

"മേഡം ഒരു കംപ്ലയ്ന്റ് എഴുതി തന്നിട്ട് പോയ്ക്കോ.ഇവനൊക്കെ വേണ്ടത് ഞാൻ കൊടുത്തോളാം"

"സർ, അയാൾ അയാളെ ചോദ്യം ചെയ്തതിന്റെ ദേഷ്യത്തിൽ പറഞ്ഞതായിരിക്കും. എനിക്കിപ്പോൾ കംപ്ലയിന്റില്ല."

SI യുടെ മുഖത്ത് ഒരു പ്രത്യേകഭാവം ഏതാണെന്ന് തിരിച്ചറിഞ്ഞില്ല.

" ഇനിയും കിട്ടുമ്പോൾ പഠിക്കും"

എന്ന് പറഞ്ഞ് എസ് ഐ നടന്നു പോയി.

" അവർ കംപ്ലയിന്റ് കൊടുക്കാത്തത് ഭാഗ്യം, കൊടുത്തിരുന്നെങ്കിൽ ജാമ്യം പോലും കിട്ടില്ലായിരുന്നു. നിങ്ങൾക്ക് പരാതിയുണ്ടെങ്കിൽ എഴുതി താ"

ഗോവിന്ദനെന്ന പോലീസുകാരൻ മുരുകേശിനോട് പറഞ്ഞു.

" ഇല്ല സാറേ വേദകൊച്ചിന്റെ പേരിൽ പരാതിയില്ല."

പിന്നിൽ സുനിതയുടെ ചേച്ചിയുടെ സ്വരം കേട്ടതോടെ ഞാൻ സ്ക്കൂട്ടറെടുത്തു സോനയുടെ ലാബ് ലക്ഷ്യം വെച്ചു പാഞ്ഞു.
സോനയുടെ ലാബിലെത്തുമ്പോൾ വളരെ ക്ഷീണിതയായിരുന്നുവെങ്കിലും അവർ പറഞ്ഞ കാര്യങ്ങൾ എന്നിലെ ക്ഷീണം പറത്തി.

"എന്തായി കാര്യങ്ങൾ? ബ്ലഡ് ഗ്രൂപ്പ് ഏതാ?"

എതിരെ ഇരിക്കുന്ന അരവിയെ ശ്രദ്ധിക്കാതെ ആകാംക്ഷയുടെ കുത്തൊഴുക്കിനെ ഞാൻ തുറന്നിട്ടു.

" നീയാദ്യം അവിടിരിക്ക് ഞാൻ പറയാം..... വേദ, ആ ബ്ലഡ് ഗ്രൂപ്പ് Bപോസിറ്റീവ് അല്ല. അത് ഒ നെഗറ്റീവ് ആണ്.പ്രശ്നം അവിടെയല്ല."

പിന്നെന്ത് എന്നർത്ഥത്തിൽ ഞാൻ സോനയെ നോക്കി.

"ദാ ഇതിലാണ് പ്രശ്നം!"

അവൾ ചെറിയ ഒരു ചില്ലു കുപ്പി എടുത്തുകാട്ടി. അത് കഴിഞ്ഞ ദിവസം അരവി സോനയെ ഏൽപിച്ചത് ഞാന് കണ്ടിരുന്നു. അതേ സേം കുപ്പി സജീവിന്റെ ഫ്ലാറ്റിലും ഞാൻ കണ്ടതാണ്.

"ഇതെന്താണ്?"

ഞാൻ ചോദിച്ചു.

" അതാണ് ഞാനും ചോദിക്കുന്നത്.ഇതിനകത്തെ ദ്രാവകം എന്തിനുള്ളതാണെന്നോ അടങ്ങിയത് ഏതൊക്കെ പദാർത്ഥങ്ങളാണെന്നോ തിരിച്ചറിയാൻ പറ്റുന്നില്ല. നിങ്ങളിതുമായി എത്രയും പെട്ടന്ന് പ്രഫസർ മുസ്തഫഅലിയെ കാണണം. എന്തോ എന്റെ പരിമിതമായ അറിവു വെച്ചു പറയുന്നു ഇത് അപകടകാരിയായ എന്തോ ആണ്.പിന്നെ ഈ സിറിഞ്ചും."

"സിറിഞ്ചിൽ എനിക്കു വന്ന സംശയം ഞാനപ്പോൾ തന്നെ വേദയോട് പറഞ്ഞതാണ്."

അതുവരെ മിണ്ടാതിരുന്ന അരവി പറഞ്ഞു.

" ഉം....... പിന്നെ എന്ററിവിൽ ഉള്ള ഏറ്റവും ചെറിയ സിറിഞ്ച് 2 CC ആണ്.ഇത് നോക്കിയേ അതിലും ചെറുതാണെന്ന് മാത്രമല്ല. ഇതിന്റെ ഓപണിംഗ് ഭാഗം ശ്രദ്ധിച്ചോ.? ഓരോ സിറിഞ്ചിനും ഓപണിംഗ് കട്ടിംഗ്സിൽ വ്യത്യസ്ഥമായിരിക്കും. ബട്ട് ഇതും മറ്റുള്ളവയിൽ നിന്നും ഒരു പാട് വ്യത്യാസമുണ്ട്."

സോന നിർത്തി.

"സോന പറഞ്ഞു വരുന്നത് ഇത് വരെ ഒരു കംപനിയും ഇത്തരമൊരു സിറിഞ്ച് ഇറക്കിയിട്ടില്ല എന്നതാണോ?"

അരവിയുടെ ചോദ്യം

"അതെ. അത് മാത്രമല്ല, സിറിഞ്ചിനു മീതെ M@ എന്ന് കണ്ടോ?"

വിരലുവെച്ച് സോന ആ ഭാഗം കാണിച്ചു തന്നു.

"അതേ സേം M@ എന്ന് ഈ ചെറിയ കുപ്പിക്കടിയിലും ഉണ്ട്.അതായത് ഈ കുപ്പിയും സിറിഞ്ചും പുറം ലോകമറിയാത്ത മറ്റൊരു കമ്പനിയിൽ നിന്നും വരുന്നതാണ്.ഈ കുപ്പിക്കകത്തെ മെഡിസിൻ ഏതെന്ന് അറിയുന്നത് വരെ കാത്തിരിക്കണം ബാക്കിയറിയാൻ."

ഞാൻ അരവിയുടെ മുഖത്തേക്ക് നോക്കി.പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ വഷളായി വരികയാണ്. അവൻ വാച്ചിലേക്ക് നോക്കി. പിന്നെ എന്നേയും.

"വേദ നമുക്ക് സോന പറഞ്ഞ പ്രഫസറെ പോയി കണ്ടാലോ?"

എന്റെ മനസ് വായിച്ചത് പോലെ അരവി പറഞ്ഞു.

" പോവാം. അദ്ദേഹത്തിന്റെ സ്ഥലം എവിടെയാ?"

സോനയോട് ഞാൻ ചോദിച്ചു.

"ചേറ്റുവ TM ഹോസ്പിറ്റലിനടുത്താണ്. ഹോപ്പിറ്റൽ കഴിഞ്ഞ് ഫസ്റ്റ് ലെഫ്റ്റ് കട്ട് ചെയ്യണം. അവിടെ ആരോടെങ്കിലും ചോദിച്ചാൽ മതി. പിന്നെ നിങ്ങൾ വരുന്ന കാര്യം ഞാൻ വിളിച്ചു പറയാം"

സോനയോട് യാത്ര പറഞ്ഞിറങ്ങി. എന്റെ സ്ക്കൂട്ടി എടുത്ത് സ്റ്റുഡിയോയിൽ കൊണ്ടിട്ടശേഷം അരവിയുടെ ബൈക്കിലായി യാത്ര. നഗരത്തിലെ നിയോൺ ബൾബുകൾ അങ്ങിങ്ങ് പുഞ്ചിരിച്ചു തുടങ്ങി.

ഞങ്ങൾ ചെന്നപ്പോൾ മുസ്തഫ അലിസാർ എവിടെയോ പോവാനുള്ള തിരക്കിലായിരുന്നു.
ഞങ്ങളുടെ ആവശ്യം അറിയിച്ചെങ്കിലും അദ്ദേഹത്തിന്റെ മുഖത്ത് ഒരേ ഭാവം മാത്രം. ഞങ്ങളോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞ
60 കഴിഞ്ഞ പ്രഫസറുടെ സംസാരത്തിനിടയ്ക്ക് അകത്ത് ഒരു സ്ത്രീ യുടെ കരച്ചിലിന്റെ ശബ്ദവും കേട്ടു .

തുടർന്ന് അദ്ദേഹം ഞങ്ങളിൽ നിന്നും മെഡിസിൻ വാങ്ങി വെച്ചു.

"സോന ഇപ്പോൾ വിളിച്ചു പറഞ്ഞിരുന്നു.പക്ഷേ എന്റെ മകളുടെ ഭർത്താവിന് ഒരു ആക്സിഡണ്ട് പറ്റി. പോവാതിരിക്കാൻ പറ്റില്ല. നിങ്ങൾ പിന്നീട് വരാമോ? വിവരമറിഞ്ഞത് ഇപ്പോഴാണ് "

"സാർ ഫ്രീയാകുമ്പോൾ ഈ നമ്പറിൽ ഒന്നു വിളിച്ചാൽ മതി."

അരവി വിസിറ്റിംഗ് കാർഡ് അദ്ദേഹത്തിന് നൽകി.

"നിങ്ങൾ കൊണ്ടുവന്നത് വിശദമായി നോക്കിയിട്ട് വിളിക്കാം."
ഞങ്ങൾ ഇറങ്ങി.

സിറ്റിയിലെ ട്രാഫിക്കിൽ നിന്നും ഇടവഴികളിലൂടെ എളുപ്പം യാത്രയ്ക്ക് ബൈക്കാണ് ബെറ്റർ.
മരണപ്പെട്ടത് തീർത്ഥ അല്ലെങ്കിൽ പിന്നെയാര് ? സത്യത്തിൽ അവർ മരണപ്പെട്ടു കാണുമോ?ഓ നെഗറ്റീവായ മറ്റാരോ അപകടത്തിലാണ് ഒരു പക്ഷേ തുളസിയാവാം അല്ലെങ്കിൽ സജീവ്.

" അരവീ സജീവിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് എങ്ങനെയെങ്കിലും പൊക്കാൻ പറ്റുമോന്ന് നോക്കണം."

" അത് ശരിയാക്കാം.പ്രകാശ് മാത്യു സഹായിക്കും. അത് വെച്ച് എന്ത് ചെയ്യും?"

"ബ്ലഡ് ഗ്രൂപ്പ് മാച്ചാവുമോ എന്നറിയണം,പിന്നെ ഫ്ലാറ്റിലെ ഫ്രിഡ്ജിന്റെ മുകളിൽ ഞാനീ ചെറിയ കുപ്പിയും സിറിഞ്ചും കണ്ടതാണ്. അതൊരു ആത്മഹത്യ അല്ല "

"എനിക്കും അത് തോന്നി. "

മുന്നിലെ നീണ്ട വാഹന നിര കണ്ട അരവി പറഞ്ഞു.

"ഇത് മാറാൻ നിന്നാൽ നമ്മൾ പെട്ടു പോവും. നമുക്ക് ഒരു ഷോർട്ട്കട്ടുണ്ട്. വഴിയത്ര പോരാ .ഇതിലും ഭേതം അതാണ്."

അവൻ വണ്ടി തിരിച്ചു. കുറേ ഈടു വഴികൾ കഴിഞ്ഞ് അവൻ മെയിൻ റോഡിലെത്തിച്ചു.

"ഇതെവിടെയാ അരവി ?"

ഇരുവശത്തും വൃക്ഷങ്ങളും ഒറ്റപ്പെട്ട വീടുകളും മാത്രം.

" പറവൂർ റൂട്ടാണ് പതിനഞ്ചു മിനിട്ട് അതിനുള്ളിൽ നമ്മൾ നാഷണൽ ഹൈവേയിൽ കയറും "

പറഞ്ഞു തീരും മുന്നേയുള്ള അരവിയുടെ ബ്രേക്കിൽ ഞാൻ സീറ്റിൽ നിന്നും ഉയർന്നുപൊങ്ങി സീറ്റിൽ തന്നെ അമർന്നു. മുന്നിൽ ബൈക്കിനെ ക്രോസ് ചെയ്ത് നിർത്തിയ കറുത്ത വാഗൺRൽ നിന്നും ഒത്ത തടിയും അതിനൊത്ത നീളവുമുള്ള ഒരാളിറങ്ങി അയാൾ ബൈക്കിനു നേരെ നടന്നു വന്നു. ഇരുളിൽ നിന്നും അയാളുടെ മുഖം വെളിച്ചത്തിലെത്തി. ആ മുഖം എനിക്ക് വ്യക്തമായി കാണാൻ കഴിഞ്ഞതോടെ ഞാൻ ഭയന്നു. മരണമാണോ അടുത്തേക്ക് വരുന്നതെന്ന് ഉറപ്പായി. ഇയാളെന്തിനാണ് എനിക്ക് പിന്നാലെ വരുന്നത്?
പ്രാണരക്ഷാർത്ഥം ഇറങ്ങിയോടിയാലോ?

അയാളെ കണ്ട അരവിയിൽ നിന്നും

"സാറെന്താ ഇവിടെ?"

ങ്ങെ? ! അരവിക്കു ഇയാളെ അറിയാമോ?

"കുറച്ചു കാര്യങ്ങൾ സംസാരിക്കാനുണ്ട് രണ്ട് പേരും ഇറങ്ങി വാ "

ഞാനിറങ്ങാൻ മടി കാണിച്ചു.വാഗൺRൽ നിന്നും മറ്റൊരു തടിയൻ ഇറങ്ങി വന്നു.

" അരവി കീ അദ്ദേഹത്തെ ഏൽപിച്ചു വരൂ."

തുടർന്ന് കാറിൽ നിന്നിറങ്ങിയ തടിയനോടായി

" ആ ബൈക്കുമായി പിന്നാലെ ഉണ്ടാവണം."

"വേദ ഇറങ്ങ്. "

അരവിയുടെ നിർദ്ദേശം. ഞാൻ ഇറങ്ങി.അരവി കീ തടിയനു കൈമാറി. ഞങ്ങൾ രണ്ട് പേരും അയാൾക്കു പിന്നാലെ നടന്നു. അയാൾ മുൻ സീറ്റിലും ഞങ്ങൾ പിന്നിലുമായി കയറി.കാർ സ്റ്റാർട്ടായി.എന്നിലെ അപരിചിതത്വം കണ്ടാവും അയാൾ പറഞ്ഞു.

"വേദയ്ക്കെന്നെ പരിചയമില്ലെന്നു തോന്നുന്നു. ഐആം അലോഷ്യസ്.ഫ്രം SIT സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം. നമ്മൾ മുന്നേ കണ്ടിട്ടുണ്ട്. അന്ന് സാമുവേൽ സാറിന്റെ പാർട്ടിക്കിടയിൽ പരിചയപ്പെടണമെന്നുണ്ടായിരുന്നു. സാധിച്ചില്ല "

അതെ അന്നാണ് ഞാനീ മനുഷ്യനെ ശ്രദ്ധിച്ചത്.ഊതിവീർപ്പിച്ച ബലൂണിലെ കാറ്റ് ഒഴിഞ്ഞു പോവും പോലെ ഭയം ഒഴിഞ്ഞു പോയി. ചുണ്ടിൽ ഒരു പുഞ്ചിരി വരുത്താൻ ഞാൻ ശ്രമിച്ചു. അലോഷ്യസ് തുടർന്നു.

" എന്നെ ഇന്ന് രാവിലെ സാമുവേൽ വിളിച്ചിരുന്നു. ഫാമിലി ഫ്രണ്ട് എന്നതിനേക്കാൾ ഞങ്ങൾ ഒരുമിച്ച് ഒരു മർഡർ കേസിൽ വർക്ക് ചെയ്തിരുന്നു എന്നതിൽ നിന്നുണ്ടായ ആത്മബന്ധമുണ്ട്."

തുടർന്ന് അയാൾ ഒരു നമ്പർ ഡയൽ ചെയ്ത് ഫോൺ ചെവിയോട് ചേർത്ത് വെച്ചു.

"ഹലോസർ, "
..........
"വേദയുണ്ട് എന്റെ കൂടെ "
.............
"സാർ ഒന്ന് സംസാരിക്കൂ."
...........
തുടർന്ന് ഫോണെനിക്ക് കൈമാറി.

"ഹലോ "

"ചെവിയിൽ പരിചിതമായ സാമുവൽ സാറിന്റെ ശബ്ദം.

"സർ പറയു"

"വേദ എല്ലാ കാര്യങ്ങളും നീ ആലോഷിയോട് പറയൂ.ഭയപ്പാട് വേണ്ട. സത്യസന്ധനായ ഒരു ഓഫീസറാണിവൻ."

ഫോൺ കട്ടായി .അലോഷ്യസ് തുടർന്നു.

"വേദയ്ക്ക് നേരെ ഇന്നലെ രാത്രിയുണ്ടായ തട്ടിക്കൊണ്ട് പോകൽ ശ്രമവും വീട്ടുജോലിക്കാരിയുടെ കൊലപാതകവും എന്തെങ്കിലും ബന്ധമുണ്ടോ എന്നറിയണമെങ്കിൽ നിങ്ങൾ സഹകരിച്ചേ മതിയാവൂ.

" തട്ടിക്കൊണ്ട് പോകൽ ശ്രമമോ?"

അരവിയിൽ ആകാംക്ഷ. ഞാനിക്കാര്യം മറ്റു തിരക്കുകൾക്കിടയിൽ അവനോട് പറയാൻ മറന്നു പോയിരുന്നു.

പിന്നെ ഞാൻ എനിക്കാദ്യമായി വന്ന അജ്ഞാതന്റെ കത്തു മുതൽ നടന്ന കാര്യങ്ങൾ പറഞ്ഞു.

"എനിക്കീ കേസിൽ നിങ്ങളുടെ സഹായം വേണം. പിന്നെ ഇങ്ങനെയൊരു ടീം ഉള്ളത് അറിയാവുന്നത് അത്യാവശ്യം ചിലർക്ക് മാത്രമായതിനാൽ നിങ്ങളിൽ നിന്നും ഈ രഹസ്യം പുറത്ത് പോവരുത്.അന്വേഷണം എവിടുന്നു തുടങ്ങുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു."

വണ്ടി ഓടിക്കൊണ്ടേയിരിക്കുകയായിരുന്നു ഞങ്ങൾക്കിടയിൽ കനത്ത മൗനം കുടിയേറി.ഡ്രൈവർ ഡ്രൈവിംഗിൽ മാത്രം ശ്രദ്ധിച്ചിരുന്നു.
അന്വേഷണം പെരുമ്പാവൂരിൽ നിന്നും തുടങ്ങണമെങ്കിൽ തെളിവുകളൊന്നും ബാക്കിയില്ല. ബാക്കിയാവാതിരിക്കാനാണല്ലോ വീടുപണിയെന്ന സംരഭം, പിന്നെയുള്ളത് സജീവാണ്, അവൻ മരണപ്പെടുകയും ചെയ്തു.

"സർ നമുക്ക് സജീവ് വഴി അന്വേഷിച്ചാലോ? തുളസിയും തീർത്ഥയും ജീവിച്ചിരിപ്പുണ്ടേൽ എന്തായാലും ഈ സമയം വരില്ലെ? ഒളിവിൽ പോയതിന്റെ കാരണം കണ്ടു പിടിക്കാമല്ലോ"

" വരേണ്ടതാണ്."

എന്റെ ചോദ്യത്തിനുള്ള ഉത്തരമായി അലോഷ്യസ് പറഞ്ഞു.

തീർത്ഥയും തുളസിയും ജീവിച്ചിരിപ്പില്ല എന്ന് ഞാൻ ഉറച്ച് വിശ്വസിച്ചിരുന്നു. പെരുമ്പാവൂരിലെ വീട്ടിലെ ടാർ വീപ്പയിൽ കണ്ടത് തുളസിയുടെ കൈ തന്നെയാവാം. വിരലിൽ സജീവ് എന്ന പേരെഴുതിയ മോതിരം തെളിഞ്ഞു മനസിൽ.

"സുനിതയുടെ മരണത്തിൽ ചില അസ്വാഭാവികതയുണ്ട്. അത് ഞാൻ പിന്നെ പറയാം. പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടട്ടെ "

അലോഷ്യസിന്റെ പെരുമാറ്റത്തിൽ ഈ കേസിൽ അദ്ദേഹമനുഭവിക്കുന്ന ടെൺഷൻ തെളിയുന്നുണ്ടായിരുന്നു.
അരവിയുടെ ഫോൺ റിംഗ് ചെയ്തു.
സ്വാതി സ്വാമിനാഥൻ.

അരവി അറ്റന്റ് ചെയ്തു. എന്തോ എമർജൻസിയുണ്ട്. അല്ലാതെ ഈ സമയത്ത് വിളിക്കില്ല.

"ഹലോ സ്വാതി പറയൂ "
..........
"എപ്പോൾ.....?"
.........
"ആ വീട് തന്നെയാണോ?"

അരവിയുടെ മുഖത്ത് ആകാംക്ഷ.

"ഓഹ് മൈ ഗോഡ്!"
.......
" ഒകെ ശരി. "

ഫോൺപോക്കറ്റിലിടും മുന്നേ അരവി അലോഷ്യസിനോട് പറഞ്ഞു.

"സർ, ഓങ്ങിലപാറയിൽ സജീവ് താമസിച്ചിരുന്ന വീടിനാരോ തീയിട്ടു "

എന്നിലുണ്ടായ ഞെട്ടൽ തന്നെ അലോഷ്യസിലും പ്രതീക്ഷിച്ച ഞാൻ ഞെട്ടി. അവിടെ പ്രത്യേകിച്ച് ഭാവങ്ങൾ ഇല്ല

" പൂർണമായും കത്തിനശിച്ച വീടിനകത്ത് കത്തിക്കരിഞ്ഞ ഒരു മൃതുദേഹമുണ്ടായിരുന്നെന്നു ."

അത് അലോഷിയിൽ ഒരു തരം ഞെട്ടലുണ്ടാക്കി.

"സേവ്യർ വണ്ടിയൊതുക്ക്.ഗണേഷും കൂടെ വരട്ടെ .നമുക്ക് അവിടം വരെ പോയി വരാം."

വണ്ടി വിജനമായ റോഡരികിൽ ഒതുക്കി. പിന്നിൽ വരുന്ന ഗണേശും ബൈക്കും.റോഡിൽ മറ്റ് വാഹനങ്ങളൊന്നുമില്ല.
പിറകിൽ കാതടപ്പിക്കുന്ന ഒരു ശബ്ദം.ആകാശത്തേയ്ക്ക് ഒരു തീഗോളം ഉയരുന്നതായിട്ടാണ് തോന്നിയത് പിന്നീട് മനസിലായി അത് അരവിയുടെ ബൈക്കാണെന്നു .റോഡിന്റെ വലതുവശത്തെ വയലിലേക്ക് ബൈക്ക് ചെന്നു വീണു.

" അലോഷി സാർ"

റോഡരികിൽ ഒരു ദീനമായ വിളി.
അലോഷ്യസിനും സേവ്യറിനും, അരവിക്കുമൊപ്പം ഞാനും ഇറങ്ങി ഓടിച്ചെന്നു. പോക്കറ്റിൽ കിടക്കുന്ന അരവിയുടെ ഫോൺ നിർത്താതെ റിംഗ് ചെയ്തു കൊണ്ടേയിരുന്നു. റോഡരികിൽ പിൻഭാഗവും കൈകളും പാതി മുഖവും പൊള്ളിയ രീതിയിൽ ഗണേഷ് കിടപ്പുണ്ടായിരുന്നു.

" അരവീ വേഗം "

അലോഷ്യസ് ധൃതിവെച്ചു. അവർ മൂന്നു പേരും ചേർന്ന് ഗണേഷിനെ കാറിൽ കയറ്റി തൊട്ടടുത്ത ആശുപത്രി ലക്ഷ്യം വെച്ച് പാഞ്ഞു.

"സർ ഇത് എന്റെ അശ്രദ്ധയിൽ വന്നതല്ല."

വേദനയ്ക്കിടയിൽ ഗണേഷ് ഞെരുങ്ങി

"അപകടത്തിനു മുന്നേ ബൈക്കിൽ നിന്നും ഞാൻ ബീപ് സൗണ്ട് കേട്ടിരുന്നു. ടൈംബോംബിന്റെ ശബ്ദം പോൽ."

" ഉം "

അലോഷ്യസ് മൂളി. അലോഷ്യസിന്റെ മടിയിൽ തല വെച്ച് പിൻസീറ്റിൽ കിടത്തിയതാണ് ഗണേഷിനെ .തൊട്ടടുത്തിരിക്കുന്ന അരവിയുടെ ഫോൺ അപ്പോഴും നിർത്താതെ റിംഗ് ചെയ്യുകയായിരുന്നു.

അവൻ ഫോണെടുത്തു ഡിസ്പ്ലെയിലേക്ക് നോക്കി കണ്ണ് മിഴിച്ചു. പിന്നീട് ആ ഫോൺ തിരിച്ച് എനിക്കും അലോഷ്യനുമായി കാണിച്ചു.

'Sajeev calling'

എന്ന് ഡിസ്പ്പെയിൽ തെളിഞ്ഞിരുന്നു.

അറ്റന്റ് ചെയ്യാൻ ആഗ്യം കാണിച്ചു. എടുക്കാൻ നേരം ഫോൺ കട്ടായി. തിരിച്ച് വിളിച്ചപ്പോൾ സ്വിച്ച്ഡ് ഓഫ് എന്നായിരുന്നു മറുപടി.
ആശുപത്രിയിലെത്തിയപ്പോൾ അരവിയുടെ ഫോണിലേക്ക് വീണ്ടും കോൾ വന്നു. എടുക്കാൻ നോക്കുമ്പോൾ കട്ട് ചെയ്യും തിരിച്ചുവിളിച്ചാൽ കിട്ടില്ല.
സേവ്യറിനെ ഗണേഷിനു കൂട്ടുനിർത്തിയിട്ട് ഞങ്ങൾ മൂന്ന് പേരും പാലക്കാടിനു തിരിച്ചു. യാത്രയിലുടനീളം ആരും സംസാരിച്ചിരുന്നില്ല.
അവിടെത്തിയപ്പോൾ ഒരു പാട് വൈകിയെങ്കിലും ഇനിയും അണഞ്ഞു തീരാത്ത പുക വായുവിൽ ചുറ്റിത്തിരിയുന്നുണ്ടായിരുന്നു.
ചുറ്റുപാടുമുള്ള വീടുകളിലെ ആളുകൾ ചിലർ അപ്പോഴും നടുക്കം മാറാതെ നിൽക്കുകയായിരുന്നു.
എന്നെ കണ്ടപാടെ അജ്മൽ ഓടി വന്നു.

" മേഡം എനിക്കൊരു കാര്യം പറയാനുണ്ട്."

അജ്മൽ ഒരു രഹസ്യമെന്നോണം പതിയെ പറഞ്ഞു. ഞാൻ അവനൊപ്പം തെല്ല് മാറി നിന്നു.

" മേഡം വന്നു പോയപ്പോൾ തന്നെ ഒരു വെളുത്ത കാറിൽ ഒരു സ്ത്രീ വന്നു. ഞാനപ്പോൾ ആ പാറപ്പുറത്തിരിക്കുകയായിരുന്നു.അവർ നേരെ തീർത്ഥയുടെ വീടു തുറന്നകത്ത് കയറി. ഒരു ചെറിയ ചതുരപ്പെട്ടിയുമായി ഇറങ്ങി വന്നു. വാതിൽ തുറക്കുന്നതും അടയ്ക്കുന്നതുമെല്ലാം ഞാൻ കണ്ടതാണ്. ഞാനിറങ്ങി ചെന്ന് ആരാണെന്ന് ചോദിച്ചപ്പോൾ എന്നെ നോക്കി ചിരിച്ചു. തുടർന്ന് തുളസിയുടെ ചേച്ചിയാണെന്നും തീർത്ഥയുടെ അപസ്മാരത്തിന്റെ ആയുർവേദ മെഡിസിൻ എടുക്കാൻ വന്നതാണെന്നും കൂടി പറഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചു. അപ്പോൾ മേഡം വന്നതും സിനിമയെക്കുറിച്ച് സംസാരിച്ചതും തീർത്ഥയുടെ അച്ഛനോട് സംസാരിക്കാൻ ഞാനവരോട് പറഞ്ഞു. മേഡത്തിന്റെ പേരു പറഞ്ഞപ്പോൾ അവരുടെ മുഖം വലിഞ്ഞുമുറുകിയിരുന്നു. എന്തോ ദേഷ്യം പോലെ........"

അവൻ ഒന്നു നിർത്തി. വീണ്ടും തുടർന്നു.

"കുറച്ചു മുന്നേ ഇവിടെ ഓടിക്കൂടിയ നാട്ടുകാർ പറഞ്ഞത് വെച്ച് നോക്കിയപ്പോൾ എനിക്കെന്തോ ഭയം തോന്നി.ആ ഫാമിലി അത്ര ശരിയല്ലെന്ന് .മൂത്താപ്പയെല്ലാം ഭയന്നിരിക്കുകയാ "

" നീയിത് ആരോടെങ്കിലും പറഞ്ഞോ?"

"ഇല്ല. സത്യമായിട്ടും എനിക്ക് ഭയം തോന്നി. തീർത്ഥയുടെ അച്ഛനുമമ്മയേയും പറ്റി നാട്ടിൽ കേൾക്കുന്ന വാർത്തകൾ അത്ര നല്ലതല്ല, ഞാനിതെല്ലാം അറിഞ്ഞത് കുറച്ചു മുന്നേയേ. ആദ്യം താമസിച്ചിരുന്നതിനടുത്തുള്ളവരുടെ സംസാരത്തിൽ നിന്നും എന്തോ ദുരൂഹത ഉള്ളതുപോലെ"

" ഉം "

ഞാനൊന്നു മൂളി.

" സജീവ് ഇന്നലെ മരണപ്പെട്ടത് നീ അറിഞ്ഞില്ലെ? ആത്മഹത്യയായിരുന്നു."

"അറിഞ്ഞു. "

"ഞാൻ വീട് കത്തിയപ്പോൾ മുതൽ നിങ്ങളെ വിളിക്കാനിരിക്കുകയാണ് "

ഞാനവനേയും കൊണ്ട് അലോഷ്യസിനടുത്തെത്തി. കാര്യങ്ങളെല്ലാം വിശദീകരിച്ചപ്പോൾ അലോഷ്യസ് പറഞ്ഞു.

" നിനക്കവരെ ഇനി കണ്ടാൽ തിരിച്ചറിയാൻ പറ്റുമോ?"

" പറ്റും.അവരുടെ മുഖത്ത് മൂക്കിനു താഴെയായി ഒരു കറുത്ത പാടുണ്ട്. മാത്രവുമല്ല അവരുടെ കാലിനു എന്തോ കുഴപ്പമുണ്ട്, നടക്കുമ്പോൾ ഒരു വലിച്ചിലുണ്ടായിരുന്നു."

" ഉം നീ പോയ്ക്കോളൂ. നാട്ടുകാരിലാരോടും നീയീ കാര്യം പറയണ്ട.."

പിന്നീട് ഞങ്ങളവിടെ നിന്നില്ല, കത്തിക്കരിഞ്ഞ മൃതദേഹം ജില്ലാ ആശുപത്രി മോർച്ചറിയിലാണെന്നറിഞ്ഞ് ഞങ്ങൾ അങ്ങോട്ട് തിരിച്ചു. ഡ്രൈവ് ചെയ്തത് അലോഷ്യസ് ആയിരുന്നു.

"നിങ്ങൾ പെരുമ്പാവൂർ പോയത് കുര്യച്ചനെ കാണാനല്ലേ? ?"

"അതെ, പക്ഷേ കണ്ടത് കുര്യച്ചനെയല്ല "

അരവി പറഞ്ഞു.

"കുര്യച്ചന്റെ കേസിലെ നിങ്ങളുടെ കണ്ടെത്തലുകൾ പറയാമോ?"

എന്ന ചോദ്യത്തിനു മുന്നിൽ ഞങ്ങൾ കുറച്ചു നേരം മിണ്ടാതെയിരുന്നു.

" ചാനൽ സീക്രട്ട്സാണെങ്കിൽ വേണ്ട കേട്ടോ?"

അലോഷ്യസ് പറഞ്ഞു.
ഒടുവിൽ ഞാൻ പറഞ്ഞു തുടങ്ങി.

2016 സെപ്തംബർ 21 ന് ആണ് കുര്യച്ചന്റെ ഹോസ്പിറ്റലിലെ നഴ്സായിരുന്ന പാലാ സ്വദേശിനിയായ സീന ബേബി(25)യെ കാണാതായത്. പിതാവ് ബേബി ചെറിയാനും ഷൈനി ചെറിയാനും മാൻ മിസ്സിംഗ് കേസ് റെജിസ്ട്രർ ചെയ്തിരുന്നു.26 തിയ്യതി തിങ്കളാഴ്ച രാവിലെ പാലാ മാർത്തോമ്മാ പള്ളിയുടെ സെമിത്തേരിയിലെ വലിയ വീട്ടിൽ ഇമ്മാനുവൽ കുടുംബകല്ലറ ഇമ്മാനുവൽ മകൻ ഇട്ടിച്ചന്റെ മകന്റെ അകാലമരണത്തോടെ തുറന്നു.കല്ലറ പണിതിട്ട് വെറും മാസങ്ങൾ മാത്രം പഴക്കമുള്ള അതിനകത്തെ ആദ്യ അടക്കമായിരുന്നു. പക്ഷേ അതിനകത്ത് അഴുകി തുടങ്ങിയ ഒരു സ്ത്രീ ശരീരം കാണുകയും ഒരു പോസ്റ്റുമോർട്ടത്തിലൂടെ വിദഗ്ദനായ ഡോക്ടർ റിയാസ്ഖാനും സംഘവും മരണപെട്ടത് സീനാ ബേബി ആണെന്നു തെളിയിച്ചെങ്കിലും അതിലും വ്യത്യസ്ഥമായി ആ കല്ലറയിൽ സീന ബേബിയുടേതല്ലാത്ത മറ്റാരുടെയോ ഒരു കാൽപാദത്തിന്റെ പാതി ഭാഗവും വിരലുകളും ഉണ്ടായിരുന്നു."

"ഇത് വെച്ച് എങ്ങനെ കേസ് കുര്യച്ചനിൽ എത്തി.?"

അലോഷ്യസിന് സംശയം.

"അവളെ കാണാതായ ദിവസം വൈകീട്ട് കുര്യച്ചൻ സീനയുടെ വീട്ടിലേക്ക് വിളിക്കുകയും ഇന്ന് സ്റ്റാഫ് കുറവായതിനാൽ നൈറ്റ് ഡ്യൂട്ടി കൂടി കഴിഞ്ഞ് രാവിലെയേ സീന വരികയുള്ളൂ എന്ന് പറഞ്ഞു. അത്രയും

വലിയ ഒരു ഹോസ്പിറ്റൽ ഉടമ ഒരു സ്റ്റാഫിന്റെ വീട്ടിൽ വിളിച്ചു പറഞ്ഞത് ഒന്ന്, പിന്നെ സീനയെ കാണാതാവുന്നതിന് മുൻപ് സീന ഫോണിൽ ആരോടോ സംസാരിക്കുന്നതിനിടയ്ക്ക് കുര്യച്ചന്റെ ഹോസ്പിറ്റൽ പൂട്ടിക്കുന്നതിനെ പറ്റി എടുത്തു പറയുന്നത് പിതാവായ ബേബി കേട്ടു .
കേസൊതുക്കി തീർക്കാൻ കുര്യച്ചൻ കാണിച്ച ധൃതിയും ഒളിവിൽ പോക്കുമെല്ലാം പ്രതിസ്ഥാനത്ത് കുര്യച്ചനെ ഇരുത്തി."

അരവിയുടെ ഫോണിൽ വീണ്ടും Sajeev കോളിംഗ് കണ്ടു.
കാൾ അറ്റന്റ് ചെയ്തു. സ്പീക്കറിലിട്ടു.

"ഹലോ പപ്പയെവിടെയാ ഓടി വരുന്നു പറഞ്ഞ് പോയിട്ട് മോളെ പറ്റിക്കുവാല്ലേ...."

ഒരു കുഞ്ഞുകുട്ടിയുടെ ശബ്ദം.

"ഹലോ....."

അരവി പറയുന്നത് ശ്രദ്ധിക്കാതെ അവൾ തുടർന്നു

"പപ്പ ഒന്നും പറയണ്ട. മോള് പപ്പയോട് പെണക്കവാ. പപ്പയോട് മാത്രമല്ല മമ്മയോടും "

"തീർത്ഥ .....?"

"പപ്പയെന്റെ പേര് പറഞ്ഞു പറഞ്ഞു കളിക്കാ ആന്റി. "

അവളവിടെ ആരോടോ പറയുന്ന ശബ്ദം.
"ഈ ഫോണെങ്ങനെ ഇവളുടെ കൈയിലെത്തി.?"

എന്ന ചോദ്യവും ഒപ്പം തീർത്ഥയുടെ കരച്ചിലും

ആ ശബ്ദം തന്നെയാണ് സജീവിനോട് സംസാരിച്ചപ്പോഴും കേട്ടത്. ഞാൻ അപകടം മണത്തു. തീർത്ഥയും അപകടത്തോടടുത്തിരിക്കുകയാണ്.

"സർ ഇത് സജീവിന്റെ കുഞ്ഞാ, ഡയറിയെഴുതിയ തീർത്ഥ."

അലോഷ്യസ് എന്തോ ചിന്തയിലായിരുന്നു.
പല തവണ തിരിച്ചുവിളിച്ചെങ്കിലും സജീവിന്റെ ഫോൺ സ്വിച്ചോഫായിരുന്നു.
അലോഷ്യസ് ഫോണെടുത്ത് ഡയൽ ചെയ്ത് ചെവിയിൽ വെച്ചു എന്നിട്ട് അരവിയോട് ചോദിച്ചു.

" ആ നമ്പർ പറഞ്ഞേ. "

തുടർന്ന് ഫോണിൽ

"ഹലോ ഹരീഷ് ഞാൻ SIT അലോഷ്യസാണ് ഞാൻ പറയുന്ന നമ്പർ ലൊക്കേഷൻ ട്രെയ്സ് ചെയ്യണം"

..........

തുടർന്ന് നമ്പർ പറയാൻ അരവിയോട് ആഗ്യം കാണിച്ചു.

" 9048......"

അരവി പറഞ്ഞ നമ്പർ അലോഷ്യസ് പറഞ്ഞു കൊടുത്തു.

"എത്രയും വേഗം ട്രെയ്സ് ചെയ്തിട്ട് പറ"

മോർച്ചറിയിലെത്തിയെങ്കിലും ബോഡി ഐഡന്റിഫൈ ചെയ്യാൻ പറ്റില്ലായിരുന്നു. അരയ്ക്കു മീതെ മുക്കാലും കത്തിക്കരിഞ്ഞിരുന്നു.കാലിന്റെ തുടയിലെ M@ എന്ന പച്ചകുത്തലും കാൽ മുട്ടിനു താഴെയായി വലിയ ഓപ്പറേഷൻ കഴിഞ്ഞതിന്റെ പാട്മാത്രമേ ഉണ്ടായിരുന്നുള്ളൂ. 'M@'ഇതേ അടയാളം തന്നെ സിറിഞ്ചിലും മെഡിസിൻ ബോട്ടിലും കണ്ടിരുന്നത്.

അവിടുന്നു കൂടുതലൊന്നും കിട്ടാനില്ല എന്നറിയാവുന്ന ഞങ്ങൾ മടങ്ങി

"സജീവിന്റെ നാട്ടിൽ അന്വേഷിച്ചാലോ സർ, ?"

" അന്വേഷിക്കാം. വേദയ്ക്ക് വന്ന മെസഞ്ചർ സന്ദേശമയച്ച ആളെ കണ്ടു പിടിക്കാൻ പറ്റിയൊരാളുണ്ട്. നമുക്കത് വഴി ട്രൈ ചെയ്യാം. നിങ്ങൾ വേണമെങ്കിലൊന്ന് മയങ്ങിക്കോ "

അരവിയുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു അലോഷ്യസ് .ചിന്തകൾ കാടുകയറി തുടങ്ങി. ആരാവും ഇതിന് പിന്നിൽ? എന്തായാലും വലിയൊരു ഗ്യാംഗ് തന്നെയുണ്ട്. അവരെന്തിന് എന്നെ അപായപ്പെടുത്തുന്നു.?

" വേദ എഴുന്നേൽക്ക് സ്ഥലമെത്തി."

അരവിയുടെ ശബ്ദം കേട്ടാണ് കണ്ണ് തുറന്നത്. നേരം പുലർന്നിരുന്നു. ചുറ്റും ഭംഗിയിൽ വെച്ച ചെടിച്ചട്ടികളും പൂക്കളും.അപരിചിതമായ ഒരു സ്ഥലം. വലിയ ആ ഇരുനില കെട്ടിടത്തിന്റെ ഭിത്തിയിലെ പേര് ഞാൻ വായിച്ചെടുത്തു.

'വാത്സല്യം ചിൽഡ്രൻസ് ഹോം തിരുപനന്തപുരം'

അലോഷ്യസിനെ കാണാനില്ലായിരുന്നു.

"ഇവിടെയെന്താ അരവി ?സർ എവിടെ??"

"അകത്തേക്ക് പോയിട്ടുണ്ട് ഇപ്പോൾ വരും. ഞാൻ കാറിൽ നിന്നിറങ്ങാനിരുന്നപ്പോൾ
അലോഷ്യസ് ഇറങ്ങി വന്നു.
വീണ്ടും യാത്ര തുടർന്നു.

"സജീവിന് ബന്ധുക്കളാരുമില്ല. അയാൾ 18 വയസു വരെ ഇവിടെയാണ് വളർന്നത്.പ്ലസ് ടു കഴിഞ്ഞതിന് ശേഷം ഏതൊക്കെയോ ജോലിക്കൊപ്പം ലാബ് ടെക്നീഷ്യൻ കോഴ്സ് ചെയ്ത് ചെറിയ ഒരു ക്ലിനിക്കിൽ ജോലി ചെയ്തു തുടങ്ങിയപ്പോൾ ഇവിടെ തന്നെയുള്ള ഒരു അന്തേവാസിയെ വിവാഹം ചെയ്യുകയാണുണ്ടായത്. പക്ഷേ അവർ പറഞ്ഞ പേര് തുളസി എന്നല്ല, സജീവിന്റെ ഭാര്യയുടെ പേര് നാൻസി എന്നാണ്. ഇടയ്ക്ക് സജീവും ഫാമിലിയും ഓർഫനേജിൽ വരാറുണ്ടായിരുന്നു എന്നു മാത്രമല്ല രണ്ട് ദിവസം അവിടെ താമസിച്ചിട്ടേ പോകാറുള്ളൂ എന്ന് ഒരു കന്യാസ്ത്രീ പറഞ്ഞു. അവസാനമായി അവർ വന്നത് നാല് വർഷം മുൻപാണെന്നാണ്. അന്ന് തീർത്ഥയുടെ ഒന്നാം പിറന്നാളായിരുന്നു. അതിന് ശേഷം ഇടയ്ക്ക് സജീവ് മാത്രമേ വിളിക്കാറുണ്ടായിരുന്നുള്ളൂവെന്നും "

അലോഷ്യസ് നിർത്തി.

"ആ വഴിയ്ക്കുള്ള അന്വേഷണം നടക്കില്ല അല്ലേ?"

അരവിയുടെ ചോദ്യം

" ഇല്ല ബോഡിയേറ്റെടുക്കാൻ ബന്ധുക്കളില്ലാത്തതിനാൽ ബോഡി ഇപ്പോഴും മോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. സജീവിന്റെ ഭാര്യയും കുഞ്ഞും മരണപ്പെട്ടതിന്റെ തെളിവില്ലാത്തതിനാൽ അനാഥ പ്രേതമായി സംസ്ക്കരിക്കാനും പറ്റില്ല.പിന്നെ കർണാടക റജിസ്ട്രേഷൻ വണ്ടിയുടെ നമ്പർ ഞാൻ ഫോർവേർഡ് ചെയ്തിട്ടുണ്ട്. 12 മണിക്കു മുന്നേ വിവരം കിട്ടും.അതു പോലെ സുനിതയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടും. ഇപ്പോൾ നമുക്ക് ഭക്ഷണം കഴിക്കാം."

തുടർന്ന് വഴിയിലെ ശരവണഭവനിൽ നിന്നും ദോശയും സാമ്പാറും കഴിക്കുമ്പോൾ അലോഷ്യസിന്റെ ഫോൺ ശബ്ദിച്ചു.

"യെസ്... പറയൂ."
.........
"ഒകെ....."
.........
"കിട്ടിയാൽ അറിയിക്കൂ"
ഫോൺ കട്ടായി .

"ലൊക്കേഷൻ കിട്ടിയില്ലെന്നു .സജീവിന്റെ ഫോൺ സ്വിച്ച്ഡോഫായതിനാൽ ഇപ്പോഴുള്ളത് കിട്ടില്ല എന്ന്. ലാസ്റ്റ് സിഗ്നൽ കിട്ടിയത് ആലപ്പുഴ സിറ്റി ടവറിൽ നിന്നാണ്. ആയതിനാൽ അവർ ഇപ്പോഴും സിറ്റിയിലുണ്ടാവും എന്നത് നമ്മുടെ വെറും ഊഹം മാത്രം.
ഞാനെന്തായാലും അതിന് പിന്നാലെനി പോവുകയാണ്.നിങ്ങൾ എങ്ങനെ പോവും?"

കൊച്ചിയെത്തിയപ്പോൾ അലോഷ്യസ് ചോദിച്ചു.

" അടുത്ത ജംഗ്ഷനിൽ വിട്ടാൽ മതി"

ഞാൻ പറഞ്ഞു.

ജംഗ്ഷനിൽ ഇറങ്ങി ഓട്ടോ പിടിച്ച് സ്റ്റുഡിയോയിൽ പോയി സ്ക്കൂട്ടി എടുത്തിറങ്ങിയപ്പോൾ സമയം നാലര .വിശപ്പ് തീർന്നിരുന്നു. നേരെ മോർച്ചറിയിലേക്ക് പോയി. സുനിതയുടെ മൃതദേഹം പോസ്റ്റുമോർട്ടം കഴിഞ്ഞിരുന്നെങ്കിലും ബോഡി കൊണ്ടുപോവാൻ അവരുടെ ചേച്ചി മാത്രം പുറത്തുണ്ട്. എന്നെ കണ്ടതും അവർ അടുത്തേക്ക് വന്നു.

"ഞാനിവളെ എങ്ങോട്ട് കൊണ്ടു പോവും? ഇപ്പോൾ താമസിക്കുന്നത് വാടക വീട്ടിലാണ്."

അവർ കണ്ണു തുടച്ചു. സുനിതയുടെ ബോഡി സ്മശാനത്തിലെത്തിച്ചതിനു ശേഷമാണ് ഞാൻ വീട്ടിലേക്ക് മടങ്ങിയത്.
കൈലാസത്തിലെത്തിയപ്പോൾ ഏട്ട് മണി കഴിഞ്ഞു. സുനിതയുടെ ശൂന്യത പല തവണ എന്നെ നൊമ്പരപ്പെടുത്തി. കുളിച്ച് ഒരു ഗ്ലാസ് പാലെടുത്ത് തിളപ്പിച്ചാറ്റി കുടിച്ച് ഞാൻ കിടന്നു.രണ്ട് ദിവസത്തെ ക്ഷീണമുണ്ട്.നന്നായുറങ്ങണം.
കിടന്നതേ ഓർമ്മയുള്ളൂ.
ഉറക്കത്തിലാഴ്ന്നു പോയി. എന്തോ ദു:സ്വപ്നം കണ്ടാണുണർന്നത്.
ഒരു വലിയ കറുത്ത പൂച്ച എന്നെ ഓടിക്കുന്നു.പുറത്ത് ഏതോ പട്ടിയുടെ നിർത്താതെയുള്ള കുരയും. എന്തോ തട്ടി വീഴുന്ന ശബ്ദം കേട്ടു.അത് വീടിന്റെ മുറ്റത്തു നിന്നാണെന്നു ഞാൻ തിരിച്ചറിഞ്ഞപ്പോഴേക്കും മുറിക്കു വെളിയിൽ ജനലിനരികിൽ ഒരു നിഴലനങ്ങി.

തൊണ്ടയിൽ എന്തോ കുടുങ്ങിയിരിക്കുന്നു. ശബ്ദിക്കാൻ പോലും ഭയം. പുറത്ത് നിൽക്കുന്നത് സ്ത്രീയോ പുരുഷനോ? സ്ത്രീയാണെന്നു തോന്നി. ഫോണെടുത്ത് ശബ്ദമുണ്ടാക്കാതെ ടോയ്‌ലെറ്റിൽ കയറി അരവിയുടെ നമ്പർ ഡയൽ ചെയ്തു. രണ്ടാം വട്ടം വിളിച്ചപ്പോഴാണ് അവൻ അറ്റന്റ് ചെയ്തത്.

" അരവി വീടിനു പുറത്താരോ ഉണ്ട് ഒന്നിവിടെ വരാമോ?"

ശബ്ദം താഴ്ത്തി ഞാൻ പറഞ്ഞു.

"ആര്?"

" അറിയില്ല. നീയൊന്നു വേഗം വന്നേ. എനിക്ക് പേടിയാവുന്നു."

"ഇപ്പോ വരാം"

ഫോൺ കട്ടായി നാലു വീടിനപ്പുറം മാറിയാണ് അവൻ താമസിക്കുന്നത്.
ശബ്ദമുണ്ടാക്കാതെ ബെഡ്റൂമിന്റെ മറവ് പറ്റി ഞാൻ ഹാളിലെത്തി. ആ നിഴലപ്പോൾ ഹാളിലെ ജനലരികിലെത്തിയിരുന്നു. ടെറസിൽ ആരുടേയോ കാൽപെരുമാറ്റം പോലെ ഞാൻ
ശ്രദ്ധിച്ചു അത് തോന്നലായിരുന്നില്ല ടെറസിൽ ആരോ ഉണ്ട്. അവർ ഏത് നിമിഷവും വാതിൽ തുറന്നകത്ത് കടക്കാം .എന്നെ കൊലപ്പെടുത്തുകയാവാം അവരുടെ ലക്ഷ്യം.
എന്തിന്?
ഇപ്പോഴും അറിയില്ല. അജ്ഞാതമായ എന്തോ കാരണത്താൽ അവരെന്നെ ഭയക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നതവർക്ക് താൽപര്യമില്ല.
ജനലിൽ ഒരു ഒരു ടോർച്ചിന്റെ വെളിച്ചം പതിഞ്ഞു. എവിടെയൊക്കെയോ എന്തോ തട്ടിമറിയുന്ന ശബ്ദം. ടെറസിൽ നിന്നാരോ ചാടിയിറങ്ങി ഓടി.

"ആരടാ അത്?"

അരവിയുടെ അച്ഛന്റെ ശബ്ദം. ബൂട്ടുകളുടെ ചടപട ശബ്ദം ഗേറ്റിലേക്ക്.

" നിൽക്കെടാ അവിടെ "

അരവിയുടെ ആക്രോശം.റോഡിലെവിടെയോ ഒരു ബൈക്ക് സ്റ്റാർട്ടാവുന്ന ശബ്ദം. ഞാൻ പുറത്തെ ലൈറ്റിട്ടു.തൊട്ടടുത്തുള്ള വീടുകളിലൊന്നിൽ ലൈറ്റ് തെളിഞ്ഞു.
മുറ്റത്ത് അരവിയുടെയും അച്ഛന്റേയും ശബ്ദം.

"മോളെ വാതിൽ തുറക്ക് "

അരവിയുടെ അച്ഛൻ പറഞ്ഞതിനു ശേഷമാണ് ഞാൻ വാതിൽ തുറന്നത്.നടന്ന കാര്യങ്ങൾ ഞാൻ അവരെ പറഞ്ഞു ബോധ്യപ്പെടുത്തി.
സമയമപ്പോൾ രണ്ട് മണി കഴിഞ്ഞിരുന്നു.

" അവർ ആരാണെന്നോ എന്താണെന്നോ അറിയാത്ത സ്ഥിതിക്ക് നീയിനി ഒറ്റയ്ക്കിവിടെ നിൽക്കണ്ട."

അരവിയുടെ അച്ഛന്റെ നിർദ്ദേശ പ്രകാരം ഞാൻ വീട് പൂട്ടി അവർക്കൊപ്പം ഇറങ്ങി.

അരവിയുടെ വീട്ടിലെത്തിയിട്ടും ഉറക്കം വന്നിരുന്നില്ല.
കുറച്ചു സമയം അരവിയോടൊപ്പം സംസാരിച്ചു.

എത്ര ചിന്തിച്ചിട്ടും അവർ എനിക്കു പിന്നാലെ വന്നതിന്റെ കാരണം മാത്രം അജ്ഞാതമായി കിടന്നു. അജ്ഞാതന്റെ കത്തു പോലെ.
നേരം പുലർന്നതും ഞാൻ വീട്ടിലെത്തി. ഇന്ന് സ്റ്റുഡിയോയിൽ പോവണം. സാമുവൽസാറിന്റെ വീട്ടിൽ പോയി കാറെടുക്കണം. അങ്ങനെ കുറേ കാര്യങ്ങൾ.
ഗേറ്റു കടന്നതേ ഞാൻ ഞെട്ടിപ്പോയി പാതി തുറന്ന വാതിൽ. ഓടിച്ചെന്ന് നോക്കിയ എന്റെ സമനില തെറ്റി അച്ഛന്റെ മരണശേഷം ക്ലീൻ ചെയ്യാൻ മാത്രം മാസത്തിലൊരിക്കൽ തുറക്കാറുള്ള അച്ഛന്റെ ഓഫീസുമുറി തുറന്നിരിക്കുന്നു. ലോക്ക് തകർത്തല്ലാതെ കീ ഉപയോഗിച്ച് തുറന്നിരിക്കുന്നു. മേശയിലും അലമാരയിലും കിടന്ന ഫയലുകളും നിയമ പുസ്തകങ്ങളും മൊത്തം മുറിയിൽ ചിതറി കിടക്കുന്നു.
അച്ഛന്റെയും അമ്മയുടേയും മാലയിട്ട ഫോട്ടോ തറയിൽ വീണ് ചിലന്തിവല പോലെ പൊട്ടിയിട്ടുണ്ട്.
എന്റെ മുറിയിലെ അവസ്ഥയും അതുതന്നെയായിരുന്നു. അലമാരയിൽ അടുക്കി വെച്ച തുണികളും സാമഗ്രികളും കൂടാതെ മുന്നെ ചെയ്ത ഓരോ എപ്പിസോഡിനെ കുറിച്ചുള്ള വിശദ വിവരങ്ങളടങ്ങിയ ഫയലുകളും തറയിൽ ചിന്നി ചിതറിയിരുന്നു.
അതിനിടയിൽ യാദൃശ്ചികമായാണ് ഒരു സിഗരറ്റ് കുറ്റി എന്റെ ശ്രദ്ധയിൽ പെട്ടത്.അതേ സിഗരറ്റ് കുറ്റി ഞാൻ നേരത്തെ സജീവിന്റെ ഫ്ലാറ്റിലും കണ്ടത്. ഞാനത് കർച്ചീഫു വെച്ചെടുത്തു.
സുനിതയ്ക്ക് ഉപയോഗിക്കാൻ കൊടുത്ത മുറിയൊഴികെ ബാക്കിയെല്ലാ മുറികളിലും ആക്രമികളുടെ പരാക്രമം കാണാമായിരുന്നു. എന്തിന് പൂജാമുറിയിലെ വിഗ്രഹങ്ങളും വിളക്കുകളും താലവും വരെ.
അരവിയെ വിളിച്ച് കാര്യം പറഞ്ഞു. മിനിട്ടിനുള്ളിൽ അവൻ സ്ഥലത്തെത്തി.

"വേദ പോലീസിൽ ഒരു കംപ്ലയിന്റെന്തായാലും കൊടുക്കണം"

ഞാൻ മറുപടി പറഞ്ഞില്ല. അവൻ തന്നെയാണ് സ്റ്റേഷനിൽ വിവരമറിയിച്ചത്. ഞാൻ സിഗരറ്റ് കുറ്റി അവനെ ഏൽപിച്ചു.
എന്താണെന്ന അർത്ഥത്തിലവനെന്നെ നോക്കി.

" എന്റെ മുറിയിൽ നിന്നു കിട്ടിയതാണ്.ഇതേ ബ്രാൻഡ് ഞാൻ സജീവിന്റെ ഫ്ലാറ്റിലും കണ്ടിട്ടുണ്ട്. "

"വേദ നീ പറഞ്ഞു വരുന്നത്?"

"യെസ് അതു തന്നെ.സജീവിന്റെ കൊലപാതകികൾ തന്നെയാണ് എനിക്ക് പിന്നിലും.അവർ വന്നത് നമ്മുടെ കൈയിലുള്ള ചില തെളിവുകൾക്കാണ്. അവയൊന്നും അവർക്കീ വീട്ടിൽ നിന്നും കിട്ടിയിട്ടില്ലെന്ന് ഉറപ്പാണ് കാരണം അവയെല്ലാം എന്റെ ലാപ്ടോപിലാണ്."

" എന്നിട്ട് ലാപെവിടെ? "

" അത് കാറിൽ കിടക്കകയാ. കാറാണെങ്കിൽ സാമുവൽ സാറിന്റെ വീട്ടിൽ,....."

സംസാരിച്ചിരിക്കെ സ്റ്റേഷനീന്ന് രണ്ട് മൂന്ന് പോലീസുകാർക്കൊപ്പം സ്ഥലം എസ്ഐ ജെയിംസ് ജോർജ്ജ് വന്നു.
വിശദമായ തിരച്ചിലുകളും മറ്റും കഴിഞ്ഞ ശേഷം എന്നോടായി ചോദിച്ചു.

"ആഭരണങ്ങളോ വിലപിടിപ്പുള്ള മറ്റെന്തെങ്കിലുമോ പോയിട്ടുണ്ടോ?"

ഞാനും അപ്പോഴാണ് അതേപറ്റി ചിന്തിച്ചത്.

"അച്ഛന്റെ മുറിയിലെ അലമാരയിൽ രണ്ട് ഡയമണ്ട് സ്റ്റഡുകളും അമ്മയുടെ താലിമാലയുമുണ്ടായിരുന്നു."

എസ് ഐ പോലീസുകാരനു നേരെ കണ്ണുകൾ കൊണ്ട് ആഗ്യം കാണിച്ചു.

അയാൾ അച്ഛന്റെ മുറിയിലേക്ക് പോയി. തിരികെ വരുമ്പോൾ അയാളുടെ കൈയിൽ ചെറിയ ജ്വല്ലറി ബോക്സിൽ അമ്മയുടെ മാലയും സ്റ്റഡും ഉണ്ടായിരുന്നു.

" അപ്പോൾ മോഷണമല്ല. നിങ്ങൾക്ക് വില പിടിപ്പുള്ളതൊന്നും നഷ്ടപ്പെട്ടിട്ടുമില്ല. ശത്രുക്കളാരെങ്കിലും ഉണ്ടോ?"

"ഇല്ല "

അങ്ങനെ പറയാനാണ് തോന്നിയത്.തുടർന്ന് രാത്രി അരങ്ങേറിയ സംഭവവും പറഞ്ഞപ്പോൾ അവർ ടെറസിൽ പോയി നോക്കി.
അന്വേഷിക്കാമെന്ന ഉറപ്പിൽ പോലീസുകാർ പോയി. പിന്നാലെ അരവിയും
വീടിന്റെ ലോക്കുകൾ ഒന്നും പൊളിക്കാതെയാണ് അകത്ത് കടന്നത്. അതും ഡോർ തുറന്ന് .അച്ഛന്റെ റൂമിന്റെ കീ വെക്കുന്നത് എന്റെ റൂമിലെ ചുവരിൽ വെച്ച ഫ്ലവർ സ്റ്റാന്റിന്റെ ചെറിയ അറയിലാണ്.അത് തുറക്കണമെങ്കിൽ നമ്പർ ലോക്കാണ്.അത് പോലും സമർത്ഥമായി തുറന്നിരിക്കുന്നു.

താമസം ഹോസ്റ്റലിലേക്ക് മാറ്റണം ഭയന്ന് ജീവിക്കാൻ വയ്യ. ഞാൻ ഫയലുകളെല്ലാം നോക്കി യഥാസ്ഥാനത്ത് വെക്കാൻ തുടങ്ങിയപ്പോൾ കോളിംഗ് ബെല്ലടിഞ്ഞു.
വാതിൽ തുറന്നപ്പോൾ മുന്നിൽ സുനിതയുടെ ചേച്ചി. എന്നെ തള്ളി മാറ്റിയവർ ഹാളിലെക്കു കടന്നു ഭയത്തോടെ വാതിലടച്ചു.
വെള്ളം വേണമെന്ന് ആഗ്യം കാണിച്ചു.
ഫ്രിഡ്ജിൽ നിന്നെടുത്ത വെള്ളം ഗ്ലാസിലേക്ക് പകരാൻ അനുവദിക്കാതെ അവർ കുപ്പിയോടെ വായയിലേക്ക് കമിഴ്ത്തി.
ഭയം കൊണ്ടവരുടെ മുഖം വല്ലാതെ വിളറിയിരുന്നു.
ഞാൻ അവരുടെ ഭാവം കണ്ടമ്പരന്നിരിക്കയായിരുന്നു..
അവർ ചുമലിൽ തൂക്കിയ ബേഗിലെ സാധനങ്ങൾ എനിക്കു മുമ്പിലെ ടീ പോയ്മേൽ കമിഴ്ത്തി.
ടീപ്പോയ്ക്കു മേലെയുള്ളവ കണ്ട് ഞാൻ ഞെട്ടി .
അടുക്കള ജോലിക്കു പോകുന്ന ഇവരുടെ കൈയിൽ ഇത്രയും.......?

രണ്ടായിരത്തിന്റെ മൂന്ന് കെട്ടുകൾ, സോപ്പിൽ പതിച്ചെടുത്ത ഒരു കീയുടെ അടയാളം, പിടിയിൽ രക്തം കട്ടപിടിച്ച ഒരു സ്റ്റീൽ കത്തി, 5,00,000 രൂപയുടെ KTമെഡിക്കൽസിൽ നിന്നുള്ള ഒരു ബിൽ കൂടാതെ ബാംഗ്ലൂർ ടു കൊച്ചി ട്രെയിൻ ടിക്കറ്റ്.

ഞാനെന്തെങ്കിലും ചോദിക്കും മുന്നേ അവർ ഇങ്ങോട്ട് പറഞ്ഞു.

"കുറച്ചു ദിവസമായി അങ്ങേരുടെ പെരുമാറ്റത്തിൽ ചില മാറ്റങ്ങൾ കാണുന്നു. അതിന്റെ കാരണം ഇതാണ് എന്നെനിക്കിന്നു മനസിലായി. ഇതെല്ലാം അങ്ങേരുടെ പഴയ ഇരുമ്പു പെട്ടിയിൽ നിന്നു കിട്ടിയതാ."

ഞാനാ ബാർ സോപ്പെടുത്തു നോക്കി, പിന്നെ എഴുന്നേറ്റു പോയി വീടിന്റെ കീയെടുത്ത് ബാർ സോപ്പിൽ വെച്ചു.കിറുകൃത്യമായിരുന്നു.
വെറുതെ ഒരു സംശയത്തിന്റെ പേരിൽ ചെയ്തതാണെങ്കിലും എന്റെ ഹൃദയമിടിപ്പു കൂടി.ഒരിക്കൽ പോലും അയാളീ വീട്ടിൽ വന്നതായി ഓർമ്മയില്ല. പിന്നെ ഇതെങ്ങനെ?

"ഇന്നലെ രാത്രി നിങ്ങളുടെ ഭർത്താവ് വീട്ടിലുണ്ടായിരുന്നോ? "

"ഇല്ല. വീട്ടിലങ്ങനെ സ്ഥിരം വരാറില്ല."

"ഉം... "

" വീട്ടിൽ ഞാൻ മിക്കപ്പോഴും തനിച്ചാ. അങ്ങേര് വീട്ടിൽ വരുന്നത് നല്ല കാലിലാ ചിലവിന് മാസം 5000 രൂപ എങ്ങനയായാലും തരും. കുട്ടികളില്ലാത്തത് ഒരു കണക്കിന് ഭാഗ്യമാണെന്ന് തന്നെ ഞാനും കരുതി. വീട്ടുവാടക തന്നെ 4000 രൂപയാണ്.സുനിത ഉള്ളപ്പോ എന്തെങ്കിലും തരുമായിരുന്നു."

അവർ നിർത്തി.

"ഈ കാശെവിടുന്നാ എന്നറിയോ?"

കാശു ചൂണ്ടി ഞാൻ ചോദിച്ചു.

" ഇല്ല മോളെ.അർഹതപ്പെട്ടതല്ലാന്നു തോന്നി. എവിടുന്നേലും മോഷ്ടിച്ചതാവും അതുറപ്പാ ഇത് കണ്ടില്ലെ കത്തി. എനിക്ക് പേടിയാവുന്നുണ്ട്. "

"പേടിക്കണ്ട. ഇപ്പോ ആളെവിടുണ്ട്.?"

"ഒരു മാസം കഴിഞ്ഞേ ഇനി വരുന്ന് പറഞ്ഞ് രാത്രി പോയി.പോവാൻ നേരം പതിവില്ലാതെ എനിക്ക് 10,000 രൂപ തരേം ചെയ്തു."

" മുരുകേശിന്റെ നമ്പർ പറഞ്ഞേ "

ഞാൻ ഗൗരവത്തിലായി.

" അങ്ങേർക്ക് ഫോണൊന്നുമില്ല. ഞാനാണിത് പറഞ്ഞതെന്ന് അങ്ങേർക്കുറപ്പായിരിക്കും. എന്നെ വന്ന് നാല് ഇടി തന്നാലും ഞാൻ സഹിച്ചോളാം. അതിനേക്കാൾ വലുതെന്തോ വരാനിരിപ്പുണ്ടെന്നൊരു തോന്നൽ."

അവർ പോയി കുറേ കഴിഞ്ഞപ്പോഴാണ് ഞാൻ എഴുന്നേറ്റത്.
വീടിന്റെ കീ അയാളുടെ കൈയിലെത്തണമെങ്കിൽ ഒന്ന് മോഷ്ടിക്കുക, അല്ലെങ്കിൽ സുനിതയുടെ കൈയിൽ നിന്നെടുക്കുക.
രണ്ടാമത്തേതിനാണ് സാധ്യത കൂടുതൽ.വീടിന്റെ ഒരു കീ ഞാൻ ധനുഷ്ക്കോടി പോയപ്പോൾ സുനിതയെ ഏൽപിച്ചിരുന്നു. സുനിതയിൽ നിന്നും അവളുടെ ചേച്ചിയുടെ ഭർത്താവ് വേലായുധൻ എടുത്തതാവും..
ഇനിയൊരു പക്ഷേ സുനിത തന്നെ നൽകിയതാവുമോ? അവളുടെ മുറിയൊന്നു പരിശോധിക്കണം.

ചെയ്തു കൊണ്ടിരിക്കുന്ന ജോലി നിർത്തിവെച്ചു ഞാൻ അവളുടെ മുറി ലക്ഷ്യം വെച്ചു നടന്നു.
അവളുടെ മുറിയെന്നത് എനിക്ക് തീർത്തും അപരിചിതമായതൊന്നായിരുന്നു. ചാരിയിട്ട വാതിൽ തുറന്ന് ഞാനകത്ത് കയറി. ചുളിവുകൾ വീണ ബെഡ്ഷീറ്റും തറയിൽ വീണു കിടക്കുന്ന പുതപ്പും. എന്റെ മനസ് അസ്വസ്ഥമാവാൻ തുടങ്ങി. ചുവരു ചാരിയിട്ട മേശപ്പുറത്ത് കുടിക്കാനെടുത്തു വെച്ച ജഗ്ഗിലെ വെള്ളം മറിഞ്ഞു തറയിൽ തളം കെട്ടിക്കിടക്കുന്നു. ജനവാതിൽ പാളിക്കരികിലായി കുത്തിയണച്ച സിഗരറ്റ് കുറ്റി.
എന്റെ കണ്ണുകൾ കുറുകി. സുനിതയ്ക്കപ്പോൾ സിഗരറ്റ് വലിക്കുന്ന ശീലം ഉണ്ടായിരുന്നോ?
ചിലപ്പോൾ ഉണ്ടാവാം. അടഞ്ഞുകിടന്ന അലമാര തുറക്കാൻ നോക്കി അത് ലോക്കായിരുന്നു.
എന്തിനാണെന്നറിയില്ല ടോയ്ലറ്റിൽ ഒന്നെത്തി നോക്കാൻ തോന്നിയത്.ഭിത്തിയിൽ ഒരു ചോരപ്പാട്. തെറിച്ചു കൊണ്ടതു പോലെ. തറയിലൊന്നും ചോരയുടെ പാടില്ലായിരുന്നു. തറയിൽ വീണു കിടക്കുന്ന സോപ്പു പെട്ടിയും സോപ്പും. അതിന്റെ സൈഡിലായി ഉപയോഗിച്ച ഒരു സിറിഞ്ചും നീഡിലും.
അതെ !
ഇതാ ചെറിയ സിറിഞ്ച് തന്നെ.
2 ccസിറിഞ്ചിലും താഴെയുള്ളത് '

പിന്നെ ഓരോ മുക്കും മൂലയും ഞാൻ കണ്ണുകൾ കൊണ്ട് പരതി. ആ മെഡിസിന്റെ ഒരംശം പോലും എവിടെയും കണ്ടില്ല.
എല്ലാറ്റിന്റേയും പിറകിൽ ഒരാൾ മാത്രമാണ്. അവരിലേക്കെത്താൻ മുരുകേശൻ വേണം.
ഞാൻ ഫോണെടുത്ത് അരവിയെ വിളിച്ചു.

" അരവി നീയിറങ്ങിയോ "

"ഇല്ല ഇറങ്ങാൻ തുടങ്ങുവാ. വേദ നിന്റെ സക്കൂട്ടി എനിക്ക് വേണം."

" തരാം. നീയിതു വഴി വാ കുറച്ച് സംസാരിക്കാനുണ്ട്.."

ഫോൺ കട്ട് ചെയ്ത് അടുക്കളയിൽ കയറി. ഒന്നുരണ്ട് ദിവസമായുള്ള ഓട്ടത്തിനിടയിൽ കാര്യമായൊന്നും വയറ്റിൽ എത്താത്തതിനാലാവാം വല്ലാത്ത വിശപ്പും. ഫ്രിഡ്ജിലിരിക്കുന്ന ദോശമാവ് നന്നായി ഇളക്കി ഉപ്പു ചേർത്ത് വെച്ച് ഗ്യാസ് ഓൺ ചെയ്തപ്പോഴാണ് തലേ ദിവസം പാൽഗ്ലാസ് കഴുകാതെ വെച്ചത് ശ്രദ്ധയിൽ പെട്ടത്. പൈപ്പു തുറന്ന് ഗ്ലാസ് കഴുകിയപ്പോൾ വെള്ളത്തിനു ചെറിയ നിറം മാറ്റം. ഒരു കലക്കവെള്ളം നേർപ്പിച്ച കരിങ്ങാലി വെള്ളം പോലെ ചെളിവെള്ളം.പോരാതെ ദുർഗന്ധവും.
വേനലായതിനാൽ കോർപറേഷൻ വെള്ളം മൂന്ന് ദിവസം കൂടുമ്പോഴേ വരാറുള്ളൂ.അതിനാൽ കൂടുതലും കുഴൽക്കിണർ വെള്ളമാണ്. ആയതിനാൽ തന്നെ അടിയിലോട്ട് പോവുംതോറും മണ്ണും ടാങ്കിൽ വരും. അതിന്റെയാവും.
മുറ്റത്തിറങ്ങി കോർപറേഷൻ പൈപ്പിൽ നോക്കി വെള്ളം വരുന്നുണ്ട്. ഇന്നെന്തായാലും വേറൊന്നും നടക്കില്ല. വീട് ക്ലീനിംഗ് തന്നെ നടക്കട്ടെ.
ഗേറ്റു തുറക്കുന്ന ശബ്ദം കേട്ടു .അരവിയാണ്. ദോശ ചുടുന്നതിനിടയിൽ ഞാനവനോട് ശാന്തമായി കാര്യങ്ങൾ പറഞ്ഞു. ഫ്രിഡ്ജിൽ നിന്നെടുത്ത വെള്ളത്തിൽ കുറച്ചു ചായയും ഇട്ടു.

" നീ വല്ലതും കഴിച്ചാർന്നോ? ഇല്ലെങ്കിൽ വാ "

ഒരു പ്ലേറ്റിൽ രണ്ട് ദോശയും അച്ചാറും അവനു വെച്ചു നീട്ടി ഞാൻ

.

" ഞാൻ കഴിച്ചതാ.നിനക്ക് കമ്പനിക്ക് വേണേൽ ഞാനും കൂടി കഴിക്കാം"

അവൻ പറയുന്നതിനിടയ്ക്ക് ഒരു പീസ് ദോശ വായിലിടുകയും ചെയ്തു. എന്തോ ഒരു വേള ഞങ്ങളുടെ ബാല്യത്തിലേക്ക് പോയി.

" നീ അലോഷി സാറിനെ വിളിച്ചിരുന്നോ? "

ഇല്ല എന്ന് തലയാട്ടി ഞാൻ.

" അത് എന്ത് പണിയാ?"

അവന്റെ ചോദ്യത്തിന്

"എനിക്കങ്ങേരുടെ നമ്പർ അറിയില്ല."

എന്ന് പറഞ്ഞ് ഞാൻ കഴിക്കാൻ തുടങ്ങി. അവൻ പോക്കറ്റിൽ നിന്നും ഫോണെടുത്ത് അലോഷ്യസിനോട് കാര്യം പറഞ്ഞു.

" അര മണിക്കൂറിനുള്ളിൽ സാർ എത്താമെന്ന്."

ഫോൺ കട്ട് ചെയ്ത ശേഷം അവൻ പറഞ്ഞു

"അരവിക്ക് ഇന്നെന്താ പരിപാടി?"

"ഇന്ന് ഫുൾ ബിസിയാണ് മോളെ, ബൈക്കിന്റെ കാര്യത്തിൽ ഇത്തിരി ഓട്ടമുണ്ട്. ഇൻഷുറൻസ് നോക്കണം. സ്റ്റുഡിയോയിൽ കുറച്ചു വർക്കുണ്ട്.
സാർ വരട്ടെ ഞാൻ എന്നിട്ടേ പോവുന്നുള്ളൂ. "

അരവി കഴിച്ചവസാനിപ്പിച്ചെഴുന്നേറ്റു. വാഷ്ബേസിനിൽ കൈ കഴുകി തുടങ്ങിയപ്പോൾ

"ഇതെന്താ കലക്കവെള്ളം ? "

കൈവിരലിലെ വെള്ളം മണത്തു നോക്കിക്കൊണ്ടാണവൻ ചോദിച്ചത്.

"അതാ ബോർവെൽ വെള്ളത്തിന്റെയാ "

ഞാൻ പറഞ്ഞു തീരും മുന്നേ അവൻ സ്റ്റെപ്പ് കയറി ടെറസിലേക്കോടിയിരുന്നു.
എന്താണെന്നറിയാൻ ഞാൻ പിന്നാലെ പോവാൻ തീരുമാനിച്ച് പ്ലേറ്റുമായെഴുന്നേറ്റതും

"വേദേ വേഗം വാ "

എന്ന അരവിയുടെ ഭയം കലർന്ന അലറലും ദോശ പ്ലേറ്റുകൾ എന്റെ കൈയിൽ നിന്നും തറയിൽ വീണ് ചിതറിയതും ഒരേ സമയത്തായിരുന്നു..

ഓടിക്കയറുമ്പോൾ സ്റ്റെപ്പിൽ വീണു കാലിലെ തൊലിയിളകി വേദനിച്ചു.മാരണങ്ങൾ ഓരോന്നായി എന്റെ തലയിൽ തന്നെയാണല്ലോ വന്നു പതിക്കണത്.ഇവിടെയുള്ളത് എന്താണാവോ?
ടെറസിലെത്തിയപ്പോൾ അടപ്പു മാറ്റിയ ടാങ്കിലേക്ക് നോക്കി നിൽക്കുകയാണ് അരവിന്ദ് .

"എന്താ അരവി ?"

അവൻ എന്നെ തന്നെ തുറിച്ചു നോക്കി. പിന്നീട് വീണ്ടും ടാങ്കിലേക്ക് നോക്കി. ഞാനും എത്തി നോക്കാൻ ശ്രമിച്ചെങ്കിലും അരവിയുടെ അത്രയില്ലാത്ത ഉയരക്കുറവ് കാരണം ഒന്നും കാണുന്നില്ലായിരുന്നു.
സൈഡിൽ വെച്ചിരുന്ന രണ്ട് ഇഷ്ടിക വെച്ച് ഞാൻ ഉയരക്കുറവ് പരിഹരിച്ചു. മുക്കാലും തീർന്ന വെള്ളത്തിനകത്ത് ആദ്യം പതിഞ്ഞത് മഞ്ഞയിൽ പിങ്ക് പൂക്കളുള്ള ഒരു ബെഡ്ഷീറ്റാണ്. തുണി വിരിച്ചിട്ടപ്പോൾ പറന്നു വീണതാകും.

" ബെഡ്ഷീറ്റ് വീണതിനാണോ നീയിപ്പോൾ കിടന്നു കാറിയത്?"

അവനെ നോക്കി ഞാൻ.

"സൂക്ഷിച്ച് നോക്ക് "

എന്ന് പറഞ്ഞ് അവനെന്നെ അപ്പോഴും തുറിച്ചു നോക്കുകയായിരുന്നു.

പക്ഷേ ഈ കളർ ബെഡ്ഷീറ്റ് ഇവിടെയില്ലല്ലോ എന്ന് ചിന്തിച്ചു കൊണ്ടാണ് വീണ്ടും നോക്കിയത്. കണ്ണുകൾ ടാങ്കിനകത്തെ മങ്ങിയ ഇരുട്ടുമായി പൊരുത്തപ്പെട്ടപ്പോൾ കണ്ണുകളിൽ ഇരുട്ട് മൂടിയത് എനിക്കാണ്.
പുറത്തൊരു വാഹനം വന്നു നിൽക്കുന്ന ശബ്ദം .അരവി താഴേക്കിറങ്ങി പോയി.

അതിനകത്തുള്ളത് മനുഷ്യൻ തന്നെയെന്നറിഞ്ഞ ഞാൻ തളർന്നു. വേഷം കൊണ്ട് അതൊരു സ്ത്രീയാണ് ഒടിഞ്ഞു മടങ്ങി കിടക്കുന്നതിനാൽ മുഴുവൻ കാണാൻ പറ്റുന്നില്ല. ഞാൻ ടെറസിൽ ഇരുന്നു പോയി.

" എവിടെ "

എന്ന ചോദ്യത്തോടെ അരവിക്കൊപ്പം അലോഷ്യസ് കയറി വന്നു. ഞാൻ യാന്ത്രികമായി ടാങ്കിലേക്ക് ചൂണ്ടി.
ടാങ്കിനകത്തും പുറത്തും അലോഷ്യസ് നന്നായി നോക്കി.

" അരവിന്ദ് പോലീസിൽ അറിയിച്ചോ ?"

" ഇല്ല"

"ഉടനെ അറിയിക്കൂ "

അരവി ഉടൻ തന്നെ സ്റ്റേഷനിൽ വിളിച്ചു വിവരം പറഞ്ഞു.
തുടർന്ന് രാവിലെ രാത്രി മുതൽ തൊട്ടു മുന്നേ വരെയുള്ള കാര്യങ്ങൾ പറഞ്ഞു.
ഞാൻ സത്യം പറഞ്ഞാൽ തളർന്നു തുടങ്ങിയിരുന്നു. താങ്ങായി അരവി കൂടി ഇല്ലെങ്കിൽ......

"വേദ താഴേക്ക് പോയ്ക്കോളൂ"

എന്റെ അവസ്ഥ മനസിലാക്കിയ അലോഷ്യസ് പറഞ്ഞു.
വേണ്ടായെന്ന് ഞാൻ തലയാട്ടി.
പത്ത് മിനിട്ടിനുള്ളിൽ പോലീസ് വാഹനം വന്നു.അതിൽ നിന്നും ജെയിംസ് ജോർജ്ജിറങ്ങി വന്നു. അടുത്ത വീടിന്റെ മതിലിൽ രണ്ടു തലകൾ കണ്ടു.
എങ്ങനെയാണെന്നറിയില്ലകമ്പികുട്ടൻ.നെറ്റ് ചാനലുകാർ വീടുവളഞ്ഞു തുടങ്ങിയിരുന്നു. അക്കൂട്ടത്തിൽ സ്വന്തം ചാനലും, ആരേയും മുകളിലേക്ക് കടത്തിവിടാതെ പോലീസ്കാർ സെക്യൂരിറ്റി തീർത്തു.
എന്നിട്ടും സമീപത്തെ വീടിന്റെ ടെറസിലും മലിലും അവർ അട്ടയെ പോലെ പറ്റിപ്പിടിച്ചിരുന്നു.

" ആരാ ബോഡി ആദ്യമായി കണ്ടത്?"

"ഞാനാ "

അരവി മുന്നോട്ട് വന്നു.

"നിങ്ങൾ വേദയുടെ .....?"

"ഒരുമിച്ചാണ് ചാനലിൽ വർക്ക് ചെയ്യുന്നത് പിന്നെ അയൽവാസിയുമാണ്. "

" ഇത്.....?"

അലോഷ്യസിനെ ചൂണ്ടിയാണ് ചോദിച്ചത്.അരവി എന്തോ പറയാൻ തുനിയുന്നതിനിടയിൽ കയറി അലോഷ്യസ് പറഞ്ഞു.

"ഞങ്ങൾ ഫ്രണ്ട്സാണ്. ഇങ്ങനെയൊരു സംഭവം നടന്നു എന്നറിഞ്ഞപ്പോൾ ഓടി വന്നതാണ്."

സ്വന്തം ഐഡന്റിറ്റി മറച്ചു വെച്ചാണ് അദ്ദേഹം പറഞ്ഞത്.

" ഈ ബോഡിയുള്ളതെങ്ങനെ മനസിലായി വേദ ?"

എന്നോടുള്ള ചോദ്യത്തിന് ഉത്തരം പറഞ്ഞത് അരവിയായിരുന്നു.

"കൈ വാഷ് ചെയ്യുമ്പോൾ വെള്ളത്തിലെ കളറുമാറ്റവും രക്ത ഗന്ധവും കണ്ടാ ഞാനോടി വന്നു നോക്കിയത്."

" ഇതിനകത്ത് ബോഡിയുണ്ടെന്നു നിങ്ങൾക്കുറപ്പുണ്ടായിരുന്നോ? "

പരിഹാസം പോലെയായിരുന്നു ചോദ്യം.

" ഇല്ല സർ, രക്ത ഗന്ധം അനുഭവപ്പെട്ടപ്പോൾ എന്തോ എനിക്കങ്ങനെ ഓടിവരാൻ തോന്നി. ടാങ്കിൽ എന്തോ അത്യാഹിതം നടന്നെന്നു മനസു പറഞ്ഞിരുന്നു."

SI ഒന്നിരുത്തി മൂളി.
ബോഡി ടാങ്കിൽ നിന്നും എടുക്കപ്പെട്ടു .ടെറസിൽ വെച്ച സ്ട്രെച്ചറിൽ കിടത്തി.ആ പെണ്ണുടലിനു തല ഇല്ലായിരുന്നു.
മൂർച്ചയേറിയ ഏതോ ആയുധത്താൽ മുറിച്ചുമാറ്റിയ കഴുത്ത് ഭാഗത്തെ മാംസം വെള്ളത്തിൽ കിടന്നതിനാൽ രക്തമയം വാർന്ന് വെളുത്ത് കാണപ്പെട്ടു.
ഭയം കാരണം എന്റെ മുഖവും വിളറി വെളുത്തിരുന്നു. വിശദമായ ചോദ്യോത്തരങ്ങൾക്ക് ശേഷം ബോഡി കൊണ്ടുപോയി. ഞാൻ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സുനിതയുടെ മുറി Si വിശദമായി പരിശോദിച്ചു.കൂട്ടത്തിൽ അലോഷ്യസും.

"വേദ ഇനി മുതൽ ഈ വീട്ടിൽ താമസിക്കുന്നത് സേഫല്ല. ഒരു ഹോസ്റ്റലിലേക്കോ ബന്ധു വീട്ടിലേക്കോ മാറുന്നതാണ് ഉചിതം."

ഇറങ്ങാൻ നേരം എസ് ഐ പറഞ്ഞു. അയൽപക്കത്തുള്ളവരും പിരിഞ്ഞു പോയി. എല്ലാം തകർന്നതു പോലെ ഞാനിരുന്നു.

"വേദ ....."

അരവിയുടെ ശബ്ദം ഞാൻ തലയുയർത്തി.

"നീയിനി എല്ലാ കാര്യത്തിലും വല്ലാതെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കഴിക്കുന്ന ഭക്ഷണത്തെ പോലും "

" ഉം "

ഞാൻ മൂളി..

" അരവി വേദ ഇനി മുതൽ നിന്റെ വീട്ടിൽ നിൽക്കട്ടെ.അവിടാകുമ്പോൾ ആളുണ്ടാവുമല്ലോ"

അലോഷ്യസ് കണ്ട പോംവഴിയാണിത്.

" അവരെന്നെ കൊല്ലില്ല സർ, "

എന്റെ ഉറച്ച സ്വരം കേട്ടാവാം രണ്ടുപേരുടേയും മുഖത്ത് ഞെട്ടൽ.

" എന്നെ ഭയപ്പെടുത്തണം അതാണവരുടെ ലക്ഷ്യം. അതിൽ അവർ ഒരു പരിധി വരെ വിജയിച്ചിരിക്കുന്നു എന്ന് ഞാനും സമ്മതിക്കാം. പക്ഷേ, അവരുടെ ലക്ഷ്യം നടക്കില്ല."

"നീയെന്താ പറഞ്ഞു വരുന്നത്?"

അരവിയുടെ ചോദ്യം.

"ഭയന്നോടാൻ വയ്യാന്ന്. ചാവുന്നെങ്കിൽ ചാവട്ടെ, എന്ന് കരുതി ഒളിച്ചിരിക്കണോ ഞാൻ? ഭീരുക്കൾക്ക് ചേർന്ന ജോലിയല്ല ജേർണലിസമെന്ന് എനിക്ക് നന്നായിട്ടറിയാം. കാര്യങ്ങൾ പഴയതുപോലെ തന്നെ പോകട്ടെ."

" പക്ഷേ വേദ കരുതുന്നതു പോലെ അല്ല കാര്യങ്ങൾ, എതിരാളികൾ ആരെന്നോ, അവരുടെ ലക്ഷ്യമെന്തെന്നോ അറിയാനിതുവരെ കഴിഞ്ഞിട്ടില്ല."

അലോഷ്യസിന്റെ സംസാരത്തെ പാടെ അവഗണിച്ചു കൊണ്ട് ഞാൻ മുറിയിലേക്ക് പോയി. തിരികെ വരുമ്പോൾ ഞാൻ ഓരോ എപ്പിസോഡിന്റേയും ഫുൾ റിപ്പോർട്ട് തയ്യാറാക്കിയ ഫയൽ ഉണ്ടായിരുന്നു.അത് അലോഷ്യസിന്റ നേരെ നീട്ടി.

" ഇതിൽ 2013 ൽ ആരംഭിച്ച എന്റെ പ്രോഗ്രാമിന്റെ ഡീറ്റയിൽസ് അക്കമിട്ട് 152 ഫയലുകളുള്ളതിൽ നിന്നും കുറച്ചു ഫയലുകൾ മിസ്സിംഗാണ്. കറക്റ്റായി പറഞ്ഞാൽ 2013 ഏപ്രിൽ 4,11,18, 25 എന്നീ ദിവസത്തെയും 2016 ഓഗസ്റ്റ് 18, 25 സെപ്റ്റംബർ 1ലേയും ഫയലുകൾ ചേർത്ത് നഷ്ടമായത് 7 ഫയലുകൾ."

" അതേത് ഫയലാണ്. ആരുടെ കേസാണ് എന്ന് പറ"

അലോഷിയുടെ ജിജ്ഞാസ.

"ഓഫീസിലെ സിസ്റ്റത്തിൽ നോക്കണം. എന്റെ ലാപ് സാമുവൽ സാറിന്റെ വീട്ടിലാണ്."

പറഞ്ഞു തീരും മുന്നേ അലോഷ്യസിന്റെ ഫോൺ ശബ്ദിച്ചു അദ്ദേഹം കോൾ അറ്റന്റ് ചെയ്തു കൊണ്ട് പുറത്തേയ്ക്കു പോയി അൽപ സമയത്തിനുള്ളിൽ തിരികെ വന്നു.
അദ്ദേഹത്തിന്റെ മുഖം വലിഞ്ഞു മുറുകിയിരുന്നു.

"സർ,എന്തെങ്കിലും ന്യൂസ്?"

രണ്ടും കൽപിച്ച് ഞാൻ ചോദിച്ചു.

" ഉം..... സുനിതയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നു. പ്രതീക്ഷിക്കാത്ത പലതും അതിലുണ്ട്."

"സർ തെളിച്ചു പറ"

" ഭർത്താവു മരിച്ചിട്ട് വർഷങ്ങളോളമായ സുനിതയുടെ ഗർഭപാത്രത്തിൽ ആഴ്ചകൾ പ്രായമുള്ള ഭ്രൂണമുണ്ടായിരുന്നു "

ഞെട്ടൽ തോന്നിയെനിക്ക് അഞ്ച് വർഷമായി കൂടെയുണ്ടായിരുന്ന വിശ്വസ്ഥയായ ജോലിക്കാരി .

" അതു മാത്രമല്ല അവളുടെ വലതു കൈപ്പത്തി മുറിച്ചുമാറ്റിയിട്ടുണ്ടായിരുന്നു. ആന്തരാവയവങ്ങളിൽ ഹൃദയം കിഡ്നി ചെറുകുടൽ തുടങ്ങിയ ഉണ്ടായിരുന്നില്ല.ഷോൾഡറിന്റെ പിൻഭാഗത്ത് ആഴത്തിൽ മുറിവുണ്ടായിട്ടുണ്ട്. കഴുത്തിലെ മുറിവിൽ നിന്നുണ്ടായ രക്തസ്രാവമാണ് മരണകാരണം."

തരിച്ചിരിക്കാനെ എനിക്കു കഴിഞ്ഞുള്ളൂ .എന്റെ അതേ അവസ്ഥയിൽ തന്നെയായിരുന്നു അരവിയും.

"പിന്നെ ഒരു കാര്യം ഞാനെന്തായാലും മുരുകേശനെ ഒന്നു തപ്പട്ടെ.അതിനു മുന്നേ നിങ്ങൾ ഞാനുമായി കോൺഡാക്റ്റ് ചെയ്യാൻ ഇനി മുതൽ ഈ ഫോൺ മാത്രം ഉപയോഗിക്കുക. ഇതിൽ നിന്നു എന്നെ മാത്രമേ വിളിക്കാവൂ. ഞാൻ ആരാണെന്ന ചോദ്യത്തിന് നിങ്ങളുടെ സുഹൃത്ത് എന്ന മറുപടി മാത്രമേ ആർക്കും നൽകാവൂ."

മുന്നിലേക്ക് രണ്ട് ഫോണുകൾ നീട്ടിയാണ് അലോഷ്യസ് പറഞ്ഞത്.

"എതിരാളികൾ ചില്ലറക്കാരല്ലാത്ത സ്ഥിതിക്ക് നിങ്ങളുടെ ഫോൺ കോളുകൾ ചോർത്തിയെടുക്കാൻ സാദ്ധ്യതയുണ്ട്.. "

അലോഷ്യസ് പോയി കുറേ നേരം കഴിഞ്ഞിട്ടും ഞാനതേ പോലെ തന്നെ ഇരിക്കുകയായിരുന്നു.അരവിയിൽ അന്നുവരെ ഇല്ലാത്ത ഒരു ഭയം ഞാൻ കണ്ടു.

"നിനക്ക് പേടിയുണ്ടോടാ ?"

" പേടിയല്ലടി, അവരുടെ ലക്ഷ്യമെന്താണെന്നറിയാഞ്ഞിട്ടുള്ള ഒരു എന്താ പറയാ...... "

ഞാൻ കൈയെടുത്തു തടഞ്ഞു.

"മതി മതി ഉരുളണ്ട. സുനിത ഒന്നുകിൽ അവർക്കൊപ്പം നിന്നു നമ്മളെ ചതിച്ചു അല്ലെങ്കിൽ നിർബന്ധിതയായതാവാം. അതിന്റെ ശിക്ഷ മരണമായി വാങ്ങി"

അരവി വെറുതെ കേട്ടിരുന്നതേ ഉള്ളൂ.

" അരവി നമുക്കാ അലമാര തുറക്കാൻ ശ്രമിക്കാം. ചിലപ്പോൾ എന്തെങ്കിലും കച്ചിത്തുരുമ്പു കിട്ടിയാലോ?"

അവന്റെ കണ്ണിലും ഒരു പ്രതീക്ഷ. ഞങ്ങൾ പലതരത്തിൽ ശ്രമിച്ചു നോക്കി.ഒടുവിൽ നേർത്ത ചെറിയ അലൂമിനിയം കമ്പി വളച്ച് തിരിച്ച് ഒരു വിധത്തിൽ അലമാര തുറന്നു.
വൃത്തിയായി മടക്കി വെച്ച തുണിത്തരങ്ങൾ, പാതി തീർന്ന ഒരു സ്പ്രേ ബോട്ടിൽ, ഒരു ഡയറി, ഫെഡറൽ ബാങ്കിലെ പാസ് ബുക്ക് ഉണങ്ങിയ ആലിലയിൽ ക്ഷേത്രത്തിലെ കളഭവും പൂവും, ഒരു ഷോൾഡർ ബാഗിൽ കുറച്ചു കമ്പികുട്ടൻ.നെറ്റ്പഴന്തുണി, ചില്ലറത്തുട്ടുകളിടുന്ന ഒരു കാശുകുടുക്ക, ഒരു സ്പടികപാത്രത്തിന് സമാനമായ സിന്ദൂരച്ചെപ്പ്,കൂടാതെ ഒരു തലയാട്ടും തഞ്ചാവൂർ ബൊമ്മയും, കളിമണ്ണിൽ തീർത്ത ഒരു വിളക്കേന്തിയ വനിതയുടെ പ്രതിമയും.
വിളക്കേന്തിയ വനിത ഞാൻ തന്നെയാണ് സുനിതയ്ക്ക് നൽകിയത്. നൽകിയതല്ല ദൂരെ കളയാൻ വേണ്ടി കൊടുത്തതാണ്.
ആ പ്രതിമയിൽ അച്ഛന്റെയും അമ്മയുടേയും രക്തമുണങ്ങിക്കിടപ്പുണ്ട്.
ആക്സിഡണ്ട് നടക്കുമ്പോൾ കാറിലുണ്ടായിരുന്നതാണ് അത്.
കണ്ണ് നിറയുന്നുണ്ട്.

ഡയറിയിൽ ഒന്നുമെഴുതിയിട്ടില്ല. 35 വയസു തോന്നിരുന്ന യുവാവിന്റെ പഴയ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോ.മരണപ്പെട്ട ഭർത്താവായിരിക്കാം.പാസ് ബുക്ക് ഞാൻ നോക്കി രണ്ടു മാസം മുന്നേ എടുത്ത എക്കൗണ്ട് .

അരവിയുടെ കൈ തട്ടി സിന്ദൂരചെപ്പ് തറയിലേക്കുരുണ്ടു വീണു. ഉരുണ്ടുരുണ്ടവ അലമാരയ്ക്ക് കീഴേക്ക് പോയി.അരവിയത് കുനിഞ്ഞെടുക്കാൻ ശ്രമിച്ചു. അലമാരയുടെ താഴെക്ക് കൈ നീട്ടി. കൈ പിൻവലിച്ചപ്പോൾ അവന്റെ കൈയിൽ സുനിതയുടെ ഫോണിന്റെ ഫ്രണ്ട് ഭാഗവും ബാറ്ററിയും ഉണ്ടായിരുന്നു.
ഒന്നുകൂടി തപ്പിയപ്പോൾ സിമ്മും പിന്നിലെ കേയ്സും കൂടി കിട്ടി. ഫോൺ നാല് പാർട്ടായി പോകണമെങ്കിൽ ശക്തമായി തെറിച്ച് വീഴണം. അതിനർത്ഥം ഈ മുറിയിൽ വെച്ച് പിടിവലി നടന്നിട്ടുണ്ടാവും അപ്പോഴാവും ഫോൺ തെറിച്ച് പോയത്.സിമ്മും ബാറ്ററിയും നന്നായി ചെയ്യ് സെറ്റ് ഓൺ ചെയ്തു. അതിലെ കാൾ ലിസ്റ്റ് പരിശോധിച്ചു.
ലാസ്റ്റ് ഇൻകമിംഗും ഔട്ട് ഗോയിംഗൂം ഒരേ നമ്പർ.

"ഈ നമ്പർ നിനക്ക് പരിജയമുണ്ടോ?"

അവസാനം 144 വരുന്ന Devendhran എന്ന് സേവ് ചെയ്ത നമ്പർ കാണിച്ച് അരവിന്ദ് ചോദിച്ചു. ഇല്ലെന്ന് ഞാൻ തലയാട്ടി.

" ഈ നമ്പറിലേക്കാണ് ഇതിൽ നിന്നും കൂടുതൽ കോളുകൾ പോയിട്ടുള്ളത്. പക്ഷേ കാൾ ഡ്യൂറേഷൻ ഒന്നോ രണ്ടോ മിനിട്ടേ ഉള്ളൂ."

"നീ ദീപ്തിയോട് ഇതിന്റെ ഡീറ്റയിൽസ് എടുത്തു തരാൻ പറ"

വോഡാഫോണിൽ വർക്ക് ചെയ്യുന്ന അരവിയെ ഇഷ്ടമുള്ള ഒരു പെൺകുട്ടിയാണ് ദീപ്തി.തിരിച്ചായിഷ്ടം അവനില്ലെങ്കിലും പലപ്പോഴായി ഇതുപോലുള്ള സഹായങ്ങളുടെ പേരിൽ ഞങ്ങളാ ഇഷ്ടം മുതലെടുത്തിട്ടുണ്ട്.

"സുനിതയുടെത് വോഡാഫോണാണോ?"

ചുണ്ടിൽ ഒരു ചിരിയോടെ അവൻ ചോദിച്ചു.

" ഉം.... മാത്രമല്ല ദേവേന്ദ്രനെന്ന ഈ നമ്പറും വോഡാഫോണാവാനാ സാധ്യത. നീ ട്രൂകാളർ നോക്ക് "

അവന്റെ ഫോണിൽ ട്രൂ കോളറിൽ ആ നമ്പർ വോഡാഫോൺ കേരള എന്നു മാത്രമേ കാണുന്നുള്ളായിരുന്നു.
അവൻ ദീപ്തിയെ വിളിച്ചു കാര്യം പറഞ്ഞു.

"ഉച്ച കഴിഞ്ഞ് സെൻഡ്രൽ മാളിൽ ചെല്ലാൻ. അവൾ എല്ലാം എടുത്തു തരുന്ന്. നീയെന്നെ കൊലയ്ക്കു കൊടുക്കുമല്ലോ?"

കണ്ണിറുക്കി ചിരിച്ചു ഞാൻ.കമ്പനിയറിഞ്ഞാൽ അവളുടെ ജോലി പോലും പോവുന്നതാണെന്ന് അറിയാമായിരുന്നിട്ടും അവളത് ചെയ്യുമെന്ന് എനിക്കും അരവിക്കും അറിയാമായിരുന്നു.

"നീയെന്നെ സാമുവൽസാറിന്റെ വീട്ടിൽ വിടാമോ. അവിടെയാണ് കാറുള്ളത്. ലാപ് എടുക്കണം. അത്യാവശ്യമായി മിസ്സായ ഫയലേതൊക്കെയാണെന്നു കണ്ടു പിടിക്കണം. എങ്കിലേ മുന്നോട്ട് പോകാൻ പറ്റു. ?"

" നീ റെഡിയാവ് പിന്നെ സുനിതയുടെ ഫോൺ ഓഫ് ചെയ്ത് തന്നെ ഇരിക്കട്ടെ."

" ഉം. നീ ജോണ്ടിയെ ഒന്ന് വിളിക്ക് അവന്റെ കസിൻ കലൂരിൽ ഒരു ഹോസ്റ്റലിലാ, അവിടെ താമസം റെഡിയാക്കണം."

ഒരു ട്രാവൽ ബേഗിൽ അത്യാവശ്യം സാധനങ്ങൾ നിറച്ച ശേഷം ഞാനവനോട് പറഞ്ഞു.
ഫോണെടുത്തപ്പോൾ അതിനകത്ത് 15 മിസ്ഡ് കോൾ.അതിൽ 4 എണ്ണം സാമുവൽസാറിന്റേത്. 2 എണ്ണം ഗായത്രീ മേഡത്തിന്റേത്. ഒരെണ്ണം ജോണ്ടിയുടേത്.ഞാൻ സാമുവേൽ സാറിനെ തിരിച്ചുവിളിച്ചു. കുറേ നേരത്തെ റിംഗിനു ശേഷം ഫോൺ എടുത്തു.

"സാർ.... "

" എന്താണു കുട്ടീ ഞാനീ കേട്ടത് ?"

"സർ ഞാനങ്ങോട്ടിറങ്ങുകയാണ്. വന്നിട്ട് പറയാം."

" ഞാനും വൈഫും വീട്ടിലില്ല ഇന്നലെ വൈകീട്ട് വൈഫിന്റെ അമ്മയ്ക്ക് വയ്യാതായി, ഞങ്ങൾ വൈഫൗസിലാണ്. ന്യൂസ് കണ്ടപ്പോൾ മുതൽ വിളിക്കുന്നു.പേടിക്കണ്ട സത്യസന്ധമായ പത്രപ്രവർത്തകർക്കു നേരെ ഇങ്ങനെയൊക്കെയുണ്ടാവും അതോർത്തു ഭയം വേണ്ട."

"ഭയമില്ല സർ, പിന്നെ എനിക്ക് കാറെടുക്കണമല്ലോ? എന്തെങ്കിലും വഴി?
"
"ഗേറ്റിന്റെ കീ ഞാൻ കോളനി സെക്യൂരിറ്റിയെ ഏൽപിച്ചിട്ടുണ്ട് ഞാൻ വിളിച്ചു പറയാം നീ ചെല്ല് "

"ഞാൻ 40 മിനിട്ടിനുള്ളിൽ വരുമെന്ന് പറയണേ "

ഫോൺ കട്ടായി .തുടർന്ന് ഗായത്രീ മേഡത്തിനെ വിളിച്ചെങ്കിലും കിട്ടിയില്ല.

സാമുവേൽ സാറിന്റെ വീടെത്തി. സെക്യൂരിറ്റി കീയുമായി വന്നിട്ടുണ്ടായിരുന്നു.എന്റെ നിർബന്ധത്തിനു വഴങ്ങി അരവിയും ഇറങ്ങി.അരവി സെക്യൂരിറ്റിയുമായി സംസാരിക്കുന്ന സമയം ഞാൻ ട്രാവൽബേഗ് വണ്ടിയിൽ വെക്കാൻ പോയി. ഡിക്കി തുറന്ന ഞാൻ ഭയത്താൽ രണ്ടടി പിന്നോട്ട് വേച്ചുപോയി ഒരു വേള എന്റെ ശ്വാസം നിലച്ചു.

"അരവീ.... "

എന്റെ ശബ്ദമുയർന്നു.അരവി ഓടി വന്നു. ഡിക്കിയിൽ വിരിച്ച ഷീറ്റിൽ മൊത്തം കട്ടപിടിച്ച രക്തത്തിനൊപ്പം ഒരു മൂർച്ചയേറിയ രക്തക്കറ പുരണ്ട കത്തിയും ഒരു പ്ലാസ്റ്റിക് കൂടും. ഞാൻ ധൈര്യത്തോടെ നിൽക്കാൻ ശ്രമിച്ചെങ്കിലും പതറിപ്പോയി
ശബ്ദം കേട്ട് സെക്യൂരിറ്റി ഓടി വന്നു. അയാളിൽ അന്ധാളിപ്പ്. കവറിൽ തൊടാനാഞ്ഞ അരവിയെ ഞാൻ തടഞ്ഞു.

" അരവി വേണ്ട തൊടണ്ട ഇതെന്നെ പൂട്ടാനുള്ള വഴിയാണ്. നീ പിന്നാലെ വാ ഞാൻ സ്റ്റേഷനിലേക്ക് പോകുകയാ."

ഡിക്കിയടച്ച് ബേഗ് സീറ്റിലേക്കു വെച്ച് ഡ്രൈവിംഗ് സീറ്റിലേക്കിരുന്നപ്പോൾ എനിക്ക് വല്ലാത്ത ധൈര്യമായിരുന്നു.

"എടീ ലാപ് ....."

അരവി പാതിക്കു നിർത്തി.ഞാനതേപറ്റി മറന്നു പോയിരുന്നു. ഭയത്തോടെ ഞാൻ പിൻസീറ്റിലേക്ക് നോക്കി. ലാപിന്റെ ബേഗുകാണുന്നുണ്ട്.
ഞാനിറങ്ങി ബേക്ക് ഡോർ തുറന്ന് ബേഗെടുത്തു പരിശോധിച്ചു. ഭാഗ്യം ലാപ് അതിനകത്തുണ്ട്.

" സേഫ് ഡാ"

അരവിക്ക് കൈ കാണിച്ചു.

"നീ കാക്കനാട് സ്റ്റേഷനിലേക്കല്ലെ?"

അവന്റെ ചോദ്യത്തിനു അതെയെന്നു തലയാട്ടി ഞാൻ.

കാർ സ്പീക്കറിലേക്ക് ഫോൺ കണക്ട് ചെയ്ത് ഞാൻ സാമുവേൽ സാറിനോട് കാര്യം പറഞ്ഞു.സ്റ്റേഷനിൽ കാറുമായി ഹാജരാവാനാണ് അദ്ദേഹവും പറഞ്ഞത്.
ഇനിയൊരിടത്തും പതറരുത്.
സ്റ്റേഷനിൽ എത്തിയപ്പോൾ സമയം 1.52 കഴിഞ്ഞിരുന്നു.
എസ് ഐ ഊണുകഴിക്കാൻ പോയതിനാൽ കുറച്ചു നേരം വെയ്റ്റ് ചെയ്യേണ്ടി വന്നു.ഞാൻ കാറിൽ പോയിരുന്നു.അപ്പോഴാണ് ഫോൺ ശബ്ദിച്ചത്, ഗായത്രീ മേഡമാണ്.

"വേദ നീയെവിടെ കുട്ടി?"

ആധി കയറിയ സ്വരം.

" ഞാൻ സ്റ്റേഷനിലാണ് മാം"

"ഏത് സ്റ്റേഷനിൽ? ഞാനിവിടെ നിന്റെ വീടിനു വെളിയിലുണ്ട്."

" തൃക്കാക്കര സ്റ്റേഷനിലാണ് മേഡം ഇങ്ങോട്ട് വരാമോ?"

" വരാം"

ഫോൺ കട്ട് ചെയ്തു മുഖമുയർത്തിയപ്പോൾ മുന്നിൽ കറുത്ത വാഗൺR ഗേറ്റു കടന്നു വരുന്നുണ്ടായിരുന്നു. കാറിൽ നിന്നിറങ്ങിയ അലോഷ്യസ് എന്നെ ലക്ഷ്യം വെച്ചു നടന്നു.ഞാൻ പുറത്തിറങ്ങി, അരവി വിളിച്ചു പറഞ്ഞതാവാം.കാര്യങ്ങൾ അറിഞ്ഞ അലോഷ്യസ് ഡിക്കിയിൽ പോയി നോക്കി.
അപ്പോഴേക്കും അരവിയും എത്തി .

" അവരുടെ ലക്ഷ്യം എന്തായാലും വേദയെ കൊല്ലുക എന്നതല്ല എന്നുറപ്പായെങ്കിലും സൂക്ഷിക്കുക. പിന്നെ കർണാടക റജിസ്ട്രേഷൻ വൈറ്റ് സ്ക്കോഡയുടെ ഡീറ്റയിൽസ് കിട്ടിയിട്ടുണ്ട്.ഒരു അരുൺ ഗുപ്തയുടെതാണ് കാർ.ഞാൻ അവിടെയുള്ള ഏജൻസിയുമായി ബന്ധപ്പെട്ടപ്പോൾ 5 ദിവസം മുന്നേ സ്ക്കോഡ നഷ്ടപ്പെട്ടു എന്നു പറഞ്ഞ് മാർത്താഹള്ളിലെ ലോക്കൽ സ്റ്റേഷനിൽ ഒരു പരാതി കിട്ടിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ ഇന്നലെ വൈകുന്നേരം ലോക്കൽ ഗുണ്ടയായ പാണ്ഡ്യനെ അറസ്റ്റ് ചെയ്തു. ഷോപ്പിംഗ് മോളിലെ പാർക്കിംഗിലെ CCTC ദൃശ്യങ്ങളുടെ സഹായത്തോടെയാണ് അറസ്റ്റ് നടന്നത്. "

എന്റെയും അരവിയുടെയും മുഖത്ത് പ്രത്യാശ തിളങ്ങി. അലോഷ്യസ് തുടർന്നു.

" പ്രശ്നം അതൊന്നുമല്ല. ആ കാർ പാണ്ഡ്യന്റെ കൈയിൽ നിന്നും മറ്റാരോ മോഷ്ടിച്ചിരിക്കുന്നു.എല്ലാ ജില്ലയിലേക്കും നമ്പർ കാണിച്ച് മെസ്സേജ് പോയിട്ടുണ്ട്. വൈകുന്നേരത്തിനുള്ളിൽ വിവരം ലഭിക്കും."

എസ് ഐ വന്നു എന്നും പറഞ്ഞ് ഒരു കോൺസ്റ്റബിൾ എനിക്കടുത്തേക്ക് വന്നു.

കേബിനകത്ത് കയറി എസ് ഐ യോട് സംസാരിക്കാൻ ഞാൻ തനിച്ചാണ് പോയത്.സംസാരശേഷം എസ് ഐ പുറത്തേക്ക് വന്നു.

"താൻ ഇപ്പോൾ ഞങ്ങൾക്കൊരു തലവേദനയാണല്ലോ വേദ.?പത്രക്കാരെന്നും പോലീസിനു തലവേദനയാണ്."

ഞാനതിന് മറുപടി പറഞ്ഞില്ല. പുറത്തപ്പോൾ വാഗൺR ഉണ്ടായിരുന്നില്ല. പകരം ഗായത്രീ മേഡം അരവിയോട് സംസാരിച്ചു നിൽപുണ്ടായിരുന്നു.

"തനിക്കെങ്ങനെയാടോ ഇത്രയും ശത്രുക്കൾ, തന്റെ അടുത്ത പ്രോഗ്രാമെന്നാ?ഇനിയേതായാലും അത് കണ്ടിട്ട് തന്നെ ബാക്കി കാര്യം."

" മാർച്ച് 30 വ്യാഴം രാത്രി 9.30 "

സംസാരിച്ചു ഞങ്ങൾ കാറിനടുത്തെത്തി.

" ആ മരിച്ച പെണ്ണിന്റെ ബോഡി ഐഡന്റി ഫൈ ചെയ്യാൻ കഴിഞ്ഞിട്ടില്ല. രണ്ട് ദിവസമായി മിസ്സിംഗ് കേസൊന്നും ജില്ലയിൽ റിപ്പോർട്ട് ചെയ്യാത്തതിനാൽ വെയ്റ്റ് ചെയ്യുകയേ നിവൃത്തിയുള്ളൂ."

കൂടെ വന്ന പോലീസുകാരനോട് കാറിന്റെ വിക്കി പൊക്കാൻ SI ആഗ്യം കാണിച്ചു.
കർച്ചീഫ് വെച്ച് കത്തിയും പ്ലാസ്റ്റിക് കൂടും എടുത്തു.എസ് അത് തുറക്കാൻ പറഞ്ഞു. അതിനകത്ത് നിറയെ രക്ത പശയിൽ ഒട്ടിപ്പോയ നീണ്ട സ്ത്രീ മുടിയായിരുന്നു.

" പോലീസ് പ്രൊട്ടക്ഷനും കൂട്ടത്തിൽ ഇതു കൂടി ചേർത്ത് വെച്ച് ഒരു പരാതി എഴുതി തരണം.കാർ തൽക്കാലം പോലീസ് കസ്റ്റഡിയിൽ നിൽക്കട്ടെ. എന്താവശ്യമുണ്ടായാലും വിളിപ്പിക്കാം. ആലുവാ സ്റ്റേഷനിലേക്ക് തന്നെ പിന്നെ വിളിപ്പിച്ചിരുന്നോ? "
"
"ഇല്ല"
"okiഎത്രയും വേഗം പ്രതികളെ പിടിക്കുന്നതാണ്. വേദയുടെ സഹകരണവും വേണം "

SI പറഞ്ഞു.
പരാതി എഴുതി ഒപ്പിട്ട് കൊടുത്തതിനു ശേഷം
ഞാൻ കാറിൽ നിന്നും ബാഗുകൾ എടുത്ത് സക്കുട്ടിയുടെ മുന്നിൽ വെച്ചു.ലാപ് ടോപ്പ് ബേഗ് ഷോൾഡറിൽ തൂക്കി 'അരവിയും ഞാനും കൂടി ഗേറ്റിനടുത്തെത്തിയതും എതിരെ ഗായത്രിയുടെ കാർ വന്നു.

" അരവി ഞാൻ മേഡത്തോടൊപ്പം വരാം.നീ ബേഗ് ഓഫീസിൽ വെയ്ക്ക്."

അരവി പോയതിനു ശേഷമാണ് ഞാൻ കാറിൽ കയറിയത്. കാര്യങ്ങളുടെ നിജസ്ഥിതി മേഡത്തോട് പറയുന്നതിനിടയിലാണ് സാമുവേൽ സാർ വിളിച്ചത്.
സാറിന്റെ സംസാരത്തിൽ നിന്നും സെക്യൂരിറ്റി ഏതാണ്ടൊക്കെയോ പറഞ്ഞു തെറ്റിദ്ധരിപ്പിച്ചൂന്നു മനസിലായി.

"സർ എപ്പോൾ തിരിച്ചു വരും "

"ഞാൻ വന്നുകൊണ്ടിരിക്കുകയാണ്."

" ഒകെ, സർ നേരെ സ്റ്റുഡിയോയിലേക്ക് വാ. ഞാനവിടുണ്ടാവും"

ഫോൺ കട്ട് ചെയ്ത് ഞാൻ സീറ്റിലേക്ക് ചാരി കണ്ണുകളടച്ച് കിടന്നു. എന്റെ വലതു കൈപ്പത്തിയിൽ എസി യിലെ കുളിരിലും ഒരിളം ചൂട്.
സാന്ത്വനമായ് ഗായത്രിയുടെ കൈ .

ഗായത്രിയുടെ നിർബന്ധപ്രകാരം ആര്യയിൽ കയറി ഓരോ മസാല ദോശ കഴിച്ചിറങ്ങി.
ഓഫീസിലെത്തിയ പാടെ ഞാൻ ലാപ് ഓൺ ചെയ്തു.
പ്രോഗ്രാം ഫയലുകൾ തപ്പിയെടുക്കാൻ എന്റെ വെപ്രാളമാകാം സമയമെടുത്തു. ക്ഷമ എന്നിൽ നിന്നും അകന്നു പോയിരുന്നു.
ഫയലുകൾ ഓരോന്നായി ഞാൻ നോക്കി ഒടുവിൽ
2013 ഏപ്രിൽ 4 എത്തി.
'ഡോക്ടർ ആഷ്‌ലി സാമുവേൽ (27) കേസാണ്.ഇവരുടെ കൊലപാതകത്തെക്കുറിച്ച് 4, 11,18,25 നാല് എപ്പിസോഡ് വേണ്ടി വന്നു. പിന്നെയുള്ളത് 2016 ഓഗസ്റ്റ് 18 അത് ട്രക്ക് ഡ്രൈവർ അവിനാഷിന്റെ കൊലപാതകം. പ്രതി ഇപ്പോഴും ആരാണെന്നു തെളിയിക്കപ്പെടാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല അവിനാഷിന്റെ ഭാര്യ മിസ്സിംഗാണ്.
ഈ രണ്ട് ഫയലും രണ്ടിടത്തു നടന്നതും പരസ്പരം യാതൊരു ബന്ധവുമില്ലാത്തതാണ്.

ഫോണിൽ മെസഞ്ചർ കോൾ റിംഗ് കേട്ട് ഞാൻ നോക്കി.
Sai Siva ആയിരുന്നു. പാലക്കാട് സജീവിന്റെ വീടിന്റെ ഫോട്ടോ അയച്ചു തന്ന, സൂക്ഷിക്കണമെന്നു മെസ്സേജയച്ച sai. രണ്ടും കൽപിച്ച് ഞാൻ കാൾ അറ്റന്റ് ചെയ്തു.

"ഹലോ ....."

മറുവശത്ത് കാൾ കണക്ടാവുന്നതേ ഉള്ളൂ.

"ഹലോ..... ഹലോ ശിവ ?"

"ഹലോ.... "

മറുതലയ്ക്കൽ സ്ത്രീ സ്വരം.

" യെസ് പറയൂ, നിങ്ങൾ ആരാണ്?"

"ഹലോ..."

കോൾ ഡിസ്കണക്ടായി. നോക്കിയപ്പോൾ ഫോൺ ചത്തിരുന്നു.ലാപ്പിൽ ഫേസ് ബുക്ക് ലോഗിൻ ചെയ്തു. Sai Siva എക്കൗണ്ടിലേക്ക് ചെന്നപ്പോൾ ഫേസ് ബുക്ക് യൂസർ.
കൈ ദേഷ്യത്തിൽ ടേബിളിൽ ആഞ്ഞിടിച്ചു.
എതിരെ നടന്നു പോയ ട്രയിനീസ് എന്നെ നോക്കി.പ്രഷർ വല്ലാതെ കൂടി വരികയാണ്.

ഞാൻ വീണ്ടും 2013 ഏപ്രിൽ 4 ൽ എത്തി.
Dr:ആഷ്‌ലി സാമുവേലിന്റെ കൊലപാതകം.2013 മാർച്ച് 28 തിയ്യതി പെസഹ വ്യാഴത്തിന് കുർബാന കൂടി വന്ന ആഷ്‌ലിയുടെ ഭർത്താവിന്റെ അമ്മ മറിയാമ്മയാണ് ബെഡ് റൂമിലെ ഫാനിൽ തൂങ്ങിയാടുന്ന ആഷ്‌ലിയെ ആദ്യമായി കണ്ടത്. സാമ്പത്തികമായ അത്ര മോശമല്ലാത്ത, കുടുംബത്തിൽ പ്രത്യേകിച്ച് പ്രശ്നങ്ങളൊന്നുമില്ലായിരുന്നു. ഭർത്താവ് സിറിയക് വർഗീസ്സ് അമേരിക്കയിലെ ഒരു പ്രശസ്ത ആശുപത്രിയിലെ ഡോക്ടറായിരുന്നു. ആത്മഹത്യ എന്ന് എഴുതി കേസ് ക്ലോസ് ചെയ്ത മരണത്തെ ആഷ്‌ലിയുടെ സഹോദരന്റെ പരാതി പ്രകാരമാണ് 'അഴിച്ചുപണി'യിൽ ഉൾപ്പെടുത്തിയത്. ആഷ്‌ലി ക

ബി,കു'ട്ട'ൻ'നെ'റ്റ്ആരെയോ ഭയപ്പെട്ടിരുന്നു. അതാരെയാണെന്നു കൊണ്ടുവരണം അതായിരുന്നു ആഷ്‌ലിയുടെ സഹോദരൻ ആൻറണിയുടെ ആവശ്യം.
സംശയാസ്പദമായി ആരുമുണ്ടായിരുന്നില്ല. പക്ഷേ ആദ്യ എപ്പിസോഡിൽ തന്നെ മറിയാമ്മയുമായുള്ള സംഭാഷണത്തിൽ നിന്നും ആ കണ്ണുകളിലെ ഭയം ഞാൻ തിരിച്ചറിഞ്ഞു. അവർ എന്തോ മറച്ചുവെക്കുന്നുണ്ട്. സ്റ്റുഡിയോയിലെ എസിക്കുള്ളിലും അവരുടെ നെറ്റിയിൽ വിയർപ്പു പൊടിഞ്ഞിരുന്നു.

മൂന്നാം എപ്പിസോഡ് കഴിഞ്ഞതിന്റെ തൊട്ടടുത്ത ദിവസം മറിയമ്മയും ഇളയ മകനും ഒരു ആത്മാഹത്യ കുറിപ്പെഴുതി വെച്ച് വിഷം കഴിച്ച് മരിക്കുകയുണ്ടായത്.

"എന്റെ ഇളയ മകൻ അഗസ്റ്റിനും ആഷ്‌ലിയും തമ്മിലുള്ള നേരല്ലാത്ത ബന്ധം ഞാൻ നേരിൽ കാണുകയും ബഹളംചെയ്യുകയും ചെയ്തിരുന്നു.ഇത് മൂത്ത മകനായ സിറിയകിനോട് പറയാൻ ഞാൻ ഭയന്നത് ഒരു തമ്മിൽത്തല്ല് ഒഴിവാക്കാനാണ്. എന്നിരുന്നാലും എത്രയും പെട്ടന്ന് ആഷ്‌ലിയെ അമേരിക്കയ്ക്ക് കൊണ്ടുപോകാൻ ഞാൻ സിറിയക്കിനോട് പറഞ്ഞിരുന്നു.

ഒരു ദിവസം ദിവസം ഞാൻ പള്ളിയിൽ പോയി വരുമ്പോൾ അഗസ്റ്റിൻ ആഷ്‌ലിയുടെ മുറിയിൽ നിന്നും ഇറങ്ങി വന്നു. അവന്റെ കഴുത്തിന് പിന്നിലൂടെ മുറിയിൽ തൂങ്ങിയാടുന്ന ആഷ്‌ലിയുടെ കാലുകൾ ഞാൻ കണ്ടു.
പെറ്റ വയറിനെ ഒറ്റുകൊടുക്കാൻ വയ്യാത്ത ഒരമ്മയായിപ്പോയി ഞാൻ.
ഏൽപിച്ചു പോയ മകന്റെ ഭാര്യയെ സംരക്ഷിക്കാനായില്ല, കൊന്നത് സിറിയക്കിന്റെ സ്വന്തം ചോരയും.
അഗസ്റ്റിനുള്ള ശിക്ഷയ്ക്കൊപ്പം ഞാനും ശിക്ഷയേറ്റുവാങ്ങി കർത്താവിന്റെ കുരിശോട് ചേരുന്നു.
സ്നേഹത്തോടെ
മറിയമ്മ "

സ്വന്തം കൈപ്പടയിലെഴുതിയ മരണക്കുറിപ്പ് തെളിവായി കണക്കാക്കി കേസ് ക്ലോസ് ചെയ്തു.

നാലാമത്തെ എപ്പിസോഡിൽ കേസന്വേഷിച്ച സ്ഥലം സി.ഐ ഷൺമുഖനും സിറിയക്കും മാത്രമായിരുന്നു.അങ്ങനെ അഴിച്ചുപണിയിലും ആ കേസവസാനിച്ചു.

ചിന്തകളങ്ങനെ കാടുകയറി തുടങ്ങി. അറ്റമെത്താത്ത ചില ഭ്രാന്തൻ ചിന്തകൾ. കൺകളിൽ കൈവിരലമർത്തി കുറച്ചു നേരം ഞാനിരുന്നു.കൺമുന്നിൽ ഒരു വെളുത്ത ബിന്ദു മാത്രം

"കണ്ണടച്ചിരുന്നു സ്വപ്നം കാണാതെ വാ നമുക്കോരോ കാപ്പി കുടിച്ചിട്ട് വരാം."

തൊട്ടു പിന്നിൽ ഗായത്രി. ഞാൻ വാച്ചിൽ സമയം നോക്കി 7.47 pm .

" അരവി വന്നോ മാം "

"വന്നു.പുറത്ത് പോയതാണെന്ന് പറയാൻ പറഞ്ഞു. അവൻ വന്നപ്പോൾ നീ കാര്യമായി എന്തോ ലാപ്പിൽ നോക്കുകയായിരുന്നു."

ലാപ് ഓഫ് ചെയ്ത് ലോക്കറിലേക്ക് വെച്ച് ഞാനെഴുന്നേറ്റു ഗായത്രിക്കു പിന്നാലെ നടന്നു.

കാന്റീനിൽ നിന്നും ഓരോ കപ്പ് കാപ്പിയുമെടുത്ത് ഞങ്ങൾ ടേബിളിനിരുവശത്തുമായി വന്നിരുന്നു.

" വേദ, പിന്മാറാൻ തോന്നുന്നുണ്ടോ?"

ഗായത്രിയുടെ ചോദ്യത്തിന് ഇല്ലെന്ന തലയാട്ടി.

" ധൈര്യം കൈവെടിയരുത്. കുട്ടിക്കറിയുമോ റാമിന്റെ മരണത്തിൽ ഞാൻ തളർന്നു പോകേണ്ടതായിരുന്നു. മുന്നോട്ട് പ്രതീക്ഷയായി ഒരു കുഞ്ഞു പോലുമില്ലാത്ത ജീവിതം. പിന്നെയോർത്തു ചാനലായിരുന്നല്ലോ റാമിന്റെ സർവ്വവും.പിന്നെ ഒറ്റയ്ക്ക് തുഴഞ്ഞിവിടെ എത്തി "

കുറേ നേരം രണ്ടു പേരും സംസാരിച്ചില്ല. അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. റാമിന്റെ വിയോഗത്തിൽ അവരിപ്പോഴും കണ്ണു നിറയ്ക്കാറുണ്ട്.
എഴുന്നേൽക്കാൻ നോക്കിയപ്പോഴേക്കും അഭിമുഖമായി സാമുവേൽ സർ വന്നിരുന്നു. അദ്ദേഹത്തിന്റെ മുഖം വല്ലാതെ വലിഞ്ഞു മുറുകി കാണപ്പെട്ടു.

"സാമുവേൽ സാറിനൊരു കാപ്പി പറയട്ടെ?"

ഗായത്രിയുടെ ചോദ്യത്തിന് അദ്ദേഹം തലയാട്ടി. തുടർന്ന്

" അഷ്റഫ് ഒരു കാപ്പി.... വിതൗട്ടാണേ"

മേഡം അങ്ങനെയാ.തന്റെ കീഴിൽ ജോലി ചെയ്യുന്ന എല്ലാവരേയും നന്നായി അറിയും. പേരും ഊരും എല്ലാം.അതിപ്പോ കാന്റീനിലെ ക്ലീനിംഗ് ബോയ് ആണെങ്കിലും .
സാറിന്റെ മനസിനെ എന്തൊക്കെയോ അലട്ടുന്നുണ്ടെന്നു തിരിച്ചറിയാൻ എനിക്ക് നന്നായി കഴിഞ്ഞു.

"സാറെന്താ ലേറ്റായത്?"

സാമുവേൽ സാറിന്റെ ആത്മസംഘർഷം കുറയ്ക്കാനായി ഞാൻ ചോദിച്ചു.

"സ്റ്റേഷനിൽ നിന്നു വിളിച്ചിരുന്നതിനാൽ അവിടൊന്നു കയറി. പതിവു ശൈലികൾ ഒന്നുമവർ തെറ്റിച്ചില്ല. പക്ഷേ എന്നെ ഒരു പ്രതിയായാണവർ കണ്ടത്. അതൊക്കെ പോട്ടെ. നിന്റെ താമസം എങ്ങനെയാ? "

വിഷയം മാറ്റാനായാൾ ചോദിച്ചു.

"എന്റെ വീട്ടിൽ "

ഞാനെന്തെങ്കിലും പറയും മുന്നേ ഗായത്രി പറഞ്ഞിരുന്നു. വേണ്ടാ എന്ന് പറയാനുള്ള ധൈര്യം പോലും എനിക്കുണ്ടായിരുന്നില്ല.

" അത് നന്നായി. വേദയുടെ വീടത്ര സേഫല്ല "

അപ്പോഴേക്കും അരവിന്ദ് കടന്നു വന്നു.
പോക്കറ്റിൽ നാലായി മടക്കിയ രണ്ട് പേപ്പറെടുത്തു തന്നു.
ആദ്യത്തേത് ഒരു മാസത്തെ സുനിതയുടെ കാൾ ലിസ്റ്റ്. അതിൽ കൂടുതലും വിളിച്ചിരിക്കുന്നത് 144 ലാസ്റ്റ് വരുന്ന നമ്പറിലേക്ക് .ദേവേന്ദ്രൻ എന്ന നമ്പർ. മാസാദ്യത്തിൽ ആ നമ്പറിൽ നിന്നുള്ള കാൾ ഡ്യൂറേഷൻ ഒരു മണിക്കൂറിനു മേലെയുണ്ട്.ഞാൻ ടൂറിലിരുന്ന 10 ദിവസങ്ങളിൽ ആ നമ്പറിൽ നിന്നും വിളിച്ചത് വെറും രണ്ട് തവണ.കാൾ ഡൂറേഷൻ 1 മിനിട്ട് 30 സെക്കന്റ്. പിന്നെയുള്ളത് 54 സെക്കന്റ്.

ഞാൻ നാട്ടിലെത്തിയെന്നു പറഞ്ഞ് അവളെ വിളിച്ചു പറഞ്ഞതിനു ശേഷം തൊട്ടടുത്ത കോൾ ആ നമ്പറിലേക്കാണ്.അത് 11 മിനിട്ട് 17 സെക്കന്റ് നീണ്ടുനിന്നു.
പിന്നീട് ആ നമ്പറിലേക്ക് കോൾ പോയത് ഞാൻ പെരുമ്പാവൂരിലേക്ക് പോയതിന് ശേഷം. അത് 7 മിനിട്ട് 13 സെക്കന്റ്, അവസാനമായി ആ നമ്പറിൽ നിന്നും കോൾ വന്നത് 10 സെക്കന്റ്. അവളുടെ ബോഡി കാണുന്നതിന്റെ 10 മണിക്കൂർ മുന്നേ.
ഒരു പക്ഷേ ഇതാവാം കൊലയാളിയുടെ നമ്പർ.കൂടെ നിന്ന് ഒറ്റുകയായിരുന്നു അവൾ.

സാമുവേൽ സാറിന്റെ കാപ്പി വന്നു.
ഞാനെന്താണ് നോക്കുന്നതെന്ന് ഗായത്രിക്കും സാറിനും മനസിലായിരുന്നില്ല
ഗായത്രിക്ക് ഒരു കാൾ വന്നതിനാൽ അവർ എഴുന്നേറ്റ് പോയി.
ഞാൻ അടുത്ത പേപ്പർ എടുത്തു.
അതൊരു വോട്ടർ ഐഡിയുടെ ഫോട്ടോ കോപ്പിയായിരുന്നു.

" ഇത്?"
ഞാൻ അരവിയെ നോക്കി.

" ഈ നമ്പർ എടുത്തപ്പോൾ കൊടുത്ത ഐഡി പ്രൂഫ് "

ആ വാക്കുകൾ മതിയായിരുന്നു ഊർജ്ജമായി
കണ്ണിൽ ഒരു തെളിച്ചം.
ഈ അഡ്രസ്
ഈ മുഖം
ഞെട്ടൽ എന്നതിനേക്കാൾ മനസിൽ ഒരു കച്ചിത്തുരുമ്പു കിട്ടിയ സന്തോഷം. നഷ്ടപ്പെട്ട കളിപ്പാട്ടം തിരികെ കിട്ടിയ കുട്ടിയുടെ അവസ്ഥ.

നാലു പേർ വയലിലേക്കെടുത്തു ചാടി. കത്തിയ കാർ റോഡിന്റെ മറുവശത്തേക്ക് വീണു.കാറിൽ നിന്നിറങ്ങിയ ഡ്രൈവർക്കൊപ്പം ഞാനും ഇറങ്ങി.ഒരു വാഹനത്തിന്റെ വെളിച്ചം കൂടി അത് റോഡിൽ സഡൺ ബ്രേക്കിട്ടു. കാറിൽ നിന്നിറങ്ങിയ മൂന്നാലു പേർ വയലിലേക്ക് ചാടിയിറങ്ങി.ഞാൻ അപകടം മണത്തു. കാറിന്റെ സൈഡിലേക്ക് മാറി. എനിക്കൊപ്പം നിന്ന ഡ്രൈവർ അവർക്കു നേരെ ചാടി വീണു. അഗ്നിയുമായി ഓടിയവൻ വീണിരുന്നു.
കുറച്ചു നേരത്തെ ആക്രമണത്തിനു ശേഷം

" വേദ ആർ യു ഓകെ.?"

അലോഷി സാറിന്റെ ശബ്ദം ആക്രമികൾക്കിടയിൽ നിന്നും കേട്ടു .
ശ്വാസം വീണതപ്പോഴാണ്.
ഞാൻ മറവിൽ നിന്നും പുറത്തുവന്നു.
നാലു പേരെ പിടിച്ച് കാറിലേക്ക് കയറ്റുകയാണ് ചിലർ.ആര് ആരെയാണെന്ന് വ്യക്തമല്ല.റോഡിലെ കാർ മുന്നോട്ട് നീങ്ങി. അലോഷ്യസിനു പിന്നാലെ ഡ്രൈവറും മുന്നോട്ട് വന്ന് കാറിൽ കയറി.

"വേദ കയറു കാര്യങ്ങൾ ഞാൻ പറയാം."

ഞാനപ്പോഴും സ്തംഭിച്ചു നിൽക്കുകയായിരുന്നു.

"സർ ആ റോഡിലൊരു ബോഡിയുണ്ട് "
ഞാൻ പറഞ്ഞു.

" സ്റ്റേഷനിലേക്ക് അറിയിച്ചിട്ടുണ്ട്.അതവര് നോക്കിക്കോളും. "

അവരെ പിടിക്കാൻ വേണ്ടി അലോഷ്യസ് ചെയ്ത എന്തോ പണിയാണോ ഇതെന്ന് തോന്നിപ്പോയി.
ഫോൺ ശബ്ദിച്ചു. ഗായത്രിയാണ്.
Call u back മെസ്സേജയച്ചു ഞാൻ.

"വേദ നമുക്ക് ഒരിടം വരെ പോകണം. തനിക്ക് ധൃതിയുണ്ടോ? അരവി ഇടപ്പള്ളിയിലുണ്ട്. അവനും വേണം."

ഞാൻ പിന്നൊന്നും ചോദിച്ചില്ല.കാർ ഓടിക്കോണ്ടേ ഇരുന്നു. ഇടയ്ക്ക് കാർ നിർത്തി അരവിയും കയറി.......

" ഇറങ്ങിക്കോ ഇനിയുള്ള യാത്ര ബോട്ടിലാ"

അലോഷിയുടെ നിർദേശം ഞങ്ങളിറങ്ങി.ഞങ്ങളെ കാത്തെന്ന പോലെ ഒരു ബോട്ടവിടെ ഉണ്ടായിരുന്നു.

"വേദ ഞാൻ പരിചയപ്പെടുത്താൻ വിട്ടു.ഇത് പ്രശാന്ത് എക്സ്പേർട്ട് ഡ്രൈവറാണ്. അതിലുപരി കൂർമ്മ ബുദ്ധിയാണ്. വേദയുടെ ജീവൻ വെച്ചുള്ള കളിക്ക് പ്രശാന്തിനെ ഞാൻ ഇറക്കണമെങ്കിൽ ആളത്രയും ഒക്കെ ആയിരിക്കുമെന്നറിയാലോ?"

പുതിയൊരാളെ പരിചയപ്പെടാനുള്ള മൂഡിലായിരുന്നില്ല ഞാൻ.കൃത്രിമമായൊരു പുഞ്ചിരി മാത്രം നൽകി ഞാൻ.
അഞ്ച് മിനിട്ട് യാത്ര ബോട്ട് നിന്നു. ഒരു ഐലന്റിലാണ് എത്തിയത്.ഒരു പഴയ കെട്ടിടം. ജൂതചിത്രങ്ങൾ ആലേഖനം ചെയ്ത ചുവരുകൾ. അലോഷ്യസ് കാളിംഗ് ബെല്ലടിച്ചപ്പോൾ ഉരുക്കു മനുഷ്യനെ പോലെയുള്ള ഒരാൾ വന്ന് വാതിൽ തുറന്നു.
ഇടുങ്ങിയ ഒരു ഹാൾ കടന്ന് കൂട്ടിയിട്ട മരത്തടികൾക്കിടയിലൂടെ കുറച്ചു ദൂരം, മൂന്നാൾ പൊക്കത്തിലുള്ള ചുവരിലെല്ലാം തിരിച്ചറിയാത്ത ഭാഷയിൽ എന്തൊക്കെയോ കോറിയിട്ടിരിക്കുന്നു.എസി മുറിക്കുള്ളിലെതിനു സമാനമായ ശീതം, വലതു വശത്തോട്ട് തിരിഞ്ഞപ്പോൾ മുറിയിലെ വെളിച്ചം കുറഞ്ഞു.രണ്ട് മൂന്ന് സെറ്റപ്പുകളിറങ്ങി ഒരു മുറിയിലേക്ക്. ഇടുങ്ങിയ മുറിയുടെ തറയിലങ്ങിങ്ങ് വെള്ളത്തിന്റെ നനവ്.അട്ടിയിട്ട പലക തിട്ടകൾ.മുറിയുടെ വാതിൽക്കൽ കറുത്ത ബനിയനും ജീൻസും ധരിച്ച ഒരാൾ കാവൽക്കാരനെന്നോണം നിൽക്കുന്നു. മുറിയുടെ ഒത്ത നടുക്കായി കൈകാലുകൾ ബന്ധിച്ച് മേശയിലേക്ക് തല കുമ്പിട്ട് ഒരാൾ. അയാൾക്ക് കാവലെന്നോണം രണ്ട് പേർ.

"ദേവദാസ്..... "

അലോഷ്യസ് വിളിച്ചു. അയാൾ തലയുയർത്തി.പരിചിതമായ ആ മുഖത്ത് പലവിധ ഭാവങ്ങൾ. അരവിന്ദ് തന്ന ഐഡി പ്രൂഫിലെ സുനിതയുടെ ദേവേന്ദ്രൻ. മുഖത്ത് തല്ലുകൊണ്ട് നീരു വെച്ചതു പോലെ ചുണ്ട് പൊട്ടിയിട്ടുണ്ട്. കാര്യമായൊന്നു പെരുമാറിയതു പോലെ തന്നെയുണ്ട്.

"ഇവനെന്തെങ്കിലും പറഞ്ഞോ?"

അനുയായികളെ നോക്കി സർ തിരക്കി.

" ഇല്ലസർ "

"മിസ്റ്റർ ദേവദാസ് നിങ്ങൾക്കീ സ്ത്രീയെ പരിചയമുണ്ടോ?"

ദേവദാസ് സംസാരിക്കാൻ മടി കാണിച്ചു. അയാൾക്കരികിലായി അലോഷി സർ നിന്നു.

"സുനിതയെ നീയെന്തിനാ കൊന്നത്?"

"ഞാനാരേയും കൊന്നിട്ടില്ല"

"പിന്നെങ്ങനെ സുനിത മരിച്ചു "

" എനിക്കറിയില്ല."

"പെണ്ണുങ്ങളെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ച് ഗർഭിണിയാക്കി കൊന്നു തള്ളിയ നിന്നൊയൊക്കെ......"

ബാക്കി വന്നതെല്ലാം ഞാൻ ബീപ് സൗണ്ടിട്ടു.
ഒരു ഞെട്ടലോടെ ദേവദാസ് തലയുയർത്തി. വീണ്ടും തല താഴ്ത്തിഞാൻ ആദ്യമായിട്ടാണ് ഇങ്ങനൊരു സീൻ കാണുന്നത്. രണ്ട് പേർ ഇടതും വലതും മാറി മാറി നിന്ന് ചോദ്യം ചെയ്തിട്ടും അവൻ വായ തുറന്നില്ല.. ഒടുവിൽ സഹികെട്ടയാൾ പറഞ്ഞു.

"ഞാൻ പറയാം"

അലോഷ്യസ് കൈ കൊണ്ട് ഇടിക്കുന്നത് നിർത്താൻ ആഗ്യം കാണിച്ചു.
വീഡിയോ റെക്കോർഡ് ചെയ്യാൻ പ്രശാന്ത് ക്യാമറ ഓൺ ചെയ്തു.

"വേദാ ഇതിനാണ് തന്നെ കൊണ്ടുവന്നത്. ഞങ്ങളാരും വീഡിയോയിൽ വരാൻ പാടില്ലാത്ത രീതിയിൽ താനും അരവിയും ഇത് ഷൂട്ട് ചെയ്യണം.നിയമത്തിന് മുന്നിൽ കടന്നു വരാനുള്ള അനുമതി ഇല്ല ഞങ്ങൾക്ക്."

ഞാൻ തലയാട്ടി

"ഉം.... തുടങ്ങിക്കോ?"
അരവി മൊബൈൽ ക്യാമറ ഓൺ ചെയ്തു.ദേവദാസ് എന്നെയും അരവിയേയും നോക്കി പിന്നെ തുടർന്നു.

"സുനിതയുടെ നമ്പർ എനിക്ക് തന്നത് മുരകേശനാണ്. ഞങ്ങൾ ഒരുമിച്ച് ചില തരികിട പണികളും മോഷണങ്ങളും നടത്തിയിട്ടുണ്ട് മുമ്പേ . സുനിതയെ ഫോണിൽ വിളിച്ച് സംസാരിച്ച് വളയ്ക്കണം. അവള് ജോലിക്കു നിൽക്കുന്ന വീട്ടിൽ പൂത്ത കാശുണ്ടെന്നും പറഞ്ഞ്. അവളോട് സൂത്രത്തിൽ വീടിന്റെ താക്കോൽ വാങ്ങി സോപ്പിൽ അടയാളപ്പെടുത്താനും പറഞ്ഞു.ചതിച്ചതാ മുരുകേശൻ എന്നെ. അവർ പറഞ്ഞതുപോലെയെല്ലാം ചെയ്തു. പക്ഷേ......."

ദേവദാസ് ഇടയ്ക്ക് നിർത്തി.

"എന്താടാ നിർത്തിയത് ബാക്കി കൂടി പറ."
അരവി ചൂടായി പറഞ്ഞു.
അവർ സുനിതയെ കൊല്ലുമെന്ന് ഞാനറിഞ്ഞില്ല. അവരവളെ കൊല്ലും മുന്നേ അവൾ എന്നേ വിളിച്ചതാ. രക്ഷിക്കാൻ എനിക്ക് കഴിഞ്ഞില്ല."

"എത്ര വാങ്ങിയെടാ പ്രതിഫലമായിട്ട്?"

ഞാൻ ആക്രോശിച്ചു.

" ഒരു ലക്ഷം, ഞാനത് സുനിത മരിച്ച ദിവസം തന്നെ മുരുകേശിന് തിരിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്."

"മുരുകേശ് ഇപ്പോ എവിടുണ്ട്.?"

"എനിക്കറിയില്ല.കൊള്ളയടിക്കുമെന്ന് പറഞ്ഞ് എന്നെ പറ്റിക്കുകയായിരുന്നു അവൻ. ഞാനവളോട് വാങ്ങിയ താക്കോലിന്റെ ഡൂപ്പിക്കേറ്റ് താക്കോലും മുരുകേശൻ ഉണ്ടാക്കിയിട്ടുണ്ട് "

"മുരുകേശനും KT മെഡിക്കൽസും തമ്മിലെന്താ ബന്ധം?"

എന്റെ ചോദ്യം കേട്ട് അവന്റെ കണ്ണുകൾ മിഴിഞ്ഞു, വല്ലാത്ത ഭാവത്തോടെ എന്നെ നോക്കി.

"ബാംഗ്ലൂരിലെ മെഡിക്കൽസാണോ?"

പിന്നെ ഉറക്കയുറക്കെ ചിരിക്കാൻ തുടങ്ങി ഒടുവിലത് അട്ടഹാസമായി.

ദേവദാസിന്റെ ഭ്രാന്തൻ ചിരിയിൽ
മുഖമടച്ചൊന്ന് കൊടുക്കാനാണ് തോന്നിയതെങ്കിലും ഞാൻ ക്ഷമ പാലിച്ചു. എത്ര ശ്രമിച്ചിട്ടും അയാൾ KT മെഡിക്കൽസിനെ കുറിച്ചൊന്നും പറഞ്ഞില്ല. അപ്പോഴെല്ലാം ഉറക്കെയുറക്കെ ചിരിച്ചു.അലോഷ്യസ് ക്യാമറ ഓഫ് ചെയ്യാൻ ആഗ്യം കാണിച്ചപ്പോൾ അരവി ഓഫ് ചെയ്തു.
അലോഷ്യസിന്റെ ഫോൺ ശബ്ദിച്ചു.
അയാളുടെ മുഖഭാവത്തിൽ നിന്നും മനസിലായത് മറുവശത്ത് നിന്നും വരുന്ന വാർത്ത കാര്യമായതെന്തോ ആണെന്ന്. കാൾ കട്ടായതും അലോഷ്യസിന്റെ കറങ്ങി തിരിഞ്ഞ ഒരടിയിൽ കസേരയോടൊപ്പം ദേവദാസ് തെറിച്ചു വീണു.
എന്നെപ്പോലെ തന്നെ മറ്റുള്ളവരും തരിച്ചു പോയി.

" നീയും അവന്മാരും ചേർന്ന് ഹിൽ പാലസിന്റെ മുന്നിൽ നിന്നും കടത്തിക്കൊണ്ടു ആ പെൺകുട്ടി ഏതാ? നീയവളെ കൊന്നോ?"

ദേവദാസിന്റെ ചിരി നിന്നു.

"എനിക്കറിയില്ല. ഞാനാരേയും കൊന്നിട്ടില്ല. ജോലി ചെയ്താൽ കൂലി തരും"

അവൻ മുരണ്ടു.മുഖമടച്ച് കിട്ടിയ അടിയിൽ ദേവദാസിന്റെ ചുണ്ടിലൂടെ ചോരയും ഉമിനീർ കൊഴുപ്പും ഒഴുകി. ആയൊരു ചെറുമാറ്റത്തിൽ അവൻ നോർമൽ അല്ലേ എന്നു പോലും ഞാൻ ചിന്തിച്ചു.

" പറയെട പന്ന &**..........* മോനെ അതേതാ പെൺകുട്ടി?"
അലോഷ്യസ് വിടാൻ ഭാവമില്ലായിരുന്നു.

" അത് നിങ്ങളന്വേഷിക്കുന്ന TK മെഡിക്കൽസിന്റെ ഉടമ തൗഹ ബിൻ പരീത് സാറിന്റെ മകളാണ്."

അവൻ വീണ്ടും ഉറക്കെയുറക്കെചിരിച്ചു.

"ഇവന് പലതും അറിയാം. അടുത്ത നടപടികളിലേക്ക് പോകേണ്ടി വരും."

കൂട്ടത്തിലൊരാളോട് പറഞ്ഞതിനു ശേഷം എന്നോടായി പറഞ്ഞു.

"വേദ ഇനി നിൽക്കണ്ട, നിങ്ങളെ രണ്ടുപേരേയും പ്രശാന്ത് വീടെത്തിക്കും."

"സർ, ആ പെൺകുട്ടി.?"

" അത് തന്റെ വാട്ടർ ടാങ്കിൽ കണ്ട ബോഡിയാവാനാണ് ചാൻസ്. നാളെ ഐഡന്റി ഫൈ ചെയ്യാം."

ഞാൻ പിന്നെയും ചില സംശയങ്ങളുമായി തഞ്ചി. അലോഷ്യസിന്റെ ചുണ്ടിൽ ചെറിയൊരു പുഞ്ചിരി. എന്റെ സംശയങ്ങൾ അദ്ദേഹത്തിനു മനസിലായെന്നു തോന്നി.

"നിന്നെ ഫോളോ ചെയ്ത കാറിനെ ഫോളോ ചെയ്ത് ഞങ്ങളല്ലാതെ മറ്റൊരു വാഹനം കൂടി ഉണ്ടായിരുന്നു. ഒരു ട്രാവലർ അത് തൃപ്പുണിത്തുറ മുതൽ അവർക്കു പിന്നാലെയുണ്ടായിരുന്നു. നിങ്ങൾ വയലിലേക്കിറങ്ങിയപ്പോൾ ട്രാവലറിൽ ഉണ്ടായിരുന്ന യഥാർത്ഥ കൊലപാതകിക്ക് ഇതൊരു ട്രാപ്പ് ആണെന്ന കാര്യം മനസിലായിക്കാണും. വൈറ്റ്സ്ക്കോഡ കത്തിച്ചത് ചിലപ്പോൾ മുന്നേഫിറ്റു ചെയ്ത ബോംബിനാലാവാം. അല്ലെങ്കിൽ വാഹനം കടന്നു പോകുമ്പോൾ എറിഞ്ഞതുമാകാം. കാറിൽ നിന്നും അവരാരും നിനക്കും പ്രശാന്തിനും അടുത്തെത്താതിരിക്കാനാണ് ആ അപകടം കൊലയാളി ക്രിയേറ്റ് ചെയ്തത്. . പക്ഷേ കാറിലിരുന്നവർ അതിനും മുന്നേ ഇറങ്ങിയിരുന്നു.എന്റെ കാഴ്ചശരിയാണെങ്കിൽ ആ ട്രാവലറിൽ ഒരു സ്ത്രീയാണുണ്ടായിരുന്നത്. "

"സർ നമുക്ക് മുരുകേശൻ വഴി ഒരന്വേക്ഷണം നടത്തിയാലോ?"

നിഷേധാർത്ഥത്തിൽ അലോഷ്യസ് തലയാട്ടി.

"അതിനി നടക്കില്ല.കാർ കത്തിയപ്പോൾ മരണപ്പെട്ടത് മുരുകേശനാണ്. മുരുകേശൻ പറഞ്ഞതനുസരിച്ചാണ് വേദയെ കാത്ത് സ്ക്കോഡയിലെ ഡ്രൈവർ സ്റ്റുഡിയോയുടെ മുൻപിൽ നിന്നത്. നീ കയറിയ ടാക്സിയെ അവർ പിന്തുടർന്നു വഴിക്ക് വെച്ച് മുരുകേശനും മൂന്നു പേരും കാറിൽ കയറി. നിന്നെ പിന്തുടർന്ന് പിടിക്കാനായിരുന്നു അവരുടെ പ്ലാൻ.
അത് നടന്നില്ല, എന്നു മാത്രമല്ല കൊലയാളിയുമായി ബന്ധപ്പെട്ട ഏക കണ്ണി മുരുകേശ് കൊല്ലപ്പെടുകയും ചെയ്തു.ആയതിനാൽ നമുക്കുള്ള ഏക കച്ചിത്തുരുമ്പ് ദേവദാസാണ്. താൻ സൂക്ഷിക്കണം കുറച്ചു കൂടി.ഒറ്റയ്ക്കുള്ള യാത്ര പൂർണമായും ഉപേക്ഷിക്കണം. കമ്പികുട്ടൻ.നെറ്റ്എന്തെങ്കിലും വിവരമുണ്ടെങ്കിൽ അറിയിക്കാം. ശുഭരാത്രി. അവരെ 4 പേരേയും വിശദമായി ഒരിക്കൽക്കൂടി ചോദ്യം ചെയ്യണം. പിന്നെ നിയമത്തിനോ പുറം ലോകത്തിനോ ഇവരുടെ അറസ്റ്റിനെ പറ്റി അറിയില്ല"

സ്ക്കോഡയിൽ നിന്നും പിടിച്ച നാലു പേരെയോർത്താവാം അലോഷി പറഞ്ഞു. പിന്നീട് വലതുകൈയിലെ വാച്ചിന്റെ സ്ട്രാപ് ഊരിക്കൊണ്ട് അലോഷ്യസ് തിരിഞ്ഞു നടന്നു.
ഞങ്ങൾ ഇറങ്ങി.
ബോട്ടിലിരിക്കുമ്പോൾ ആരും ഒന്നും ശബ്ദിച്ചില്ല.

" എവിടെക്കാണ് പോവേണ്ടത്?" കാറിൽ കയറിയപ്പോൾ പ്രശാന്ത് ചോദിച്ചു.

" സ്റ്റുഡിയോയിൽ..... "

ഞാൻ പറഞ്ഞു.

" അരവിന്ദിനെയോ?"

"എന്നെ ഇടപ്പള്ളിയിൽ വിട്ടാൽ. മതി. ടു വീലർ അവിടെയാ."

അരവിയെ ഇടപ്പള്ളിയിൽ വിട്ട് ഞങ്ങൾ തിരിച്ചു. എന്നെ സ്റ്റുഡിയോയിൽ വിട്ട് പ്രശാന്ത് മടങ്ങി.
രാത്രി സ്റ്റാഫുകൾ നന്നേ കുറവായിരിക്കും ഞാൻ നേരെ വാഷ് റൂമിൽ പോയി മുഖം കഴുകി കണ്ണാടിയിലെ പ്രതിബിംബത്തിന് പ്രായമേറെയായതുപോലെ, കണ്ണുകൾക്കു ചുറ്റു കറുത്തവലയം ഉറക്കമില്ലായ്മ വിളിച്ചു പറഞ്ഞു.
തിരികെ ഗായത്രിയുടെ ഓഫീസ് മുറിയിൽ അവരുണ്ടായിരുന്നില്ല.
എതിരെ വരുന്ന സാബുവിനോട് ചോദിച്ചപ്പോൾ

" മേഡം നേരത്തെ വീട്ടിൽ പോയല്ലോ"

എന്ന മറുപടിയായിരുന്നു. എനിക്ക് നന്നായി വിശക്കുന്നുണ്ടായിരുന്നു. കാന്റീൻ പോയപ്പോൾ കാര്യമായൊന്നുമില്ലായിരുന്നു. ഒരു ഡബിൾ ഓംലറ്റും ഒരു സ്ട്രോംഗ് കട്ടനും കഴിച്ചു.
ഇന്ന് രാത്രി സ്റ്റാഫ് റൂമിൽ തങ്ങാമെന്തായാലും. മനസിലോർത്തു.

സ്റ്റാഫ് റൂമിലെ ചെറിയ സെറ്റിയിൽ ഞാൻ ചാരിക്കിടന്നു. മനസിലപ്പോൾ 2016 ഓഗസ്ത് 18ലേക്ക് നീങ്ങി. ഓഗസ്റ്റ് 3നാണ് ട്രക്ക് ഡ്രൈവർ അവിനാഷിന്റെ കൊലപാതകം. മറ്റൊരു ട്രക്കുമായി കൂട്ടിയിടിച്ചു കൊക്കയിലേക്ക് മറിഞ്ഞ അവിനാഷിന്റെ പൊടി പോലും കിട്ടിയില്ല. പരസ്പര വിരുദ്ധമായി സംസാരിച്ച അവിനാഷിന്റെ ഭാര്യയെ അവിനാഷിന്റെ മരണത്തിന്റെ മൂന്നാം നാളു മുതൽ കാണാനില്ല.അവിനാഷിന്റെ മരണത്തെപ്പറ്റി പലതും അവൾക്കറിയാമെന്നറിയുന്ന ബോധത്താൽ ശത്രു വക വരുത്തിയതാകാം.അന്നത് വലിയ ഒച്ചപ്പാടുണ്ടാക്കിയ കേസായിരുന്നു.കോയമ്പത്തൂരിൽ നിന്നും ചരക്കുമായി വരുന്ന വഴിക്കായിരുന്നു അപകടം.മറ്റെ ട്രക്ക് ഡ്രൈവർ ഇപ്പോഴും ഒളിവിലാണ്.

കണ്ണിൽ ഉറക്കം നൃത്തംചവിട്ടിത്തുടങ്ങി.
എന്റെ ഫോൺ റിംഗ് ചെയ്തു.
നമ്പർ നോക്കാതെ ഞാൻ അറ്റന്റ് ചെയ്തു.

"വേദ കുര്യച്ചനും ഒരു പെണ്ണും ഹോട്ടൽ ഹിൽവ്യൂവിനായി പുതുതായി പണിയുന്ന ബിൽഡിംഗിൽ ഉണ്ട്. നീയും കൂടി വരാമോ?"

അരവിയുടെ ശബ്ദം.
ഇല്ലെന്നു പറഞ്ഞില്ല.

" വരാം"

" വേഗം വാ ഞാനിവിടെ ഗ്രൗണ്ടിലുണ്ട്."

ഞാൻ എഴുന്നേറ്റു .കൂടെ വരാൻ ഒരാളു വേണം. അത്യാവശ്യമാണെന്ന് പറഞ്ഞപ്പോൾ ട്രയിനിംഗിലുള്ള അമൽ എന്ന പയ്യൻ റെഡി. അവന്റെ ബൈക്കിനു പിന്നിൽ ഞങ്ങൾ ആളൊഴിഞ്ഞ ഹിൽവ്യൂ ന്യൂബിൽഡിംഗി എത്തിയപ്പോൾ സമയം 1.17 am. കൂറ്റാക്കൂരിരുട്ടിൽ ഒരൊറ്റ ജീവിയില്ല ഞാൻ ഫോണെടുത്ത് അരവിയുടെ നമ്പർ ഡയൽ ചെയ്തു.നാലു ബെല്ലിനു ശേഷം അവൻ കോൾ എടുത്തു.

"ഹലോ "

ഉറക്കച്ചവടിൽ അവന്റെ ശബ്ദം

"നീയെവിടെ ഞാൻ ഹിൽവ്യൂയുടെ പുതിയതായി പണിയുന്ന ബിൽഡിംഗിനു മുമ്പിലുണ്ട്."

" ഞാൻ വീട്ടിൽ... നീയെന്തിനാ അവിടെ പോയത്.?"

" നീയല്ലേ വിളിച്ചു ഇവിടെ വരാൻ പറഞ്ഞത്?"

"ഞാനോ? നിനക്കെന്താ വേദാ വട്ടായോ?"

അവന്റെ സ്വരം തീരും മുന്നേ ഇരുളിൽ രണ്ട് കണ്ണുകൾ തെളിഞ്ഞു. അതൊരു കാറിന്റെ ഹെഡ് ലൈയാറ്റാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ഞാൻ അമലിന്റെ ചെവിയിൽ പറഞ്ഞു.

" അമൽ വണ്ടി തിരിച്ചോ. എവിടെയോ ഒരു ചതിവ് പറ്റി. "

അമൽ വണ്ടിയെടുക്കുമ്പോഴേക്കും കാർ തൊട്ടടുത്തെത്തിയിരുന്നു. ബൈക്കിന്റെ വെളിച്ചത്തിൽ ഞാൻ കണ്ടു അതിൽ നിന്നും കറുത്ത സാരിയിൽ ചുവന്ന ബോഡറുള്ള സാരിയുടുത്ത ഒരു സ്ത്രീ ഇറങ്ങി വരുന്നത്. നെറ്റിയിൽ വലിയ ചുവന്ന പൊട്ട്, കൺമഷി നിറച്ചെഴുതിയ കൺകളിൽ കാന്ത രശ്മി ഒളിച്ചിരുന്നു. കാഴ്ചയിൽ ആറടി ഉയരമുള്ള ആ സ്ത്രീയെ മുമ്പെവിടെയും കണ്ടതായി ഓർക്കുന്നില്ല. ഒരിക്കൽ കണ്ടാൽ മറക്കാൻ കഴിയാത്ത മുഖം. ഒരു മാതിരി സർപ്പ സൗന്ദര്യം തന്നെ.

"വേദാ പരമേശ്വർ !"

ചില്ലുടയുന്ന ശബ്ദം പോലെ.

"ഞാൻ ശിവാനി ഋഷികേഷ്, അങ്കമാലിയിൽ ഷാക്യൂൺ ഫാൻസി നടത്തുന്നു.നിന്നെ ഇവിടെ വിളിച്ചു വരുത്തിയത് ഞാനാണ്. കുറച്ചു ഡോക്യുമെൻസ് നിനക്ക് എത്തിക്കണമെന്ന് തോന്നി."

ഞാനെന്തെങ്കിലും പറയുന്നതിനു മുമ്പേ അവർ കാറിൽ നിന്നും ഒരു മഞ്ഞ ഫയൽ എടുത്തു .
" ഇതിൽ സീനയുടെ കൊലപാതകത്തിലേക്കുള്ള ചില സൂചനകളുണ്ട്. നീയീകേസിലേക്കെത്തിയ കാര്യം ഞാനിന്നാണ് അറിഞ്ഞത്. പകൽ നിന്നെ കുറിച്ചൊരു ന്യൂസ് വന്നിരുന്നു. നിനക്കെതിരെയുള്ള ആക്രമണം നടത്തിയത് കുര്യച്ചന്റെ ആളുകളാണെന്ന്.
എന്തായാലും സൂക്ഷിക്കുക. ഇന്ന് മരിച്ച പെൺകുട്ടിയെ തിരക്കി പോവാതിരിക്കുക.കാരണം അത് നിങ്ങൾക്കുള്ള ഇരയാണ്. അവരിലേക്ക് നിങ്ങളെ എത്തിക്കാൻ വേണ്ടി മാത്രം.
പിന്നെ ഞാനാരാണെന്ന് തിരക്കി വരരുത്. എന്റെ ഈ മുഖം പോലും
ഈ നിമിഷം മറക്കണം .ഒന്നോർക്കുക. ശത്രു വല്ല ഒരിക്കലും എന്നു വെച്ച് മിത്രമാണെന്നും കരുതരുത്."

കൂർത്ത ചില്ലുകൾ തുളഞ്ഞിറങ്ങുന്നതു പോലെയുള്ള വാക്കുകൾ. ഞാൻ എന്തെങ്കിലും പറയും മുന്നേ അവർ തിരിഞ്ഞു നടന്നിരുന്നു.അഴിച്ചിട്ട കേശഭാരത്തിൽ പിൻഭാഗം മുഴുവൻ മറഞ്ഞിരുന്നു. കാർ ഞങ്ങളെ കടന്ന് മുന്നോട്ട് പോയെങ്കിലും ഞാൻ ശരിക്കും സ്തംഭിച്ചിരിക്കുകയായിരുന്നു. എന്റെ കണ്ണുകൾ നമ്പർ പ്ലേറ്റിലുടക്കി. ഞെട്ടിയതാണോ ഭയന്നതാണോ?
ആ നമ്പർ എന്റെ കാറിന്റെ നമ്പറായിരുന്നു.

" ചേച്ചീ..... "

അമലിന്റെ ശബ്ദം എന്നെ ബോധമണ്ഡലത്തിലെത്തിച്ചു.

" അമൽ തിരിച്ചു പോകാം"
ഞാനവന്റെ തോളിൽ തട്ടി. അവൻ തിരിക്കും മുന്നേ ഫോൺ റിംഗ് ചെയ്തു.അരവിന്ദാണ്. ഞാൻ കോൾ അറ്റന്റ് ചെയ്തു.

"വേദാ.... "

അവന്റെ ശബ്ദം കാതിൽ

" അരവീ കുഴപ്പമൊന്നുമില്ല. ഞങ്ങൾ തിരിച്ചു സ്റ്റുഡിയോയിലേക്ക് പോവുകയാ. ബാക്കി രാവിലെ പറയാം"

ഫോൺ കട്ട് ചെയ്തു.ഈ ഫയലിൽ എന്താവും?
എത്രയും വേഗം അതിനകത്തെന്താണെന്നറിയണം മനസിലെ ക്ഷമകെട്ടു തുടങ്ങിയിരിക്കുന്നു.
ഓഫീസ് റൂമിലെത്തി ഞാൻ ഫയലുകൾ തുറന്നു.ഓരോ ഫയലുകളും നമ്പറടിസ്ഥാനത്തിൽ വേർതിരിച്ചിരുന്നു. മൊത്തം 13 ഫയലുകൾ.
1) ആദ്യ ഫയലിൽ ഇങ്ങനെ എഴുതിയിരുന്നു.

ശബ്ദമില്ലാത്ത മരണമാണ്. അളവുകൾ പ്രധാനം. സ്ലോ പോയ്സൺ മരണം വൈകിക്കുന്നു.
പിന്നെ കുറേ രാസനാമങ്ങളും അപരിചിതമായ മറ്റേതോ ഭാഷയിൽ എഴുതിച്ചേർത്ത കുറേയേറെ കാര്യങ്ങൾ.
രണ്ടാമത്തെതു് വായിച്ചു.
ക്രിഷ്ണപ്രിയ വസുദേവിന്റെ തിരോധാനത്തെക്കുറിച്ച് മാതൃഭൂമി സപ്ലിമെന്റിൽ വന്ന വൺ പേജ് ഫീച്ചർ ഈ കേസ് നടന്നിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഞാനന്ന് ജേർണലിസം പഠിക്കുകയായിരുന്നു.
നഴ്സിംഗ് വിദ്യാർത്ഥിയായ കൃഷ്ണപ്രിയ വസുദേവ് ക്ലാസ് മുറിയിൽ തലകറങ്ങി വീഴുകയും ഒരാഴ്ച കഴിഞ്ഞിട്ടും എത്ര ശ്രമിച്ചിട്ടും ബോധം തിരിച്ചു വന്നില്ലാ എന്ന് മാത്രമല്ല ബോധക്ഷയത്തിനു കാരണം എന്താണെന്ന് തെളിയിക്കാൻ വൈദ്യശാസ്ത്രത്തിന് പോലും കഴിഞ്ഞിരുന്നില്ല. ബോധം പോയതിന്റെ ഏഴാം നാൾ മുതൽ കൃഷ്ണയെ .ഐസിയുവിൽ നിന്നും കാണാതായി. അന്ന് ആശുപത്രിക്കെതിരെ മാസങ്ങളോളം കോലാഹലങ്ങളുണ്ടായിരുന്നു.
അവയവ മാഫിയ വളർന്നു പന്തലിച്ചതിനാൽ ആ വഴിയും അന്വേഷണം നടത്തിയിരുന്നു.
പിന്നെ പുതിയ പുതിയ വിഷയങ്ങൾ കിട്ടിയതോടെ മാധ്യമങ്ങൾ അവയ്ക്ക് പിന്നാലെയായി.

നാലാമത്തെ ഫയൽ തോട്ടുമുക്കത്തെ ഒരു മയക്കു മരുന്ന് മാഫിയയെ പറ്റിയുള്ള വിവരങ്ങളാണ്. സ്ക്കൂളുകളെ ചുറ്റിപ്പറ്റി നടത്തിയ മയക്കുമരുന്ന് വിൽപനയിൽ പിടിക്കപ്പെട്ടവരെ കുറിച്ച്.
അഞ്ചാമത്തേത്. അർജ്ജുൻ കേശവൻ, 17 വയസുള്ളപ്പോൾ നിരന്തരമായ മയക്കുമരുന്നിന്റെ ഉപയോഗത്തിൽ സമനില തെറ്റിയ ഒരു പയ്യൻ.
ഓവർഡോസ് മെഡിസിൻ ശരീരത്തിലെത്തിയതിനാൽ മരണമാണെന്ന് വൈദ്യലോകം വിധിയെഴുതി. പോസ്റ്റ്മോർട്ടം ടേബിളിൽ വെച്ച് അപ്രത്യക്ഷമായ അർജ്ജുനന്റെ ഡെഡ് ബോഡിയെ പറ്റി ആശുപത്രി തകർത്ത സംഭവം ഓർത്തെടുത്തു ഞാൻ.
ആറാമത്തെ ഫയൽ ചെറുതുരുത്തിയിലെ രണ്ട് സ്ക്കൂൾ കുട്ടികളുടെ തിരോധാനത്തെ പറ്റിയാണ്.5 ഉം ഏഴും വയസുള്ള രണ്ട് ആൺകുട്ടികൾ വീടിനടുത്തുള്ള കളിസ്ഥലത്ത് ആടിനെ തീറ്റിക്കുകയായിരുന്നപ്പോൾ കാണാതാവുകയാണ് ഉണ്ടായത്.ദിവസങ്ങൾക്കുള്ളിൽ കുഞ്ഞുങ്ങളെ നഷ്ടപ്പെട്ട ദു:ഖത്തിൽ അവരുടെ മാതാപിതാക്കൾ ആത്മഹത്യ ചെയ്യുകയാണുണ്ടായത്.
ഏഴാമത്തെ ഫയൽ ഓപൺ ചെയ്യാനിരുന്നപ്പോഴാണ് ടോയ്‌ലറ്റിന്റെ ഭാഗത്തു നിന്നും ഒരു പെൺകുട്ടിയുടെ കരച്ചിലു കേട്ടത്. എന്തായാലും സ്റ്റാഫ് കുറവായിരുന്നതിനാലും ജിജ്ഞാസയിലും ഞാനും ഇറങ്ങിയോടി. അടച്ചിട്ട ടോയ്‌ലറ്റിനു പുറത്തെ ടൈൽസിൽ ചോരപ്പുകൾ കണ്ടതോടെക മ്പികു ട്ട ൻ നെ റ്റ് തൊട്ടടുത്തെത്തിയ അപകടം ഞാൻ തിരിച്ചറിഞ്ഞു.

ചുറ്റിനും ഒരാളില്ല പക്ഷേ ക;മ്പി;കു;ട്ട;ൻ;നെ;റ്റ്എവിടെയോ ഒരു ഞെരക്കം പോലെ. ടൈൽസിലെ ചോരപ്പാടുകൾ ടോയ്‌ലറ്റിനകത്തേക്ക് വഴി കാണിക്കുന്നു. അടുത്തെത്തിയപ്പോൾ തറയിൽ രക്തത്തിൽ മുങ്ങിയ ഒരു കൈപത്തിയുടെ പാട്. പിന്നീട് വലിച്ചിഴച്ച് കൊണ്ടു പോയതുപോലെ ചോരചാലുകൾ തറയിൽ പടർന്നിരുന്നു.
ടോയ്‌ലറ്റിനകത്ത് നിന്നും ഒരു ഞെരക്കം പോലെ. ഞാൻ ഒരു കുതിപ്പിനു വാതിൽ തുറന്നു. ബാത്റൂം തറയിൽ ഒരു പെൺകുട്ടി ചോരയിൽ കുളിച്ച് കമിഴ്ന്നു കിടക്കുന്നു.

പിന്നെയൊരോട്ടമായിരുന്നു.

"സാബു ....."

എന്റെയലർച്ചയിൽ നൈറ്റ് ഡ്യൂട്ടിക്കാർ മൊത്തം ഞെട്ടി. ആളുകൾ ഓടിക്കൂടിയപ്പോഴേക്കും ഞാൻ ആ പെൺകുട്ടിയെ തിരിച്ചു കിടത്തിയിരുന്നു. ദീപവിനോദ് എന്ന പ്രോഗ്രാം പ്രൊഡ്യൂസർ.പാതി തുറന്ന കണ്ണുകളുമായവൾ എന്തോ പറയാൻ ശ്രമിച്ചു.

" സാബു എത്രയും പെട്ടന്ന് ഹോസ്പിറ്റലിൽ എത്തിക്കണം."

എല്ലാരും കർമ്മനിരതരായി. ദീപയെ കയറ്റിയ കാറിൽ ഞാനും കയറി.വേറെ ഡ്യൂട്ടി കഴിഞ്ഞ രണ്ട് മെയിൽ സ്റ്റാഫും. ഹോസ്പിറ്റലിൽ എത്തിക്കുമ്പോൾ ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. വലതു വശത്ത് വയറ്റിലാണ് കുത്ത് കിട്ടിയത്.
ദീപയെ ക്യാഷാലിറ്റിയിൽ പ്രവേശിപ്പിച്ചു. ദീപയ്ക്കൊപ്പം തന്നെ ഞാൻ നിന്നു. പരിചയമുള്ള ഡോക്ടർ ഇമ്മാനുവലിനോട് കാര്യങ്ങൾ തുറന്നു പറഞ്ഞു.

"സർ ഇത് പോലീസ് കേസാകും.കേസായാലത് ചാനലിനെ ബാധിക്കും."

എന്റെ സംസാരം കാരണം ഡോക്ടർ കുറച്ചു നേരം ചിന്തിച്ചു എന്നിട്ട് ചോദിച്ചു.

"ഈ പ്രശ്നം എങ്ങനെ സോൾവ് ചെയ്യുമെന്നാണ് വേദ പറയുന്നത്?"

അപ്പോഴേക്കും ഗായത്രിയുടെ കോൾ വന്നു

" ഡോക്ടർ ഒരു നിമിഷം "

അനുമതി വാങ്ങി ഞാൻ കോളെടുത്തു.

"വേദാ. ദീപയ്ക്ക് എങ്ങനെയുണ്ട് "

തെല്ലു ആധിയോടവർ തിരക്കി.
കാര്യങ്ങൾ എല്ലാം വള്ളി പുള്ളി തെറ്റാതെ ഞാൻ മേഡത്തെ അറിയിച്ചു.

"വേദയുടെ യുക്തിക്കനുസരിച്ച് കാര്യങ്ങൾ ചെയ്യൂ. അതൊരിക്കലും ചാനലിനെ ദോഷമായി ബാധിക്കരുത്."

ഫോൺ കട്ടായി .ഞാൻ ഡോക്ടർ ഇമ്മാനുവലിനോട് കാര്യം പറഞ്ഞു.

" ആ കുട്ടിയോട് വിശദമായി നിങ്ങൾ ചോദിച്ചറിയണം. സത്യാവസ്ഥ അറിയും വരെ ഞാൻ ഒന്നും ചെയ്യില്ല. എങ്കിലും തൽക്കാലം ഞാനീ കേസ്ഫയലിൽ എന്തെഴുതി ചേർക്കണമെന്ന് താൻ പറ. പ്രഥമദൃഷ്ട്യാ ഞാൻ മനസിലാക്കിയത് അത് ഒരു മൂർച്ചയേറിയ ആയുധത്താലുള്ള മുറിവാണ്. ആഴം കുറവാണെങ്കിലും അതിന് നല്ല നീളമുണ്ട്.അതൊരിക്കലും മരണകാരണമാകില്ലായെങ്കിലും ആന്തരികാവയവങ്ങൾക്ക് കേടുപാടുകൾ ഉണ്ടോ എന്നറിയണം."

"സാറെന്തെങ്കിലും എഴുതി ചേർക്കൂ."

ഡോക്ടറുടെ മുറിയിൽ നിന്നും ഇറങ്ങി വരുമ്പോഴേക്കും ദീപയെ തിയേറ്ററിലേക്ക് മാറ്റിയിരുന്നു..
എന്റെ ആധി കണ്ടാവാം ഐസിയുവിന് പുറത്ത് നിൽക്കുന്ന കൂടെ വന്നവർ പറഞ്ഞു.

"പേടിക്കാനൊന്നുമില്ല വൻകുടലിനു പുറത്ത് ചെറിയ ഒരു മുറിവുണ്ട് "

നെഞ്ചിടിപ്പോടെ ഞാനും മറ്റു രണ്ട് പേരും മണിക്കൂറുകൾ അതിനു മുന്നിൽ ചിലവഴിച്ചു.
മനസിൽ എന്തൊക്കെയോ ചിന്തകൾ കടന്നു കയറി ദീപയെ ആക്രമിച്ചതാരാവും. ചുറ്റിനുമിപ്പോൾ മരണ ഗന്ധം മാത്രമാണ് ഭയം തോന്നുന്നുണ്ട് വല്ലാതെ .
ഐസിയു വാതിൽ തുറന്നു ഡോക്ടർ പറഞ്ഞു.

"B+ve ബ്ലഡ് വേണം"

"സർ അവൾക്കെങ്ങനയുണ്ട്?"

" പേടിക്കാനൊന്നുമില്ല. മുറിവ് ആഴത്തിൽ ഇല്ല. കുറച്ച് ബ്ലഡ് പോയിട്ടുണ്ട്. "

ഡോക്ടർ ഇമ്മാനുവൽ പറഞ്ഞു.കൂടെ വന്നവരിൽ ഒരാൾ B+ve ആയതിനാൽ ആയൊരു ബുദ്ധിമുട്ട് പരിഹരിച്ചു.

"ചേച്ചീ ദീപേച്ചിയുടെ വീട്ടിൽ വിവരമറിയിക്കണ്ടെ?"

കൂടെ വന്നവരിൽ ഒരാൾ

" ഉം "

ഞാൻ തലയാട്ടി. പക്ഷേ അവളുടെ വീട്ടിൽ അറിയിക്കുന്നതെങ്ങിനെയെന്ന് എനിക്കും അറിയില്ലായിരുന്നു. അവൾ താമസിക്കുന്നത് പടമുഗളിലാണ് എന്നല്ലാതെ മറ്റൊന്നുംഎനിക്ക് അറിയില്ലായിരുന്നു.

പുലർച്ചെ രണ്ട് മണിക്ക് ദീപയെ കാണാനുള്ള അനുമതി കിട്ടി.ദീപയ്ക്കപ്പോഴും ബോധം വീണിരുന്നില്ല.

ഞാൻ ഫോണെടുത്ത് സാബുവിനെ വിളിക്കാമെന്നോർത്തു. ഈ പ്രശ്നം ലീക്കാവരുതെന്ന് ചാനലിൽ എല്ലാവരോടും പറയാമെന്നോർത്ത് പോക്കറ്റിൽ തപ്പി. അവിടെ അലോഷ്യസിന്റെ ഫോൺ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഫോൺ എന്റെ ഓഫീസ് ടേബിളിനു മുകളിലിരിക്കുകയാണെന്ന സത്യം ഞാൻ തിരിച്ചറിഞ്ഞു കൂട്ടത്തിൽ ആ ശിവാനി തന്ന ഫയലും ലോക്കറിന്റെ കീയും.

സാബുവിന്റെ ഫോണിലേക്ക് കൂടെയുള്ളയാളുടെ ഫോണിൽ നിന്ന് കാര്യം വിളിച്ചു പറഞ്ഞു.

"ഹലോ സാബു .... "

"ഹലോ "

" ഞാൻ വേദയാണ്. ദീപയ്ക്കുണ്ടായ അപകടം ഒരുതരത്തിലും ലീക്കാവരുത്."

" ഇല്ല. വേദ എത്രയും പെട്ടന്നിവിടെ വരാമോ? കുറച്ചു കാര്യങ്ങൾ ഉണ്ട്. സാമുവേൽ സാറിന്റെ ചാർജ്ജിപ്പോൾ വേദയ്ക്കാണ്. ബാക്കി നേരിട്ട് പറയാം."

6.30 ആയപ്പോൾ സ്റ്റുഡിയോയിലെ വണ്ടി വന്നു.ഞാൻ കൂടെയുള്ളവരോട് യാത്ര പറഞ്ഞിറങ്ങി. സ്റ്റുഡിയോയിൽ ഡ്യൂട്ടി ടൈം കഴിഞ്ഞിട്ടും എന്നെ കാത്തു നിന്ന സാബുവിന്റെ പിന്നാലെ സിസിടിവി മുറിയിലേക്ക്.

" വേദ ഇന്നലെ ഇതിനകത്ത് നമ്മളല്ലാതെ വേറെയൊരാൾ കൂടി ഉണ്ടായിരുന്നു.... "

ഞാൻ നോക്കിയിരിക്കെ സാബു റെക്കോർഡ് ഓൺ ചെയ്തു.
സാബു തുടർന്നു.

"തലേ ദിവസം 10.30 നു ശേഷം ബനിയൻ ക്യാപ് ധരിച്ചാണ് ആ വ്യക്തി അകത്ത് കടന്നത്. കയറി വന്ന ഉടനെ അയാൾ വേദയുടെ ടേബിളിനടുത്ത് കുറച്ചു സമയം നിന്നു.ക്യാപ് താഴ്ത്തിവെച്ചതിനാൽ മുഖം വ്യക്തമാവുന്നില്ല .

തുടർന്ന് മേഡത്തിന്റെ മുറിയിലേക്ക് കയറി. അവിടെ ഷെൽഫിനു മീതെ കൈയെത്തിച്ച് പരതി നോക്കുന്നു. തിരികെ വന്ന് ചെയറിന്റെ അടിയിൽ എന്തോ കുനിഞ്ഞു നോക്കുന്നു. പിന്നെ കുറച്ചു സമയം ആളെ കാണുന്നില്ല. പിന്നെ പുറത്തിറങ്ങി കാന്റീനിന്റെ ഭാഗത്തേക്ക് പോയി തിരികെ വന്നു.

പിന്നീട് ലേഡീസ് ടോയ്‌ലറ്റിന്റെ ഭാഗത്തേക്ക് പോകുന്നു. ഞാൻ ഓടിപ്പോവുന്നു കുറച്ചു സമയത്തിനുള്ളിൽ മറ്റുള്ളവരും പിന്നീട് ഞങ്ങൾ ദീപ യെ താങ്ങിയെടുത്ത് പുറത്തു വരുന്നു. പിന്നീട് കുറച്ചു സമയത്തിനു ശേഷം അയാൾ അവിടുന്നു മടങ്ങിവരുന്നു നേരെ എന്റെ ടേബിളിനു മുന്നിൽ കൈ കുത്തി നിൽക്കുന്നു. മേശപ്പുറത്തു നിന്നും ലോക്കറിന്റെ കീ എടുക്കുന്നു ലോക്കർ തുറക്കുന്നു.ലാപ് പുറത്തേക്ക്.
തൂങ്ങിക്കിടക്കുന്ന ഐഡി കാർഡിലേക്ക് ഞാൻ സൂക്ഷിച്ചു നോക്കി. എന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

അരവിയാണോ ശത്രു.പിന്നീടയാൾ ഇറങ്ങിപോയ ഉടനെ പാർക്കിംഗിൽ നിന്നും ഒരു ബൈക്ക് ചീറി പാഞ്ഞ് വന്നു അയാളതിൽ കയറി പോയി.

"സാബു ഇത്രയും നേരത്തെ റെക്കോർഡ് ഇവിടുന്ന് മാറ്റണം. അത് സാബുവിന്റെ കൈവശമിരിക്കണതാണ് ഉത്തമം"

സാബുവിന്റെ കൺകളിൽ സംശയം .

"പിന്നെ നമ്മളീ റെക്കോർഡ് കണ്ട വിവരം ഒരിക്കലും ഇവിടെയുള്ളൊരു സ്റ്റാഫു പോലും അറിയരുത്. തൽക്കാലം മേഡത്തോട് ഞാൻ പറയാം"

സാബു തലയാട്ടി സമ്മതിച്ചെങ്കിലും സംശയത്തിന്റെ വിത്തുകൾ മുള പൊട്ടിയത് ഞാൻ തിരിച്ചറിഞ്ഞു.

എന്റെ ടേബിളിനു മുകളിൽ ശേഷിച്ചൊന്നും ഉണ്ടാവില്ലെന്നുറപ്പിച്ചാണ് എത്തിയത്. പക്ഷേ മൊബൈൽ ഫോണും ഫയലും ലോക്കിന്റെ കീയും ഭദ്രം. കീയെടുത്ത് ലോക്കർ തുറന്നു നോക്കി ലാപ് നഷ്ടമായ സ്ഥാനത്ത് നാലായി മടക്കിയ ഒരു വെളുത്ത പേപ്പർ.ഞാനതെടുത്ത് തുറന്നു നോക്കി.

'നിനക്കൊരു പണി പൂർത്തിയായിട്ടുണ്ട്. കാത്തിരിക്കുക 24 മണിക്കൂറിനുള്ളിൽ അടുത്ത ശവം .നീ അതിബുദ്ധി കാണിക്കുമെന്നറിയാം അതിനാൽ മാത്രം നിന്റെ ചിറകുകളിൽ ഒന്ന് അരിഞ്ഞെടുക്കുന്നു '

അപരിചിതമായ കയ്യക്ഷരം. ആരേയാണ് വിശ്വസിക്കേണ്ടത് ആറിയില്ല. ഒറ്റയാൻ പോരാട്ടമാണ് .

ലാപ് മോഷ്ടിച്ചതൊരിക്കലും അരവിന്ദാവില്ല കാരണം അവൻ ചോദിച്ചാൽ തന്നെ ഞാൻ എല്ലാ ഡോക്യുമെൻസും കൊടുത്തേനെ. പിന്നെയാ ബോഡീലാംഗേജ് അതും സാമ്യമില്ല.
ഒരുൾ പ്രേരണയാൽ ഞാൻ അവന്റെ വീട്ടിലേക്ക് വിളിച്ചു. മറുവശത്ത് അവന്റെയച്ഛൻ.

" അങ്കിൾ അരവിയെവിടെ?"

" നൈറ്റ് കഴിഞ്ഞ് അവനിന്ന് പുലർച്ചെയാ വന്നു കിടന്നത്.നല്ലയുറക്കമാ നീയെവിടെയാ"

" ഞാൻ ഓഫീസിലാ അങ്കിളേ വിളിക്കാം"

ഫോൺ ഡിസ്കണക്ടായി. എവിടെയോ ഒരു കുരുക്കെനിക്കായി മുറുകുന്നുണ്ട്.
അതിൽ അരവിയുടെ കൈകളെയും ഭയപ്പെടേണ്ടിയിരിക്കുന്നു. ദീപയെ ഇന്നലെ രാത്രി ഉപദ്രവിച്ചതാരാ എന്നതറിയണം ഞാൻ ഏഴാമത്തെ ഫയൽ തുറന്നു നോക്കാൻ തന്നെ തീരുമാനിച്ചു.
7) അഡ്വക്കേറ്റ് പരമേശ്വരൻ & അഡ്വ:സാവിത്രി പരമേശ്വരൻ, Dr:യൂനുസ്ഖന്നയുടേയും ആക്സിഡണ്ടെന്നു തെറ്റിദ്ധരിക്കപ്പെട്ട ആസൂത്രിത കൊലപാതകം

എനിക്ക് തല പെരുത്തു തുടങ്ങി. അച്ഛനുമമ്മയും മരണപ്പെടുമ്പോൾ ഫാമിലി ഫ്രണ്ടായ യൂനുസ്ഖന്നയുമുണ്ടായിരുന്നു കാറിൽ.കാർ വെട്ടിപ്പൊളിച്ചവരുടെ ജീവനറ്റ ശരീരം പുറത്തെടുത്തപ്പോൾ കാഴ്ച്ചക്കാർക്കൊപ്പം നാടും കരഞ്ഞിരുന്നു. അതപ്പോൾ ആക്സിഡണ്ടല്ലേ?

അവരുടെ മരണശേഷം യൂനുസ് ഖന്നയുടെ ഭാര്യ ഫാത്തിമയും ഇരട്ടകളായ രണ്ട് പെൺകുട്ടികളും എന്നെപ്പോലെ മാനസികമായി വല്ലാതെ തളർന്നിരുന്നു.
വളരെക്കാലത്തെ കാത്തിരിപ്പിനു ശേഷം 37മത്തെ വയസിലാണ് ഫാത്തിമ രണ്ട് പെൺകുട്ടികൾക്ക് ജന്മം നൽകിയത്. വൈകിയ പ്രെഗ്നൻസി ആയതിനാൽ ഡോക്ടർ കുറേയേറെ പ്രശ്നങ്ങളുണ്ടെന്ന് പറഞ്ഞ് അബോർഷന് നിർബന്ധിച്ചിട്ടും ഫാത്തിമ സമ്മതിച്ചിരുന്നില്ല. ആ കാരണങ്ങൾ കൊണ്ടാവാം പെൺകുട്ടികൾക്ക് ബുദ്ധി വൈകല്യവും ഉണ്ടായിരുന്നു.
അലോഷിയെ കാണണം കാര്യങ്ങൾക്കൊരു വ്യക്തത വരുത്തണം ഞാൻ അലോഷിക്കു മെസ്സേജയച്ചു.

" അത്യാവശ്യമായി കാണണം, 9 മണിക്ക് കലൂർ 'കാപ്പിക്കട' യിൽ ഉണ്ടാവും."

"ok .നിന്റെ പോലീസ് പ്രൊട്ടക്ഷൻ ?"

മറു ചോദ്യം വന്നു.

"ഞാനത് ക്യാൻസൽ ചെയ്തിരുന്നു. പ്രൈവസി പ്രോബ്ളം തന്നെ . "

"its OK "

മറുപടി വന്നു.
ഒന്നു കുളിക്കണം. സമയം 7.46am കഴിഞ്ഞിട്ടുണ്ട്. കൈലാസത്തിൽ പോയി കുളിച്ച് വരുമ്പോഴേക്കും ട്രാഫിക് ബ്ലോക്കിൽ കുടുങ്ങി 9 മണിക്ക് തിരിച്ചെത്തില്ല. തൊട്ടടുത്ത് ചാനൽ വർക്കേഴ്സിനു വാങ്ങിയിട്ട ഒരു ഫ്ലാറ്റ് ഉണ്ട്. 9 താമസക്കാരുള്ള ഒരു 3BHK. ഞാനവിടെ താമസിക്കുന്ന ഒരു ന്യൂസ് റീഡറെ വിളിച്ചു വരുന്നുണ്ടെന്നു പറഞ്ഞു ഞാനിറങ്ങി....
കൃത്യം 9 മണിയായപ്പോൾ അലോഷ്യസ് കാപ്പിക്കടയിൽ ഹാജർ.
തലേ രാത്രിയിലെ കാര്യങ്ങളെല്ലാം അലോഷ്യസിനോട് സംസാരിച്ചിരിച്ചു.
എതിരെയിരിക്കുന്ന ഒരു ചെറുപ്പക്കാരൻ ഇടംകണ്ണാൽ എന്നെയും അലോഷ്യസിനേയും നോക്കുന്നുണ്ടായിരുന്നു.

"വേദ വേറെയൊരു പ്രശ്നമുണ്ട്."

എന്താണെന്ന അർത്ഥത്തിൽ ഞാൻ അലോഷ്യസിനെ നോക്കി.

"ദേവദാസ് പറഞ്ഞത് കളവാണ്. KTമെഡിക്കൽസ് ഉടമ തൗഹബിൻ പരീതിന്റെ മകളിപ്പോഴും ജീവിച്ചിരിക്കുന്നു."

എന്റെ മിഴികളിൽ അത്ഭുതം.

" തൽക്കാലം അത് വിശ്വസിക്കാം. സുനിതയുടെ ചേച്ചി തന്ന ബിൽ കണ്ട ദിവസം തന്നെ ഞാൻ KT മെഡിക്കൽസിനെ പറ്റി അന്വേഷിച്ചു. ബാംഗ്ലൂരിൽ ഉള്ള KT മെഡിക്കൽസു തന്നെയാണോ KTഫാർമസ്യൂട്ടിക്കൽ എന്ന പേരിൽ അറിയപ്പെടുന്നതെന്നറിയാനാണ് സെർച്ച് ചെയ്തത്.രണ്ടും തമ്മിൽ കണക്റ്റഡ് അല്ലെങ്കിലും KT മെഡിക്കൽസ് ഉടമയായ തൗഹബിൻ പരീതിനെ ഞാനന്നേ തന്നെ നോക്കി വെച്ചിരുന്നു. പിന്നീട് ഞാൻ തൗഹയുടെ FB പ്രൊഫൈലിൽ നിന്നും ഫാമിലി മെംബേഴ്സിനെ ചൂണ്ടി അങ്ങനെയാണ് മകൾ മുംതാസിന്റെ പ്രൊഫൈൽ കിട്ടിയത്.. ഇത്തരം കാര്യങ്ങൾക്കായി മാത്രം

ഉപയോഗിക്കുന്ന ഒരു ഫേക്ക് പ്രൊഫൈൽ വഴി കാര്യങ്ങൾ നിരീക്ഷിച്ചു.ഇന്നലെ രാത്രി രണ്ടു മണിക്ക് മുംതാസ് ഓൺലൈനിൽ ഉണ്ടായിരുന്നു. ഞാൻ ബ്രൗസർ ലോഗിൻ ചെയ്ത ലൊക്കേഷൻ ട്രെയ്സ് ചെയ്തെടുത്തപ്പോൾ തിരുപനന്തപുരം അനന്തപത്മനാഭസ്വാമി ക്ഷേത്രത്തിനടുത്താണ് കാണിക്കുന്നത്. കറക്റ്റ് ലൊക്കേഷൻ പറഞ്ഞാൽ തൗഹബിൻ പരീതിന്റെ വീട് "

"ദേവദാസ് നുണ പറഞ്ഞതാവുമോ?"

എന്റെ സംശയം

" അറിയില്ല.'ഫീലിംഗ് ഹാപ്പി വിത് മൈ ഉപ്പച്ചീ' എന്നും പറഞ്ഞാണ് പുതിയ സെൽഫി ഇന്നലെ രാത്രി ഇട്ടത്.തുടർന്ന് കുറച്ച് മെഡിക്കൽ ഡൗട്ട്സെന്ന രീതിയിൽ ഞങ്ങൾ കുറച്ചു നേരം ചാറ്റ് ചെയ്യുകയും ചെയ്തു."

" മെഡിക്കൽ ഡൗട്ട്സ് ? മുംതാസ് ഡോക്ടറാണോ?"

"യെസ്..... "

"ഏത് ഹോസ്പിറ്റലിൽ?"

" അൽ മിത്ര സൂപ്പർസ്പെഷാലിറ്റി ഹോസ്പിറ്റൽ ബാംഗ്ലൂർ.ഞാൻ ചോദിച്ചപ്പോൾ സ്റ്റേറ്റ്സിലേക്ക് പോകാനുള്ള തിരക്കായതിനാൽ ജോലി റിസൈൻ ചെയ്തതെന്നു പറഞ്ഞു. ഞാനതും അന്വേഷിച്ചു.ഒരു മാസം മുന്നേ മുംതാസ് അൽ മിത്രയിലെ ജോലി റിസൈൻ ചെയ്തിരുന്നു."

സംസാര മദ്ധ്യേ പോലീസ് യൂണിഫോമിട്ട രണ്ട് വനിതാ കോൺസ്റ്റബിളിനൊപ്പം CI റാങ്കിലുള്ള ഒരുദ്ധ്യോഗസ്ഥൻ കയറി വന്നു. അയാൾ എനിക്കു മുമ്പിൽ ടേബിളിൽ കൈ കുത്തി നിന്നു ചോദിച്ചു.

" വിഷൻ മീഡിയ വേദപരമേശ്വർ?"

"യെസ് "

" ഞാൻ ആലുവസ്റ്റേഷൻ സിഐ നൈനാൻ കോശിയാണ് നിങ്ങളുടനെ എനിക്കൊപ്പം സ്റ്റേഷൻ വരെ ഒന്നു വരണം."

"സർ എന്താണ് കാര്യം"

ചോദിച്ചത് അലോഷ്യസാണ്

"നിങ്ങൾ?"

CI അലോഷ്യസിനു നേരെ തിരിഞ്ഞു.

"ഞാൻ അലോഷ്യസ് കൊച്ചി മഹേന്ദ്രയിൽ സെയിൽസ് മാനേജരായി വർക്ക് ചെയ്യുന്നു.കൂടാതെ വേദയുടെ സിയാൻസി കൂടിയാണ്."

തുടർന്ന് ഒരു ഐഡി കാർഡ് സിഐയെ കാണിച്ചു.

" ഒകെ മിസ്റ്റർ അലോഷ്യസ്,ഇന്ന് പുലർച്ചെ മോർച്ചറിയിൽ നിന്നും കഴിഞ്ഞ ദിവസം ആത്മാഹത്യ ചെയ്ത സജീവിന്റെ മൃതദേഹം മോഷണം പോയിരിക്കുന്നു. അത് കൊണ്ടുപോയത് വേദ പരമേശ്വർ ആണെന്ന്

മോർച്ചറി സൂക്ഷിപ്പുകാരൻ അബു പറഞ്ഞു. അയാളിപ്പോൾ അത്യാസന്ന നിലയിൽ ആശുപത്രിയിലാണ് .."

"ഞാൻ....."

എന്റെ തൊണ്ട വരണ്ടു ശബ്ദത്തിനായി ഞാൻ ശ്രമിച്ചു.

" മേഡം സഹകരിക്കണം"

രണ്ട് വനിതാ കോൺസ്റ്റബിൾമാർ എന്റെ ഇടവും വലവും നിലയുറപ്പിച്ചു.

" ഒക്കെ ഞാൻ വരാം "

എന്തോ അങ്ങനെ പറയാനാണ് തോന്നിയത്.കാരണം ഞാനപ്പോൾ അവിടെ നിന്ന് തർക്കിച്ചിട്ട് കാര്യമില്ല. ഇന്നലെ രാത്രി മുതൽ ഞാൻ എവിടെയാണെന്ന് പറയേണ്ടി വന്നാൽ പലതും തുറന്നു പറയേണ്ടി വരും.

"സർ ഒരു നിമിഷം "

നൈനാൻ കോശിയുടെ അനുമതിയോടെ എന്റെ ബാഗ് ഞാൻ അലോഷിയെ ഏൽപിച്ചതിനു ശേഷം രഹസ്യമായി പറഞ്ഞു.

"സർ തന്ന ഫോൺ ഈ ബേഗിലുണ്ട്. അത് സ്റ്റേഷനിൽ എത്താതിരിക്കാനാണ് ഞാനിത് തരുന്നത്.ഇവിടെ തൽക്കാലം കീഴടങ്ങാം. പിന്നെ സീക്രട്ടുകൾ ഒന്നും അരവിയോട് ഷെയർ ചെയ്യരുത് കാരണം അരവി ഇന്നലെ നൈറ്റാണെന്നും പറഞ്ഞ് വീട്ടിൽ ഇല്ലായിരുന്നു. എന്തോ ചെറിയ പ്രശ്നമുണ്ട്."

അലോഷ്യസ് ഒന്നും പറഞ്ഞില്ല. തിരികെ വന്നു നൈനാൻ കോശിയോട് പറഞ്ഞു

"എനിക്കെന്റെ അഡ്വക്കേറ്റിനോട് സംസാരിക്കണം, "

"അതെല്ലാം സ്റ്റേഷനിൽ എത്തിയിട്ട്. നടക്ക് "

അനുസരണയുള്ള കുട്ടിയെ പോലെ ഞാൻ നടന്നു. എതിരെ ഇരിക്കുന്ന ചെറുപ്പക്കാരന്റെ ചുണ്ടിൽ ഒരു പുഞ്ചിരി കണ്ടു.അതെന്നെ പോലെ അലോഷിയും കണ്ടിരുന്നു

പോലീസ് വാഹനത്തിലിരിക്കെ ഒരു സംശയം എന്നിൽ ജനിച്ചു. ഞാൻ ഹോസ്പിറ്റലിലായിരിക്കമ്പോൾ എന്റെ ഫോൺ സ്റ്റുഡിയോയിൽ ആണ്. ആ സമയം എന്നെ ഗായത്രി വിളിച്ചത് അലോഷ്യസിന്റെ നമ്പറിലേക്കാണ്. അ നമ്പർ എങ്ങനെ അവർക്കു കിട്ടി? അലോഷ്യസിനു മാത്രമറിയാവുന്ന ആ നമ്പർ എങ്ങനെ?
സ്റ്റേഷനിൽ എത്തിയപ്പോഴും CI വളരെ മാന്യമായി തന്നെയാണ് പെരുമാറിയത്.

"വേദ ഇരിക്കൂ."

CI യുടെ മുറിയിലെ ചെയർ ചൂണ്ടി നൈനാൻ കോശി പറഞ്ഞു. ഞാനിരുന്നു.

" ക്ഷമിക്കണം നിങ്ങളും അരവിന്ദും ചേർന്നാണ് ബോഡി മോഷ്ടിച്ചതെന്ന് ദൃക്സാക്ഷിയായ മോർച്ചറി സൂക്ഷിപ്പുകാരന്റെ മൊഴി. അനുസരിച്ചാണ് കസ്റ്റഡിയിൽ എടുത്തത്.നിങ്ങളുടെ കൈവശം മൊബൈ ഫോൺ ഉണ്ടെങ്കിൽ ഇവിടെ വെക്കൂ."

ഫോൺ മേശ പുറത്ത് വാങ്ങി വെച്ചു.

"സർ എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നെ അറസ്റ്റ് ചെയ്തത്.സജീവിന്റെ ബോഡി എനിക്കെന്തിന് ?"

ശബ്ദം തെല്ലുയർന്നുവോ എന്റെ?

" മോർച്ചറി സൂക്ഷിപ്പുകാരന്റെ തലയ്ക്കടിച്ചു ബോഡി ആംബുലൻസിൽ കയറാൻ നേരം നിങ്ങൾക്കൊപ്പമുണ്ടായിരുന്ന പുരുഷൻ പറഞ്ഞത് 'വേദാ പരമേശ്വർ വേഗം വരു' എന്നാണെന്ന് ബോധം മറയും മുന്നേ അയാൾ കേട്ടെന്ന്. പിന്നെ സംഭവസ്ഥലത്തു നിന്നും അരവിന്ദിന്റെ ഐഡി കാർഡും കിട്ടിയിട്ടുണ്ട്. ഇതൊക്കെ പോരെ തെളിവിന്.മാന്യമായ പെരുമാറ്റം ഇതൊരു മാതൃകാ പോലീസ് സ്റ്റേഷനായതിനാൽ മാത്രമാണ്. "

"ഞാൻ സാറിനെ കുറ്റപ്പെടുത്തുന്നില്ല, നിങ്ങൾ നിങ്ങളുടെ ഡ്യൂട്ടി ചെയ്തു. ഞാൻ നിരപരാധിയാണെന്ന് കോടതിയിൽ തെളിയിക്കാം.

"സർ എനിക്കൊന്നു അഡ്വക്കേറ്റിനെ ഫോൺ ചെയ്യണം."

"നിങ്ങൾക്കിവിടുത്തെ ലാന്റ് ഫോൺ ഉപയോഗിക്കാവുന്നതാണ് "

തുടർന്ന് CI ഒരു കോൺസ്റ്റബിളിനെ വിളിച്ച് കാര്യം പറഞ്ഞു.

ഞാൻ അഡ്വക്കേറ്റ് ജയപ്രകാശിനെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു. തെറ്റു ചെയ്യാത്തതിനാലാവാം ഭയം ഒട്ടുമില്ലായിരുന്നു.
ഒരു വനിതാ പോലീസുകാരി വന്നു എന്നെ മറ്റൊരു മുറിയിലേക്ക് കൊണ്ടുപോയി. മരത്തിന്റെ ഒന്നു രണ്ട് ബെഞ്ചുകൾക്കൊപ്പം ചുവന്നു നരച്ച അഞ്ചാറ് ഫൈബർ കസേരകളും, തലേ ദിവസം നൈറ്റ് പെട്രോളിംഗിനിറങ്ങിയവർ പൊക്കിയ വാടിക്കരിഞ്ഞ മുല്ലപ്പൂ ചൂടി മുറുക്കിച്ചുവപ്പിച്ച രണ്ട് സ്ത്രീകൾ ബെഞ്ചിന്റെ അങ്ങേത്തലയ്ക്കലായിരിക്കുന്നു.

അവയിലൊരാൾ എന്നെ നോക്കി ചിരിച്ചു. അവർക്ക് ചിരപരിചിതമായ സ്ഥലമായതിനാലാവാം അവരുടെ മുഖത്ത് കൂസലില്ലാഴ്മ.
ഞാനവരിരിക്കുന്നതിനടുത്ത് നിന്ന് ഏറ്റവും ദൂരയുള്ള ഇരിപ്പിടത്തിൽ ഇരുന്നു.

പുറത്ത് ഒരു വാഹനം വന്നു നിൽക്കുന്ന ശബ്ദം. തുടർന്ന് ബൂട്ടുകളുടെ ശബ്ദം. CI യുടെ മുറിയിലേക്കിപ്പോൾ കൊണ്ടുപോയത് അരവിയാണെന്ന് ഒരു വേള ഞാൻ തിരിച്ചറിഞ്ഞു.
എന്തായാലും ജയപ്രകാശ് സാറിനോട് അരവിന്ദിന്റെ കാര്യവും കൂടി പറഞ്ഞത് നന്നായി.
ഞാൻ ടേബിളിൽ തല ചായ്ച്ചു കണ്ണടച്ചു. എനിക്കു പിന്നാലെയുള്ള ആ വ്യക്തി ആരാണെന്നറിയും മുന്നേ എന്നെ സഹായിക്കാനെന്ന പേരിൽ മുമ്പിൽ വന്നവരെ കണ്ടു പിടിക്കണം.
അച്ഛന്റേയും അമ്മയുടേയും കൊലപാതകികളെ കണ്ടെത്തണം. എന്തിനു കൊന്നു?
ശിവാനി തന്ന ഫയലിലെ ഓരോ കേസുകളിലും പരസ്പരം കണക്റ്റ് ചെയ്യുന്ന എന്തോ ഒന്നുണ്ട്. അതിലൂടെ ഒരന്വേഷണം നടത്തിയലേ കാര്യമുള്ളൂ.
അരവി ഒരിക്കലും തെറ്റുകാരനാവില്ല. കാരണം ഓഫീസിൽ എവിടെയെല്ലാം ക്യാമറ ഉണ്ടെന്നത് വ്യക്തമായി അവനറിയാവുന്ന കാര്യമാണ്. അറിഞ്ഞു കൊണ്ട് തല വെക്കാൻ മാത്രം വിഡ്ഢിയല്ല അവൻ.അരവിയുടെ ഐഡി കാർഡ് മറ്റാരോ ഉപയോഗിക്കുകയായിരിക്കാം. ആ ഐഡന്റിറ്റിയിൽ അവൻ മോർച്ചറിയിൽ കയറിച്ചെന്നത് അരവിയിലേക്കും എന്നിലേക്കും കേസ് തിരിച്ചുവിടാൻ മാത്രമാവും. മനഃപൂർവ്വം ആ ഐഡി ഉപേക്ഷിക്കുകയാണ് ചെയ്തിട്ടുണ്ടാവുക. പക്ഷേ ആ കൂട്ടത്തിൽ ഒരു സ്ത്രീയും ഉണ്ട്.അതാരാണ് ശിവാനി ആയിരിക്കുമോ?
ഉച്ചയാവാറായപ്പോൾ എനിക്കും അരവിക്കുമുള്ള ജാമ്യവുമായി ജയപ്രകാശ് വന്നു. എന്റെ മൊബൈൽ തിരിച്ചു തന്നു. ഗായത്രിയ്ക്ക് മെസ്സേജയക്കാൻ നെറ്റ് ഓൺ ചെയ്തു. കുറേ നോട്ടിഫിക്കേഷനിൽ ഒന്നു

രണ്ട് മെയിലും കിടക്കുന്നു. ഒന്ന് ഓഫീഷ്യലിയാണ്. മറ്റൊന്ന് അത്ര പരിചയമില്ലാത്ത മെയിൽ ഐഡിയിൽ നിന്നാണ്

"for orthographic research maintenance using logical arrangement "

ഇതായിരുന്നു മെയിൽ.കുറച്ചു നേരം ചിന്തിച്ചു. ചിലപ്പോൾ മാറി വന്നതാവാം.
കൂടുതൽ ഫോർമാലിറ്റീസുകളൊന്നുമില്ലാതെ തന്നെ ഞങ്ങൾ ഇറങ്ങി.ഗേറ്റിനു വെളിയിലെത്തിയപ്പോഴേക്കും പ്രശാന്ത് മറ്റൊരു ടാക്സി ടവേരകാറുമായി കാത്തു നിൽപുണ്ടായിരുന്നു.

കാറിൽ കയറിയതിനു ശേഷമാണ് ഏറ്റവും പിന്നിലെ സീറ്റിലിരിക്കുന്ന അലോഷ്യസിനെ ഞങ്ങൾ കണ്ടത്.

" അരവി ഇന്നലെ രാത്രി എവിടെയായിരുന്നു.?"

മയം ഒട്ടുമില്ലാതെയാണ് അലോഷിയുടെ ചോദ്യം.

" ഞാൻ .... വീട്ടിൽ "

അവന്റെ നുണ പറയൽ എന്നെ അത്ഭുതപ്പെടുത്തി.

" നൈറ്റ് ഡ്യൂട്ടിയെന്നു പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയ താൻ എവിടേക്കാണ് പോയതെന്ന് പറഞ്ഞാൽ മാത്രം മതി."

അലോഷ്യസ് ഭാവം മാറാതെ പറഞ്ഞു.

"ഇന്നലെ നൈറ്റ് 12.17 am നു നിനക്ക് വന്ന ഇന്റർനാഷണൽ കാൾ ആരുടേതായിരുന്നു? ഒരു മിനിറ്റ് 13 സെക്കന്റ് നീയാ നമ്പറിൽ സംസാരിച്ചിട്ടുണ്ട്. അതിനു ശേഷം നിന്റെ ഫോൺ സ്വിച്ഡോഫ് ചെയ്തത് എന്തിന്.? 12.20നു വീട്ടിൽ നിന്നിറങ്ങിയ നിന്റെ സക്കൂട്ടി വേദയുടെ വീടിനു സമീപം വെച്ച് കയറി പോയത് നമ്പർ പ്ലേറ്റില്ലാത്ത ഒരു ബൈക്കിൽ, ആ യാത്ര നീ എവിടേക്കാണ് പോയത്.? 6.42 നു നീ വീട്ടിലെത്തിയതിനു ശേഷം സിറ്റി കമ്മീഷണർ അരുന്ധതീ മേഡത്തിന്റെ ഫോണിലേക്ക് വിളിച്ചത് എന്തിന്?"

അരവിയുടെ തൊണ്ട വരളുന്നതും ഉമിനീരിറക്കാനവൻ പാടുപെടുന്നതും ഞാൻ തിരിച്ചറിഞ്ഞു.

"പറയൂ അരവി. നമ്പർ പ്ലേറ്റില്ലാത്ത ആ ബൈക്കിൽ ആരായിരുന്നു."

അരവി ഉമിനീരിറക്കി.

" ഞാൻ പറയാം."

തുടർന്നവൻ എന്നെ നോക്കി.

"നിങ്ങളെന്നെ ഇടപ്പള്ളിയിൽ വിട്ട് പോയതിനു ശേഷം ഞാൻ സ്കൂട്ടിയുമായി പതിയെ പോവുകയായിരുന്നു. ആലിൻ ചുവട്ടിലെ ഓട്ടോസ്റ്റാന്റിൽ നിന്നും ഒരു പെണ്ണ് കാക്കനാടേയ്ക്ക് ലിഫ്റ്റ് ചോദിച്ചു. രാത്രിയേറെ ആയതിനാൽ ലിഫ്റ്റ് കൊടുക്കാതിരിക്കാൻ തോന്നിയില്ല. വാഴക്കാല എത്തിയപ്പോൾ നട്ടെല്ലിന് മീതെ എന്തോ ഇരുമ്പുകുഴൽ തട്ടിയതുപോലെ തോന്നി. തപ്പിനോക്കിയപ്പോൾ ശരിയാണ് ഒരു തോക്കിൻ കുഴൽ.പിന്നീട് അവൾ പറഞ്ഞതനുസരിച്ച് ഞാൻ ഡ്രൈവ് ചെയ്തു.എംജിഒ ക്വാർട്ടേഴ്സിലെത്തിയപ്പോൾ TB സർ എന്നൊരാൾ വരുമെന്നും അതുവരെ വെയ്റ്റ് ചെയ്യണമെന്നും പറഞ്ഞു. ഞാനെതിർത്താൽ ആ നിമിഷം അവൾ നിറയൊഴിക്കുമെന്നറിയാവുന്നതിനാൽ ഞാൻ

അടങ്ങിയിരുന്നു.പത്തു മിനിട്ടിനു ശേഷം ഒരു ജാഗ്വാർ വന്നു ആകാശവാണിയുടെ ഗേറ്റിനപ്പുറത്ത് നിർത്തി. ആ പെൺകുട്ടി നോക്കിൻ കുഴൽ അപ്പോഴും എന്റെ നട്ടെല്ലിനടുത്തു നിന്നും മാറ്റിയിരുന്നില്ല. കാറിൽ നിന്നൊരാൾ ഇറങ്ങി വന്നു.അയാളുടെ കൈയിൽ കാളിലുള്ള ഒരു മൊബൈൽ ഉണ്ടായിരുന്നു. അതെനിക്കായി നീട്ടി .അതിൽ ഒരു വീഡിയോ കോളായിരുന്നു ഉണ്ടായിരുന്നത്. ഫോൺ ബാക്ക് ക്യാമറ വഴി കണ്ട കാഴ്ച്ച അഭിചേച്ചിയും മകളും കിടന്നുറങ്ങുന്ന ദൃശ്യം."

അരവിന്ദ് കിതയ്ക്കാൻ തുടങ്ങി. അഭിച്ചേച്ചി എന്നത് അരവിയുടെ ചേച്ചിയാണ്, ഏക മകൾ നയനയും ഭർത്താവ് സുധീറുമൊന്നിച്ച് അമേരിക്കയിലാണ്...
അരവി തുടർന്നു.

"വീഡിയോ കോൾ കട്ടായെങ്കിലും എനിക്കെതിർക്കാൻ കഴിഞ്ഞില്ല. പിന്നിലിരിക്കുന്ന പെൺകുട്ടിയുടെ ഫോൺ റിംഗ് ചെയ്തപ്പോൾ അവളത് അറ്റന്റ് ചെയ്തു. അപ്പോൾ അടിവയറിനു താഴെ മറ്റൊരു ലോഹക്കുഴൽ അമർന്നിരുന്നു.

"ഹലോTB സർ..... "
.........

"ഓകെ സർ"

തുടർന്ന് ഫോൺ എന്റെ ചെവിക്കരികിൽ ചേർത്തു

"ഹലോ മിസ്റ്റർ അരവിന്ദ്.... ഞാൻ TB എനിക്ക് നിങ്ങളെക്കൊണ്ട് ചെറിയൊരു പണിയുണ്ട്. അതിന്റെ സുരക്ഷിതത്വം ഉറപ്പാക്കാൻ വേണ്ടി മാത്രമാണ് നിങ്ങളുടെ സഹോദരിയെയും കുട്ടിയേയും കസ്റ്റഡിയിലെടുത്തത്."

"നിങ്ങൾക്കെന്താണ് വേണ്ടത് ചേച്ചിയെയും കുഞ്ഞിനേയും എന്തിനാ ?"

മറുവശത്ത് പൊട്ടിച്ചിരി തുടർന്ന്

"നിങ്ങൾ ബുദ്ധിമാനായ കുറുക്കനാണ് അതിനേക്കാൾ ബുദ്ധിമതിയായ വേദയുടെ ഉറ്റ തോഴൻ ,മനസാക്ഷി സൂക്ഷിപ്പുകാരൻ. എന്താ ശരിയല്ലെ......?"

മറുവശത്ത് വീണ്ടും പൊട്ടിച്ചിരി.

"നിങ്ങൾക്കെന്താണ് വേണ്ടത്? അവരെ ഉപദ്രവിക്കരുത്."

" ഇല്ല ഉപദ്രവിക്കില്ല. ഞാൻ പറയുന്നത് അനുസരിച്ച് നീ നിന്നാൽ മാത്രം മതി. നീ വീട്ടിൽ പോയി സുഖമായുറങ്ങുക. നിനക്കുള്ള നിർദ്ദേശങ്ങൾ താനേ വരും. പിന്നൊരു കാര്യം ഞാനീ പറഞ്ഞ കാര്യങ്ങൾ നീയല്ലാതെ മറ്റൊരാൾ അറിഞ്ഞാൽ സഹോദരിയേയും കുഞ്ഞിനേയും സഹോദരീ ഭർത്താവിനേയും മറന്നേക്കു.അന്ത്യകർമ്മങ്ങൾക്ക് വേണ്ടി പോലും ഒരസ്ഥിപോലും ബാക്കി വെച്ചേക്കില്ല ഞാൻ."

ഞാനെന്തോ പറയാൻ തുടങ്ങുമ്പോഴേക്കും . ഫോൺ കട്ടായിരുന്നു.

"പോലീസിൽ അറിയിക്കാൻ ശ്രമിച്ചാൽ അത് നിങ്ങൾക്കും അപകടം വരുത്തുകയേ ഉള്ളൂ."

പിന്നിലിരുന്ന പെൺകുട്ടി പറഞ്ഞു കൊണ്ടിറങ്ങിജാഗ്വാർ ലക്ഷ്യം വെച്ചു നടന്നു കൂടെ ചേച്ചിയുടെ ലൈവ് വീഡിയോ കാണിച്ച തടിയനും .രണ്ടു പേരും കാറിൽ കയറി.കാർ അകന്നുപോയി. "

"കാറിന്റെ നമ്പർ നോട്ട് ചെയ്തിരുന്നോ? "

ആകാംക്ഷ ഞാൻ മറച്ചു വെച്ചില്ല.

" ഉം "

"അരവി കണ്ടിന്യൂ.... "

അലോഷിയുടെ ശബ്ദം.

" വീട്ടിലെത്തിയിട്ടും എനിക്കുറക്കം വന്നില്ല. ഞാൻ ചേച്ചിയേയും അളിയനേയും കോൺഡാക്ട് ചെയ്യാൻ ശ്രമിച്ചു. ലൈൻ കിട്ടുന്നുണ്ടായില്ല.12.17 നു എന്റെ ഫോൺ ശബ്ദിച്ചു. ഒരു നെറ്റ് കോളായിരുന്നു അത്.

"ഹലോ.... "

"ഹലോ, അരവിന്ദ് ഉടൻ ഇറങ്ങുക, വേദയുടെ വീടിനു മുമ്പിൽ എന്റെയാളുണ്ടാവും അവർക്കൊപ്പം വരിക."

"എവിടേക്ക്? എന്റെ ചേച്ചി എവിടെ?"

" അവരിപ്പോഴും സുരക്ഷിതരാണ്. പറഞ്ഞത് അനുസരിക്കുക.റിട്ടേയ്ഡ് അച്ചുതൻ നായരെ വെച്ചൊരു കളിക്കില്ല രണ്ട് അറ്റാക്ക് കഴിഞ്ഞതല്ലേ? പിന്നെ ഫോൺ സ്വിച്ച്ഡോഫാക്കാൻ മറക്കണ്ട."

ഭീഷണിയുടെ സ്വരം. ഇത് നേരത്തെ വിളിച്ച TB അല്ല എന്നുറപ്പാണ്.

ഞാൻ ഇറങ്ങി, ഇറങ്ങും മുൻപേ ഫോൺ ഓഫാക്കി പോക്കറ്റിലിട്ടു. പറഞ്ഞതുപോലെ സ്ക്കൂട്ടിവെച്ച് ഞാൻ തിരിഞ്ഞപ്പോഴേക്കും ഒരു ബൈക്ക് അടുത്തുവന്ന് സ്ലോ ആക്കി.നോക്കിയപ്പോൾ അതിനു നമ്പറില്ലായിരുന്നു. എന്നെയും കയറ്റി ബൈക്ക് മുന്നോട്ട് പോയി.

"എവിടേക്കാണ്?"

എന്ന എന്റെ ചോദ്യത്തിന് ഉത്തരമില്ലായിരുന്നു. കുറച്ചു സമയത്തിനുള്ളിൽ എന്നെ കടവന്ത്ര ഇന്ദിരാഗാന്ധി കോ ഓപറേറ്റീവ് ഹോസ്പിറ്റലിലെ ഗേറ്റിനരികിൽ നിർത്തി.

" എവിടെയും പോവരുത്. ഇവിടെ തന്നെ നിൽക്കണം മേഡം ഇപ്പോൾ വരും "

ബൈക്കിൽ വന്നവൻ അകത്ത് പോയി. എനിക്കപ്പോൾ ഒരു കാര്യം മനസിലായി. അന്ന് നിന്നെ ഉപദ്രവിച്ചവനും ഇന്നലെ ബൈക്കിൽ വന്നവനും ശബ്ദം കൊണ്ട് ഒരാളാവണം കാരണം, അതൊരു പെണ്ണിന്റെ സ്വരമായിരുന്നു."

" പ്രശാന്ത് വണ്ടിയൊന്നൊതുക്കൂ..... "

അലോഷ്യസിന്റെ നിർദ്ദേശ പ്രകാരം പ്രശാന്ത്
വണ്ടിയൊതുക്കി, അലോഷ്യസ് പുറത്തിറങ്ങി ഒരു സിഗരറ്റിനു തീ കൊളുത്തി. വായുവിലേക്ക് പുതയൂതിക്കൊണ്ടിരുന്നു.അത് തീർന്നപ്പോൾ വീണ്ടും കയറി യാത്ര തുടർന്നു.

"എന്നിട്ട് .....?"

അലോഷ്യസ് ചോദിച്ചു.

" കുറേ നേരം കാത്തിരുന്നിട്ടും ആരും വന്നില്ല. ഞാൻ ഫോൺ ഓണാക്കിയപ്പോൾ സജീവിന്റെ ഫോണിൽ നിന്നും ഒരു മെസ്സേജ് വന്നിരുന്നു.അപ്പോഴേക്കും ഒരു കാർ അടുത്തുവന്നു നിർത്തി.
പിൻസീറ്റിലെ ഗ്ലാസ് താഴ്ത്തി സീറ്റിലിരുന്ന സ്ത്രീ കയറാൻ പറഞ്ഞു.

" അരവിന്ദ് കയറു ലേറ്റായി. "

തുടർന്ന് മുൻ സീറ്റിലിരുന്നൊരാൾ ഡോർ തുറന്നു ആശുപത്രിഗേറ്റിനകത്തേക്ക് പോയി.
കാറിൽ കയറിയപ്പോഴേക്കും ഒരു മയക്കം എന്നെ ബാധിച്ചിരുന്നു. അപ്പോഴാണ് വേദയുടെ കോൾ വന്നത് ഹിൽവ്യൂയിലാണെന്നും പറഞ്ഞ്.പിന്നീടെന്താ ഉണ്ടായതെന്ന് എനിക്കറിയില്ല. കണ്ണു തുറക്കുമ്പോൾ ഞാൻ കടവന്ത്ര ഹോസ്പിറ്റലിലെ പുറത്തെ ചെയറിൽ ഇരിക്കുകയാണ് സമയം ആറു മണിയോടടുത്തിരുന്നു. പിന്നീട് ഒരു ഓട്ടോ പിടിച്ച് വേദയുടെ വീടിനു മുമ്പിൽ ഇറങ്ങി സ്ക്കൂട്ടിയുമെടുത്തു വീട്ടിൽ പോയുറങ്ങി. പിന്നീട് സജീവിന്റെ ബോഡി മിസ്സിംഗ് കേസുമായി എന്നെ പോലീസ് അറസ്റ്റ് ചെയ്തു. സത്യത്തിൽ ഇതാണ് സംഭവിച്ചത്."

" നീയിന്നലെ സജീവിന്റെ ബോഡി കാണാൻ എന്തിനാണ് പോയത് അരവിന്ദ് ?"

" ഞാൻ പോയില്ല"

"നീ പോയി.പോവുക മാത്രമല്ല അവിടെയുള്ള ഒരു മെയിൽ സ്റ്റാഫിനോട് മോർച്ചറി എവിടെയാണെന്നു തിരക്കുകയും ചെയ്തു. "

" ഇല്ലസർ ഞാൻ പോയിട്ടില്ല"

" ഉം.... നിന്റെ ഐഡി കാർഡ് പിന്നെങ്ങനെ അവിടെത്തി .?"

"എനിക്കറിയില്ല."

"ഉം. എങ്കിൽ നിന്നെയിതിൽ കരുവാക്കിയതാവും. നീ കമ്മീഷ്ണർ അരുന്ധതിയെ വിളിച്ചത് എന്തിനാണ്?"

"അവർ അഭിചേച്ചിയുടെ സിസ്റ്റർ ഇൻ ലോ ആണ്. കാര്യങ്ങൾ എല്ലാം പറയാനാണ് വിളിച്ചത് പക്ഷേ അവർ കോൾ അറ്റന്റ് ചെയ്തില്ല."

"സജീവിന്റെ ഫോണിൽ വന്ന മെസ്സേജ് എന്താണ്?"

"ഞാനപ്പോൾ തന്നെ കളഞ്ഞു. മറ്റാരും കാണാതിരിക്കാൻ "
എനിക്കെന്തോ വിശ്വാസം വന്നില്ല.

" എന്താണെന്ന് ഓർമ്മയില്ലേ?"

അലോഷിയുടെ ചോദ്യം

"for orthographic research maintenance using logical arrangement706/13 .ഇതാണ് മെസ്സേജ് "

അരവി പറഞ്ഞു. എന്റെ കണ്ണുകൾ ഒന്നു കുറുകി ഇതല്ലേ എനിക്ക് മെയിൽ വന്നത്.

എന്റെ ഫോൺ ശബ്ദിച്ചു. ജോണ്ടിയായിരുന്നു.

" ചേച്ചീ ഒന്ന് പെട്ടന്ന് പെരുമ്പാവൂരിൽ വരണം "

"ജോണ്ടീ.... എന്താ കാര്യം?"

"എനിക്കത്യാവശ്യമായി കാണണം അരവിയേട്ടൻ അറിയരുത് ഈ വരവ്. ചേച്ചി മറ്റാരോടും പറയാതെ വേണം വരാൻ.നമ്മൾ പ്രതീക്ഷിക്കാത്ത ഒരു ശത്രു നമുക്കൊപ്പമുണ്ട്. "

എന്റെ തൊട്ടടുത്തിരിക്കുന്ന അരവിയേയും പിൻസീറ്റിലെ അലോഷിയേയും ഡ്രൈവിംഗിൽ മാത്രം ശ്രദ്ധിക്കുന്ന പ്രശാന്തിനേയും ഞാൻ മാറി മാറി നോക്കി.
എന്നിട്ട് ജോണ്ടിയ്ക്ക് മെസ്സേജയച്ച ശേഷം ഞാനത് ഡിലീറ്റ് ചെയ്തു"

എനിക്കെന്തോ ഭയം തോന്നിത്തുടങ്ങിയിരുന്നു.

" പ്രശാന്ത് ഏതെങ്കിലും ഹോട്ടലിനു മുന്നിൽ വണ്ടി നിർത്തണം വിശപ്പുണ്ട്. രാവിലെ മുതൽ ഒന്നും കഴിച്ചില്ല "

അലോഷ്യസിന്റെ നിർദ്ദേശപ്രകാരം ഒരു ഹോട്ടലിൽ കയറി ഓരോ ചായയും മസാലദോശയും കഴിച്ചിറങ്ങി.

"സർ ഇനി എവിടേക്കാ ?"

പ്രശാന്ത്.

" കടവന്ത്ര ഇന്ദിരാഗാന്ധി കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ "

അരവിയുടെ മുഖത്തേക്ക് നോക്കിയാണ് അലോഷ്യസ് പറഞ്ഞത്. ആ മുഖത്ത് ചെറിയൊരങ്കലാപ്പ് ഞാൻ കണ്ടു.
വീണ്ടും കാറിലേക്ക് .കാർ നീങ്ങി ആശുപത്രി ഗേറ്റ് കടന്ന് പാർക്കിംഗിൽ വണ്ടി നിർത്തി.
"വേദാ നിന്റെ ബാഗ് "

അലോഷ്യസ് എന്റെ ബാഗ് നീട്ടി. ഞാനതിൽ നിന്നും ഫോണെടുത്ത് പോക്കറ്റിൽ വെച്ചു
തിരക്കിട്ടു പോകുന്ന രോഗികളുടേയും കൂടെ വന്നവരുടേയും ശ്രദ്ധ പതിയാതെ അലോഷിക്കൊപ്പം ഞങ്ങളും ഇറങ്ങി. അലോഷി പ്രശാന്തിനെ കണ്ണുകൊണ്ടെന്തോ നിർദ്ദേശം നൽകി.
പ്രശാന്ത് എന്നെയും അരവിയേയും കൂട്ടി ഹോസ്പിറ്റലിലേക്ക് നടന്നു.പിന്നെ ഞങ്ങളെ അവിടെയുള്ള ഇരിപ്പിടത്തിൽ ഇരുത്തി പ്രശാന്ത് റിസപ്ഷനിലേക്ക് നടന്നു എങ്കിലും ഇടയ്ക്കിടെ അരവിയെ നോക്കുന്നുണ്ടായിരുന്നു.പിന്നെ കുനിഞ്ഞ് റിസപ്ഷനിലിരിക്കുന്ന സിസ്റ്ററിനോടെന്തോ പറഞ്ഞു. പിന്നീട് ഇരിപ്പിടത്തിൽ എനിക്കടുത്തായി വന്നിരുന്നു. ആരും ഒന്നും സംസാരിച്ചില്ല ഞാനപ്പോൾ എനിക്കു വന്ന മെയിലിന്റെ ചുരുളഴിക്കാൻ നോക്കുകയായിരുന്നു.

for orthographic research maintenance using logical arrangement ഒരു ഐഡിയയും കിട്ടുന്നില്ല.

"സർ "

റിസപ്ഷനിലെ സിസ്റ്ററുടെ വിളിയിൽ പ്രശാന്ത് എഴുന്നേറ്റ് പോയി. അവിടെ മറ്റൊരു സിസ്റ്റർ കൂടി ഉണ്ടായിരുന്നു.അവർ ഞങ്ങളിരിക്കുന്ന ഭാഗത്തേയ്ക്ക് എത്തി നോക്കി. പിന്നീട് എന്തൊക്കെയോ സംസാരിച്ചു. തുടർന്ന് വലതു വശത്തെ കോറിഡോറിനേരെ വിരൽ ചൂണ്ടി.

എഴുന്നേറ്റ് ചെല്ലാൻ പ്രശാന്ത് കൈ കൊണ്ടാഗ്യം കാണിച്ചപ്പോൾ ഞങ്ങളും പിന്നാലെ ചെന്നു. മുകളിലേക്കുള്ള സ്റ്റെപ്പു കയറി ഞങ്ങൾ മൂന്നാം നിലയിലെത്തി.

" 47....."

എതിരെ വന്ന സിസ്റ്ററിനോട് പ്രശാന്ത് തിരക്കി.

"വലതുവശത്ത് മൂന്നാമത്തേത്"

സിസ്റ്റർ പോയി. ഞങ്ങൾ ചെല്ലുമ്പോൾ ആ മുറിയിൽ അമ്പത്തഞ്ചുകാരനായ ഒരാളും അയാളുടെ ഭാര്യയാണെന്ന് തോന്നുന്ന ഒരു സ്ത്രീയുമായിരുന്നു ഉണ്ടായിരുന്നത്.

" ഇപ്പോ എങ്ങനെയുണ്ട്?

പ്രശാന്തിന്റെ ചോദ്യത്തിന്

" കുഴപ്പമില്ല 5 സ്റ്റിച്ചുണ്ട്. രണ്ടു ദിവസം കഴിഞ്ഞാൽ പോവാമെന്ന് പറഞ്ഞു. "

" ഇങ്ങനെ പറ്റാൻ മാത്രം ? ഡ്യൂട്ടി ടൈമിൽ ഉറങ്ങിയോ?"

"സർ പോലീസാണോ?"

സംശയത്തോടെ അയാൾ ചോദിച്ചു.

" അല്ല. മനുഷ്യാവകാശ കമ്മീഷനിൽ നിന്നുമാണ്. സത്യമായി മറുപടി പറയൂ. നഷ്ടപരിഹാരത്തിനു സ്പെഷ്യൽ കേസ് കൊടുക്കണം ഗവമ്മേന്റിൽ നിന്നും പ്രതിയിൽ നിന്നും നല്ലൊരു തുക നമുക്ക് വാങ്ങാം."

കാശെന്ന് കേട്ടതും ആ സ്ത്രീ ആവേശത്തോടെ പറഞ്ഞു.

" എല്ലാം പറഞ്ഞ് കൊടുക്ക് "

എന്നിട്ടെന്നെ നോക്കി മുറുക്കാൻ കറപിടിച്ച പല്ലുകാട്ടി വെളുക്കെചിരിച്ചു.

"തെളിവിനായി ഞാനിതൊന്ന് റെക്കോർഡ് ചെയ്യുകയാണ് "

പോക്കറ്റിൽ നിന്നും മൊബൈൽ എടുത്തു വീഡിയോ ഓണാക്കി. രണ്ടു പേരേയും ഫോക്കസ് ചെയ്ത ശേഷം പറഞ്ഞു.

"ഇനി പറഞ്ഞോളൂ."

അയാൾ ആലോചനയിലാണ്ടു. പിന്നെ പറഞ്ഞു തുടങ്ങി.

"ഒരേകദേശ സമയം ഒന്നേ മുക്കാൽ ആയിക്കാണും. ആ സമയത്ത് എനിക്കൊരു പെടുക്കലുണ്ട്. അതും പുറത്ത് പഴയ മോർച്ചറി പൊളിച്ചിട്ടതിന്റെ അവശിഷ്ടങ്ങൾക്കു മീതെ കാറ്റും കൊണ്ടങ്ങനെ..... പെടുത്തു ഞാൻ വരാന്തയിൽ കയറിയപ്പോൾ അവിടെ ഒരു സ്ത്രീ ചുവപ്പും വെള്ളയും വസ്ത്രം ധരിച്ച് നിൽക്കുന്നു .30 വർഷത്തെ സർവ്വീസിനിടയിൽ ആദ്യത്തെ ഭയം. പിന്നിലൊരു മുരടനക്കം കേട്ടു ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ അവിടൊരു ചെറുപ്പക്കാരൻ.
അയാൾ സ്വയം പരിചയപ്പെടുത്തി

"എന്റെ പേര് അരവിന്ദ്, ഞാൻ വിഷൻ മീഡിയാ ചാനൽ റിപോർട്ടറാണ്. ഇതെന്റെ സുഹൃത്ത് വേദപരമേശ്വർ, ഇവളുടെ ഒരു ബന്ധു കഴിഞ്ഞ ദിവസം മരണപ്പെട്ടു.രണ്ടു പേരും ഇഷ്ടത്തിലായിരുന്നു. വീട്ടുകാർ എതിർത്തിരുന്നു ഇവരുടെ ബന്ധത്തെ.വീട്ടുകാരറിയാതെ വന്നതാണ് .ഒന്ന് കാണണം."

എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല. ഒരുഏങ്ങൽ കേട്ടു ആ പെൺകുട്ടി കരയുകയാണ്.

" ഒരൊറ്റത്തവണ ഞാനൊന്ന് കണ്ടോട്ടെ?"

അവളുടെ ചോദ്യം എന്റെ മോളുടത്ര പ്രായമേ കാണൂ. എന്റെ ഡ്യൂട്ടി മറന്നു പോയി എന്റെ അനുവാദത്തോടെ അവർ രണ്ടു പേരും അകത്തേക്ക് പോയി. ഞാൻ ഒരു ബീഡിക്ക് തീ കൊടുത്ത് പഴയ കസേരയിലേക്കിരുന്നു."

അയാൾ നിർത്തി.ക്യാമറ പ്രശാന്ത് ഞങ്ങൾക്ക് നേരെയും തിരിച്ചു.

"നിങ്ങളുടെ പേര് ചോദിക്കാൻ മറന്നു."

പ്രശാന്ത് പറഞ്ഞു.

" വാസുദേവൻ."

" വാസുദേവൻ മദ്യപിക്കുമോ?"

" കഴിക്കും, നമ്മുടെ ജോലി അങ്ങനെയാ സാറേ ഒരു വിധ സമയമങ്ങ് കഴിഞ്ഞാൽ അകത്ത് കിടക്കുന്നവരു ഇറങ്ങിയിങ്ങ് പോരും പോലെയാ. പിന്നെ ഒരു ധൈര്യത്തിന് ഒരു രണ്ട് പെഗ് അത് നിർബന്ധമാണ്.പക്ഷേ അന്ന് ഞാൻ കഴിച്ചില്ലായിരുന്നു."

" ഡ്യൂട്ടീ ടൈമിൽ മദ്യപിക്കാൻ പാടുണ്ടോ?"

" ഇല്ല സാറേ .പക്ഷേ ഞാൻ കഴിച്ചാലും അതാർക്കും മനസിലാവില്ല. ഒരു ദിവസം രാത്രി സാറ് തനിച്ചിവിടെ നിൽക്കണം അപ്പോഴേ മനസിലാവൂ. "

"എന്നിട്ട് ബാക്കി പറയൂ "

" ബോഡി കണ്ട് തിരികെ വരേണ്ട സമയം കഴിഞ്ഞിട്ടും രണ്ടു പേരും വരാതായപ്പോൾ ഞാൻ അകത്തേക്ക് പോയി നോക്കി. രണ്ടു പേരും ചേർന്ന് അകത്തുള്ള ഒരു ബോഡി പുറത്തിറക്കുകയായിരുന്നു. എന്നെ കണ്ടതും ബോഡി തറയിൽവെച്ച് അരവിന്ദ് എന്തോ വെച്ചെന്റെ തലയ്ക്കടിച്ചു. തുടർന്നവൻ വേദയോട് രക്ഷപ്പെടാൻ പറഞ്ഞു .അപ്പോഴേക്കും എന്റെ ബോധം പോയിരുന്നു."

"വേദയേയും അരവിന്ദിനേയും ഇനി കണ്ടാൽ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുമോ?"

"അതെന്തു ചോദ്യമാ സാറേ,ജന്മത്ത് മറക്കാൻ പറ്റുമോ അവരെ.വേദയുടെ മുഖത്തൊരു കറുത്തപാടുണ്ട്.പോരാത്തതിന് കാലിന് ചെറിയ മുടന്തും "

എനിക്ക് ചെറുതായി ചിരി വരുന്നുണ്ടായിരുന്നു. എന്നേയും അരവിന്ദിനേയും ചൂണ്ടി പ്രശാന്ത് ചോദിച്ചു.

"ഇവരെ രണ്ടു പേരേയും അറിയുമോ?"

ഇല്ല എന്നർത്ഥത്തിൽ അയാൾ തല ചലിപ്പിച്ചു.

"ഇതാണ് വേദ പരമേശ്വറും ,അരവിന്ദും. നിങ്ങളെ ആരോ തെറ്റിദ്ധരിപ്പിച്ചതാവാം."

"ഇതെങ്ങനെ ശരിയാവും? ഇവരല്ല അവിടെ വന്നവർ. അവരാണ് യഥാർത്ഥ അരവിന്ദും വേദപരമേശ്വറും "

ക്യാമറ ഓഫാക്കി പ്രശാന്ത് എഴുന്നേറ്റു.വാസുദേവൻ അപ്പോഴും പിറുപിറുക്കുന്നുണ്ടായിരുന്നു.

പിന്നീട് പോയത് മോർച്ചറിയുടെ ഭാഗത്തേയ്ക്കാണ്. അവിടെ പ്രത്യേകിച്ച് ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും എന്റെ സൂക്ഷ്മ നിരീക്ഷണത്തിൽ ഒരു സിഗരറ്റ് കുറ്റി കണ്ടു.സജീവിന്റെ മുറിയിലും സുനിതയുടെ മുറിയിലും കണ്ട അതേ ബ്രാൻഡ് .
അലോഷ്യസ് തന്ന ഫോണിൽ ഒരു മെസ്സേജ്

"വേദയുടെ വീട്ടിനകത്ത് രണ്ട് പേർ കയറിയിട്ടുണ്ട് എത്രയും വേഗം വരിക. ഈ Msg തൽക്കാലം അരവി കാണണ്ട."

പക്ഷേ അരവിയുടെ മുഖമാകെ മാറിയിരുന്നു. തിരികെയുള്ള യാത്രയിൽ അരവിയെ എങ്ങനെയെങ്കിലും ഒഴിവാക്കിയേ തീരൂ. എവിടെയോ ഒരു അക്ഷരത്തെറ്റുണ്ട്. ഭാഗ്യവശാൽ അരവിക്ക് ഒരു കോൾ വന്നു. തെല്ലുമാറി നിന്ന് ശബ്ദം താഴ്ത്തി അവൻ സംസാരിച്ചു.

"എനിക്ക് അത്യാവശ്യമായി ഒരിടം വരെ പോവാനുണ്ട് നിങ്ങൾ വിട്ടോളൂ"

ഉർവ്വശി ശാപം ഉപകാരപ്രദമെന്ന പോലെ അവന്റെ വാക്കുകൾ.അരവിയെ അവിടെ വിട്ട് ഞങ്ങൾ യാത്ര തുടർന്നു.

"സർ ഇന്നലെ റിസപ്ഷനിൽ വെച്ച് സിസ്റ്റർ എമിലിനോട് മോർച്ചറിയിലേക്കുള്ള വഴി ചോദിച്ചത് അരവിന്ദ് തന്നെയാണ്. പക്ഷേ സജീവിന്റെ മൃതദേഹം കടത്തിയത് അരവിനാണെന്നു തെറ്റിദ്ധരിപ്പിച്ചതാണ്. മുഖത്ത് പാടുള്ള നടക്കുമ്പോൾ മുടന്തുള്ള ഒരു സ്ത്രീയാണ് വേദയുടെ വേഷം "

അലോഷ്യസ് ചിന്തയിലാണ്ടു.
"സർ അരവിക്കിപ്പോൾ വന്ന ഫോൺ....?"

ഞാൻ വിക്കി

"അതവരുടേതാണ്.ഇന്റർനാഷണൽ കോൾ അരവിയുടെ എല്ലാ കാളും ഇപ്പോൾ നമ്മുടെ നിയന്ത്രണത്തിലാണ്. അവനിപ്പോൾ പോവുന്നത് നിന്റെ വീട്ടിലേക്കാണ്. അവനവിടെത്തും മുന്നേ നിന്റെ വീട്ടിൽ കയറിയവരെ നമ്മളുടെ ആളുകൾ പിടികൂടും കൂട്ടത്തിൽ അരവിന്ദിനേയും. നടന്ന കാര്യങ്ങളിൽ അരവിന്ദ് പറഞ്ഞത് 50% മാത്രം പറയാൻ ഇനിയും 50% ബാക്കിയാണ്."

അരവിയുടെ ഒരു മെസ്സേജ് എനിക്ക് വന്നു

"വേദ നീ ട്രാപ്പിലാണ്. "

തിരിഞ്ഞു നോക്കിയപ്പോൾ അലോഷ്യസിന്റെ മുഖത്ത് ഒരു വല്ലാത്ത ഭാവം.

എനിക്കെന്തോ ഭയം തോന്നിത്തുടങ്ങിയിരുന്നു.

" പ്രശാന്ത് ഏതെങ്കിലും ഹോട്ടലിനു മുന്നിൽ വണ്ടി നിർത്തണം വിശപ്പുണ്ട്. രാവിലെ മുതൽ ഒന്നും കഴിച്ചില്ല "

അലോഷ്യസിന്റെ നിർദ്ദേശപ്രകാരം ഒരു ഹോട്ടലിൽ കയറി ഓരോ ചായയും മസാലദോശയും കഴിച്ചിറങ്ങി.

"സർ ഇനി എവിടേക്കാ ?"

പ്രശാന്ത്.

" കടവന്ത്ര ഇന്ദിരാഗാന്ധി കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ "

അരവിയുടെ മുഖത്തേക്ക് നോക്കിയാണ് അലോഷ്യസ് പറഞ്ഞത്. ആ മുഖത്ത് ചെറിയൊരങ്കലാപ്പ് ഞാൻ കണ്ടു.
വീണ്ടും കാറിലേക്ക് .കാർ നീങ്ങി ആശുപത്രി ഗേറ്റ് കടന്ന് പാർക്കിംഗിൽ വണ്ടി നിർത്തി.
"വേദാ നിന്റെ ബാഗ് "

അലോഷ്യസ് എന്റെ ബാഗ് നീട്ടി. ഞാനതിൽ നിന്നും ഫോണെടുത്ത് പോക്കറ്റിൽ വെച്ചു
തിരക്കിട്ടു പോകുന്ന രോഗികളുടേയും കൂടെ വന്നവരുടേയും ശ്രദ്ധ പതിയാതെ അലോഷിക്കൊപ്പം ഞങ്ങളും ഇറങ്ങി. അലോഷി പ്രശാന്തിനെ കണ്ണുകൊണ്ടെന്തോ നിർദ്ദേശം നൽകി.
പ്രശാന്ത് എന്നെയും അരവിയേയും കൂട്ടി ഹോസ്പിറ്റലിലേക്ക് നടന്നു.പിന്നെ ഞങ്ങളെ അവിടെയുള്ള ഇരിപ്പിടത്തിൽ ഇരുത്തി പ്രശാന്ത് റിസപ്ഷനിലേക്ക് നടന്നു എങ്കിലും ഇടയ്ക്കിടെ അരവിയെ നോക്കുന്നുണ്ടായിരുന്നു.പിന്നെ കുനിഞ്ഞ് റിസപ്ഷനിലിരിക്കുന്ന സിസ്റ്ററിനോടെന്തോ പറഞ്ഞു. പിന്നീട് ഇരിപ്പിടത്തിൽ എനിക്കടുത്തായി വന്നിരുന്നു. ആരും ഒന്നും സംസാരിച്ചില്ല ഞാനപ്പോൾ എനിക്കു വന്ന മെയിലിന്റെ ചുരുളഴിക്കാൻ നോക്കുകയായിരുന്നു.

for orthographic research maintenance using logical arrangement ഒരു ഐഡിയയും കിട്ടുന്നില്ല.

"സർ "

റിസപ്ഷനിലെ സിസ്റ്ററുടെ വിളിയിൽ പ്രശാന്ത് എഴുന്നേറ്റ് പോയി. അവിടെ മറ്റൊരു സിസ്റ്റർ കൂടി ഉണ്ടായിരുന്നു.അവർ ഞങ്ങളിരിക്കുന്ന ഭാഗത്തേയ്ക്ക് എത്തി നോക്കി. പിന്നീട് എന്തൊക്കെയോ സംസാരിച്ചു. തുടർന്ന് വലതു വശത്തെ കോറിഡോറിനേരെ വിരൽ ചൂണ്ടി.
എഴുന്നേറ്റ് ചെല്ലാൻ പ്രശാന്ത് കൈ കൊണ്ടാഗ്യം കാണിച്ചപ്പോൾ ഞങ്ങളും പിന്നാലെ ചെന്നു. മുകളിലേക്കുള്ള സ്റ്റെപ്പു കയറി ഞങ്ങൾ മൂന്നാം നിലയിലെത്തി.

" 47....."

എതിരെ വന്ന സിസ്റ്ററിനോട് പ്രശാന്ത് തിരക്കി.

"വലതുവശത്ത് മൂന്നാമത്തേത്"

സിസ്റ്റർ പോയി. ഞങ്ങൾ ചെല്ലുമ്പോൾ ആ മുറിയിൽ അമ്പത്തഞ്ചുകാരനായ ഒരാളും അയാളുടെ ഭാര്യയാണെന്ന് തോന്നുന്ന ഒരു സ്ത്രീയുമായിരുന്നു ഉണ്ടായിരുന്നത്.

" ഇപ്പോ എങ്ങനെയുണ്ട്?

പ്രശാന്തിന്റെ ചോദ്യത്തിന്

" കുഴപ്പമില്ല 5 സ്റ്റിച്ചുണ്ട്. രണ്ടു ദിവസം കഴിഞ്ഞാൽ പോവാമെന്ന് പറഞ്ഞു. "

" ഇങ്ങനെ പറ്റാൻ മാത്രം ? ഡ്യൂട്ടി ടൈമിൽ ഉറങ്ങിയോ?"

"സർ പോലീസാണോ?"

സംശയത്തോടെ അയാൾ ചോദിച്ചു.

" അല്ല. മനുഷ്യാവകാശ കമ്മീഷനിൽ നിന്നുമാണ്. സത്യമായി മറുപടി പറയൂ. നഷ്ടപരിഹാരത്തിനു സ്പെഷ്യൽ കേസ് കൊടുക്കണം ഗവന്മേന്റിൽ നിന്നും പ്രതിയിൽ നിന്നും നല്ലൊരു തുക നമുക്ക് വാങ്ങാം."

കാശെന്ന് കേട്ടതും ആ സ്ത്രീ ആവേശത്തോടെ പറഞ്ഞു.

" എല്ലാം പറഞ്ഞ് കൊടുക്ക് "

എന്നിട്ടെന്നെ നോക്കി മുറുക്കാൻ കറപിടിച്ച പല്ലുകാട്ടി വെളുക്കെചിരിച്ചു.

"തെളിവിനായി ഞാനിതൊന്ന് റെക്കോർഡ് ചെയ്യുകയാണ് "

പോക്കറ്റിൽ നിന്നും മൊബൈൽ എടുത്തു വീഡിയോ ഓണാക്കി. രണ്ടു പേരേയും ഫോക്കസ് ചെയ്ത ശേഷം പറഞ്ഞു.

"ഇനി പറഞ്ഞോളൂ."

അയാൾ ആലോചനയിലാണ്ടു. പിന്നെ പറഞ്ഞു തുടങ്ങി.

"ഒരേകദേശ സമയം ഒന്നേ മുക്കാൽ ആയിക്കാണും. ആ സമയത്ത് എനിക്കൊരു പെടുക്കലുണ്ട്. അതും പുറത്ത് പഴയ മോർച്ചറി പൊളിച്ചിട്ടതിന്റെ അവശിഷ്ടങ്ങൾക്കു മീതെ കാറ്റും കൊണ്ടങ്ങനെ..... പെടുത്തു ഞാൻ വരാന്തയിൽ കയറിയപ്പോൾ അവിടെ ഒരു സ്ത്രീ ചുവപ്പും വെള്ളയും വസ്ത്രം ധരിച്ച് നിൽക്കുന്നു .30 വർഷത്തെ സർവ്വീസിനിടയിൽ ആദ്യത്തെ ഭയം. പിന്നിലൊരു മുരടനക്കം കേട്ടു ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ അവിടൊരു ചെറുപ്പക്കാരൻ.
അയാൾ സ്വയം പരിചയപ്പെടുത്തി

"എന്റെ പേര് അരവിന്ദ്, ഞാൻ വിഷൻ മീഡിയാ ചാനൽ റിപോർട്ടറാണ്. ഇതെന്റെ സുഹൃത്ത് വേദപരമേശ്വർ, ഇവളുടെ ഒരു ബന്ധു കഴിഞ്ഞ ദിവസം മരണപ്പെട്ടു.രണ്ടു പേരും ഇഷ്ടത്തിലായിരുന്നു. വീട്ടുകാർ എതിർത്തിരുന്നു ഇവരുടെ ബന്ധത്തെ.വീട്ടുകാരറിയാതെ വന്നതാണ് .ഒന്ന് കാണണം."

എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല. ഒരുഏങ്ങൽ കേട്ടു ആ പെൺകുട്ടി കരയുകയാണ്.

" ഒരൊറ്റത്തവണ ഞാനൊന്ന് കണ്ടോട്ടെ?"

അവളുടെ ചോദ്യം എന്റെ മോളുടത്ര പ്രായമേ കാണൂ. എന്റെ ഡ്യൂട്ടി മറന്നു പോയി എന്റെ അനുവാദത്തോടെ അവർ രണ്ടു പേരും അകത്തേക്ക് പോയി. ഞാൻ ഒരു ബീഡിക്ക് തീ കൊടുത്ത് പഴയ കസേരയിലേക്കിരുന്നു."

അയാൾ നിർത്തി.ക്യാമറ പ്രശാന്ത് ഞങ്ങൾക്ക് നേരെയും തിരിച്ചു.

"നിങ്ങളുടെ പേര് ചോദിക്കാൻ മറന്നു."

പ്രശാന്ത് പറഞ്ഞു.

" വാസുദേവൻ."

" വാസുദേവൻ മദ്യപിക്കുമോ?"

" കഴിക്കും, നമ്മുടെ ജോലി അങ്ങനെയാ സാറേ ഒരു വിധ സമയമങ്ങ് കഴിഞ്ഞാൽ അകത്ത് കിടക്കുന്നവരു ഇറങ്ങിയിങ്ങ് പോരും പോലെയാ. പിന്നെ ഒരു ധൈര്യത്തിന് ഒരു രണ്ട് പെഗ് അത് നിർബന്ധമാണ്.പക്ഷേ അന്ന് ഞാൻ കഴിച്ചില്ലായിരുന്നു."

" ഡ്യൂട്ടി ടൈമിൽ മദ്യപിക്കാൻ പാടുണ്ടോ?"

" ഇല്ല സാറേ .പക്ഷേ ഞാൻ കഴിച്ചാലും അതാർക്കും മനസിലാവില്ല. ഒരു ദിവസം രാത്രി സാറ് തനിച്ചിവിടെ നിൽക്കണം അപ്പോഴേ മനസിലാവൂ. "

"എന്നിട്ട് ബാക്കി പറയൂ "

" ബോഡി കണ്ട് തിരികെ വരേണ്ട സമയം കഴിഞ്ഞിട്ടും രണ്ടു പേരും വരാതായപ്പോൾ ഞാൻ അകത്തേക്ക് പോയി നോക്കി. രണ്ടു പേരും ചേർന്ന് അകത്തുള്ള ഒരു ബോഡി പുറത്തിറക്കുകയായിരുന്നു. എന്നെ കണ്ടതും ബോഡി തറയിൽവെച്ച് അരവിന്ദ് എന്തോ വെച്ചെന്റെ തലയ്ക്കടിച്ചു. തുടർന്നവൻ വേദയോട് രക്ഷപ്പെടാൻ പറഞ്ഞു .അപ്പോഴേക്കും എന്റെ ബോധം പോയിരുന്നു."

"വേദയേയും അരവിന്ദിനേയും ഇനി കണ്ടാൽ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുമോ?"

"അതെന്തു ചോദ്യമാ സാറേ,ജന്മത്ത് മറക്കാൻ പറ്റുമോ അവരെ.വേദയുടെ മുഖത്തൊരു കറുത്തപാടുണ്ട്.പോരാത്തതിന് കാലിന് ചെറിയ മുടന്തും "

എനിക്ക് ചെറുതായി ചിരി വരുന്നുണ്ടായിരുന്നു. എന്നേയും അരവിന്ദിനേയും ചൂണ്ടി പ്രശാന്ത് ചോദിച്ചു.

"ഇവരെ രണ്ടു പേരേയും അറിയുമോ?"

ഇല്ല എന്നർത്ഥത്തിൽ അയാൾ തല ചലിപ്പിച്ചു.

"ഇതാണ് വേദ പരമേശ്വറും ,അരവിന്ദും. നിങ്ങളെ ആരോ തെറ്റിദ്ധരിപ്പിച്ചതാവാം."

"ഇതെങ്ങനെ ശരിയാവും? ഇവരല്ല അവിടെ വന്നവർ. അവരാണ് യഥാർത്ഥ അരവിന്ദും വേദപരമേശ്വറും "

ക്യാമറ ഓഫാക്കി പ്രശാന്ത് എഴുന്നേറ്റു.വാസുദേവൻ അപ്പോഴും പിറുപിറുക്കുന്നുണ്ടായിരുന്നു.

പിന്നീട് പോയത് മോർച്ചറിയുടെ ഭാഗത്തേയ്ക്കാണ്. അവിടെ പ്രത്യേകിച്ച് ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും എന്റെ സൂക്ഷ്മ നിരീക്ഷണത്തിൽ ഒരു സിഗരറ്റ് കുറ്റി കണ്ടു.സജീവിന്റെ മുറിയിലും സുനിതയുടെ മുറിയിലും കണ്ട അതേ ബ്രാൻഡ് .
അലോഷ്യസ് തന്ന ഫോണിൽ ഒരു മെസ്സേജ്

"വേദയുടെ വീട്ടിനകത്ത് രണ്ട് പേർ കയറിയിട്ടുണ്ട് എത്രയും വേഗം വരിക. ഈ Msg തൽക്കാലം അരവി കാണണ്ട."

പക്ഷേ അരവിയുടെ മുഖമാകെ മാറിയിരുന്നു. തിരികെയുള്ള യാത്രയിൽ അരവിയെ എങ്ങനെയെങ്കിലും ഒഴിവാക്കിയേ തീരൂ. എവിടെയോ ഒരു അക്ഷരത്തെറ്റുണ്ട്. ഭാഗ്യവശാൽ അരവിക്ക് ഒരു കോൾ വന്നു. തെല്ലുമാറി നിന്ന് ശബ്ദം താഴ്ത്തി അവൻ സംസാരിച്ചു.

"എനിക്ക് അത്യാവശ്യമായി ഒരിടം വരെ പോവാനുണ്ട് നിങ്ങൾ വിട്ടോളൂ"

ഉർവ്വശി ശാപം ഉപകാരപ്രദമെന്ന പോലെ അവന്റെ വാക്കുകൾ.അരവിയെ അവിടെ വിട്ട് ഞങ്ങൾ യാത്ര തുടർന്നു.

"സർ ഇന്നലെ റിസപ്ഷനിൽ വെച്ച് സിസ്റ്റർ എമിലിനോട് മോർച്ചറിയിലേക്കുള്ള വഴി ചോദിച്ചത് അരവിന്ദ് തന്നെയാണ്. പക്ഷേ സജീവിന്റെ മൃതദേഹം കടത്തിയത് അരവിനാണെന്നു തെറ്റിദ്ധരിപ്പിച്ചതാണ്. മുഖത്ത് പാടുള്ള നടക്കുമ്പോൾ മുടന്തുള്ള ഒരു സ്ത്രീയാണ് വേദയുടെ വേഷം "

അലോഷ്യസ് ചിന്തയിലാണ്ടു.

"സർ അരവിക്കിപ്പോൾ വന്ന ഫോൺ....?"

ഞാൻ വിക്കി

"അതവരുടേതാണ്.ഇന്റർനാഷണൽ കോൾ അരവിയുടെ എല്ലാ കാളും ഇപ്പോൾ നമ്മുടെ നിയന്ത്രണത്തിലാണ്. അവനിപ്പോൾ പോവുന്നത് നിന്റെ വീട്ടിലേക്കാണ്. അവനവിടെത്തും മുന്നേ നിന്റെ വീട്ടിൽ കയറിയവരെ നമ്മളുടെ ആളുകൾ പിടികൂടും കൂട്ടത്തിൽ അരവിന്ദിനേയും. നടന്ന കാര്യങ്ങളിൽ അരവിന്ദ് പറഞ്ഞത് 50% മാത്രം പറയാൻ ഇനിയും 50% ബാക്കിയാണ്."

അരവിയുടെ ഒരു മെസ്സേജ് എനിക്ക് വന്നു

"വേദ നീ ട്രാപ്പിലാണ്. "

തിരിഞ്ഞു നോക്കിയപ്പോൾ അലോഷ്യസിന്റെ മുഖത്ത് ഒരു വല്ലാത്ത ഭാവം.

എന്ത് വന്നാലും ഞാൻ നേരിടാൻ തന്നെ തീരുമാനിച്ചു. എത്രയും വേഗം ജോണ്ടിയുടെ അടുത്തെത്തണം.കൂടി വന്നാൽ ഇവർ എന്നെ കൊല്ലും അതിൽ കൂടുതൽ ഒന്നുമില്ല. അലോഷിക്കു സംശയം തോന്നാതിരിക്കാൻ ഞാൻ ചോദിച്ചു.

"എന്റെ വീട്ടിൽ രണ്ടു പേർ ഉണ്ടെന്നത് എങ്ങനെ അറിഞ്ഞു.?"

"ഓഹ് ഞാനത് പറയാൻ മറന്നു. വേദയുടെ വീടിനു തൊട്ടു മുന്നേ എയർ ഫോഴ്സ് ആണല്ലോ.എയർഫോഴ്സിൽ എനിക്കൊരു സുഹൃത്തുണ്ട് ഷേണായി. എയർഫോഴ്സ് പരിസരം ക്യാമറ നിരീക്ഷണത്തിലാണെന്ന കാര്യം വേദയ്ക്കറിയാമോ?"

" അറിയാം"

"കഴിഞ്ഞ ദിവസം വേദയുടെ വീട്ടിൽ വന്നവർ ബൈക്ക് നിർത്തിയത് എയർ ഫോഴ്സിനു സമീപത്താണ്. അന്ന് ഞാൻ പറഞ്ഞപ്പോൾ എയർ ഫോഴ്സിലെ ബൈക്കിൽ അവർ ഇറങ്ങുന്നതും കയറി

പോകുന്നതുമായ cctv ദൃശ്യങ്ങൾ ഷെണായി ഒരു പെൻഡ്രൈവിലാക്കി എനിക്കു തന്നു. അന്നു ബൈക്കിൽ വന്നൊരാളെ ഇന്നു രാവിലെ ഞാൻ പൊക്കി."

എന്റെ കണ്ണുകൾ മിഴിഞ്ഞു.

" രാവിലെ കാപ്പിക്കടയിൽ അവനുണ്ടായിരുന്നു നമുക്കെതിരെയുള്ള സീറ്റിൽ നീ ഓർക്കുന്നുണ്ടോ?"

"യെസ്, ഞാൻ ഓർക്കുന്നു. വല്ലാതെ അവൻ നമ്മളെ നിരീക്ഷിക്കുന്നുണ്ടായിരുന്നു."

ഞാൻ പറഞ്ഞു.

" ഉം. അവനെ കണ്ടത് കൊണ്ടാണ് CI നൈനാൻ കോശിയോട് നമ്മൾ വിവാഹിതരാവാൻ പോവുന്നവരാണെന്നു പറഞ്ഞത്. അവൻ വന്നത് ഞാനാരാണ് എന്നറിയാൻ മാത്രമാണ്. നിന്റെ ഭാവി വരൻ എന്നത് ശത്രുക്കൾക്ക് ദോഷമായി വരില്ല മറിച്ച് അന്വേഷണ ഉദ്യോഗസ്ഥനാണെന്നറിഞ്ഞാൽ അവർക്ക് തലവേദനയും നമുക്ക് ലക്ഷ്യത്തിലെത്താനുള്ള സമയവും കൂട്ടും "

പറയുന്നത് വിശ്വസിക്കാമോ?ആകെ കൺഫ്യൂഷനായി .

" പിന്നെ നിനക്ക് കിട്ടിയ ആ ഫയലിൽ നിന്നും ഈ കേസുമായി ഒന്നു രണ്ട് പ്രധാന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതിലെ പ്രധാനപ്പെട്ട ഒരു കാരണം ICU വിൽ നിന്നും കൃഷ്ണപ്രിയ മിസ്സായി, അർജ്ജുനന്റെ ബോഡി, ഇപ്പോൾ സജീവിന്റേയും. അതിനർത്ഥം ഐസിയുവിൽ കിടന്ന കൃഷ്ണപ്രിയയ്ക്ക് ജീവനില്ലായിരുന്നു. വേദയ്ക്ക് മനസിലായോ കാര്യങ്ങൾ?"

ഞാൻ തലയാട്ടി. ഇതെന്റെ മനസിലും തോന്നിയതായിരുന്നു.

" അതായത് ബോഡി അവർ മാറ്റണമെങ്കിൽ അവർ ഭയക്കുന്ന എന്തോ ഒന്ന് അവിടുണ്ട്.അതായത് ബോഡിയിൽ ഉണ്ട്.പിന്നെ ആറാമത്തെ ഫയലിലെ രണ്ട് കുട്ടികളുടെ തിരോധാനത്തിനു ശേഷം മാതാപിതാക്കൾ ആത്മഹത്യ ചെയ്യുന്നു. പിന്നെ ഈ കേസിലെല്ലാം പെട്ടവരുടെ ഫാമിലിയെ പറ്റി ഞാൻ പത്രങ്ങളിലെ ന്യൂസ് നോക്കി. കൃഷ്ണപ്രിയയുടെ മാതാപിതാക്കളെ പറ്റി പിന്നീട് ഒരറിവും ഇല്ല, അർജ്ജുനന്റെ മാതാപിതാക്കളും രണ്ട് ചേച്ചിമാരും ഒരു ദിവസം രാത്രി വീടിനകത്ത് അറിയാതെ പറ്റിയ തീപിടുത്തത്തിൽ ഒരുറക്കത്തിൽ വെന്തുമരിച്ചു. വേദയുടെ മാതാപിതാക്കളും കൂടെയുണ്ടായിരുന്ന ഡോക്ടറും ആക്സിഡണ്ടിൽ മരണപ്പെട്ടു, പിന്നീട് ഡോക്ടറുടെ ഭാര്യയും മരണപ്പെട്ടു. പിന്നീടുള്ളത് നീയാണ്.നമ്മൾ കണ്ട തിരിച്ചറിയപ്പെട്ട മരണങ്ങൾക്ക് ശേഷം അവരുടെയെല്ലാം ഏറ്റവുമടുത്ത ബന്ധുക്കൾ ഒന്നുകിൽ മരണപ്പെടും അല്ലെങ്കിൽ മിസ്സിംഗ്.സജീവ് മരണപ്പെട്ടു, തുളസിയും തീർത്ഥയും മിസ്സിംഗ്. സുനിത മരിച്ചു, പിന്നാലെ മുരുകേശൻ അടുത്തത് അവളുടെ ചേച്ചിയാവും"

അലോഷ്യസ് പറഞ്ഞത് ശരിയാണ്. ഫോണിൽ ഒരു മെസേജ് ടോൺ. ഒരു Mail വന്നതാണ് ഞാൻ ഓപൺ ചെയ്തു

"57 rof________tne"

കഴിഞ്ഞ തവണ വന്ന മെയിൽ ഐഡിയിൽ നിന്നും തന്നെ. ഞാനത് അലോഷ്യസിനെ കാണിച്ചില്ല. എന്തായിരിക്കും അതിനർത്ഥം. എന്തോ കോഡാണോ?

"പിന്നെ വേദ ഇന്നു രാവിലെ ഞാൻ അറസ്റ്റ് ചെയ്ത വ്യക്തിക്ക് അവനെ അയച്ചവ്യക്തിയെ അറിയില്ല. ഫോണിൽ വരുന്ന മെസ്സേജിനനുസരിച്ച് കാര്യങ്ങൾ നീക്കും, എക്കൗണ്ടിൽ കാശവർ ഇട്ടു കൊടുക്കും. മെസ്സേജയച്ച നമ്പർ ഞാൻ കണ്ടു പിടിച്ചു. ഒരു ശിവരാജ് നുങ്കം. ലോക്കൽ ഗുണ്ടയാണ് .വൻകിട രാഷ്ട്രീയക്കാരുടെ വലംകൈ.കുറച്ചു കാശിറക്കിയപ്പോൾ കാര്യങ്ങൾ പുറത്തുവന്നു. ശിവരാജിനെ

ഏൽപിക്കുന്ന വർക്ക് മെയിൽ വഴിയാണ്. കാശ് എക്കൗണ്ടിൽ വീഴും. ഇനിയാണ് കാര്യങ്ങൾ ശരിയാക്കാൻ വേദ ഇറങ്ങേണ്ടത്."

"ഞാൻ......ന്താ ചെയ്യേണ്ടത്?"

എനിക്ക് സംശയം

SPT യിൽ ആണ് ശിവരാജിന്റെ എക്കൗണ്ട് ഉള്ളത്.ഈ എക്കൗണ്ടിൽ ഏത് വഴിയാണ് ക്യാഷ് ക്രെഡിറ്റായതെന്ന് കണ്ടു പിടിക്കണം. എക്കൗണ്ട് നമ്പർ ഞാൻ പറയാം"

"ഇപ്പോ സമയമെത്രയായി?"

" 2.49. ഇന്നിനി നടക്കുമോയെന്നറിയില്ല."

ഞാൻ ഫോണിൽ അഷറഫിനെ വിളിച്ചു. കാര്യമറിഞ്ഞപ്പോൾ അവൻ പറഞ്ഞു.

"അങ്ങനെ ചെയ്താൽ എനിക്കെന്തേലും പ്രശ്നം ഉണ്ടാകുമോ?"

"ഇല്ല. ആരും അറിയണ്ട എന്തായാലും സീക്രട്ടായിരിക്കണം"

"ok വേദ പത്ത് മിനിട്ട് .ഞാൻ തിരിച്ചു വിളിക്കാം"

അക്കൗണ്ട് നമ്പർ പറഞ്ഞു കൊടുത്ത ശേഷം കട്ട് ചെയ്തു.

SPT യിൽ വർക്ക് ചെയ്യുന്ന അഷ്റഫിന്റെ കസിന്റെ മരണം ഒരിക്കൽ 'അഴിച്ചു പണി'യിൽ ഉൾപ്പെടുത്തിയതിന്റെ നന്ദി അവൻ കാണിക്കുമെന്നറിയാം. ആ ധൈര്യത്തിലാണ് ഞാൻ വിളിച്ചത്.
അലോഷിയുടെ ഫോൺ റിംഗ് ചെയ്തു.

"ഹലോ....... "

........

"ok.... നിങ്ങൾ പോയ്ക്കോളൂ.. ഞാനെത്താം. മറ്റുള്ളവർ ചാടിപ്പോവരുത്."

ഫോൺ കട്ടായി .

" നിന്റെ വീട്ടിൽ കയറിയവരെ കസ്റ്റഡിയിൽ എടുക്കാൻ ശ്രമിച്ചു.നടന്നില്ല.കസ്റ്റഡിയിൽ ഉള്ള ഒറ്റയാൾക്കു പോലും അവരെ നിയന്ത്രിക്കുന്ന പ്രധാന കണ്ണിയെ അറിയില്ല. അറിയുന്നവരെല്ലാം മരണപ്പെടുകയും ചെയ്തു. നമ്മളെ അവർ വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്."

എന്റെ ഭാവം കണ്ടാവാം

" അരവിന്ദ് അയച്ച മെസ്സേജിൽ വേദ വല്ലാതെ എന്നെ ഭയക്കുന്നുണ്ടല്ലേ?"

ഞാൻ ഞെട്ടി. ഉണ്ടെന്നോ ഇല്ലെന്നോ പറയാൻ കഴിഞ്ഞില്ല.
എനിക്ക് വന്ന മെസ്സേജ് എങ്ങനെ അലോഷി കണ്ടു.

" എന്നെ നിനക്ക് വിശ്വസിക്കാം 100 % ഉറപ്പ്. അത് പോലെ അരവിയേയും പക്ഷേ അരവിയെ നിയന്ത്രിക്കുന്നത് മറ്റാരോ ആണ് ആയതിനാൽ തന്നെ അരവിയെ നമ്മൾ ഭയക്കണം. അവന്റെ മേൽ ഒരു കണ്ണെപ്പഴും വേണം.അരവിയുടെ ഫോൺ കോളുകളും മെസ്സേജുകളും നിരീക്ഷണത്തിലാണ്"

എന്റെ ഫോൺ ശബ്ദിച്ചു.അഷ്റഫായിരുന്നു.

"ഹലോ വേദ.... "

"യെസ് പറയൂ.... "

"ആ ക്യാഷ് ക്രെഡിറ്റായയത്ത് ഇന്നലെ ഉച്ചയ്ക്ക് 12.20നാണ്."

"ഏത് ബ്രാഞ്ചിൽ നിന്നാണെന്ന് നോക്കാമോ?"

"വേദ അതാണ് രസം ഇന്നലെ ആ ക്യാഷ് കളക്റ്റ് ചെയ്തത് ഞാൻ തന്നെയാണ്. പേര് കെ പരമേശ്വരൻ നായർ എന്നൊരാളാണ്."

"കെ പരമേശ്വരൻ നായർ......!! അതിൽമൊബൈൽ നമ്പർ ഉണ്ടോ?"

"500000 ആയതിനാൽ നമ്പർ നോട്ട് ചെയ്തിട്ടുണ്ട്. 98.....888 ആണ്"

എന്റെ കണ്ണുകൾ മിഴിഞ്ഞു. ഈശ്വരാ ഇതെങ്ങനെ സംഭവിച്ചു.?
ഈ നമ്പർ !
എന്റെ തല പൊട്ടിപ്പൊളിയുന്നതായി തോന്നി.

"സിസിടിവി ദൃശ്യങ്ങൾ എടുക്കാൻ എന്തേലും വഴിയുണ്ടോ?"

" അത് റിസ്ക്കാണ്. നിങ്ങൾ മാനേജരുമായി സംസാരിക്കാമോ?"

"ഒകെ അഷ്റഫേ.. ഞാൻ വിളിക്കാം"

"വേദ എന്തെങ്കിലും പ്രശ്നമുണ്ടോ?"

" ഉം ഞാൻ നേരിട്ട് വരാം. മാനേജർ അവിടുണ്ടോ??"

"ഇല്ല. ഉച്ചകഴിഞ്ഞിന്ന് അദ്ദേഹം ലീവിലാണ്. നാളെ വായോ"

ഫോൺ കട്ട് ചെയ്ത് കാര്യങ്ങൾ ഞാൻ അലോഷിയെ ധരിപ്പിച്ചു.

"വേദയ്ക്കീ ആളെ അറിയാമോ?"

" അറിയാം. എന്റെച്ഛനാണ്. ആ നമ്പറും അച്ഛന്റേയാണ്."

" അച്ഛൻ മരിച്ചൂന്നല്ലേ വേദ പറഞ്ഞത്. "

"ഉം മരിച്ചു പക്ഷേ ആ നമ്പർ ഇപ്പോഴും ആക്റ്റീവാണ്. "

" എങ്ങനെ?"

"ഞാനത് ഉപയോഗിക്കുന്നുണ്ട്. അച്ഛന്റെ ഓർമ്മയ്ക്കായി .ഇടയ്ക്കതിൽ നിന്നും എന്റെ ഫോണിലേക്ക് കാൾ ചെയ്യും. അച്ഛൻ കാളിംഗ് എന്നു കാണുമ്പോൾ മനസിനൊരു ധൈര്യമാണ്. ഒറ്റയ്ക്കാണെന്ന ചിന്തയങ്ങ് മാറിക്കിട്ടും "

കണ്ണു നിറഞ്ഞു കാഴ്ച മങ്ങിത്തുടങ്ങി. അപ്പോഴേക്കും എന്റെ വീടിനു മുമ്പിൽ കാർ എത്തിയിരുന്നു.

"വേദാ"

അലോഷിയുടെ ശബ്ദം കേട്ട് ഞാൻ നോക്കി. വീട്ടിനു മുന്നിൽ ആരോഗ്യവാനായ ഒരാൾ നിൽപുണ്ട്.

" വേദ ഇറങ്ങിക്കോളൂ. എല്ലാം കഴിയുമ്പോ വിളിക്കു ഞങ്ങളീ പരിസരത്തുണ്ടാവും. ആ നിൽക്കുന്നത് നമ്മുടെ ആളാണ്."

ഞാനിറങ്ങി ചെന്നു. എന്നെ ആദ്യമായി കാണുന്ന ആജാനഭാഹു ചിരപരിചിതരെപോലെ പുഞ്ചിരിച്ചു.വീടിനകം മൊത്തം അലങ്കോലമാക്കിയിട്ടിരിക്കുന്നു. ഷോകേസിലെ വിലപിടിച്ച പലതും പൊട്ടി തറയിലാകമാനം ചിതറിക്കിടക്കുന്നു.
എന്റെ മുറിയിലെ കണ്ണാടി മേൽ ഒട്ടിച്ച ഒരു പേപ്പറിൽ

57. rof_______tne

എന്നു എഴുതി ഒട്ടിച്ചിരിക്കുന്നു. എനിക്ക് വന്ന അതേ മെയിൽ:
വാക്കുകൾക്കുള്ളിൽ ഒളിഞ്ഞിരിക്കുന്ന മരണം തേടിപ്പോവണം. അവരന്വേഷിക്കുന്നതെന്തോ ഈ വീട്ടിനകത്ത് ഉണ്ട്. മുന്നേ കാണാതെ പോയ രണ്ട് കേസ്ഫയലുകളും വിശദമായി പഠിക്കേണ്ടിയിരിക്കുന്നു. ഞാൻ മരിച്ചാലതവർക്കു കിട്ടാൻ സാദ്ധ്യത കുറവായതിനാൽ മാത്രമാണ് ഞാനിപ്പോഴും ജീവിച്ചിരിക്കുന്നത്.എന്നാൽ കൊല്ലാതെ കൊല്ലുന്നുണ്ട്.
വീടുപൂട്ടി ഞാനിറങ്ങുമ്പോഴേക്കും സമയം 10 കഴിഞ്ഞിരുന്നു. ഞാൻ അലോഷ്യസിനെ വിളിച്ച് വരാൻ പറഞ്ഞു.മനാത്ത് സ്റ്റോറിനു മുമ്പിലെത്തിയപ്പോഴേക്കും അലോഷി വന്നു.

"വേദയ്ക്ക് ഭയമില്ലെങ്കിൽ കൈലാസത്തിൽ താമസിക്കാം കേട്ടോ. പ്രൊട്ടക്ഷന് നമ്മുടെ ആൾക്കാരെ നിർത്താം."

"ഹേയ് അതൊന്നും വേണ്ട. ഞാൻ സ്റ്റുഡിയോ വക ഫ്ലാറ്റിൽ നിൽക്കാം."

"ഒക്കെ വേദയുടെ ഇഷ്ടം പോലെ. നമ്മളിപ്പോൾ പോവുന്നത് കുര്യച്ചനന്ന് ഒളിച്ചു താമസിച്ചു എന്ന് പറയുന്ന വീട്ടിലേക്കാണ്. ചെറിയൊരു ഇൻഫർമേഷൻ കിട്ടിയിട്ടുണ്ട്.ചിലപ്പോൾ നമുക്കതൊരു കച്ചിത്തുരുമ്പാകും. അവിടെ താമസക്കാരുണ്ടെന്നതാണറിയാൻ കഴിഞ്ഞത്. "

" അലക്സാണ്ടറും മറിയവും തിരികെ വന്നിട്ടുണ്ടാവും."

"ഇല്ല. അവരിനി മടങ്ങി വരില്ല."

ഞാൻ സംശയത്തിൽ അലോഷിയെ നോക്കി.

"എൽദോയ്ക്കൊപ്പം ഇന്നു സന്ധ്യയ്ക്ക് നമ്മുടെ ഒരാളും കമ്പനിക്കുണ്ടായിരുന്നു. സംസാരം അവൻ മന:പൂർവ്വം പെരുമ്പാവൂർ വീട്ടുകാരെ കുറിച്ചായി. അവരെക്കുറിച്ച് പറയാൻ തുടങ്ങിയതോടെ എൽദോ കരയാൻ തുടങ്ങി.

"അവര് കാരണമാ ഇക്കാണുന്നതെല്ലാം ഉണ്ടായത്.ജീവിച്ചിരുന്നെങ്കിൽ ആ കാലൊന്നു മുത്താമായിരുന്നു."

എന്ന്. അതിനർത്ഥം അവർ ഇന്നില്ല. കൊലപാതകമാണോ എന്നതും കണ്ടെത്തേണം"

" അതിനകത്ത് നമുക്കായി എന്ത് കിട്ടുമെന്നാ സർ പറയുന്നത്.

" പോലീസിന്റെ ഭാഗത്തു നിന്നും നമുക്കനുകൂലമായ ഒരു തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. മാത്രവുമല്ല അന്വേഷണ വിവരങ്ങൾ നമുക്ക് കിട്ടാനുള്ള സാധ്യതകളും കുറഞ്ഞു വരികയാണ്."

ഞാനൊന്നും സംസാരിച്ചില്ല. കഴിഞ്ഞ തവണ ഞങ്ങൾ വന്നപ്പോൾ ബൈക്ക് ഒതുക്കിയിടത്ത് കാർ നിർത്തി പതിയെ പിന്നിലെ വഴിയിലൂടെ നടന്ന് മരക്കൊമ്പിലൂടെ പിന്നിലെ മുറ്റത്തിറങ്ങി.മാർജ്ജാര പാദങ്ങളോടെ മുറ്റത്തു കൂടി നടന്നു.വീടിനകത്ത് നിന്നും ടിവിയിൽ വാർത്ത വെച്ചതിന്റെ ശബ്ദവും സംസാരങ്ങളും....
കാർപോർച്ചിൽ രണ്ട് കാറുകൾ, പുറത്ത് അഴിച്ചു വെച്ച ചെരുപ്പുകളുടെ എണ്ണം നോക്കി അകത്ത് മൂന്നു പേരുണ്ടെന്നു വ്യക്തം. അതിലൊരാൾ ഒരു സ്ത്രീയാണ്.
കഴിഞ്ഞ ദിവസം (സ്ത്രീയുടെ കൈകൾ കണ്ട വീപ്പയാണോ എന്നറിയില്ല. മതിലുചാരി മുക്കാൽ ഭാഗം ടാർ ഉള്ളൊരു വീപ്പയുണ്ട്.
സിഗരറ്റിന്റെ രൂക്ഷഗന്ധം.മുറികളിലെവിടെയോ ഒരു ഞെരക്കം. ഞാൻ പതിയെ പിൻവാതിൽ തള്ളി നോക്കി. അത് പതിയെ തുറന്നു. ആ വീടിന്റെ സ്റ്റോർ മുറിയിൽ ഒരാളെ വായിൽ തുണി തിരുകി കൈകൾ പിന്നോട്ടാക്കി കെട്ടിയിരിക്കുന്നു. എന്നെ കണ്ടതും ആ കണ്ണുകളിൽ തിളക്കം കൂടി .എന്റെ കൺകളിൽ ഭയവും. ആ മുഖം കണ്ടതും ഉറക്കെ കരയാൻ വായ തുറന്നു പോയെങ്കിലും ശബ്ദം പുറത്തു വന്നില്ല.

ആ മുഖത്തേയ്ക്ക് ഞാൻ സൂക്ഷിച്ചു നോക്കി പത്രങ്ങളിൽ ഇടയ്ക്കിടെ കണ്ടു മറന്ന ആ മുഖം.യെസ് സോഷ്യൽ വർക്കർ കിരൺജിത്ത്.
അപ്പോഴേക്കും പ്രശാന്ത് അയാളുടെ കൈകാലുകളുടെ കെട്ടഴിച്ചു മാറ്റിയിരുന്നു. ഒറ്റയാൻ പോരാട്ടങ്ങൾ ഇടയ്ക്ക് തെരുവിൽ പലയിടത്തും ഞാൻ കണ്ടിട്ടുണ്ട്. സദാ ജീൻസും അയഞ്ഞ ജുബയും നീട്ടി വളർത്തിയ താടിയും മുടിയും കറുത്ത ഫ്രെയിമുള്ള വലിയ വട്ടകണ്ണടയും തോളിലെ നീണ്ട തുണി സഞ്ചിയും ഒരാർട്ടിസ്റ്റിനെ ഓർമ്മപ്പെടുത്തുമെങ്കിലും കിരൺജിത്തിന്റെ തീപ്പൊരി പ്രസംഗങ്ങൾ ഏതൊരാൾക്കും ചിന്തിക്കാനുള്ളവയാണ്.പലപ്പോഴുമാരാധന മൂത്ത് നോക്കി നിന്നിട്ടുണ്ട് ആ നാൽപത്തിരണ്ടുകാരനെ.

"വേദ വന്നത് നന്നായി ഇല്ലെങ്കിൽ നാളെ അവരെന്നേയും കൊന്നേനെ ."

കിരൺജിത്തിനെന്ന അറിയാമെന്നത് അത്ഭുതം തോന്നി. കിരൺജിത്ത് ഞങ്ങൾക്കൊപ്പം സ്റ്റോർറൂമിൽ നിന്നും പുറത്തു കടന്ന് മുറിലോക്ക് ചെയ്തു. എന്നിട്ട് ഞങ്ങളോട് പുറത്തു കടക്കാൻ ആഗ്യം കാണിച്ചു. മടിച്ചു നിന്ന എന്നോടായി.
" അവരിപ്പോ മുറി പൂട്ടാനായി വരും തൽക്കാലം മറഞ്ഞിരിക്കണം"

അനുസരിക്കയേ ഞങ്ങൾക്ക് നിവൃത്തി ഉണ്ടായിരുന്നുള്ളൂ. എന്തോ ചോദിക്കാനാഞ്ഞ അലോഷിയെ ചുണ്ടിൽ വിരല് ചേർത്ത് ശബ്ദിക്കരുതെന്ന് അരുൺജിത്ത് ആഗ്യം കാണിച്ചു.

ആരോ നടന്നു വരുന്ന ശബ്ദം. പൂട്ടിയിട്ട സ്റ്റോർ റൂമിന്റെ ലോക്കിൽ പിടിച്ചു നോക്കിയ വെള്ള വസ്ത്രക്കാരൻ എൽദോ ആണെന്നത് വ്യക്തമായി ഞാൻ കണ്ടു. മുറിയിലേക്ക് കറക്റ്റ് കാണത്തക്ക വിധത്തിൽ ഞാൻ നേരെ നിന്നു.

" ഇത് പൂട്ടിയിട്ടാണോ ചെറിയാൻ പോയത്.അതേതായാലും നന്നായി. ഇന്നും കൂടി നീയിതിനകത്ത് കിടക്ക് സാമൂഹ്യപ്രവർത്തക, നാളെ നിന്നെ വെറുതെ വിടാം അങ്ങ് പരലോകത്തേയ്ക്ക്. "

നാക്കു കുഴയുന്ന രീതിയിലുള്ള സംസാരം. തുടർന്ന് അകത്തെ മുറിയിലേക്ക് ഊളിയിട്ടു.
ഞാൻ ജനലിന്റെ മറപറ്റി ചുവരരികിലൂടെ മുന്നോട്ട് നീങ്ങി.ഒരു ബെഡ്‌റൂമിനടുത്താണ് എത്തിയത്. അതിന്റെ ഡോറിനടുത്തായി ഒരു സ്ത്രീ നിൽപുണ്ട് കർട്ടൻ മറഞ്ഞതിനാൽ മുഖം കാണുന്നില്ല.
കഴുത്തിൽ സർപ്പ മുഖമുള്ള ഒരു സ്വർണമാലയുണ്ട്. ഞൊറിഞ്ഞു കുത്താത്ത അലസമായ മഞ്ഞ ഷിഫോൺ സാരിയാണ് വേഷം. നീളൻമുടി ചുമലു വഴി മാറിലൂടെ വീണിരിക്കുന്നു.

"കാര്യങ്ങളെല്ലാം നമ്മൾ പറഞ്ഞത് പോലെ പോകട്ടെ. നാളെ ഈവനിംഗ് ഞാൻ വരാം.എൽദോ എന്നെയൊന്ന് അങ്കമാലിയിൽ വിടണം. നിന്റെ ഡ്രൈവർ എവിടെ?"

സ്ത്രീ സ്വരം

" അവൻ കാറിലുണ്ട്. എന്നെ വീട്ടിലിറക്കിയിട്ട് പോകാം നിങ്ങൾക്ക്.തോമസ് സാറപ്പോ എങ്ങനെയാ നിക്കുന്നോ അതോ ?"

എൽദോയുടെ ശബ്ദം.

"ഓഹ് ഇനിയിന്നെങ്ങുമില്ല. ഈ പരുവത്തിൽ ഞാൻ വണ്ടിയോടിച്ചാൽ നാളെയെന്നെ കുഴീലേക്ക് വെക്കാം. മാത്രവുമല്ല നാളെ വിഷം കൊണ്ടു പോവേണ്ടെ?"

എന്നിട്ടുറക്കെ ചിരിച്ചു.

"വിഷമെന്ന് പറഞ്ഞതിന്റെ വില കളയാതെ തോമസേ "

സ്ത്രീ സ്വരം.

"അയ്യോ..... ഒരർത്ഥത്തിൽ പറഞ്ഞാൽ അതല്ലേ ഏറ്റവും വലിയ വില.? അതല്ലേ നിങ്ങൾ വരെ ഞങ്ങൾക്കൊപ്പം നിൽക്കുന്നത്. "

വീണ്ടും തോമസ് എന്നയാളുടെ ശബ്ദം ചിരിക്കൊപ്പം മുഴങ്ങി.

" അപ്പോ ശരി കുര്യച്ചാ ഞാൻ ഇറങ്ങുവാ എൽദോ വരു."

സ്ത്രീയുടെ ശബ്ദം.

കുര്യച്ചൻ!

"അയാളപ്പോൾ ഇവിടെ ഉണ്ടോ? അങ്ങനെയെങ്കിൽ എത്രയും പെട്ടന്ന് പോലീസിൽ അറിയിക്കണ്ടെ?"

ഞാൻ പതിയെ അലോഷിയെ നോക്കി. അവിടെ അലോഷിയും പ്രശാന്തും ഇല്ലായിരുന്നു. കിരൺജിത്ത് പിന്നാലെ വരാൻ ആഗ്യം കാട്ടി. പുറത്ത് ഒരു കാർ സ്റ്റാർട്ടാവുന്ന ശബ്ദം. ഞാൻ വേഗത്തിൽ കാർപോർച്ചിലെത്തി അവിടെ ഗേറ്റിനു വെളിയിൽ ഒരു കാർ നിർത്തി ഡ്രൈവർ ഗേറ്റടച്ച് വീണ്ടും യാത്ര തുടർന്നു.
തിരികെ ഞാൻ വന്നു പഴയ സ്ഥാനത്തെത്തിയപ്പോഴേക്കും മുറിയിലെ ബെഡിൽ ഒരാൾ കമിഴ്ന്നു കിടന്നുറങ്ങുന്നുണ്ടായിരുന്നു.അത് കുര്യച്ചനോ തോമസോ? വീടിനു ചുറ്റി ഞാൻ അടുക്കള ഭാഗത്തെത്തി. അലോഷ്യസും പ്രശാന്തും അരുൺജിത്തുവും വാതിൽ തുറന്നകത്ത് കടക്കുകയായിരുന്നു അപ്പോൾ പിന്നാലെ ഞാനും കടന്നു.വീടു പണി നടക്കുന്നതിന്റെ ഭാഗമായി കിച്ചണിലെ തറയെല്ലാം കൊത്തിപ്പൊളിച്ചിട്ടിരിക്കുകയായിരുന്നു.

"വേദ ഒരു ലൈവ് ടെലികാസ്റ്റിംഗ് പറ്റുമോ?"

അരുൺജിത്തിന്റെ ചോദ്യം ഞാൻ എന്തിനെന്ന ഭാവത്തിൽ അവരെ നോക്കി.

"ഇവിടെയൊരു പാട് ചോദ്യങ്ങളുണ്ട്. ആര് എന്ത് എന്തിന് ആർക്കു വേണ്ടി. ഉത്തരങ്ങൾ കിട്ടും മുന്നേ മുറിഞ്ഞുപോയ യാചനകൾക്കു മുന്നിൽ മുഖത്തേക്കു തെറിച്ച ചുടുനീര് ചോരയാണെന്നതറിയാതെ പോയവർ."

" നിങ്ങളെന്താണ് പറഞ്ഞു വരുന്നത്?"

ഞാൻ പതിയെ ചോദിച്ചു. അപ്പോൾ അകത്തൊരു ഞെരക്കം കേട്ടു .ഞങ്ങൾ വീണ്ടും പതുങ്ങി. നിശബ്ദമായപ്പോൾ ഞങ്ങൾ ഹാളിലേക്കു കടന്നു.തൊട്ടടുത്ത ദിവസം പെയിന്റടിച്ചതിനാൽ പെയിന്റിന്റെ രൂക്ഷഗന്ധം മൂക്കിൽ തുളച്ചുകയറുന്നുണ്ടായിരുന്നു.
ഹാളിലെ ടീപോയ് മേൽ ഒഴിഞ്ഞ മദ്യക്കുപ്പിയും ഗ്ലാസുകളും തെറിച്ചുവീണ മിക്സ്റും പ്ലേറ്റും.നേരത്തെ കണ്ട ബെഡിൽ ഇപ്പോൾ രണ്ടു പേരുണ്ട്. ഒരാൾ കമിഴ്ന്നു കിടക്കുന്നതിനാൽ അതാവും തോമസ് മറ്റേത് ഒളിവിൽ കഴിയുന്ന കുര്യച്ചൻ.!

ഞാൻ കുര്യച്ചനു തൊട്ടടുത്തെത്തി. അദ്ദേഹം ഉറക്കത്തിലേക്ക് വഴുതി വീണിരുന്നു.

" ആരെങ്കിലും ഒരാൾ ഇവിടെ ഇവരെ നോക്കിയിരിക്കണം ബാക്കിയുള്ളവർ എനിക്കൊപ്പം വാ."

അരുൺ ജിത്തിനൊപ്പം ഞാനും അലോഷ്യസും നീങ്ങി.പ്രശാന്ത് അവർക്ക് കാവലായി നിന്നു.
അടുക്കളയിലെ മൂലയിൽ കൂട്ടിയിട്ട പിക്കാസെടുത്തു തറയിൽ ഇളക്കിയിട്ട മണ്ണിൽ കൊത്തിക്കോരാൻ തുടങ്ങി.

"നിങ്ങളെന്താണീ കാണിക്കുന്നത്?"

അലോഷ്യസിന്റെ ചോദ്യത്തെ പാടെ അവഗണിച്ചായിരുന്നു അരുൺജിത്തിന്റെ പെരുമാറ്റം. അയാൾ ഭ്രാന്തമായ മെയ് വഴക്കത്തോടെ അടുക്കളയിൽ അങ്ങിങ്ങ് ചെറിയ കുഴികൾ കുത്തിക്കൊണ്ടിരുന്നു.

"ഓഹ്..... "

അവ്യക്തമായ ഒരു ശബ്ദം കേട്ട് ഞാൻ കുഴിയിലേക്ക് നോക്കി.വെള്ളയിൽ മഞ്ഞപ്പൂക്കളുള്ള ഒരു തുണിക്കഷ്ണമാണ് ആദ്യം കണ്ണിൽ പെട്ടത് തുടർന്ന് വല്ലാത്ത ദുർഗന്ധവും. എനിക്കോക്കാനം വന്നു. സൈഡിലെ വാഷ്ബേസിനിലേക്ക് ഞാൻ കൊഴുത്ത വെള്ളവും ഇനിയും ദഹിക്കാത്ത മസാല ദോശയും ഛർദ്ദിച്ചു. അഴുകിയ മാംസത്തിന്റെ ഗന്ധം.

"വേദ ലൈവ് നടത്തിയാലോ.... "

അലോഷ്യസിന്റെ ചോദ്യം.

ഞാൻ അരവിയെ വിളിച്ചു.

"ഹലോ അരവീ... "

" വേദ പ്രഫസർ അത്യാവശ്യമായി കാണണമെന്ന് പറഞ്ഞു വിളിച്ചിരുന്നു"
അവൻ ചാടിക്കേറി പറഞ്ഞു.

"നാളെ പോവാം.അരവി പെരുമ്പാവൂരിലെ കുര്യച്ചൻ ഒളിച്ചു താമസിച്ച വീട്ടിൽ ഉടൻ എത്തുക. ഒരു ലൈവിന് റെഡിയായിട്ട് വേണം വരാൻ ചാനലിന് വേണ്ട നിർദ്ദേശം നൽകുക."

അവന്റെ മറുപടിക്ക് കാക്കാതെ ജോണ്ടിക്കു മെസ്സേജ് ചെയ്തു.

"എത്രയും പെട്ടന്ന് പെരുമ്പാവൂർ വീട്ടിലെത്തുക. സ്റ്റുഡിയോ വാൻ വരുന്നതിനു മുന്നേ തന്നെ ."

മൂക്കിലമർത്തി പിടിച്ചു കൊണ്ട് ഞാൻ വീണ്ടും കുഴിയിലേക്ക് നോക്കി. അരുൺജിത്ത് പിക്കാസിനാൽ തോണ്ടിയെടുത്തത് ഒരു കുഞ്ഞു പാവക്കുട്ടിയെ ആയിരുന്നു. പിന്നാലെ പിങ്ക് നിറത്തിലുള്ള ഒരു ഹെയർ ബോ. ഒരു കുഞ്ഞു ബ്ലാക്ക് ഷൂ
"തീർത്ഥ "

എന്റെ ചുണ്ടുകൾ മന്ത്രിച്ചു.

അലോഷ്യസ് കൊത്തുന്നത് നിർത്താൻ അരുൺജിത്തിനു നിർദ്ദേശം നൽകി.

"വേദ തൊട്ടടുത്ത സ്റ്റേഷനിൽ ഒന്നറിയിക്കുന്നത് നന്നായിരിക്കും "

സ്റ്റേഷനിൽ അറിയിക്കാൻ ഞാൻ അരവിക്കു മെസേജ് ചെയ്തു!
കുഴിക്കകത്തെ കാഴ്ച കണ്ട് എന്നെപ്പോലെ അവരും ഞെട്ടിയിരുന്നു.അരുൺജിത്ത് നന്നായി കിതയ്ക്കുന്നുണ്ടായിരുന്നു. പിക്കാസ് ചാരിവെച്ച് അയാൾ കിച്ചൻസ്ലേബിൽ കയറിയിരുന്ന് കിതയ്ക്കാൻ തുടങ്ങി.

"ഇന്നലെ അർദ്ധരാത്രിയാണ് ഞാനിവിടെ എത്തിയത്. കോട്ടയം മുതൽ ഞാൻ തോമസ് ഐസക്കിന്റെ പിന്നാലെ ഉണ്ടായിരുന്നു. കോട്ടയം സെൻട്രൽ സ്‌കൂൾ പരിസരത്തു മയക്കുമരുന്നു കച്ചവടം നടത്തുന്നവരിൽ നിന്നും കിട്ടിയ വിവരമനുസരിച്ച് ഞാൻ എത്തിയത് തോമസ് ഐസക്കിനടുത്താണ്. തോമസ് ഐസക് സിറ്റിയിൽ നടത്തുന്ന ആയുർവേദ ഫാർമസിയുടെ മറവിൽ നടത്തുന്നത് വൻകിട മയക്കുമരുന്ന് ബിസിനസാണെന്നത് പുറം ലോകത്തെത്തിക്കാൻ എന്റെ കൈവശം
തെളിവുകളില്ലായിരുന്നു.
ആ തെളിവുകളുണ്ടാക്കാനുള്ള നെട്ടോട്ടത്തിലായിരുന്നു കഴിഞ്ഞ മൂന്ന് മാസം. ഏറെക്കുറേ എനിക്കതിന് കഴിയുകയും ചെയ്തു. അതിനെന്നെ സഹായിച്ചത് അവിടെ ജോലി ചെയ്യുന്ന അമൃത എന്ന ഡോക്ടറായിരുന്നു. മേരിമാതാ ഓർഫനേജിൽ വളർന്ന അമൃത എന്ന ഡോക്ടർ.പഠന ശേഷം ഓരോരോ ചാരിറ്റി പ്രവർത്തനങ്ങളുമായി ഒരിടത്തും സ്ഥിരമായി നിൽക്കാത്ത സാധു പെൺകുട്ടി. കഴിഞ്ഞ അഞ്ചു മാസമായി തോമസിന്റെ ആയുർവേദ ഫാർമസിയിൽ ജോലി ചെയ്തു വരികയായിരുന്നു.

തെളിവുകൾ തേടി അലയുന്ന എന്നെ തേടി അവൾ ഇങ്ങോട്ട് വരികയായിരുന്നു. എനിക്കാവശ്യമുള്ള എല്ലാ വിവരങ്ങളും അവൾ നൽകിയ അന്നു ഉച്ചമുതൽ അമൃത മിസ്സിംങ്ങാണ്. അവളെ തേടിയാണ് ഞാനിവിടെ എത്തിയത്. അവളെ കാണാതായ ദിവസം ഫാർമസിയിൽ നിന്നും അവൾ പോയത് തോമസ് ഐസക്കിന്റെ കാറിലാണെന്നറിഞ്ഞപ്പോൾ എനിക്കപകടം മണത്തു. അപ്പോഴാണ് വേദയുടെ വീട്ടിലെകമ്പികുട്ടൻ.നെറ്റ് വാട്ടർ ടാങ്കിൽ നിന്നും ഒരു പെൺകുട്ടിയുടെ ബോഡി കിട്ടിയത്. ഞാനതറിഞ്ഞ ദിവസം ഹോസ്പിറ്റൽ മോർച്ചറി സന്ദർശിച്ചു. അത് അമൃത ആയിരുന്നില്ല. അമൃത എവിടെയോ ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസമുണ്ടായിരുന്നു എനിക്ക്. ഇപ്പോ എനിക്കാ വിശ്വാസം നഷ്ടമായി. "

കുഴിയിലേക്ക് നോക്കിയാണയാൾ പറഞ്ഞത്.

"കണ്ടെത്തിയ രേഖകൾ എവിടെ?"

ഞാൻ ചോദിച്ചു.

"അതെല്ലാം അവർ പിടിച്ചെടുത്തു. ഇന്നലെ വൈകീട്ട് കോട്ടയത്തുനിന്നും ഞാൻ തോമസിനെ പിൻതുടർന്നു വന്നു. പനമ്പള്ളി നഗറിലെ തോമസിന്റെ ഫ്ലാറ്റിലേക്ക് കയറിപ്പോയ തോമസിനെ കാത്ത് ഏറെനേരം വെയിലു കൊണ്ടു. പിന്നീട് കാർ വന്നു ഞാൻ വീണ്ടും തോമസിനെ ഫോളോ ചെയ്തു.പെരുമ്പാവൂർ കഴിഞ്ഞപ്പോൾ തോമസ് റോഡിനു വിലങ്ങായി കാർ തിരിച്ചിട്ടു തൊട്ടു പിന്നിൽ മറ്റൊരു കാർ കൂടി ഉണ്ടായിരുന്നു. കാറിൽ നിന്നിറങ്ങിയവർ എന്നെ ബൈക്കിൽ നിന്നും വലിച്ചിറക്കിയത് മാത്രം ഓർമ്മയുണ്ട്. ഓർമ്മ വരുമ്പോൾ ഞാൻ ഈ മുറിയിലാണ്."

"ഇവിടെ ഇങ്ങനെ ബോഡി മറവ് ചെയ്ത കാര്യം എങ്ങനെ മനസിലായി?"

അലോഷിയുടെ ചോദ്യം.

"ഇന്നു രാവിലെ അവർ സംസാരിക്കുന്നത് കേട്ടു.അടുത്ത ദിവസം കിച്ചന്റെ ടൈൽപണി കൂടി നടന്നാൽ ഈ ബോഡികൾ നമുക്കെതിരെ ഒരിക്കലും വരില്ലെന്നു .അപ്പോൾ എനിക്കുറപ്പായി.അമൃത ഇവിടെ ഉണ്ടെന്ന്."

പുറത്ത് വാഹനത്തിന്റെ ശബ്ദം. സ്റ്റുഡിയോ വാഹനമായിരുന്നു. ജോണ്ടി തുറന്നു കൊടുത്ത ഗേറ്റ് വഴി അതിൽ നിന്നും അരവിയും ഒന്നു രണ്ട് പേരും അകത്തേയ്ക്ക് കടന്നു.

സാറ്റലൈറ്റുകൾ റെഡിയാക്കി ഞാൻ അലോഷിയെ തിരഞ്ഞു. പക്ഷേ അലോഷി അവിടെങ്ങും ഇല്ലായിരുന്നു.പ്രശാന്തിനോട് കാര്യം തിരക്കിയപ്പോൾ

"സർ പുറത്തുണ്ട്. മീഡിയയ്ക്കു മുന്നിൽ വരാൻ ഇപ്പോൾ നിർവ്വാഹമില്ലെന്നു പറയാൻ പറഞ്ഞു. "

എവിടെയോ ഒരു കല്ലുകടി വീണ്ടും .

ചാനൽ ഒരുങ്ങി.ഞാൻ സമയം നോക്കി 11.17 pm.കഴിഞ്ഞു.11.30 നുള്ള ന്യൂസിനു മുന്നേ വിവരം ഫുൾ പോകണം. ഒരു സ്പെഷ്യൽ ബുള്ളറ്റിൻ.
ന്യൂസ് റീഡർ സുധീപ് കുമാർ പ്രോഗ്രാമിലെ ചില മാറ്റങ്ങളെക്കുറിച്ച് ക്ഷമയോടെ പറയാൻ തയ്യാറായി. ലൈവ് റെഡിയായി.

" ക്ഷമിക്കണം ഒരു സ്പെഷ്യൽ ന്യൂസ് തത്സമയം പ്രക്ഷേപണം ചെയ്യേണ്ടതായി വന്നിരിക്കുന്നു.ചില സുപ്രധാന വിവരങ്ങൾ നിങ്ങളിലേക്ക് എത്തിക്കേണ്ട ആവശ്യം നേരിട്ടതിനാൽ പരിപാടിയിൽ ചില മാറ്റങ്ങൾ എടുക്കേണ്ടി വന്നു. പെട്ടന്നുള്ള ഈ മാറ്റം എന്താണെന്ന് നമുക്ക് വേദപരമേശ്വറിനോട് ചോദിക്കാം. പെരുമ്പാവൂര് നിന്ന് വേദപരമേശ്വർ നമ്മോടൊപ്പം ചേരുന്നതാണ് എന്താണ് വേദപരമേശ്വർ നിങ്ങൾക്ക് പറയാനുള്ളത് "

ഞാൻ മൈക്ക് നേരെ പിടിച്ചു തൊണ്ട ശരിയാക്കി ജോണ്ടിയുടെ ക്യാമറയിലേക്ക് സൂക്ഷിച്ചു നോക്കി തുടർന്നു.

" സുധീപ് കുമാർ ഞാനിപ്പോൾ നിൽക്കുന്നത് പെരുമ്പാവൂരിലെ പൗരപ്രമുഖനായ എൽദോയുടെ മാതൃസഹോദരനായ അലക്സാണ്ടറുടെ വീട്ടിലാണ്.ഞാനും എന്റെയൊരു സുഹൃത്തും കുറച്ചു മുന്നേ ഒരു സംശയത്തിന്റെ പേരിലാണ് ഈ വീട്ടിൽ കയറിത്."

" എന്ന് സംശയത്തിന്റെ പേരിലാണ് വേദപരമേശ്വർ അവിടെ എത്തിയത് വേഗം പറയു"

" സീനാ ബേബി കൊലക്കേസ് പ്രതി കുര്യച്ചൻ ഈ വീട്ടിൽ ഒളിച്ചു താമസിക്കുന്നു എന്നതായിരുന്നു ഞാൻ കേട്ട..."

" എന്നിട്ട് കുര്യച്ചനെ കണ്ടു പിടിച്ചോ വേദാ? കണ്ടു പിടിച്ചെങ്കിൽ അദ്ദേഹമെവിടെ? അദ്ദേഹം തന്നെയാണ് സീനാ ബേബിയെ കൊന്നതെന്ന് അദ്ദേഹം തുറന്നു പറഞ്ഞോ? അദ്ദേഹം കുറ്റവാളിയെങ്കിൽ എന്ത് കൊണ്ട് അറസ്റ്റ് നടക്കുന്നില്ല?"

"സുധീപ് കുമാർ അദ്ദേഹം അകത്തെ മുറിയിൽ ഉറക്കത്തിലാണ്. നമുക്ക് അങ്ങോട്ട് പോകാം."

"പുറത്ത് ഇത്രയധികം ബഹളം ഉണ്ടായിട്ടും അവരെങ്ങനെ ഉറങ്ങുന്നു വേദാ പരമേശ്വർ? "

സുധീപിന്റെ ആ ചോദ്യം ഞാനും പല തവണ ചോദിച്ചതാണ്. രണ്ടു പേരും വല്ലാത്ത ഉറക്കം തന്നെ ഇടയ്ക്ക് അവർക്ക് ജീവനുണ്ടോ എന്നു പോലും സംശയിച്ചു.ഉയർന്നു താഴുന്ന നെഞ്ചിലെ ശ്വാസോച്ഛ്വാസം കൊണ്ടു മാത്രം ജീവനുണ്ടെന്നു വിശ്വസിച്ചു ഞാൻ.
ക്യാമറയിലൂടെ തോമസിനേയും കുര്യച്ചനേയും വിഷൻ മീഡിയ തുറന്നു കാട്ടി

" സുധീപ് കുമാർ നമ്മൾ കാണുന്നത് കുര്യച്ചനും കോട്ടയത്തെ മേരീമാതാ ആയുർവേദ ഫാർമസി ഉടമ തോമസ് ഐസക്കിനേയുമാണ്. "

"വേദ തോമസ് ഐസക്ക് എന്ന വ്യവസായ പ്രമുഖനും കുര്യച്ചനും തമ്മിൽ എന്താണ് ബന്ധം? സീനാ ബേബിയുടെ മരണത്തിൽ തോമസ് ഐസകിന്റെ കറുത്ത കൈകളുടെ പങ്കുണ്ടോ? "

"സുധീപ് കുമാർ ഇതിനെല്ലാം മറുപടി പറയും മുന്നേ ഞാൻ നിങ്ങൾക്ക് മുന്നിൽ മറ്റൊരാളെ പരിചയപ്പെടുത്താം."

ക്യാമറ അരുൺജിത്തിനു നേരെ തിരിഞ്ഞു.

" ഇദ്ദേഹം അരുൺജിത്തെന്ന സാമൂഹ്യ പ്രർത്തകനാണ്. ഒറ്റയാൻ പോരാട്ടങ്ങളിലൂടെ സത്യത്തിന്റെ മുഖമുദ്ര ഉയർത്തിപ്പിടിച്ച പോരാളി .ഞങ്ങളിവിടെ എത്തുമ്പോൾ അദ്ദേഹത്തെ സ്റ്റോർ റൂമിൽ കൈകാലുകൾ ബന്ധിച്ച് വായിൽ തുണി തിരുകിയ നിലയിൽ കാണുകയാണുണ്ടായത്."

"കുര്യച്ചൻ കേസിൽ അരുൺജിത്ത് എങ്ങനെ വന്നു?വിശദമാക്കു വേദാപരമേശ്വർ "

" അദ്ദേഹത്തിന്റെ കാണാതെ പോയ സുഹൃത്തിനെ തേടി നടക്കുമ്പോൾ ശത്രുക്കൾ അദ്ദേഹത്തെ ഇവിടെക്കു കടത്തിക്കൊണ്ടുവന്നതാണെന്ന് എന്നദ്ദേഹം പറയുന്നു.?"

"ഏത് സുഹൃത്ത് ?ആരാണ് ശത്രു'?എന്തിനാണവർ കുര്യച്ചൻ താമസിക്കുന്നിടത്തേക്ക് കടത്തിക്കൊണ്ട് വരണം? പറയൂ "

" അതിനു മുന്നേ ഞാൻ നിങ്ങളെ ചില ദുർക്കാഴ്ചകളിലേക്ക് കൊണ്ടുപോവുകയാണ്.
ക്യാമറയുമായി ഞങ്ങൾ അടുക്കളയിലേക്ക് നീങ്ങി .ക്യാമറയുമായി ഞങ്ങൾ അടുക്കളയിലേക്ക് നീങ്ങി. തറയിലെ പാവയിൽ നിന്നും തുടങ്ങി ഹെയർ ബോയിൽ നിർത്തി.
പുറത്ത് പോലീസ് വാഹനം വന്നു നിൽക്കുന്ന ശബ്ദം.

"ഞങ്ങളിവിടെ എത്തിയപ്പോൾ അടുക്കളയുടെ തറഭാഗം മൊത്തം വെട്ടിപ്പൊളിച്ചിട്ടിരിക്കയായിരുന്നു. അരുൺജിത്തിന്റെ സുഹൃത്തിന്റെ ബോഡി മറവ് ചെയ്തത് ഇവിടെയാണെന്ന സംശയത്തിൽ അദ്ദേഹം ഇവിടെ കുഴിച്ചപ്പോഴാണ് ചില ഞെട്ടിപ്പിക്കുന്ന കാര്യങ്ങൾ കണ്ടത് "

"എന്താണ് വേദപരമേശ്വർ കണ്ടത് തെളിച്ചു പറയൂ."

"ഇവിടെ ഒന്നിൽ കൂടുതൽ ബോഡികൾ മറവു ചെയ്തിട്ടുണ്ടെന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞത്. "

"ആരുടെ ബോഡികളാണെന്ന് വ്യക്തമായോ വേദാ? മരണപ്പെട്ടത് സ്ത്രീകളോ പുരുഷന്മാരോ?"

" സുധീപ് കുമാർ ഇതിനകത്ത് ഒന്നിൽ കൂടുതൽ ബോഡി മറവു ചെയ്തിട്ടുണ്ടെന്നാണ് പ്രഥമദൃഷ്ട്യാ മനസിലാവുന്നത്.അതിൽ ഒന്ന് ഒരു കുഞ്ഞിന്റെതാണോ എന്ന സംശയത്തിലാണ് ഞങ്ങൾ "

അപ്പോഴേക്കും മൂന്ന് നാല് പോലീസുകാർ ഓടിക്കയറി വന്നു.കൂടെ കുറച്ച് ചാനലുകാരും

" എല്ലാരും പുറത്തോട്ട് മാറി നിൽക്കണം."

ഒരു പോലീസുകാരന്റെ ശബ്ദം ഉയർന്നു. കൂടാതെ പിന്നാലെ വന്ന പോലീസുകാർ എന്നെയും ജോണ്ടിയേയും പുറത്താക്കി. വീടിനു ചുറ്റും ആളുകൾ നിറഞ്ഞു കൊണ്ടിരിക്കയായിരുന്നു.

ലൈവ് കട്ട് ചെയ്യാൻ നിർദ്ദേശം കൊടുത്ത് ഞാൻ തെല്ലുമാറി നിന്നു.
അപ്പോഴേക്കും സ്റ്റുഡിയോയിൽ നിന്നും വന്ന ഷീനയ്ക്ക് ഞാൻ മൈക്ക് കൈമാറി തെല്ലുമാറിയിരുന്നു.

അകത്ത് മരണപ്പെട്ടവരിൽ തീർത്ഥയുമുണ്ടെന്ന വേദന എന്നെ തളർത്തി.
CI റാങ്കിലുള്ള ഒരു പോലീസുകാരൻ അകത്തേയ്ക്ക് പോയി. തുടർന്ന് ഒരു ആംബുലൻസ് വന്നു നിൽക്കുന്നു.കുര്യച്ചനേയും തോമസ് ഐസകിനേയും ആംബുലിസിലേക്ക് കയറ്റി.

ഞാൻ ധൃതിയിൽ എഴുന്നേറ്റു.എല്ലാക്യാമറക്കണ്ണുകളും ആംബുലൻസിലേക്ക്.

"ഇതെന്താ പറ്റിയത്?"

ഒരു പോലീസുകാരനോട് ഞാൻ തിരക്കി.

" മയക്കം വിടുന്നില്ല. ആയതിനാൽ ഹോസ്പിറ്റലിലേക്ക് കൊണ്ടു പോയതാണ്."

"ഡോക്ടർ പറഞ്ഞതാണോ ഇത്. "

"അതെ. അവർ രണ്ട് പേരും അബോധാവസ്ഥയിലാണ്."

ശരിയായിരിക്കാം പുറത്തിത്രയും ബഹളമുണ്ടായിട്ടും അവരുണരാഞ്ഞത് അതാവാം.
തെല്ലു മാറി CI അരുൺജിത്തിനെ ചോദ്യം ചെയ്യുന്നുണ്ടായിരുന്നു.
അരുൺജിത്ത് എനിക്ക് നേരെ വിരൽ ചൂണ്ടുന്നു.
ഞാൻ സ്വമേധയാ അവിടേക്ക് ചെന്നു പിന്നാലെ അരവിയും പ്രശാന്തും. നടന്ന കാര്യങ്ങളെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു.

" അതിനകത്ത് ചുരുങ്ങിയത് നാല് മൃതദേഹങ്ങൾ ഉണ്ട്. എല്ലാം തിരിച്ചറിയാൻ പറ്റാത്തത്രയും അഴുകിപ്പോയിട്ടുണ്ട്. മരണപ്പെട്ടവരിൽ 3 പേർ സ്ത്രീകളാണ്. ഡ്രസ് കണ്ട് തിരിച്ചറിഞ്ഞതാണ്. അലക്സാണ്ടർ എന്ന പേരെഴുതിയ ഒരു റിംഗ് കിട്ടിയിട്ടുണ്ട്."

" കുട്ടികൾ?"

CI എന്നെ സൂക്ഷിച്ചു നോക്കി.

"അവിടെ ഒരു ഡോളും കുഞ്ഞു ഷൂവും കണ്ടു "

" ആഹ്.... അങ്ങനെ....... കുട്ടികൾ ഉണ്ടോ എന്നത് വ്യക്തമല്ല. നമുക്ക് നോക്കാം. വേദ പോവരുത് ഇവിടെ തന്നെ കാണണം."

ഞാൻ തല കുലുക്കി സമ്മതിച്ചു.അരവിക്കൊപ്പം ഞാൻ വീട്ടുമുറ്റത്തെ മാവിന്റെ ചുവട്ടിലിരുന്നു. ചാനലുകാർ ഒരു ചെറുപഴുതിനായി ഓടി നടന്നു.

"വേദ അലോഷ്യസ് എന്താ മാറി നിൽക്കുന്നത്? ഇവിടെ വരാത്തതെന്താ?"

"എനിക്കറിയില്ല."

അങ്ങനെ പറയാനാണ് തോന്നിയത്.

"ഒന്ന് പുള്ളിയെ ശ്രദ്ധിക്കണം കേട്ടോ നീ. ചില സംശയങ്ങളുണ്ട് ഞാനത് പറയാം. പ്രഫസർ രാവിലെ കാണണമെന്നു പറഞ്ഞിട്ടുണ്ട്. "

" ഉം.പ്രശാന്തും പുറത്തോട്ട് പോയോ? "

" പോയെന്നു തോന്നുന്നു."

ഫോറൻസിക് വിദഗ്ദർ അതിവേഗത്തിൽ വീടിനകത്തേയ്ക്ക് പോയി. പുതിയ ന്യൂസുകൾ ഒന്നും വീടിനു പുറത്തെത്താതെ വീട് പോലീസ് സംരക്ഷണത്തിലായി.

ഗായത്രിയുടെ ബാംഗ്ലൂർ നമ്പറിൽ നിന്നും ഒരു കോൾ

"ഹലോ മാഡം."

" എന്തൊക്കെയാ വേദാ പ്രശ്നം? ന്യൂസ് കണ്ടപ്പോൾ ഞെട്ടി."

ഞാൻ കാര്യങ്ങൾ ചുരുക്കി പറഞ്ഞു.

" ഒകെ. എല്ലാം ശ്രദ്ധിച്ചു ചെയ്യണം"

ഫോൺ കട്ടായി .
ഗായത്രി എപ്പോൾ പോയി എന്ന ചിന്ത മാത്രം അവശേഷിച്ചു.
നേരം പുലർന്നുവരാറായി അങ്ങിങ്ങ് ചില പക്ഷികളുടെ ശബ്ദം കേട്ടു തുടങ്ങി. ജോണ്ടി ഹോസ്പിറ്റലിലെ കാര്യങ്ങൾ തിരക്കാനായി പോയി.പ്രശാന്തിനെ അവിടെങ്ങും കാണാനില്ല.
റോഡിൽ ഒരു ബഹളം.പെരുമ്പാവൂർ പൗരസമിതി കിടന്നു ബഹളം വെക്കുന്നു. പോലീസ് അനുനയിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.
ഫോണിൽ അലോഷിയുടെ മെസ്സേജ് .

"ഞങ്ങൾ പുറത്തുണ്ട്. എന്നെയവർ തിരിച്ചറിയണ്ട എന്നോർത്താണ് മാറിയത്.ഹോസ്പിറ്റലിലായ കുര്യച്ചനും തോമസിനും ബോധം വീണില്ല ഇതുവരെ "

ബോധം വീണില്ലായെന്ന്. അങ്ങനെയെങ്കിൽ നഴ്സിംഗ് വിദ്യാർത്ഥിയായ കൃഷ്ണപ്രിയ വസുദേവ് ഇതേ അവസ്ഥയിൽ അല്ലേ കാണാതായത്. വൈദ്യശാസ്ത്രത്തിനു തെളിയിക്കാൻ കഴിയാത്ത മയക്കം.

ഞാനുടനെ അലോഷ്യസിനെ വിളിച്ചു.

"സർ കുര്യച്ചനേയും തോമസിനേയും ശ്രദ്ധിക്കണം.അവർ മിസ്സാവാൻ സാധ്യതയുണ്ട്. "

"വാട്ട്?!¡

"യെസ് സർ ബാക്കി നേരിട്ട് ."

ഫോൺ കട്ട് ചെയ്തു ഞാൻ CI യോട് എപ്പോ വേണമെങ്കിലും എത്തിക്കോളാമെന്ന് കാര്യം പറഞ്ഞു പുറത്തിറങ്ങി.
ആൾക്കൂട്ടത്തിൽ നിന്നും ആലോഷ്യസിനെ കണ്ടെത്തി .

"സർ എനിക്ക് കിട്ടിയ ഫയലിലെ ഒരു കേസുമായി ഇതിന് സാമ്യമുണ്ട്.ഒരു ക്രിഷ്ണപ്രിയ കേസ്.അങ്ങനെയെങ്കിൽ എത്രയും പെട്ടന്ന് അവരുടെ ഡോക്ടറെ കാണണം. "

" കാണാം. ഡോ: കൃഷ്ണ കുമാറാണ് നമ്മളെ അദ്ദേഹം സഹായിക്കും."

"എനിക്കൊന്നു രണ്ട് കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട് വരാം."
പറഞ്ഞു തീരും മുന്നേ അരവി വന്നു. ഞാനും അരവിയും ഒരുമിച്ചിറങ്ങി.

"വേദ പ്രഫസർ മുസ്തഫ അലി കൊച്ചിയിൽ ഉണ്ട്. നേരിട്ട് കണ്ട് സംസാരിക്കണമെന്നദ്ദേഹം പറയുന്നു."

അരവിയുടെ സംസാരത്തിനു മറുപടിയായി

"പോവാം "

എന്നത് മാത്രം പറഞ്ഞു ഞാൻ.

വഴിയിൽ ഒരു തട്ടുകടയിൽ നിന്നും ഓരോ കാലി കാപ്പി കുടിക്കുമ്പോൾ അലോഷിയുടെ കോൾ വന്നു.

"വേദ, മുസ്തഫ അലിയെ കാണുന്നത് രഹസ്യമായിരിക്കണം.നിനക്ക് പിന്നിൽ വാച്ച് ചെയ്യാൻ ചിലപ്പോൾ ആളുണ്ടാവും"

"സർ "

" വിവരങ്ങൾ അപ്പപ്പോൾ അറിയിക്കണം"

" ശരി സർ "

പത്രത്തിലെ പ്രധാന വാർത്ത പെരുമ്പാവൂരിലെ വീട്ടിലെ ബോഡിയും എൽദോയുടെ അറസ്റ്റുമായിരുന്നു.കുര്യച്ചനും തോമസും അപകടത്തിൽ എന്ന രീതിയിൽ ചില വളച്ചൊടിച്ച വാർത്തകളും. അതിലൊരിടത്തും ഒരു കുഞ്ഞിന്റെ ബോഡി കണ്ടതായി എഴുതിക്കാണാതായപ്പോൾ എന്തോ ഒരാശ്വാസം തോന്നി.
തീർത്ഥ എവിടേയോ ജീവിച്ചിരിപ്പുണ്ട്.

" എൽദോയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. "

തിരികെ ബൈക്കിൽ കയറുമ്പോൾ അരവി പറഞ്ഞു.

എൽദോയെ അറസ്റ്റ് ചെയ്തിട്ട് കാര്യമില്ല. കാരണം അയാൾക്കിതേ പറ്റി വലിയ അറിവില്ല എന്നത് എന്റെ മനസു മന്ത്രിച്ചു. എന്തെങ്കിലും അറിയാമായിരുന്നെങ്കിൽ എൽദോയും മരണപ്പെട്ടേനെ ഇല്ലെങ്കിൽ കുര്യച്ചനെ പോലെ അബോധാവസ്ഥയിൽ ആയേനെ.

പ്രഫസർ മുസ്തഫഅലി സാർ കൃഷ്ണാ റസിഡൻസിയിലായിരുന്നു. കൃഷ്ണാ റസിഡൻസിയിലെ 101 നമ്പർ മുറിയിൽ ഞങ്ങളെത്തുമ്പോൾ 8 മണിയാകാറായിരുന്നു. റൂമിൽ കയറിയ പാടെ പ്രഫസർ ഡോറടച്ച് ലോക്ക് ചെയ്തു.
വലിഞ്ഞു മുറുകിയ ആ മുഖഭാവം എന്തോ അപകടം വിളിച്ചു പറയുന്നുണ്ടായിരുന്നു.
എതിരെയുള്ള സെറ്റി ചൂണ്ടിക്കാട്ടി അദ്ദേഹം പറഞ്ഞു തുടങ്ങി.

"നിങ്ങൾക്കീ മെഡിസിനെ പറ്റി എന്തെങ്കിലും ധാരണ ഉണ്ടോ?"

"ഇല്ല."

"ഇത് എന്തിനു വേണ്ടി ഉപയോഗിക്കുന്നു എന്നതാണ് തിരിച്ചറിയേണ്ടത് . ഇതിൽ അടങ്ങിയിരിക്കുന്ന വസ്തുക്കൾ മുഴുവനും തിരിച്ചറിയാൻ കഴിയുന്നില്ല എന്നത് എന്നിലെ ആത്മ വിശ്വാസത്തെ ചോദ്യം ചെയ്യുന്നുണ്ട്.തിരിച്ചറിയാൻ കഴിഞ്ഞത് സ്ട്രെച്ചിൻ,ക്യൂറേർ, പിന്നെ മെഡിക്കൽ അനസ്തേഷ്യ ഇത്ര മാത്രം.ഇതിന്റെ ഉപയോഗം എന്താണെന്ന് അറിയില്ല."

"സർ ആദ്യം പറഞ്ഞ മെഡിസിൻസ് എന്തിനുള്ളതാണ്.?"

"പോയ്സൺസാണ്. ഇതിലൊന്ന് അമേരിക്കൻ ആദിവാസികൾ അമ്പിൽ പുരട്ടാനുപയോഗിക്കുന്ന ഒരു തരം വിഷമാണ് .ഇതെന്തായാലും നല്ലതിനു വേണ്ടിയുള്ളതാവില്ല "

"എവിടുന്ന് കിട്ടി എന്നിടത്തു നിന്ന് നിങ്ങൾ തുടങ്ങേണം. ഇത് ബ്ലഡിൽ അതിവേഗത്തിൽ കലരുമെങ്കിലും ഒരു തരത്തിലും ഇതിന്റെ അളവോ സാന്നിദ്ധ്യമോ തിരിച്ചറിയാൻ കഴിയില്ല എന്നതാണ് വാസ്തവം. അവ മനുഷ്യ ശരീരത്തിനകത്ത് ഏത് തരത്തിൽ പ്രതികരിക്കുമെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു.. "

ഞെട്ടിപ്പിക്കുന്ന ചില സത്യങ്ങൾ !

"പിന്നെ മറ്റൊന്നുകൂടി.ഇത് ഉണ്ടാക്കിയതിന് പിന്നിൽ ഗൂഢമായ ലക്ഷ്യങ്ങൾ കാണും. സൂക്ഷിക്കണം.."

യാത്ര പറഞ്ഞിറങ്ങിയെങ്കിലും മനസിൽ വല്ലാത്തൊരു വീർപ്പുമുട്ടൽ.

" അരവി അനസ്തേഷ്യ മയക്കാനുള്ള മെഡിസിൻ അല്ലേ? അങ്ങനെയെങ്കിൽ ആ മെഡിസിൻ കാരണമാകുമോ തോമസും കുര്യച്ചനും ?"

"നിനക്കെന്താ വേദാ കുര്യച്ചന്റേയും സജീവിന്റേയും കേസുകൾ വ്യത്യാസമാണ്. നിനക്കിപ്പോൾ സുബോധം പോലും പോയതാണോ?"

അരവി എന്തൊക്കെ പറഞ്ഞാലും ഈ കേസുകൾ എല്ലാം തമ്മിൽ കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു ചരടുണ്ട്. എല്ലാം തമ്മിൽ കൂട്ടിയോചിപ്പിക്കുന്നത്. അതാണിനി കണ്ടു പിടിക്കേണ്ടത്.

ശത്രുക്കൾക്ക് വേണ്ട എന്തോ ഒന്ന് എന്റെ വീട്ടിലുണ്ട് അതായത് എന്റെ കൈവശം.ഞാൻ മരിച്ചാൽ അതവർക്ക് കിട്ടില്ല എന്ന് ബോധ്യമുള്ളതിനാൽ മാത്രം അവരെന്നെ കൊല്ലാത്തത്.
അതെന്തായാലും അച്ഛന്റെ മരണവുമായി ബന്ധപ്പെട്ടതാണ്.അത് കണ്ടു പിടിക്കാൻ അച്ഛന്റെ മുറി പരിശോധിച്ചേ മതിയാകൂ.

"അരവി വീട്ടിൽ പോവണം"

അവൻ മറുത്തൊന്നും പറഞ്ഞില്ല.
വീട്ടിൽ കയറിയ പാടെ ഞാൻ അച്ഛന്റെ ഓഫീസ് മുറിയിൽ കയറി.അലങ്കോലമായിക്കിടക്കുന്ന കുറേ നിയമ പുസ്തകങ്ങൾ ഒതുക്കി വെച്ചു ഞാൻ അച്ഛന്റെ മേശയിലെ ഫയലുകൾ തുറന്നു.എനിക്കാവശ്യമുള്ളതൊന്നും അതിൽ ഉണ്ടായിരുന്നില്ല. അപ്പയുടെ ഓഫീസ് സിസ്റ്റത്തിനകത്ത് വല്ലതും കാണുമോ? ഇടയ്ക്ക് ഓൺ ചെയ്ത് ഇടാറുണ്ടെന്നല്ലാതെ ഇന്നുവരെ അതിനകത്ത് എന്താണെന്ന് നോക്കിയിട്ടില്ല. ഓൺ ചെയ്തു വെച്ചിരുന്നു ഞാൻ. സ്ക്രീനിൽ പരമശിവന്റെ ചിത്രം തെളിഞ്ഞു.

എന്റർ ദി പാസ് വേർഡ്
എന്തായിരിക്കും? കുറച്ചു നേരം ചിന്തിച്ചു.'kailasam 'അടിച്ചു എറർ കാണിച്ചു.'KPN888 '

അതും എറർ.
അച്ഛന്റെ പാസ് വേർഡ് എന്തായും?
Savithri
veda
Parameswar
Kailasam
മാജിക് നമ്പർ888

'svpk8'
ഹാവൂ ഭാഗ്യം. സിസ്റ്റം ഓണായി.
ഫോൾഡറുകൾ ഓരോന്നായി തുറന്നു.
Krishnapv
എന്ന ഫോൾഡർ നിറയെ കൃഷ്ണപ്രിയ വസുദേവിന്റെ തിരോധാനത്തിന്റെ കുറേപേപ്പർ കട്ടിംഗുകൾ കൂടാതെ ഒരു ഫോട്ടോ .
ഞാനപ്പോഴാണ് ആ ഹോസ്പിറ്റൽ നേം ശ്രദ്ധിച്ചത് ഷൈൻ സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ.ഇത് തന്നെയല്ലേ കുര്യച്ചന്റെ ഹോസ്പിറ്റൽ?മരണപ്പെട്ട
സീനാബേബി ജോലി ചെയ്ത ഹോസ്പിറ്റൽ ! എവിടെയോ ഒരു വഴിത്തിരിവ്.
പിന്നെ കുറച്ചു ആശുപത്രികളുടെ ലിസ്റ്റ്.
കുറച്ചു ഡോക്ടർമാരുടെ പേരുവിവരങ്ങൾ അടിയിലായി M@.
ഈ ചിഹ്നം എവിടെയോ കണ്ടിട്ടുണ്ട്. യെസ് പാലക്കാട് നിന്നും കൊണ്ടുവന്ന സിറിഞ്ചിലും മെഡിസിൻബോട്ടിലിലും ഞാനിത് കണ്ടിട്ടുണ്ട്.
അച്ഛനിതെല്ലാം അറിയാമായിരുന്നോ?
പക്ഷേ അച്ഛൻ എഴുതിയതിൽ ഒരു ഹോസ്പിറ്റൽ അഡ്രസ് അമേരിക്കയിൽ ഉള്ളതല്ലേ?
എങ്കിലും ഈ ഹോസ്പിറ്റലുകളുടെയെല്ലാം ഡീറ്റെയിൽസ് എടുക്കണം കൂട്ടത്തിൽ ഇതിലെഴുതിയ ഡോക്ടർമാരേയും.
ഫോൺ ശബ്ദിച്ചു.
സ്റ്റേഷനിൽ നിന്നാണ്,

"വേദപരമേശ്വർ ഒന്ന് സ്റ്റേഷൻ വരെ വരണം.അരവിന്ദിനോടും വരാൻ പറയൂ"

"എന്ത് പറ്റി സർ? പെട്ടന്ന്! "

"ആ മോർച്ചറി സൂക്ഷിപ്പുകാരൻ വന്നിട്ടുണ്ട്.ഒരു തിരിച്ചറിയൽ പരേഡ് "

"ഉടനെ എത്താം സർ"

അരവിയെ വിളിച്ച് കാര്യം പറഞ്ഞപ്പോൾ 10 മിനിട്ടിനുള്ളിൽ എത്താമെന്ന് പറഞ്ഞു.
ഫോൺ കട്ട് ചെയ്തു അപ്പയുടെ സിസ്റ്റത്തിലെ അവശ്യ ഫയലുകൾ ഞാൻ എന്റെ മെയിൽ ഓപൺ ചെയ്ത് അച്ഛന്റെ മെയിലിലിലേക്കിട്ടു.

പത്ത് മിനിട്ട് ആവും മുന്നേ തന്നേ അരവി എത്തി. അനുവാദം കിട്ടാനായി ഞാൻ പുറത്ത് വെയിറ്റ് ചെയ്തു.

" മേഡം സർ വിളിക്കുന്നു."

ഒരു കോൺസ്റ്റബിൾ അറിയിച്ചു.

CI യുടെ ഡോർ തുറന്നു കയറാനാഞ്ഞ എനിക്കു മുമ്പി ഡോർ തുറന്നു പുറത്തു വന്നവർ ധരിച്ച സർപ്പ മുഖമുള്ള ഒരു ലോക്കറ്റിൽ മുഖമുടക്കി.ഞാൻ തലയുയർത്തി ആ മുഖത്തേക്ക് നോക്കി. ഇതവർ തന്നെയാണോ?എന്നെ ഗൗനിക്കാതെ നടന്നു പോയ അവർ ധരിച്ച വസ്ത്രത്തിൽ എന്റെ മനസു കുരുങ്ങി
.
എതിരെ വന്ന പോലീസുകാരനോട് ഞാൻ

"ആ പോയ സ്ത്രീ ആരാ "

എന്ന് തിരക്കി
"അവരെ അറിയില്ലെ?അവരാണ്........"

"അവരെ അറിയില്ലെ അവരാണ് പുതിയ ACP രേണുക കൃഷ്ണൻ, ഇന്ന് രാവിലെ ചാർജ്ജെടുത്തതേയുള്ളൂ. "

"വേദാ വരൂ "

CI അകത്തു നിന്നും വിളിക്കുന്നു.
എവിടെയോ ഒരു കെണി മണക്കുന്നു. എല്ലാം തുറന്നു പറയാമോ?

"വേദ മോർച്ചറി സൂക്ഷിപ്പുകാരൻ വന്നിട്ടുണ്ട്. നിങ്ങൾ തന്നെയാണെന്ന് കൺഫോം ചെയ്യാൻ. അരവിന്ദ് വന്നിട്ടില്ലേ?"

"ഉവ്വ് പുറത്തു നിൽപുണ്ട്."

തുടർന്ന് മേശപ്പുറത്തെ ബെല്ലിൽ കൈയമർത്തി. വാതിൽ തുറന്ന് ഒരു പോലീസുകാരൻ കടന്നു വന്നു.

" പുറത്ത് നിൽക്കുന്ന മോർച്ചറി സൂക്ഷിപ്പുകാരനെ വിളിക്കൂ.കൂടാതെ അരവിന്ദിനേയും "

അയാൾ പോയി ഒരു മിനിട്ടിനുള്ളിൽ അരവിന്ദനും പിന്നാലെ മോർച്ചറി സൂക്ഷിപ്പുകാരനും വന്നു. അയാൾ എന്നെ നോക്കി പരിചയ ഭാവത്തിൽ ചിരിച്ചു. പക്ഷേ എനിക്ക് ചിരി വന്നില്ല.

"Mr: വാസുദേവൻ ഇവരെയല്ലേ അന്ന് രാത്രി കണ്ടത്?"

"അല്ല സാറേ. "

"ഇതാണ് നിങ്ങൾ പോലീസിന് മൊഴി കൊടുത്ത അരവിന്ദും വേദാ പരമേശ്വറും "

"ഇവരല്ല സാറേ .ആ സ്ത്രീയുടെ മൂക്കിനു സൈഡിലായിട്ടു ഒരു കറുത്ത പാടുണ്ട്.അരവിന്ദെന്നു പറഞ്ഞു പരിചയപ്പെടുത്തിയവരും ഇദ്ദേഹമല്ല."

CI ആകെ സംശയത്തിലായി.
ഈശ്വരാ ഇവരെ കാണാൻ അലോഷിക്കൊപ്പം പോയ കാര്യം പറഞ്ഞാൽ തീർന്നു എല്ലാം.

"സോറി വേദ നിങ്ങളെ രണ്ടു ബുദ്ധിമുട്ടിക്കേണ്ടി വന്നതിൽ ക്ഷമിക്കുക.
നിങ്ങൾ പോയ്ക്കോളൂ. എനിക്ക് ഒരത്യാവശ്യ മീറ്റിംഗുണ്ട് ACP യുമായി."

ഞങ്ങൾ എഴുന്നേറ്റു. പിന്നാലെ CIഉം.
അരവിയുടെ ബൈക്കിനു പിന്നിൽ കയറാനിരുന്നപ്പോൾ അലോഷിയുടെ കോൾ വന്നു.

"സർ "

"വേദ ചെറിയൊരു മെസ്സേജ് ഉണ്ട്.കെടി മെഡിക്കൽസ് ഉടമയുടെ മകൾ മിസ്സിംഗാണ്"

"സർ അതെങ്ങനെ?"

"വിശദമായി പറയാം അതിനു മുന്നേ താൻ VK മാർട്ടിനു ലെഫ്റ്റ് സൈഡിൽ ഞാനുണ്ട്, താൻ വാ."

ഞാൻ ആക്ടിവ എടുത്തു പിന്നിൽ അരവി കയറി. വണ്ടി സ്റ്റാർട്ട് ചെയ്യുമ്പോൾ മിററിൽ ഞാൻ കണ്ടു ACPരേണുക കൃഷ്ണൻ. അവരുടെ നോട്ടം എന്നെയായിരുന്നു.
തുളഞ്ഞു കയറുന്നതു പോലെ. ന്യൂസവർ അറിഞ്ഞതിനാൽ ഇന്നലെ അവരെ ഞാൻ കണ്ടത് അവർക്കറിയാമെങ്കിൽ അതെന്റെ ജീവന് അപകടമാണ്..

VK മാർട്ടിനു മുന്നിൽ ആക്ടിവ നിർത്തി ഞാനിറങ്ങി.അരവിയോട് പോയ്ക്കോളാൻ പറഞ്ഞു. അക്ടിവയും അരവിയും കാഴ്ചയ്ക്കപ്പുറമായതിനു ശേഷമാണ് ഞാൻ അലോഷ്യസിന്റെ അടുത്തേക്ക് നീങ്ങിയത്.

കാറിൽ കയറിയതും കാർ നീങ്ങി.

"വേദ KT മെഡിക്കൽസ് ഉടമ തൗഹയുടെ മകൾ കൊല്ലപ്പെട്ടിരിക്കുമെന്ന വലിയ വിശ്വാസത്തിലാണ് ഞാനിപ്പോൾ. അന്ന് തന്റെ വാട്ടർ ടാങ്കിൽ കണ്ട ബോഡി അത് മുംതാസാവാം. "

"സർ അതെങ്ങനെ കഴിഞ്ഞ ദിവസം സർ അവരുമായി ചാറ്റ് ചെയ്തതല്ലേ?"

"അതെ. പക്ഷേ ഇന്ന് രാവിലെ ഞാനവരെ ഓൺലൈനിൽ വാച് ചെയ്തിരുന്നു. വെറുതെ ഒരു gd Mgവിഷ് ചെയ്യുകയും ചെയ്തു.പ്രശ്നം അതല്ല.ഞാൻ തിരക്കിയപ്പോൾ അവൾ പുതിയ ജോലി പെട്ടന്ന് റെഡിയായെന്നും വിദേശത്താണെന്നും പറഞ്ഞു. ഒരു കല്ലുകടി തോന്നിയതിനാൽ ഞാൻ ലൊക്കേഷൻ നോക്കി. ശരിയായിരുന്നു. അവൾ അപ്പോൾ മസ്ക്കറ്റിലായിരുന്നു. അവളോട് എവിടെയാണെന്ന് ചോദിച്ചപ്പോൾ ഖത്തർ എന്നാണ് മെസ്സേജ് ചെയ്തത്.

പോകുമ്പോൾ എന്താ പറയാതിരുന്നതെന്ന ചോദ്യത്തിന് ഉപ്പച്ചിക്ക് അത്യാവശ്യമായി വരാനുണ്ടായിരുന്നു. അപ്പോൾ ഞാനും കുറച്ച് നേരത്തെ വന്നു എന്ന്. അതിൽ ഒരു കള്ളം ഫീൽ ചെയ്തു. ഉടനെ തന്നെ ഞാൻ അതേ പറ്റി അന്വേഷിപ്പിച്ചു. അപ്പോൾ അറിയാൻ കഴിഞ്ഞത് തൗഹബിൻ പരീതിനൊപ്പം മുംതാസ് തിരുവനന്തപുരത്തു നിന്നും കഴിഞ്ഞ 5 ദിവസങ്ങളിലൊന്നും ഫ്ലൈറ്റ് കയറിയിട്ടില്ല എന്നതാണ്. മാത്രവുമല്ല.. മിനിഞ്ഞാന്ന് ഉച്ചയ്ക്കുള്ള ഫ്ലൈറ്റിന് തൗഹബിൻ പരീത് മസ്ക്കറ്റിലേക്ക് പോയതായി വിവരം കിട്ടിയിട്ടുണ്ട്. അങ്ങനെയെങ്കിൽ അദ്ദേഹത്തിന്റെ യാത്ര മുൻകൂട്ടി അറിയാവുന്ന ആരോ അദ്ദേഹഹത്തെ കരുവാക്കുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു."

"സർ അതെങ്ങനെ ശരിയാവും? മുംതാസ് മിസ്സിംഗാണെങ്കിൽ തൗഹ പരാതിപ്പെടില്ലേ? ഇതുവരെ അങ്ങനെയൊരു കേസ് വരാത്ത സ്ഥിതിക്ക് മുംതാസിനെന്തു പറ്റി എന്നത് വ്യക്തമായി അറിയുന്ന വ്യക്തി തൗഹയാണെന്ന് നമുക്കൂഹിക്കാലോ സർ? തൗഹയുടെ മെഡിക്കൽസിന്റെ മറവിൽ നടക്കുന്നത് എന്താണെന്ന് കണ്ടു പിടിക്കണം.. ഇന്നലെ നമുക്ക് പ്രഫസർ നൽകിയത് അത്രയും വലിയ ഇൻഫർമേഷനാണ്.അതിൽ KTമെഡിക്കൽസും ഉണ്ടെന്ന് മനസ് പറയുന്നു. "

" ശരിയായിരിക്കാം വേദാ. നമ്മൾ പിടികൂടിയ ആർക്കും തന്നെ ഇതിന്റെ യഥാർത്ഥ കേന്ദ്രവുമായി നേരിട്ട് ബന്ധമില്ല. എന്തെങ്കിലും കുറച്ചറിയാവുന്നത് ദേവനാണ്, ബട്ട് അവനാണെങ്കിൽ ഒരു മാനസിക രോഗിയും. മയക്കുമരുന്നിന്റെ അമിത ഉപയോഗം മൂലം കാണിക്കുന്ന ചില ഭ്രാന്തൻ ചേഷ്ടകൾ ഇടയ്ക്കു കണ്ടു. "

" ഉം.... കസ്റ്റഡിയിലെടുത്തവരെ കോടതിയിൽ ഹാജരാക്കേണ്ടെ? സർ?"

" വേണ്ട. അവർ നമ്മുടെ കസ്റ്റഡിയിൽ ഉള്ളത് ഒരു റെക്കോർഡിലും ഇല്ല . "
പിന്നീട് ഞാൻ എനിക്ക് വന്ന Mail നെ പറ്റി സംസാരിച്ചു.

"for orthographic research maintenance using logical arrangement ഇതിന്റെ അർത്ഥം വ്യാഖ്യാനിച്ചെടുക്കാൻ കഴിയാതിരുന്നപ്പോഴാണ് ഇതേ മെസ്സേജ് അരവിക്കു വന്നത്
for orthographic research maintenance using logical arrangement 608/13......
ഇതിൽ 13 എന്നത് വർഷമാവാം. 2013ൽ നടന്ന എന്തോ ഒരു സംഭവം. രണ്ടാമത് വന്നത് '57 rof________tne ' എന്ന് മാത്രം. അതായത് 57 ലെറ്റർ ഉള്ള ഒരു വാക്യം എന്നതാവാം. ആദ്യം വന്ന മെയിൽ ഉള്ളത് ആകെ 57 ലെറ്ററുകൾ. രണ്ടാമത്തെ മെയിൽ നോക്കിയാൽ സാറിനു മനസിലാവും for orth........... arrangement എന്നത് വാക്കുകൾ തിരിച്ചിട്ടതാണെന്ന്. ആദ്യത്തെ for എന്നത് rof. arrangement ലാസ്റ്റ് ent എന്നത് tne എന്നും. നമുക്ക് വേണ്ടത് ആദ്യത്തെ മെയിൽ ആണ്.
For Orthographic Research Maintence Using Logical Arrangment
ഇതിലെ ആദ്യത്തെ ലെറ്റർ മാത്രം കാപിറ്റൽ ആക്കിയ ശേഷം മറ്റ് ലെറ്റർ ഹൈഡ് ചെയ്തു വായിക്കുക. FORMUL608/13 എന്നു കിട്ടും.സാറിന് മനസിലായോ?"

"യെസ് വേദ.ആ ഫോർമുല എന്താണെന്ന് കണ്ടു പിടിക്കണം. അവ വേദയ്ക്കയക്കാൻ കാരണവും."

"സർ ഞാൻ പറഞ്ഞല്ലോ കേസുകൾ പലതും കണക്റ്റാഡാണ്. 2016 ഓഗസ്റ്റ് 18 ട്രക്ക് ഡ്രൈവർ അവിനാഷിന്റെ കൊലപാതകം, ഭാര്യയുടെ തിരോധാനം, കൃഷ്ണപ്രിയവസുദേവിന്റെ അബോധാവസ്ഥയും തുടർന്നുള്ള തിരോധാനം, അർജ്ജുൻ കേശവന്റെ ബോഡി മിസ്സിംസ്, അഞ്ചും ഏഴും വയസുള്ള ചെറുതുരുത്തിയിലെ കുട്ടികളുടെ തിരോധാനവും പിന്നാലെ മാതാപിതാക്കളുടെ ആത്മാഹത്യയും, തുടർന്ന് സജീവിന്റെ മൃതദേഹവും നഷ്ടപ്പെട്ടിരിക്കുന്നു."

"ഇവയിലെല്ലാം തന്നെ ഡെഡ്ബോഡിയോ ആളോ മിസ്സിങ്ങാണ് അല്ലേ വേദാ?"

"അതെ. "

ഫോൺ റിംഗ് ചെയ്തു.ശിവാനി അന്നു വിളിച്ച നമ്പർ.ഞാനന്ന് തന്നെ അത് സേവ് ചെയ്തിരുന്നു.

"ഹലോ ,"

"വേദ
ശിവഗിരി മഠം
ആയുർവേദ സുഖചികിത്സ കേന്ദ്രം
മുത്തങ്ങ
വയനാട്
എത്രയും വേഗം എത്തുക. കേസിനു ആവശ്യമായവ കിട്ടും."
ഫോൺ കട്ടായി .

തല മുന്നിലെ സീറ്റിൽ ചെന്നിട്ടിച്ചപ്പോൾ കണ്ണിൽ പൊന്നീച്ച പറഞ്ഞു.

"സർ അപകടം"
പ്രശാന്തിന്റെ ശബ്ദം. അതെ കാറിനു കടന്നു പോവാതിരിക്കാൻ വിലങ്ങനെ ഒരു വാഹനം കിടക്കുന്നു.ഹൃദയം പടപടമിടി തുടങ്ങി. അലോഷ്യസ് ശബ്ദിക്കുന്നില്ല

എന്താണ് സംഭവിക്കുന്നതെന്ന് തിരിച്ചറിയും മുന്നേ പ്രശാന്ത് കാർ റിവേഴ്സിൽ എടുത്തു.

"വേദാ സീറ്റ് ബെൽട്ടിടൂ "

പ്രശാന്തിന്റെ നിർദ്ദേശം.തുടർന്നവൻ അതിസമർത്ഥമായി കാർ തിരിച്ചു വന്ന വഴിയെ തിരിച്ചു.
അലോഷി അപ്പോഴും കണ്ണടച്ചിരിക്കുകയായിരുന്നു.

"വേദാ ആ വാഹനം ഡ്രൈവ് ചെയ്യുന്നത് ഒരു സ്ത്രീയാണ്."

പ്രശാന്തിന്റെ ശബ്ദം.
ഞാൻ തിരികെ നോക്കി പിന്നിൽ അപ്പോഴും ആ കാറുണ്ടായിരുന്നു.
സിറ്റിയിലെ തിരക്കിലേക്ക് ഞങ്ങളുടെ കാർ കയറിയതോടെ പിന്നാലെ വന്ന വാഹനം കാണുന്നുണ്ടായില്ല.

"വേദാ മുത്തങ്ങയ്ക്ക് പോകുവല്ലേ?"

പെട്ടന്നുള്ള അലോഷിയുടെ ചോദ്യം എന്നെ ഞെട്ടിച്ചു.

ങ്ങേ ഹ്....?! ങ്ങാഹ"

ഞാൻ മൂളി.

"സർ എനിക്കൊന്ന് വീട്ടിൽ പോവണം എന്നിട്ടാവാം യാത്ര."

അനുമതി കിട്ടി. ഒന്നു കുളിക്കണം.അതായിരുന്നു മനസിൽ, വീടെത്തി കുളിച്ചിറങ്ങി ബാഗിൽ ഒരു ജോഡി ഡ്രസ്സും അത്യാവശ്യ സാധനങ്ങളും ക്യാമറയും എടുത്തു വെച്ചു ഇറങ്ങി.
മുറ്റത്ത് കാറിനു സമീപത്ത് നിന്ന് അലോഷ്യസ് സിഗരറ്റ് വലിക്കുകയായിരുന്നു അപ്പോൾ.

കാറിൽ കയറി ഞങ്ങൾ യാത്ര തുടർന്നു.സാബുവിനെ വിളിച്ച് ഈ ആഴ്ച പ്രോഗ്രാം നടത്താൻ സാധിക്കില്ലെന്നും പകരം മറ്റേതെങ്കിലും പ്രോഗ്രാം ചെയ്യാനും നിർദ്ദേശം കൊടുത്തു.
കോഴിക്കോടിറങ്ങി ഫുഡ് കഴിച്ച് വീണ്ടും യാത്ര തിരിച്ചു.

"വേദ ട്രക്ക് ഡ്രൈവർ അവിനാഷിന്റെ ബോഡി അന്ന് കിട്ടിയില്ലാലോ?"

അലോഷിയുടെ ചോദ്യം.

" ഇല്ല. അത് കൊക്കയിലേക്ക് മറിഞ്ഞ ട്രക്കിനൊപ്പം നഷ്ടപ്പെട്ടു."

" അവന്റെ ഭാര്യാ ?"

അവൾ മിസ്സിംഗാണ്."

"മാനസിക രോഗിയായിരുന്നു ല്ലേ അവർ? "

"അവിനാഷിന്റെ മരണത്തോടെ അവർ ചില പരസ്പര വിരുദ്ധമായ കാര്യങ്ങൾ പറയാറുണ്ടായിരുന്നെന്ന് അയൽവാസികൾ പറഞ്ഞു. "

" പരസ്പര വിരുദ്ധമെന്നു പറഞ്ഞാൽ......?"

" അവരുടെ ഭർത്താവ് അവിനാഷ് മരിച്ചില്ലെന്നും രാത്രികാലങ്ങളിൽ അവിടെ വരാറുണ്ടെന്നും. ദൂരെ ഒരു കമ്പനിയിൽ ജോലി ചെയ്യുകയാണെന്നും മറ്റും "

"വേദയ്ക്കിതിൽ എന്ത് തോന്നുന്നു ഇപ്പോൾ?"

"സാറെന്താ പറഞ്ഞു വരുന്നത്?"

"വേദ അവിനാഷ് മരിച്ചിട്ടില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. അവന്റെ ഭാര്യ പറഞ്ഞത് ശരിയായിരിക്കാം. അവൻ രാത്രി അവളെ കാണാൻ വന്നിട്ടുണ്ടാവാം. അവന്റെ കൂടെയാവാം അവൾ പോയത് "

എന്റെ കണ്ണു തള്ളി.

"വേദയുടെ മാതാപിതാക്കളുടെ ആക്സിഡണ്ടിനു കാരണമായത് ബ്രേക്ക് നഷ്ടമായതിനാൽ അല്ല എതിരെ വന്ന ഒരു ടെംമ്പോവാനിന് സൈഡ് കൊടുക്കാൻ ശ്രമിച്ചപ്പോൾ പോസ്റ്റിൽ ചെന്നിടിച്ചിട്ടാണെന്നാണ് എന്റെ അന്വേഷണത്തിൽ മനസിലായത്. ആ ടെംബോവാൻ തൃശൂർകാരൻ ആന്റോയുടേതാണ്. അയാളത് വാടക ഓട്ടത്തിന് കൊടുത്തിരിക്കയാണ്. ആക്സിഡണ്ട് നടന്ന സമയങ്ങളിൽ ആ ടെംബോവാൻ അവിനാഷിന്റെ കൈവശമായിരുന്നു. "

"ഒരു കരുതിക്കൂട്ടിയുള്ള ആക്രമണമായിരുന്നു ല്ലേ? ആർക്കും സംശയമില്ലാത്ത രീതിയിൽ ....."

"അതെ വേദ അതിൽ അവർ വിജയിച്ചു. പക്ഷേ അവിനാഷിൽ നിന്നും ആ സത്യം പുറത്തു പോവില്ലെന്ന് യഥാർത്ഥ ശത്രു മനസിലാക്കിയതിനാൽ അവൻ മരണപ്പെട്ടില്ല.അവന്റെ ഭാര്യയിൽ നിന്നും അയൽവാസികൾ സത്യമറിയുമെന്ന ഭയത്താൽ അവിനാഷ് അവരെയും മാറ്റി നിർത്തിയതാവാം."

"ഹോ! "

എന്നിൽ നിന്നും ഒരു ആശ്ചര്യ ശബ്ദം പുറത്തുവന്നു.

"പിന്നെ താൻ പറഞ്ഞ കൃഷ്ണപ്രിയാ വസുദേവിന്റെ കേസ് ഫയൽ ഞാൻ നോക്കിയെങ്കിലും ഒന്നും മനസിലായില്ല. മയക്കുമരുന്നിന്റെ അമിത ഉപയോഗം മൂലം മരണപ്പെട്ട അർജ്ജുൻ ഒരിക്കലും

മയക്കുമരുന്ന് ഉപയോഗിക്കുന്നതായി സഹപാഠികളോ വീട്ടുകാരോ ടീച്ചേഴ്സോ പറയുന്നില്ല. അവർക്കെല്ലാം പറയാനുള്ളത് നന്നായി പഠിക്കുന്ന എല്ലാത്തിലും ഊർജ്ജസ്വലനായി മുമ്പിൽ നിൽക്കുന്ന അർജ്ജുൻ എന്ന നല്ല വിദ്യാർത്ഥിയെ പറ്റി മാത്രം.അർജ്ജുന്റെ ഏറ്റവുമടുത്ത കൂട്ടുകാരിയായ സാറ എന്ന പെൺകുട്ടിയുടെ മരണം നടന്നത് അർജ്ജുന്റെ ബോഡി മിസ്സായതിന്റെ മൂന്നാം ദിവസം."

അതെനിക്ക് പുതിയ അറിവായിരുന്നു.

"അർജ്ജുനുമായി സാറ പ്രണയത്തിലായിരുന്നു എന്ന് മാത്രമല്ല അവൾ ഗർഭിണിയുമായിരുന്നു. സാറയുടെ പിതാവാണ് CIനൈനാൻ കോശി. അമ്മ മാർഗരറ്റ് സിറ്റി ഗവന്മേന്റ് ഹോസ്പിറ്റലിലെ അറിയപ്പെടുന്ന ഒരു ഗൈനക്കോളജിസ്റ്റ് കൂടിയാണ്. ആ മരണത്തിനു പിന്നിലെ സത്യം മൂടിവെക്കപ്പെട്ടത് എങ്ങനെയാണെന്ന് മനസിലായല്ലോ."

എന്നേക്കാൾ ഒരു പാട് ദൂരം അലോഷ്യസ് പോയിട്ടുണ്ട്.

" നൈനാൻ കോശിയിൽ നിന്നും നമുക്കൊന്നും കിട്ടാൻ സാധ്യതയില്ലെങ്കിലും മാർഗരറ്റ് നമുക്ക് വേണ്ടി വായ തുറക്കും. തുറന്നേ മതിയാവൂ."

"സർ ഒരു ഏഴ് കിലോമീറ്റർ കൂടി മതി നമുക്കവിടെയെത്താൻ. പക്ഷേ ഈ ഏഴ് കിലോമീറ്റർ അപകടം പതിയിരിക്കുന്നിടമാണ്. "

പ്രശാന്തിന്റെ ശബ്ദം. ഞാൻ പുറത്തേക്ക് നോക്കി. ഇരുട്ടും കോടയും നിറഞ്ഞ വഴി.ഇരുവശവും ഉയർന്നു നിൽക്കുന്ന മരങ്ങൾ.റോഡിൽ എതിരെയൊന്നും ഒരൊറ്റ വാഹനം വരുന്നില്ല. സമയം ഒൻപതിനോടടുക്കുന്നു.

"സർ ഇത് വഴി രാത്രി വാഹനങ്ങൾ വരാറില്ല. നമ്മൾ വഴി തെറ്റിയെന്നു തോന്നുന്നു."

"നീ ഗൂഗിൾ മാപ്പ് നോക്കിയല്ലേ വന്നത്?"

"അതെ. ഇടയ്ക്ക് കവറേജ് ഇല്ലായിരുന്നു. ഇപ്പോൾ നമ്മൾ പോകുന്ന ദിശ ശരിയല്ല. മാത്രമല്ല ഇതിൽ കാണിക്കുന്നത് നമ്മൾ നിൽക്കുന്നതിന്റെ വലത് വശത്താണ് മഠം. കറക്റ്റ് റൂട്ട് കാണിക്കുന്നില്ല. നെറ്റ്വർക്ക് ഡൗണാ "

"നീയെന്തായാലും കുറച്ചു കൂടി മുൻപോട്ട് പോകൂ. നമുക്ക് നോക്കാം."

കാർ നീങ്ങിത്തുടങ്ങി ഞാൻ ഗ്ലാസ് താഴ്ത്തി. കാടിന്റെ ഭീകരത ചെവിയിലേക്ക് തൊട്ടടുത്തെവിടെയോ കാട്ടാനയുടെ ശബ്ദം. കൂടെ തണുപ്പും.

" പ്രശാന്ത് റൈറ്റ്..... "

അലോഷിയുടെ ശബ്ദം. അതെ വലതുവശത്തെ ചെങ്കുത്തായ ഒരു റോഡ് അത് പാറക്കല്ലുകളാൽ പാകിയിരുന്നു. എവിടെയോ വെള്ളച്ചാട്ടത്തിന്റെ ശബ്ദം.ആ റോഡവസാനിച്ചത് ഒരു വെള്ളച്ചാട്ടത്തിനു താഴെയാണ്.

" ഇതേതാ വെള്ളച്ചാട്ടം"

ഞാൻ ചോദിച്ചു. മറുപടി കിട്ടിയില്ല. അതിനും മുന്നേ അലോഷി കാറിൽ നിന്നും ഇറങ്ങിയിരുന്നു.
അവിടെ മറ്റൊരു കാർ ഉണ്ടായിരുന്നു.
അലോഷ്യസ് ആ കാറിൽ ആരുമില്ലെന്ന് ഉറപ്പു വരുത്തിയ ശേഷം

"വേദ ഇറങ്ങ്. പ്രശാന്ത് കാറ് കുറച്ചു മാറി ആരുടേയും ശ്രദ്ധയിൽ പെടാതെ ആ കാടിനുള്ളിലേക്ക് കാർ പാർക്ക് ചെയ്തിട്ടു വാ."

ഞാൻ ഇറങ്ങി.കാർ ഒളിപ്പിച്ച ശേഷം പ്രശാന്തും എത്തി.

"രണ്ടുപേരുടേയും ഫോൺ ഓഫ് ചെയ്തു വെക്കണം. ശത്രു പാളയത്തിലേക്ക് കടക്കുകയാണ് നമ്മൾ."

പക്ഷേ ശത്രു പാളയം മാത്രം ഞാൻ കണ്ടില്ല. നദിക്കക്കരെ കാടുപിടിച്ച ഇരുട്ട് മാത്രം. പല തരം കാട്ടു പക്ഷികളുടെ ശബ്ദത്തിൽ ഞാൻ ഭയന്നിരിക്കയായിരുന്നു.

" ഈ കാറാണ് നമ്മുടെ തൊട്ടുപിന്നാലെ ഉണ്ടായിരുന്നത്. ഒരു സ്ത്രീ ഡ്രൈവ് ചെയ്തെന്നു പ്രശാന്ത് പറഞ്ഞത്. "

അലോഷ്യസ് നദിക്കരികിലെ വെളുത്ത കാർ ചൂണ്ടി പതിയെ പറഞ്ഞു.
പെടുന്നെനെ നദിക്കക്കരെ ഒരു കുഞ്ഞു വെളിച്ചം ഒരു സിഗരറ്റ് കുറ്റിയുടെ അത്രയും മാത്രം .പിന്നെയതണഞ്ഞു.

" ഏതെങ്കിലും വൃക്ഷ മറവിൽ ഒളിക്കൂ"

അലോഷ്യസ് പറഞ്ഞത് ഞങ്ങൾ അനുസരിച്ചു. കുറച്ചു നേരത്തിനു ശേഷം ആ വെളിച്ചം നദിക്കു നടുക്കായി കാണപ്പെട്ടു.അപകടം അടുത്തു വരുന്നു. ആ വെളിച്ചം വലുതായിക്കൊണ്ടിരിക്കയാണന്ന് ഞാൻ തിരിച്ചറിഞ്ഞു. തൊട്ടടുത്തു നിൽക്കുന്ന അലോഷ്യസിന്റെ കൈയിൽ ഉള്ളത് ഒരു ചെറിയ പിസ്റ്റളാണെന്ന് തിരിച്ചറിഞ്ഞതും ജീവൻ പോലും അപകടത്തിലാണെന്ന് ബോധ്യമായി.ആ വെളിച്ചവും ഞാനും തമ്മിലുള്ള ദൂരം കുറഞ്ഞു കുറഞ്ഞു വന്നു.

അതൊരു കൊട്ട വഞ്ചിയായിരുന്നു.ചെറിയ നിലാവിൽ ഞാൻ കണ്ടു. അതിനകത്ത് രണ്ട് പേരുണ്ടായിരുന്നു. അതിലൊന്ന് വേഷവിധാനങ്ങൾ കൊണ്ട് സ്ത്രീയാണെന്നു തോന്നി. വഞ്ചി കരയ്ക്കടുത്തു. അതിൽ നിന്നുമവർ ഇറങ്ങി കാർ ലക്ഷ്യം വെച്ച് നടന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവർ കയറിയ കാർ അകന്നു പോയ ശേഷം ഞങ്ങൾ വഞ്ചിയിൽ കയറി മറുകരയിലേക്ക് യാത്രയായി.

"അവരെ എന്തുകൊണ്ട് പിടിച്ചില്ല?"

എന്ന എന്റെ ചോദ്യത്തിന്

"അവരെ പിടിക്കുകയല്ല നമ്മുടെ ഇപ്പോഴത്തെ ലക്ഷ്യം. അവിടെ ഈ നദിക്കക്കരെയെന്തെന്നറിയണം."

ഞാൻ പിന്നെ സംസാരിക്കാൻ നിന്നില്ല.വഞ്ചി കരയ്ക്കടുത്തു.ചെറിയൊരു നടപ്പാത പിന്നിട്ടു കുറേക്കൂടി മുന്നോട്ട് പോയപ്പോൾ നിലാവിൽ ഒരു തൂക്കുപാലം കണ്ടു.കാടിന്റെ ഭീകരത മാറി വന്നു.
ദൂരെ കുഞ്ഞുകുഞ്ഞു വെളിച്ചങ്ങൾ തെളിഞ്ഞു. ഞങ്ങൾ ചെന്നെത്തിയത് പഴയ ഒരു കെട്ടിടത്തിലാണ്. ആ കാടിനുള്ളിൽ എങ്ങനെ വൈദ്യുത വെളിച്ചം എത്തിയെന്ന് അത്ഭുതപ്പെടവെ ഞങ്ങൾക്ക് തൊട്ടു സൈഡിൽ ഒരണപ്പ് കേട്ട് ഞങ്ങൾ തിരിഞ്ഞു നോക്കി.
കറുത്ത ഒരു വലിയ പട്ടി ഏത് നിമിഷവും ചാടി വീഴാൻ തയ്യാറായി നിന്നിരുന്നു. മരണമുറപ്പിച്ച നിമിഷങ്ങൾ,
അലോഷിയുടെ ഒരു തലോടലിൽ അവൻ ഒരു പൂച്ചയെ പോലെ കാണപ്പെട്ടു.
അകത്തെ മുറിയിലെവിടെയോ എന്തോ മെഷീന്റെ ചെറിയ മുരളൽ. അടഞ്ഞുകിടക്കുന്ന പഴയ മരവാതിലുകൾ, എവിടെയോ ഒരു കാൽപെരുമാറ്റം. സൈഡിലെ വാതിൽ തുറന്ന് ഒരു തടിയൻ ഇറങ്ങി

വന്നു.പഴയത് പോലെ കയറി പോയി. ഇരുളിന്റെ മറ പറ്റി ഞങ്ങൾ തുറന്നു കിടക്കുന്ന ഒരു വാതിൽ വഴിയകത്തു കടന്നു. ചില മുറികളിൽ ഓരോ ആളെ കാണാം ചിലതിൽ ആരുമില്ല.
'പ്രവേശനമില്ല'
എന്ന് ഇംഗ്ലീഷിലും മലയാളത്തിലും കന്നഡയിലും എഴുതിയതിനു അപ്പുറം താഴേക്കിറങ്ങാനുള്ള പടവുകൾ അവിടെങ്ങും വെളിച്ചം കുറവായിരുന്നു. മെഷീനിൽ നിന്നുള്ള ശബ്ദം കൂടികൂടി വന്നു.ചെറിയ മഞ്ഞ വെളിച്ചം വിതറുന്ന ഒരു മുറിയിലാണെത്തിയത്.പുറം തിരിഞ്ഞു നിന്നൊരാൾ അകത്തെന്തോ ചെയ്യുന്നു.
കാഴ്ചയിൽ അതൊരു പരീക്ഷണശാല പോലെ തോന്നി.അരയാൾ പൊക്കത്തിലെ ടേബിളും ടേബിളിൽ നിറത്തിവെച്ച അളവു പാത്രങ്ങളും കോണിക്കൽ ജാറുകളും പോരാതെ ആയുർവ്വേദ മരുന്നുകളുടെ രൂക്ഷഗന്ധവും.

മെഷിനിൽ നിന്നുള്ള ശബ്ദം നിലച്ചു.ആരോ നടന്നു വരുന്ന ശബ്ദം.
അതൊരു പെൺകുട്ടിയായിരുന്നു.കൂടിയാൽ ഇരുപത്തഞ്ച് വയസു തോന്നിക്കുന്ന പ്രകൃതം.ഇട്ടിരിക്കുന്ന ചുവന്ന ചുരിദാറിനു മീതെ ഇളം പച്ച നിറത്തിലുള്ള ഒരു കോട്ടണിഞ്ഞിട്ടുണ്ട്. മുടി പൊക്കി വട്ടം കെട്ടിയിരിക്കുന്നു. നെറ്റിയിൽ ഒരു വലിയ ചുവന്ന വട്ടപ്പൊട്ട്, കൈകളിൽ നേർത്ത ഓരോ വള. മങ്ങിയ വെളിച്ചത്തിലും ഞാനവ വ്യക്തമായി കണ്ടു.

" കഴിഞ്ഞില്ലേ റോഷൻ?"

ശബ്ദം കേട്ടവൻ തിരിഞ്ഞു നോക്കി. പരിചിത മുഖം പക്ഷേ തിരിച്ചറിഞ്ഞില്ല.

"ഒരു പത്ത് മിനിട്ട് കൂടി നീ പോയ്ക്കോ ഞാൻ വരാം"

പക്ഷേ അവൾ പോവാൻ കൂട്ടാക്കിയില്ല.

"13 ലെ പേഷ്യന്റ് അത്ര ശരിയല്ല റോഷൻ. എന്നെയവിടുന്നു മാറ്റാൻ മേഡത്തോട് പറയാമോ?"

"അയ്യോ ചതിക്കല്ലെ പൊന്നേ... അത് മേഡത്തിന് വേണ്ടപ്പെട്ട ആളാണ് "

" എന്നു വച്ച് അയാളുടെ ഇംഗിതത്തിന് ഞാൻ നിന്ന് കൊടുക്കണമെന്നാണോ?"

അവൾ കെറുവിക്കുന്നു.

"എന്റെ പൊന്നോ അതല്ല. അവരെ മുഷിപ്പിക്കരുത്. രണ്ടും കൽപിച്ചല്ലേ ഇതിനിറങ്ങിപ്പോന്നത്. മാസാമാസം പുറത്തെ ഹോസ്പിറ്റലുകളിലേക്കാൾ നാലിരട്ടിയല്ലേ ഇവിടുന്നു തരുന്നത്. സഹിച്ചേ പറ്റൂ."

തുടർന്ന് റോഷന്റെ കൈക്കുള്ളിലായി ആ പെൺകുട്ടി. അനുസരണയുള്ള ഒരു പൂച്ചക്കുഞ്ഞെന്ന പോലെ അവളവിടെ. ചേർന്നു നിന്നു.

"റോഷൻ ഇതെന്താണ് ഈ മുറിയിൽ ചെയ്യുന്നത്?പലപ്പോഴായി ചോദിക്കണമെന്നു കരുതിയതാണ്."

അവളെ ദേഹത്തു നിന്നും അടർത്തിമാറ്റി അവൻ പറഞ്ഞു.

"ഇവിടെ ഒരു മെഡിസിൻ ഉണ്ടാക്കുവാ.കുഞ്ഞു കുട്ടികൾ അത്രയറിഞ്ഞാൽ മതി."

അവന്റെ മുഖമപ്പോൾ വലിഞ്ഞു മുറുകിയിരുന്നു.

" മേഡം ഇനിയെപ്പോ വരും? "

പെൺകുട്ടി.

"നാളെ വൈകീട്ട്.ഞാൻ വരാം നീ പോയ്ക്കോ. പിന്നെ പോകുമ്പോൾ ഏഴിലെ സായിപ്പിന് ഉറങ്ങാനുള്ള മരുന്ന് കൊടുത്തേക്ക്."

" അയാളുടെ ഉഴിച്ചിൽ കഴിഞ്ഞതല്ലേ പിന്നെന്താ പോവാത്തത്?"

"രേഷ്മാ നീയെന്താ പതിവില്ലാത്ത കുറേ ചോദ്യങ്ങളുമായി ..... അയാൾ പോവാത്തതോ നിൽക്കുന്നതോ നിന്റെ വിഷയമല്ല അനാവശ്യ കാര്യങ്ങളിലേക്ക് നീ തല കൊടുക്കണ്ട."

അവൾ തല കുനിച്ച് ഇറങ്ങിപ്പോയി.. രേഷ്മ പോയ വഴിയിലേക്ക് നോക്കി റോഷൻ കുറേ നേരം ചിന്തിച്ചിരുന്നു.മുഖത്തെ മാംസപേശികൾ വലിഞ്ഞു മുറുകി.
പിന്നെ സൈഡിൽ വെച്ച ലാന്റ്ഫോണെടുത്ത് ആരെയോ വിളിച്ചു.

"ഹലോ "
........
" നമ്പർ 4ന് ചില സംശയങ്ങളുള്ളതുപോലെ."
.......
" ഒന്നു രണ്ട് ചോദ്യങ്ങൾ ചോദിച്ചു എന്നോട്. ചോദ്യമത്ര കഴമ്പില്ലെങ്കിലും നമ്മളത് ഗൗരവമായി എടുക്കണം."
..........
"ഇല്ല. ഞാൻ പറഞ്ഞു വിട്ടിട്ടുണ്ട്. നാളെ എന്തായാലും അവർ വന്നു പോവട്ടെ തീരുമാനമാക്കാം"
..........
"ഒകെ."
.......
"കഴിഞ്ഞു. ഞാൻ ഭക്ഷണം കഴിക്കാൻ പോവുകയാണ്"
........
" good nt "

തുടർന്നവൻ മുറി പൂട്ടി താക്കോൽ പാൻസിന്റെ പോക്കറ്റിലേക്കിട്ട് ഇറങ്ങി നടന്നു.
അവനെ പിൻതുടരാൻ ശ്രമിച്ച എന്നെ അലോഷി തടഞ്ഞു.

" ഇതിനകത്ത് എന്താണെന്ന് അറിയണം. നമ്മൾ ഭയക്കുന്ന ആ മെഡിസിൻ ഉത്പാദിപ്പിക്കുന്നത് ഇവിടെ നിന്നാണെങ്കിൽ..... "

" അകത്തെങ്ങനെ കടക്കും?"

അലോഷി പോക്കറ്റിൽ നിന്നും ചെറിയ ഒരു കമ്പിയെടുത്ത് വളച്ച്. കുറച്ചു നേരത്തെ പരിശ്രമത്തിനൊടുവിൽ ലോക്ക് മാറി.അലോഷിയും പിന്നാലെ പ്രശാന്തും അകത്ത് കടന്നു. മുറിയിലേക്ക് കടക്കാനാഞ്ഞ എന്റെ ഷോൾഡറിൽ ഒരു കൈ പതിഞ്ഞു. ശത്രുവിന്റെകൈ. അവയെന്നെ പിന്നിലേക്ക് വലിച്ചിട്ടതിനു ശേഷം ഒരു കൈയാൽ എന്റെ വായ പൊത്തി

"ശബ്ദിക്കരുത്. ശത്രുവല്ല മിത്രമാണ് "

എന്റെ ചെവിക്കരികിൽ ഒരു സ്ത്രീ സ്വരം. എന്നെ മുറുക്കി പിടിച്ച കൈ അയഞ്ഞു.

രേഷ്മ!

തൊട്ടു മുന്നേ റോഷനോട് സംസാരിച്ചിരുന്നവൾ.
എന്റെ കൈകളിൽ അവൾ മുറുകെ പിടിച്ചു മുന്നോട്ട് നടന്നു.

"വേദമേഡം വരൂ "

എന്റെ പേരിവൾക്കെങ്ങനെയറിയും? ഇവളെങ്ങോട്ടാണ് കൊണ്ടുപോവുന്നത്.
ഞാൻ പിന്തിരിഞ്ഞ് അലോഷി കയറി പോയ മുറിയിലേക്ക് നോക്കി.

"പേടിക്കേണ്ട. റോഷൻ ഇനി രാവിലെയെ വരൂ."

എന്നിട്ടും എന്നിലെ ഭയം മാറിയിരുന്നില്ല. ഒരു ചെറിയ മുറിയിൽ അവൾ എന്നെയും കൊണ്ടെത്തി.സിംഗിൾ ബെഡ് ഒരു ചെറിയ മേശ ചുവരിലെ ഒരാൾ പൊക്കമുള്ള ഷെൽഫ് കൂടാതെ ചെറിയ ഒരു ടേബിൾഫാനും അറ്റാച്ച്ഡ് ബാത്‌റൂം.

"നിങ്ങൾ അകത്ത് കടന്നത് ഞാൻ കണ്ടിരുന്നു. അതിനാലാണ് പിന്നാലെ വന്നത്. രക്ഷകരാണോ ശിക്ഷകരാണോ എന്നറിയില്ലായിരുന്നു. മേഡത്തെ കണ്ടപ്പോൾ പാതി ജീവൻ തിരിച്ചു വന്നു.വ്യാഴാഴ്ച പ്രോഗ്രാം സ്ഥിരമായി കാണാറുണ്ടായിരുന്നു ഞാൻ "

അങ്ങനെയാണിവൾ എന്നെ തിരിച്ചറിഞ്ഞത്.

"എനിക്കിവിടുന്നു രക്ഷപ്പെടണം ഒരു വലിയ ചതിയിലാണ് ഞാൻ. ഇവിടെ നിയമത്തിനെതിരായി എന്തൊക്കെയോ നടക്കുന്നുണ്ട്. നിങ്ങൾ പുറത്തുള്ളതറിഞ്ഞിട്ടാണ് ഞാൻ റോഷനോട് അങ്ങനെ സംസാരിച്ചത്."

എനിക്ക് ചെറുതായി ധൈര്യം വന്നു തുടങ്ങി.

" അതിനുള്ളിൽ എന്താണ് നടക്കുന്നത്?"

ഞാനവൾക്ക് അഭിമുഖമായി നിന്നു.

"വ്യക്തമായി അറിയില്ല. എന്റെ സംശയമെന്തെന്നാൽ അവ മനുഷ്യന് ദോഷമായ മയക്കുമരുന്നാണെന്നാണ്.?"

"ആരാണിതിന്റെ ഹെഡ്?"

"TBസാർ. പക്ഷേ അതാരാണെന്ന് ഞാനിന്നു വരെ കണ്ടിട്ടില്ല. ഞാൻ കാണുന്നത് തുളസി മേഡത്തെയാണ്"

തുളസി !
സജീവിന്റെ ഭാര്യ!

" ഇവിടെ എന്താണ് നടക്കുന്നത്.? രേഷ്മ പറയാമോ?"

" പറയാം എന്നെപ്പോലെ വേറെ അഞ്ചു പെൺകുട്ടികൾ കൂടെ ഇവിടുണ്ട്.ഗതികേട് കൊണ്ട് വന്ന് പെട്ടു പോയവർ."

" രേഷ്മ ഇവിടെ എങ്ങനെയെത്തി?"

" അഞ്ച് മാസം മാസം മുന്നേ ആയുർവേദ നഴ്സിംഗ് പൂർത്തിയാക്കിയിരിക്കുമ്പോഴാണ് പത്രത്തിൽ ഒരു പരസ്യം കണ്ടത്. അതിൽ കണ്ട നമ്പറിൽ വിളിച്ചു ഇന്റർവ്യൂ നടത്തി.രണ്ട് വർഷം കൂടുമ്പോൾ 15 ദിവസത്തെ ലീവ് എന്നുള്ള കരാറിൽ ഒപ്പുവെച്ചത് വീട്ടിലെ കഷ്ടപ്പാട് ഒന്നുകൊണ്ട് മാത്രമാണ്. "

" എവിടെ വെച്ചായിരുന്നു ഇന്റർവ്യൂ .? ആരാണ് ഇന്റർവ്യൂ നടത്തിയത്?"

"കോട്ടയം മേരിമാതാ ആയുർവേദ ഫാർമസിയിൽ വെച്ച്.ഒരു തോമസ് ഐസക് സാറും, റോഷനും, ഡോക്ടർ സിറിയക്സാറും."
തോമസും, റോഷനും ok ഇനി സിറിയക്?

"ഇവിടെ എത്രരോഗികളുണ്ട്. "

" ഇപ്പോൾ പതിനേഴ് പേരുണ്ട് അതിൽ പതിനൊന്ന് വിദേശികളാണ്. മൂന്ന് സ്ത്രീകളും പതിനാലു പുരുഷന്മാരും. അഞ്ച് നഴ്സുമാരും പിന്നെ റോഷൻ ഡോക്ടറും, തൊമ്മിയും "

"തൊമ്മി ?"

" കാവൽക്കാരൻ തമിഴൻ "

കയറി വരുമ്പോൾ കണ്ട തടിയനാവാം.
ഇവിടെയുള്ള എല്ലാ പെൺകുട്ടികളും രോഗികളുടെ ഇഷ്ടത്തിനു നിൽക്കണം.. റോഷന് എന്നിൽ ഒരു താൽപര്യമുള്ളതിനാൽ ഞാനവനു വേണ്ടി മാത്രമേ തുണിയൂരേണ്ടി വന്നുള്ളൂ. പ്രണയം നടിച്ച് അവനെല്ലാം നേടി. അവന്റെ യഥാർത്ഥ മുഖം ഞാൻ തിരിച്ചറിഞ്ഞിട്ട് മൂന്ന് ദിവസമായതേയുള്ളൂ. ജീവിക്കാൻ കൊതിയുള്ളതിനാൽ എതിർക്കാൻ ധൈര്യമില്ല."

"ഇവിടെ വേറെ ആരെങ്കിലും വരാറുണ്ടോ? തുളസിയുടെ ഫാമിലി?"

" അതിനവർ വിവാഹിതയാണോ എന്നു പോലും അറിയില്ല. പക്ഷേ ഒരിക്കൽ കൈയിൽ Sajeev എന്ന് പച്ചകുത്തിയത് ഞാൻ കണ്ടിട്ടുണ്ട്. "

"ഇവിടുത്തെ ചികിത്സാ രീതികൾ എങ്ങനെയാണ്? ഫുഡ് അടക്കം പറയണം."

" ആദ്യമായി വരുന്ന രോഗിക്ക് ചികിത്സ തുടങ്ങുന്നതിന്റെ തലേ ദിവസം വൈകീട്ട് ഭക്ഷണം കൊടുക്കുന്നു.അതു കഴിഞ്ഞ് 12 മണിക്കൂറിനു ശേഷം ഒരു ഗ്ലാസ് തുളസിയിലയിട്ട വെള്ളത്തിൽ ഒരു തുള്ളി ഔഷധ മരുന്ന് ഇറ്റിച്ച് നൽകും അതു കഴിഞ്ഞ് ഒരു മണിക്കൂറിനു ശേഷം മാങ്ങയുടേയോ ഓറഞ്ചിന്റേയോ പപ്പായയുടേയോ ഓരോ ഗ്ലാസ് ജ്യൂസ്. ഉച്ചയ്ക്ക് ഒരു കപ്പ് ചോറ് സാലഡ് മാത്രം. രാത്രി കട്ട് ചെയ്ത വെജിറ്റബിൾസും ഫ്രൂട്ട്സും.ഇത് മൂന്ന് ദിവസം ആവർത്തിക്കും. മൂന്നാം ദിവസം രാത്രി ശരീരം തളർത്താൻ ഒരു ഇൻജക്ഷൻ. നാലാം ദിവസം മുതൽ ഉഴിച്ചിൽ തുടങ്ങും, ഫുഡ് പഴയതുപോലെ.പിന്നെ കിഴി,നസ്യം, യോഗ ഇവയെല്ലാം. "

"എത്രയാണ് ചികിത്സയുടെ സമയപരിധിയും കാശും."

"കാശിനെ പറ്റി വ്യക്തത ഇല്ല. കാലാവധി ഒരു മാസം മുതൽ മൂന്ന് മാസം വരെ "

"ഇവിടെ വന്നവർക്ക് വീടുമായി ബന്ധം?"

" ഇല്ല മേഡം.ഇവിടെ ഒരു നെറ്റ് വർക്കും കിട്ടില്ല. ആകെയുള്ളത് ആ മുറിയിലുള്ള ലാന്റ് ഫോൺ മാത്രം. അതിന്റെ കീ എപ്പോഴും റോഷന്റെ കൈയിലാണ്."

പുറത്ത് വാതിലിൽ മുട്ട് കേട്ട്

"രേഷ്മാ വാതിൽ തുറക്ക് "

റോഷന്റെ ശബ്ദവും. ഞാൻ ഒളിക്കാനായി ആ ചെറിയ മുറിയിൽ പരതി. രേഷ്മയുടെ കണ്ണുകളിൽ ഭയം കുടിയേറി.

വാതിലിലെ മുട്ട് കൂടി കൂടി വന്നു.
രേഷ്മ ചുവരിലെ ഷെൽഫ് ചൂണ്ടി അവിടേക്ക് കയറി നിൽക്കാൻ ആഗ്യം കാണിച്ചു. ഞാൻ എന്റെ സ്പെക്സ് ഊരി ടേബിളിന്റെ മീതെ വെച്ചതിനു ശേഷം അവൾ കാണിച്ചു തന്ന അലമാരയ്ക്കുള്ളിലേക്ക് കയറി. ഞാൻ ഡോറടച്ചതിനു ശേഷമേ അവൾ വാതിൽ തുറന്നുള്ളൂ. അകത്തെന്തു സംഭവിക്കുന്നുവെന്ന് കാണാൻ കഴിയുന്നില്ല കൂറ്റാകൂറ്റിരുട്ട്.
ഡോർ തുറക്കുന്ന ശബ്ദം.

" വാതിൽ തുറക്കാനെന്താ വൈകിയത്?"

റോഷന്റെ ശബ്ദം.

" അത്.... ഞാൻ ടോയ്‌ലറ്റിലാരുന്നു."

" നിന്റെ സാലറി ഇട്ടിട്ടുണ്ട്. പിന്നെ ഞാൻ മേഡത്തോട് നമ്മുടെ കാര്യം സംസാരിച്ചു കഴിഞ്ഞു.നിന്റെയും എന്റെയും വീട്ടിൽ മേഡം തന്നെ സംസാരിക്കാമെന്നും പറഞ്ഞിട്ടുണ്ട്.
"
അതിന് രേഷ്മയുടെ മറുപടിഇല്ല.

" രേഷ്മാ നിനക്കെന്താ ഒരു സന്തോഷമില്ലാത്തത്?"

"തലവേദനിക്കുന്നു റോഷൻ "

" നീ പോയി കുളിച്ചിട്ടു വാ ഞാൻ വെയ്റ്റ് ചെയ്യാം "

"ഇന്നു വയ്യ. എന്തായാലും കല്യാണക്കാര്യത്തിൽ ഒരു തീരുമാനമായല്ലോ? നാട്ടുകാരറിഞ്ഞു കെട്ടുമോ അതോ ഇതിനകത്തു വെച്ചോ? "

അവളുടെ ശബ്ദത്തിൽ പരിഹാസം നിറഞ്ഞിരുന്നു.

" രേഷ്മാ നീയെന്താ പറയുന്നത്?"

"റോഷൻ ഒരു കൂട്ട വിവാഹം നടത്തേണ്ടി വരുമല്ലോ?! എന്നെ മാത്രമല്ല അമലയേയും ടീനയേയും കൂടി വിവാഹം ചെയ്യുമോ?"

അവളുടെ ശബ്ദം ഉയർന്നു.

"ഓഹോ അപ്പോ അതാണ് കാര്യം..... ചെയ്തേക്കാം അതിനെന്താ?. അവളുമാർ കാര്യം പറഞ്ഞു അല്ലേ? നിങ്ങളുടെ മരണം വരെ ഈ മഠം വിട്ട് പോവാൻ കഴിയാത്ത സ്ഥിതിക്ക് മൂന്നു പേരേയും ഞാൻ തന്നെ വിവാഹം ചെയ്യുന്നതല്ലേ നല്ലത്"

അവന്റെ സ്വരം മാറിയിരുന്നു.

"പെണ്ണിന്റെ ബലഹീനത പ്രണയമാണെന്ന് തിരിച്ചറിഞ്ഞ് മുതലെടുക്കാൻ നാണമില്ലെ നിനക്ക്?"

മറുപടിക്കു പകരം ഒരു അടിയുടെ ശബ്ദം കേട്ടു.

"അതെടി എനിക്ക് നാണമിത്തിരി കുറവാണ്.അഹങ്കരിച്ചാൽ കൊന്നുകളയും. നിന്നെ മാത്രമല്ല എല്ലാറ്റിനേയും"

"കൊല്ലെടാ ഇതിലും ഭേതം അതാണ്. ചാവുന്നതിനു മുമ്പേ നീയാരാണെന്ന് ഞാൻ ലോകത്തെയറിയിക്കും. നീയിവിടെ നടത്തുന്ന പരീക്ഷണങ്ങളെ പറ്റിയും "

വീണ്ടും ഒരടി ശബ്ദവും അവൾ മറിഞ്ഞു വീണത് അലമാരയുടെ സൈഡിലേക്കായതിനാൽ ഞാൻ ഭയന്നു പോയി. എന്റെ ശക്തമായ ചുവരു പറ്റൽ കാരണമാകാം അലമാരയുടെ മറു ഭാഗം ഒരു ഡോറു പോലെ പതിയെ തുറന്നു.
കട്ടപിടിച്ച ഇരുട്ടിനോടു പെരുതി ഞാൻ സ്വയം കാഴ്ചയേകിയപ്പോൾ അത് ഓട്ടുരുളിയും പഴയ സാധനങ്ങളും കൂട്ടിയിട്ട മുറിയാണെന്നു ബോധ്യമായി. പാതി തുറന്നു ചാരിയിട്ട വാതിലുകൾ എനിക്കാശ്വാസമായി.

"നിന്നെക്കൊണ്ട് ഒരു ചുക്കും കഴിയില്ലെടീ. നീയീ മുറിവിട്ടിനി പുറത്തിറങ്ങിയാലല്ലേ എന്തും നടക്കൂ.അതിനി ഉണ്ടാവില്ല. നീയിവിടെ കിടന്നു കൂവിയാലും ഒരാളും വരില്ല.എന്നും രാത്രി നീ തന്നെയാ 8 മണിക്കൂർ ബോധംകെട്ടുറങ്ങാനുള്ള മരുന്ന് രോഗികൾക്ക് കൊടുക്കുന്നത്.ഈ വീട് ഇടിഞ്ഞു പൊളിഞ്ഞാലും 8 മണിക്കൂർ കഴിയാതെ അവർ അറിയില്ല."

റോഷന്റെ ശബ്ദം കേൾക്കാം.

" രേഷ്മാ ഇനി നീ അറിയാതിരിക്കണ്ട ഞാനെന്താണിവിടെ ചെയ്യുന്നതെന്ന്."

ഞാൻ ചെവി ചുവരിനോട് ചേർത്തുവെച്ചു

"ഏറ്റവും മാരകമായ ഹെറോയിനിൽ നിന്നും മനുഷ്യനെ ഭ്രാന്തനാക്കാൻ കഴിവുള്ള ഒരു മരുന്ന് വികസിപ്പിച്ചെടുക്കുകയാണ് ചെയ്തത്.ഒന്നര രണ്ട് മാസത്തെ തുടർച്ചയായ ഉപയോഗം മൂലം ഒരിക്കലും പഴയ അവസ്ഥയിലേക്ക് തിരിച്ചുവരാൻ കഴിയില്ല ആർക്കും. എന്റെ പ്രവർത്തനങ്ങളിൽ എതിരെ നിന്നവരെ എല്ലാം ഞാൻ തട്ടി മാറ്റിയിട്ടേയുള്ളൂ. ഇവിടുള്ള ഓരോ രോഗിയും എന്റെ പരീക്ഷണമൃഗങ്ങളാവാൻ പോവുകയാണ്.ഈ നീയടക്കം.ഹഹഹഹ"
അവൻ ഉറക്കെയുറക്കെച്ചിരിച്ചു.

" ഇത് കൊണ്ട് നിന്റെ നാശമാണ് വരാൻ പോകുന്നത് അത് നീ ഓർത്തോ "

"നാശമല്ലെടീ നേട്ടം. ലോകം കണ്ട സമ്പന്നന്മാരിലേക്ക് ഈ ബിസിനസ് വഴി ഞാൻ ഉയരും. കൂടെ നിന്നാൽ നിനക്കായിരുന്നു നേട്ടം. എതിർത്തതിന്റെ പേരിൽ ഞാൻ ആദ്യം തീർത്തത് എന്റെ പിതാവിനെ തന്നെയാണ്."

" ഇതു പോലെയുള്ള നേട്ടം എനിക്ക് വേണ്ട. നീയൊക്കെ മനുഷ്യ ജന്മം തന്നെയോ? ത്ഫൂ...."

ഞാൻ പതിയെ ഡോർ ലക്ഷ്യമാക്കി നടന്നു.പുറത്തു കടന്നു ഇരുവശത്തും കുഞ്ഞുകുഞ്ഞു മുറികൾ. അവയിൽ ഉള്ളവരെല്ലാം നല്ല മയക്കത്തിൽ.എങ്ങും എണ്ണയുടെയും പച്ചമരുന്നുകളുടേയും ഗന്ധം. വഴി

കണ്ടെത്താൻ ഞാൻ പാടുപെട്ടു.കഴിഞ്ഞു പോയ മുറികൾക്കു മുമ്പിലൂടെ തന്നെ ഞാൻ വീണ്ടും വീണ്ടുമെത്തിയതെന്ന് അത്ഭുതത്തോടെ ഞാൻ മനസിലാക്കിയിരുന്നു.
ഭയം മനസിനെ ഗ്രസിച്ചു തുടങ്ങി. രേഷ്മയെ രക്ഷപ്പെടുത്തണമെങ്കിൽ അലോഷിക്കൊപ്പമെത്തണം. അവിടെത്താൻ കഴിഞ്ഞില്ലെങ്കിൽ എന്റെ മരണവും നടക്കും.
ഇടത്തോട്ടുള്ള വഴി ഇറങ്ങിയപ്പോൾ അത് കുറേയേറെ താഴേക്ക് പോയി. അവിടെ മൊത്തം വല്ലാത്ത വെളിച്ചമായിരുന്നു. സൈഡിലെ വലിയ ബൾബിൽ നിന്നും വിന്യസിച്ച വെളിച്ചത്തിൽ അതൊരു തുരങ്കമാണെന്നു തോന്നി. കെട്ടിക്കിടക്കുന്ന ചളിയുടേയും അഴുകിയ മാംസത്തിന്റേതും ഇടകലർന്ന ഗന്ധം.എനിക്കു മനംപിരട്ടി. പെട്ടന്നെനെ വെളിച്ചം അണഞ്ഞു. ഞാൻ ഇരുട്ടിൽ കുറച്ചു കൂടി മുന്നോട്ട് പോയി.തൊട്ടു മുന്നിൽ കമ്പികുട്ടൻ.നെറ്റ്ആ വഴി അവസാനിച്ചതായി തോന്നി എന്റെ നീട്ടിപ്പിടിച്ച കൈകൾ ചുവരിൽ തട്ടി നിന്നു.. തണുപ്പ് കൂടിക്കൂടി വന്നു. കൈകൾ കൂട്ടിത്തിരുമ്മി ഞാൻ നടന്നു. ആരോ നടന്നു വരുന്ന ശബ്ദം പോലെ ഇരുട്ടിൽ ഒന്നും വ്യക്തമാവുന്നില്ല എവിടെയോ ഒരു പെണ്ണിന്റെ കരച്ചിൽ. അത് രേഷ്മയാവുമോ?ഞാൻ പിൻതിരിഞ്ഞപ്പോൾ എനിക്കു പിന്നിൽ ആരോ ഉള്ളതുപോലെ. കൈയെത്തിച്ചു ഞാൻ നോക്കിയപ്പോൾ ഇളം ചൂടുള്ള ഒരു പതുപതുപ്പ്. അത് ഷർട്ടിടത്ത ഒരു പുരുഷനാണെന്നു തിരിച്ചറിയും മുന്നേ ഞാനയാളുടെ കൈക്കുള്ളിൽ ഞെരിഞ്ഞമർന്നു. വായും മൂക്കും ഒരുമിച്ചു പൊത്തിയതിനാൽ എതിർക്കാനുള്ള ശക്തി കുറഞ്ഞു. പിടുത്തം വിട്ടു. ഞാൻ തറയിലേക്ക് വീണു. തല എന്തിലോ ശക്തിയായി ചെന്നിടിച്ചു. കണ്ണിനു മുന്നിൽ സ്വർണ നക്ഷത്രങ്ങൾ മിന്നി മാഞ്ഞു. അയാളുടെ ദേഹം എന്റെ ദേഹത്തേയ്ക്കമരാനുള്ള ശ്രമമാണെന്നു തിരിച്ചറിഞ്ഞു. വൃത്തികെട്ട മണമുള്ള അയാളുടെ വായ എന്റെ ചുണ്ടു ലക്ഷ്യം വെച്ചു താണു.

ഞാൻ മുഖം തിരിച്ചു.ഇരുളിലെവിടെയോ ഒരു പെണ്ണിന്റെ കരച്ചിൽ വീണ്ടും. അയാളുടെ ശ്രദ്ധ മാറി. വലതുകൈയിലെന്തോ തടഞ്ഞു.കല്ലിനു സമാനമായ മറ്റെന്തോ. ഒന്നും നോക്കിയില്ല ഒരൊറ്റയടി അത് വെച്ച് ആ തടിയന്റെ തല ലക്ഷ്യം വെച്ച്.അത് കൊണ്ടു. ഒരു വികൃത ശബ്ദമുണ്ടാക്കി അയാൾ തലപൊത്തി എഴുന്നേറ്റു. ആയൊരു ടൈം മതിയായിരുന്നു എനിക്ക്.
ഞാൻ എഴുന്നേറ്റ് ഓടി.എവിടെയൊക്കെയോ വീണു കാൽമുട്ടിന് വല്ലാത്ത വേദന. തല പൊട്ടിപ്പൊളിയുന്നതു പോലെ. എവിടെയോ പെൺകുട്ടികളുടെ കൂട്ടക്കരച്ചിൽ.ഒരു വെളിച്ചം കണ്ടു. എന്റെ കൈപ്പത്തിയാകെ ചോര.ഞാനത് നോക്കി ഓടി. അയാളെന്റെ പുറകിന് വരുമെന്ന ഭയം മാഞ്ഞു.

ആരുടെയോ സംസാരം കേൾക്കാം. എനിക്കിപ്പോൾ രേഷ്മയുടെ മുറിയുടെ വാതിൽ കാണാം. അവിടെ നിൽക്കുന്ന പെൺകുട്ടികളെ കാണാം. തുറന്നിട്ട വാതിൽ വിടവിലൂടെ പുറം തിരിഞ്ഞു നിൽക്കുന്ന അലോഷിയെ കാണാം.

" സർ പ്ലീസ്......"

പറഞ്ഞു വന്നത് ഞാൻ മുഴുവൻ പറഞ്ഞുവോ? കണ്ണിൽ ഇരുട്ടടിച്ചു കാലുകൾ കുഴഞ്ഞു.ശരീരം വെറുമൊരു പഞ്ഞിത്തുണ്ടു പോലെയായി. ആരൊക്കെയോ എന്റടുത്തേക്ക് ഓടി വരുന്നുണ്ട്.
മുകളിൽ കറങ്ങുന്ന ഫാനാണ് ആദ്യം കണ്ടത്.ചുറ്റിലും മുഖങ്ങൾ തെളിഞ്ഞു. അലോഷി പ്രശാന്ത് രേഷ്മ, പേരറിയാത്ത മൂന്നാല് പെൺകുട്ടികൾ.അവരെല്ലാവരും എന്റെ മുഖത്തേക്ക് ഉറ്റുനോക്കുകയാണ്. ഞാൻ എഴുന്നേൽക്കാൻ ശ്രമിച്ചു.

"താൻ കിടന്നോളൂ. "

'അലോഷിയുടെ ശബ്ദം. ഞാൻ രേഷ്മയുടെ ബെഡിലാണ്. മുറിയിലെ ചെയറിൽ കൈകൾ ചേർത്ത് ബന്ധിപ്പിച്ച നിലയിൽ റോഷൻ ഉണ്ട്. ചുണ്ട് പൊട്ടി ചോരയൊലിക്കുന്നു.
സമയമെന്തായെന്നു ഞാൻ വാച്ചിൽ നോക്കി. 5.17. രേഷ്മ ഒരു ചെറുപുഞ്ചിരിയോടെ ബെഡിൽ വന്നിരുന്നു.

"നേരം പുലർന്നോ? "

ഞാൻ ചോദിച്ചു.

"പുലർന്ന് വരുന്നു"

അലോഷിയുടെ ശബ്ദം. പുറത്ത് ബൂട്ടുകളുടെ ശബ്ദം.

"സർ അവരെത്തി "

പ്രശാന്ത് പറഞ്ഞത് കേട്ട് അലോഷ്യസ് പുറത്തേക്ക് പോയി. ഉടനെ തന്നെ തിരികെ വന്നു.കൂടെ നാല് പോലുസുകാരുണ്ടായിരുന്നു. റോഷന്റെ കൈകൾ പിന്നിലേക്ക് ചേർത്ത് വിലങ്ങ് വെച്ചു.

"സർ പെൺകുട്ടികളോടും ഇറങ്ങാൻ പറയൂ.അവരേയും രോഗികളേയും കൊണ്ടുപോകാനുള്ള വാഹനം പുഴക്കക്കരെ നിൽപുണ്ട്."

വന്നവരിലെ എസ്ഐ പറഞ്ഞു.
രേഷ്മയുടെ കൺകളിൽ സന്തോഷം. അത് മറ്റുള്ളവരിലേക്കും പടർന്നു.

"സർ "

ഞാൻ വിളിച്ചു. അലോഷിയും പോലീസുകാരും തിരിഞ്ഞു നോക്കി.

" താഴെ തുരങ്കത്തിൽ ഒരാളുണ്ട് "

" ആ തമിഴനെയല്ലേ തന്നെ ഉപദ്രവിച്ച?"

" ഉം "

" പിടിച്ചു. "

തുടർന്ന് കണ്ണിറുക്കി ചിരിച്ചു.
ഞാൻ പതിയെ എഴുന്നേറ്റു. നടക്കാൻ നല്ല പ്രയാസം തോന്നി. കാൽമുട്ടിനാണ് വേദന.മേശപ്പുറത്ത് വെച്ച കണ്ണാടിയെടുത്തു മുഖത്ത് വെച്ചു. രോഗികളെയാണ് ആദ്യം അക്കരെയെത്തിച്ചത് പിന്നീട് നഴ്സുമാരെ പിന്നെ റോഷനെയും തൊമ്മിയേയും കൊണ്ടിറങ്ങും മുന്നേ പോലീസ് മഠം പൂട്ടി സീൽ വെച്ചിരുന്നു.
തൂക്കുപാലം കയറുമ്പോൾ അലോഷിയുടെ കൈകൾ സഹായിച്ചു. എന്തൊക്കെയോ ചോദിച്ചറിയാനുണ്ടായിരുന്നു.എന്റെ മുഖഭാവം കണ്ടാവാം
തിരികെ കാറിലിരിക്കെ അലോഷിപറഞ്ഞു.

"വേദ വലിയൊരു റാക്കറ്റിലേക്കെത്താനുള്ള ആദ്യ കണ്ണിയാണ് അവൻ. അവനിലൂടെ വേണം പിടിച്ചു കയറാൻ .അവനാരാണെന്ന് അറിയാമോ നിനക്ക്?"

ഇല്ല എന്നർത്ഥത്തിൽ ഞാൻ തല ചലിപ്പിച്ചു.

" പള്ളിക്കൽ ഫിലിപ്പോസിന്റെ മകനാ"

"ഏത് എഴുത്തുകാരൻ....?!"

"അതെ. മൂന്നു മാസം മുന്നേ ഹൃദയാഘാതം വന്നു മരണപ്പെട്ട ഫിലിപ്പോസിന്റെ "

ഞാനുമായി ഒരിക്കലദ്ദേഹം ഒരഭിമുഖത്തിൽ സംസാരിക്കയുണ്ടായി.

"സർ ഫിലിപ്പോസിന്റേത് കൊലപാതകമാണോ?"

എന്നിലെ അന്വേഷി ഉണർന്നു.

"അല്ല ഹൃദയസ്തംഭനം"

തുടർന്ന് ഞാൻ രേഷ്മയുടെ മുറിയിൽ ഒളിച്ചിരുന്നു കേട്ട കാര്യങ്ങളെല്ലാം അലോഷിയോടു പറഞ്ഞു.

"നിന്നെ കാണാതായത് ഞാനറിയുന്നത് ഒരു പെണ്ണിന്റെ കരച്ചിൽ കേട്ടപ്പോഴാണ്. അകത്ത് നീയാണെന്നോർത്തിട്ടാണ് വാതിൽ ചവിട്ടിത്തുറന്നത്. ഞങ്ങളാ സമയം അവിടെത്തിയില്ലായിരുന്നെങ്കിൽ ആ പെൺകുട്ടി ഇപ്പോൾ ജീവനോടെ ഉണ്ടാവില്ലായിരുന്നു. കുറച്ചു നേരം അവനുമായി ഗുസ്തി പിടിക്കേണ്ടി വന്നുവെങ്കിലും. അവനെക്കൊണ്ടെല്ലാം പറയിച്ചു."

" പോലീസിലെങ്ങനെയറിയിച്ചു.?"

ഇവിടെ ബോഡർ ആയതിനാൽ കേരളാ പോലീസ് ആണോ എന്ന കാര്യത്തിൽ ചില സംശയങ്ങൾ ഉണ്ടായിരുന്നു. ലാന്റ് ഫോണിൽ നിന്നും സിഎം നെ വിളിച്ചു കാര്യം പറഞ്ഞു. ചാച്ചന്റെ പഴയൊരു കളിക്കൂട്ടുകാരനാണ് സി.എം.ന്യൂസ് ലീക്കാവാതിരിക്കാൻ ഞാൻ പ്രത്യേകം സുപാർശ ചെയ്തിട്ടുണ്ട്. ബാക്കി അവർ നോക്കിക്കോളും "

" ഇനിയിപ്പോ അടുത്ത സ്റ്റെപ്പ്?"

" തന്നെയേതെങ്കിലും ഒരു ഹോസ്പിറ്റലിൽ കാണിക്കണം"

ഞാൻ വെറുതെ ചിരിച്ചു.

" അത് കഴിഞ്ഞ് തുളസിയിലേക്ക്.എത്തിപ്പിടിക്കാൻ ആകെയുള്ളത് റോഷൻ തന്ന മൊബൈൽ നമ്പറാണ്."

അതും പറഞ്ഞ് അലോഷി പോക്കറ്റിൽ നിന്നും ഫോണെടുത്ത് ഓൺ ചെയ്തു. ഞാനും അത് മറന്നിരിക്കയായിരുന്നു.

മുത്തങ്ങ സ്റ്റേഷനിൽ പോയതിന് ശേഷമാണ് ഞങ്ങൾ മടങ്ങിയത്. വഴിയിലൊരു തട്ടുകട കണ്ടതോടെ വിശപ്പ് കൂടി .

" പ്രശാന്ത് നമുക്കിവിടുതെന്തേലും കഴിക്കാം."

ഞങ്ങളിറങ്ങി കപ്പയും കഞ്ഞിയും നല്ല കാന്താരി പൊടിച്ചതും കഴിഞ്ഞപ്പോൾ ക്ഷീണമൊക്കെ പറന്നു പോയി. അലോഷിയുടെ ഫോൺ ശബ്ദിച്ചു.

"ഹലോ ഷരവ്..."
.........
"എപ്പോ ?"
.......
"ഉറപ്പാണല്ലോ അല്ലെ?"
.......

" റിട്ടേൺ എന്നാണ് "
........
"രണ്ടു പേരും ഉണ്ടോ?"
.......
"ഒകെ.താങ്ക്സ് "

ഫോൺ കട്ട് ചെയ്തു.

"Skybird ട്രാവൽസിലെ ഷരവ് ആണ് വിളിച്ചത്.അന്ന് തൗഹബിൻ പരീതിനൊപ്പം ഷാനി എന്നൊരു യുവതി യാത്ര ചെയ്തിട്ടുണ്ട്. ഇന്ന് ഈവനിംഗ് ഫ്ലൈറ്റിന് റിട്ടേൺ ടിക്കറ്റ് ബുക്ക് ചെയ്തിട്ടുണ്ട് "

" ആകെ കുഴങ്ങിയല്ലോ."

അലോഷി ശബ്ദിക്കുന്നില്ല. ഫോണിൽ ആരെയോ വിളിക്കുന്നു.

" ഞാൻ പറയുന്ന നമ്പർ എടുത്തിരിക്കുന്നത്ത് ആരാണെന്നു കണ്ടു പിടിക്കണം."

......

" ആണെന്നു തോന്നുന്നു. നമ്പർ 955....... 11 വേഗം വേണം."

പിന്നീട് എന്നെ നോക്കി പറഞ്ഞു

" എല്ലാം ശരിയാകുമെടോ. തന്നെയൊന്നു ഹോസ്പിറ്റലിൽ കാണിക്കണം."

"അതിന്റെ പ്രശ്നമില്ല.ഞാൻ ഒകെ "

അലോഷി ചിരിച്ചു.
എന്റെ ഫോൺ ശബ്ദിച്ചു. പരിചയമില്ലാത്ത നമ്പർ

"ഹലോ വേദപരമേശ്വർ. ആരാണ്?.."

" ഞാൻ ആരാണ് എന്നത് ചോദ്യമില്ല വേദ. എനിക്ക് വേണ്ടതെന്തെന്നു നിനക്കറിയാം.അതിങ്ങ് തരിക. നിനക്കൊപ്പമുള്ളതാരെന്നും എനിക്ക് അറിയണ്ട. ഇന്ന് വൈകീട്ട് മൂന്ന് മണിക്കു മുന്നേ എനിക്ക് ഒരു മറുപടി നീ തരണം, അല്ല തരും "
ഒരു പരുക്കൻ സ്വരം

"നിങ്ങളാരാ?"

" ഞാൻ പറഞ്ഞു അത് നീയറിയണ്ട. നീ ബുദ്ധിമതിയാണ്. അതിബുദ്ധിമതി, പറഞ്ഞതനുസരിച്ചില്ലെങ്കിൽ സുനിതയോ സീനയോ അമൃതയോ ആയി നീ മാറും. നിന്റെയോരോ ചലനങ്ങളും ഞാനറിയുന്നുണ്ട്. മരിക്കാൻ തയ്യാറായി കൊള്ളുക.കാർ പിന്നിൽ നിന്നും വരുന്ന ലോറിയിടിച്ച് കൊക്കയിലേക്ക് മറിഞ്ഞാൽ തീരാവുന്നതേയുള്ളൂ നിന്റെ ജീവൻ"
ഫോൺ കട്ടായി .
പിന്നിൽ തുടരെ ഹോണടിക്കുന്ന പാണ്ടി ലോറിയുടെ ശബ്ദത്തിൽ പ്രശാന്തിന്റെ ശ്രദ്ധ മാറി. കാർ നേരെ കൊക്കയിലേക്ക്

മരണത്തെ ഞാൻ കണ്ടു കണ്ണുകൾ ഇറുക്കെയടച്ചു. എന്തിലോ ശക്തമായി ഇടിച്ച ശബ്ദം.

"സർ "

പ്രശാന്തിന്റെ ശബ്ദം. ഞാൻ കണ്ണു തുറന്നു. കാറിനു മുന്നിൽ വിജനത മാത്രം. എന്റെ ഇരുപ്പിനു സ്ഥാനചലനം സംഭവിച്ചില്ല.കാർ മറിഞ്ഞില്ലെ?

"വേദ ഡോർ തുറന്ന് പതിയെ ഇറങ്ങണം, "

"എന്താ പറ്റിയത് സത്യത്തിൽ ."

അലോഷിയുടെ ചോദ്യത്തിന്

" കാർ എന്തിലോ തട്ടി നിൽക്കുകയാണിപ്പോൾ.എത്രയും പെട്ടന്ന് പുറത്തിറങ്ങി പിന്നിലേക്ക് വലിക്കണം"

ഞാനും അലോഷിയും പുറത്തിറങ്ങി.പ്രശാന്ത് പറഞ്ഞത് ശരിയാണ് വലതു സൈഡിലായുള്ള കൊക്കയിലേക്ക് ചാഞ്ഞ ഒരു ഉണക്ക വേരിൽ തട്ടി നിൽക്കുകയാണ്. പിന്നാലെ വന്ന ഒരു ജിപ്സിയിൽ നിന്നും നാല് സായിപ്പുമാരും വണ്ടി നിർത്തി ഞങ്ങളെ സഹായിച്ചു.

ദൈവത്തിനും വിദേശികൾക്കും നന്ദി പറഞ്ഞ് ഞങ്ങൾ വീണ്ടും യാത്ര തുടർന്നു.
പിന്നീടുള്ള യാത്രയിൽ എല്ലാവരും മൗനത്തിലായിരുന്നു. മൗനം ഭേതിച്ചത് ഞാൻ തന്നെയായിരുന്നു.

"അവർക്ക് ഞാൻ എന്തോ നൽകണമെന്നു പറയുന്നുണ്ട് സർ, "

" ഉം."

അലോഷിയിൽ നിന്നും ഒരു മൂളൽ മാത്രം .കണ്ണുകളടച്ച് സീറ്റിൽ ചാരിയിരിക്കയാണ്.

"സർ അതാണെങ്കിലോ ഫോർമുല ?"

അലോഷി മുന്നോട്ടാഞ്ഞ് ഉഷാറായി ഇരുന്നു.

" ആയിരിക്കാമെന്നല്ല അത് തന്നെയാണ്."

" പക്ഷേ എന്റെ കൈയിൽ......!"

ഞാൻ വിക്കി .

" മുഴുവൻ പറയട്ടെ വേദ. വേദയുടെ കൈവശം അങ്ങനൊന്നുണ്ടെങ്കിൽ അതേ പറ്റിവേദയ്ക്ക് അറിവില്ലെങ്കിൽ അതിനർത്ഥമെന്താ?"

ഞാൻ ചോദ്യം മനസിലാവാതെ മിഴിച്ചു നിന്നു.

" അതായത് അവർക്ക് വേണ്ടതെന്തെന്ന് വേദയ്ക്ക് അറിയില്ലെത്തിൽ.......?"

"എന്റെ കൈകളിലങ്ങനൊന്നുമില്ലാന്ന് "

" അങ്ങനെയല്ല. അതേ പറ്റി നിനക്കറിവില്ലെങ്കിൽ നിന്റെ കൈളിൽ അവയുള്ളത് നിനക്കറിയില്ല എന്ന രീതിയിൽ ചിന്തിക്കുക. അതിനർത്ഥം അത്ക'മ്പി'കു'ട്ടൻ'നെ'റ്റ് നീയറിഞ്ഞു കൊണ്ട് മറച്ചുവെക്കുകയല്ലാ

എങ്കിൽ...... പിന്നെ ഈ പ്രശ്നങ്ങൾക്കും ഒരു പാട് മുന്നേ മരണപ്പെട്ട അച്ഛന്റെ കേസ്. അച്ഛന്റെ മുറിയാണവർ വിശദമായി നോക്കിയത് അതിനർത്ഥം അച്ഛന്റെ കൈവശമുള്ള ഏതോ രേഖകൾ അതാണവർക്ക് വേണ്ടത്. "

ഞാൻ ചിന്തിച്ചു ശരിയാണ്. എന്റെ മുറിയേക്കാൾ അവർ വലിച്ചു വാരിയിട്ടത് അച്ഛന്റെ മുറിയാണ് ..

"വേദാ ആലോചിക്കുക. അച്ഛനിൽ നിന്നും എന്തെങ്കിലും സൂക്ഷിക്കാനായി എടുത്തു വെച്ചിട്ടുണ്ടോ എന്ന്. ഇനിയതല്ലായെങ്കിൽ അച്ഛൻ സൂക്ഷിച്ചു വെച്ചതെന്തെങ്കിലും....."

ഒന്നും ഓർത്തെടുക്കാൻ കഴിയുന്നില്ല. എന്തെങ്കിലും കാണുമോ?
അലോഷ്യസിന്റെ ഫോൺ ശബ്ദിച്ചു. അദ്ദേഹം ഫോണിൽ സംസാരം തുടങ്ങി.

എന്തായിരിക്കും അവർ തേടുന്ന ഫോർമുല ? അപ്പയുടെ മെയിൽ ചെക്ക് ചെയ്യണം.അത് ചിലപ്പോൾ ഉപകാരപ്പെടും. എന്തായാലും വീടെത്തട്ടെ.
അലോഷി ഫോണിലെ സംസാരം നിർത്തി.

"വേദ ദീപ അഡ്മിറ്റായ ഹോസ്പിറ്റലിൽ നിന്നുമാണ് കാൾ വന്നത്. ദീപയ്ക്ക് ഫിറ്റ്സ് വന്നു ഐ സി യു വിലേക്ക് മാറ്റിയിട്ടുണ്ട്. "

ഞെട്ടലാണുണ്ടായത്.

" അതിന്റെ കുറച്ചു മുന്നേ അരവിയവിടെ ചെന്നിരുന്നെന്ന് "

അങ്ങനെയെങ്കിൽ അവൻ......

എനിക്കാകെ സങ്കടം വന്നു തുടങ്ങി.

"താൻ വിഷമിക്കേണ്ടെടോ... അവളുടെ ആ അവസ്ഥയ്ക്ക് കാരണം അരവിന്ദല്ല.അരവിന്ദ് പോയതിനു ശേഷം ദീപയെ കാണാൻ മുഖത്ത് മൂക്കിനു താഴെ കറുപ്പടയാളമുള്ള ഒരു സ്ത്രീ വന്നിരുന്നെന്നാണ് "

"സർ പോലീസിന്റെ ഭാഗത്തു നിന്നും നമുക്ക് വല്ല സഹായവും കിട്ടുമോ?"

"ചാൻസ് കുറവാണ്. "

വേദ റെസ്റ്റ് എടുക്കു രണ്ട് ദിവസം. ക്ഷീണം മുഖത്ത് കാണുന്നുണ്ട്. "

ഞാൻ ഒന്നും പറഞ്ഞില്ല.
ഉച്ചയൂണ് വഴിയിലെവിടെയോ നിന്ന് കഴിച്ചു. സ്റ്റുഡിയോ ഫ്ലാറ്റെത്തുമ്പോൾ വൈകുന്നേരമായിരുന്നു.

"ഇന്ന് നന്നായി ഒന്നുറങ്ങു മനസിനെ ഫ്രീയാക്കി വിട്ടിട്ട് "

മുറിയിലെത്തി ഒന്ന് കുളിച്ചു കിടന്നതേ ഓർമ്മയുള്ളൂ.
ഫോൺ റിംഗ് ചെയ്യുന്നത് കേട്ടാണുണർന്നത്.
അരവിയായിരുന്നു.

"എന്താടാ പാതിരാത്രിക്ക്?"

" പാതിരാത്രിയോ? മണി എട്ടാവുന്നതേയുള്ളൂ."

"നീയെന്തിനാണ് വിളിച്ചത്?"

"ഓഹ് പറയാൻ മറന്നു. മേഢത്തിന് ഒരാക്സിഡണ്ട് പറ്റി. ഞാൻ ബാംഗ്ലൂരിനു പോവുകയാണ് "

"യ്യോ എന്താ പറ്റിയത്?"

"വിശദമായൊന്നും അറിയില്ല.എനിക്ക് 10 മിനിട്ട് മുന്നേ ഒരു കോൾ വന്നതാണ്. ഞാനിറങ്ങുവാ. അവിടെത്തിയിട്ട് വിളിക്കാം"

പിന്നെയെന്തോ ഉറക്കം വന്നില്ല. ബാൽക്കണിയിലേക്ക് നടന്നു.ഉറങ്ങാത്ത നഗരം പൊട്ടുവെളിച്ചം പോലെ നീങ്ങുന്ന വാഹനനിര.

"വേദേച്ചി ഫ്രൈഡ് റൈസ് കിച്ചണിലുണ്ട്. ഞാനിറങ്ങുവാ "

അവസാനത്തെ താമസക്കാരിയും യാത്രയായി. ഇന്ന് ഇവിടെ ഞാൻ മാത്രമേയുള്ളൂ. കുറേയേറെ ചിന്തിച്ചു കൂട്ടി.ടിവിയിൽ നിന്നുള്ള ശബ്ദമാണ്.ചിന്തകൾ മുറിച്ചത്. ഡ്യൂട്ടിക്ക് പോയ ആരോ തിരിച്ചു വന്നിരിക്കുന്നു. ഞാൻ മുറിയിലേക്ക് ചെന്നു. സെറ്റിയിൽ പുറം തിരിഞ്ഞിരിക്കുകയാണ് ആരാണെന്ന് വ്യക്തമല്ല എതിരെയുള്ള സെറ്റിയിലേക്കിരുന്നപ്പോഴാണ് ആളെ കണ്ടത്. കടും പച്ചസാരിയുടുത്ത ഒരു സ്ത്രീ.കാലിന്മേൽ കയറ്റി വെച്ച മറുകാൽ ടിവിയിലെ ഗാനത്തിനൊപ്പം താളം പിടിക്കുന്നു. സോക്സണിഞ്ഞ ആ കാൽപാദത്തിനു പാതിയേ ഉണ്ടായിരുന്നുള്ളൂ.മുഖത്താദ്യം കണ്ണിലുടക്കിയത് മൂക്കിനു താഴെയുള്ള കറുത്ത പാടാണ്.
ഒരു ഞെട്ടലോടെ ഞാൻ മനസിലാക്കി എന്റെ അന്ത്യമടുത്തെന്നു

ആ സ്ത്രീയുടെ മുഖത്ത് പുഞ്ചിരി. ഞാൻ കണ്ണാടി നേരെയാക്കി വെച്ചിരുന്നു.

" എന്നെ മനസിലായോ?"

അതെയെന്നയർത്ഥത്തിൽ ഞാൻ തലയാട്ടി.

" അപ്പോൾ ഞാൻ വന്നതെന്തിനാണെന്നും അറിയാമല്ലോ? എത്രയും വേഗം തരുന്നോ അത്രയും വേഗം ഞാൻ പോവാം."

"നിങ്ങൾ ചോദിക്കുന്നത് എന്താണെന്നെനിക്കറിയില്ല. പിന്നെ ഞാനെങ്ങനെ തരും? "

പരിഹാസച്ചുവ കലർന്നിരുന്നു എന്റെ സ്വരത്തിൽ.

" അറിയാത്തതോ അറിയാത്തതായി നടിക്കുന്നതോ?"

"എനിക്കതിന്റെ ആവശ്യമില്ലെന്ന് ഞാൻ കരുതുന്നു. പറ്റുമെങ്കിൽ അതെന്താണെന്നു പറയുക."

അഴിച്ചിട്ട മുടി ഒരു കൈയാലൊതുക്കി വെച്ച് അവൾ തുടർന്നു.

"അഡ്വക്കേറ്റ് പരമേശ്വരന്റെ കൈവശം ഒരു സുഹൃത്ത് ഏൽപിച്ച ഒരു രേഖ. അത് നീ മാറ്റിയിട്ടുണ്ട്. "

ഞാനെന്തോ പറയാൻ തുടങ്ങുമ്പോഴേക്കും വാതിൽ തള്ളിത്തുറന്ന് അലോഷ്യസ് അകത്ത് കടന്നു.

അലോഷിയെ കണ്ടതും സ്ത്രീ ചാടിയെഴുന്നേറ്റു. എവിടുന്നാണെടുത്തതെന്നറിയില്ല, കൈയിലൊരു പിസ്റ്റൾ കണ്ടു.അത് അലോഷിക്കു നേരെ ചൂണ്ടി നിൽക്കയാണ്. പക്ഷേ അലോഷിക്കു ഭാവഭേതമൊന്നുമില്ല.

"നീ തോക്കു പിടിച്ചിരിക്കുന്നത് ശരിയായല്ല "

അലോഷിയുടെ ശബ്ദത്തിൽ അവളുടെ ശ്രദ്ധ മാറി. അത് മതിയായിരുന്നു അലോഷിക്ക്.സെറ്റിയുടെ മീതെ കൂടി കരണം മറിഞ്ഞ് തോക്കെങ്ങനെയോ കൈക്കലാക്കി

"തനിക്ക് നേരെ ചൊവ്വേ തോക്ക് പിടിക്കാൻ പോലുമറിയില്ലല്ലോ പിന്നെന്തിനീ സാഹസം ?"

ഒരു കുതിപ്പിനവൾ ഡോർ തുറന്നു.അതേ വേഗത്തിൽ മുറിയിലേക്കെടുത്തെറിയപ്പെട്ടു.
വാതിൽക്കൽ പ്രശാന്ത്.പ്രശാന്തിനു നേരെയവൾ ചീറിയടുത്തു.കറങ്ങിയവൾ താഴെ വീണു.പ്രശാന്ത് വലതു കൈ കുടഞ്ഞു.വെറുതെയല്ല വീണത്.മുഖമിച്ചൊരടി കിട്ടി

"എനിക്ക് സത്രീകളെ ഉപദ്രവിക്കുന്നത് തീരെ ഇഷ്ടമല്ല."

അലോഷി അവൾക്കടുത്തായി തറയിൽ ഒരു മുട്ടുകുത്തി ഇരുന്നു.

പകപ്പോടെ അവൾ അലോഷിയെ നോക്കി. ചുണ്ടിലൂടെ ചെറിയ ചാലിട്ട ചോര താടിയിൽ ഒരു തുള്ളിയായി വെളുത്ത ടൈലിൽ പതിച്ചു.
അവളുടെ കൈയിൽ സജീവ് എന്ന് പേര് പച്ച കുത്തിയിരുന്നു.
പ്രശാന്ത് ഷർട്ടിന്റെ കൈ തെറുത്തു കയറ്റി അവൾക്കടുത്തേയ്ക്ക് നീങ്ങി. അവളുടെ മുഖഭാഗം മാറി മാറി വന്നു.പിന്നീട് ഞങ്ങൾ മൂവരേയും ഞെട്ടിച്ച് ഒരു കരച്ചിലായിരുന്നു.

"എന്റെ മോളെ രക്ഷിക്കണം. അവളെയവർ കൊല്ലും. പ്ലീസ് നിങ്ങളാ രേഖ കൊടുക്കണം"

"ആര്?"

അലോഷിയുടെ ചോദ്യം
" അവളുടെ മുഖം ഭയത്താൽ വിളറി. "

"നീ പറ ആര്. ആരാണ് നിന്റെ മകളെ കൊല്ലുന്നത്? അതിനു മുൻപേ നീയാരാണെന്ന് പറയൂ"

" ഞാൻ നാൻസി...നാൻസി സജീവ്.കഴിഞ്ഞ ദിവസം മരണപ്പെട്ട സജീവിന്റെ ഭാര്യ. എന്റെ മകൾ തീർത്ഥ അവരുടെ കൈവശമാണ്. നിങ്ങൾ ആ രേഖകൾ അവർക്ക് കൊടുത്തില്ലായെങ്കിൽ സജീവിനെ കൊന്നതുപോലെ അവരെന്റെ മോളെയും....."

നാൻസി വീണ്ടും കരച്ചിലായി.

"നിങ്ങൾ കരയാതെ കാര്യം പറയൂ. ആരാണ് കൊല്ലുന്നത്?"

ഞാൻ അവർക്കെതിരെ സെറ്റിയിലേക്കിരുന്നു.

"വിവാഹശേഷം സജീവുമായി ഒറ്റപ്പാലത്ത് സന്തോഷത്തോടെ ജീവിച്ചു വരികയായിരുന്നു. തീർത്ഥ എന്റെ വയറ്റിലുണ്ടെന്നറിഞ്ഞ ആ ദിവസങ്ങളിലേതോ ഒരു വൈകുന്നേരമാണ് അവർ എന്റെ ലാബിലേക്ക് വന്നത്. വെളുത്ത് നല്ല പൊക്കമുള്ള ചെറിയ കണ്ണുള്ള മുടി സ്ട്രെയ്റ്റ് ചെയ്ത ഡോക്ടർ ആഷ്‌ലി... "

"ഈ പേര് ഓർക്കുന്നു. ആത്മഹത്യ എന്ന് വരുത്തിത്തീർത്ത ഡോക്ടർ ആഷ്‌ലിയുടെ കൊലപാതക രഹസ്യം പുറത്ത് കൊണ്ട് വന്നത് 'അഴിച്ചുപണി' ആണ്. "

ഞാനിടയ്ക്ക് കയറി.

"അതെ അവരുതന്നെ. അവർ വന്നത് സജീവിനെ കാണാനായിരുന്നു. സജീവ് ഒരു ടൂറിലായതിനാൽ അവരോട് സംസാരിച്ചത് ഞാനായിരുന്നു. പക്ഷേ അവർ സംസാരിച്ചതെല്ലാം സജീവുമായി കോൺഡാക്ടുള്ള ഡോക്ടറുമാരെ പറ്റിയും ചില മെഡിസിൻസിനെ പറ്റിയും മാത്രമായിരുന്നു. അതൊരിക്കലും സൗഹൃദത്തിന്റെ പുറത്തുള്ളതായിരുന്നില്ല എന്നെനിക്ക് തോന്നി.
അവർ പോയപ്പോൾ ഞാൻ സജീവിനെ വിളിച്ചു കാര്യം പറഞ്ഞു. അവന്റെ വാക്കുകൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന ഭയം ഞാൻ തിരിച്ചറിഞ്ഞു. സജീവിന്റെ അവിഹിതമാണെന്നോർത്ത് ഞാൻ തളർന്നു.പിന്നെയവനറിയാതെ അവന്റെ ഫോൺ കാളുകളും മെസ്സേജുകളും ഞാൻ ശ്രദ്ധിക്കാൻ തുടങ്ങി. ഇടയ്ക്ക് വരുന്ന കോളുകളല്ലാതെ മെസ്സേജുകൾ ഞാൻ കണ്ടതുമില്ല."

അവൾ കിതച്ചു തുടങ്ങി.

" എനിക്ക് കുറച്ചു വെള്ളം തരുമോ?"

ഫ്രിഡ്ജു തുറന്ന് ഞാൻ വെള്ളമെടുത്ത് കൊടുത്തു. ഒറ്റയടിക്ക് അവളത് മുഴുവനും കുടിച്ചു. എന്നിട്ട് തുടർന്നു.

"എന്റെ ഡെലിവറി ടൈംപോലും സജീവ് ടൂറിലായിരുന്നു. അപ്പോൾ കൂട്ടുനിൽക്കാൻ വന്ന തുളസിയാണ് പിന്നീട് എന്റെ ജീവിതം മാറ്റിയത്.സജീവുമായി അവൾ പലപ്പോഴും രഹസ്യം പറയുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു .ഞാനും സജീവും തമ്മിൽ വഴക്ക് സ്ഥിരമായി. മോളുടെ ഒന്നാം പിറന്നാളിന് തിരുപനന്തപുരം പോയി മടങ്ങുന്ന വഴി കാറിൽ മയങ്ങിയ ഞാൻ ഉറക്കമുണർന്നത് ഏതോ കരിങ്കല്ല് വെച്ചു ഉണ്ടാക്കിയ കെട്ടിടത്തിലാണ്. പുറത്തു നിന്നും പൂട്ടിയിട്ട ആ മുറിക്കകത്ത് ഞാൻ ഉറക്കെ ബഹളം വെച്ചെങ്കിലും ആരും വന്നില്ല. രണ്ട് നേരം ഭക്ഷണം മുടങ്ങാതെ കിട്ടും. ഒരു വർഷത്തിനടുത്ത് അതിനകത്ത്

ഒരിക്കൽ ഒരു പഴുത് കിട്ടിയപ്പോൾ ഭക്ഷണം തരുന്ന കാവൽക്കാരനെ തലയ്ക്കടിച്ച് വീഴ്ത്തി ഞാനാ താവളത്തിൽ നിന്നും രക്ഷപ്പെട്ടു. എന്നെ അന്ന് രക്ഷപ്പെടാൻ സഹായിച്ചത് തോമസ് ഐസക് സാറാണ്. ഒറ്റപ്പാലത്തെ വീട്ടിലെത്തിയപ്പോൾ സജീവ് അവിടെ നിന്നും മാറിപ്പോയെന്നു പറഞ്ഞു.ഓർഫനേജിലേക്ക് പോവാൻ തോന്നിയില്ല.തോമസ് സാറിന്റെ സഹായത്തോടെ ഞാൻ സജീവിനെ കണ്ടെത്തി. അപ്പോഴേക്കും തുളസിയും സജീവും ഭാര്യാഭർത്താക്കന്മാരായി ജീവിതം തുടങ്ങിയിരുന്നു."

ഒന്നു നിർത്തി നാൻസി കണ്ണു തുടച്ചു.

" കുഞ്ഞിനെ വിട്ടുതരാൻ പലവട്ടം ഞാൻ പറഞ്ഞു. ഒരിക്കൽ സജീവ് എന്നെ കാണാൻ വന്നു. കുഞ്ഞിനെ ഇപ്പോൾ തരാൻ പറ്റില്ലെന്നും അവനകപ്പെട്ട ചതിയുടെയും കഥ പറഞ്ഞു. എല്ലാം ശരിയാവുമെന്നും അത് വരെ എന്നോടവിടെ തന്നെ താമസിക്കണമെന്നും കാലു പിടിച്ചപേക്ഷിച്ചു. കൂടെ തുളസിയുമുണ്ടായിരുന്നു. അവൾ പറഞ്ഞാണ് ലാബിന്റെ മറവിൽ സജീവ് നടത്തുന്ന വൻ ബിസിനസിനെ പറ്റി ഞാനറിഞ്ഞത്. ഞെട്ടിത്തകരാൻ എനിക്ക് മനസില്ലായിരുന്നു. എന്നെ തകർത്തത് സ്വന്തം കുഞ്ഞായിരുന്നു. തുളസിയെ അവൾ എനിക്കു മുൻപിൽ വെച്ച് അമ്മേ എന്ന് വിളിച്ചപ്പോൾ ഞാൻ തകർന്നു.പിന്നീടെനിക്ക് പകയായി, ജീവിക്കാൻ കൊതിച്ചതിന്, കൊതിപ്പിച്ചതിന് സൗഭാഗ്യം തട്ടിയെടുത്തതിന് എല്ലാം"

"അങ്ങനെ നാൻസി സജീവിനേയും തുളസിയേയും തട്ടി അല്ലേ?"

അലോഷിയുടെ ചോദ്യത്തിൽ അവളൊന്നു ഞെട്ടി.

" ഇല്ല..... ഞാനാരേയും കൊന്നില്ല."

അവൾ പുലമ്പി

"പിന്നെന്തിന് രാജീവ് മരിക്കുന്നതിന് തൊട്ടു മുന്നേ ആ ഫ്ലാറ്റിൽ നീ പോയത്.?"

അവളുടെ കണ്ണുകൾ ഒന്നിലും ഉറച്ചു നിൽക്കാതെ ചലിച്ചു കൊണ്ടേയിരുന്നു. ഭാവം മാറി ഒരു വന്യത ആ നോട്ടത്തിൽ നിഴലിച്ചു.

" പറയാം"

ആ സ്ത്രീയുടെ മുഖത്ത് പുഞ്ചിരി. ഞാൻ കണ്ണാടി നേരെയാക്കി വെച്ചിരുന്നു.

" എന്നെ മനസിലായോ?"

അതെയെന്നയർത്ഥത്തിൽ ഞാൻ തലയാട്ടി.

" അപ്പോൾ ഞാൻ വന്നതെന്തിനാണെന്നും അറിയാമല്ലോ? എത്രയും വേഗം തരുന്നോ അത്രയും വേഗം ഞാൻ പോവാം."

"നിങ്ങൾ ചോദിക്കുന്നത് എന്താണെന്നെനിക്കറിയില്ല. പിന്നെ ഞാനെങ്ങനെ തരും? "

പരിഹാസച്ചുവ കലർന്നിരുന്നു എന്റെ സ്വരത്തിൽ.

" അറിയാത്തതോ അറിയാത്തതായി നടിക്കുന്നതോ?"

"എനിക്കതിന്റെ ആവശ്യമില്ലെന്ന് ഞാൻ കരുതുന്നു. പറ്റുമെങ്കിൽ അതെന്താണെന്നു പറയുക."

അഴിച്ചിട്ട മുടി ഒരു കൈയാലൊതുക്കി വെച്ച് അവൾ തുടർന്നു.

"അഡ്വക്കേറ്റ് പരമേശ്വരന്റെ കൈവശം ഒരു സുഹൃത്ത് ഏൽപിച്ച ഒരു രേഖ. അത് നീ മാറ്റിയിട്ടുണ്ട്. "

ഞാനെന്തോ പറയാൻ തുടങ്ങുമ്പോഴേക്കും വാതിൽ തള്ളിത്തുറന്ന് അലോഷ്യസ് അകത്ത് കടന്നു. അലോഷിയെ കണ്ടതും സ്ത്രീ ചാടിയെഴുന്നേറ്റു. എവിടുന്നാണെടുത്തതെന്നറിയില്ല, കൈയിലൊരു പിസ്റ്റൾ കണ്ടു.അത് അലോഷിക്കു നേരെ ചൂണ്ടി നിൽക്കയാണ്. പക്ഷേ അലോഷിക്കു ഭാവഭേതമൊന്നുമില്ല.

"നീ തോക്കു പിടിച്ചിരിക്കുന്നത് ശരിയായല്ല "

അലോഷിയുടെ ശബ്ദത്തിൽ അവളുടെ ശ്രദ്ധ മാറി. അത് മതിയായിരുന്നു അലോഷിക്ക്.സെറ്റിയുടെ മീതെ കൂടി കരണം മറിഞ്ഞ് തോക്കെങ്ങനെയോ കൈക്കലാക്കി

"തനിക്ക് നേരെ ചൊവ്വേ തോക്ക് പിടിക്കാൻ പോലുമറിയില്ലല്ലോ പിന്നെന്തിനീ സാഹസം ?"

ഒരു കുതിപ്പിനവൾ ഡോർ തുറന്നു.അതേ വേഗത്തിൽ മുറിയിലേക്കെടുത്തെറിയപ്പെട്ടു. വാതിൽക്കൽ പ്രശാന്ത്.പ്രശാന്തിനു നേരെയവൾ ചീറിയടുത്തു.കറങ്ങിയവൾ താഴെ വീണു.പ്രശാന്ത് വലതു കൈ കുടഞ്ഞു.വെറുതെയല്ല വീണത്.മുഖമിച്ചൊരടി കിട്ടി

"എനിക്ക് സത്രീകളെ ഉപദ്രവിക്കുന്നത് തീരെ ഇഷ്ടമല്ല."

അലോഷി അവൾക്കടുത്തായി തറയിൽ ഒരു മുട്ടുകുത്തി ഇരുന്നു.

പകപ്പോടെ അവൾ അലോഷിയെ നോക്കി. ചുണ്ടിലൂടെ ചെറിയ ചാലിട്ട ചോര താടിയിൽ ഒരു തുള്ളിയായി വെളുത്ത ടൈലിൽ പതിച്ചു.
അവളുടെ കൈയിൽ സജീവ് എന്ന് പേര് പച്ച കുത്തിയിരുന്നു.
പ്രശാന്ത് ഷർട്ടിന്റെ കൈ തെറുത്തു കയറ്റി അവൾക്കടുത്തേയ്ക്ക് നീങ്ങി. അവളുടെ മുഖഭാഗം മാറി മാറി വന്നു.പിന്നീട് ഞങ്ങൾ മൂവരേയും ഞെട്ടിച്ച് ഒരു കരച്ചിലായിരുന്നു.

"എന്റെ മോളെ രക്ഷിക്കണം. അവളെയവർ കൊല്ലും. പ്ലീസ് നിങ്ങളാ രേഖ കൊടുക്കണം"

"ആര്?"

അലോഷിയുടെ ചോദ്യം
" അവളുടെ മുഖം ഭയത്താൽ വിളറി. "

"നീ പറ ആര്. ആരാണ് നിന്റെ മകളെ കൊല്ലുന്നത്? അതിനു മുൻപേ നീയാരാണെന്ന് പറയൂ"

" ഞാൻ നാൻസി...നാൻസി സജീവ്.കഴിഞ്ഞ ദിവസം മരണപ്പെട്ട സജീവിന്റെ ഭാര്യ. എന്റെ മകൾ തീർത്ഥ അവരുടെ കൈവശമാണ്. നിങ്ങൾ ആ രേഖകൾ അവർക്ക് കൊടുത്തില്ലായെങ്കിൽ സജീവിനെ കൊന്നതുപോലെ അവരെന്റെ മോളെയും....."

നാൻസി വീണ്ടും കരച്ചിലായി.

"നിങ്ങൾ കരയാതെ കാര്യം പറയൂ. ആരാണ് കൊല്ലുന്നത്?"

ഞാൻ അവർക്കെതിരെ സെറ്റിയിലേക്കിരുന്നു.

"വിവാഹശേഷം സജീവുമായി ഒറ്റപ്പാലത്ത് സന്തോഷത്തോടെ ജീവിച്ചു വരികയായിരുന്നു. തീർത്ഥ എന്റെ വയറ്റിലുണ്ടെന്നറിഞ്ഞ ആ ദിവസങ്ങളിലേതോ ഒരു വൈകുന്നേരമാണ് അവർ എന്റെ ലാബിലേക്ക് വന്നത്. വെളുത്ത് നല്ല പൊക്കമുള്ള ചെറിയ കണ്ണുള്ള മുടി സ്ട്രെയ്റ്റ് ചെയ്ത ഡോക്ടർ ആഷ്‌ലി... "

"ഈ പേര് ഓർക്കുന്നു. ആത്മഹത്യ എന്ന് വരുത്തിത്തീർത്ത ഡോക്ടർ ആഷ്‌ലിയുടെ കൊലപാതക രഹസ്യം പുറത്ത് കൊണ്ട് വന്നത് 'അഴിച്ചുപണി' ആണ്. "

ഞാനിടയ്ക്ക് കയറി.

"അതെ അവരുതന്നെ. അവർ വന്നത് സജീവിനെ കാണാനായിരുന്നു. സജീവ് ഒരു ടൂറിലായതിനാൽ അവരോട് സംസാരിച്ചത് ഞാനായിരുന്നു. പക്ഷേ അവർ സംസാരിച്ചതെല്ലാം സജീവുമായി കോൺഡാക്ടുള്ള ഡോക്ടറുമാരെ പറ്റിയും ചില മെഡിസിൻസിനെ പറ്റിയും മാത്രമായിരുന്നു. അതൊരിക്കലും സൗഹൃദത്തിന്റെ പുറത്തുള്ളതായിരുന്നില്ല എന്നെനിക്ക് തോന്നി.
അവർ പോയപ്പോൾ ഞാൻ സജീവിനെ വിളിച്ചു കാര്യം പറഞ്ഞു. അവന്റെ വാക്കുകൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന ഭയം ഞാൻ തിരിച്ചറിഞ്ഞു. സജീവിന്റെ അവിഹിതമാണെന്നോർത്ത് ഞാൻ തളർന്നു.പിന്നെയവനറിയാതെ അവന്റെ ഫോൺ കാളുകളും മെസ്സേജുകളും ഞാൻ ശ്രദ്ധിക്കാൻ തുടങ്ങി. ഇടയ്ക്ക് വരുന്ന കോളുകളല്ലാതെ മെസ്സേജുകൾ ഞാൻ കണ്ടതുമില്ല."

അവൾ കിതച്ചു തുടങ്ങി.

" എനിക്ക് കുറച്ചു വെള്ളം തരുമോ?"

ഫ്രിഡ്ജു തുറന്ന് ഞാൻ വെള്ളമെടുത്ത് കൊടുത്തു. ഒറ്റയടിക്ക് അവളത് മുഴുവനും കുടിച്ചു. എന്നിട്ട് തുടർന്നു.

"എന്റെ ഡെലിവറി ടൈംപോലും സജീവ് ടൂറിലായിരുന്നു. അപ്പോൾ കൂട്ടുനിൽക്കാൻ വന്ന തുളസിയാണ് പിന്നീട് എന്റെ ജീവിതം മാറ്റിയത്.സജീവുമായി അവൾ പലപ്പോഴും രഹസ്യം പറയുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു .ഞാനും സജീവും തമ്മിൽ വഴക്ക് സ്ഥിരമായി. മോളുടെ ഒന്നാം പിറന്നാളിന് തിരുപനന്തപുരം പോയി മടങ്ങുന്ന വഴി കാറിൽ മയങ്ങിയ ഞാൻ ഉറക്കമുണർന്നത് ഏതോ കരിങ്കല്ല് വെച്ചു ഉണ്ടാക്കിയ കെട്ടിടത്തിലാണ്. പുറത്തു നിന്നും പൂട്ടിയിട്ട ആ മുറിക്കകത്ത് ഞാൻ ഉറക്കെ ബഹളം വെച്ചെങ്കിലും ആരും വന്നില്ല. രണ്ട് നേരം ഭക്ഷണം മുടങ്ങാതെ കിട്ടും. ഒരു വർഷത്തിനടുത്ത് അതിനകത്ത്

ഒരിക്കൽ ഒരു പഴുത് കിട്ടിയപ്പോൾ ഭക്ഷണം തരുന്ന കാവൽക്കാരനെ തലയ്ക്കടിച്ച് വീഴ്ത്തി ഞാനാ താവളത്തിൽ നിന്നും രക്ഷപ്പെട്ടു. എന്നെ അന്ന് രക്ഷപ്പെടാൻ സഹായിച്ചത് തോമസ് ഐസക് സാറാണ്. ഒറ്റപ്പാലത്തെ വീട്ടിലെത്തിയപ്പോൾ സജീവ് അവിടെ നിന്നും മാറിപ്പോയെന്നു പറഞ്ഞു.ഓർഫനേജിലേക്ക് പോവാൻ തോന്നിയില്ല.തോമസ് സാറിന്റെ സഹായത്തോടെ ഞാൻ സജീവിനെ കണ്ടെത്തി. അപ്പോഴേക്കും തുളസിയും സജീവും ഭാര്യാഭർത്താക്കന്മാരായി ജീവിതം തുടങ്ങിയിരുന്നു."

ഒന്നു നിർത്തി നാൻസി കണ്ണു തുടച്ചു.

" കുഞ്ഞിനെ വിട്ടുതരാൻ പലവട്ടം ഞാൻ പറഞ്ഞു. ഒരിക്കൽ സജീവ് എന്നെ കാണാൻ വന്നു. കുഞ്ഞിനെ ഇപ്പോൾ തരാൻ പറ്റില്ലെന്നും അവനകപ്പെട്ട ചതിയുടെയും കഥ പറഞ്ഞു. എല്ലാം ശരിയാവുമെന്നും അത് വരെ എന്നോടവിടെ തന്നെ താമസിക്കണമെന്നും കാലു പിടിച്ചപേക്ഷിച്ചു. കൂടെ തുളസിയുമുണ്ടായിരുന്നു. അവൾ പറഞ്ഞാണ് ലാബിന്റെ മറവിൽ സജീവ് നടത്തുന്ന വൻ ബിസിനസിനെ പറ്റി ഞാനറിഞ്ഞത്. ഞെട്ടിത്തകരാൻ എനിക്ക് മനസില്ലായിരുന്നു. എന്നെ തകർത്തത് സ്വന്തം കുഞ്ഞായിരുന്നു. തുളസിയെ അവൾ എനിക്കു മുൻപിൽ വെച്ച് അമ്മേ എന്ന് വിളിച്ചപ്പോൾ ഞാൻ തകർന്നു.പിന്നീടെനിക്ക് പകയായി, ജീവിക്കാൻ കൊതിച്ചതിന്, കൊതിപ്പിച്ചതിന് സൗഭാഗ്യം തട്ടിയെടുത്തതിന് എല്ലാം"

"അങ്ങനെ നാൻസി സജീവിനേയും തുളസിയേയും തട്ടി അല്ലേ?"

അലോഷിയുടെ ചോദ്യത്തിൽ അവളൊന്നു ഞെട്ടി.

" ഇല്ല..... ഞാനാരേയും കൊന്നില്ല."

അവൾ പുലമ്പി

"പിന്നെന്തിന് രാജീവ് മരിക്കുന്നതിന് തൊട്ടു മുന്നേ ആ ഫ്ലാറ്റിൽ നീ പോയത്.?"

അവളുടെ കണ്ണുകൾ ഒന്നിലും ഉറച്ചു നിൽക്കാതെ ചലിച്ചു കൊണ്ടേയിരുന്നു. ഭാവം മാറി ഒരു വന്യത ആ നോട്ടത്തിൽ നിഴലിച്ചു.

" പറയാം"

ഞാൻ കുറച്ചു കൂടി മുന്നോട്ടാഞ്ഞിരുന്നു.

"കൊല്ലാൻ തന്നെയാ ചെന്നത് പക്ഷേ എനിക്കു മുന്നേ അവിടെയും അയാൾ എത്തിയിരുന്നു. ഞാനെത്തുമ്പോൾ അയാൾ മുറിയിൽ നിന്നും ഇറങ്ങിപ്പോവുന്നതാണ് കണ്ടത്. എന്നെ അയാൾ കണ്ടിരുന്നില്ല. കൂടെ ഒരു സ്ത്രീയുമുണ്ടായിരുന്നു. ഞാൻ മുറിയിൽ കയറുമ്പോൾ സജീവ് ബാൽക്കണ്ണിയിൽ പുറംതിരിഞ്ഞ് നിൽപുണ്ടായിരുന്നു. പക്ഷേ ഞാനടുത്തെത്തുമ്പോഴേക്കും സജീവ് താഴേക്ക് വീണിരുന്നു."

" അപ്പോ അതൊരു ആത്മാഹത്യ തന്നെയാണോ?"

ഞാൻ ചോദിച്ചു.

"അതെ. പക്ഷേ ഞാൻ മനസിലാക്കിയ സജീവൊരിക്കലും ആത്മഹത്യ ചെയ്യില്ല. തുളസിയെ കൊന്നപ്പോഴും തീർത്ഥയെ പിടിച്ചു കൊണ്ടു പോയപ്പോഴും അവന് ജീവിക്കാനായിരുന്നു കൊതി."

" സജീവ് ലാബിന്റെ മറവിൽ എന്തായിരുന്നു ചെയ്തത്.?"

"ഗവമ്മേന്റ് നിരോധിച്ചതോ അല്ലെങ്കിൽ രഹസ്യമായതോ ആയ ഒരുൽപന്നം അതിന്റെ ബിസിനസ് .അതേ പറ്റി സൂചന കിട്ടിയിട്ടാണ് ഡോക്ടർ ആഷ്‌ലി തിരക്കി വന്നതെന്ന് ഞാൻ മനസിലാക്കിയത് കുറേ വൈകിയതിന് ശേഷം മാത്രം."

" തുളസിയെ അവർ കൊലപ്പെടുത്തിയതെങ്ങനെയറിഞ്ഞു.?"

"TB സർ വിളിച്ചു പറഞ്ഞു.തുളസിയും സജീവും തീർന്നു അടുത്തത് തീർത്ഥയാണെന്ന്. അവർ പറഞ്ഞ രേഖകൾ എത്തിച്ചില്ലെങ്കിൽ തീർത്ഥയും മരണപ്പെടുമെന്ന് . "

"TBസർ.....?"

അലോഷി ചോദിച്ചു.

" നേരിട്ട് കണ്ടില്ല ഒന്നു രണ്ട് തവണ വിളിച്ചിട്ടുണ്ട്. "

" അതാരാ എന്നെനിക്കറിയില്ല എങ്കിലും .എല്ലാർക്കും അദ്ദേഹത്തെ ഭയമാണ്. റോഷനും തോമസ് സാറിനുമടക്കം.തോമസ് സാറിന്റെ ഫാർമസിയിൽ ജോലിക്കു നിൽക്കാമെന്നോർത്താ ചെന്നതെങ്കിലും മഠത്തിന്റെ കാര്യത്തിൽ അത് മൊത്തം എന്നെ ഏൽപിക്കുകയാണ് ചെയ്തത്. അവിടെ നിർമ്മിക്കുന്നത് ഒരു പ്രത്യേക രീതിയിൽ ശരീരത്തിൽ പ്രവർത്തിക്കുന്ന മയക്കുമരുന്നാണ്. "

" മനസിലായില്ല."

" അത് ഒന്നര മാസം ഉപയോഗിക്കുന്നതോടെ ഒരിക്കലും അതിൽ നിന്നും വിട്ടു പോരാൻ കഴിയാത്തത്രയും അടിമയാകും"

" അത് സാധാരണമായ കാര്യമല്ലേ?"

എന്റെ സംശയം.

" അതിന്റെ 100 ഇരട്ടി സ്ട്രോംഗാണിത്. വളരെ സാവധാനത്തിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ഒന്നര രണ്ട് മാസം കൊണ്ട് ശരീരത്തിലെ വെയ്ൻ മൊത്തം തളർത്തിക്കളയുന്നു, ചിന്താശേഷി കുറയുന്നു. ബുദ്ധി മരവിച്ച പ്രതികരിക്കാൻ കഴിയാത്ത ഏതാണ്ട് പറഞ്ഞാൽ കിളി പോയ അവസ്ഥയിലേക്കെത്തും."

" ഇതു കൊണ്ടുള്ള നേട്ടം?"

" അറിയില്ല."

"നാൻസി എങ്ങനെ തിരികെ പോകും; "

" അലോഷിയുടെ ചോദ്യത്തിനു മുമ്പിൽ നാൻസി മിഴിച്ചു.

"പോയി മുഖം കഴുകി വരൂ."

അലോഷിയുടെ നിർദ്ദേശപ്രകാരം നാൻസി എഴുന്നേറ്റു ഞാൻ ചൂണ്ടിക്കാണിച്ച ഭാഗം നോക്കി അവൾ നീങ്ങി.

"നാൻസിയെ പറഞ്ഞു വിടുകയാണോ?"

"അതെ വേദാ. അവൾക്കറിയുന്നതവൾ പറഞ്ഞു. അവളെ പിടിച്ചു വെച്ചാൽ കുറ്റവാളികൾ വെളിയിൽ വരാൻ സമയമെടുക്കും. നമ്മൾ അവർക്കു പിന്നാലെ ഇല്ല എന്ന് അവരെ ബോധ്യപ്പെടുത്തണം."

അപ്പോഴേക്കും മുഖം കഴുകി നാൻസി വന്നു.

"നാൻസി പോയ്ക്കോളൂ. പിന്നെ ആ രേഖകൾ MTR ബാങ്കിലെ ലോക്കറിൽ സൂക്ഷിച്ചിരിക്കുന്ന ഫയലുകളുടെ കൂട്ടത്തിലാവാനാണ് സാദ്ധ്യതയെന്ന് വേദപറയുന്നു. വ്യക്തമായ ഉറപ്പില്ല. നാളെ എത്തിക്കാം.പിന്നെ നമ്മൾക്കിടയിൽ ഇത്ര നേരമുണ്ടായ സംഭാഷണം ആരോടും പറയണ്ട. പറഞ്ഞാൽ തീർത്ഥയുടെ കാര്യം നീ മറക്കേണ്ടി വരും."

നിറഞ്ഞ കണ്ണുകളോടെ നാൻസി തലയാട്ടി.

"ഇതാ ഈ തോക്കും കൂടി ...."

" വേണ്ട സർ, അതെനിക്ക് തോമസ് ഐസക് സർ തന്നതാണ്. ഉപയോഗിക്കാൻ പോലും എനിക്കറിയില്ല." അവൾ വാതിൽ കടന്നതും

"വേദാ ഇന്നിനി നിന്നെ തിരഞ്ഞാരും വരില്ല ധൈര്യമായി ഉറങ്ങിക്കോ."

"സാറെങ്ങനെ കറക്റ്റ് ടൈം?"

" നമ്പർ ട്രെയ്സ് ചെയ്ത് വന്നതാണ്. ലൊക്കേഷൻ ഇവിടെയാണെന്നു പറഞ്ഞപ്പോൾ അവളിതിനകത്തുണ്ടാവുമെന്നുറപ്പായിരുന്നു."
"സാറപ്പോൾ വന്നില്ലായിരുന്നെങ്കിൽ..... "

" ഒന്നും സംഭവിക്കില്ലെടോ അതൊരു പാവം കുട്ടിയാണ്.പെട്ടു പോയതാണ്, അല്ല മന: പൂർവ്വം പെടുത്തിയതാണ്. ഞാനിറങ്ങട്ടെ കുറേയേറെ ജോലികൾ ബാക്കിയാണ്. പിന്നെ MTR ലോക്കറിൽ gold മാത്രമല്ലെ ഉള്ളൂ? "

"അതെ "

"എത്ര പവനുണ്ട്?"

" അമ്പത്തിമൂന്ന് "

"ലോക്കർ നമ്പർ. വിശ്വാസമുണ്ടേൽ പറയുക. ഇന്ന് രാത്രി ആ അമ്പത്തിമൂന്ന് പവൻ അപഹരിക്കപ്പെടും, അതിനു മുന്നേ മാറ്റണം."
"കീ വീട്ടിലാണുള്ളത് PW **** പോരെ?"

എന്റെ സംസാരം കേട്ടാവാം അലോഷി ചിരിച്ചു.

"വേദ രാവിലെ നമ്മളവനെ പിടിച്ചിരിക്കും ധൈര്യമായി ഉറങ്ങിക്കോ."

വീടിന്റെ കീയെടുത്തു കൊടുത്ത ശേഷം അവർ പോയി.പിന്നീടെന്തോ ഉറക്കം വന്നില്ല. ചായം പൂശിയ മുഖമുള്ളരാൾ പുറത്തു നിന്ന് കളി നിയന്ത്രിക്കുന്നു.
ഗായത്രീ മേഡത്തിനെ വിളിച്ചപ്പോൾ സ്വിച്ച്ഡ് ഓഫായിരുന്നു. ടീപ്പോയ്മേൽ കാലെടുത്തു വെക്കാനാഞ്ഞ ഞാൻ ഒരു കവർ കണ്ടു ഞെട്ടി. പരിചിതമായ കൈപ്പട .
ഇതാരാവും ഇനിയൊരു പക്ഷേ നാൻസിയാവുമോ കത്തെഴുതിയത്?
എന്റെ പേരു മാത്രം എഴുതിയ ആ കവറെടുത്തു ഞാൻ തുറന്നു. അതിനകത്ത് കുറച്ചു ഫോട്ടോകൾ കണ്ടു. എല്ലാം ഉറങ്ങിക്കിടക്കുന്ന ഫോട്ടോസുകൾ, അതിൽ ഒരു പെൺകുട്ടിയുടെ മുഖം പരിചിതമായി തോന്നി. യെസ് ഇതവൾ തന്നെ. അവളെങ്ങനെ.......?

നഴ്സിംഗ് വിദ്യാർത്ഥിയായ കൃഷ്ണപ്രിയാ വസുദേവ്. ആഴ്ചകളോളം അബോധാവസ്ഥയിലായതിനു ശേഷം ആശുപത്രിയിൽ നിന്നും കാണാതായ പെൺകുട്ടി. അടുത്തത് ഒരു ചെറിയ ആൺകുട്ടിയുടേതാണ്.അത് കഴിഞ്ഞ് അവന്റെ മുഖവുമായി സാമ്യമുള്ള മറ്റൊരു ആൺകുട്ടി അവനേക്കാൾ പ്രായം കുറഞ്ഞത് .
പിന്നെ അപരിചിതമായ നാലു സ്ത്രീകൾ. എല്ലാം പല പ്രായത്തിലുള്ളത്.മൂന്ന് പുരുഷന്മാർ .എല്ലാവരും ഉറങ്ങുകയാണ്. അവരുടെ കിടപ്പുവശം കണ്ടിട്ട് അതൊരു ആശുപത്രി പോലെ തോന്നി. പക്ഷേ അതിലും എന്റെ ശ്രദ്ധയാകർഷിച്ചത്. അവരിൽ ചിലരുടെ കൈകളിൽ ഒന്നു രണ്ടിടത്ത് കണ്ട വയലറ്റ് കലർന്ന കറുപ്പടയാളമാണ്. ആ അടയാളങ്ങളെല്ലാം വെയിനിനു നേരെയായിരുന്നു. ചിലരുടെ കൈകളിൽ അതിന്റെ സ്ഥാനത്ത് കാനുല കണ്ടു. അതിനർത്ഥം അവരുടെ ശരീരത്തിൽ എന്തോ മെഡിസിൻ തുടർച്ചയായി കുത്തിവെക്കുന്നുണ്ടെന്നു തന്നെയല്ലേ.? ഫോട്ടോയ്ക്കൊപ്പമുള്ള
നാലായി മടക്കിയ പേപ്പർ ഞാൻ തുറന്നു.

വേദ,
ക്ഷമിക്കണം. നേരിൽ വരാൻ കഴിയാത്തതിനാൽ മാത്രമാണീ കത്ത് എഴുതുന്നത്. നിനക്കിവരെ രക്ഷിക്കാൻ കഴിയുമെന്ന വിശ്വാസമുള്ളതിനാൽ മാത്രം .ഇവരെയെല്ലാം കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി കാണാതെ പോയവരാണ്. പത്രവാർത്തകൾ ഓർത്തുവെക്കുന്ന നിനക്ക് ഈ മുഖങ്ങൾ ഓർത്തെടുക്കാൻ പ്രയാസമുണ്ടാവില്ലെന്നു വിശ്വസിക്കട്ടെ.ഈ ഫോട്ടോ നിന്നെ സഹായിക്കും
സ്നേഹപൂർവ്വം Pr

കത്ത് തീർന്നു.അബോധമായ അവസ്ഥയിൽ ഇവരെല്ലാം മറ്റെവിടെയോ ജീവിച്ചിരിക്കുന്നുണ്ടെന്ന് തന്നെയാണ് അജ്ഞാതന്റെ കത്ത് പറയുന്നത്.
ഫോട്ടോയിലേക്ക് ഞാൻ വീണ്ടും വീണ്ടും സൂക്ഷിച്ചു നോക്കി. എന്തെങ്കിലും ഒരു പഴുതിനായി. ഇളം വയലറ്റിൽ വൈറ്റ് ചെക്ക് പില്ലോകവറും ബെഡ്ഷീറ്റും ദേഹത്തിനു സൈഡിലായി മാത്രം കാണുന്ന ഒരിലയുടെ ഭാഗം. ഞാനത് ഫോട്ടോയെടുത്ത് വാട്സാപ്പിൽ അരവിക്കയച്ചു.

'ഡാ ഈ ബെഡ്ഷീറ്റ് കേരളത്തിലെ ഏത് ഹോസ്പിറ്റലിലാണെന്നറിയണം.'

'ഒകെ'

മറുപടി വന്നു.
ഹാളിലിരിക്കുന്ന സിസ്റ്റം ഓൺ ചെയ്തു ഞാനിരുന്നു. അപ്പയുടെ Mail ഓപ്പൺ ചെയ്യുകയായിരുന്നു ലക്ഷ്യം.
മെയിൽ ഐഡി കൊടുത്തു. പാസ് വേർഡ് പല തവണ തെറ്റി.

appu888

അടിച്ചപ്പോൾ ലോഗിൻ ആയി .മുകളിൽ കിടക്കുന്ന മെസ്സേജുകൾ പലതും ഞാൻ തന്നെ അയച്ചതാണ്.
മൂന്ന് വർഷം മുന്നേ വന്ന മെയിൽ അതായത് അച്ഛന്റെ മരണത്തിനു മുമ്പു വന്ന മെസ്സേജുകൾ അതാണ് ഞാൻ നോക്കിയിരിക്കുന്നത്.
എനിക്കത് കിട്ടി, ഞാനത് ഓപൺ ചെയ്തു .
srtbp1@gmail.com എന്ന മെയിൽ ഐഡിയിൽ നിന്നും വന്ന ഒന്നിലധികം വധഭീഷണികൾ. അച്ഛൻ രണ്ടു തവണ അപകടത്തിൽ നിന്നും രക്ഷപ്പെട്ടതാണെന്ന് ആ മെയിലുകൾ പറയുന്നു.
ash10 എന്ന മെയിൽ ഓപ്പൺ ചെയ്തപ്പോൾ കുറേ രാസനാമങ്ങൾ പോലെ തോന്നി.ഇത് അപ്പയുടെ സിസ്റ്റത്തിൽ ഞാൻ കണ്ടിരുന്നു.
പിന്നെ വന്നത് ഒരു ഇമേജാണ്. എനിക്ക് അപരിചിതമായ ഏതോ ഭാഷയിൽ നിറയെ എഴുതിയിരിക്കുന്നു. പ്രാധാന്യമുണ്ടാവും. ഞാനതിന്റെ ഒരു പ്രിന്റെടുത്തു.
ganna യുടെ മെയിൽ ഇങ്ങനെ 'ഭയമുണ്ടെങ്കിൽ പിന്തിരിഞ്ഞു പോവാ'മെന്ന്. അതിന് അപ്പ റിപ്ലെ ചെയ്തിട്ടുണ്ട്.

" കേസ് നമ്പർ 117/13 സിബിബാല w/o ബാലകൃഷ്ണൻ.
മനുഷ്യാവകാശം.
ഫസ്റ്റ് ഹിയറിംഗ് 2013 April 3rd
ജില്ലാ കോടതി
സമയം 11 am"

അതിന് മുന്നേയും കുറേ ഉണ്ട്.
ആ കേസ് നമ്പർ ഞാൻ നോട്ട് ചെയ്തു.
അച്ഛന്റെ ഷെൽഫിൽ കാണും അതിന്റെ ഡീറ്റയിൽസ്.
അപ്പോഴേക്കും അരവിയുടെ കോൾ വന്നു.

"ഹലോ അരവി "

"വേദാ. നീ തന്നത് SNമെഡിസിറ്റിയിലെ ബെഡ്ഷീറ്റ് പിക്ചറാണ്."

" സൗത്തിലുള്ള ?"

"യെസ് അതു തന്നെ."

"നീയെവിടെയാ?"

" ഞാൻ നെടുമ്പാശ്ശേരിക്ക് പോയ്ക്കോണ്ടിരിക്കുകയാ."

" എങ്ങനെയാ പോവുന്നത്?"

" കാറിലാണ്"

" വേറെയാരാ ഉള്ളത്? "

"ആരുമില്ല തനിച്ചാ. നീയെന്താടീ ഇങ്ങനെ ചോദിക്കുന്നത്?"

"നീയുടനെ നമ്മുടെ ഓഫീസ് ഫ്ലാറ്റിലെത്തണം. ഒരിടം വരെ പോകണം."

"എടി 12.15നാണ് ഫ്ലൈറ്റ്. "

" ഇന്നത്തെ ബാംഗ്ലൂർ യാത്ര ക്യാൻസൽ.ജോണ്ടിയോടും ഉടനെ വരാൻ പറ "

പറഞ്ഞു ഞാൻ കോൾ കട്ട് ചെയ്തയുടനെ SN മെഡിസിറ്റിയിലെ ഒരു പഴയ സ്റ്റാഫിനെ വിളിച്ചു.

കുറേ നേരത്തെ ബെല്ലടിച്ചതിനു ശേഷമാണ് ഫോണെടുത്തത്.

"ഹലോ "

ഉറക്കച്ചവടിലെ സ്വരം

"വർഗ്ഗീസേട്ടാ ഞാനാ വേദ. കൈലാസത്തിലെ പരമേശ്വറിന്റെ...."

ഞാൻ പരിചയപ്പെടുത്തി. മറുവശത്ത് ഉയർന്ന ചിരി.

"വേദ എന്നു മാത്രം മതി. മോളെ മനസിലാക്കാൻ. എന്താ ഈ സമയത്ത് ?"

"എനിക്കൊരു സഹായം വേണം"

"കുഞ്ഞ് പറ.കുഞ്ഞിനല്ലാതെ ഞാൻ വേറെയാരെ സഹായിക്കാനാ?"

" SN മെഡിസിറ്റി തുടങ്ങിയപ്പോൾ വർഗ്ഗീസേട്ടന് അവിടല്ലാരുന്നോ ജോലി? "

"അതെ. 19 വർഷായില്ലെ തുടങ്ങീട്ട്?!.....പ്രായായപ്പോ നിർത്തി. പുണ്യാളന്റെ കൃപകൊണ്ട് മൂത്ത മോൾക്കൊപ്പം ജീവിച്ചു പോകുന്നു."

" ഹോസ്പിറ്റൽ പ്ലാൻ വരച്ചത് ആരാണെന്നറിയുമോ?"

"അതെന്താ അറിയാത്തെ.ഗണേശൻ എന്നാ കോൺഡ്രാക്ടറുടെ പേര്. ബിൽഡപ്പെന്ന പേരിൽ പാലാരിവട്ടത്ത് വലിയ ഓഫീസുണ്ട്.നമ്പറൊന്നും സൂക്ഷിച്ചു വെച്ചിട്ടില്ല. എന്താ മോള് ഹോസ്പിറ്റൽ പണിയാമ്പോവാണോ?"

"ചെറിയൊരു ആലോചന. ശരി എങ്കിൽ ഞാനതൊന്നു നോക്കട്ടെ."

" ശരിമോളെ "

വർഗീസേട്ടന്റെ ആക്സിഡണ്ട് കേസ് അച്ഛനായിരുന്നു വാദിച്ചത് ,അതിൽ വിജയവും നഷ്ടപരിഹാരവും വാങ്ങിക്കൊടുത്ത നന്ദി അവരിന്നും സൂക്ഷിക്കുന്നു.

ഗൂഗിളിൽ കയറി ബിൽഡപ്പ് സെർച്ച് ചെയ്ത് കോൺഡ്രാക്റ്റ് നമ്പറിൽ വിളിച്ചു. ലാന്റ് നമ്പറിൽ ആരും അറ്റന്റ് ചെയ്തില്ല -മൊബൈൽ നമ്പറിൽ വിളിച്ചു.

രണ്ടാമത്തെ റിംഗിനു കോളെടുത്തു.

"ഹലോ ഗണേശൻ സർ"

"അതെ "

"സോറി സർ അസമയത്ത് വിളിച്ചതിൽ ക്ഷമ ചോദിക്കുന്നു."

സോപ്പിടൽ ആരംഭിച്ചു.

" ആരാണ് സംസാരിക്കുന്നത്.?"

"എന്റെ പേര് വേദ. എന്റെ കസിനു വേണ്ടിയാണ് ഞാനിപ്പോൾ സംസാരിക്കുന്നത്. സാറിനു ബുദ്ധിമുട്ടില്ലെങ്കിൽ കുറച്ചു കാര്യങ്ങൾ......"

"യെസ് പറയൂ "

" കസിൻ സ്റ്റേറ്റ്സിലെ പഠനം കഴിഞ്ഞ് വന്നിട്ടുണ്ട്. സ്വന്തമായൊരു ഹോസ്പിറ്റലെന്ന ഭ്രാന്തുമായി നടക്കുകയാണ്.അങ്ങനെ അന്വേഷിച്ചപ്പോൾ സാറിന്റെ നമ്പർ കിട്ടിയത്."

ഒരാളെ മാക്സിമം പിഴിയാൽ കിട്ടിയ സന്തോഷത്തിൽ അയാൾ

" സ്ഥലം എവിടെയാ?"

"തൃശ്ശൂർ... SN മെഡിസിറ്റി പ്ലാൻ സാർ വഴിയല്ലേ നടന്നത്?"

"അതെ. അതൊരു ബിഗ് പ്രൊജക്ടാണ്.അങ്ങനെയുള്ളതാണോ നിങ്ങളുടേതും.?"

സംസാരത്തിൽ എവിടെയോ ഉണർവു കണ്ടു.'

"അതെ. സർ നാളെ ഫ്രീയാണെങ്കിൽ ഞാൻ നേരിൽ വരാം സംസാരിക്കാൻ.നമുക്ക് ലൊക്കേഷനിൽ പോവുകേം ചെയ്യാം അതിനു മുന്നേ എനിക്കതിന്റെ പ്ലാൻ കിട്ടാൻ വഴിയുണ്ടോ?"

"കുറച്ചു വെയ്റ്റ് ചെയ്യാമോ. തപ്പിയെടുക്കണം. എന്നിട്ട് ഞാനയച്ചു തരാം."

" ഈ നമ്പറിൽ തന്നെ അയച്ചാൽ മതി ഞാൻ വെയ്റ്റ് ചെയ്യാം."

ഫോൺ കട്ടായി എന്റെ ചുണ്ടിൽ പുഞ്ചിരി വിടർന്നു.വിജയം മുന്നിൽ കണ്ട പുഞ്ചിരി

കണ്ണാടി ഊരി മേശപ്പുറത്തു വെച്ചു ഞാൻ കുളിച്ചിറങ്ങിയപ്പോഴേക്കും ഫോണിൽ ഗണേഷന്റെ മെസ്സേജ് വന്നിരുന്നു. എട്ട് നിലയുള്ള ഹോസ്പിറ്റലിന്റെ 9 സ്ക്കെച്ച്.ഞാനത് പഠിക്കാനിരുന്നു.
ജേർണലിസം പഠിക്കുന്നതിന്റെ ഭാഗമായി ഹോസ്പിറ്റലിനെ കുറിച്ചൊരു ഡോക്യുമെന്ററി തയ്യാറാക്കാനിരുന്നപ്പോൾ ഞാൻ തിരഞ്ഞെടുത്തത് SNമെഡിസിറ്റി ആയിരുന്നു.

അന്നവിടുത്തെ ഓരോ മുക്കും മൂലയും അരിച്ചുപെറുക്കിയിട്ടുണ്ട്. പക്ഷേ എന്റെറിവിൽ 7 നിലയേ ഉണ്ടായിരുന്നുള്ളൂ. ഗ്രൗണ്ട് ഫ്ലോറിൽ ക്യാൻസർ വാർഡും ക്യാഷാലിറ്റിയും, ,ഗർഭിണികളുടെ ഒപിയും
കാർ പാർക്കിംഗും കാന്റീനും മാത്രം.
ഒന്നാം നിലയിൽ കുട്ടികളുടെ വാർഡും കുട്ടികളുടെ ഒപിയും, ഐസിയുവും, ലാബും,

രണ്ടാം നിലയിൽ ഗർഭിണികളുടെയും അമ്മമാരുടേയും വാർഡ് ,പ്രസവമുറി, ഓപറേഷൻ തിയേറ്റർ മാത്രം.

മൂന്നാം നിലയിൽ കോൺഫറൺസ് ഹാളും ജെനറൽ ഒപിയും മാത്രം,
നാലിൽ ജെനറൽ വാർഡുകളും ഇ എൻ ടി ഒ പി യും
ഇങ്ങനെ ഏഴ് നിലകൾ ഞാനതിൽ നിന്നും അടയാളപ്പെടുത്തിയിയത് വെച്ച് ഓർത്തെടുത്തു.
പക്ഷേ എട്ടാം നിലയെക്കുറിച്ചൊരു ധാരണ ഇല്ല. മറ്റ് ഏഴ് നിലകളുടേയും പ്ലാനുകൾ ഒരേ പോലെ ആയതിനാൽ എട്ടാം നിലയിലും പ്ലാൻ വലിയ വ്യത്യാസമൊന്നുമുണ്ടാവാൻ സാദ്ധ്യത ഇല്ല.

ഫോണെടുത്ത് നൗഫിയുടെ നമ്പർ തപ്പി. അന്ന് ഡോക്യുമെന്ററി തയ്യാറാക്കാനിരുന്നപ്പോൾ എന്നെ സഹായിച്ചത് കോഴിക്കോട്ടുകാരി നൗഫിയായിരുന്നു.
ഭാഗ്യം നമ്പർ കിട്ടി!

രണ്ട് വട്ടം വിളിക്കേണ്ടി വന്നു ഫോണെടുക്കാൻ.

"ഹലോ ..."

" നൗഫീ... "

"അതെ ഇങ്ങളാരാ ങ്കി മനസിലായില്ല."

"ഞാനാ വേദ പരമേശ്വർ "

"അള്ളോന്റുമ്മച്ചിയേ.... അനക്ക് ബല്ലാത്ത ധൈര്യം തന്നെ അഴുകിയ മയ്യത്ത് നട്ടപ്പാതിരാക്ക് കണ്ട് പിടിച്ചല്ലോ പഹയാ."

" നൗഫീ നീയെവിടാ?"

" ഡ്യൂട്ടിയിലാ."

" എടി ഞാനിപ്പോ വരും എന്നെയൊന്ന് ഹെൽപ്പണം "

"ഇനീപ്പം ഊന്റാത്ത് നിന്ന് ചീഞ്ഞ മയ്യത്ത് കണ്ട് പിടിക്കോ ഇയ്യ് ?"

" ഇല്ലെടി. ഞാൻ വരാം.പിന്നെ ഇക്കാര്യം പുറത്ത് പോകല്ല്."

" ഇല്ല"

അപ്പോഴേക്കും അരവി കോൾ വെയ്റ്റിഗിലുണ്ടായിരുന്നു.

കാൾ ഞാനെടുത്തു.

" ഞങ്ങൾ താഴെയുണ്ട് വാ."

ഞാൻ റൂം പൂട്ടിയിറങ്ങി.അരവിക്കൊപ്പം മുന്നിൽ തന്നെ കയറി. പോകും വഴി കാര്യങ്ങൾ അവനെ ധരിപ്പിച്ചു.

"വേദ ഇത് റിസ്ക്കാണ്."

"അറിയാം. അതറിഞ്ഞു കൊണ്ടാണ് ഇറങ്ങിത്തിരിച്ചത്. എടാ നീയൊന്നോർത്ത് നോക്കിയെ മരിച്ചു എന്ന് നമ്മളെല്ലാവരും കരുതിയ കൃഷ്ണപ്രിയ, പിന്നെയും പേരറിയാത്ത ആരൊക്കെയോ. നമ്മുടെ ഈ ശ്രമത്തിൽ വിജയിക്കേണ്ടത് അവരുടെ ജീവനാണ്. "

" നീ പറയുന്നത് ശരിയാവാം തെറ്റാവാം. ചിലപ്പോൾ നിന്നെ അപായപ്പെടുത്താൻ ശത്രുക്കൾ ചെയ്തതാണെങ്കിലോ വേദ.?"

"നീയെന്താ അരവി എല്ലാത്തിനേയും നെഗറ്റീവായി കാണുന്നത്.നിനക്ക് പറ്റില്ലെങ്കിൽ വണ്ടി നിർത്ത് ഞാൻ തനിയെ പോകാം. ....... ജോണ്ടി നിനക്ക് ധൈര്യമുണ്ടോ എനിക്കൊപ്പം വരാൻ?"

" ഞാൻ വരാം ചേച്ചീ "

" അരവി വണ്ടി നിർത്തിക്കോ."

പക്ഷേ അവൻ നിർത്താതെ ഹോസ്പിറ്റൽ ലക്ഷ്യം വെച്ചു നീങ്ങി.
ഹോസ്പിറ്റലിലേക്ക് കടക്കുമ്പോൾ ഞാൻ നൗഫിയെ വിളിച്ചപ്പോൾ അവൾ തേർഡ് ഫ്ലോറിലുണ്ട് ഇപ്പോ വരാമെന്ന് പറഞ്ഞു.
കാർ പാർക്കിംഗിൽ എത്തി.

"നിങ്ങളിവിടെ നിൽക്ക് 5 മിനിട്ട് ഞാനെത്താം "
ഡോക്ടേഴ്സിന്റെയും ഹോസ്പിറ്റൽ തുണികളും അലക്കിയിടുന്ന മുറിയായിരുന്നു ലക്ഷ്യം. അവിടെ നിന്നും ആരുടേയും കണ്ണിൽ പെടാതെ മൂന്ന് യൂണിഫോം കൈക്കലാക്കാൻ പത്തു മിനിട്ടെടുത്തു തിരികെ വന്നു മൂന്ന് പേരും അവ ധരിച്ചു.
പതിഞ്ചു മിനിട്ടിനുള്ളിൽ നൗഫി എത്തുകയും ചെയ്തു.

യൂണിഫോമിൽ നിൽക്കുന്ന എന്നെ മനസിലാവാതെ അവൾ തിരിഞ്ഞു നടന്നു.

" നൗഫീ... "

അവൾ നിന്നു.

"ഏഹ്.... ഇത് ഇങ്ങളായീനോ?! ഫാൻസീഡ്രസ്സാ?"

"അതെ കൊള്ളാമോ?"

" കൊള്ളാം പക്ഷേ ഇങ്ങി കറത്തോയല്ലോ. വെയിലത്ത് ള്ള കറക്കാ ല്ലേ ?"

അവൾ തുടങ്ങി. അവളുടെ കുശലങ്ങൾക്കെല്ലാം മറുപടി പറഞ്ഞപ്പോൾ ഞാൻ ചോദിച്ചു

" നൗഫി... ഇവിടുത്തെ 8 മത്തെ നിലയിൽ എന്താ?."

" ആ ങ്കിറിയേല. ആടൊന്നുമില്ല."

ആ കണ്ണുകൾ എന്തോ മറയ്ക്കുന്നുണ്ടായിരുന്നു.

"നൗഫീ നിനക്കറിയാം അവിടെന്താണെന്ന്. നിനക്കൊരിക്കലും ഇതിനാൽ ദോഷം വരില്ല . "

അവളുടെ മുഖത്തെ ഭയം വിട്ടുമാറിയില്ല.അരവിയുടെ ഫോൺ റിംഗ് ചെയ്തു. അവനതുമായി തെല്ലുമാറി നിന്നു.

"വേദ, അതിന്റാത്ത് എന്താന്ന് അറിയില്ല. ഇടയ്ക്കിടക്ക് ഡോക്ടേഴ്സ് പോകുന്നത് കാണാറുണ്ട്. ആഫ്ലോർ സ്റ്റെപ്പ്നടുത്ത് വെച്ച് പൂട്ടി വെച്ചതാ"

" ഉം.... എനിക്കതിനകത്ത് ആരുടേയും കണ്ണിൽ പെടാതെ കടക്കണം.അതിനുള്ള വഴി പറ"

"അള്ളോ ഇങ്ങ്ളെന്ത് ഹറാമ്പറപ്പാ പറയുന്നത്. അതൊന്നും നടക്കൂല ആരേലും കണ്ടാന്റെ പണിയാ പോകാ"

അവൾ വല്ലാതെയായി.

"ആരേലും കണ്ടാലല്ലേ? കണ്ടില്ലെങ്കിലോ....."

"അതൊന്നും ശരിയാവൂല. ഞാമ്പോണ്"

"നീ സഹായിച്ചില്ലെങ്കിലും ഞാനതിനകത്ത് കയറും "

അതും പറഞ്ഞ് ജോണ്ടിയേയും കൂട്ടി മുന്നോട്ട് നടന്നു.പിന്നിലവൾ പകച്ചു നിന്നു. അപ്പോഴേക്കും ഫോൺ കട്ട് ചെയ്ത് അരവിയും എത്തി.ഫ്ലോറിൽ പലയിടത്തായി ക്യാമറ ഉള്ളതിനാൽ പോക്കറ്റിൽ നിന്നും മാസ്ക്കെടുത്തു കെട്ടി. ഒരെണ്ണം അരവിക്കും ജോണ്ടിക്കും കൊടുത്ത് നടന്നു. അവരുമത് മുഖത്ത് കെട്ടി. മനപൂർവ്വം ലിഫ്റ്റ് ഒഴിവാക്കി സ്റ്റെപ്പു കയറാൻ തുടങ്ങിയപ്പോൾ പിന്നിൽ നിന്നും

"വേദാ"

വിളി കേട്ടു നൗഫിയാണ്. അവൾ ഞങ്ങൾക്കൊപ്പമോടിയെത്തി.

" എട്ടാം നിലയിൽ കയറുന്നത് അത്ര എളുപ്പമല്ല. ആടെപ്പഴും സെക്യൂരിറ്റിയുണ്ടാവും."

"ഒരു വഴിമാത്രമേ അവിടെ ഉള്ളോ?"

അരവിയുടെ ചോദ്യം.

"രണ്ട് വഴിയുണ്ട്. ലിഫ്റ്റു വഴിയും സ്റ്റപ്പു വഴിയും. രണ്ടിടത്തും ക്യാമറ ഉണ്ട്. "

"ക്യാമറ പ്രശ്നാകൂലൊ അരവിയേ.... "

"ക്യാമറ റൂം എത്രാം നിലയിലാ?"

"രണ്ട് "

" അതിനകത്തെത്ര സ്റ്റാഫുണ്ടാവും?"

" ഒരാൾ മാത്രം."

" നൈറ്റ്ഷിഫ്റ്റ് ടൈം?"

"7.30 pmto 7.30am "

ഞാൻ ജോണ്ടിയെ നോക്കി. ഞങ്ങൾ അപ്പോഴേക്കും നടന്ന് രണ്ടാം നിലയിൽ എത്തിയിരുന്നു.

"ഏത് ഭാഗത്താ ക്യാമറാറൂം?"

"ദാ അവിടെ."

അവൾ ചൂണ്ടിക്കാണിച്ച ഭാഗം ലക്ഷ്യം വെച്ച് നടന്നു.നൗഫി തിരിച്ചു പോയി.
ഓപ്പറേഷൻ തിയേറ്റർ കഴിഞ്ഞ് നാലാമത്തെ മുറിയായിരുന്നു ക്യാമറാ റൂം.
ജോണ്ടിക്കൊപ്പം ഞാനും കയറി. ഒരാൾ അവിടെയിരുന്നു ഫോൺ ചെയ്യുകയായിരുന്നു.
അരവിയെ കണ്ടതും അവൻ പേടിച്ച് ഫോൺ കട്ട് ചെയ്തു ടേബിളിൽ വെച്ചു.

"നിനക്കിവിടെ ശമ്പളം തരുന്നതെന്തിനാ?"

"സോറി സാർ.... വീട്ടിൽ നിന്നും....."

" ഡ്യൂട്ടി ടൈമിൽ തന്നെ വേണോ?....."

"വൈഫായിരുന്നു സാർ ...."

" ഉം...... ഉം...... "

അരവിയുടെ ആക്രമണം പെട്ടന്നായിരുന്നു. അവന് എതിർക്കാൻ കഴിയുന്നതിനു മുന്നേ കത്രിക പൂട്ടിട്ടു .ശബ്ദിക്കാനായി വായ തുറന്നപ്പോൾ കുറേ കോട്ടൻ ജോണ്ടിയവന്റെ വായിൽ കുത്തിനിറച്ചു. പ്ലാസ്റ്റർ വെച്ച് കൈകാലുകൾ കസേരയോട് ചേർത്ത് വെച്ച് ബന്ധിച്ചു.

"ഇവനെകൊണ്ടിനി പ്രശ്നമുണ്ടാവില്ല, ഞങ്ങൾ ക്യാമറാറൂമിൽ നിന്നും ഇറങ്ങി നടന്നു .മൂന്നാം നിലയിൽ നിന്നുംഎതിരെ നടന്നു വരുന്ന ഡോക്ടറുടെ മുഖം കണ്ടതും സകല ധൈര്യവും ചോർന്നു പോയി. താൻ പിടിക്കപ്പെടാൻ പോവുകയാണ്. പക്ഷേ ഇവനെങ്ങനെ ഇവിടെത്തി?
നെറ്റിയിൽ മുറിവിന്റെ വെച്ചുകെട്ടലുമായി റോഷൻ നടന്നു വരുന്നു.

അവനെന്നെ സൂക്ഷിച്ചു നോക്കുന്നു. മനസിലായെന്നു തോന്നുന്നു. ഞാൻ അവനെ ശ്രദ്ധിക്കാതെ നടന്നു.

"സർ 17 ലെ പേഷ്യന്റിനു കുറച്ച് സീരിയസാണ് "

ഒരു സിസ്റ്റർ വന്നു റോഷനോട് സംസാരിക്കുന്നു. അവർക്കൊപ്പം റോഷൻ പോകുന്നു.
ഞാൻ ഫോണെടുത്ത് അലോഷിയെ വിളിച്ചു.

"താനുറങ്ങിയില്ലെ?"

" ഇല്ല, സർ റോഷൻ എവിടെയാ ഉള്ളതെന്നറിയുമോ?"

"രാവിലെ അറസ്റ്റ് ചെയ്തതല്ലേ? എന്തു പറ്റി"

" അവൻ പുറത്തിറങ്ങി. SNമെഡിക്കൽസിലുണ്ട്."

" അവൻ തന്നെയാണോ?"

" ഉം. നെറ്റിയിൽ മുറിവ് ഡ്രെസ്സ് ചെയ്തു വെച്ചിട്ടുണ്ട്. "

" എങ്കിൽ ജാമ്യത്തിലിറങ്ങിയതാവും. നീയെന്താ ഹോസ്പിറ്റലിൽ വയ്യാതായോ?"

"ഇല്ല. ഞാനത് കുറച്ചു കഴിഞ്ഞ് പറയാം"

മറുപടിക്കു കാക്കാതെ ഞാൻ കാൾ കട്ട് ചെയ്തു.
ഏഴാം നില കഴിഞ്ഞു എട്ടിൽ എത്തിയപ്പോൾ ഞാൻ തിരിഞ്ഞു അരവിയോട് പറഞ്ഞു.

" ഇത് വരെ നമ്മൾ സേഫായിരുന്നു ഇനിയങ്ങോട്ട് സൂക്ഷിക്കണം ചിലപ്പോൾ ജീവൻ വരെ പോയേക്കാം.പിന്നെ നിങ്ങൾ ശ്രദ്ധിച്ചോ എന്നെനിക്കറിയില്ല.ക്യാമറ റൂമിൽ ഏഴ് ഫ്ലോറിലെ ക്യാമറകൾ മാത്രമേ കാണിക്കുന്നുള്ളൂ. എട്ടാമത്തെ ഫ്ലോർ നമ്പർ അതിൽ ഇല്ല"

" എങ്കിൽ 8 ൽ ക്യാമറ ഉണ്ടാവില്ല. നമുക്കെളുപ്പമായില്ലെ"

ജോണ്ടി ഇടയ്ക്കു കയറി പറഞ്ഞു.

" അങ്ങനെയല്ല അതിനർത്ഥം നമ്മൾ കുറച്ചു കൂടി ഭയക്കേണ്ടിയിരിക്കുന്നു. കൂടുതൽ സെക്യൂരിറ്റി ഉണ്ടാവും അതല്ലെങ്കിൽ അവിടെ പ്രത്യേകമായ CCTV നിരീക്ഷണത്തിലായിരിക്കും."

"അപകടമാണല്ലേ..."

" ഉം ഒറ്റയ്ക്കാരും നീങ്ങരുത് "

"വേദയുടെ പ്ലാൻ എന്താണ്? നീ പറഞ്ഞത് പോലെ അതിനകത്ത് കൃഷ്ണപ്രിയുണ്ടെങ്കിൽ...... അവരെ എങ്ങനെ രക്ഷിക്കും?...?"

" പോലീസിൽ അറിയിക്കും.അവരിൽ എനിക്കത്ര വിശ്വാസം പോരാത്തതിനാൽ അതിനു മുന്നെ വേറെയൊരു വഴിയുണ്ട്. "

"അതെന്താ?"

"സമയമാകട്ടെ പറയാം. അപ്പോൾ നമ്മൾ തുടങ്ങുകയാണ്.എന്തുവന്നാലും പതറരുത്.."

മൂന്ന് പേരും എഗ്രി ചെയ്തു. മൊബൈൽ ഫോണല്ലാതെ എന്റെ കൈയിൽ മറ്റൊന്നുമുണ്ടായിരുന്നില്ല. ജോണ്ടിയുടെ പുറത്തെ ബാഗിൽ ക്യാമറയും .
ലിഫ്റ്റ് വഴി കയറാൻ ശ്രമിച്ച അരവിയെ ഞാൻ പിന്തിരിപ്പിച്ചു.സ്റ്റെപ്പു കയറാനാഞ്ഞപ്പോൾ തിരിക്കിട്ട് ആരോ ഇറങ്ങി വരുന്ന ശബ്ദം. ഞങ്ങൾ എതിർ ദിശയിലേക്ക് തിരക്കിട്ട് നടന്നു. ഇടയ്ക്ക് പിന്തിരിഞ്ഞു നടന്നപ്പോൾ സെക്യൂരിറ്റി യൂണിഫോമിൽ ഒരാൾ സ്റ്റെപ്പിറങ്ങി പോവുന്നത് കണ്ടു.
പോയതിനേക്കാൾ വേഗത്തിൽ ഞങ്ങൾ തിരികെ വന്നു സ്റ്റെപ്പു കയറി. കയറിയ പാടെ അവിടെ എവിടെയെങ്കിലും CC ക്യാം ഉണ്ടോയെന്ന് നോക്കി. ഭാഗ്യം! ഇല്ല. അകത്ത് കടക്കാൻ പറ്റാത്ത വിധം സ്റ്റെപ്പു കഴിയുന്നിടത്ത് ഗ്ലാസിട്ട് ബ്ലോക് ചെയ്തിട്ടുണ്ട്.ഞാൻ പതിയെ തള്ളാൻ ശ്രമിച്ചു. കതക് അകത്തോട്ട് ശകലം നീക്കി. അടുത്ത സെക്കന്റിൽ ആ വാതിൽ തുറക്കപ്പെട്ടു. ഞങ്ങൾ ഗ്ലാസിലേക്ക് ചേർന്നു നിന്നു. സെക്യൂരിറ്റി യൂണിഫോം ധരിച്ചൊരാൾ പുറത്തിറങ്ങി.ഞാൻ അരവിയെ കണ്ണു കാണിച്ചു. അവനയാളുടെ പിന്നിലൂടെ ചെന്ന് വായ പൊത്തിപ്പിടിച്ചു. ഞാൻ ഗ്ലാസ് ഡോറിനകത്തേക്ക് തലയിട്ടു നീണ്ട പാസ്സേജാണ്.ഒരാളെയും കാണാനില്ല. തൊട്ടു മുന്നിൽ ഒരു മുറി കണ്ടു. അതിന്റെ ചാവി ഡോറിൽ

തന്നെയുണ്ടായിരുന്നു. ഞാനതിനകത്ത് കയറി നോക്കി. ഒഴിഞ്ഞൊരു മുറി മാത്രം. വീണ്ടും പുറത്തിറങ്ങി.അരവിയോട് സെക്യൂരിറ്റിയെ ആ മുറിയിൽ ലോക് ചെയ്യാൻ പറഞ്ഞു.
സെക്യൂരിറ്റിയെ മുറിയിൽ കൈകളും കാലുകളും പിന്നിലേക്കാക്കി പ്ലാസ്റ്ററൊട്ടിച്ച് കിടത്തി. ശബ്ദിക്കാതിരിക്കാനായി വായയ്ക്കു മീതെയും പ്ലാസ്റ്ററൊട്ടിച്ചു.പുറത്തിറങ്ങി മുറി പൂട്ടി കീ പോക്കറ്റിലിട്ടു. എല്ലാ മുറികളും ലോക്ഡായിരുന്നു. കുറച്ചു കൂടി മുന്നോട്ടു ചെന്നപ്പോൾ ഡ്യൂട്ടി നഴ്സുമാരുടെ മുറിയിൽ നിന്നുള്ള വെളിച്ചം രണ്ട് പേരുണ്ട്. എന്തോ സംസാരിച്ചിരിക്കയാണ്.അത കഴിഞ്ഞ് ഡ്യൂട്ടി ഡോക്ടറുടെ മുറി. അവിടെ ആരും ഇല്ലായിരുന്നു.
കുറച്ചു കൂടി മുൻപിലേക്ക് ചെന്നപ്പോൾ അടച്ചിട്ട മുറിയിൽ നിന്നും വാതിലിന്റെ വിടവിലൂടെ വെളിച്ചം പുറത്തേക്ക് കണ്ടു. പക്ഷേ മുറി പുറത്തു നിന്നും പൂട്ടിയിരിക്കയാണ്.
കീ ഹോളിലൂടെ ഞാൻ എത്തി നോക്കി ഐസിയു പോലെ സജ്ജീകരിച്ച മുറി ഒന്ന് രണ്ട് രോഗികളുണ്ട് മുഖം വ്യക്തമല്ല. ആരോ നടന്നു വരുന്ന ശബ്ദം. മൂന്ന് പേരും ഇടത്തോട്ടുള്ള കോറിഡോറിലേക്ക് കയറി നിന്നു.നേരത്തെ കണ്ട നഴ്സുമാരിലൊരാൾ ചുണ്ടിൽ പുഞ്ചിരിക്കൊപ്പം ഒരു തമിഴ് മൂളിപ്പാട്ടുമായി വരുന്നു. വെളിച്ചമുള്ള അടച്ചിട്ട മുറി തുറക്കുന്നു.
അകത്തു കടക്കുന്നു ശബ്ദമുണ്ടാക്കാതെ ഞാൻ വാതിൽക്കൽ നിന്നെത്തി നോക്കി. അവിടെ കിടക്കുന്ന ഒരു രോഗിക്കടുത്തായി അവൾ നിൽക്കുന്നു. ആ രോഗി എന്തോ പറയാനായി ആഗ്യം കാണിക്കുന്നു. ടോയ്‌ലറ്റിൽ പോകണമെന്നാണോ. നഴ്സ് തുണി പൊക്കി നോക്കുന്നു, കുഴപ്പമില്ലാ എന്നാഗ്യം കാണിക്കുന്നു.
ഞാൻ അരവിയെ കണ്ണു കാണിച്ചു സെക്യൂരിറ്റിയെ പിടിച്ച അതേ ലാഘവത്തോടെ നഴ്സിനേയും കീഴ്പ്പെടുത്തി.
അവളുടെ ചെവിക്കരികിലായി ഞാൻ പറഞ്ഞു.

" ശബ്ദിക്കരുത്.കൊന്നുകളയും. സഹകരിച്ചാൽ നിനക്ക് നല്ലത്. "

അരവി അവളുടെ കൈകൾ പിന്നിലേക്ക് പ്ലാസ്റ്റർ ചെയ്തു.വായ പ്ലാസ്റ്റർ വെച്ച് ഒട്ടിക്കുകയും ചെയ്തു. ആ വലിയ മുറിയിൽ 12 കട്ടിലുകളിലായി 11 രോഗികളുണ്ടായിരുന്നു. പലരും മയക്കത്തിലായിരുന്നു. നഴ്സ് സംസാരിച്ച പെൺകുട്ടിയുടെ അടുത്തേക്ക് ചെന്നു. അത് കൃഷ്ണപ്രിയ ആണെന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല. എനിക്കയച്ചു തന്ന ഫോട്ടോയിൽ കൃഷ്ണ പ്രിയ ആരോഗ്യവതിയാണ്.ഇത് കണ്ണുകൾ കുഴിഞ്ഞ് കവിളൊട്ടി മെലിഞ്ഞുണങ്ങിയ പ്രാകൃത രൂപം. കുറേ നാള് മുന്നേ എടുത്തതാകാം ഫോട്ടോ.
ഞാൻ അലോഷ്യസിനെ ഫോൺ ചെയ്തു.

"സർ എത്രയും പെട്ടന്ന് SN മെഡിസിറ്റിയിലെത്തണം."

ഞാനിവിടെ താഴെയുണ്ട്. തന്റെ കാളിൽ നേരത്തെ തന്നെ അപകടം മണത്തിരുന്നു. ഞാൻ എന്താണ് ചെയ്യേണ്ടത്.?"

"സർ വർഷങ്ങൾക്കു മുന്നേ കാണാതെ പോയ കൃഷ്ണപ്രിയയേയും വേറെ പത്ത് പേരേയും കണ്ടെത്തിയിട്ടുണ്ട്. 8 മത്തെ ഫ്ലോറിൽ ലെഫ്റ്റിൽ ഫസ്റ്റ് റൈറ്റിലെ ഏഴാമത്തെ മുറിയിൽ ഞങ്ങളുണ്ട്.ഇതിനകത്ത് നിന്നും ഇവരേയും കൊണ്ട് പുറത്ത് കടക്കണമെങ്കിൽ പോലീസ് സഹായം വേണം.എത്രയും പെട്ടന്ന് വേണ്ടത് ചെയ്യുക."

"പേടിക്കണ്ട. അഞ്ചു മിനിറ്റ് ഞങ്ങളെത്താം."

ഫോൺ കട്ടായി.

"അരവീ നിന്റെ ഫോണിൽ നെറ്റ് കണക്റ്റ് ചെയ്"

"എന്തിനാ?"

മറുപടി പറയാതെ ഞാനവനെ തറപ്പിച്ച് നോക്കി. ജോണ്ടി ക്യാമറ എടുത്ത് ജോലി ആരംഭിച്ചു. ഞാൻ നഴ്സിന്റെ വായിലെ പ്ലാസ്റ്റർ മാറ്റി അവളോടു ചോദിച്ചു .

"ഇതൊക്കെ ആരാണെന്നറിയാമോ?"

"തെരിയാത്"

" നിന്റെ രോഗിയുടെ പേരും അറിയില്ലെ?"

"പേര് റജിസ്ട്രരിലിരുക്ക്. ഇങ്ക പേഷ്യന്റ് നേം വേന നമ്പർ മട്ടും താൻ ...."

പേടിയോടെ അവൾ പറഞ്ഞു.

"ഇവരെന്താ ഇങ്ങനെയെന്നറിയാമോ?"

" അത് വന്ത് ബ്രെയിനിലെ ഒരു വെയ്നുക്ക് യതാവതോ. അത് വന്ത്......"

" നീയിവിടെ വന്നിട്ടെത്ര നാളായി?"

" എന്ന സാർ? ഉങ്ക ക്വസ്റ്റ്യൻ പുരിയലെ"

"നീ ഇന്ത ഹോസ്പിറ്റൽ ജോയിൻ പൻട്രത് എത്തന നാളാച്ച് "

എന്റെ തമിൾ കേട്ടാവാം ജോണ്ടി ചിരിച്ചു.

"സിക്സ് മത്"

" നീ വരുമ്പോൾ എത്ര രോഗികളുണ്ടായിരുന്നു.?"

"10. ഒരു സിന്ന പയ്യനെ അവങ്ക ലാസ്റ്റ് സൺഡെ അഡ്മിറ്റ് പന്നിയെ "

"ഇതിൽ നിന്നും ഡിസ്ച്ചാർജായവർ എത്ര? "

" തെരിയിലാ .പേഷ്യന്റ് കൂടെ ബൈസ്റ്റാൻഡെർ കെടയാത് സർ."

"വേദ നെറ്റ് ഓൺ"

അരവിയുടെ ശബ്ദം.

"ലോഗിൻ ഫേസ് ബുക്ക് "

അരവിയും ജോണ്ടിയും മുഖത്തോട് മുഖം നോക്കി.

"vedaprmoo7@gmail.com പാസ് വേർഡ് spygirl007 "

"ഓകെ ലോഗ്ഗിൻ.... ഇനി ?"

" ലൈവ് ഓൺ ചെയ്യ്."

ലൈവ് ഓൺ ചെയ്തതിനു ശേഷം ഞാനാ ഫോൺ വാങ്ങി .

"ഹലോ മൈ ഡിയർ ഫ്രണ്ട്സ്, ഞാനിപ്പോൾ നിൽക്കുന്നത് കൊച്ചി നഗരത്തിലെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലാണ്. എനിക്ക് പനി വന്ന് അഡ്മിറ്റിയതല്ല. അതിനേക്കാൾ വലിയൊരു വിപത്തിനെ, ക്യാൻസറിനെ നിങ്ങൾക്കു മുന്നിലെത്തിക്കാനാണ് ഹോസ്പിറ്റലിലെത്തിയത്. "

ബാക്ക്യാമറ ഓൺ ചെയ്തു ഞാൻ അരവിയേയും ജോണ്ടിയേയും പാസ് ചെയ്തു. കൃഷ്ണപ്രിയയിൽ എത്തി.

"നിങ്ങൾക്കീ പെൺകുട്ടിയെ ഓർത്തെടുക്കാൻ പറ്റുന്നുണ്ടോ? "

തുടർന്ന് മറ്റ് ബെഡിൽ കിടക്കുന്നവരേയും കൂടി കാണിച്ചു. തുടർന്ന് മുറിയിൽ ഞങ്ങളെ വ്യക്തമായി കിട്ടത്തക്ക വിധത്തിൽ ഫോൺ ടേബിളിൽ സെറ്റ് ചെയ്തു വെച്ചു.

" ഇവിടുത്തെ സ്റ്റാഫ് നഴ്സിനു പോലും വ്യക്തതയില്ലാത്ത കൃഷ്ണപ്രിയയുടെ രോഗം.അതു പോലെ നിങ്ങളിപ്പോൾ കണ്ട 11 രോഗികളാണിവിടെയുള്ളത്. അവയെല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കാണാതെ പോയവർ."

ഞാൻ നഴ്സിനു നേരെ തിരിഞ്ഞു.

"ഇവരെ എല്ലാ സമയവും മയക്കി കിടത്തുന്നതോ അതോ അവർക്ക് ബോധമില്ലാത്തതോ..... "

വാതിൽ ആരോ തുറക്കുന്നു.
ഡോക്ടർ റോഷൻ!

" ഞാൻ പറഞ്ഞാൽ മതിയോ മിസ് വേദാ പരമേശ്വർ? താഴെ വെച്ചേ ഞാൻ കണ്ടതാണ്. ചെറിയൊരു സംശയം തോന്നിയിരുന്നു. എന്തായാലും സിംഹളമാളത്തിലേക്ക് വന്നതല്ലേ. ഞാനൊന്നു സത്ക്കരിക്കാം. ജീവനുണ്ടെങ്കിൽ തിരികെ ഇഴഞ്ഞ് പോവാം. എനിക്കീ സുന്ദരികളെ കാണുമ്പോൾ രക്തയോട്ടം കൂടും "
പിന്നാലെ കയറിയ തടിമാടന്മാരിലൊരാൾ അരവിയുടെ തലയ്ക്കു തോക്ക് മുട്ടിച്ചു. മറ്റൊരാൾ ജോണ്ടിയുടെ ക്യാമറ പിടിച്ചെടുത്തു തറയിലിട്ടു.
എന്റെ കഴുത്തിനു പിറകിൽ ഒരു റോഷന്റെ ഉച്ഛ്വാസ വായു തട്ടി.

"നിനക്കറിയേണ്ടേ ഇവരെന്താ ഇങ്ങനെ പാതി മയക്കത്തിലായതെന്ന് .ഒന്നിനോടും പ്രതികരിക്കാത്തതെന്ന് .മരിക്കും മുന്നേ നീയതറിഞ്ഞോ"

ചെവിക്കരികിൽ റോഷന്റെ മുരളൽ. അവനറിയാതെ ഞാൻ ഫോണിലേക്ക് പാളി നോക്കി. ബാക് ക്യാം ആയത് ഭാഗ്യം. ഞാൻ മരിച്ചാലും അത് ലോകത്തിനു മുന്നിൽ ആയിരിക്കും. എന്തിനെന്നും ഏതിനെന്നും ലോകമറിയും....
മുടിക്ക് കുത്തിപ്പിടിച്ച് റോഷൻ എന്നെ ചുവരോട് ചേർത്തു നിർത്തി.

" ഇവർക്കെല്ലാം സ്കിസോഫെർണിയ എന്ന അസുഖമാണ്. ഇതാ ഇവളില്ലെ കൃഷ്ണപ്രിയാ വസുദേവ് ഇവളീ സ്കിസോഫെർണിയയിൽ നിന്നും പൂർണമായും മുക്തയായിട്ടുണ്ട്.നഗരത്തിലെ പല ഭാഗത്തു നിന്നുമായി കാണാതെ പോയവരാണിവർ. അവരെ എന്തിന് എപ്പോ എങ്ങനെ എന്ന ചോദ്യമുണ്ടാവും ല്ലേ.... ഇവരെ ഇങ്ങനെ രോഗിയാക്കിയതിൽ ഞാനും പങ്കാളിയാണ്"

ഞാൻ മറുപടി പറഞ്ഞില്ല. പല ബെഡുകളിലും അനക്കം വെച്ചു. അവരെല്ലാം നിർജ്ജീവമായ ഭാവത്തിൽ എന്നെ നോക്കുന്നു.പ്രതികരണ ശേഷി നഷ്ടപ്പെട്ടവർ.!

"ഇനി നിന്റേയും ഇവന്മാരുടേയും അവസ്ഥ എന്താണെന്നറിയോ സ്കിസോഫെർണിയ എന്ന രോഗാവസ്ഥയിലേക്ക് നീയും പോവും. വെറും രണ്ടര മാസം മതി നിന്നെയാ അവസ്ഥയിൽ എനിക്കെത്തിക്കാൻ ."

"നിന്നെക്കൊണ്ടൊരു ചുക്കും കഴിയില്ല "

എന്റെ ശബ്ദമുയർന്നു. എന്റെ കവിളിൽ കുത്തിപ്പിടിച്ചവൻ ചുവരിലൂടെ ഉയർത്തി. കാലുകൾ തറയിൽ നിന്നും ഉയർന്നു. വേദന കടിച്ചമർത്തി ഞാൻ.അരവിന്ദും ജോണ്ടിയും എന്നെ രക്ഷിക്കാൻ ശ്രമിച്ചെങ്കിലും തടിയന്മാരുടെ ഉരുക്കുമുഷ്ടിയിൽ അവർ ശക്തിയില്ലാത്തവരായി.
നടുവടിച്ച് ഞാൻ തറയിൽ വീണപ്പോഴാണ് അവനെന്നെ വിട്ടു എന്നെനിക്കു മനസിലായത്.

" നീയും നിന്റെ മറ്റവനും ചേർന്ന് എന്നെയങ്ങിരുത്താമെന്ന് കരുതിയത് വെറുതെയായെടി. ഇന്ത്യയിലെ ഒരു സ്റ്റേഷനിലും ഇല്ലെടി എനിക്കെതിരെ ഒരു കേസ്. "

എന്റെ സംശയം ബലപ്പെട്ടിരിക്കുന്നു.

അവൻ സ്വാധീനമുപയോഗിച്ച് ഇറങ്ങിയിരിക്കുന്നു. ഇതു വരെ നേരിട്ടയവയിൽ വെച്ച് ഏറ്റവും വലിയ അപകടകാരി.

" ഈ ലോകം എന്റെ കൈപ്പിടിയിൽ ഒതുക്കണം. എതിർത്തവരെയെല്ലാം ഞെരിച്ചുടച്ചാണിത്രയും എത്തിയത്. നീ ഒരിക്കലും മഠത്തിൽ വരാൻ പാടില്ലായിരുന്നു.എന്റെ ഒരു പാട് വർഷത്തെ പരിശ്രമം സ്വപ്നം. അതാണ് നീ ഇന്നലെ ഒറ്റ രാത്രി കൊണ്ട് തകർത്തത്."

കൈയെത്തിച്ചപ്പോൾ ഗ്ലൂക്കോസ് സ്റ്റാന്റ് തടഞ്ഞു.ചിന്തിക്കാനുള്ള സമയം കൊടുക്കാതെ അതെടുത്തവനെ തല്ലിയതും ഡോർ തള്ളിത്തുറന്ന് അലോഷിയും സംഘവും അകത്ത് കടന്നതും ഒരേ ടൈം.
കുറച്ചു നേരത്തെ മൽപിടുത്തത്തിനു ശേഷം റോഷനെ കീഴടക്കാൻ കഴിഞ്ഞു. അപ്പോഴേക്കും വിവരമറിഞ്ഞ് ACP രേണുകാ മേനോനും സംഘവും എത്തി.അവർ റോഷനേയും സംഘത്തേയും അറസ്റ്റ് ചെയ്തു.

" രോഗികളെയെല്ലാം അവരുടെ ബന്ധുക്കളെ ഏൽപിക്കുന്നതാണ് "

രോഗികൾക്കരികിൽ നിന്ന് Acpപറഞ്ഞപ്പോൾ കൃഷ്ണപ്രിയയുടെ മുഖം ഭയന്നു കാണപ്പെട്ടു.
ഞാൻ ചാരിവെച്ച അലോഷിയുടെ ഫോണെടുത്ത് ഫ്രണ്ട് ക്യാം സെറ്റ് ചെയ്ത് വെച്ചു നോക്കി.
ഒത്തിരി പേരിത് കാണുകയും അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്.

"ഇവിടെ നടന്ന സംഭവങ്ങൾ നിങ്ങൾ നേരിട്ടറിഞ്ഞല്ലേ. കുറ്റവാളികൾക്ക് തക്കതായ ശിക്ഷ വാങ്ങിക്കൊടുക്കാനും, ഈ 11 പേരെ രക്ഷിക്കാനും കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു."

ലൈവ് കട്ട് ചെയ്ത് തിരിഞ്ഞത് ACPയുടെ മുഖത്തേയ്ക്ക്.

" നീ ഞങ്ങടെ പണി കൂടി ചെയ്ത് ആളാവാനുള്ള ശ്രമമാണോ?"

പുച്ഛം കലർത്തിയ ചോദ്യം

" ആളായിട്ടെന്തിനാ? കാശ് കിട്ടോ? ജീവിത സൗകര്യങ്ങൾ കൂടുമോ? ഇല്ല എന്നാണ് ഉത്തരമെങ്കിൽ പിന്നെന്തിനീ ചോദ്യം.ഇതിൽ നിന്നെനിക്ക് കിട്ടുന്നത് മനഃസുഖം. കഷ്ടതയനുഭവിച്ചരുടെ

കുടുംബാംഗങ്ങളുടെ പ്രാർത്ഥനയിൽ ഒരു നേരമെങ്കിലും ഞാൻ കടന്നു ചെന്നുവെന്ന അഭിമാനം. അതിനു കാക്കിക്കുപ്പായത്തിന്റെ ബലം വേണ്ട. നെറികേടിനു എതിരെ പൊരുതാനുള്ള ചങ്കൂറ്റം മതി. ചെയ്യുന്നത് ശരിയാണെന്നുള്ള വിശ്വാസത്തിൽ എന്നും ഉയർത്തിപ്പിടിച്ച മനസാക്ഷിയും"

" നീ വാചകമടിച്ച് ഷൈൻ ചെയ്യാതെ "

"ഷൈൻ ചെയ്യുന്നതാരാണെന്ന് നമുക്ക് നോക്കാന്നേ. ചോദിച്ചു വാങ്ങിയ ഈ പോസ്റ്റിംഗ് എന്തായാലും നല്ലതല്ല സാറേ.കേന്ദ്രത്തിലൊക്കെ നല്ല പിടിപാടാണല്ലോ മുറുകെ പിടിച്ചോ ."

ACP തരിച്ചുനിൽക്കുകയാണ്. രോഗികളെ ഓരോരുത്തരെയായി സ്ട്രെക്ച്ചർ കയറ്റി ലിഫ്റ്റു വഴി താഴേക്കിറക്കിക്കൊണ്ടിരുന്നു.
പിന്നാലെ ഞങ്ങളും ഗ്രൗണ്ട് ഫ്ലോറിലെത്തിയപ്പോഴേക്കും ചാനലുകാർ വളഞ്ഞു. അവരുടെ സ്ഥിരം ചോദ്യങ്ങൾ, അഭിനന്ദനങ്ങൾ എല്ലാത്തിൽ നിന്നും ഊളിയിട്ട് ഞങ്ങൾ കാറിൽ കയറി.

"വേദാ"

തൊട്ടു പിന്നിൽ അലോഷി

"സൂക്ഷിക്കണം."

ആ സംസാരത്തിൽ എന്തോ ഒരസ്വാഭാവികത നിഴലിച്ചിരുന്നു. മുഖത്ത് ഒരു നിരാശയോ വേദനയോ പോലെ....
അരവിയും ജോണ്ടിയും സന്തോഷത്തിലായിരുന്നെങ്കിലും വലിച്ചെറിഞ്ഞ ക്യാമറയുടെ കാര്യത്തിൽ ജോണ്ടി സങ്കടപ്പെട്ടിരുന്നു.
ഫോണിൽ വന്ന അലോഷിയുടെ ഒരു മെസ്സേജ് കണ്ട് ചെറുതായൊന്നു ഞെട്ടി.

'തോമസ് ഐസക് കൊല്ലപ്പെട്ടു.'

" അരവി തോമസ് ഐസക് കൊല്ലപ്പെട്ടു. SIMS ഹോസ്പിറ്റലിലേക്ക് കാർ വിട്. "

അവിടെത്തുമ്പോൾ ഒന്നര കഴിഞ്ഞിരുന്നു.അങ്ങനെയൊരു കൊലപാതകം നടന്നതായി തോന്നിയില്ല. ആശുപത്രി പരിസരം മുക്കാലും ഉറക്കത്തിലായിരുന്നു.ക്വാഷാലിറ്റിയിൽ മാത്രം തിരക്കിലൂടെ നടക്കുന്നവർ. വേദനയുടെ നിശബ്ദതയിൽ ചെറിയ തേങ്ങലുൾ, മൊബൈൽ റിംഗുകൾ, അടക്കിപിടിച്ച അസുഖവിവര കൈമാറ്റം തിരക്കിട്ടു നടക്കുന്ന ഡോക്ടേഴ്സിന്റെ ഷൂവിന്റെ ശബ്ദം.
കാർ തിരക്കില്ലാത്ത മോർച്ചറി ബിൽഡിംഗിനരികിലേക്ക് മാറ്റിയിട്ട്
ഞാൻ അലോഷിയെ വിളിച്ചു.

"സർ ഞങ്ങൾ SIMS ഉണ്ട്.ഇവിടെ അങ്ങനൊന്നു നടന്നതായി തോന്നുന്നില്ല"

"വേദ എന്തഹങ്കാരമാണ് കാണിച്ചത്? ആശുപത്രി വിവരം ഇത് വരെ പുറത്ത് വിട്ടില്ല. മാത്രമല്ല കുര്യച്ചന്റെ സ്ഥിതി വളരെ മോശമാണ്. നീയാ പരിസരത്ത് നിൽക്കണ്ട. എത്രയും വേഗം തിരികെ പോകൂ"

"സർ ഞാനെന്തിനു ഭയക്കണം?"

"വേദ അവരുടെ ലക്ഷ്യം നീയാണിപ്പോ നീയത് മറക്കരുത്. നീയിപ്പോൾ അപകടത്തിനു മുന്നിലാണ് "

ഞാൻ ഫോൺ കട്ട് ചെയ്തു.

" അരവി വണ്ടിയെടുക്ക് "

അവൻ വണ്ടിയെടുത്തു. ഞാൻ വെറുതെ മോർച്ചറി മുറ്റത്തേക്ക് തിരിഞ്ഞു നോക്കി. ഞങ്ങളുടെ കാർ നിർത്തിയിട്ടിടത്തെ തറയിൽനിന്നും ഒരാൾ എഴുന്നേറ്റിരിക്കുന്നു. കാർ ഗേറ്റിനോടടുക്കുന്നു. അയാൾ കിടന്ന ഭാഗം ഞാൻ കാൽകുലേറ്റ് ചെയ്തു നോക്കി.

" അരവീ കാർ നിർത്ത്. കാറിൽ ബോംബ് "
ഞാനിതു പറഞ്ഞതും
അയാൾ വലതു കൈ ഞങ്ങളുടെ കാറിനുനേരെ നീട്ടിയതും ഒരേ ടൈം. ചുരുട്ടിയ കൈക്കുള്ളിലെ റിമോട്ട് ഞാൻ വ്യക്തമായി കണ്ടു

വണ്ടി അരവി നിർത്തിയതും ഇരുവശത്തേക്കുമായി ഞങ്ങൾ ഇറങ്ങിയോടി.വലിയൊരു പൊട്ടിത്തെറിയോടെ പിന്നിൽ കാർ ചിതറി. ഇടത്തേ ചുമലിൽ എന്തോ വന്നിടിച്ചു തുളച്ചു കയറി. ഞാൻ മുന്നോട്ടാഞ്ഞ് തറയിൽ വീണു. ആരൊക്കെയോ ഓടി വരുന്നുണ്ടായിരുന്നു.മുഖത്തെ കണ്ണാടി തറയിൽ വീണു പോയിരുന്നു. ഞാനതെടുത്ത് മുഖത്ത് വെച്ച് അരവിയേയും ജോണ്ടിയേയും നോക്കി. ആരൊക്കെയോ ചേർന്ന് ആരെയോ എടുത്ത് കൊണ്ടു പോകുന്നു. അരവി എനിക്കടുത്തേക്ക് വന്നു.ഞാൻ നോക്കിയപ്പോൾ കാറിൽ ബോംബ് വെച്ചവൻ നേരത്തെ നിന്നിടത്തു തന്നെ നിൽക്കുന്നു.

" അരവി അവനെ വിടരുത്."

ഞാനോടി അവനരികിലേക്ക്. അരവി എനിക്കു മുന്നേ ഓടിയിരുന്നു.
ഞങ്ങൾ ഓടി വരുന്നത് കണ്ട ആക്രമി പിന്തിരിഞ്ഞോടി.മോർച്ചറിയുടെ പിന്നിൽ വെച്ച് ഞങ്ങളവനെ പിടികൂടി. അവൻ തികഞ്ഞൊരു അഭ്യാസി ആയിരുന്നു. ഞങ്ങളെ രണ്ടു പേരേയും തോൽപിച്ച് അവൻ പിന്നിലെ ഗെയ്റ്റ് ചാടിക്കടന്ന് ഇരുളിൽ ലയിച്ചു. അവന്റെ ബേഗ് മാത്രം എന്റെ കൈകളിൽ അവശേഷിച്ചു.
അവയ്ക്കുള്ളിൽ എന്റെ ഫോട്ടോ പിന്നെ പഴയ ഒന്നു രണ്ട് ജോഡി ഡ്രസ്സ് കുറച്ചു രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഞങ്ങൾ തിരികെയെത്തുമ്പോൾ ജോണ്ടിയെ കണ്ടില്ല. ജോണ്ടി ക്യാഷാലിറ്റിയിലായിരുന്നു. മുഖത്ത് ഒരിടത്ത് മുറിവുണ്ടു കാൽമുട്ടിനും ഇറങ്ങി ഓടിയപ്പോൾ പറ്റിയതായിരുക്കും.

അരവി അപ്പോഴാണ് എന്റെ ഷോൾഡറിനെ ചോരയുടെ നനവ് കണ്ടത്. അത് ചെറിയൊരു മുറിവ് മാത്രമായിരുന്നു.
ഡ്രസ്സ് ചെയ്തിരിക്കുമ്പോഴേക്കും ക്യാഷാലിറ്റിയിൽ പത്രക്കാരുടെ തള്ളിക്കയറ്റമായിരുന്നു.
എല്ലാവർക്കും അറിയേണ്ടത് SNമെഡിസിറ്റിയിലെ അറസ്റ്റിനു കാരണക്കാരിയായ എന്നെ ഇല്ലാഴ്മ ചെയ്യാനാണോ ഈ ആക്രമണമെന്ന് മാത്രം. ഇതിനു പിന്നിലെ കൈ റോഷനാണോ എന്ന് അറിയാനായിരുന്നു ചിലർക്കാകാംക്ഷ.

"അറിയില്ലെ "

ന്നു പറഞ്ഞു ഒഴിഞ്ഞുമാറി.
പക്ഷേ ഇതിനോടകം തോമസ് ഐസക് ന്റെ മരണവാർത്ത ആശുപത്രി പുറത്തുവിട്ടു. ഡ്യൂട്ടി നഴ്സ് മുറിയിൽ വന്നപ്പോഴാണ് കഴുത്തറുത്ത നിലയിൽ ബെഡിൽ തോമസ് ഐസക്കിനെ കാണുന്നത്. തൊട്ടടുത്ത ബെഡിനടുത്ത് ചോരയിറ്റുന്ന കത്തിയുമായി ഒരു മുഖം മറച്ച മനുഷ്യൻ! നഴ്സിനെ കുത്തിപ്പരിക്കേൽപിച്ചു.
നഴ്സിന്റെ കരച്ചിൽ കേട്ടെത്തിയവരെ തട്ടിമാറ്റി ആക്രമി ഓടി രക്ഷപ്പെട്ടു.
പാതി മുറിഞ്ഞ കഴുത്തുമായി കുര്യച്ചൻ അപകടനില ഇതുവരെ തരണം ചെയ്തിട്ടില്ല.
ചാനലുകാർക്ക് ചാകര തന്നെ.

എൽദോയെ പിടിച്ചതല്ലേ, അവനെ പറ്റി അലോഷി ഒന്നും പറഞ്ഞില്ലല്ലോ. ചോദിക്കണം.TBSir, Pr, മുംതാസ്, ഇവരെയെല്ലാം കണ്ടു പിടിക്കണം. ഒബ്സർവേഷനിലായതിനാൽ ആശുപത്രി ബെഡിൽ തന്നെ കിടന്നു.

ഇടയ്ക്ക് വരുന്ന ഫോൺ കോൾ കാരണം അരവി പുറത്തേക്ക് പോവുന്നതൊഴിച്ചാൽ അസ്വാഭാവികമായൊന്നുമില്ല.

അലോഷിക്കൊപ്പം നടന്നു വരുന്ന സാമുവേൽ സാറിനെ കണ്ടപ്പോൾ ഒരാശ്വാസം തോന്നി.

"എന്താ എന്റെ കുട്ടി ഇതൊക്കെ? വിവരമറിഞ്ഞപ്പോൾ ഓടി വരികയായിരുന്നു."

ഞാൻ വെറുതെ ചിരിച്ചു.

"അതെങ്ങനെയാ പരമേശ്വരന്റെ അല്ലേ പുത്രി. ഇതും ഇതിലപ്പുറവും സംഭവിക്കും"

"സാമുവേൽ സാറിതെങ്ങനെയറിഞ്ഞു?"

" രാത്രി മുതൽ ചാനലു മൊത്തം നീയല്ലേ? ഫോണിൽ വിളിച്ചു എടുത്തില്ല."

ഞാൻ പോക്കറ്റിൽ തപ്പി.

" ഫോൺ സൈലന്റിലാർന്നു."

അപരിചിതമായ നമ്പറിൽ നിന്നു പോലും കുറേ കോളുകൾ വന്നിട്ടുണ്ട്.

"മോളെ സത്യസന്ധനായ ഒരു ജേർണലിസ്റ്റിന് ശത്രുക്കൾ കൂടുതലായിരിക്കും. കൂടാതെ നീയൊരു പെണ്ണും.നിരുത്സാഹപ്പെടുത്തുകയല്ല കുറച്ചെല്ലാം കണ്ടില്ലെന്നു നടിക്കണം. "

" ഇത് ഞാനായി പോയി തല വെച്ചതല്ല. ഇങ്ങോട്ടു വരികയായിരുന്നു അവർ. നമുക്ക് പുറത്തേക്കിറങ്ങിയാലോ "

അടുത്ത ബെഡിലെ രോഗിയുടെ ശ്രദ്ധ ഞങ്ങളുടെ സംസാരത്തിലാണെന്നു തിരിച്ചറിഞ്ഞപ്പോൾ ഞാൻ പറഞ്ഞു.

"നിനക്കതിനു നടക്കാമോ?"

പാതി കളിയായും കാര്യമായും സാമുവേൽ സർ പറഞ്ഞു.

"പത്താന വന്നാലും ഓടി രക്ഷപ്പെടാൻ ഇപ്പഴും പറ്റും മതിയോ?"

എന്റെ ചോദ്യത്തിൽ സാമുവേൽ സാർ ഉറക്കെചിരിച്ചു. പിന്നീട് എനിക്കൊപ്പം നടന്നു.അരവി ജോണ്ടിക്കു കൂട്ടിരുന്നു.

പുറത്തെ ഉദ്യാനത്തിലെ മരബഞ്ചിൽ ഞാനിരുന്നു.എനിക്കടുത്തായി സാമുവേൽ സാറും. പുലരാനിനിയും സമയമുണ്ട്. ആശുപത്ര മുറ്റം വാഹന ശബ്ദത്താൽ മുഖരിതം

കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞു.

" അപ്പോ അവരുടെ ലക്ഷ്യം ആ രേഖകളാണ്."

"നിങ്ങൾ നല്ല കൂട്ടായിരുന്നല്ലോ എന്തെങ്കിലും അറിയാമോ ഇങ്ങനെയൊരു കാര്യത്തെ പറ്റി അപ്പ എന്തെങ്കിലും പറഞ്ഞിരുന്നോ? "

" ഇല്ല"

"ഞാൻ അപ്പയുടെ മെയിൽ ചെക്ക് ചെയ്തപ്പോൾ ഒന്നുരണ്ട് ഭീഷണി മെയിലുകൾ കണ്ടു കൂടാതെ യൂനുസങ്കിളുമായി അപ്പായ്ക്ക് എന്തോ ഡീലിംഗ്സുണ്ടായിരുന്നെന്ന് മനസിലായി. ഒരു സിബി ബാലയുടെ കേസ് "

സാമുവേൽ സാറിന്റെ മുഖത്ത് സിബി ബാല എന്ന പേര് കേട്ടതും ഞെട്ടൽ. എന്തിനേയോ ഭയക്കുന്നത് പോലെ. എന്തൊക്കെയോ സാറിനറിയാമെന്നത് എനിക്കാശ്വാസമേകി.

" സിബി ബാലയുടെ കേസെന്തായിരുന്നു?പറഞ്ഞു തരാമോ?

സാമുവേൽ സാറിന്റെ മുഖത്ത് തിരിച്ചറിയാനാവാത്ത ഭാവങ്ങൾ.

2013 ൽ അച്ഛൻ സ്വന്തം റിസ്ക്കിൽ ഫയൽ ചെയ്ത കേസാണിത്. അതിന്റെ ആദ്യ കേസ് കഴിഞ്ഞു വരുന്ന വഴിയാണ് പരമേശ്വരൻ ആക്സിഡണ്ടായത്"

" സിബി ബാലയുടെ കേസ് എന്തായിരുന്നെന്നറിയാമോ?"

" അറിയാം. സിബിയുടെ ഭർത്താവിന്റെ മരണത്തിലെ ദുരൂഹത സംബന്ധിച്ച് ഹോസ്പിറ്റലിനെതിരെയുള്ള ഒരു കേസായിരുന്നു. ഡോക്ടറുടെ അശ്രദ്ധ കാരണം മെഡിസിൻ മാറി കുത്തിവെച്ചതാണ് മരണകാരണമെന്ന് തെളിഞ്ഞിരുന്നു."

" ഹോസ്പിറ്റൽ ഏതായിരുന്നു.?"

" മേരീമാതാ സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റൽ ചങ്ങനാശ്ശേരി"

" അതാരുടേതാണെന്നറിയാമോ?"

" ഒരു വിൻസെന്റ് പോൾ ആയിരുന്നു 7 വർഷം മുന്നേ അത് നടത്തിയത്.ഇന്നാരുടെ കൈവശമാണെന്നറിയില്ല. ഇനിയിപ്പോ അതിന്റെ പിന്നാലെ പോകാനാണോ ഭാവം? "

ഞാൻ മറുപടി പറയാതെ ചിരിച്ചു.

"ചിരിക്കണ്ട .പരമേശ്വരന്റെ സ്ഥാനത്ത് നിന്ന് പറയുവാ. മോളെ അപകടമാണ് പുലിവാല് പിടിക്കണ്ട "

"അതല്ല സർ പ്രശ്നം. എല്ലാ കേസുകളും തമ്മിൽ കണക്റ്റഡാണ്. അവയെല്ലാം ഹോസ്പിറ്റൽ ബേസ് ചെയ്ത് മെഡിസിൻ മയക്കുമരുന്ന്, ബോഡി മിസ്സിംഗ് തുടങ്ങിയവ ചേർത്ത്"

സാമുവേൽ സാർ ചിന്തയിലാണ്ടാണ്ടു .

"ശരിയായിരിക്കാം വേദ പക്ഷേ അന്ന് സിബി ബാലയുടെ കേസിലെ പ്രതി ഒരു ലേഡീ ഡോക്ടറായിരുന്നു പേര് ഞാൻ മറന്നു.പരമേശ്വരന്റെ ഫയലിൽ കാണും അതെല്ലാം "

ഞാൻ തലയാട്ടി സമ്മതിച്ചു.രണ്ടു പേരും തിരികെ ക്യാഷാലിറ്റിയിലേക്ക് കയറിയപ്പോഴേക്കും ഒന്നു രണ്ട് പോലീസുകാർക്കൊപ്പം Acp രേണുകാ മേനോൻ അവിടുണ്ടായിരുന്നു.
എന്നെയവർ അടിമുടി നോക്കി.

" നീ ഞങ്ങൾക്ക് തലവേദനയായി മാറുകയാണല്ലോ....."

പുച്ഛം കലർന്നിരുന്നു ആ സ്വരത്തിൽ .

"കാർ അരവിന്ദിന്റെ അല്ലേ?"

അരവിന്ദ് അതേ എന്നു പറഞ്ഞു

" നിന്റെ വണ്ടി മാത്രം നോക്കി ബോംബുവെക്കാൻ നിന്നോടാർക്കാ ഇത്ര ശത്രുത ?"

" അറിയില്ല "

എവിടെയും തൊടാതെയുള്ള അരവിന്ദിന്റെ മറുപടി രേണുകയെ ദേഷ്യം പിടിപ്പിച്ചു.

"ഷോ കാണിക്കാൻ ഇറങ്ങിത്തിരിച്ചതാണോ?"

എന്റെ മുഖത്ത് നോക്കിയാണ് ചോദ്യം. എന്നോടുള്ള അവരുടെ അമർഷം പല്ലുകളിൽ തീർക്കാനേ നിർവ്വാഹമുള്ളൂ. കാര്യങ്ങൾ ചോദിച്ചറിഞ്ഞ ശേഷം രേണുക പോയി. അപ്പോഴും അവളുടെ സർപ്പ മുഖമുള്ള ലോക്കറ്റ് മനസിൽ തെളിഞ്ഞു നിന്നു.
സാമുവേൽ സാറിനൊപ്പം ഞങ്ങൾ യാത്ര തിരിച്ചു.

" അരവി എനിക്കൊപ്പം ഇന്നു മുതൽ ഈ പ്രശ്നങ്ങൾ തീരും വരെ നീ വേണ്ട."

എന്തെന്ന അർത്ഥത്തിലവനെന്നെ നോക്കി.

" ഇപ്പോൾ പറയുന്നത് അനുസരിക്കുക. ജോണ്ടിയോടും കൂടിയാണ്."

ആരും ഒന്നും സംസാരിച്ചില്ല.

" മേഡത്തെ വിളിച്ച് പറഞ്ഞ് ഒരു മാസത്തേക്ക് മെഡിക്കൽ ലീവ് വാങ്ങണം"

"വേദ, നിന്നോടിന്നലെ ഞാൻ കൂടുതലൊന്നും പറയാഞ്ഞിട്ടാണ്. മേഡത്തിന് കുറച്ച് സീരിയസാ"

അരവിയുടെ ശബ്ദം.

" ഉം.... "

" മേഡം ഇല്ലാത്ത സാഹചര്യത്തിൽ നീയും കൂടി മാറി നിന്നാൽ ചാനലിന്റെ കാര്യം അവതാളത്തിലാവും."

സാമുവേൽ സാർ കൂട്ടിച്ചേർത്തു.

" മേഡത്തിനെന്താ പറ്റിയത്.?"

അവർ രണ്ടു പേരും പറയാൻ മടിക്കുന്നത് പോലെ

" പറ അരവി ?"

" മേഡത്തിനു നേരെ ഒരു വധശ്രമം."

പറഞ്ഞത് സാമുവേൽ സാറാണ്
ഫോണിൽ അലോഷിയുടെ കാൾ

"വേദാ എവിടെയാ?"

"വീട്ടിലേക്ക് പോവുകയാണ് സർ"

ഫോൺ കട്ടായി .എന്നെ ഗേറ്റിലിറക്കി അവർ യാത്രയായി. നല്ല വിശപ്പുണ്ട്. എന്തെങ്കിലും കഴിക്കണം.അതിനും മുന്നേ ഒരു കുളി നിർബന്ധമാണ്.
കുളി കഴിഞ്ഞിറങ്ങിയ ശേഷം കുറച്ചു പൊടിയരിയെടുത്തു കുക്കറിൽ ഇട്ടു. ഒരു വിസിൽ വന്നപ്പോൾ ഓഫ് ചെയ്ത് അച്ഛന്റെ മുറിയിലേക്ക് നടന്നു. സിസ്റ്റം ഓൺ ചെയ്തു വെച്ച് സിബി ബാലയുടെ കേസ് നമ്പർ തപ്പിയെടുത്തു.

ഒടുവിൽ എനിക്കത് കിട്ടി.
ഹരജി വായിച്ച ഞാൻ ശെരിക്കും അമ്പരന്നു. അച്ഛന്റെ മകളായതിൽ എന്നും അഭിമാനിച്ചതേ ഉള്ളൂ എങ്കിലീ നിമിഷം ഞാൻ തെല്ലഹങ്കരിച്ചു.
എന്റെ പല ചോദ്യങ്ങൾക്കുമുള്ള ഉത്തരം അതിലുണ്ടായിരുന്നു.
സിബി ബാലയുടെ ഭർത്താവിന് സംഭവിച്ചത് അറിയാതെ പറ്റിയ ഒരു കൈയബദ്ധമായിരുന്നില്ല. കരുതിക്കൂട്ടിയുള്ള ഒരു പരീക്ഷണം.പ്രതിസ്ഥാന പട്ടികയിൽ നഗരത്തിലെ ഒരു പ്രധാന ഡോക്ടറും...
ഇതെല്ലാം ഞാനെങ്ങനെ തെളിയിക്കും ദൈവമേ..
കഞ്ഞിയാറ്റി രണ്ട് കപ്പ് കുടിച്ച് അച്ഛന്റെ നിയമ പുസ്തകത്തിലേക്ക് തല പൂഴ്ത്തിയപ്പോഴാണ് കോളിംഗ് ബെല്ലടിച്ചത്.
അലോഷിയായിരുന്നു വന്നത്.
ആഥിതി മര്യാദകൾക്ക് ശേഷം അലോഷി കാര്യത്തിലേക്ക് കടന്നു.

"നമ്മൾ പ്രതീക്ഷിച്ചത് പോലെ തന്നെ കൊലയാളിയെ രാത്രി പിടികൂടിയിട്ടുണ്ട്. ഇനിയറിയേണ്ടത് കൊലയാളിയും വേദയും തമ്മിലുള്ള ബന്ധമെന്താണ്?"

അലോഷിയുടെ കണ്ണിൽ സംശയത്തിന്റെ കാന്തമുനകൾ .

"ആരാണ് ബെനഡിക്റ്റ്? താൻസെൻ ബെനഡിക്റ്റ്? ടൂറിന്റെ പേര് പറഞ്ഞ് പത്ത് ദിവസം താൻ എവിടെയായിരുന്നു.?"

തുടർന്ന് എനിക്കൊപ്പം നിൽക്കുന്ന ഒരു യുവാവിന്റെ ഫോട്ടോയും.
എന്റെ തൊണ്ട വരണ്ടു തുടങ്ങിയിരുന്നു.

" വേദ ടെൽ മീ എന്തായിരുന്നു ഈ നാടകത്തിന്റെ ലക്ഷ്യം?"

അലോഷിയുടെ കണ്ണിൽ തീക്ഷ്ണത .

എവിടെ വെച്ചാണ് ഞാൻ താൻസെനെ കണ്ടുമുട്ടിയത്.? പൊക്കാറയിലേക്കുള്ള യാത്രാമദ്ധ്യേ ആയിരിക്കാം. ട്രെയിനിൽ ഓടിക്കയറിയ കുറേ ഭിക്ഷക്കാർക്ക് ഓറഞ്ച് വിതരണം ചെയ്യുന്ന

ചെറുപ്പക്കാരൻ കരിംനീല ജീൻസും, അയഞ്ഞ കാവി ജുബയും നീട്ടി വളർത്തിയ താടിയും മുടിയും തലയിലെ ഓറഞ്ച് കളർ തുണികൊണ്ടുള്ള കെട്ടും ഒരു പാതി സന്യാസി പരിവേഷം ഉണ്ട്.
ഭിക്ഷക്കാരോട് പറയുന്ന ഭാഷ ഏതെന്ന് മനസിലായില്ല. ട്രെയിൻ നീങ്ങിയപ്പോൾ അയാളെനിക്കെതിരെ വന്നിരുന്നു. വഴിയോരക്കാഴ്ചകൾ മടുത്തപ്പോൾ ഞാൻ ബേഗിൽ നിന്നും KR മീരയുടെ ആരാച്ചാർ എടുത്തു വായന തുടങ്ങി. ക്ഷീണം കാരണം ഉറക്കം വന്നു തുടങ്ങിയിരുന്നു. ബുക്ക് കൈയിൽ പിടിച്ചു ഞാൻ കണ്ണടച്ചിരുന്നു.

"ഇതൊന്ന് തരാമോ?"

ശബ്ദം കേട്ടാണ് കണ്ണു തുറന്നത്. അയാൾ ബുക്കിനായി എനിക്ക് നേരെ കൈ നീട്ടി നിൽക്കുകയാണ്.
ഒരു മലയാളിയെ കിട്ടിയ സന്തോഷത്തിലായിരുന്നു ഞാൻ, തുടർന്നുള്ള
മൂന്ന് ദിവസത്തെ യാത്രയിൽ താൻസെൻ കൂടെ ഉണ്ടായിരുന്നു. നല്ലൊരു വായനക്കാരനും സഞ്ചാരിയുമായിരുന്നു താൻസെൻ. അവന്റെ വീടു പോലും എനിക്കറിയില്ലായിരുന്നു.
എനിക്കറിയാവുന്നതെല്ലാം ഞാൻ അലോഷിയോട് പറഞ്ഞു.

" ഞാൻ പ്രതീക്ഷിച്ച ഉത്തരവും ഇത്തരത്തിലാണ്. സീ മിസ്സ് വേദ, കേരളം തിരയുന്ന നമ്പർ വൺ ക്രിമിനലിന്റെ കൂടെയാണ് മൂന്നു ദിവസം ചിലവഴിച്ചത്.പതിനേഴോളം കൊലപാതകങ്ങൾ ഇതിനോടകം അവൻ ചെയ്തു കഴിഞ്ഞു. നാളെ സാറ്റർഡെ മറ്റന്നാൾ സൺഡെ അത് കഴിഞ്ഞാൽ അവനെ കോടതിയിൽ ഹാജരാക്കാം. അതിനു മുന്നെ TB സാറിനെ കണ്ടു പിടിക്കണം.

"TB യെ തേടി സാർ അലയണ്ട. എയർപോർട്ട് വരെ പോയാൽ മതി. നമ്മൾ തേടുന്ന TBസർ തൗഹബിൻ പരീതാണ്."

"വേദ ഇതെങ്ങനെ....?"

അലോഷിക്കു സംശയം.

"സർ എന്റെച്ഛന്റെ ചില കേസ് ഫയലുകൾ ഞാനിന്നു പഠിക്കുകയുണ്ടായി. ഞെട്ടിക്കുന്ന ചില കാര്യങ്ങളാണ് അവയിൽ കണ്ടത്. നമ്മൾ ആത്മാഹത്യയെന്നു കരുതിയ പലതും കൊലപാതകമായിരുന്നു. അതേ പറ്റി വിശദമായി അറിഞ്ഞവർ അച്ഛനെ സമീപിച്ചെങ്കിലും അവരും കൊല ചെയ്യപ്പെട്ടു. അവരും മറ്റുള്ളവർക്ക് മുന്നിൽ ആത്മാഹത്യയും അപകട മരണവുമായി മാറുകയാണുണ്ടായത്."

"വേദപറഞ്ഞു വരുന്നത്.?"

"TB സർ അല്ല ഒരിക്കലും ഇതിന്റെ ബ്രയിൻ. താൻസെൻ വെറുമൊരു വാടക കൊലയാളി മാത്രം. ഇതിനിടയിൽ നിന്നവർക്കൊന്നും യഥാർത്ഥ ബോസിനെ അറിയില്ല, കണ്ടിട്ടില്ല..... അയാളെ വ്യക്തമായി അറിയുന്നത് TB സാറിനു മാത്രം.TB യെ അറസ്റ്റ് ചെയ്യണം. മുംതാസിനെന്തു പറ്റിയെന്ന് അയാൾ പറയും "

" നീയൊരു ബ്രില്ല്യന്റ് തന്നെ "

അലോഷിയുടെ പ്രശംസ.

"ഇതെല്ലാം അച്ഛൻ കണ്ടെത്തിയതാണ്. ഇവയെല്ലാമറിയുന്നതിനാൽ മാത്രം അച്ഛൻ നേരത്തെ യാത്രയായത്. അച്ഛന്റെ മരണത്തിനു കാരണക്കാരനായവരെ കണ്ടു പിടിക്കണം. പിന്നെ അതിലും പ്രധാനം അവരന്വേഷിക്കുന്ന ഫോർമുല ! അതൊരിക്കലും അവരിലെത്തരുത്. അതിനും മുൻപേ നശിപ്പിക്കണം.എനിക്ക് ചെയ്ത് തീർക്കാൻ ജോലികൾ ഒരുപാടുണ്ട്."

"വേദയെ താൻസൻ ഒരുപാട് മാസങ്ങളായി ഫോളോ ചെയ്യുന്നുണ്ടായിരുന്നു. എന്തായിരുന്നു ലക്ഷ്യമെന്ന് പറയുന്നില്ല"

" ഉം.... ഇതിൽ നമ്മൾ പ്രതിസ്ഥാനത്ത് നിർത്തിയ പലർക്കും വായ തുറക്കാൻ നിർവ്വാഹമില്ല കാരണം ഭയം മാത്രം.താൻസെനെ എങ്ങനെ പിടികൂടി?"

" ഇന്നലെ ബാങ്കിൽ വെച്ച്. ലോക്കർ തുറക്കാൻ കൊലയാളിയെത്തുമെന്നെനിക്കറിയാമായിരുന്ന്. നിന്റെ ഗോൾഡ് അവിടുന്ന് ഞാൻ ബാങ്കിലെ ഒരു സ്റ്റാഫ് മുഖാന്തിരം മാറ്റി അവനുള്ള വലവിരിച്ചിരിപ്പായി. 2.17 കഴിഞ്ഞപ്പോൾ അവനെത്തി. അവിടെ ഒരിക്കലും അവൻ അപകടം പ്രതീക്ഷിച്ചിരുന്നില്ല. പിന്നെ പുറത്ത് കാവലായി കൂടെ മറ്റൊരാൾ കൂടിയുണ്ടായിരുന്നു."

" അതാര്?"

" ട്രക്ക് ഡ്രൈവർ അവിനാഷ്. അവനെതിരെ കേസെടുക്കാൻ പറ്റില്ല കാരണം.നിയമപ്രകാരം അവനിപ്പോൾ ജീവിച്ചിരിപ്പില്ല "

എന്റെ ചുണ്ടിൽ പുഞ്ചിരിയൂറി .

"കൊലയാളിയിലേക്കിനി അധികദൂരമില്ല ഇല്ലേ സർ? "

"അതേടോ.... ഞാനെന്നാലിറങ്ങട്ടെ "

അലോഷി പോയയുടനെ ഞാൻ സാബുവിനെ വിളിച്ചു. അടുത്ത വ്യാഴം അഴിച്ചുപണി പ്രോഗ്രാം ഉണ്ടെന്ന് പറഞ്ഞു.
മേശയിൽ നിന്നും A4 ഷീറ്റ് വലിച്ചെടുത്തു അഴിച്ചു പണി പ്രോഗ്രാം നമ്പർ എഴുതിച്ചേർത്തു.

ഹാളിലിരിക്കുന്ന ലാന്റ് ഫോൺ റിംഗ് ചെയ്തു.പതിവില്ലാതെ ഇന്റർനാഷണൽ കോൾ തന്നെ.
ലോംഗ് ബെൽ

ഞാനെഴുന്നേറ്റ് ചെന്ന് ഫോണെടുത്തു.

" ഹലോ മിസ്സ് വേദപരമേശ്വർ മരിക്കാൻ തയ്യാറായിക്കൊള്ളൂ."

"ഹലോ നിങ്ങളാരാ?"

" നിന്റച്ഛന്റെ കാലൻ ഇപ്പോ നിന്റേയും..... ഇത് പോലന്ന് ഞാൻ പരമേശ്വറിനും വാണിംഗ് കൊടുത്തിരുന്നു."

ഫോൺ ഡിസ്കണക്ടായി.

ഭയം തോന്നിയില്ല മറിച്ച് സന്തോഷിച്ചു.അഴിച്ചുപണി യ്ക്ക് വേണ്ടതെല്ലാം എഴുതിച്ചേർത്ത് ഞാൻ പ്രോഗ്രാമിൽ ഓരോ എപ്പിസോഡിലും വരേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി, കോണ്ടാക്ട് നമ്പർ തപ്പിയെടുത്ത ശേഷം അവരെ വിളിച്ചു കാര്യം പറഞ്ഞു. മേഡത്തെ കാണാൻ പോവണം. എന്തായാലും പ്രോഗ്രാം കഴിയും വരെ കാത്തിരിക്കാം.
ടി വി ഓൺ ചെയ്തു.തോമസ് ഐസകിനെ പറ്റിയുള്ള വാർത്തകൾ മാത്രം.
ചാനൽ മാറ്റി ഒരു ഹിന്ദി ഗാനം ഐശ്വര്യാറായിയുടെ താൽ ലെ ഗാനം.... ഇപ്പോൾ മനസ് ശാന്തമാണ്.
ഒന്ന് മയങ്ങണമെന്നോർത്താണ് ബെഡ്റൂമിലെത്തിയത്. കിടന്നപ്പോഴേക്കും കോളിംഗ് ബെല്ലടിച്ചു. മുടി വാരി ക്ലിപ് ചെയ്ത് ഞാൻ എഴുന്നേറ്റ് ചെന്ന് വാതിൽ തുറന്നു. നാൽപ്പതിനോടടുത്ത ഒരു സ്ത്രീ.കോട്ടൺ

സാരി മനോഹരമായി ഉടുത്തിരിക്കുന്നു. എനിക്കപരിചിതമായ മുഖം.വിഷാദം കലർന്ന പുഞ്ചിരിയവർ എനിക്ക് നൽകി.

"വേദഎന്റെ പേര് സോഫിയ നൈനാൻ കോശി.സിഐ നൈനാൻ കോശിയുടെ ഭാര്യയാണ് ഞാൻ "

എനിക്ക് ആളെ മനസ്സിലായി.

"വരൂ കയറിയിരിക്കു"

എനിക്കു മുന്നേ അവർ ഹാളിൽ കടന്നിരുന്നു. അവർക്കെതിരെ ഞാനുമിരുന്നു. അവർക്കെന്തൊക്കെയോ പറയാനുണ്ടായിരുന്നു. ഒരു തുടക്കത്തിനായവർ കോട്ടൻസാരിയുടെ തുമ്പിൽ വെറുതെ വിരലുകൾ ചുറ്റിക്കൊണ്ടിരുന്നു.

" എന്നെ വേദ സഹായിക്കണം"

അവർ പറഞ്ഞു തുടങ്ങി. സെറ്റിയിലിരുന്ന കണ്ണാടി എടുത്തു നേരെ വെച്ച് ഞാനവരെ നോക്കി

"എനിക്ക് ഭയമാണിന്നു ജീവിക്കുവാൻ എനിക്ക് രണ്ട് പെൺമക്കളായിരുന്നു. ഒന്നിനെയവർ കൊന്നു.അവർ ആരാണെന്നെനിക്കറിയില്ല പക്ഷേ എന്റെ ഭർത്താവിനറിയാം. അദ്ദേഹത്തിനും ഭയമാണ്. എന്റെ മോളെയറിയുമോ ? സാറാ നൈനാനെ? ഉണ്ടാവില്ല അല്ലേ?
അർജ്ജുൻ എന്ന സഹപാഠിയെ സ്നേഹിച്ചു അവന്റെ മരണത്തോടെ ആത്മാഹത്യ ചെയ്ത സാറയെ ഓർക്കുന്നുണ്ടോ?"

"ഉണ്ട്.അർജ്ജുന്റെ ബോഡി ഇതു വരെ കിട്ടിയിട്ടില്ലല്ലോ?"

" ഇല്ല അതൊരിക്കലും കിട്ടില്ല. കാരണം അവന്റെ ബോഡി കത്തിയമർന്നത് സാറയുടെ മുന്നിലാ. വേദ എനിക്കൊപ്പം വീട്ടിൽ വരാമോ.ഞാൻ തെളിവുകൾ തരാം."

ഞാൻ ഇരുന്ന് ചിന്തിച്ചു പോകണമോ വേണ്ടയോ ഒടുവിൽ

" ഞാനൊന്നു റെഡിയാവട്ടെ "

എന്നു പറഞ്ഞെഴുന്നേറ്റു.
മുറിയിലെത്തി അലോഷിക്കു മെസ്സേജയച്ചു.

" നൈനാൻ കോശിയുടെ വീട്ടിലേക്ക് പോവുകയാണ്. "

മെസ്സേജ് സീനാവാൻ നിന്നില്ല, ഞാൻ അവർക്കൊപ്പം ഇറങ്ങി.
എന്താവും അവർക്കെന്നോട് വിശദമായി പറയാനുള്ളത്?

"വേദയെ കണ്ടു സംസാരിക്കാൻ എന്നോട് പറഞ്ഞത് നൈനാൻ ആണ്. കുടുംബം ഇപ്പോൾ നിന്റെ ദയയ്ക്ക് വേണ്ടി കാത്തിരിക്കുകയാണ്. "

"എനിക്കൊന്നും മനസിലായില്ല. വിശദമായി പറയാമോ?"

"സാറയുടെ മരണത്തിലെ ചില ദുരൂഹതകൾ അത് നീക്കി പുറത്ത് കൊണ്ടുവരണം."

" ദുരൂഹത ?!"

"അതെ. അവൾ മരിക്കുമ്പോൾ ഗർഭിണി ആയിരുന്നു എന്നത് ഇവയെല്ലാം."

"അതെല്ലാം പോസ്റ്റ്മോർട്ടത്തിൽ തെളിഞ്ഞതല്ലേ?"

എന്റെ ചോദ്യം

" അതെ. പക്ഷേ സത്യം അതായിരുന്നില്ല.സത്യമെല്ലാമറിഞ്ഞിട്ടും ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല സാറയുടെ അനിയത്തി അന്നയെ ഓർത്തിട്ട്. അവളിപ്പോൾ പത്താംതരമായി "

"അർജുനുമായി അവൾ....?"

" അർജ്ജുൻ നല്ല പയ്യനായിരുന്നു.അവർ തമ്മിൽ ഇഷ്ടത്തിലായിരുന്നെന്ന് അർജ്ജുൻ മരിച്ചതിന് ശേഷമാണ് ഞങ്ങൾ അറിഞ്ഞത്. പക്ഷേ എന്റെ മോൾ ഗർഭിണി അല്ലായിരുന്നു."

"അന്നത്തെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഫേയ്ക്കാണെന്നാണോ സോഫിയ അപ്പോ പറഞ്ഞു വരുന്നത് ?"

"അല്ല അത് സത്യം തന്നെ "

ഈ സ്ത്രീയ്ക്കെന്താ വട്ടായോ? പരസ്പര വിരുദ്ധമായി സംസാരിക്കാൻ. അപ്പോഴേക്കും അവരുടെ വീടെത്തിയിരുന്നു. കളമശ്ശേരിയിൽ നിന്നും ഒരു ഒന്നര കിലോമീറ്റർ അകന്ന് ഒന്നരയാൾ പൊക്കത്തിൽ ഉയർത്തി കെട്ടിയ മതിലും കൂറ്റൻ ഗേറ്റും കടന്ന് മുറ്റത്ത് കാർ പാർക്ക് ചെയ്തു. സിറ്റൗട്ടിൽ ഒത്ത വലുപ്പമൊത്ത ഒരു വലിയ പട്ടി. അതെന്നെ നോക്കി മുരണ്ടു -

"ഡൂഡൂ.....ഷി ഈസ് മൈ ഗസ്റ്റ് ഡാ. "

സോഫിയവനെ തലോടിയശേഷം എന്നോടായി

"വരൂ വേദ."

ഞാൻ വാട്സാപ്പിൽ അലോഷിക്കു ലൊക്കേഷൻ ഷെയർ ചെയ്തു.

"വേദ ഇരിക്കൂ ഞാനിപ്പോൾ വരാം"

സോഫി ഏതോ മുറിക്കകത്ത് കയറി പോയി. ഷോകേസിലെ വെളുത്തു തുടുത്ത ട്രോഫിയുമായി നിൽക്കുന്ന പെൺകുട്ടിയുടെ മുഖം ഓർമ്മയിൽ വന്നു.
സാറാ നൈനാൻ കോശി.ഷോ കേയ്സ് നിറയെ സാറയുടെ ട്രോഫികളും ഷീൽഡുകളും മാത്രം.
നാടറിയേണ്ട അഭിമാനിക്കേണ്ട പെൺകുട്ടിയായിരുന്നു.കുരുന്നിലെ തീർന്നു പോയത് എന്നിൽ നിന്നും ഒരു ദീർഘനിശ്വാസമുയർന്നു.
ഫോണിൽ അലോഷിയുടെ മെസ്സേജ്.

"സൂക്ഷിക്കുക.TB സർ അറസ്റ്റ് ചെയ്യപ്പെട്ടു. നീ പറഞ്ഞ യഥാർത്ഥ ബോസ് ഇപ്പോൾ നിന്നെ ഇല്ലാതാക്കാൻ വരുമെന്നാണ് TB പറയുന്നത്"

മറുപടി അയച്ചില്ല.ആരോ നടന്നു വരുന്ന ശബ്ദം സോഫിയായിരുന്നു.

"കാത്തിരുന്നു മുഷിഞ്ഞോ?"

"ഇല്ല."

" ക്ഷമിക്കണം ട്ടോ. വരൂ "

അവർ സ്റ്റെപ്പുകൾ കയറാൻ തുടങ്ങി. ഞാൻ ഒന്നറച്ചു നിന്നു പിന്നെ രണ്ടും കൽപിച്ച് നടന്നു. ട്രാപ്പിലേക്കാണ് എന്ന് മനസ് മന്ത്രിച്ചു. മുകളിലെ അടച്ചിട്ട മുറികളിലൊന്ന് തള്ളിത്തുറന്നു. അകത്തെ മുറിയിലെ ബെഡിൽ പുറംതിരിഞ്ഞിരുന്ന വ്യക്തി വാതിൽ തുറക്കുന്ന ശബ്ദം കേട്ട് തിരിഞ്ഞു നോക്കി.
എന്നെ കണ്ടതും ആ മുഖത്ത് പുഞ്ചിരി. പക്ഷേ പ്രേതത്തെ കണ്ടതു പോലെ എന്റെ മുഖം വിളറി....

" മേഡത്തിനെന്നെ മനസിലായില്ലേ?"

എന്റെ മരവിപ്പ് മാറിയിരുന്നില്ല

ഞാൻ ഞെട്ടി.
സാറ!
ഇവൾ!
ഇവളപ്പോൾ?!

"സാറാ!....... നീ?!"

" മനസിലായല്ലോ ഭാഗ്യം.നിയമത്തിനു മുന്നിൽ മരണപ്പെട്ടവൾ. പക്ഷേ ഇനിയെനിക്ക് ആ സർട്ടിഫിക്കറ്റ് തിരുത്തണം. മേഡം ഇരിക്ക്."

ഞാൻ ഇരുന്നു.

" മമ്മി കുടിക്കാനെന്തെങ്കിലും....."

സോഫിയയോടായി സാറ പറഞ്ഞു. സോഫിയ താഴെ ഇറങ്ങിപ്പോയി.പോവും മുന്നേ ഡോർ ലോക്ക് ചെയ്യാനവർ മറന്നില്ല. കീ ഹോളിൽ കീ രണ്ടുവട്ടം കറങ്ങുന്നത് ഞാൻ കണ്ടു.
ഞാനവളെ അടിമുടി നോക്കി. ബോയ് കട്ടടിച്ച ചുരുണ്ട മുടി, അയഞ്ഞ ബനിയനും നീളൻസ്ക്കർട്ടും, ഒരു കുഞ്ഞു കല്ലുവെച്ച കമ്മൽ.വലതു കൈയിൽ കെട്ടിയ കറുത്ത ചരടിൽ ഒരു പുലിനഖം കെട്ടിയിരുന്നു. ബെഡോഡ് ചേർത്തിട്ട സ്റ്റഡി ടേബിളിൽ അട്ടിയിട്ട പുസ്തക കൂമ്പാരങ്ങൾ, ഒരു സിസ്റ്റം, പെൻ സ്റ്റാന്റിൽ ഒന്നു രണ്ട് പേനകളും പെൻസിലും. തുറന്നു വെച്ച ഒരു മെഡിസിൻ ബുക്ക്.അതേതാണെന്ന് വ്യക്തമല്ല. ഒരു ജഗ്ഗിൽ കരിങ്ങാലി വെള്ളം. ചെയറിൽ അലസമായിട്ട ഒരു ടർക്കിഷ് ടവ്വൽ, വെയ്സ്റ്റ് ബാസ്ക്കറ്റ് നിറയെ ചുരുട്ടിയെറിഞ്ഞ പേപ്പറുകൾ, അവയ്ക്കിടയിൽ വോഡാഫോൺ സിമ്മിന്റെ കവർ, ചുവരിൽ ഓരോ കോർണറിലും പ്ലാസ്റ്റിക് പൂക്കുലകൾ, മനോഹരമായി വിരിച്ചിട്ട ബെഡിൽ വലിയൊരു ടെഡിബിയർ.കൂടാതെ ഒരു വലിയ കബോഡ്.

" മേഡത്തിനെന്നോടൊന്നും ചോദിക്കാനില്ലേ?"

സാറ ബെഡിലേക്കിരുന്നു കൊണ്ടാണ് ചോദിച്ചത്.
ഉണ്ടായിരുന്നു ഒരുപാട്.

"സാറയ്ക്ക് പറയാനുള്ളത് പറയൂ.അത് കഴിഞ്ഞ് ഞാൻ ചോദിക്കാം "

" എവിടെയാണ് തുടങ്ങേണ്ടത് എന്നതാണ് കൺഫ്യൂഷൻ "

കുറച്ചു നേരം അവൾ ചിന്തിച്ചിരുന്നു.

"അർജ്ജുൻ എന്ന അജുവിൽ നിന്നും തുടങ്ങാം. അവനാണല്ലോ എല്ലാത്തിനും തുടക്കം. ഇഷ്ടമുണ്ടായിരുന്നു അത് ചിലപ്പോൾ ആ പ്രായത്തിന്റേതാവാം. പക്ഷേ അവന്റെ മരണത്തിന്റെ ഒരു മൂന്ന് ദിവസം മുന്നേ എനിക്കവന്റെ ബേഗിൽ നിന്നും ഒരു ചെറിയ ബോട്ടിൽ കിട്ടി. എന്താണെന്നു ചോദിച്ചപ്പോൾ ഉത്തേജക മരുന്നാണെന്നാണ് പറഞ്ഞത്. തൊട്ടടുത്ത ദിവസം അവനെ കാത്തിരുന്നപ്പോൾ ഒരു അപരിചിതനൊപ്പം അവൻ കാറിൽ വന്നിറങ്ങി. കാറിന്റെ ഞാനപ്പോൾ ഫ്രണ്ട്സ് ന്റെ വീഡിയോ ഫോണിൽ എടുക്കുകയായിരുന്നു. കൂട്ടത്തിൽ അവനും കാറും കൂടി കവർ ചെയ്തു."

"സാറായ്ക്കറിയാമോ കാറിലുണ്ടായിരുന്നത് ആരാണെന്ന്?"

"കാറിൽ ആരാണെന്നു ചോദിച്ചപ്പോൾ ഉത്തേജക മരുന്ന് നൽകുന്ന ആളാണെന്ന് പറഞ്ഞു. അവൻ യാത്ര പറയാനായി ഗ്ലാസ് താഴ്ത്തിയപ്പോൾ ആളെയും ഞാൻ കണ്ടു. അത് തോമസ് ഐസക്കായിരുന്നു. അവരെ ഇടയ്ക്ക് ടിവിയിൽ ഒരഭിമുഖം കണ്ട പരിചയം ഉണ്ടായിരുന്നു."

സിസ്റ്റത്തിൽ നിന്നും ഒരു ബീപ് ശബ്ദം. അവൾ എഴുന്നേറ്റ് സിസ്റ്റത്തിനു മുന്നിലെത്തി. സൈഡ് സ്ക്രീനിൽ വീടിന്റെ മുൻവശം കണ്ടു.അവൾ മേശപ്പുറത്തു നിന്നും ഫോണെടുത്ത് ആരെയോ വിളിച്ചു.

" മമ്മീ ഗേറ്റിനു പുറത്ത് ഒരു കാറുണ്ട് ഒന്ന് നോക്കൂ "

ഫോൺ മേശപ്പുറത്ത് വെച്ചവൾ നിർത്തി എഴുന്നേറ്റ് വീണ്ടും ബെഡിൽ വന്നിരുന്നു.എന്റെ കണ്ണുകളപ്പോഴും സിസ്റ്റത്തിൽ തന്നെയായിരുന്നു. സാറ തുടർന്നും പറഞ്ഞു തുടങ്ങി

"അജുവിന്റെ നിർബന്ധത്തിന് വഴങ്ങി അവൻ മരിക്കുന്നതിന്റെ തലേ ദിവസം ഈ മെഡിസിൻ എന്റെ ശരീരത്തിലും ഇൻജക്ട് ചെയ്തു. എനിക്കന്ന് ഷട്ടിൽ ബാറ്റ്മിന്റൽ ഉണ്ടായിരുന്നു.അതിനടുത്ത ദിവസമാണ് അജു മരണപ്പെട്ടത്. മയക്കുമരുന്നിന്റെ അമിതമായി ഉപയോഗിക്കുന്നതിന്റെ തെളിവ് അവന്റെ ശരീരത്തിൽ നിന്നും ഡോക്ടർമാർ കണ്ടെത്തിയപ്പോൾ എനിക്കുറപ്പായിരുന്നു അജു ഉത്തേജകമെന്ന പേരിൽ കുത്തിവെച്ചത് മയക്കുമരുന്നാണെന്ന്. ഞാനുടനെ എന്റെ ഡാഡിയോട് കാര്യം പറഞ്ഞതിന് ശേഷം ബ്ലഡ് ടെസ്റ്റ് ചെയ്തു. എന്റെ ശരീരത്തിലും അതിന്റെ അംശങ്ങൾ കണ്ടതോടെ പ്രതികളെ പിടികൂടണമെന്ന് ഡാഡി ഉറപ്പിച്ചു.
അന്ന് സ്ക്കൂൾ ഗേറ്റിനരികിൽ നിർത്തിയിട്ട കാറിന്റെ നമ്പർ ഞാൻ മൊബൈൽ ഫോട്ടോയിൽ നിന്നും എടുത്ത് കൊടുത്തതിന്റെ തൊട്ടടുത്ത ദിവസം ഡാഡിയെ കാണാതായി. അന്നു വൈകീട്ട് ആ കാർ ഞങ്ങളുടെ വീട്ടിലെത്തി അതിൽ നിന്നും ഇറങ്ങിയത് ഇന്നലെ രാത്രി ഹോസ്പിറ്റൽ വെച്ച് മരണപ്പെട്ട തോമസ് ഐസകായിരുന്നു. മമ്മി ഹോസ്പിറ്റലിലും അന്ന വയലിൻ ക്ലാസിലും പോയിരിക്കുന്ന സമയം അവരെന്നെ ബോധം കെടുത്തി കാറിൽ കൊണ്ടുപോയി. "

ഡോർ തുറന്ന് സോഫിയ രണ്ട് ഗ്ലാസ് ഓറഞ്ച് ജ്യൂസുമായി കടന്നു വന്നു. ഞാനവയിൽ നിന്നൊരെണ്ണമെടുത്ത് കൈയിൽ വെച്ചു. സോഫി ചെയർ നീക്കിയിട്ട് സാറയ്ക്കഭിമുഖമായിരുന്നു പറഞ്ഞു.

"ഡാഡി വന്നു "

" ആ കാർ? "

"ACP രേണുകാ മേഡത്തിന്റെയാ "

സാറ തുടർന്നു.

"ബോധം വരുമ്പോൾ ഞാൻ ഒരു ഇരുട്ടുമുറിയിലെ തറയിലായിരുന്നു. അസഹനീയമായ തണുപ്പും. കൈകാലുകൾ അനക്കാൻ വയ്യായിരുന്നു.
ഞാനല്ലാതെ ആ മുറിയിൽ ആരോ ഉണ്ടെന്നു ബോധ്യമായി അത് ഡാഡിയായിരുന്നു. എന്നെ പോലെ ഡാഡിയുടേയും കൈകാലുകൾ കെട്ടിയിട്ടിരുന്നു. ബോധം മറഞ്ഞിരിക്കുന്ന ഡാഡിക്കരികിലേക്ക് തറയിൽ വീണു കിടക്കുന്ന കരിയിലകൾക്കു മീതേക്കൂടി ഞാനിഴഞ്ഞു ചെന്നു.തണുപ്പ് കൂടി കൂടി വന്നു. പതിയെ കാഴ്ച്ചയിലേക്ക് വന്നു. മേലെ തുറന്ന് കിടക്കുന്ന ഒരു ജയിൽ മതിലു പോലെ തോന്നിയ പഴയ വീട്. നേരം പുലർന്നപ്പോഴേക്കും പപ്പ ഉണർന്നു. എന്റെ തലയിൽ കുത്തിയ സ്റ്റീൽ ക്ലിപ്പിന്റെ സഹായത്തോടെ ഞങ്ങൾ പരസ്പരം തിരിഞ്ഞിരുന്നു കൈയിലെ കെട്ടുകളഴിച്ചു.കാലിൽ കൂടി ചോരയൊലിക്കുന്നത് കണ്ടാണ് നോക്കിയത് തറയിൽ പലയിടത്തും അട്ടകൾ . അറച്ചിട്ട് ഉറക്കെ ശബ്ദിക്കാൻ കഴിയാതെ ഞാനിരുന്നപ്പോൾ ഡാഡിയുടെ കണ്ണിനു താഴെ ഒരട്ട തടിച്ചു വീർത്തു തൂങ്ങിക്കിടക്കുന്നത് കണ്ടത്. പറിച്ചെറിയാൻ തുനിഞ്ഞപ്പോൾ ഡാഡി വിലക്കി.

'അത് സ്വയം വീണു പോവു'
മെന്ന്.
ദേഹത്ത് പലയിടത്തു നിന്നും ചോരയൊലിക്കുന്നുണ്ടായിരുന്നു അട്ടകൾ കാരണം. രക്തം വാർന്ന് മരിക്കാൻ ഇത് തന്നെ ധാരാളം എന്നുറപ്പായിരുന്നു. ഡാഡിക്ക് നേരെ നിൽക്കാൻ പോലും വയ്യായിരുന്നു. സൂര്യരശ്മികൾ ചെറുതായി കടന്നു വരുന്ന ആ മുറിയുടെ വാതിൽ ഞങ്ങൾ കുറേ നേരത്തെ പരിശ്രമം കൊണ്ടു തുറന്നു.
കാട്ടിനു നടുവിലുള്ള ഒരു ഇടിഞ്ഞു പൊളിഞ്ഞ വീട്ടിനകത്തായിരുന്നു ആ മുറി. അതിന്റെ പുറത്ത് ചത്തു കിടക്കുന്ന ഒരു കാട്ടുപോത്തിന്റെ മുക്കാലും ഏതോ ജീവികൾ തിന്നു തീർത്തിരുന്നു. മാംസം കത്തുന്ന ഗന്ധം മൂക്കിലടിച്ചപ്പോൾ ഞാൻ ചുറ്റുപാടുകൾ നോക്കി തെല്ല് മാറി മുട്ടോളമെത്തുന്ന ഷൂ ധരിച്ച് ഒരാൾ പുറം തിരിഞ്ഞ് നിൽക്കുകയായിരുന്നു. അയാൾക്കു മുമ്പിൽ കത്തിയമരുന്ന ഒരു മനുഷ്യ ശരീരം....."

സാറ കിതയ്ക്കാൻ തുടങ്ങി. സോഫിയ ജൂസെടുത്ത് സാറയ്ക്ക് നൽകി. ഒറ്റ വലിയ്ക്കവളത് കുടിച്ചു തീർത്തു. സാറയുടെ
നെറ്റിയിൽ പൊടിഞ്ഞ വിയർപ്പുതുള്ളികൾ കസേരയിൽ കിടന്ന ടർക്കിയാൽ സോഫി ഒപ്പിയെടുത്തു .

സാറ തുടർന്നു

" പിന്തിരിഞ്ഞു നിന്നയാൾ എന്തോ ചുരുട്ടി പിന്നിലേക്കെറിഞ്ഞു. അത് വന്ന് വീണത് ഡാഡിയുടെ മുഖത്താ. ഡാഡിയത് തുറന്നു നോക്കി.

'അർജ്ജുൻ '

എന്ന് മന്ത്രിച്ചു. അത് പോസ്റ്റ്മോർട്ടത്തിനിടുന്ന ബോഡിയിൽ കെട്ടുന്ന ടാഗ് ആയിരുന്നു. ഡാഡിയുടെ കണ്ണുകളിൽ ഭയം വല്ലാതെ ഞാൻ കണ്ടു. ഡാഡി എന്നെ കൈകളാൽ പിന്നിലേക്ക് മാറ്റി നിർത്തി തറയിൽ നിന്നും ഒരു വലിയ കല്ലെടുത്തു മുന്നോട്ട് കുതിച്ചതും അയാൾ ഞങ്ങളെ കണ്ടതും ഒരേ നിമിഷം. ഡാഡിക്കെന്തെങ്കിലും ചെയ്യാൻ കഴിയും മുന്നേ അയാൾ ഡാഡിയെ കഴുത്തിന് പിടിച്ച് വീടിന്റെ ചുവരിനോട് ചേർത്ത് പൊക്കി. ഡാഡിയുടെ കാലുകൾ വായുവിൽ കിടന്നു പിടയുന്നത് കണ്ടാണ് ഞാനയാളെ പിടിച്ചുന്തിയത്. അയാളുടെ പിടിവിട്ട് ഡാഡി തറയിൽ വീണു. അയാളുടെ കാലു തട്ടി പെട്രോൾ നിറച്ച കന്നാസ് മറിഞ്ഞു അയാളതിന്റെ മീതേക്ക് വീണതും അജുവിന്റെ ബോഡിയിലെ തീ അയാളുടെ ദേഹത്തേക്ക് പടർന്നതും ഒരേ നിമിഷം. അഗ്നിവിഴുങ്ങിയ ദേഹവുമായയാൾ എനിക്ക് നേരെ ഓടി ഞാൻ തിരിഞ്ഞോടിയപ്പോൾ രണ്ട് മുട്ടുകാലിനു താഴെയും ഒരു വൈദ്യുത് പ്രവാഹം പോലെ തോന്നി. തുടർന്ന് ഞാൻ ഏതോ കുഴിയിലേക്ക് എടുത്തെറിയപ്പെട്ടു.തലയെവിടെയോ ഇടിച്ചു, മറഞ്ഞു പോകുന്ന ബോധത്തിനിടയിലും ഡാഡിയുടെ മോളെ എന്ന വിളി ഞാൻ കേട്ടിരുന്നു."

കണ്ണു തുറക്കുമ്പോൾ ഞാൻ ഏതോ ആശുപത്രിയിലാണ്. ടേബിളിൽ തല ചായ്ച്ച് പുറം തിരിഞ്ഞിരുന്നുറങ്ങുന്ന ഒരു നഴ്സ് മാത്രമുണ്ട് മുറിയിൽ.ഞാൻ എഴുന്നേൽക്കാൻ ശ്രമിച്ചു പക്ഷേ

കഴിയുന്നില്ലായിരുന്നു.എന്റെ ശബ്ദം കേട്ട് നഴ്സുണർന്നു. ഡാഡിയെയും മമ്മിയെയും കാണണമെന്ന് ഞാൻ വാശി പിടിച്ചു ഡാഡിക്ക് അപകടമെന്തോ പറ്റിയതായി എന്റെ മനസ് മന്ത്രിച്ചു. അവർ പുറത്തുണ്ടെന്ന വാദമൊന്നും ഞാൻ ചെവികൊണ്ടില്ല.

കട്ടിലിൽ നിന്നും ഇറങ്ങാൻ ശ്രമിച്ച എനിക്കൊരു കാര്യം മനസിലായി എന്റെ രണ്ടു കാലുകളും ചലനമറ്റിരിക്കുകയാണെന്ന്. പുതപ്പു മാറ്റി നോക്കിയ ഞാൻ കരയാൻ പോലും കഴിയാതെ മരവിച്ചിരുന്നു.എന്റെ ഇടതുകാൽ മുട്ടിനു താഴെ വെറും ശൂന്യമായിരുന്നു."

തുടർന്നവൾ സ്ക്കർട്ട് മേളിലേക്ക് വലിച്ചുനീക്കി. ഇടതുകാൽ കൃത്രിമക്കാലായിരുന്നു. വലതുകാലിലും അതേ സ്ഥാനത്ത് സ്റ്റിച്ചിട്ടതിന്റെ പാടുണ്ടായിരുന്നു.അത് ചൂണ്ടി ഞാൻ ചോദിച്ചു.

" ഇത്?"

അപ്പോഴേക്കും വാതിൽ തട്ടുന്ന ശബ്ദം കേട്ടു .സോഫി പോയി വാതിൽ തുറന്നു.CIനൈനാൻ കോശിയായിരുന്നു. ഞാൻ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റു. ഇരിക്കാൻ കൈ കൊണ്ടാഗ്യം ചെയ്തതിനു ശേഷം ജ്യൂസിൽ നോക്കിയദ്ദേഹം പറഞ്ഞു.

" ഇത് കുടിച്ചില്ലെ ഇതുവരെ.?"

ഞാനത് ചുണ്ടോടു ചേർത്തു.

" മുഴുവൻ പറഞ്ഞോ?"

നൈനാന്റെ ചോദ്യത്തിന് മറുപടി പറഞ്ഞത് സാറയാണ്

" ഇല്ല ഡാഡി. "

ജ്യൂസ് ഗ്ലാസ് എന്റെ കൈയിൽ നിന്നും വാങ്ങി സോഫിയ പുറത്തു പോയി .

" വലത്തേ കാലിലെ പാടെന്താണെന്ന് പറഞ്ഞില്ല സാറ "

മറുപടി പറഞ്ഞത് നൈനാനായിരുന്നു

" കൊലയാളികൾ രണ്ടു പേരുണ്ടായിരുന്നു. രണ്ടാമൻ എറിഞ്ഞ കത്തി കൊണ്ടുണ്ടായ മുറിവാണ് .ഒരു കാൽ പൂർണമായും മറ്റേ കാൽ ഭാഗികമായും അറ്റുപോയതിന് ശേഷം സമീപത്ത് ഒരു കുഴിയിലേക്ക് ആണ് സാറ വീണത്.പിന്നീടെന്റെ സമനില തെറ്റി. കുറേ നേരത്തെ മൽപിടുത്തത്തിനു ശേഷം അതേ കത്തിവെച്ച് ഞാനവനെ കൊന്നു. അപ്പോഴേക്കും ഒന്നാമൻ കത്തിയമർന്നിരുന്നു. അതിനകത്തേക്ക് രണ്ടാമനേയും വലിച്ചിഴച്ച് ഇട്ട ശേഷം ഞാൻ സാറയ്ക്കടുത്തെത്തി.അവൾക്കപ്പോൾ ബോധം പോലുമുണ്ടായില്ല.
തൊട്ടടുത്ത് മതിലു കെട്ടിയ ഒരു വലിയ കിണർ എന്റെ ശ്രദ്ധയിൽ പെട്ടത് അപ്പോഴാണ്. ഒരു കല്ലെറിഞ്ഞ് ഞാൻ കിണറിന്റെ ആഴം കണക്കുകൂട്ടി അതൊരു വെള്ളമില്ലാത്ത കിണറായിരുന്നു.രണ്ടാമന്റെ ബോഡി വലിച്ചിഴച്ച് ഞാൻ അതിനകത്തിട്ട ശേഷം സാറയെ തോളിൽ ചുമന്ന് ഇറങ്ങി വന്നു. കിലോമീറ്ററുകൾക്കിപ്പുറത്ത് ഒരു കാർ കിടക്കുന്നത് കണ്ടു.കാടുകാണാനിറങ്ങിത്തിരിച്ച രണ്ട് തമിഴ് കാമുകീകാമുകന്മാരായിരുന്നു അതിൽ.അവരുടെ സഹായത്തോടെ ഞാൻ തമിഴ്നാട് ബോർഡറിലുള്ള ഒരു ആശുപത്രിയിൽ എത്തിച്ച ശേഷമാണ് ഞാൻ നിൽക്കുന്ന സ്ഥലമെനിക്ക് മനസിലായത്. സോഫിയക്കൊപ്പം MBBS ചെയ്ത ഒരു ഡോക്ടർ ശിവശെൽവം ഇവിടെ ഏതോ ഹോസ്പിറ്റലിലെ മെയിൻ ഡോക്ടറാണെ ഓർമ്മയിൽ ഞാൻ ഹോസ്പിറ്റലിൽ തിരക്കി."

"സർ, ഏതായിരുന്നു ആ സ്ഥലം?"

"സേലം.... എന്റെ സാറയുടെ ഭാഗ്യമാകാം ശിവ ശെൽവം ആ ഹോസ്പിറ്റലിൽ തന്നെയുണ്ടായിരുന്നത്. കാര്യങ്ങൾ സത്യസന്ധമായി പറഞ്ഞു. അവന്റെ നിർദ്ദേശ പ്രകാരമാണ് ഞാൻ സാറ മരണപ്പെട്ടു എന്ന ഒരു വാർത്ത പരത്തിയത്."

"സർ അങ്ങനെയൊരു വാർത്തയുണ്ടാക്കാൻ കാരണമെന്താണ്?"

നൈനാൻ സാറയുടെ അടുത്ത് വന്നിരുന്നു.

"എന്റെ മകളെ അവർ കൊല്ലുമെന്ന് എനിക്കുറപ്പായിരുന്നു. മോളെ അഡ്മിറ്റ് ചെയ്തതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ അവിടെ സാറയെ തിരക്കി ആളുകൾ വരാൻ സാധ്യതയുണ്ടെന്നും അത് അവളുടെ ജീവന് അപകടമാണെന്നും പറഞ്ഞു. അവൾ മരണപ്പെട്ടെന്ന വാർത്തയിൽ ശത്രുക്കളെ വഴി തിരിച്ച് വിടാമെന്നും. മാത്രമല്ല രണ്ട് പേരെ കൊന്ന കൊലപാതക കുറ്റം വേറെയും ."

സിസ്റ്റത്തിൽ വീണ്ടും ബീപ് സൗണ്ട്. സാറ എഴുന്നേറ്റ് സിസ്റ്റത്തിനു മുന്നിലെത്തുന്നു.
സ്ക്രീനിൽ ഒരു കറുത്ത കാർ, അലോഷിയുടേത് തന്നെ. ഞാൻ ഒന്നും മനസിലാവാത്ത പോലെ ഇരുന്നു.

" എന്നിട്ട് സർ ബാക്കി പറയൂ."

സിസ്റ്റത്തിലെ സ്ക്രീനിൽ നിന്നും അദ്ദേഹം കണ്ണെടുക്കാതെ തുടർന്നു.

" ഡോക്ടർ തന്നെ സാറയുടെ മരണം സ്ഥിതീകരിച്ച് എഴുതിത്തന്നു. ആരുമറിയാതെ ഒരു അജ്ഞാത മൃതദേഹം പോസ്റ്റ്മോർട്ടം ടേബിളിൽ എത്തിച്ചു. പക്ഷേ അപമാനം അവിടെയായിരുന്നു. ആ പെൺകുട്ടി ഗർഭിണിയായിരുന്നു. മരണപ്പെട്ടത് സാറ അല്ലാ എന്നത് ഞാൻ സോഫിയയോടു പോലും മറച്ചുവെക്കാൻ നിർബന്ധിതയായി. സാറ ആരുമറിയാതെ ശിവ ശെൽവത്തിന്റെ വീട്ടിലേക്ക് മാറ്റപ്പെട്ടു.

സാറയെ ഞാൻ കാണുന്നത് പിന്നീട് ഏഴ് ദിവസം കഴിഞ്ഞാണ് സാവധാനം അവളെ കാര്യങ്ങൾ പറഞ്ഞ് ഞാൻ ബോധ്യപ്പെടുത്തി. പക്ഷേ അവൾക്ക് മമ്മിയെ കാണണമെന്ന് വാശി കൂടി കൂടി വന്നു. ഒടുവിൽ എനിക്ക് സോഫിയയോടും അന്നയോടും കാര്യങ്ങൾ തുറന്നു പറയേണ്ടി വന്നു.

ഒടുവിൽ രഹസ്യമായി ഞങ്ങൾ ഇവിടെ സാറയെ എത്തിച്ചു. "

" തോമസിന്റെ ഭാഗത്തു നിന്നും പ്രശ്നങ്ങൾ ഉണ്ടായില്ലെ?"

" ഉം.... സാറയുടെ സംസ്ക്കാരത്തിന് വന്നിരുന്നു അദ്ദേഹം.അന്നെന്നെ മാറ്റി നിർത്തി അദ്ദേഹം പറഞ്ഞത് അന്നയുടെ മരണത്തെ വിളിച്ചു വരുത്തരുതെന്നാണ്. പിന്നീട് എനിക്ക് ഭയമായി. സോഫിയ ജോലി രാജിവെച്ചത് തന്നെ ഭയന്നിട്ടാ"

" ഇപ്പോഴിതെല്ലാം തുറന്നു പറഞ്ഞതിനു പിന്നിലുള്ള ലക്ഷ്യമെന്താണ് സാർ."

"തോമസ് ഐസക് കൊല്ലപ്പെട്ടു. എനിക്കെന്റെ മകളെ സമൂഹത്തിനു മുന്നിൽ എത്തിക്കണം. മരണപ്പെട്ടവളായല്ല ജീവിച്ചിരിക്കുന്നവളായി.വേദയ്ക്കതിനു കഴിയും"

"ഡാഡി Acp യുടെ കാർ ....."

സ്ക്രീനിൽ ACP യുടെ കാർ ഗേറ്റിനു ഫ്രണ്ടിൽ തന്നെയുണ്ട് തുടർന്ന് സോഫിയ പോയി ഗേറ്റു തുറക്കുന്നതും കാറകത്ത് കടന്നതും കണ്ടു.

സാറ നൈനാൻ കോശിയുടെ മുഖത്ത് നോക്കി.നൈനാൻ മുറിയിൽ നിന്നിറങ്ങി മുറി പുറത്തു നിന്നും ലോക്ക് ചെയ്തിറങ്ങിപ്പോയി.
എന്റെ ഫോൺ ശബ്ദിച്ചു
അരവിയായിരുന്നു.

" വേദ Acp രേണുകാ മേനോൻ നിന്നെ അന്വേഷിച്ച് വന്നിരുന്നു.".

"എന്തിന്?"

"കുര്യച്ചനും മരണപ്പെട്ടു.
തോമസ് ഐസക്കിനെ കൊല ചെയ്തത് നീയാണെന്ന് കുര്യച്ചന്റെ മരണ മൊഴി. "

"ങ്ങേ....?! ഞാനോ? "

" നിന്റെ കൂടെ ഉണ്ടായിരുന്നെന്നു പറയപ്പെടുന്ന ആൻസി എന്ന യുവതി അര മണിക്കൂർ മുന്നേ അറസ്റ്റ് ചെയ്യപ്പെട്ടു. മാറി നിൽക്കുന്നതാണ് സേഫ്. നീയിപ്പോ എവിടെയാ? "

ആരോ സ്റ്റെപ്പുകൾ കയറി വരുന്ന ശബ്ദം ഞാൻ സാറയെ നോക്കി തിരിച്ചറിയാനാവാത്ത ഒരു ഭാവം മാത്രം.
ചതിക്കപ്പെടുകയാണെന്ന തിരിച്ചറിവു തന്നെയാവാം ഫോൺ സ്വിച്ചോഫാക്കാൻ എന്നെ പ്രേരിപ്പിച്ചത്.കാലടി ശബ്ദം വാതിലിനടുത്തെത്തി. കീ രണ്ടുവട്ടം തിരിഞ്ഞു.
ആക്രമിക്കാൻ തയ്യാറായി ഞാൻ നിന്നു.

വാതിൽക്കലോളമെത്തിയ കാലടി ശബ്ദം നിന്നു. ഹാൻഡിൽ തിരിയുന്നു...... നെഞ്ചിടിപ്പു കൂടി സാറയുടെ മുഖത്ത് ഭാവവ്യത്യാസമൊന്നുമില്ല. രണ്ട് മിനിട്ടിനു ശേഷം കാലടി ശബ്ദം അകന്നുപോയി. എങ്കിലും ഞങ്ങൾ പരസ്പരം ശബ്ദിച്ചില്ല. കുറച്ചു നേരം കഴിഞ്ഞതിനു ശേഷം രേണുകയുടെ കാർ ഗേറ്റു കടന്നു പോയി. ശേഷം ഞാൻ എഴുന്നേറ്റു.

"സാറ അടുത്ത അഴിച്ചുപണിയിൽ നീയും ഉണ്ട്. "

" അതിനു വേണ്ടിയാണിപ്പോൾ മേഡത്തിനോട് കാര്യം അവതരിപ്പിച്ചത്.തോമസ് ഐസക്കിനു പിന്നിൽ ആരൊക്കെയോ ഉണ്ട് ഡാഡിക്ക് ഇപ്പഴും ഭീഷണിയുണ്ട്. സർവ്വീസിൽ നിന്നു പോലും ഒന്നു രണ്ടു വട്ടം രാജിവെക്കാനിരുന്നതാ. മമ്മിയും രാജിവെച്ചതിനു പിന്നാലെ ഡാഡി കൂടി ജോലി കളഞ്ഞാൽ ജീവിതം ബുദ്ധിമുട്ടാകുമെന്ന് തോന്നിയിട്ടാ വേണ്ടെന്നു വെച്ചത്."

"എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വിളിക്കണം ."

വാതിൽ തുറന്ന് നൈനാൻ കോശി മുറിയിലേക്ക് കയറി.മുഖം മ്ലാനമായിരുന്നു.

"വേദ ചെറിയൊരു പ്രശ്നമുണ്ട് "

"എന്താ സാർ? "

"തനിക്കെതിരെ കളിക്കുന്നയാൾ ശക്തനാണ്. തോമസ് ഐസക്കിന്റെ മരണത്തിനു പിന്നിൽ നീയാണെന്ന് ഒരു നാൻസി മൊഴി കൊടുത്തിരിക്കുന്നതിന്റെ ഫലമായി നിനക്കെതിരെ തോമസിന്റെ മകൻ കേസ് കൊടുത്തിട്ടുണ്ട്. "

"ഞാനറിഞ്ഞിരുന്നു അരവിന്ദ് വിളിച്ചു തൊട്ടു മുൻപേ. അപ്പോ മുറിക്കു പുറത്താരോ വന്നിരുന്നതിനാൽ ഫോൺ സ്വിച്ച്ഡോഫാക്കി ഞാൻ "

"മുറിക്ക് പുറത്താര് വരാൻ?"

നൈനാന്റെ ശബ്ദത്തിൽ എന്തോ ഭയം.

"ഡാഡിയല്ലായിരുന്നോ വന്നത്??"

സാറ ഇടയ്ക്കു കയറി ചോദിച്ചു.

"ഇല്ല ഞാനും മേഡവും സോഫിയയും താഴെ സംസാരിച്ചിരിക്കുകയായിരുന്നു."

" അന്ന?"

" ഇല്ല ആരും വന്നില്ല."

ഞാനും സാറയും പരസ്പരം നോക്കി. ആ മുഖത്ത് ഭയത്തിന്റെ കുഞ്ഞലകൾ.
ആരോ വന്നു എന്നെനിക്കും ഉറപ്പായിരുന്നു.

സാറയോട് യാത്ര പറഞ്ഞു ഞാനിറങ്ങി താഴെ എത്തി. എനിക്കൊപ്പം നൈനാൻസാറും വന്നു.
ഫോൺ ഓൺ ചെയ്തതും അലോഷിയുടെ മെസ്സേജ് വന്നു.

"എത്രയും പെട്ടന്ന് അവിടെ നിന്നിറങ്ങുക "

മുഖത്ത് ഭാവമാറ്റം വരുത്താതെ ഞാൻ നൈനാനോട് ചോദിച്ചു..

"സാറ ജീവിച്ചിരിക്കുന്നത് അറിയുന്നത് ആരൊക്കെ?"

" ഞാൻ, സോഫി, അന്ന, ശിവ ശെൽവം പിന്നെ താനും..... എന്താടോ?"

"ഒന്നുമില്ല. എവിടെയോ ഒരു പിഴവ് പറ്റിയോന്നൊരു സംശയം..... Acp മാഡം വന്നത്?"

"തന്റെ കാര്യം പറയാൻ കൂടിയാണ്"

" കൂടെയാരാ ഉണ്ടായത്?"

"കാർ ഡ്രൈവറുണ്ടായിരുന്നെന്നു തോന്നുന്നു.... എന്തു പറ്റി വേദാ? നിങ്ങൾ തമ്മിലെന്തെന്തിലും പ്രശ്നമുണ്ടോ?"

ചെറിയൊരു പുഞ്ചിരി നൽകി തുടർന്നു.

" പ്രശ്നമൊന്നുമില്ലാതിരിക്കട്ടെ. സർ നാൻസിയെ അറസ്റ്റ് ചെയ്തു എന്നല്ലെ പറഞ്ഞത്?"

"അതെ... അത് Acp തന്നെയ അറസ്റ്റ് നടത്തിയത്."

" കോടതിയിൽ ഹാജരാക്കണമെങ്കിൽ തിങ്കളാഴ്ച വരെ കാത്തിരിക്കണം അല്ലേ?"

"അതെ. എന്താ വേദാ?"

"ഹേയ് ഒന്നുമില്ല.ഇനിയും തെളിയാതെ കിടക്കുന്ന സീനയുടെ കൊലപാതക സമയത്ത് കൂടെയുണ്ടായിരുന്ന സ്ത്രീയാണ് ആൻസി എന്ന സ്ത്രീ.അവരിപ്പോൾ പോലീസ് കസ്റ്റഡിയിലാണ്. ACP അറസ്റ്റ് ചെയ്തൊരാളെ ക്വസ്റ്റ്യൻ ചെയ്യാനുള്ള അനുമതി സാറിനു കിട്ടുമെങ്കിൽ വിനിയോഗിക്കുക. പ്രതിസ്ഥാനത്ത് നമ്മൾ ചൂണ്ടിക്കാണിച്ച കുര്യച്ചൻ ഇതിൽ വെറും ബിനാമി മാത്രമാണ് എന്നെന്റെ മനസ്സ് പറയുന്നു."

"വേദയ്ക്കിതെങ്ങനെ അറിയാം?"

"സർ പറ്റുമെങ്കിൽ അന്വേഷിക്കുക. സീതയുടെ ബോഡി കിട്ടിയ സെമിത്തേരിയിലെ കുഴിയിൽ നിന്നും ഒരു കാൽപാദത്തിന്റെ പാതിയും കിട്ടിയിരുന്നു. സാർ ഓർക്കുന്നുണ്ടോ?"

"ഉവ്വ് "

"അതൊരു സ്ത്രീയുടെ തന്നെ കാൽപാദമാണെന്ന് ഫോറെൻ സിക് വിഭാഗം ശരി വെച്ചിരുന്നു. നാൻസിയ്ക്ക് ഒരു കാൽപാദം പാതിയെ ഉള്ളൂ. മാത്രമല്ല മരണപ്പെട്ട സജീവിന്റെ നിയമാനുസൃതമായ ഭാര്യ അവരാണ്."

നൈനാൻ വാ പൊളിച്ചിരിക്കയാണ്.

"വേദ താൻ ഇതെല്ലാം കണ്ടു പിടിച്ചത് ആവിശ്വസനീയം തന്നെ."

"സർ ഇതെല്ലാം അർജ്ജുന്റെ കേസുമായി ബന്ധപ്പെട്ടിരിക്കുന്നു. ACP നേരിട്ട് നടത്തിയ അറസ്റ്റായതിനാൽ സാറിനിതിൽ കൈകടത്താൻ പറ്റുമോ. "

" അതോർത്ത് വിഷമിക്കണ്ട. ACp യുടെ പുതിയ ടീമിൽ ഞാനുണ്ട്."

" good ! നമുക്ക് വേണ്ടതും അതാണ്. സർ നടത്തുന്നത് ഒരു റിസ്ക്കേറിയ കാര്യമാണ്.നാൻസിയെ ചോദ്യം ചെയ്യുന്ന സമയത്ത് വിശ്വസ്ഥരായവർ മാത്രമേ ഉണ്ടാകാവൂ. മാത്രമല്ല ആരുമറിയാതെ ഈ രംഗങ്ങളുടെ വീഡിയോ എടുക്കണം. ശത്രുപക്ഷം വളരെ സ്ട്രോംഗാണ്."

ഫോണിൽ വീണ്ടും മെസ്സേജ്

'പ്രശാന്ത് സിഐ യുടെ വീടിനടുത്തുണ്ട്.ഇറങ്ങുമ്പോൾ മിസ്ഡ് കോൾ കൊടുക്കുക '

നൈനാൻ തുടർന്നു.

"വേദ പുറത്തിറങ്ങിയാൽ അറസ്റ്റ് ഉറപ്പാണ്. Acp വെകിളി പിടിച്ച് നടക്കുകയാണ്. അവർക്ക് തന്നോട് ദേഷ്യമുള്ളത് പോലെ.... ബുദ്ധിമുട്ടാവില്ലെങ്കിൽ ഇവിടെ നിൽക്കാം."

"ഞാഹാ കള്ളന് കഞ്ഞി വെക്കണ പോലീസെന്നു ചീത്തപ്പേര് വേണോ സാറേ?ACP യെ ഞാൻ ഇന്നലെ രാത്രി പബ്ലിക്കായി കളിയാക്കിയതിന്റെ ചൊറിച്ചിലാവും."

"തന്നിലൊരു സത്യമുണ്ടെന്നറിഞ്ഞിട്ടാ തന്നെ തേടി ഞങ്ങൾ വന്നത്. "

" ഞാൻ തമാശിച്ചതാ സാറേ "

പ്രശാന്തിന് മിസ്ഡ് കോൾ കൊടുത്തു ഞാനിറങ്ങി.

" അപ്പോ ശരി സർ ഞാനിറങ്ങട്ടെ "

"വേദ എങ്ങനെ പോകും? സോഫിയെ വിടാം."

"വേണ്ട ഒരു ഫ്രണ്ടിപ്പോൾ വരും."

"Acp യുടെ കണ്ണിൽ പെടണ്ട."

ഞാൻ ചിരിച്ചു കൊണ്ടിറങ്ങി. രണ്ടു ചുവടു മുന്നിലേക്ക് വെച്ചതേയുള്ളൂ വീടിന്റെ മുകൾനിലയിൽ നിന്നും സാറയുടെ ഉറക്കെയുള്ള കരച്ചിൽ കേട്ടു .
എനിക്ക് മുന്നേ നൈനാൻ മുകളിലേക്കോടി.എന്തോ അപകടം നടന്നിരിക്കുന്നു.പിന്നാലെ ഞാനും ഓടി

വാതിൽക്കലോളമെത്തിയ കാലടി ശബ്ദം നിന്നു. ഹാൻഡിൽ തിരിയുന്നു...... നെഞ്ചിടിപ്പു കൂടി സാറയുടെ മുഖത്ത് ഭാവവ്യത്യാസമൊന്നുമില്ല. രണ്ട് മിനിട്ടിനു ശേഷം കാലടി ശബ്ദം അകന്നുപോയി. എങ്കിലും ഞങ്ങൾ പരസ്പരം ശബ്ദിച്ചില്ല. കുറച്ചു നേരം കഴിഞ്ഞതിനു ശേഷം രേണുകയുടെ കാർ ഗേറ്റു കടന്നു പോയി. ശേഷം ഞാൻ എഴുന്നേറ്റു.

"സാറ അടുത്ത അഴിച്ചുപണിയിൽ നീയും ഉണ്ട്. "

" അതിനു വേണ്ടിയാണിപ്പോൾ മേഡത്തിനോട് കാര്യം അവതരിപ്പിച്ചത്.തോമസ് ഐസക്കിനു പിന്നിൽ ആരൊക്കെയോ ഉണ്ട് ഡാഡിക്ക് ഇപ്പഴും ഭീഷണിയുണ്ട്. സർവ്വീസിൽ നിന്നു പോലും ഒന്നു രണ്ടു വട്ടം രാജിവെക്കാനിരുന്നതാ. മമ്മിയും രാജിവെച്ചതിനു പിന്നാലെ ഡാഡി കൂടി ജോലി കളഞ്ഞാൽ ജീവിതം ബുദ്ധിമുട്ടാകുമെന്ന് തോന്നിയിട്ടാ വേണ്ടെന്നു വെച്ചത്."

"എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വിളിക്കണം ."

വാതിൽ തുറന്ന് നൈനാൻ കോശി മുറിയിലേക്ക് കയറി.മുഖം മ്ലാനമായിരുന്നു.

"വേദ ചെറിയൊരു പ്രശ്നമുണ്ട് "

"എന്താ സാർ? "

"തനിക്കെതിരെ കളിക്കുന്നയാൾ ശക്തനാണ്. തോമസ് ഐസക്കിന്റെ മരണത്തിനു പിന്നിൽ നീയാണെന്ന് ഒരു നാൻസി മൊഴി കൊടുത്തിരിക്കുന്നതിന്റെ ഫലമായി നിനക്കെതിരെ തോമസിന്റെ മകൻ കേസ് കൊടുത്തിട്ടുണ്ട്. "

"ഞാനറിഞ്ഞിരുന്നു അരവിന്ദ് വിളിച്ചു തൊട്ടു മുൻപേ. അപ്പോ മുറിക്കു പുറത്താരോ വന്നിരുന്നതിനാൽ ഫോൺ സ്വിച്ച്ഡോഫാക്കി ഞാൻ "

"മുറിക്ക് പുറത്താര് വരാൻ?"

നൈനാന്റെ ശബ്ദത്തിൽ എന്തോ ഭയം.

"ഡാഡിയല്ലായിരുന്നോ വന്നത്??"

സാറ ഇടയ്ക്കു കയറി ചോദിച്ചു.

"ഇല്ല ഞാനും മേഡവും സോഫിയയും താഴെ സംസാരിച്ചിരിക്കുകയായിരുന്നു."

" അന്ന?"

" ഇല്ല ആരും വന്നില്ല."

ഞാനും സാറയും പരസ്പരം നോക്കി. ആ മുഖത്ത് ഭയത്തിന്റെ കുഞ്ഞലകൾ. ആരോ വന്നു എന്നെനിക്കും ഉറപ്പായിരുന്നു.

സാറയോട് യാത്ര പറഞ്ഞു ഞാനിറങ്ങി താഴെ എത്തി. എനിക്കൊപ്പം നൈനാൻസാറും വന്നു. ഫോൺ ഓൺ ചെയ്തതും അലോഷിയുടെ മെസ്സേജ് വന്നു.

"എത്രയും പെട്ടന്ന് അവിടെ നിന്നിറങ്ങുക "

മുഖത്ത് ഭാവമാറ്റം വരുത്താതെ ഞാൻ നൈനാനോട് ചോദിച്ചു..

"സാറ ജീവിച്ചിരിക്കുന്നത് അറിയുന്നത് ആരൊക്കെ?"

" ഞാൻ, സോഫി, അന്ന, ശിവ ശെൽവം പിന്നെ താനും..... എന്താടോ?"

"ഒന്നുമില്ല. എവിടെയോ ഒരു പിഴവ് പറ്റിയോന്നൊരു സംശയം..... Acp മാഡം വന്നത്?"

"തന്റെ കാര്യം പറയാൻ കൂടിയാണ്"

" കൂടെയാരാ ഉണ്ടായത്?"

"കാർ ഡ്രൈവറുണ്ടായിരുന്നെന്നു തോന്നുന്നു.... എന്തു പറ്റി വേദാ? നിങ്ങൾ തമ്മിലെന്തെന്തിലും പ്രശ്നമുണ്ടോ?"

ചെറിയൊരു പുഞ്ചിരി നൽകി തുടർന്നു.

" പ്രശ്നമൊന്നുമില്ലാതിരിക്കട്ടെ. സർ നാൻസിയെ അറസ്റ്റ് ചെയ്തു എന്നല്ലെ പറഞ്ഞത്?"

"അതെ... അത് Acp തന്നെയ അറസ്റ്റ് നടത്തിയത്."

" കോടതിയിൽ ഹാജരാക്കണമെങ്കിൽ തിങ്കളാഴ്ച വരെ കാത്തിരിക്കണം അല്ലേ?"

"അതെ. എന്താ വേദാ?"

"ഹേയ് ഒന്നുമില്ല.ഇനിയും തെളിയാതെ കിടക്കുന്ന സീനയുടെ കൊലപാതക സമയത്ത് കൂടെയുണ്ടായിരുന്ന സ്ത്രീയാണ് ആൻസി എന്ന സ്ത്രീ.അവരിപ്പോൾ പോലീസ് കസ്റ്റഡിയിലാണ്. ACP അറസ്റ്റ് ചെയ്തൊരാളെ ക്വസ്റ്റ്യൻ ചെയ്യാനുള്ള അനുമതി സാറിനു കിട്ടുമെങ്കിൽ വിനിയോഗിക്കുക. പ്രതിസ്ഥാനത്ത് നമ്മൾ ചൂണ്ടിക്കാണിച്ച കുര്യച്ചൻ ഇതിൽ വെറും ബിനാമി മാത്രമാണ് എന്നെന്റെ മനസ്സ് പറയുന്നു."

"വേദയ്ക്കിതെങ്ങനെ അറിയാം?"

"സർ പറ്റുമെങ്കിൽ അന്വേഷിക്കുക. സീതയുടെ ബോഡി കിട്ടിയ സെമിത്തേരിയിലെ കുഴിയിൽ നിന്നും ഒരു കാൽപാദത്തിന്റെ പാതിയും കിട്ടിയിരുന്നു. സാർ ഓർക്കുന്നുണ്ടോ?"

"ഉവ്വ് "

"അതൊരു സ്ത്രീയുടെ തന്നെ കാൽപാദമാണെന്ന് ഫോറെൻ സിക് വിഭാഗം ശരി വെച്ചിരുന്നു. നാൻസിയ്ക്ക് ഒരു കാൽപാദം പാതിയെ ഉള്ളൂ. മാത്രമല്ല മരണപ്പെട്ട സജീവിന്റെ നിയമാനുസൃതമായ ഭാര്യ അവരാണ്."

നൈനാൻ വാ പൊളിച്ചിരിക്കയാണ്.

"വേദ താൻ ഇതെല്ലാം കണ്ടു പിടിച്ചത് ആവിശ്വസനീയം തന്നെ."

"സർ ഇതെല്ലാം അർജ്ജുന്റെ കേസുമായി ബന്ധപ്പെട്ടിരിക്കുന്നു. ACP നേരിട്ട് നടത്തിയ അറസ്റ്റായതിനാൽ സാറിനിതിൽ കൈകടത്താൻ പറ്റുമോ. "

" അതോർത്ത് വിഷമിക്കണ്ട. ACp യുടെ പുതിയ ടീമിൽ ഞാനുണ്ട്."

" good ! നമുക്ക് വേണ്ടതും അതാണ്. സർ നടത്തുന്നത് ഒരു റിസ്ക്കേറിയ കാര്യമാണ്.നാൻസിയെ ചോദ്യം ചെയ്യുന്ന സമയത്ത് വിശ്വസ്ഥരായവർ മാത്രമേ ഉണ്ടാകാവൂ. മാത്രമല്ല ആരുമറിയാതെ ഈ രംഗങ്ങളുടെ വീഡിയോ എടുക്കണം. ശത്രുപക്ഷം വളരെ സ്ട്രോംഗാണ്."

ഫോണിൽ വീണ്ടും മെസ്സേജ്

'പ്രശാന്ത് സിഐ യുടെ വീടിനടുത്തുണ്ട്.ഇറങ്ങുമ്പോൾ മിസ്ഡ് കോൾ കൊടുക്കുക '

നൈനാൻ തുടർന്നു.

"വേദ പുറത്തിറങ്ങിയാൽ അറസ്റ്റ് ഉറപ്പാണ്. Acp വെകിളി പിടിച്ച് നടക്കുകയാണ്. അവർക്ക് തന്നോട് ദേഷ്യമുള്ളത് പോലെ.... ബുദ്ധിമുട്ടാവില്ലെങ്കിൽ ഇവിടെ നിൽക്കാം."

"ങാഹാ കള്ളന് കഞ്ഞി വെക്കണ പോലീസെന്നു ചീത്തപ്പേര് വേണോ സാറേ?ACP യെ ഞാൻ ഇന്നലെ രാത്രി പബ്ലിക്കായി കളിയാക്കിയതിന്റെ ചൊറിച്ചിലാവും."

"തന്നിലൊരു സത്യമുണ്ടെന്നറിഞ്ഞിട്ടാ തന്നെ തേടി ഞങ്ങൾ വന്നത്. "

" ഞാൻ തമാശിച്ചതാ സാറേ "

പ്രശാന്തിന് മിസ്ഡ് കോൾ കൊടുത്തു ഞാനിറങ്ങി.

" അപ്പോ ശരി സർ ഞാനിറങ്ങട്ടെ "

"വേദ എങ്ങനെ പോകും? സോഫിയെ വിടാം."

"വേണ്ട ഒരു ഫ്രണ്ടിപ്പോൾ വരും."

"Acp യുടെ കണ്ണിൽ പെടണ്ട."

ഞാൻ ചിരിച്ചു കൊണ്ടിറങ്ങി. രണ്ടു ചുവടു മുന്നിലേക്ക് വെച്ചതേയുള്ളൂ വീടിന്റെ മുകൾനിലയിൽ നിന്നും സാറയുടെ ഉറക്കെയുള്ള കരച്ചിൽ കേട്ടു .
എനിക്ക് മുന്നേ നൈനാൻ മുകളിലേക്കോടി.എന്തോ അപകടം നടന്നിരിക്കുന്നു.പിന്നാലെ ഞാനും ഓടി

നൈനാനെ തള്ളി മാറ്റി ആദ്യം മുറിയിലെത്തിയത് ഞാനായിരുന്നു. തറയിൽ പരന്ന ചോര കണ്ട് ഭയക്കേണ്ടതാണ്. കറുത്ത ജീൻസും കറുത്ത ബനിയനും ധരിച്ച ഒരാൾ തറയിൽ കമിഴ്ന്നു കിടക്കുന്നു. ഒരു നീളൻ സ്റ്റീൽ കമ്പിയുമായി സാറ നിൽക്കുന്നു..
തറയിൽ കിടക്കുന്ന ആളെ ഞാൻ തിരിച്ചു കിടത്തി. നെറ്റിയിലാണ് മുറിവു പറ്റിയത് .അപരിചിതമായ മുഖം ഏകദേശം 30 വയസു തോന്നിക്കും. ഞാൻ മൂക്കിനു നേരെ വിരൽ പിടിച്ചു ഭാഗ്യം മരിച്ചിട്ടില്ല.തരിച്ചു നിൽക്കുകയായിരുന്നു നൈനാനും സോഫിയും.

" ഇയാൾ മരിച്ചിട്ടില്ലെങ്കിൽ എത്രയും പെട്ടന്ന് ഹോസ്പിറ്റലിൽ എത്തിക്കേണ്ടെ? "

പിന്നിൽ സോഫിയയുടെ ചോദ്യം.നൈനാൻ എന്തോ പറയാനായി വായ തുറക്കും മുന്നേ ഞാൻ പറഞ്ഞു.

" വേണ്ട. ഇവന് വേണ്ട ഫസ്റ്റ് എയ്ഡ് ആദ്യം മേഡം നൽകൂ. എന്നിട്ട് നോക്കാം ബാക്കി കാര്യം."

സോഫിയ വളരെ പെട്ടന്നു തന്നെ കർമ്മനിരതയായി. സാറ ഇരുമ്പുകമ്പി ബെഡിന്റെ ഗ്യാപ്പിലൂടെ ഉന്തിക്കയറ്റി വെച്ചു.

"ഇയാളെങ്ങനെ ഇതിനകത്ത് വന്നു സാറ ?"

"നിങ്ങൾ പോയ ഉടനെ ഡോർ തുറന്നകത്ത് കയറുകയായിരുന്നു.എന്റെ വായ പൊത്തിപ്പിടിച്ചു കൊല്ലാനായിരുന്നു ശ്രമമെന്നു .തോന്നുന്നു. കൈ മുട്ടുകൊണ്ട് ഞാൻ അയാളുടെ വയറിനിടിച്ചപ്പോൾ അയാളുടെ പിടി അയഞ്ഞു. പിന്നെ ഞാൻ ഉറക്കെ കരഞ്ഞു. അപ്പോഴേക്കും അയാൾ ഒരു കത്തിയെന്റെ നേരെ വീശി. "

തറയിൽ തെറിച്ചു കിടക്കുന്ന ഒരിനം സ്റ്റീൽ കത്തി ഞാനും കണ്ടിരുന്നു.

"ഒരു വഴിയും ഇല്ലാതായപ്പോൾ ഞാനാ കമ്പിയെടുത്തടിച്ചത് "

അവൾ കൂട്ടി ചേർത്തു.
മുറിവ് അത്ര വലുതായിരുന്നില്ല. അടിയുടെ ശക്തിയിൽ മാത്രമാണ് ബോധം പോയത്. അയാളെ തൊട്ടടുത്ത മുറിയിലേക്കു മാറ്റി. കൈകാലുകൾ ബന്ധിക്കാൻ മറന്നില്ല. സാറ ജീവിച്ചിരിക്കുന്നത് അറിയാവുന്ന മറ്റൊരാൾ കൂടി ഉണ്ട്. സാറ ജീവിച്ചിരിക്കുന്നത് അയാളെ അസ്വസ്ഥനാക്കുന്നുവെങ്കിൽ അതിനർത്ഥം അയാൾ സാറയെ ഭയക്കുന്നു .മുഖത്ത് വെള്ളം തളിച്ചപ്പോൾ അയാളുണർന്നു.
രക്ഷപ്പെടാൻ ഒരു പഴുതു പോലും വെക്കാതെ നൈനാൻ അവനെ ബന്ധിച്ചിരുന്നു.

"ആരാണ് നീ? "

നൈനാന്റെ ചോദ്യത്തിന് മറുപടിയില്ല. അവൻ മുഖം മറുവശത്തേക്ക് ചരിച്ചുപിടിച്ചു.

" നിന്നോടാ ചോദിച്ചത്. നീയാരാന്ന്?"

അവന്റെ ചുണ്ടിൽ ഒരു പരിഹാസ ചിരി കലർന്നിരുന്നു.

"കള്ള.......... മോനെ നിന്റെ വായിലെന്താടാ പഴം തിരുകിയിരിക്കുവാണോ?"

ആത്മക്ഷോഭം അടക്കാനാവാതെ നൈനാൻ അവന്റെ കരണക്കുറ്റിക്കൊന്നു കൊടുത്തു.

"സർ, അത്ര പെട്ടന്നൊന്നും അവൻ വാ തുറക്കില്ല."

"അറിയാഞ്ഞിട്ടല്ല വേദ ഇവൻ വാടകക്കൊലയാളി മാത്രമാണ്. ആരാണ് ഇവനെ അയച്ചതെന്നാണ് അറിയേണ്ടത് അതിനവൻ വായ തുറന്നേമതിയാവൂ. എന്റെ സാറയെ ഉപദ്രവിക്കാൻ വന്നവനെ ഞാനങ്ങ് തീർത്തേക്കും."

"ഇവന്റെ ദേഹത്ത് തെളിവുകൾ എന്തെങ്കിലും ഉണ്ടോ എന്ന് നോക്കൂ സാർ"

എന്റെ നിർദ്ദേശ പ്രകാരം നൈനാൻ അവന്റെ പോക്കറ്റ് തപ്പി .ഒരു മൊബൈൽ ഫോണും കുറച്ചു രൂപയും മാത്രം. ആ ഫോൺ ലോക്കായിരുന്നു. ലോക്കവൻ അഴിക്കില്ല എന്നത് എന്നെപ്പോലെ നൈനാനും മനസിലാക്കിയിട്ടാവാം ഫോൺ മേശപ്പുറത്ത് വെച്ച് അവന്റെ കഴുത്തിന് കുത്തിപ്പിടിച്ചത്.
വേദന സഹിക്ക വയ്യാതെ അവൻ വായ തുറന്നു.

"വേദ പരമേശ്വർ ആണെന്നോർത്താണ് ഞാനാ പെൺകുട്ടിയെ കൊല്ലാൻ നോക്കിയത്."

"ഞാനാണെന്നോ?!"

ശബ്ദം തെല്ലുറക്കെ ആയിപ്പോയി.

"അതെനിക്കറിയില്ല. വേദപരമേശ്വറിനെ കൊല്ലാനാണ് വന്നത്. എനിക്ക് കിട്ടിയ നിർദ്ദേശ പ്രകാരം വേദ ആ മുറിയിൽ ഉണ്ടായിരുന്നു."

"നിനക്കാര് നിർദ്ദേശം തന്നു.?"

സംശയത്തിന്റെ കണ്ണുകൾ നൈനാനിലേക്കും നീണ്ടു പോയി ഒരു വേള അവന്റെ മൗനം എനിക്ക് നൽകിയത് ദേഷ്യം മാത്രം. ദേഷ്യം എന്റെ കൈ മുഷ്ടിയിലേക്ക് ആവാഹിച്ച് ഞാനവന്റെ മുഖമടച്ചൊരടി കൊടുത്തു.

"ആരാണ് നിനക്ക് നിർദ്ദേശം തന്നത് ?"

അവൻ വായ പൂട്ടി വെച്ചിരിക്കയാണ്. തുറക്കുമെന്ന പ്രതീക്ഷയും പോയ സമയത്താണ് അവന്റെ ഫോൺ ശബ്ദിച്ചത്. സേവ് ചെയ്യാത്ത നമ്പർ.

"ഇതാരാ വിളിക്കുന്നത്.?"

അവന്റെ മുഖത്ത് യാതൊരു ഭാവമാറ്റവുമില്ല. അപ്പോഴേക്കും ഫോൺ കട്ടായി .ഞാനാ നമ്പർ എന്റെ ഫോണിൽ ഡയൽ ചെയ്തു. അപ്പോഴേക്കും വീണ്ടും കോൾ വന്നിരുന്നു.നൈനാൻ ഫോൺ അറ്റന്റ് ചെയ്ത് സ്പീക്കറിൽ ഇട്ടു.

"ഹലോ "

മറുവശത്ത് ഒരു സ്ത്രീ സ്വരം

നൈനാൻ കത്തിയെടുത്ത് അവന്റെ കഴുത്തിനോട് ചേർത്തു വെച്ചു. എന്നിട്ട് സംസാരിക്കാൻ ആഗ്യം കാട്ടി. അവൻ സംസാരിച്ചു തുടങ്ങി .

"ഹലോ "

"എന്തായി?"

നൈനാന്റെ ആഗ്യപ്രകാരം

"തീർത്തു."

എന്നവൻ പറഞ്ഞു.

"ബോഡി?"

" അതു ഞാൻ നശിപ്പിച്ചേക്കാം."

"ok good കാശിപ്പോൾ നിന്റെ എക്കൗണ്ടിൽ ക്രെഡിറ്റാവും."

കാൾ കട്ടായി .

ഞാൻ എന്റെ ഫോണിൽ ആ നമ്പർ ട്രൂകാളറിൽ നോക്കി. അവ ഞാൻ നൈനാൻ കോശിയെ കാണിച്ചതും കുരിശു കണ്ട ചെകുത്താനെ പോലെ ആ മുഖം വിളറി എന്റെ മുഖത്ത് വിജയിയുടെ പുഞ്ചിരിയും.

"ACP Renuka Menon"

"അതെ സാർ.നേരത്തെ വന്നപ്പോൾ അവർക്കൊപ്പം വന്നതാവാം ഇയാൾ."

"ഇവനെങ്ങനെ അകത്ത് ?"

അതായിരുന്നു എന്റെയും സംശയം .

ഒരു വിധത്തിലും അവൻ പുറത്ത് പോവരുതെന്ന് ചട്ടം കെട്ടി ഞാനിറങ്ങി. പുറത്ത് പ്രശാന്ത് ഉണ്ടായിരുന്നു.

" മേഡത്തെ വീട്ടിൽ എത്തിച്ചാൽ മതിയോ?"

" വീട് സെയ്ഫല്ല. ഒരറസ്റ്റിനു ചാൻസുണ്ട്.നാൻസി കൊടുത്ത മൊഴി സത്യമാണോ എന്നറിയണം.."

"സത്യമാണ്. ന്യൂസ് ചാനലിൽ കാണിച്ചിരുന്നു നാൻസിയെ."

"ഉം. അലോഷി സാറിപ്പോ എവിടെയാ.?"

"മുംതാസിന്റെ ബോഡിയുമായി പോയതാണ് "

"മുംതാസ്....!!"

എനിക്കാകാംക്ഷ കൂടി.

" മേഡത്തിന്റെ വാട്ടർ ടാങ്കിൽ നിന്നു കിട്ടിയ ബോഡി മുംതാസിന്റേതാണ്.കൂടാതെ കാറിന്റെ ഡിക്കിയിലെ മുടിയും മുംതാസിന്റേതാണ്. വസ്ത്രവും മുടിയുടെ നീളവും മറ്റ് കാര്യങ്ങളും വെച്ച് മുംതാസിന്റെ അമ്മ ബോഡി തിരിച്ചറിഞ്ഞു. "

"ഓഹ് മൈ ഗോഡ്! എനിക്കിപ്പഴും വിശ്വാസമായില്ല. അവൾ സാറുമായി ചാറ്റ് ചെയ്തതല്ലേ?"

" അത് മറ്റാരോ തെറ്റിദ്ധരിപ്പിക്കാൻ ചെയ്തതാണ്. തൗഹബിൻ പരീതിനെ പറ്റി ഭാര്യയ്ക്ക് നല്ലതൊന്നുമല്ല പറയാനുള്ളത്..മുംതാസ് ജീവിച്ചിരിപ്പുണ്ടെന്ന് അവർ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. അതിന്റെ പിന്നിലുള്ള ലക്ഷ്യം അറിയില്ല."

പക്ഷേ എനിക്കറിയാവുന്ന ചില വിവരങ്ങൾ ചേർത്തു വെച്ച് ഞാൻ വായിച്ചെടുത്തതിപ്രകാരം. KTമെഡിക്കൽസിന്റെ മറവിൽ നടത്തിയ മാനവരാശി ഭയക്കുന്ന എന്തോ ഒന്ന് അത് വെളിച്ചത്ത് കൊണ്ട് വരണം.
അച്ഛൻ സൂക്ഷിച്ചു വെച്ച വിവരങ്ങൾ പുറം ലോകത്തെത്തിക്കണമെങ്കിൽ വ്യക്തമായ തെളിവുകൾ വേണം.

മുംതാസ് ഒരു സോഷ്യൽ വർക്കർ കൂടിയാണെന്ന് ഞാൻ മനസിലാക്കിയത്. അവധി ദിവസങ്ങളിൽ പാവപ്പെട്ട രോഗികൾക്ക് വേണ്ടി സൗജന്യ പരിശോദനയും മരുന്നു വിവരണവും നടത്തിയതേ പറ്റി ഒരാർട്ടിക്കൾ ലിങ്ക് അച്ഛന്റെ സിസ്റ്റത്തിൽ നിന്നും കിട്ടിയിരുന്നു.

അങ്ങനെയെങ്കിൽ KT മെഡിക്കൽസിന്റെ പിന്നിലെ രഹസ്യം മുംതാസ് മനസിലാക്കി കാണണം..

ദേവൻ പറഞ്ഞത് വെച്ച് നോക്കുമ്പോൾ TB സർ പറഞ്ഞിട്ടാണ് മുംതാസിനെ കൊന്നതെങ്കിൽ......?

എത്രയും വേഗം അലോഷിയെ കാണണം.
പ്രശാന്തിന്റെ ഫോൺ റിംഗ് ചെയ്തു. അലോഷിയായിരുന്നു.

" പ്രശാന്ത് കമ്മീഷ്ണറുടെ ഓഫീസ് ആക്രമിച്ച് നാൻസിയെ ആരോ തട്ടിക്കൊണ്ട് പോയി.. അതിൽ ഒരു പോലീസുകാരന്റെ നില ഗുരുതരമാണ്."

"എപ്പോൾ ?"

" ഇപ്പോ വേദയെ എത്രയും വേഗം സുരക്ഷിതമായ ഒരിടത്ത് എത്തിക്കുക."

ഫോൺ കട്ടായി .തൊട്ടു മുന്നിലൂടെ ഒരു പോലീസ് വാഹനം ചീറിപ്പാഞ്ഞു പോയി.

" മേഡമിപ്പോൾ വീട്ടിൽ പോവുന്നത് ശരിയല്ല. സുരക്ഷിതമായി എവിടെയെങ്കിലും എത്തിക്കാനാണ് പറഞ്ഞത്. "

പ്രശാന്ത് പറഞ്ഞപ്പോൾ സാമുവേൽ സാറിന്റെ മുഖമാണ് ഓർമ്മ വന്നത്.

"പ്രശാന്ത് സാമുവൽ സാറിന്റെ വീട്ടിൽ ആക്കിയാൽ മതി"

ഫോൺ വിളിച്ചു പറയാമെന്നോർത്തെങ്കിലും സ്വന്തം ഫോണിനെ പോലും വിശ്വസിക്കാൻ പറ്റില്ല എന്നതിനാൽ അതും വേണ്ടെന്നു വെച്ചു.

" മേഡം സ്ഥലമെത്തി "

പ്രശാന്തിന്റെ ശബ്ദത്തിൽ ഞാനുണർന്നപ്പോഴാണ് അത്രയും നേരം ഞാനുറങ്ങിയെന്ന് മനസിലായത്. ഉറങ്ങാൻ പോലും എനിക്ക് സമയമില്ലാതായിരിക്കുന്നു.
പാതി തുറന്ന ഗേറ്റിലൂടെ കാറകത്ത് കടന്നു. മുറ്റത്ത് നിറയെ സിഗരറ്റ് കുറ്റികൾ കണ്ടതോടെ എന്തോ അസ്വാഭാവികത ഫീൽ ചെയ്തു. സാർ വലിക്കാറില്ല.
കാളിംഗ് ബെൽ അടിച്ചിട്ടും ആരും വാതിൽ തുറന്നില്ല. തിരികെ ഇറങ്ങാൻ നേരമാണ് വാതിൽക്കലേക്ക് നോക്കിയത്. ചാരിയിട്ട വാതിൽ വിടവിലൂടെ അകത്തുള്ള ആരോ നടക്കുന്ന നിഴലുപോലെ... വാതിൽ തുറക്കാൻ സാറോ വൈഫോ വരികയായിരിക്കുമെന്ന് ഞാൻ വിശ്വസിച്ചു നിന്നു.ആരും തുറക്കുന്നത് കാണാതായപ്പോൾ ചാരിയിട്ട വാതിൽ ഞാൻ തുറന്നു.
അലങ്കോലമായ ഹാളിൽ ആരുമുണ്ടായിരുന്നില്ല. മറിഞ്ഞു കിടക്കുന്ന ടിവിയും ടീ പോയും തറയിൽ വീണു കിടക്കുന്ന ഫ്ലവർ സ്റ്റാന്റും എന്തൊ അപകടം വിളിച്ചോതി.

"സാമുവേൽ സാർ"

എന്റെ വിളിക്ക് മറുപടിയുണ്ടായില്ല.ഞാൻ വീണ്ടും വിളിച്ചു നോക്കി.

"മേരിയാന്റി "

"ഹമ്"

എവിടെയോ ഒരു ഞെരക്കം.

"മേരിയാൻറി നിങ്ങളെവിടെയാ "

എന്റെ ശബ്ദത്തിൽ പ്രതീക്ഷയുണ്ടായിരുന്നു.
വീണ്ടും ഒരു ഞരക്കവും എന്തോ വീണുടയുന്ന ശബ്ദവും. അതവരുടെ ബെഡ്റൂമിൽ നിന്നുമാണെന്ന് തിരിച്ചറിഞ്ഞ് ഞാൻ മുന്നോട്ട് നടന്നു. സാറിന്റെ റൂം അകത്തു നിന്നും പൂട്ടിയിട്ടേക്കുവായിരുന്നു.
വാതിലിൽ ഞാൻ തട്ടി നോക്കി. ഒരു ശബ്ദവും ഇപ്പോൾ കേൾക്കാനില്ല.
കാലിനടിയിൽ എന്തോ ഇഴയും പോലെ ഇളം ചൂട് ഞാൻ നോക്കി.മുറിക്കകത്തു നിന്നും ഒലിച്ചിറങ്ങിയത് ചോരയാണെന്ന തിരിച്ചറിവിൽ ഞാൻ ഞെട്ടി.ഉമ്മറ വാതിൽ ലക്ഷ്യം വെച്ച് ഞാൻ ഓടി വന്നപ്പോഴേക്കും അവയാരോ വലിച്ചടച്ചിരുന്നു.

ചതിവു പറ്റി എന്റെ മനസ് മന്ത്രിച്ചു സ്വയം രക്ഷ അതാണ് വേണ്ടത്. ഞാൻ ഒന്നു കുതിക്കാൻ ശ്രമിച്ചു. വാതിൽ വിടവിലൂടെ ഒഴുകിയിറങ്ങിയ കൊഴുത്ത ചോരയിൽ ചവുട്ടി വഴുതി വീണു. വീഴും മുന്നേ ആരോ എന്നെ താങ്ങിയിരുന്നു. അയാളുടെ കൈ എന്റെ മുഖത്തിനു നേരെ നീളുന്നു.കൈയിൽ എന്തോ ഒരു വെളുത്ത വസ്തു ഉണ്ട്. അവയെന്റെ മുഖത്തു സ്പർശിക്കുന്നു.സെറ്റിയിൽ ആരോ ഇരിപ്പുണ്ട്.പ്രശാന്താണോ? അല്ല ! എനിക്ക് കാഴ്ച മങ്ങുന്നു.ശരീരഭാരം കുറഞ്ഞു കുറഞ്ഞു ഞാൻ താഴേക്ക്....

കണ്ണുതുറക്കുമ്പോൾ ഇരുട്ടു നിറഞ്ഞ ഒരു മുറിയിലായിരുന്നു. എഴുന്നേൽക്കാൻ ശ്രമിച്ചു സാധിക്കുന്നില്ല. കൈകാലുകൾ അനക്കാൻ പറ്റുന്നുണ്ട് പക്ഷേ എഴുന്നേൽക്കാൻ വയ്യ ശരീരഭാരം തെല്ലുമില്ലാത്തതുപോലെ. തൊണ്ട വരണ്ടു തുടങ്ങിയിരുന്നു. ഒരു തുള്ളി വെള്ളം കിട്ടിയിരുന്നെങ്കിൽ....
ഇരുട്ടുമായി ഞാൻ പൊരുത്തപ്പെട്ടു വന്നെങ്കിലും ക്ഷീണം എനിക്കന്തത നൽകി തുടങ്ങിയിരുന്നു.

ഞാനെങ്ങനെ ഇവിടെത്തി?
ചിന്തിക്കാൻ ശ്രമിച്ചു.
മങ്ങിത്തുടങ്ങിയ കാഴ്ചകൾ അവ്യക്തമായി തെളിയുന്നു.സാമുവേൽ സാറിന്റെ വീട്, ചോര, എനിക്കു നേരെ നീണ്ടു വന്ന കൈ,സെറ്റിയിലിരിക്കുന്ന മനുഷ്യൻ പിന്നീടെന്തു സംഭവിച്ചു.?

സാമുവേൽ സർ അപകടപ്പെട്ടു എന്നതിൽ സംശയം തോന്നാഴ്ക ഇല്ല. ഞാൻ പോക്കറ്റിൽ ഫോണിനായി തപ്പി.
ഇല്ല !
രണ്ട് ഫോണുകളും നഷ്ടപ്പെട്ടിരിക്കുന്നു..
ഇതിനകത്ത് നിന്ന് മോചനമില്ല എന്നുറപ്പിച്ചു.
ശബ്ദിക്കാൻ തോന്നിയില്ല.
വേച്ചുപോവുന്ന കാൽവെപ്പുകളുമായി ഞാൻ എഴുന്നേറ്റു. മദ്യപാനിയെ പോലെ ആടി ആടി നടന്നു.
ആരോ നടന്നു വരുന്ന ശബ്ദ്ദം ഞാൻ വേഗം തറയിൽ പഴയതുപോലെ കിടന്നു. ഒരു വാതിൽ തുറക്കുന്ന ശബ്ദം.മുറിയിലേക്ക് വെളിച്ചം അടിച്ചു കയറി. കാലടി ശബ്ദം കൊണ്ട് വന്നത് രണ്ട് പേരാണെന്ന് മനസിലായി. ഞാൻ പതിയെ കണ്ണുകളിലൊന്ന് തുറന്നു. പഴയ ഒരു വീടാണ് അതെന്ന് മനസിലായി.

"എടോ ഉണർന്നില്ലല്ലോ ഉണർത്തീട്ട് കൊണ്ടു പോവാനല്ലെ പറഞ്ഞത്..... "

ഒന്നാമന്റെ ചോദ്യത്തിന് രണ്ടാമന്റെ മറുപടി ഇപ്രകാരമായിരുന്നു..

" നീ കൊടുത്ത ഡോസ് കൂടിക്കാണും. എന്തായാലും ഉണർന്നോട്ടെ. ബോസ് വൈകീട്ടേ എത്തൂ."

ഇപ്പോൾ സമയമെത്രയായിക്കാണും?
ഞാനിവിടെ എത്തിയിട്ട് എത്ര മണിക്കൂറായിട്ടുണ്ടാവും ഒരു നിശ്ചയവുമില്ല.
വന്നവർ രണ്ടു പേരും ആരോഗ്യ ദൃഢഗാത്രതാരാണ്. ആക്രമിച്ചിട്ട് ഓടി രക്ഷപ്പെടൽ എന്റെ ആരോഗ്യസ്ഥിതി വെച്ച് അസാദ്ധ്യം.
സിഗരറ്റിന്റെ രൂക്ഷഗന്ധം മുക്കിലേക്ക് തുളഞ്ഞു കയറി.അലോഷിയുടെ മുഖമാണ് ഓർമ്മ വന്നത് .അലോഷിയും സിഗരറ്റ് വലിക്കുമല്ലോ രണ്ടു പേരിൽ ഒരാളുടെ മുഖം ഞാൻ തിരിച്ചറിഞ്ഞു. അത് അവിനാഷായിരുന്നു. അച്ഛന്റെ ജീവനെടുത്തവൻ ഒരു കുതിപ്പിനവനെ തീർക്കണമെന്നുണ്ടായെങ്കിലും എന്റെ ആരോഗ്യസ്ഥിതിയോർത്തു ഞാൻ അനങ്ങിയില്ല.

" ഇനി ആവശ്യം വരുമെങ്കിൽ കുറച്ചേ സ്റ്റോക്കുള്ളൂ."

അവിനാഷിന്റെ സ്വരവും തുടർന്ന് ചെറിയ ഒരു ബോട്ടിൽ എടുത്തുയർത്തി.

" മതിയാകും. അളവ് കൂടിയാൽ ആള് തട്ടിപ്പോകുമോ?"

"ഇല്ല. തട്ടിപ്പോയതുപോലെ മാസങ്ങളോളം കിടക്കും."
അവിനാഷിന്റെ ഫോൺ റിംഗ് ചെയ്തു.

"ബോസാ"

കൂടെ ഉള്ളവനോട് അവിനാഷ് പറയുന്നത് കേട്ടു.തുടർന്ന് കോൾ അറ്റന്റ് ചെയ്തു..

"ഹലോ..."
.......
" ഇല്ല സർ "
........
"എത്തിക്കാം"
.......
" ഉണർന്നാൽ കൊടുത്താൽ പോരെ?"
.......

" ശരി സർ"

ഫോൺ കട്ടായി .

"ഇവളെ കട്ടപ്പനയിൽ എത്തിക്കാൻ പറഞ്ഞു. മയക്കി കൊണ്ടുപോവാനാണ് നിർദേശം "

അവിനാഷിനു മറുപടിയെന്നോണം കൂടെയുള്ളവന്റെ സംശയം.

"രണ്ട് ദിവസമായി ഇവളൊന്നും കഴിക്കാതെ അതിന്റെ പുറത്ത് ഇനിയും മയക്കിയാൽ ആൾ വടിയാവില്ലെ? ഇപ്പോ തന്നെ നമ്മൾക്ക് പറ്റിയ കൈപ്പിഴയിലാ ഇത്രയും നേരം മയങ്ങിയത് അറിയാലോ നിനക്ക്?"

" എനിക്കും സംശയമില്ലാതില്ല.ബോധം വീണാൽ ഒരു ഡോസ് കൊടുക്കാം. എടുത്ത് വണ്ടിയിൽ കയറ്റാം "

അവർ രണ്ടു പേരും എനിക്കടുത്തേക്ക് നടന്നു വരുന്നുണ്ടായിരുന്നു.
രണ്ടു ദിവസമായി ഞാൻ പട്ടിണിയെങ്കിൽ ഇവരുടെ കൈവശം ഞാനെത്തിയിട്ട് രണ്ട് ദിവസം. അലോഷിയിതുവരെ എന്നെ അന്വേഷിച്ച് തുടങ്ങിയില്ലെ?
രണ്ടു പേരും ചേർന്ന് എന്നെ പൊക്കിയെടുക്കുന്നു. എതിർക്കാൻ ശക്തിയില്ലായിരുന്നു. ഞാൻ മയക്കം നടിച്ച് കിടന്നു. വാതിലുകൾ തുറന്നടയുന്ന ശബ്ദം. എവിടെയോ ചെന്നിടിച്ചു ദേഹം .ഒരു ചെറിയ കണ്ടയ്നറിനകത്താണ് ഞാനിപ്പോൾ ഉള്ളത്.
കണ്ടെയ്നർ ചെറുതായി ഇളകുന്നുണ്ട്. ചെറിയ ശബ്ദവും കേൾക്കാം. ഒരു ഇറക്കമാണെന്നു തോന്നുന്നു അടുത്തേക്ക് ഉരുണ്ടു വന്നു മുഖത്തു തട്ടിയ ഒന്നു രണ്ട് മിനറൽ വാട്ടർ ബോട്ടിലുകൾ ഞാൻ കൈയെത്തി തടഞ്ഞു.
പൊട്ടിക്കാത്ത മിനറൽ വാട്ടറിന്റെ ബോട്ടിൽ തുറന്ന് ഞാൻ കുറച്ചു വെള്ളം കുടിച്ചു. തെല്ലൊരാശ്വാസം തോന്നി.

എത്ര ദൂരം യാത്ര ചെയ്തെന്നറിയില്ല വണ്ടി അതിവേഗത്തിൽ പോയ്ക്കോണ്ടിരിക്കുകയാണ്. വെളിച്ചം മങ്ങി മങ്ങി വരുന്നുണ്ട്. വൈകുന്നേരം ആയതിന്റെ മങ്ങലാണോ. മനസിലാവുന്നില്ല.
വണ്ടി നിന്നു. ഗേറ്റ് തുറക്കുന്ന ശബ്ദം. ഒരു പട്ടിയുടെ കുരയും കൂടി കൂടി വന്നു.
തുടർന്ന് അവർ പുറത്തിറങ്ങി നടന്നു പോകുന്ന ശബ്ദം കേട്ടു .പക്ഷേ പിന്നിലെ വാതിൽ തുറക്കാൻ ആരും വന്നില്ല.പുറത്തു കടക്കാൻ പഴുതു നോക്കുമ്പോഴാണ് ആരോ ഡോർ തുറന്നത്. തൊട്ടു മുന്നിൽ അവിനാഷും കൂടെയുള്ളവനും. രക്ഷപ്പെടാൻ പറ്റുമോയെന്നറിയണം എങ്കിലേ ആക്രമിച്ചിട്ട് കാര്യമുള്ളൂ. ഞാൻ കൂടുതൽ ക്ഷീണമഭിനയിച്ചു .അവിനാഷ് കൂടെയുള്ളവനെ കണ്ണുകൾ കൊണ്ടാഗ്യം കാണിച്ചു.
അയാൾ എന്നെ ചുമലിലേക്കിട്ടു നടന്നു.രണ്ടാൾ പൊക്കത്തിൽ കെട്ടിയുയർത്തിയ കൂറ്റൻ മതിൽക്കെട്ടിനകത്തെ ഇരുനില മാളികയിലേക്കാണ് കൊണ്ടുപോവുന്നത്.പട്ടി നിർത്താതെ കുരയ്ക്കുന്നുണ്ട്.
ഗേറ്റിനരികെ അകത്തായി ഒരു മെലിഞ്ഞ സെക്യൂരിറ്റി ഇരുന്നു ശ്രദ്ധിക്കുന്നു. രക്ഷപ്പെടൽ റിസ്ക്കാണ്. മരിക്കും മുന്നേ അവിനാഷിനെ കൊല്ലണം.
കോളിംഗ് ബെല്ലടിക്കുന്നു ഒരു തടിമാടൻ വന്നു വാതിൽ തുറന്നു എന്നെ സെറ്റിയിലിരുത്തി.....

"ബോസ്സെവിടെ?"

അവിനാഷിന്റെ ചോദ്യം.

" ഇപ്പോഴെത്തും "

തടിമാടൻ പറഞ്ഞു..

തുടർന്ന് പുറത്ത് ഒരു വാഹനം വന്നു നിൽക്കുന്ന ശബ്ദം.20 സെക്കന്റിനുശേഷം ബോസ് മുറിയിലേക്ക് വന്നു.
കഷണ്ടി കയറിയ പരിചിതമായ ആ നെറ്റി കാണുമ്പോൾ ഞാൻ സ്വാഭാവികമായും ഞെട്ടേണ്ടതാണ്.

"മിസ് വേദാ പരമേശ്വർ ! വിഷൻ മീഡിയയുടെ ജീവനാഡി...."

പുച്ഛം കലർത്തി അയാൾ പറഞ്ഞു. ഞാൻ ഒന്നും പറഞ്ഞില്ല. എന്റെ മുഖത്ത് പുച്ഛം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

" ചാനൽ ക്യാമറയ്ക്കു മുന്നിൽ ഗർജ്ജിക്കുന്ന പെൺപുലിയുടെ ശൗര്യം തീർന്നോ? അതോ എന്നെ കണ്ട ഷോക്കോ ?"

"നിന്നെ കാണാൻ കാത്തിരുന്ന എന്നോടീ ചോദ്യമെന്തിന്? രണ്ട് ദിവസമായി എന്റെ കണ്ണുകൾ നിനക്ക് മീതെ ഉണ്ടായിരുന്നു. നിന്റെ മാന്യതയുടെ മുഖം മൂടി മാറ്റി കൊലയാളിയുടെ മുഖവുമായി വരാൻ കാത്തിരിക്കയായിരുന്നു ഞാൻ"

അയാളുടെ മുഖത്ത് ഒരു ചെറിയ ഭാവഭേതം. ചുണ്ടിൽ എരിയുന്ന സിഗരറ്റ് എടുത്ത് ആഷ്ട്രേയിൽ കുത്തിക്കെടുത്തി എനിക്കെതിരെ അയാൾ സെറ്റിയിലിരുന്നു.

"വേദാ പരമേശ്വർ ഞാൻ നിന്നെ നോട്ട് ചെയ്തിട്ട് വർഷങ്ങളായി.ഒരിക്കൽ നമ്മൾ നേർക്കുനേരെ നിന്നത് ഓർമ്മയുണ്ടോ? മറക്കില്ലല്ലോ നീ..... "

ഞാൻ പുച്ഛത്തിൽ ഒന്നു ചിരിച്ചു. അയാൾക്കുള്ള ഉത്തരം എന്റെയാ ചിരിയിൽ ഉണ്ടായിരുന്നു. അതയാൾക്ക് മനസിലാവുകയും ചെയ്തു.

" അന്ന് രക്ഷപ്പെട്ടു എന്നു കരുതിയപ്പോഴാണ് ആന്റണി വന്നത്. ആഷ്‌ലിയുടെ സഹോദരൻ ആന്റണി. ആഷ്‌ലി ഭയപ്പെട്ടത് എന്നെയായിരുന്നു. മരണം പോലെ ഞാനവളുടെ തൊട്ടു പിന്നിലുണ്ടായിരുന്നു. ഹ ഹ ഹ ഹ "

അയാൾ ആർത്തു ചിരിക്കാൻ തുടങ്ങി.

"നീയിതെല്ലാം അറിയണം മരിക്കും മുന്നേ. അതിനുള്ള അവകാശം നിനക്കുണ്ട് നിനക്ക് മാത്രം."

അയാൾ വീണ്ടും ഉറക്കെ ഉറക്കെചിരിച്ചുകൊണ്ടു സംസാരിച്ചു തുടങ്ങി.

"അവൾ പലപ്പോഴും എന്റെ നീക്കങ്ങളെ നിരീക്ഷിച്ചു കൊണ്ടേ ഇരുന്നു. ഞാനത് മനസിലാക്കാൻ കുറച്ചു വൈകി.അതിനു മുന്നേ അഷ്‌ലിയും യൂനുസ് ഖന്നയും എനിക്കെതിരെ തിരിഞ്ഞിരുന്നു. പിന്നീട് നിയമപ്രകാരം അവളെ കുറ്റവാളിയാക്കാൻ ഞാൻ ശ്രമിച്ചപ്പോൾ എല്ലാം അവൾ അതിസമർത്ഥമായ വരാലിനെ പോലെ വഴുതി മാറിക്കൊണ്ടിരുന്നു. "

പുറത്ത് പട്ടിയുടെ കുര പെട്ടന്ന് ഉയർന്നു.എല്ലാവരുടേയും ശ്രദ്ധ പുറത്തേക്കായി. ആരോ വന്നിട്ടുണ്ട്. അയാൾ അവിനാഷിനെ കണ്ണുകൊണ്ട് നോക്കാൻ ആഗ്യം കാണിച്ചു. അവിനാഷ് പുറത്തേക്ക് പോയി.അതിനും മുന്നേ പട്ടിയുടെ കുര നിന്നിരുന്നു.

അയാൾ വീണ്ടും സംസാരത്തിലേക്ക് വന്നു.

"ഒടുവിൽ എനിക്കവളെയങ്ങ് തീർക്കേണ്ടി വന്നു. തീർത്തിട്ടും നിങ്ങൾ വിഷൻ മീഡിയക്കാർ അതിനു പിന്നാലെ തൂങ്ങിയപ്പോൾ അന്ന് സ്കെച്ചു ചെയ്തതാ നിന്നെ. പക്ഷേ സാഹചര്യങ്ങൾ മാറി മറിഞ്ഞു ഒരു

മരണക്കുറിപ്പെഴുതിച്ച് ആഷ്‌ലിയുടെ ഭർതൃമാതാവിനേയും സഹോദരനേയും കൂടി ഞാൻ തന്നെയാ തീർത്തത്."

ഞെട്ടലോടെയാണ് ഞാനീ കാര്യം കേട്ടത്.

"എനിക്ക് വേണ്ട ഫോർമുല നീ എനിക്ക് തന്നാൽ ഞാൻ നിന്റെ ജീവൻ മാത്രം തിരികെ തരാം."

"നിങ്ങൾ പറയുന്ന ഫോർമുല എന്റെ കൈയിലില്ല.. "

അനാരോഗ്യത്തിലും ശബ്ദം തെല്ലുയർന്നു പോയി.
കവിളെല്ലുകൾ പൊടിയുന്ന വേദന തോന്നി. അയാളുടെ വലതുകൈക്കുള്ളിൽ കിടന്നു എന്റെ മുഖം ഞെരുങ്ങി .

" നീ ബുദ്ധിശാലിയാണ്. പട്ടിണി കിടക്കണം വേദന തിന്ന് തിന്ന്... നിനക്കുള്ള ശിക്ഷയുടെ ആദ്യ പടി അതാണ്. അയാൾ പിടുത്തംവിട്ടു.
അവിടെ നിന്ന തടിയനോട് ആഗ്യം കാണിച്ചു. അയാൾ തൊട്ടടുത്ത മുറിയിലേക്ക് കയറി പോയി..
ഒരു സിഗരറ്റിനു തീ കൊളുത്തിക്കൊണ്ട് അയാൾ എനിക്കെതിരെ വന്നിരുന്നു.

"എന്റെ വർഷങ്ങൾ കൊണ്ടുണ്ടാക്കിയ സ്വപ്നമാണ് നീയിപ്പോൾ പിടിച്ചു വെച്ചത്.ആദ്യം നിന്റെച്ഛനായിരുന്നു അതങ്ങ് ഞാൻ തീർത്തു. എങ്കിലും അവിടെ അതവസാനിച്ചില്ല. മുറിച്ചിട്ടാലും മുറികൂടുന്ന ഇനമാണ് പത്രക്കാരും ചാനലുകാരും. നീയിനി പുറം ലോകം കാണില്ല."

വെറുപ്പിന്റെയും പകയുടേയും നെല്ലിപ്പലകയിലായിരുന്നു ഞാൻ. അകത്തേക്ക് പോയ ആൾ തിരികെ വന്നു. നീളമുള്ള ഒരു ഇരുമ്പുദണ്ഡ് അയാളുടെ കൈയിലുണ്ടായിരുന്നു.
എനിക്ക് ഭയം തോന്നിത്തുടങ്ങി.
അയാൾ എനിക്കു നേരെ നടന്നു വന്നു. സോഫയിലിരിക്കുന്ന കഷണ്ടിക്കാരന്റെ നിർദ്ദേശത്തിന് കാത്ത് നിൽപായി.

" അപ്പോൾ എങ്ങനെയാണ് വേദമാഡം ഫോർമുല എവിടെയാണെന്നു പറയുകയല്ലേ..... "

വക്രിച്ച ചിരിയുമായി അയാൾ സോഫയിൽ നിന്നുമെഴുന്നേറ്റു.

" തന്നാൽ നിനക്ക് തിരികെ പോകാം ഞാനോ എന്റെ ആളുകളോ നിന്നെ ഉപദ്രവിക്കില്ല. മറിച്ചായാൽ നീ ബുദ്ധിമുട്ടും. നിന്റെ അതിബുദ്ധി പ്രവർത്തിക്കരുത്."

"നിങ്ങളോടെന്താ പറഞ്ഞാൽ മനസിലാവില്ലേ എനിക്കറിയില്ല അതെവിടെയാണെന്ന് "

എന്റെ കണ്ണ് നിറഞ്ഞത് എന്റെ നിസ്സഹായാവസ്ഥ കൊണ്ടായിരുന്നു.

"നീ മിടുക്കിയാ. നിന്നേക്കാൾ മിടുക്കെനിക്കുണ്ട് അതിനാൽ മാത്രമാണ് എതിർത്ത ഒരെണ്ണം പോലും ഈ ഭൂമിക്ക് മീതെ അവശേഷിക്കാത്തതിന്റെ കാരണവും ഇത് മാത്രമാണ്. വിജയം മാത്രം മുന്നിൽ കണ്ടാണ് ഞാനെന്റെ മേലുള്ള രക്തബന്ധനങ്ങൾ പോലും മുറിച്ചെറിഞ്ഞത്. "

"നിങ്ങൾ എന്നെ കൊല്ലുമെന്ന് പറഞ്ഞാലും എന്റെ വായിൽ നിന്നും അതേ പറ്റിയൊന്നും അറിയില്ല. അഥവ അറിഞ്ഞാലും എന്നിൽ നിന്നും ഒന്നുംകേൾക്കാൻ പോവുന്നില്ല."

കണ്ണിൽ നിന്നും പൊന്നീച്ച പറന്നു പോയപ്പോഴാണ് അയാളുടെ അടിയിൽ ഞാൻ കറങ്ങി സെറ്റിയിൽ നിന്നും താഴെ വീണെന്നു മനസിലായത്. വായയിൽ ചോരചുവ.എഴുന്നേൽക്കാൻ ശ്രമിച്ചപ്പോഴേക്കും എന്റെ വലതു കൈപ്പത്തി അയാളുടെ ഷൂവിനടിയിൽ കിടന്ന് ഞെരിഞ്ഞു.

"ലോകം മുഴുവൻ 90% ഭ്രാന്തന്മാരാൽ നിറയണം. അവർക്കുള്ള രക്ഷകനായി എനിക്കീ ഭൂമിയുടെ അധിപനാവണം. ഈ ലോകം മുഴുവൻ എന്റെ ചൊൽപ്പൊടിക്കു കീഴെ..... ഹ ഹ ഹ ഹ .... "

അയാൾക്ക് ശരിക്കും ഭ്രാന്താണെന്ന് തോന്നിയെനിക്ക്.

" നീയും നിന്റെ ആളുകളും ചേർന്ന് പിടിച്ച് വെച്ച തൗഹയെ ഞാൻ 24 മണിക്കൂറിനുള്ളിൽ ഇറക്കും.കാരണം ജീവൻ പോയാലും ഒറ്റുകൊടുക്കില്ല അവൻ..."

"നിങ്ങളിതൊക്കെ ചെയ്തു കൂട്ടുന്നത് എന്തിനാ"

അയാൾ വീണ്ടും ഉറക്കെചിരിച്ചു.
പിന്നെ എനിക്കു നേരെ മുഖം താഴ്ത്തി പതിയെ ഒരു പ്രത്യേക ചേഷ്ട കാണിച്ചു. സിഗരറ്റിന്റെ പുക മുഖത്തിനു നേരെ ഊതിക്കൊണ്ട് സൈക്കോയെ പോലെ സംസാരിച്ചു തുടങ്ങി.

" കൊല്ലും കൊലയും എന്റെ ലക്ഷ്യമല്ല. മുന്നിൽ എതിരെ വരുന്നവരെ വകവരുത്താതെ ജീവിക്കാൻ വഴിയില്ല. എന്റെ ലോകം വേറെയാണ്."

"നിങ്ങളുടെ സ്ഥാപനങ്ങളുടെ ഒരു ലിസ്റ്റ് ഞാൻ സി.എം നു അയച്ചിട്ടുണ്ട്. അതിനു പിന്നിലെ നിഗൂഢ ലക്ഷ്യങ്ങളും. എന്നെ നിങ്ങൾ ഇല്ലാതാക്കിയാലും എന്റെച്ഛൻ ശേഖരിച്ചു വെച്ച രഹസ്യങ്ങളുടെ രേഖകൾ കൊണ്ടു നിങ്ങൾ അറസ്റ്റ് ചെയ്യപ്പെടാം."

അയാളുടെ മുഖത്തെ ചിരി മാഞ്ഞു, വിഷാദം വന്നു ഒടുവിൽ വിഷാദത്തിനു പകരം പക കലർന്ന ചിരിയോടെ സോഫയിലേക്ക് ചാഞ്ഞു.. കാലിന്മേൽ കാൽ കയറ്റി വെച്ച് വിറപ്പിച്ചു കൊണ്ടേയിരുന്നു.

" നീയാദ്യം പണി തുടങ്ങൂ..... "

അനുയായിയെ നോക്കി അയാൾ പറഞ്ഞു. അനുയായിക്ക് നിർദ്ദേശം കിട്ടേണ്ട താമസം അയാളുടെ കൈയിലെ ഇരുമ്പുദണ്ഡ് ഉയർന്നു താണു. എന്റെ വലതേ കാൽമുട്ടിനു താഴെ ആദ്യം ഷോക്കടിച്ച പ്രതീതീ. എതിർക്കാനോ ഉരുണ്ടു മാറാനോ കഴിഞ്ഞില്ല. രണ്ടുവട്ടം
വീണ്ടും ഇരുമ്പുദ്ദണ്ഡ് ഉയർന്നുതാണു.
വേദന കൊണ്ട് ഞാൻ പുളഞ്ഞു.
അയാൾ പൊട്ടിച്ചിരിച്ചു കൊണ്ടേയിരുന്നു.

"മിസ് വേദാ പരമേശ്വർ എന്നെ അറസ്റ്റ് ചെയ്യാൻ കഴിയില്ല നാളെ പുലരുമ്പോൾ എന്നെ ഈ ലോകം പൂവിട്ടു പൂജിക്കും. അറിയപ്പെടുന്ന ഒരു സൈന്റിസ്റ്റന്ന ബഹുമതിയിലേക്ക് ഇനിയേതാനും മണിക്കൂറുകൾ മാത്രം. സുബോധം നഷ്ടമായവരെ ബോധതലത്തിലേക്കെത്തിക്കാനുള്ള ഒരു മെഡിസിൻ ഞാൻ കണ്ടെത്തിയിട്ടുണ്ട്.ഒരു നേരത്തെ മെഡിസിന് ലക്ഷങ്ങൾ വിലയുള്ള മെഡിസിൻ."

എന്റെ തലയ്ക്ക് പിന്നിൽ എന്തോ വന്നിടിച്ചു.കണ്ണുകൾ അടഞ്ഞു തുടങ്ങിയിരുന്നു വെറും ഇരുട്ടു മാത്രം.

കണ്ണു തുറക്കുമ്പോൾ ഞാനാ സെറ്റിയിൽ കിടക്കുകയാണ്. സിഗരറ്റിന്റെ രൂക്ഷഗന്ധം മൂക്കിൽ തുളഞ്ഞു കയറുന്നുണ്ട്. മുകളിൽ കറങ്ങുന്ന ഫാനിന്റെ ലീഫുകൾ പിന്നെ കത്തുന്ന വർണവെളിച്ചം വിതറുന്ന ബൾബുകൾ .തല പൊളിയുന്ന വേദനയുണ്ട്. കൈ വെച്ച് തൊട്ടു നോക്കിയപ്പോൾ തലയിൽ ചുറ്റി ബാൻഡെയ്ഡ് കെട്ടിയ പോലെ തുണി കെട്ടിയിട്ടുണ്ട്.

ഒരു ഞെരക്കം പോലെ കേട്ടു.തറയിൽ കിടന്നു പുളയുന്ന അനുയായി. കൈകൾ പിന്നിലേക്കാക്കി കെട്ടിയിട്ടിട്ടുണ്ട്.
ഇതെങ്ങനെ?
എതിരെയുള്ള സോഫയിൽ ഇരിക്കുന്ന കഷണ്ടിക്കാരന്റെ കടവായിലൂടെ ചോര ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. അയാൾക്ക് ബോധമുണ്ടോ എന്നത് പോലും സംശയിക്കേണ്ടിയിരിക്കുന്നു. ഒടിഞ്ഞു തൂങ്ങിയ കഴുത്തിനു ബലമില്ലാത്തതുപോലെ.
തെല്ലുമാറി അവിനാഷും കിടക്കുന്നു അവന്റെയും കൈകൾ പിന്നിലേക്കാക്കി കെട്ടിയിട്ടുണ്ട്..
ആരോ നടന്നു വരുന്ന ബൂട്ടിന്റെ ശബ്ദം. ഞാൻ എഴുന്നേൽക്കും മുന്നേ എന്റെ കണ്ണാടി പരതി. അത് നഷ്ടമായിരിക്കുന്നു.

" ഇതല്ലേ താൻ നോക്കുന്നത്.?"

പരിചിതമായ സ്വരം! അലോഷിയുടെ!
കണ്ണുകൾ നിറഞ്ഞു. രക്ഷകനാണെന്നറിയാമായിരുന്നെങ്കിലും ഇവിടെ രക്ഷകനായി എത്തുമെന്നുറപ്പില്ലായിരുന്നു.

"കുറച്ചു പേടിച്ചു ല്ലേ?"

കണ്ണാടി എന്റെ മുഖത്ത് വെച്ചു കൊണ്ടാണ് അലോഷി ചോദിച്ചത്.

വിഷാദമായ പുഞ്ചിരിയായിരുന്നു ഞാൻ നൽകിയത്.

"സർ എങ്ങനെ ഇവിടെ?"

സംശയത്തോടെ ഞാൻ തിരക്കി.
എനിക്കടുത്തായി സോഫയിൽ വന്നിരുന്നു അലോഷി.

" വിളിച്ചിട്ട് കിട്ടാതായതോടെ നീ ഇവരുടെ കൈയിൽ അകപ്പെട്ടു എന്ന് എനിക്കുറപ്പായിരുന്നു.പിന്നീട് ഒരിക്കൽ ഫോൺ ലൊക്കേഷൻ ട്രെയ്സ് ചെയ്യാൻ പറ്റി, അവിടെ എത്തിയപ്പോൾ അതൊരു ബാറായിരുന്നു.അതു പോലെ ഒന്നു രണ്ടു തവണ പറ്റി. ഒടുവിൽ നിന്നെയും കൊണ്ട് മുണ്ടക്കയത്തു നിന്നും വണ്ടിയെടുത്തപ്പോൾ മുതൽ ഞാൻ ഫോളോ ചെയ്യുന്നുണ്ടായിരുന്നു.
ഇവരെ പിടിക്കാൻ എപ്പഴേ കഴിയുമായിരുന്നു ഇവരെ അറസ്റ്റ് ചെയ്താൽ യഥാർത്ഥ കൊലപാതകിക്ക് രക്ഷപ്പെടാൻ ചാൻസുമാവും അത്.പക്ഷേ ഞാൻ വിരിച്ച വല കൊമ്പൻ സ്രാവിനുള്ളതായിരുന്നു."

"സർ, ഇനിയെന്താണ് പ്ലാൻ?"

"പോലീസിൽ ഏൽപിക്കണ്ടെ?"

"വേണം. അതിനു മുന്നെ കുറേ പരിപാടികളുണ്ട്. "

പെടുന്നെനെ കറണ്ട് പോയി.
അലോഷിയുടെ പിന്നിൽ ഒരു നിഴലുപോലെ ആരോ നടന്നത് പോലെ തോന്നി. കഴുത്തിൽ ഒരു ലോഹത്തണുപ്പ്. അതൊരു തോക്കിൻ കുഴലാണെന്നു തിരിച്ചറിഞ്ഞു.

" അലോഷി സാർ?....."

ഞാൻ വിളിച്ചു. പക്ഷേ സാറിന്റെ ശബ്ദമെങ്ങുമില്ല. എവിടെയോ എന്തൊക്കെയോ തട്ടിമറിയുന്ന ശബ്ദവും അട്ടഹാസങ്ങളും.

" പേടിക്കണ്ട ശത്രുവല്ല ഞാൻ "

ചെവിക്കരികിൽ ഒരു സ്ത്രീ സ്വരം. അതും പരിചിതമായത്.
എഴുന്നേൽക്കാൻ ഒരു ശ്രമം നടത്തി നോക്കി ഞാൻ കാൽ തറയിൽ കുത്താൻ പറ്റുന്നില്ല.
സിഗാർ ലൈറ്റ് കത്തിക്കുന്നതിന്റെ ശബ്ദം. ജനലിലൂടെ അരിച്ചിറങ്ങുന്ന നിലാവെളിച്ചത്തിൽ ഞാനാ ഇരുട്ടിന്റെ നിഴലു കണ്ടു. ചുണ്ടിൽ എരിയുന്ന സിഗരറ്റുമായി ഒരു സ്ത്രീ.മൂക്കിൽ തൂങ്ങി നിൽക്കുന്ന മൂക്കുത്തി.

" നിങ്ങളാരാ?"

അവരൊന്നും മിണ്ടിയില്ല. തൊട്ടു മുന്നിൽ എന്തോ വന്നു വീണു. അതൊരു മനുഷ്യ രൂപമാണെന്നു തോന്നി.ഭയം ഇരട്ടിച്ചു. ഞാൻ സെറ്റിയിൽ നിന്നൂർന്നിറങ്ങാൻ ശ്രമിച്ചു..

"എനിക്കടുത്ത് നീ സുരക്ഷിതയാണ്."

(സ്ത്രീ സ്വരം വീണ്ടും. കുറച്ചു നേരത്തേക്ക് അവർ ഒന്നും സംസാരിച്ചിരുന്നില്ല.
പുറത്തൊരു വാഹനത്തിന്റെ ശബ്ദം. വന്നതോ പോയതോ? അകത്തെ കോലാഹലങ്ങൾക്കിടയിൽ അത് വ്യക്തമായില്ല.
കറണ്ട് വന്നു. ഹാളിൽ രണ്ടിലധികം ആളുകൾ തമ്മിലടിക്കുന്നു. ബോധമില്ലാതെ കിടന്ന കഷണ്ടിക്കാരനും അലോഷിയും തന്നിൽ പൊരിഞ്ഞ അടി.പ്രശാന്തും വേറെയൊരു ഗുണ്ടയും.ഇത് കൂടാതെ തറയിൽ അഞ്ചാറു പേർ വീണു കിടക്കുന്നു.
എന്റെ കണ്ണു തള്ളിപ്പോയി. അതിലും അത്ഭുതം തൊട്ടടുത്തുണ്ടായിരുന്ന ആ സ്ത്രീ അപ്രത്യക്ഷയായിരിക്കുന്നു.
.അതിസാഹസികമായി തന്നെ കഷണ്ടിക്കാരനെ അലോഷി ബന്ധിച്ച ശേഷം സെറ്റിയിലിരുന്നു.

" ഒന്നും രണ്ടുമല്ല മൂന്ന് വർഷമാണ് ഞാൻ തനിക്കു പിന്നാലെ വരാൻ തുടങ്ങിയിട്ട്. അഡ്വക്കേറ്റ് പരമേശ്വറിന്റെ മരണത്തിൽ ദുരൂഹത തോന്നിയത് യൂനുസ് ഖന്നയുടെ ഭാര്യയുടെയും കുഞ്ഞുങ്ങളുടേയും തിരോധാനത്തിലാണ്. മാസങ്ങൾക്ക് ശേഷമാണ് ആൾത്താമസമില്ലാതെ കിടക്കുന്ന അവരുടെ തറവാട്ട് വീട്ടിൽ അഴുകി തുടങ്ങിയ ബോഡികൾ കണ്ടത്.. മൃതദേഹത്തിനടുത്ത് നിന്നും കേരളാ പോലീസിന് തുമ്പൊന്നും കിട്ടിയില്ലാ എന്നു മാത്രമല്ല അവിടുന്നു കിട്ടിയ KTമെഡിക്കൽസിലെ ലേബൽ ഒട്ടിച്ച ഉറക്കഗുളിക ബോട്ടിൽ അവർ നിസാരവൽക്കരിച്ചു കാണിക്കുകയും ചെയ്തു. എനിക്കത് കച്ചിത്തുരുമ്പ് ആയിരുന്നു. നിന്നിലേക്കെത്താനുള്ള കച്ചിത്തുരുമ്പ്. എന്തിന് നീയത് ചെയ്തു എന്നതറിയാൻ കാത്തിരുന്നപ്പോൾ നീ പല ജീവനുകൾ തീർത്തു കൊണ്ടേ ഇരുന്നു.. നാളേയ്ക്ക് നീ വിളിച്ചു കൂട്ടിയ പത്രസമ്മേളനം എനിക്കതിനുള്ള ഉത്തരം നൽകി."

പക്ഷേ കഷണ്ടിക്കാരനിൽ പ്രത്യേകിച്ച് ഭാവമാറ്റമൊന്നുമില്ല..

" ഇനി നീ പറയണം എന്തിന് വേണ്ടിയെന്ന്. വിഷൻ മീഡിയയുടെ ഓണർ ഗായത്രിയെ അപകടപ്പെടുത്തിയത്, വേദയുടെ മാതാപിതാക്കളെ...... ചങ്ങലകൾ പോലെ നീളുവല്ലേ നിന്റെ കൊലപാതക പരമ്പരകൾ"

ഞാൻ കണ്ണാടി നേരെയാക്കി വെച്ചിരുന്നു. പക്ഷേ അയാൾ സംസാരിക്കാൻ കൂട്ടാക്കിയില്ല.
പ്രശാന്തിന്റെ കൈകൾ മിന്നൽ വേഗത്തിൽ വായുവിൽ ചലിച്ചു .കഷണ്ടിക്കാരന്റെ വായയിൽ നിന്ന് കൊഴുത്ത ചോര ചുവരിൽ പൂക്കളം തീർത്തു.

" പറയാം ...... ഞാൻ പറയാം"

അയാൾ യാചനയിൽ മുരണ്ടു.

"എന്തിനായിരുന്നെന്ന് പറയാം..."
പകയോടെ അയാൾ എന്നെ നോക്കി.

അയാൾ ഒന്നു നിർത്തിയ ശേഷം എന്നെ നോക്കി .അലോഷിപതിയെ എഴുന്നേറ്റു കൈകൾ കൂട്ടിത്തിരുമ്മി ഹാളിലൂടെ നടക്കാൻ തുടങ്ങി. വല്ലാത്ത മൂകത സൃഷ്ടിച്ച അന്തരീക്ഷം. അലോഷി നടത്തം നിർത്തി സംസാരിച്ചു തുടങ്ങി.

" ഞാൻ പറഞ്ഞു തുടങ്ങാം നിർത്തുന്നിടത്തു നിന്ന് ബാക്കി പറഞ്ഞാൽ മതി. കോഴിക്കോട് മെഡിക്കൽ കോളേജിൽ MBBS പൂർത്തിയാക്കിയ Mr: സഖറിയാ, യൂനുസ് ഖന്ന, തൗഹബിൻ പരീത് എന്ന ആത്മാർത്ഥ സുഹൃത്തുക്കൾ MD ചെയ്യാൻ വിദേശത്ത് ചേക്കേറും മുന്നേ തൗഹയുടെ വീട്ടുകാർ പിടിച്ചു വിവാഹം ചെയ്യിച്ചു.MD കഴിഞ്ഞപ്പോഴും സൗഹൃദം മുറിച്ചില്ലെന്നു മാത്രമല്ല. ഒരിക്കലും പിരിയില്ല എന്ന തീരുമാനത്തിൽ എത്തുകയും ചെയ്തു.. പിന്നീട് തൗഹ തിരുപനന്തപുരത്തെ ഒരു പ്രൈവറ്റ് ഹോസ്പിറ്റലിൽ പ്രാക്ടീസ് തുടങ്ങി. യൂനുസ് ഖന്ന വിവാഹിതനായി. തുടർന്ന് സഖറിയയും യൂനുസ് ഖന്നയും വീണ്ടും ലണ്ടലിനിലേക്ക് യാത്രയായതിനു പിന്നിൽ വ്യക്തമായ ലക്ഷ്യങ്ങളുണ്ടായിരുന്നു. അതാണ് ഇനി ആഷ്‌ലി സാമുവേലിന്റേയും ഭർതൃമാതാവിന്റേയും സഹോദരന്റേയും കൊലപാതകിയും ആഷ്‌ലിയുടെ ഭർത്താവുമായ ഡോ:സഖറിയാ പറയേണ്ടത്. "

അലോഷിനിർത്തി.

"അതെ വ്യക്തമായ ലക്ഷ്യങ്ങളുണ്ടായിരുന്നു."

സഖറിയ മുരണ്ടു.

" ഈ ലോകം അതെന്റേതാവണം.അതായിരുന്നു എന്റെ സ്വപ്നം.ലക്ഷ്യത്തോട് ഞാനടുത്തു വന്നു അപ്പോഴാണ് യൂനുസിന് മനം മാറ്റം വന്നത്. അവന്റെ ക്രൂരമായ സ്വഭാവം കാരണമവനെ ദൈവം പരീക്ഷിച്ചത് ബുദ്ധിമാദ്ധ്യം സംഭവിച്ച മക്കളിലൂടെയാണെന്ന് അവൻ വിശ്വസിച്ചു. കാര്യങ്ങൾ കുറെച്ചെ അറിയുന്ന ഭാര്യ കൂടി പറഞ്ഞപ്പോൾ പൂർണമായും അവനീ ഉദ്യമത്തിൽ നിന്നും പിന്മാറി. "

"നിങ്ങൾ കണ്ടു പിടിച്ചത് എന്താണെന്നു പറഞ്ഞില്ല "

അലോഷി ഇടയിൽ കയറി.

"മെഡിസിൻ നമ്പർ വൺ DX1 എന്നു നാമകരണം ചെയ്ത ഈ മെഡിസിൻ ലഹരിക്കടിമപ്പെട്ടു തിരിച്ചു വരാൻ കഴിയാതെ പോയ ബ്രയിൻ പ്രവർത്തനം മന്ദീഭവിച്ചവരെ തിരികെയെത്തിക്കാനുള്ളതാണ്.
മെഡിസിൻ 2, ഇത് തലച്ചോറിന്റെ പ്രവർത്തനങ്ങളെ സ്ലോ ആക്കുന്ന ഒരു മെഡിസിൻ. ആദ്യം പറഞ്ഞ മെഡിസിന്റെ ഫോർമുല കണ്ടുപിടിച്ചത് യൂനുസ് ഖന്ന ആയിരുന്നതിനാൽ അവൻ ഫോർമുല തരാൻ തയ്യാറായില്ല. എന്നു മാത്രമല്ല അവനത് അഡ്വക്കേറ്റ് പരമേശ്വരനെ ഏൽപിച്ച് എനിക്കെതിരെ കേസ് ഫയൽ ചെയ്യാനും തയ്യാറായി. "

അയാൾ നിർത്തി.

" അതോടെ അഡ്വക്കേറ്റിനേയും യൂനുസിനേയും തീർത്തു. ഇതിനിടയിൽ ബോധം നഷ്ടമായതും ബോഡി നഷ്ടമായതുമായ കുറേ കേസുകളുണ്ടല്ലോ ?അതേ പറ്റി സഖറിയായ്ക്ക് എന്താ പറയാനുള്ളത് ?"

അലോഷി ഒരു സിഗരറ്റിനു തീ കൊളുത്തിക്കൊണ്ടു സെറ്റിയിൽ വന്നിരുന്നു.

"അതെല്ലാം എനിക്ക് വന്ന കൈപ്പിഴ.മെഡിസിൻ നമ്പർ 1 ന്റെ ഫോർമുല നഷ്ടമായതിനാൽ കുറേ പരിശ്രമിച്ചു. വണ്ണിലേക്കുള്ള മെഡിസിൻ കണ്ടന്റിലെ അപര്യാപ്തത നൽകിയത് ആയൊരു അവസ്ഥ. ദിവസങ്ങളോളം ബോധം നഷ്ടമായി മരണം സംഭവിക്കും."

"പക്ഷേ അങ്ങനെ വന്നവരൊന്നും മരണപ്പെട്ടില്ലല്ലോ.... "

" ഇല്ല. അതിന്റെ മറു മരുന്ന് കൂടിയാണ് എന്റെ ശ്രമത്തിൽ വിജയം കണ്ടത്. മരണപ്പെട്ടവരുടെ ബോഡിയിൽ നിന്നും ശരീരത്തിൽ കലർന്ന വിഷം തിരിച്ചറിയാൻ കഴിയില്ലെങ്കിലും ബ്രയിനിൽ സംഭവിച്ച മാറ്റം പോസ്റ്റ്മോർട്ടത്തിൽ മനസിലാവുമെന്ന ഭയം എനിക്കുണ്ടായി. അതു കൊണ്ടാണ് സജീവിന്റെ ബോഡി വരെ ഞാൻ മാറ്റിയത്."

സഖറിയ നിർത്തി. അച്ഛൻ കണ്ടെത്തിയത് എത്രമാത്രം ശരിയായിരുന്നു. ഞാൻ അച്ഛന്റെ യൂനുസ്ഖന്ന കേസ് റിപ്പോർട്ട് ഓർത്തു.

" ഈ മെഡിസിൻ ഇൻജക്റ്റ് ചെയ്താൽ അഞ്ചു മിനിട്ടിനുള്ളിൽ ബോധം നഷ്ടമാവും അങ്ങനെയല്ലേ?"

എന്റെ ചോദ്യത്തിന് സഖറിയ അതെ എന്ന മട്ടിൽ തലയാട്ടി

"വേദയും സുഹൃത്തുക്കളും എത്തുന്നതിന് രണ്ട് മിനിട്ട് മുന്നേ അവിടെ നാൻസി എത്തിയിരുന്നു. പക്ഷേ മരണം അവനെയും കൊണ്ട് താഴേക്ക് പോയിരുന്നു എന്ന സത്യം അറിഞ്ഞവൾ ഇറങ്ങിയോടുമ്പോഴും ആ മുറിയിൽ നീയുണ്ടായിരുന്നു. സഖറിയാ. കോറിഡോറിലൂടെ മങ്കി ക്യാപ് വെച്ച് നടന്നു പോയ അറടി പൊക്കക്കാരനെ തിരിച്ചറിഞ്ഞത് ഗേറ്റിലെ സെക്യൂരിറ്റിയാണ്.കാരണം നീ വെറുമൊരു സാധാരണക്കാരനായിട്ടാണ് അകത്ത് കടന്നത്. ഗേറ്റിൽ നിന്ന സെക്യൂരിറ്റിക്ക് നീയുപയോഗിക്കുന്ന സിഗരറ്റ് നൽകിയതിനാൽ മാത്രം അയാൾ നിന്നെ നന്നായി ഓർത്തു വെച്ചു.സംസാരത്തിനിടയിൽ നിന്റെ പേരും നമ്പറും എഴുതിക്കാനും അയാൾ മറന്നതിനാൽ പോലീസിൽ ഈ കാര്യം പറയാൻ ഭയന്നു. എന്താ ശരിയല്ലേ...."

അലോഷി നിർത്തി. സഖറിയ ശരിവെച്ചു.അപരിചിതമായ വാഹനം കടന്നാൽ വണ്ടി നമ്പർ എഴുതിയിടുന്ന പതിവ് ഉള്ളതുപോലെ അപരിചിതരായ വിസിറ്റേഴ്സിന്റെ നമ്പർ നോട്ട് ചെയ്യാറും ഉണ്ട് എന്നത് ഞാനപ്പോൾ ഓർത്തു.

"സജീവിനെ കൊല്ലാനുള്ള പ്ലാൻ എപ്പോൾ എന്തിന്?"

അലോഷി സെറ്റിയിലേക്കമർന്നിരുന്നു.
പുറത്തൊരു വാഹനം വന്നു നിൽക്കുന്ന ശബ്ദം കേട്ടു .
സഖറിയയുടെ ചുണ്ടിൽ ഒരു പുഞ്ചിരി തെളിഞ്ഞു..

"ചതി"

എന്റെ അന്തരംഗം മന്ത്രിച്ചു.
ബൂട്ടുകളുടെ ശബ്ദം മുഴങ്ങി.ഡോർ വഴി കാക്കി യൂണിഫോമുകൾ മുറിയിൽ കയറി. Acp - രേണുകാ മേനോൻ. കത്തുന്ന പകയോടെ അവർ എന്നെ നോക്കി. തൊട്ടു പിന്നിൽ CI നൈനാൻ കോശി. ആ ചുണ്ടിൽ വിജയ സ്മിതം. ഞാൻ എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും കാല് തറയിൽ കുത്താനാവാതെ വേദനയോടെ ഞാൻ ഞെരങ്ങി തറയിൽ വീണു.

" പ്രശാന്ത്, വേദയെ എത്രയും വേഗം ഹോസ്പിറ്റൽ എത്തിക്കൂ."

"കുഴപ്പമില്ല"

ഞാൻ തടഞ്ഞു.
പ്രശാന്ത് എന്നെ എഴുന്നേൽപിച്ചു നിർത്താൻ ശ്രമിച്ചു. പക്ഷേ ഇടതുകാലിന്റെ ബലം പൂർണമായും നഷ്ടപ്പെട്ടതു പോലെ മരവിച്ചിരുന്നു. ഞാൻ സെറ്റിയിലേക്കിരുന്നു.
Acpയുടെ നിർദ്ദേശ പ്രകാരം കൂടെ വന്ന പോലീസുകാരൻ സഖറിയയുടെ കൈകളിൽ വിലങ്ങണിയിച്ചു.

"എത്രയും വേഗം ഇവരെ സ്റ്റേഷനിലേക്ക് കൊണ്ടു പോകൂ."

പറയുമ്പോൾ Acp യുടെ മുഖം അലോഷിടെ മുഖത്തായിരുന്നു.. പോലീസുകാരാൻ സഖറിയയുടെ തോളിൽ പിടിച്ചു.

"അങ്ങനെ പോയാലെങ്ങനെ ശരിയാവും മേഡം."

അലോഷി പതിയെ എഴുന്നേറ്റു. Acp സംശയത്തിൽ കണ്ണുകൾ കുറുക്കി അലോഷിയെ നോക്കി.

" ചോദ്യങ്ങൾ ഇനിയും ബാക്കിയുണ്ട്. അത് കഴിഞ്ഞിട്ട് പോയാൽ പോരെ?"

ചുണ്ട് കോട്ടിയ പുച്ഛച്ചിരിക്കൊപ്പം രേണുക പറഞ്ഞു.
ഞങ്ങളീ യൂണിഫോം ഇട്ടിവിടെ ഇരിക്കുന്നത് ചെരയ്ക്കാനല്ല Mrഅലോഷ്യസ് .ഹോസ്പിറ്റൽ കേസിനു വേദയെ കൂടി ഞാൻ കൊണ്ടു പോവുന്നു."

അവർ എനിക്കടുത്തേക്ക് നീങ്ങി വന്നു.

"വേദയെ മേഡം കൊണ്ടു പോകില്ല.. "

ആ ശബ്ദത്തിനുടമ നൈനാൻ കോശിയായിരുന്നു. പിന്തിരിഞ്ഞു നോക്കിയ രേണുകയും ഞെട്ടി. നെറ്റിക്കു നേരെ ചൂണ്ടിയ CI യുടെ സർവ്വീസ് റിവോൾവർ.

" നൈനാൻ താങ്കളെന്താണ് കാണിക്കുന്നത്.? ഇവരെ അറസ്റ്റ് ചെയ്യാൻ നിങ്ങളേന്നോടൊപ്പമല്ലേ നിൽക്കേണ്ടത്. എന്തസംബന്ധമാണ് നിങ്ങൾ കാണിക്കുന്നത്? തോക്കു മാറ്റു."

രേണുകയുടെ അനുനയ സംഭാഷണത്തിന് വിലയില്ലായിരുന്നു. ചുറ്റിനും കൂടി നിൽക്കുന്ന പോലീസുകാർ സ്തംബ്ദരായി നിന്നു.

" ചോദിച്ചു വാങ്ങിയ ട്രാൻസ്ഫർ എന്നറിഞ്ഞപ്പോഴേ ഞാൻ സംശയിച്ചിരുന്നു Acp രേണുകാ മേനോനെ .പക്ഷേ വിഷമൂർഖനെ കൺമുന്നിൽ മറയാക്കി നിർത്തിയത് നിങ്ങളാണെന്നറിയാൻ വൈകി. തെളിവുകളെല്ലാം കിട്ടിയിട്ടുണ്ട്. ഇനിയൊരു സമ്മതവും തുറന്നു പറച്ചിലും മാത്രം."

"താനെന്താടോ പറയുന്നത്? എന്ത് സമ്മതം"

" കാക്കിക്കുള്ളിൽ മേഡമിരുന്നു Dr: സഖറിയയ്ക്കും, Dr:തൗഹബിൻ പരീതിനും വേണ്ടി ചെരച്ചത് മതിയായെന്നു "
അലോഷി രേണുകയുടെ തൊട്ടു മുന്നിലെത്തി.

" എന്തിന്? അതിന് മുൻപേ തീർത്ഥ എവിടെയെന്നും പറയണം.?"

"താനെന്നെ ചോദ്യം ചെയ്യുകയാണോ?"

"അതെ. ഞങ്ങളുടെ ഭാഷയിൽ ചോദ്യം ചെയ്യുക എന്നു പറയും
തീർത്ഥയുടെ അച്ഛന്റെയും വളർത്തമ്മയുടേയും അമൃതയുടേയും കൊലപാതകത്തിൽ Acp മാഡത്തിനുള്ള പങ്കെന്താണ്?"

രേണുക തിരിഞ്ഞ് സഖറിയയെ നോക്കി സഖറിയ തലകുനിച്ചിരിക്കയാണ്.

"പ്രതികളെല്ലാം കുരുങ്ങിക്കഴിഞ്ഞു, സത്യങ്ങളും ഇതിൽ Acp യുടെ റോൾ എന്തായിരുന്നു.?
പറയാതെ പോവാൻ പറ്റില്ല മേഡം"

പറഞ്ഞു തീരും മുന്നേ Acp യുടെ ഫോൺ ശബ്ദിച്ചു.
ഫോൺ അറ്റന്റ് ചെയ്യും മുന്നേ അലോഷി അത് കൈക്കലാക്കി.
"യു............**.........."

അലോഷിക്കു നേരെ ഉയർത്തിയ കൈ പുഷ്പം പോലെ അലോഷിപിടിച്ചു തിരിച്ചു..

" റാങ്കിന്റെ കാര്യം നോക്കുകയാണെങ്കിൽ നിങ്ങളെ ഞാൻ സല്യൂട്ട് ചെയ്യേണ്ടതാണ്. കൈയിലിപ്പ് വെച്ചത് പറ്റില്ല.
അപ്പോ എങ്ങനാ തുടങ്ങുവല്ലേ?
ബുദ്ധിമുട്ടാണെങ്കിൽ ഞാൻ പറയാം.
സജീവിന്റെ മരണത്തിന് ശേഷമാണ് രേണുകാ മേനോൻ കൊച്ചിയിൽ ചാർജ്ജെടുത്തത്.അതിനു പിന്നിൽ ലക്ഷ്യങ്ങളുണ്ടായിരുന്നു. Dr: സഖറിയയുമായുള്ള കുഞ്ഞുനാളിലെ പരിചയം വെച്ച് സഹായിച്ചാൽ ലഭിക്കുന്ന ലക്ഷങ്ങൾ... പക്ഷേ അതായിരുന്നില്ല നിങ്ങൾ ലക്ഷ്യം വെച്ചത്.
നാൻസി !
അവൾക്കു വേണ്ടിയാണ് നിങ്ങൾ വന്നത്. മുൻ വ്യവസായ മന്ത്രി രാജശേഖരമേനോനെന്ന പിതാവിന് പറ്റിയ
ഒരേയൊരു അബദ്ധം അതായിരുന്നു നാൻസി. അത് രേണുകാ മേനോൻ തിരിച്ചറിഞ്ഞത് അച്ഛന്റെ വിൽപത്രത്തിൽ നാൻസിയുടെ പേര് കണ്ടപ്പോൾ മാത്രം. പിന്നീട് അച്ഛന്റെ ജാരസന്തതിയെ അന്വേഷിച്ചായി യാത്ര .ഒടുവിൽ കണ്ടെത്തിയപ്പോഴേക്കും അവൾ വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയുമായിക്കഴിഞ്ഞിരുന്നു. പിന്നീട് അവളെ നശിപ്പിക്കാനായി തുളസിയെ നിയോഗിച്ചു. നാൻസിയെ സഖറിയയുടെ ആളുകൾ തടവിലാക്കിയതുപോലെ വരുത്തിവെച്ച് നിങ്ങൾ കളിച്ച കളി ഗംഭീരമായി. പക്ഷേ, പെരുമ്പാവൂരിലെ വീട്ടിൽ വെച്ചു മറന്നതോ അലക്ഷ്യമായി കളഞ്ഞതോ ആയ മെഡിക്കൽ ബിൽ അതാണ് നിങ്ങളിലേക്ക് എന്നെ എത്തിച്ചത്.നിങ്ങൾ തടവിലാക്കിയ നാൻസി രക്ഷപ്പെടുകയല്ലായിരുന്നു. മനപൂർവ്വം ഒരു ചാൻസ് നിങ്ങളായി കൊടുക്കുകയായിരുന്നു. അതറിയാത്ത നാൻസി അതിൽ പെട്ടു . ഞാൻ പറഞ്ഞതെല്ലാം കറക്റ്റല്ലേ?"

രേണുക മേനോൻ നിന്നു വിയർക്കുന്നുണ്ടായിരുന്നു. അലോഷിയെന്ന ബുദ്ധിശാലിയോട് ബഹുമാനവും ആരാധനയും തോന്നിത്തുടങ്ങി.

"മാഡം ഇരിക്ക് "

അലോഷിയുടെ നിർദ്ദേശത്തിൽ Acp ഇരുന്നു.

"ബാക്കി പറയൂ Acp മേഡം"

അലോഷി നിർദ്ദേശിച്ചു. കുറച്ചു നേരത്തെ നിശബ്ദതയ്ക്കു ശേഷം Acp പറഞ്ഞു

"സജീവിനെ ഒഴിവാക്കാൻ ശ്രമിച്ചപ്പോഴേക്കും തുളസിക്ക് സജീവിനോട് ഇഷ്ടം തോന്നി തുടങ്ങിയിരുന്നു. ആദ്യമായി അവളെ തന്നെ ഞാനങ്ങ് തീർത്തു.പെരുമ്പാവൂരിലെ വീട്ടിൽ വെച്ച് അവളെ ടാർ വീപ്പയിൽ എന്റെ നിർദ്ദേശ പ്രകാരം തള്ളിയത് എൽദോ ആണ്."

" അന്ന് ആ വീട്ടിൽ നിങ്ങളുണ്ടായിരുന്നോ "

അലോഷിയുടെ ഇടയ്ക്കുള്ള ചോദ്യം.

" ഉം.... ഉണ്ടായിരുന്നു. ഞാനും കുര്യച്ചനും എൽദോയും, ഉണ്ടായിരുന്നു .... "

"കുര്യച്ചന് ഈ കേസിലുണ്ടായിരുന്ന പങ്ക് എന്തായിരുന്നു.?"

നൈനാൻ കോശി തോക്ക് ഒന്നുകൂടി നേരെ പിടിച്ചു.

"കുര്യച്ചന്റെ ഹോസ്പിറ്റൽ വഴി ഈ മെഡിസിൻ ഒന്നു രണ്ട് തവണ പരീക്ഷിച്ചു രോഗികൾ മരണപ്പെടുകയും ചെയ്തു. സീന എന്ന സിസ്റ്ററിന്റെ പെരുമാറ്റത്തിൽ സംശയം തോന്നിയപ്പോൾ കൊന്നേക്കാൻ തീരുമാനിച്ചത് ഞാൻ തന്നെയായിരുന്നു. സീനയേയും നാൻസിയേയും ഒരുമിച്ച് ഇല്ലാതാക്കാനായിരുന്നു തീരുമാനം. പക്ഷേ നാൻസി രക്ഷപ്പെട്ടു."

" സീനയുടെ ഡെഡ് ബോഡിയിൽ കാണപ്പെട്ട കാൽപാദത്തിന്റെ പാതി നാൻസിയുടേതല്ലേ?"

എന്റെ സംശയം

"അതെ. പിന്നീടാണ് സഖറിയ പറഞ്ഞതുപോലെ നാൻസിയെ ഫോർമുല നേടാനായി ഉപയോഗിച്ചത് .കുഞ്ഞിനെ പിടിച്ച് വെച്ചതും ഞാൻ തന്നെ.
പക്ഷേ ഫോർമുല കിട്ടിയില്ല. അത് കിട്ടാതെ ഇതിന്റെ ഗുണങ്ങൾ ഉപയോഗപ്പെടത്തില്ല."

" അവയൊരിക്കലും നിങ്ങൾക്ക് കിട്ടില്ല. നന്മയേക്കാൾ നിങ്ങളത് തിന്മയ്ക്കാണ് ഉപയോഗിക്കുക."

എന്റെ ശബ്ദം കേട്ട് സഖറിയ പകയോടെ എന്നെ നോക്കി..
ഞാനൊരു പുച്ഛച്ചിരി നൽകി.തോളെല്ലിൽ തീ തുളഞ്ഞു കയറിയതുപോലെ. കൺചിമ്മിത്തുറന്ന വേഗത്തിൽ നൈനാന്റെ തോക്ക് രേണുകയുടെ കൈകളിലിരിക്കുന്നു .ഷോൾഡറിലെ ചെറു ചൂട് ചോരയാണെന്ന് തിരിച്ചറിഞ്ഞപ്പോഴേക്കും ശരീരവും തളർന്നു.കണ്ണിൽ ഇരുട്ട് പടർന്നു. തോക്കിൻ മുനയിൽ നിൽക്കുന്ന അലോഷിയും പ്രശാന്തും.........

** ** ** **

കണ്ണ് തുറന്നപ്പോൾ മങ്ങി കാണപ്പെട്ടത് അലോഷിയുടെ മുഖമാണ്. ആ മുഖത്ത് വേദന നിഴലിച്ചിരുന്നു.
ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചു.

"വേദനയുണ്ടോടോ.... "

വളരെ അടുത്തൊരാളെ പോലെ അലോഷിയുടെ ചോദ്യം. ഇല്ലെന്നു കണ്ണടച്ചുകാട്ടി.

"സഖറിയ ?!"

എന്റെ ചോദ്യത്തിനവൻ ചിരിച്ചു.

"നീയാണ് യഥാർത്ഥ ജേർണലിസ്റ്റ്. അവരെ അറസ്റ്റു ചെയ്തു. നീ ഒകെ അല്ലേ?"
"അതെ. സർ എന്റെ കണ്ണാടി? "

പോക്കറ്റിൽ നിന്നും എന്റെ കണ്ണാടി എടുത്ത് എനിക്ക് നേരെ നീട്ടി.

"നാളെ കഴിഞ്ഞ് പോവാം .തൊലിപ്പുറത്തു കൂടി വെടിയുണ്ടയങ്ങ് പോയത് ഭാഗ്യം.ഒരു കാലിന് ഫ്രക്ചറുണ്ട്. നടക്കാൻ പറ്റില്ല.എന്താ നെക്സ്റ്റ് പരിപാടി? അടുത്ത കേസിനു പിന്നാലെയാണോ?"

ഉറ്റി വീഴുന്ന ഡ്രിപ്പിലേക്കായിരുന്നു എന്റെ ശ്രദ്ധ.

"വേദ "

അലോഷിയുടെ വിളിയിൽ ഞാനൊന്നു ഞെട്ടി.

"അടുത്ത പ്ലാനെന്താ?"

"ഒരു പ്രളയം വന്നൊഴിഞ്ഞ ഫീൽ., അല്ലേ സർ ."

ഒരു ദീർഘ നിശ്വാസത്തോടെ അലോഷിയോട് ഞാനതു പറഞ്ഞപ്പോൾ അയാളൊന്നു മന്ദഹസിച്ചു. അതിന്റെ അർത്ഥമറിയുവാനായ് ഞാൻ വീണ്ടും അലോഷിയോട് ചോദിച്ചു.

" എന്താ സർ, ഞാൻ പറഞ്ഞത് നിസ്സാരവത്ക്കരിച്ചതുപോലെയൊരു പുഞ്ചിരി .? "

" ഏയ് അങ്ങനല്ല വേദ, എന്റെ ജീവിതത്തിൽ വന്നുപോയതും വരുവാനിരിക്കുന്നതുമായ പ്രളയങ്ങളിലൊന്നു മാത്രമാണിത്. ഈ കേസ് കഴിഞ്ഞു. ഇനി മറ്റൊന്ന്., അതിന്റെ കൗതുകമോർത്ത് ചിരിച്ചു പോയതാണ് ഞാൻ ."

അലോഷിയുടെ മറുപടിയെന്നെ കൂട്ടികൊണ്ടുപോയത് മറ്റൊരു ചിന്തയിലേക്കാണ്. ഇതിനു പിന്നാലെ വിശ്രമമില്ലാതെ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് പാഞ്ഞുനടന്നപ്പോഴും ആ ദിവസളൊക്കെയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ആകാംക്ഷകളുടെയും ജീവിത സാഹചര്യങ്ങൾ നേരിടേണ്ടി വരുന്ന ശക്തമായ സാഹചര്യങ്ങളുടെയും ഒരു കാന്തിക വലയത്തിലൂടെയായിരുന്നു. എന്നിലെ ധൈര്യം ഇരട്ടിച്ചിരിക്കുന്നുവെന്ന തോന്നൽ വന്നിരിക്കുന്നു. അത്തരത്തിലുള്ള നിമിഷങ്ങളെ നേരിടുന്നതൊരു ത്രില്ലിംഗ് എന്ന പോലെ തോന്നി തുടങ്ങിയിരിക്കുന്നു. അലോഷിയുടെ ജീവിത രീതിയോട് ഒരു പ്രത്യേക താത്പര്യം തോന്നിയിരികുന്നതുപോലെ തോന്നിയെനിക്ക്.

" ഇനിയെന്താ പ്ലാൻ.? "

വെറുതെ ഞാൻ ചോദിച്ചു.

" പ്രത്യേകിച്ചെന്താ.ചിലപ്പോൾ മറ്റൊരു കത്തിന്റെ പിന്നാലെ ഇനി പായേണ്ടി വരും , അതല്ലേ എന്റെ ജീവിതം , ജോലി " ഇത്രയും പറഞ്ഞ് അലോഷി ചെറുതായൊന്നു പുഞ്ചിരിച്ചു.

" ഓട്ട പാച്ചിലായിരുന്നുവെങ്കിലും എന്തോ , ഇത്രയും നാൾ സമയം പോയതറിഞ്ഞില്ല ഞാൻ.. ഇനിയങ്ങോട്ട് എന്ത് എന്ന ചോദ്യം വെറുതെ മനസ്സിൽ മിന്നിമറയുന്നു. ഉത്സവം കഴിഞ്ഞ ക്ഷേത്രമൈതാനം പോലെ ശൂന്യം എന്റെ മനസ്സ് " എന്റെ മറുപടി അലോഷിയിൽ എന്തൊക്കെയോ ഭാവമാറ്റങ്ങളുണ്ടാക്കുന്നത് ഞാനറിയുന്നുണ്ടായിരുന്നു . ഉടനെ അവിടുന്ന് മറുപടിയും വന്നു.

" ഞാൻ കണ്ടിട്ടുള്ള പെൺകുട്ടികളിൽ നിന്ന് വ്യത്യസ്ഥയാണ് വേദ . ബുദ്ധിസാമർത്ഥ്യമുള്ള ,കാര്യപ്രാപ്തിയുള്ള , തന്റേടമുള്ള പെൺക്കുട്ടി. ഈ അന്വേഷണത്തെയും കേസുകളെയും സംഘട്ടനങ്ങളെയുമെക്കെ ഞാനൊന്നു രണ്ടായി പകുത്തെടുക്കട്ടെ .? ഇതുവരെ ചിന്തിക്കാത്ത എന്റെ സ്വകാര്യജീവിതത്തെ പറ്റി ഞാനൊന്ന് ചിന്തിക്കട്ടെ..?

വേദ.. നീ കൂടുന്നോ എന്റെയൊപ്പം..? "

" എന്നിൽ വല്ലാത്തൊരമ്പരപ്പുണ്ടാക്കിയ അലോഷിയുടെ വാക്കുകൾക്കു മുൻപിൽ ഞാനൊരു തനി പ്പെണ്ണായോ എന്ന സംശയം.. ഒരു പക്ഷേ അതാവാം ആ സമയമെന്നിൽ ചെറിയ മന്ദഹാസം വിരുന്നെത്തിയത് .!

"സാർ തീർത്ഥ?"

" അവൾ നാൻസിക്കൊപ്പം തിരുപനന്തപുരത്തേക്ക് പോകും. തന്നെ കാണണമെന്നു പറഞ്ഞു

"എന്റെ കണ്ണാടിയെവിടെ?"

അലോഷി പോക്കറ്റിൽ നിന്നും കണ്ണാടി എനിക്കെടുത്തു തന്നു.
കണ്ണാടിയുടെ ഫ്രെയിമിൽ നിന്നും ചെറിയ ഒരു ചിപ്പ് ഇളക്കിയെടുത്തു ഞാൻ.

"ഇതെന്താടോ "

" Acp മേഡത്തെ പെരുമ്പാവൂരിലെ വീട്ടിൽ നിന്നും കണ്ടതു മുതൽ പല കാര്യങ്ങളും ഇതിൽ റെക്കോർഡ് ചെയ്തിട്ടുണ്ട്.അടുത്ത അഴിച്ചുപണിയുടെ കൂടെ ചെറിയൊരു പണി. "

"താനാളു കൊള്ളാലോ വേദ. "

" കഞ്ഞിയിതായി പോയില്ലെ സർ.?"

എനിക്കൊപ്പം അലോഷിയും ചിരിച്ചു.

സിസ്റ്റർ കൈയിലൊരു കവറുമായി കയറി വന്നു.

"വേദപരമേശ്വരനാണ് "

ഞാനത് വാങ്ങി വടിവൊത്ത പരിചിതമായ കൈയക്ഷരം. അത് അജ്ഞാതന്റെ കത്ത് തന്നെ ഞാൻ ആകാംക്ഷയോടെ അത് തുറന്നു വായിക്കുമ്പോൾ സുനിതയുടെ മുറിയിലെ തഞ്ചാവൂർ ബൊമ്മ വീട്ടിലെ മുറിയിലിരുന്നു തലയാട്ടുന്നുണ്ടായിരുന്നു ഉള്ളിൽ ലോകനന്മയുടെ ഫോർമുല ഒളിപ്പിച്ച്.

അവസാനിച്ചു.